# അഷ്ടാംഗഹൃദയം

Pt-III

## സൂത്രസ്ഥാനം

രണ്ടാംഭാഗം

വ്യാഖ്യാതാ,

പി. എം. ഗോവിന്ദൻവൈദ്യൻ.

# അഷ്ടാംഗഹൃദയം

## സൂത്രസ്ഥാനം—രണ്ടാം ഭാഗം.

'അരുണോദയം' എന്ന
ഭാഷാവ്യാഖ്യാനത്തോടുകൂടിയതു്.

വ്യാഖ്യാതാ:
പി. എം. ഗോവിന്ദൻവൈദ്യൻ.

പ്രകാശകർ:
ശ്രീരാമവിലാസം പ്രസ്സ് & ബുക്കഡിപ്പോ,
കൊല്ലം.

കാപ്പിറൈററു്.

University Grants Commission

5-ാം പതിപ്പ്
കോപ്പി 2000.

288183

ശ്രീരാമവിലാസം പ്രസ്സ്,
കൊല്ലം.

1143 / 1967.

# അഷ്ടാംഗഹൃദയം

## സൂത്രസ്ഥാനം.

"അരുണോദയ"മെന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയതു്.

## രണ്ടാം ഭാഗം.

### പതിനാറാം അദ്ധ്യായം.

### സ്നേഹവിധി.

ഗുരുശീതസരസ്നിഗ്ദ്ധമന്ദസൂക്ഷ്മമൃദുദ്രവം
ഔഷധം സ്നേഹനം പ്രായോ വിപരീതം വിരൂക്ഷണം. 1

| | | |
|---|---|---|
| ഗുരുശീതസരസ്നിഗ്ദ്ധമന്ദസൂക്ഷ്മമൃദുദ്രവം ഔഷധം | = | ഗുരു, ശീതം, സരം, സ്നിഗ്ദ്ധം, മന്ദം, സൂക്ഷ്മം, മൃദു ദ്രവം ഈ ഗുണങ്ങളുള്ള മരുന്നുകൾ |
| പ്രായഃ സ്നേഹനം | = | മിക്കവാറും സ്നിഗ്ദ്ധതയെ ഉണ്ടാക്കുന്നവയാണു്. |
| വിപരീതം | = | മറിച്ചു് ലഘു ഉഷ്ണം, സ്ഥിരം, രൂക്ഷം, തീക്ഷ്ണം, സ്ഥൂലം, കഠിനം, സാന്ദ്രം (ഘനം) ഈ ഗുണങ്ങളുള്ള മരുന്നുകൾ |
| വിരൂക്ഷണം | = | മിക്കവാറും രൂക്ഷതയെ ഉണ്ടാക്കുന്നവയായിരിക്കും. |

ശോധനം, ശമനം എന്നു ചുരുക്കത്തിൽ ചികിത്സ രണ്ടാണെന്നും, അതിൽ ശോധനചികിത്സയ്ക്കു പുനരുത്ഭവമില്ലായ്കയാൽ പ്രാധാന്യമുണ്ടെന്നും മുൻപു പറഞ്ഞിട്ടുണ്ടു്. ശോധനം ദോഷാനുരോധേന വസ്തി, വിരേചനം, വമനം എന്നു മൂന്നാണെന്നും, സ്ഥാനാനുരോധേന വസ്തി, വിരേചനം, വമനം, നസ്യം, രക്തമോക്ഷം എന്നു് അഞ്ചാണെന്നും പറഞ്ഞു. ഇനി ദൂഷ്യത്തെ—അതായതു് ശോധനംചെയ്തു കളയേണ്ട ദോഷത്തെ പുരസ്കരിച്ചു നോക്കിയാൽ ശോധനം മൂന്നുമല്ല അഞ്ചുമല്ല അതിലും എത്രയോ അധികം ഉണ്ടെന്നു കാണാം. അങ്ങനെയുള്ള വിവിധശോധനങ്ങളെയും, അവയുടെ പ്രയോഗക്രമങ്ങളെയും ശാസ്ത്രീയമായി നിർവചിച്ചു ചികിത്സാപ്രയോഗത്തെ ലഘൂകരിക്കുക എന്നതാണു് സൂത്രസ്ഥാനത്തിന്റെ ഈ ഉത്തരാർദ്ധംകൊണ്ടു സാധിക്കുന്നതു്. ശോധനചികിത്സ ശമനചികിത്സയെക്കാൾ ശുദ്ധിയേറിയതും, രോഗങ്ങളെ സമൂലഘാതം ഹനിക്കുന്നതുമാണെങ്കിലും സൂക്ഷിച്ചു ചെയ്തില്ലെങ്കിൽ അപകടമുണ്ടാക്കുന്ന ഒന്നാണു്. അതു വരാതിരിക്കണമെങ്കിൽ അതിനു തക്കവിധത്തിൽ ശരീരത്തെ മുൻകൂട്ടി സംസ്കരിക്കേണ്ടതു് ആവശ്യമാകുന്നു. ശോധനത്തിനുവേണ്ടിയുള്ള ശരീരസംസ്കരണം സ്നേഹസ്വേദപ്രയോഗങ്ങൾകൊണ്ടാകയാൽ ശോധനപൂർവാംഗമായിട്ടു് സ്നേഹസ്വേദവിധികളെ ആദ്യമായിട്ടു് ഇവിടെ പറയുന്നു.

സ്നേഹമെന്നതു ധാതുക്കളെ പോഷിപ്പിച്ചു കർമ്മക്ഷമങ്ങളാക്കി ശരീരത്തിന്റെ നിരപായമായ നിലനില്പിൽ സഹകരിക്കുന്നതാണെന്നു ചുരുക്കത്തിൽ പറയാം. ഗുരുശീതാദിഗുണങ്ങളുള്ള ദ്രവ്യങ്ങൾ പ്രായേണ സ്നേഹനങ്ങളും വിപരീതമായ ലഘുരൂക്ഷാദിഗുണങ്ങളുള്ളവ മിക്കവാറും രൂക്ഷങ്ങളുമായിരിക്കും. അതിനാൽ സ്നേഹത്തിനായി ഗുരുശീതാദിഗുണങ്ങളുള്ള ദ്രവ്യങ്ങളെ ഉപയോഗിക്കേണ്ടതാകുന്നു.

സർപ്പിർമജ്ജാ വസാ തൈലം സ്നേഹേഷു പ്രവരം മതം
തത്രാപി ചോത്തമം സർപ്പിസ്സംസ്കാരസ്യാനുവർത്തനാൽ. 2

സർപ്പിഃ = പാലിൽനിന്നും തൈരിൽനിന്നുമെടുക്കുന്ന നെയ്യ്
മജ്ജാ = അസ്ഥിയിൽനിന്നെടുക്കുന്ന നെയ്യ്
വസാ = മാംസത്തിൽനിന്നെടുക്കുന്ന നെയ്യ്
തൈലം = കുരുക്കളിൽനിന്നെടുക്കുന്ന നെയ്യ്
സ്നേഹേഷു = സ്നേഹദ്രവ്യങ്ങളിൽവച്ച്
പ്രവരം മതം = ശ്രേഷ്ഠങ്ങളാണെന്നു നിർണ്ണയിക്കപ്പെട്ടിരിക്കുന്നു.
തത്ര അപി ച സർപ്പിഃ = ഈ നാലിലുംവച്ചു ഘൃതം
സംസ്കാരസ്യ അനുവർത്തനാൽ = സംസ്കാരത്തെ അനുവർത്തിക്കുന്നതുകൊണ്ട്
ഉത്തമം = ഉത്തമമായിട്ടുള്ളതാണ്.

ഗുരുശീതാദിഗുണങ്ങളുള്ള ദ്രവ്യങ്ങളെല്ലാം സ്നിഗ്ദ്ധതയെ ഉണ്ടാക്കുന്നവയാണെന്നു പറഞ്ഞു; സ്നിഗ്ദ്ധതയെ ഉണ്ടാക്കുന്നവ സ്നേഹങ്ങളുമാണ്. എന്നാൽ അതിലെല്ലാററിലുംവച്ച് ഘൃതം, മജ്ജ, വസ, തൈലം ഈ നാലും പ്രധാനങ്ങളാകുന്നു. അതുകൊണ്ട് ഇവയെമാത്രമേ സ്നേഹങ്ങളായി ഗണിക്കാറുള്ളു. സ്നേഹങ്ങളെന്നു പറഞ്ഞാൽ—സ്നിഗ്ദ്ധതയെ ഉണ്ടാക്കുന്ന ദ്രവ്യങ്ങൾ എന്നല്ല, സർപ്പിർമജ്ജാവസാതൈലങ്ങൾ എന്നു വേണം ഗ്രഹിക്കാൻ. ഈ സർപ്പിരാദികൾ കേവലദ്രവ്യങ്ങളല്ല. സർപ്പിസ്സ് ക്ഷീരവികാരവും, വസാമജ്ജകൾ മാംസവികാരങ്ങളും, തൈലം ബീജവികാരവുമാകുന്നു. എന്നുവച്ചാൽ സ്നേഹനങ്ങളായ ക്ഷീരമാംസാദികളിലെ പൃഥഗ്ഭൂതമായ സ്നേഹംമാത്രമാകുന്നു സർപ്പിരാദി. അതുകൊണ്ടാണ് അവയെ സ്നേഹങ്ങൾ എന്നു വിശേഷിച്ചു പറഞ്ഞതു. ഇതിനുപുറമേ മററെല്ലാ ദ്രവ്യങ്ങളിലുമുള്ള സ്നേഹത്തെ സംസ്കാരംകൊണ്ടു സർപ്പിരാദികൾ ആത്മസാൽക്കരിക്കുന്നു. മററെല്ലാ ദ്രവ്യങ്ങളെയും അധികം സ്നേഹനങ്ങളാക്കിത്തീർക്കുകയും ചെയ്യുന്നു. ആ കാരണത്താലും സർപ്പിരാദികൾ സ്നേഹങ്ങളാകുന്നു. ഇനി അഞ്ചാമതായിട്ട് ദേവതാരം മുതലായ തടികളിൽനിന്നെടുക്കുന്ന ഒരുവക സ്നേഹംകൂടി ഉണ്ട്. അതുകൂടി ചേരുമ്പോൾ പഞ്ചസ്നേഹമാകും. പക്ഷെ അതത്ര സുലഭമല്ലായ്കയാൽ ഇവിടെ പറഞ്ഞില്ലെന്നേ വിചാരിക്കേണ്ടതുള്ളു. ഈ നാലുവക സ്നേഹങ്ങളിൽവച്ചും നെയ്യ് സംസ്കാരാനുവർത്തനംകൊണ്ടു ഉത്തമമാണെന്നു പറയപ്പെടുന്നു. സ്നേഹങ്ങൾക്കുള്ള ഒരു വിശേഷം ഏതു സാധനത്തെയും അതിനോടുചേർത്തു സംസ്കരിച്ചിട്ടു ആ സാധനത്തിന്റെ സാരത്തെക്കൂടി സ്നേഹത്തിൽ കലർത്തി സ്നേഹമാക്കി വച്ചുകൊള്ളാമെന്നുള്ളതാണ്. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് ചിലപ്പോൾ ഔഷധവീര്യത്തെ സ്നേഹം നശിപ്പിച്ചു എന്നു വരാം. മറെറാന്നിക്കൽ ഔഷധവീര്യം സ്നേഹത്തിന്റെ ഗുണത്തെ കുറച്ചുകളഞ്ഞു എന്നും വരാം. ഈ ദോഷങ്ങൾക്കൊന്നിനും സംഗതിവരാത്തവിധത്തിൽ സംസ്കാരവശാൽ തന്നോടുചേരുന്ന ഔഷധവീര്യത്തെ സ്വന്തം ഗുണത്തിനു ഹാനിതട്ടിക്കാതെ കർമ്മക്ഷമമാക്കിത്തീർക്കുന്ന സ്വഭാവവിശേഷത്തിനാണ് സംസ്കാരാനുവർത്തനം എന്നു പറയുന്നതു്. അതു് ഇതരസ്നേഹങ്ങളെ അപേക്ഷിച്ച് ഘൃതത്തിനു കൂടുതലുള്ളതിനാൽ സ്നേഹങ്ങളിൽവച്ചു ഘൃതം ഉത്തമമായിരിക്കുന്നു

പിത്തഘ്നാസ്തേ യഥാപൂർവ്വമിതരഘ്നാ യഥോത്തരം
ഘൃതാത്തൈലം ഗുരു വസാ തൈലാന്മജ്ജാ തതോപി ച. 3

തേ = അതുകൾ (സർപ്പിർമജ്ജാവസാതൈലങ്ങൾ)
യഥാപൂർവ്വം = മുൻപുമുൻപ് എന്ന ക്രമത്തിനു്

പിത്തഘ്നാഃ = പിത്തത്തെ ശമിപ്പിക്കുന്നവയും
യഥോത്തരം = പിൻപു പിൻപു എന്ന മുറയ്ക്കു്
ഇതരഘ്നാഃ = വാതകഫങ്ങളെ ശമിപ്പിക്കുന്നവയുമാകുന്നു.
ഘൃതാൽ തൈലം = ഘൃതത്തെക്കാൾ തൈലവും
തൈലാൽ വസാ = തൈലത്തെക്കാൾ വസയും
തതഃ അപി ച മജ്ജാ ഗുരു = വസയെക്കാൾ മജ്ജയും ഏറാവും ഗുരുവാകുന്നു.

സർപ്പിർമജ്ജാവസാതൈലങ്ങൾ യഥാപൂർവം പിത്തഘ്നങ്ങളും യഥോത്തരം ഇതരഘ്നങ്ങളുമാണെന്നു പറഞ്ഞിരിക്കുന്നതിൽനിന്നു സ്നേഹങ്ങൾ ത്രിദോഷശമനങ്ങളാണെന്നു ഗ്രഹിക്കണം. അതിലും ഒരു വിശേഷമുണ്ടു്. സ്നേഹങ്ങളെല്ലാം വാതഘ്നങ്ങളാണെന്നുള്ളതു് അനുക്തസിദ്ധമാകയാൽ ഇതരഘ്ന എന്നതിനു കഫഘ്നം എന്നർത്ഥം പറയണം. അപ്പോൾ ഘൃതം വിശേഷാൽ പിത്തഘ്നവും തൈലം വിശേഷാൽ കഫഘ്നവുമാണെന്നു കാണാം. എന്നുവച്ചാൽ ഘൃതം വാതപിത്തഘ്നം, മജ്ജാവസകൾ വാതഘ്നം, തൈലം വാതകഫഘ്നം. വസാമജ്ജകളെക്കാൾ ഘൃതം പിത്തഘ്നവും, മജ്ജാവസകളെക്കാൾ തൈലം കഫഘ്നവുമാണെന്നു പറഞ്ഞിരിക്കുന്നതു് വസാമജ്ജകൾക്കും കഫപിത്തഘ്നത്വമുണ്ടെന്നു സാധിപ്പാനല്ല. ഘൃതത്തിനു പിത്തഘ്നത്വവും, തൈലത്തിനു കഫഘ്നത്വവും കൂടുതലുണ്ടെന്നു ഗ്രഹിപ്പാനാകുന്നു. ഇങ്ങനെയല്ലാതെ വസാമജ്ജകളും കഫപിത്തഘ്നങ്ങളാണെന്നു ഇതിൽനിന്നു ഗ്രഹിക്കുന്നതു് ആചാര്യന്റെ ഇംഗിതത്തിനു വിരുദ്ധമായിട്ടുള്ളതാകുന്നു. ഇപ്രകാരമാകയാൽ ചിന്തനാദികളാൽ പ്രവൃദ്ധമായ പിത്തത്തോടുചേർന്നു വികാരിയാകുന്ന പിത്തസഹചാരിയായ വാതത്തിൽ ഘൃതവും, കഫത്താൽ നിരുദ്ധമാർഗ്ഗനായിട്ടു് അത്യുഗ്രകോപിയായിരിക്കുന്ന കഫസംസൃഷ്ടവാതത്തിൽ തൈലവും, ധാതുക്ഷയാദികളാൽ അനന്യശരണനായി വർദ്ധിച്ചു സ്വാശ്രയനാശത്തെ ചെയ്തുകൊണ്ടിരിക്കുന്ന കേവലവാതത്തിൽ വസാമജ്ജകളും അത്യന്തഫലപ്രദങ്ങളായിരിക്കുമെന്നു മനസ്സിലാക്കാവുന്നതാകുന്നു. ഇവയിൽ ഘൃതം ഏറാവും ലഘുവും മജ്ജ ഏറാവും ഗുരുവുമാകുന്നു. ഘൃതത്തോളമില്ലെങ്കിലും വസയെക്കാൾ തൈലത്തിനു് ലഘുത്വമുണ്ടു്.

ദ്വാഭ്യാം ത്രിഭിശ്ചതുർഭിസ്തൈർയ്യമകസ്ത്രിവൃതോ മഹാൻ

ദ്വാഭ്യാം താഭ്യാം യമകഃ = അതിൽ രണ്ടുവക സ്നേഹങ്ങൾകൊണ്ടു യമകവും
ത്രിഭിഃ തൈഃ ത്രിവൃതഃ = മൂന്നുവക സ്നേഹങ്ങൾകൊണ്ടു ത്രിവൃതവും
ചതുർഭിഃ (തൈഃ) മഹാൻ = നാലുവക സ്നേഹങ്ങളുംകൊണ്ടു മഹാനും ഉണ്ടാകുന്നു.

സർപ്പിർമജ്ജാവസാതൈലങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം ഒരുമിച്ചുചേർത്താൽ അതിനു യമകസ്നേഹമെന്നും ഏതെങ്കിലും മൂന്നെണ്ണത്തിന്റെ യോഗത്തിനു ത്രിവൃതസ്നേഹമെന്നും നാലുംകൂടിച്ചേർന്നതിനു മഹാസ്നേഹമെന്നും പേരാകുന്നു.

സ്വേദ്യസംശോധ്യമദ്യസ്ത്രീവ്യായാമാസക്തചിന്തകാഃ. 4
വൃദ്ധബാലാബലകൃശാ രൂക്ഷാഃ ക്ഷീണാസ്രരേതസഃ
വാതാർത്തസ്യന്ദതിമിരദാരുണപ്രതിബോധിനഃ. 5
സ്നേഹ്യാ ന ത്വതിമന്ദാഗ്നിതീക്ഷ്ണാഗ്നിസ്ഥൂലദുർബലാഃ
ഊരുസ്തംഭാതിസാരാമഗലരോഗഗരോദരൈഃ. 6
മൂർച്ഛാഛർദ്യരുചിശ്ലേഷ്മതൃഷ്ണാമദ്യൈശ്ച പീഡിതാഃ
അപപ്രസൂതാ യുക്തേ ച നസ്യേ വസ്തൗ വിരേചനേ. 7

സ്വേദ്യസംശോധ്യമദ്യസ്ത്രീ-വ്യായാമാസക്തചിന്തകാഃ } = സ്വേദക്രിയയ്ക്കർഹന്മാരായവർ, ശോധനക്രിയയ്ക്കർഹന്മാരായവർ, മദ്യപാനത്തിലും സ്ത്രീസേവയിലും വ്യായാമത്തിലുമാസക്തരായിരിക്കുന്നവർ, ചിന്തകന്മാർ

വൃദ്ധബാലാബലകൃശാഃ = വൃദ്ധന്മാർ, ബാലന്മാർ, ബലക്കുറവുള്ളവർ, കൃശന്മാർ
രൂക്ഷാഃ = രൂക്ഷശരീരന്മാർ
ക്ഷീണാസ്രരേതസഃ = രക്തവും ശുക്ലവും ക്ഷയിച്ചിരിക്കുന്നവർ
വാതാർത്തസ്യന്ദതിമിരദാരുണപ്രതിബോധിനഃ = വാതപീഡിതന്മാർ അഭിഷ്യന്ദം, തിമിരം, കൃച്ഛ്റോന്മീലം ഈ നേത്രരോഗമുള്ളവർ ഇവരെല്ലാം
സ്നേഹ്യാഃ = സ്നേഹനത്തിന് അർഹന്മാരാകുന്നു. ഇവക്കൊക്കെ സ്നേഹനം ചെയ്യണമെന്നർത്ഥം.
അതിമന്ദാഗ്നിതീക്ഷ്ണാഗ്നിസ്ഥൂലദുർബലാഃ = അഗ്നി തീരെ മന്ദിച്ചിരിക്കുന്നവൻ, അത്യുൽക്കടമായ അഗ്നിയുള്ളവൻ, അതിസ്ഥൂലനായവൻ, ബലം തീരെ കുറഞ്ഞുപോയിരിക്കുന്നവൻ (അതിദുർബ്ബലൻ)
ഊരുസ്തംഭാതിസാരാമഗളരോഗഗരോദരൈഃ = ഊരുസ്തംഭം, അതിസാരം, ആമദോഷം, കണ്ഠരോഗം, കൃത്രിമവിഷം, ഉദരം ഇവകൊണ്ടും
മൂർച്ഛാഛർദ്യരുചിശ്ലേഷ്മതൃഷ്ണാമദ്യൈഃ ച = മൂർച്ഛ, ഛർദ്ദി, അരുചി കഫവികാരം, തൃഷ്ണ, മദ്യം ഇവകൊണ്ടും
പീഡിതാഃ = പീഡിതന്മാരായിരിക്കുന്നവർ
അപപ്രസൂതാ = വ്യാപൽക്കരമായവിധത്തിൽ പ്രസവിച്ചവൾ, ഇവരും
നസ്യേ വസ്തൗ വിരേചനേ = നസ്യവും വസ്തിയും വിരേചനവും
യുക്തേ ച = പ്രയോഗിച്ചിരിക്കവേ ആ ആളുകളും
ന തു സ്നേഹ്യാഃ) = സ്നേഹത്തിന് അർഹന്മാരല്ല. ഇവക്കൊക്കും സ്നേഹനം ചെയ്യരുതെന്നു സാരം.

സംശോധ്യന്മാരും സംശോധ്യന്മാരും സ്നേഹ്യന്മാരാണെന്നു പറഞ്ഞതു സംശോധനങ്ങൾ സ്നേഹനാനന്തരം ചെയ്യേണ്ടതാണെന്നുള്ള അർത്ഥത്തിലാകുന്നു. മദ്യസ്ത്രീവ്യായാമാസക്തന്മാർ, മദ്യപാനത്തിലും സ്ത്രീസേവയിലും വ്യായാമത്തിലും അധികമായിട്ടേർപ്പെടുകയാൽ ക്ഷീണിച്ചവരോ ക്ഷീണിക്കാനിടയുള്ളവരോ ആകുന്നു. അതിമന്ദാഗ്നിക്കു സ്നേഹം ദഹിക്കായ്കയാൽ അജീർണ്ണാദികളെ ഉണ്ടാക്കും. അതിതീക്ഷ്ണാഗ്നിക്കു് അതു് വീണ്ടും അഗ്നിയെ അത്യുൽക്കടമാക്കി ഭസ്മകാദിരോഗങ്ങളെ ഉണ്ടാക്കും. അതിസ്ഥൂലനെ സ്ഥൗല്യത്തെ അധികമാക്കി അസ്വസ്ഥനാക്കും. അതിദുർബ്ബലനു ബലഹാനികൊണ്ടു സ്നേഹം വ്യാപൽക്കരമായിത്തീരും. ആകയാൽ ഈ വക ദോഷങ്ങൾ സംഭവിക്കാത്തവിധത്തിൽ കരുതലോടുകൂടി പ്രയോഗിക്കാമെങ്കിൽ അതിമന്ദാഗ്ന്യാദികളെ സ്നേഹ്യന്മാരാക്കിത്തീർക്കുകയും ചെയ്യാം.

## തത്ര ധീസ്മൃതിമേധാഗ്നികാംക്ഷിണാം ശസ്യതേ ഘൃതം

തത്ര ഘൃതം = അതുകളിൽവെച്ചു ഘൃതം
ധീസ്മൃതിമേധാഗ്നികാംക്ഷിണാം = ബുദ്ധിയും, ഓർമ്മയും, ധാരണാശക്തിയും, അഗ്നിബലവും വേണമെന്നുള്ളവക്കു
ശസ്യതേ = ശസ്തമായിരിക്കുന്നു. ധീസ്മൃതിമേധാഗ്നികൾ കുറവുള്ളവക്കു അതുണ്ടാകുവാനായി ഘൃതം പ്രയോഗിക്കണമെന്നർത്ഥം.

## ഗ്രന്ഥിനാഡീകൃമിശ്ലേഷ്മമേദോമാരുതരോഗിഷു. 8
## തൈലം ലാഘവദാർഢ്യാർത്ഥിക്രൂരകോഷ്ഠേഷു ദേഹിഷു

ഗ്രന്ഥിനാഡീകൃമിശ്ലേഷ്മമേദോമാരുതരോഗിഷു = ഗ്രന്ഥി, നാഡീവ്രണം, കൃമിപീഡ, കഫമേദോവികാരം, വാതവ്യാധി ഈ രോഗങ്ങളുള്ളവക്കും
ലാഘവദാർഢ്യാർത്ഥിക്രൂരകോഷ്ഠേഷു ദേഹിഷു = ശരീരത്തിനു ലഘുത്വവും ദൃഢതയും വേണമെന്നുള്ളവരും ക്രൂരകോഷ്ഠന്മാരുമായ ആളുകൾക്കും
തൈലം (ശസ്യതേ) = തൈലം ശസ്തമായിരിക്കുന്നു.

ശ്ലേഷ്മമേദോമാരുതരോഗികൾ എന്നതിനു കഫമേദസ്സുകളുടെ വൃദ്ധിയോ വിപഥഗാമിത്വമോ നിമിത്തം വാതം പ്രതിഹതഗതിയായി കോപിക്കുകയാൽ വാതരോഗിക

ളായവർ എന്ന് അർത്ഥം പറയുന്നതിനു വിരോധമുണ്ടോ എന്നു തൈലത്തിന്റെ തീക്ഷ്ണോഷ്ണാദിഗുണങ്ങളേയും കഫഘ്നത്വത്തേയും ഓർമ്മയിൽവച്ചുകൊണ്ടു പണ്ഡിതന്മാർ ആലോചിച്ചുനോക്കുന്നതു നല്ലതാണ്.

വാതാതപാധ്വഭാരസ്ത്രീവ്യായാമക്ഷീണധാതുഷു. 9
രൂക്ഷക്ലേശക്ഷമാത്യഗ്നിവാതാവൃതപഥേഷു ച
ശേഷൗ വസാ തു സന്ധ്യസ്ഥിമർമ്മകോഷ്ഠരുജാസു ച. 10
വിദ്ധദഗ്ധാഹതഭ്രഷ്ടയോനികർണ്ണശിരോരുജി

| | |
|---|---|
| വാതാതപാധ്വഭാരസ്ത്രീ-വ്യായാമക്ഷീണധാതുഷു | = കാററും വെയിലുമേൽക്കുകകൊണ്ടും, വഴിനടക്കുക, ചുമടെടുക്കുക, സ്ത്രീസേവചെയ്ക, വ്യായാമം ഇതുകൾകൊണ്ടും ധാതുക്ഷയം വന്നിരിക്കുന്നവർക്കും |
| രൂക്ഷക്ലേശക്ഷമാത്യഗ്നി-വാതാവൃതപഥേഷു ച | = രൂക്ഷന്മാർക്കും ക്ലേശം സഹിക്കാൻ കഴിയുന്നവർക്കും അത്യഗ്നിക്കാർക്കും വാതത്തിന്റെ അവ്യാപാരത്താൽ വിഗുണസ്രോതസ്സുകളായിരിക്കുന്നവർക്കും |
| ശേഷൗ | = വസാമജ്ജകൾസ്നേഹനത്തിനുവിഹിതങ്ങളാകുന്നു. |
| വസാ തു | = വസയാകട്ടെ |
| സന്ധ്യസ്ഥിമർമ്മകോഷ്ഠരുജാസു | = സന്ധിവേദനയിലും, അസ്ഥിവേദനയിലും, മർമ്മവേദനയിലും, കോഷ്ഠവേദനയിലും |
| വിദ്ധദഗ്ധാഹതഭ്രഷ്ട-യോനികർണ്ണശിരോരുജി ച | = മുറിഞ്ഞിട്ടും വെന്തുപോയിട്ടും, അടിയോ ചതവോ ഏററിട്ടും, യോനിഭ്രംശംകൊണ്ടുമുണ്ടാകുന്ന വേദനയിലും കർണ്ണശിരോരുക്കുകളിലും |
| (പ്രശസ്യതേ) | = വിശേഷിച്ചു വിഹിതമാകുന്നു. |

വാതസ്ഥാനങ്ങളിലും വാതംനിമിത്തവുമുണ്ടാകുന്ന സാമാന്യവേദനകളെ ശമിപ്പിക്കുന്നതിൽ വസയ്ക്കുള്ള വിശേഷവൈശിഷ്ട്യത്തെ പ്രത്യേകം ഗ്രഹിച്ചിരിക്കേണ്ടതാകുന്നു. ഇതറിയുന്നവർ ആട്ടിന്റെ ചെറുകുടൽ കഷായമായിട്ടോ കറിയായിട്ടോ വച്ചുകൊടുത്തു പ്രവാഹികാ (വയറുകടി) ജന്യമായ കോഷ്ഠരുജയെ ആരുമറിയാതെ ശമിപ്പിക്കുന്ന വീട്ടിലമ്മമാരെ അനുമോദിക്കേണ്ടതുമാകുന്നു.

തൈലം പ്രാവൃഷി വർഷാന്തേ സർപ്പിരന്യൗ തു മാധവേ. 11
മാസേ സാധാരണേ സ്നേഹശ്ശസ്തോഹ്നി വിമലേ രവൗ

| | |
|---|---|
| തൈലം പ്രാവൃഷി | = തൈലം വർഷർത്തുവിലും |
| സർപ്പിഃ വർഷാന്തേ | = ഘൃതം ശരദൃതുവിലും |
| അന്യൗ തു മാധവേ | = മററ രണ്ടും (വസാമജ്ജകൾ) വസന്തത്തിലും പ്രയോഗിക്കണം. |
| മാസേ സാധാരണേ അഹ്നി | = സാധാരണമാസത്തിൽ പകൽ |
| രവൗ വിമലേ | = സൂര്യൻ പ്രകാശിച്ചുകൊണ്ടിരിക്കുമ്പോൾ |
| സ്നേഹഃ ശസ്തഃ | = സ്നേഹം പ്രയോഗിക്കുന്നതു നല്ലതാകുന്നു. |

തൈലം വർഷർത്തുവിലും, ഘൃതം ശരത്തിലും, വസാമജ്ജകൾ വസന്തത്തിലും ഉപയോഗിക്കേണ്ടതാണ്. വർഷാശരദ്വസന്തങ്ങളെന്നു പറഞ്ഞാൽ സാധാരണങ്ങളായ ശ്രാവണം, കാർത്തികം, ചൈത്രം ഈ മാസങ്ങളിലാണെന്നു ധരിക്കേണ്ടതാകുന്നു. അതും പോരാ പകൽ സൂര്യപ്രകാശമുള്ള ദിവസംതന്നെ സ്നേഹം പ്രയോഗിക്കണമെന്നു നിർബന്ധമുണ്ട്.

തൈലം ത്വരായാം ശീതേപി ഘർമ്മേപി ച ഘൃതം നിശി. 12
നിശ്യേവ പിത്തേ പവനസംസർഗ്ഗേ പിത്തവത്യപി
നിശ്യന്യഥാ വാതകഫാദ്രോഗാസ്സ്യുഃ പിത്തതോ ദിവാ. 13

ത്വരായാം (സത്യാം) = അത്യാവശ്യമെന്നുവന്നാൽ
തൈലം ശീതേ = തൈലം ശീതകാലമായ ഹേമന്തശിശിരങ്ങളിലും
ഘൃതം ഘർമ്മേ അപി = ഘൃതം ഉഷ്ണകാലമായ ഗ്രീഷ്മത്തിലും ഉപയോഗിക്കാവുന്നതാണ്.
അപി ച = തന്നെയുമല്ല
ഘർമ്മേ (സ്നേഹം) നിശി = ഘർമ്മത്തിൽ സ്നേഹപ്രയോഗം രാത്രിവേണ്ടതാകുന്നു.
പിത്തേ = പിത്തവികാരത്തിലും
പിത്തവതി പവനസംസർഗ്ഗേ അപി = പിത്താധികമായ പിത്തവാതസംസർഗ്ഗത്തിലും
നിശി ഏവ = രാത്രിയിൽത്തന്നെ സ്നേഹംപ്രയോഗിക്കേണ്ടതാണ്.
അന്യഥാ = മറിച്ച് (കഫത്തിലോ കഫാധികസംസർഗ്ഗത്തിലോ ശീതകാലത്തോ)
നിശി = രാത്രിയിൽ സ്നേഹം ഉപയോഗിച്ചാൽ
വാതകഫാൽ = വാതകഫകോപത്താൽ (ഉണ്ടാകാവുന്ന)
രോഗാഃ സ്യുഃ = രോഗങ്ങളുണ്ടാകും.
(അന്യഥാ) ദിവാ = (പിത്തത്തിലോ പിത്താധികസംസർഗ്ഗത്തിലോ ഉഷ്ണകാലത്തോ) പകൽ സ്നേഹം ഉപയോഗിച്ചാൽ
പിത്തതഃ = പിത്തകോപത്താലുണ്ടാകാവുന്നരോഗങ്ങളുണ്ടാകും.

വർഷാശരത്തുകളിൽമാത്രമല്ല തൈലഘൃതങ്ങൾ ഉപയോഗിക്കാവുന്നതു്. അത്യാവശ്യമെന്നുവന്നാൽ തൈലം ശീതകാലത്തും ഘൃതം ഗ്രീഷ്മത്തിലും ഉപയോഗിക്കാവുന്നതാണ്. ഇതു തൈലഘൃതങ്ങളെ സംബന്ധിച്ച നിയമമാണ്. കാലത്തെ സ്സംബന്ധിച്ചാണെങ്കിൽ ഗ്രീഷ്മത്തിൽ രാത്രിവേണം സ്നേഹം ഉപയോഗിക്കുവാൻ. ഗ്രീഷ്മം ഉഷ്ണകാലമാകകൊണ്ടാണങ്ങനെ വിധിച്ചതു്. അതിനാൽ ശേഷം ഋതുക്കളിലും ഉഷ്ണാധിക്യമുള്ളപ്പോഴും രാത്രിയും, ഗ്രീഷ്മത്തിൽത്തന്നെ കാലവൈപരീത്യത്താൽ ശൈത്യം സംഭവിക്കുന്നുണ്ടെങ്കിൽ അവിടെ പകലും സ്നേഹമുപയോഗിക്കുന്നതിനു വിരോധമില്ലെന്നു് ആ വിധി സൂചിപ്പിക്കുന്നു. എന്നാൽ പിത്തത്തിലോ പിത്താധികമായ പിത്തവാതസംസർഗ്ഗത്തിലോ ആണു് ഗ്രീഷ്മത്തിൽ സ്നേഹം ഉപയോഗിക്കുന്നതെങ്കിൽ അതു രാത്രിതന്നെ ആയിരിക്കണമെന്നുള്ളതു നിർബന്ധമാണ്. അതുപോലെ കഫത്തിലും കഫവാതസംസർഗ്ഗത്തിലും ശീതകാലത്തും സ്നേഹം പകൽതന്നെ ഉപയോഗിക്കണമെന്നതും നിർബന്ധമാണ. ഇതിനു വിപരീതമായിട്ടു കഫത്തിലും കഫവാതസംസർഗ്ഗത്തിലും ശീതകാലത്തും സ്നേഹം രാത്രി ഉപയോഗിച്ചാൽ കഫവാതങ്ങളും, പിത്തത്തിലും പിത്തവാതസംസർഗ്ഗത്തിലും ഉഷ്ണകാലത്തും സ്നേഹം പകൽ ഉപയോഗിച്ചാൽ പിത്തവും കോപിച്ചിട്ടു് അതുന്നിമിത്തമുണ്ടാകാവുന്ന രോഗങ്ങളുണ്ടാകും.

യുക്ത്യാവചാരയേൽ സ്നേഹം ഭക്ഷ്യാദ്യന്നേന വസ്തിഭിഃ
നസ്യാഭ്യഞ്ജനഗണ്ഡൂഷമൂർദ്ധകർണ്ണാക്ഷിതർപ്പണൈഃ. 14

യുക്ത്യാ = യുക്തി ഉപയോഗിച്ച്
ഭക്ഷ്യാദ്യന്നേന = ഭക്ഷ്യം ലേഹ്യം മുതലായ അന്നത്തോടുചേർത്തിട്ടോ
വിസ്തിഭിഃ = വസ്തിപ്രയോഗങ്ങളായിട്ടോ
നസ്യാഭ്യഞ്ജനഗണ്ഡൂഷമൂർദ്ധകർണ്ണാക്ഷിതർപ്പണൈഃ = നസ്യം, അഭ്യംഗം, ഗണ്ഡൂഷം, മൂർദ്ധതർപ്പണം (ശിരോവസ്തി) കർണ്ണതർപ്പണം, അക്ഷിതർപ്പണം ഈ വിധത്തിലായിട്ടോ
സ്നേഹം അവചാരയേൽ = സ്നേഹം ഉപയോഗപ്പെടുത്താവുന്നതാണ്.

സ്നേഹപ്രയോഗം എന്നതു സ്നേഹം തനിച്ചുസേവിക്കുക എന്നതാണ്. രോഗിയുടേയും കാലദേശാദികളുടെയും സ്ഥിതിക്കു ചിലപ്പോഴും ആ സ്നേഹസേവനം വിഹിതമല്ലെന്നു വരാം. എന്നാൽ സ്നിഗ്ദ്ധത ഉണ്ടാക്കേണ്ടതു് ആവശ്യവും ആയിരിക്കും.

അപ്പോഴാണ് യുക്തിപ്രകാരമുള്ള സ്നേഹപ്രയോഗത്തിന്റെ ആവശ്യം നേരിടുന്നതു്. സ്നേഹം വിഹിതമാത്രയിൽ എന്തെങ്കിലും ആഹാരത്തോടുചേർത്തോ വസ്തിനസ്യാഭ്യംഗാദികളായിട്ടോ ഉപയോഗിക്കാവുന്നതാണ്. അങ്ങനെയുള്ള സ്നേഹപ്രയോഗത്തെ സ്നേഹാവചാരണം എന്നു പറയുകയും ചെയ്യും.

രസഭേദൈകകത്വാഭ്യാം ചതുഷ്ഷഷ്ടിർവിചാരണാഃ
സ്നേഹസ്യാന്യാഭിഭൂതത്വാദല്പത്വാച്ച ക്രമാൽ സ്മൃതാഃ. 15

| | | |
|---|---|---|
| രസഭേദൈകകത്വാഭ്യാം | = | രസഭേദംകൊണ്ടും, ഏകദേശവ്യാപിത്വംകൊണ്ടും |
| സ്നേഹസ്യ ക്രമാൽ | = | സ്നേഹത്തിനു ക്രമേണ |
| അന്യാഭിഭൂതത്വാൽ അല്പത്വാൽ ച | = | മറ്റൊന്നിനാൽ പരാജയവും അല്പത്വവും സംഭവിക്കുന്നതിനാൽ |
| ചതുഷ്ഷഷ്ടിഃ | = | (ആ സ്നേഹപ്രയോഗങ്ങൾ) അറുപത്തിനാലുവിധത്തിലുള്ള |
| വിചാരണാഃ സ്മൃതാഃ | = | വിചാരണകളാകുന്നു എന്നു നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. |

മുകളിൽ പറഞ്ഞ സ്നേഹാവചാരണത്തെ ചുരുക്കത്തിൽ രണ്ടായി വിഭജിക്കാം. ഭക്ഷ്യാദ്യന്നത്തോടുചേർത്തു സേവിക്കുന്നതൊന്നു; മറ്റൊന്നിനോടു ചേർക്കാതെയും സേവിക്കാതെയും വസ്തിനസ്യാഭ്യംഗാദികളായിട്ടു് ഉപയോഗിക്കുന്നതു വേറൊന്നു്. ഈ രണ്ടുതരത്തിലുള്ള സ്നേഹോപയോഗവും സ്നേഹഗുണത്തെ പൂർണ്ണമായി നൽകുന്നതല്ല. ആദ്യത്തേതിൽ അന്നത്തോടു് ചേരുന്നതിനാൽ സ്നേഹം ഹീനവീര്യമായിപ്പോകുന്നു മറ്റേതിൽ സ്നേഹത്തിനു സർവ്വശരീരത്തിലും എത്താൻ സാധിക്കാത്തതിനാൽ അല്പമായിട്ടേ സ്നേഹകാര്യം നിർവ്വഹിക്കാൻ സാധിക്കുന്നുള്ളു. ഇപ്രകാരം ഹീനഗുണമായവിധത്തിലുള്ള സ്നേഹോപയോഗത്തിനു 'വിചാരണ' എന്നു പൂർവ്വന്മാർ നാമകരണംചെയ്തിരിക്കുന്നു. ആഹാരത്തോടുചേർത്തു് ഉപയോഗിക്കുമ്പോൾ ആഹാരം അറുപത്തിമൂന്നുതരം രസഭേദങ്ങളോടുകൂടിയതാകയാൽ അത്രയും തരത്തിൽ സ്നേഹത്തിനു വീര്യഹാനി സംഭവിക്കുന്നു. ആകയാൽ ആ ഒന്നിൽത്തന്നെ അറുപത്തിമൂന്നും വസ്ത്യാദിപ്രയോഗത്തിലെല്ലാം അല്പദേശവ്യാപിത്വംകൊണ്ടു അല്പകാര്യനിർവ്വഹണം മാത്രം ഉണ്ടാകുന്നതിനാൽ അതൊന്നുംകൂടി അറുപത്തിനാലുവിധം വിചാരണകളുണ്ടെന്നു തിട്ടപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

യഥോക്തഹേത്വഭാവാന്ന ഹ്യച്ഛപേയോ വിചാരണാ
സ്നേഹസ്യ കല്പസ്സ ശ്രേഷ്ഠഃ സ്നേഹകർമ്മാശുസാധനാൽ. 16

| | | |
|---|---|---|
| യഥോക്തഹേത്വഭാവാൽ | = | മേല്പറഞ്ഞ ഹേതുക്കളില്ലായ്കയാൽ |
| അച്ഛപേയഃ | = | കേവലമായിട്ടുള്ള സ്നേഹപാനം |
| വിചാരണാ ന ഹി | = | വിചാരണയല്ല. |
| സ്നേഹസ്യ കല്പഃ | = | സ്നേഹത്തിന്റെ (ആ അച്ഛപേയമായിട്ടുള്ള) കല്പനം |
| സ്നേഹകർമ്മാശുസാധനാൽ | = | സ്നേഹപ്രവൃത്തിയെ ഉടൻ ചെയ്യുന്നതുകൊണ്ടു |
| ശ്രേഷ്ഠഃ | = | ശ്രേഷ്ഠമായിട്ടുള്ളതാകുന്നു. |

സ്നേഹം തനിയേ പാനംചെയ്യുന്നതിൽ അന്യാഭിഭൂതത്വവും അല്പത്വവുമില്ലായ്കകൊണ്ടു ആ സ്നേഹപ്രയോഗത്തെ വിചാരണ എന്നു പറഞ്ഞുകൂടാ. സ്നേഹകർമ്മത്തെ ഉടൻ നിർവ്വഹിക്കുന്നതിനാൽ അച്ഛപേയമായിട്ടുള്ള ആ സ്നേഹകല്പനമാണു ശ്രേഷ്ഠമായിട്ടുള്ളതു്. ഇപ്പോൾ സ്നേഹപ്രയോഗത്തെ മറ്റൊരുവിധത്തിൽ വിഭജിക്കേണ്ടതായിരിക്കുന്നു. സേവിക്കുക, നസ്യാഭ്യംഗാദിയായിട്ടു് ഉപയോഗിക്കുക എന്നു രണ്ടുതരം സ്നേഹപ്രയോഗം. സേവിക്കുന്നതു സ്നേഹം തനിയെ സേവിക്കുക, ആഹാരസാധനത്തോടുചേർത്തു സേവിക്കുക എന്നു പിന്നെ രണ്ടുതരം. ഇതിൽ സ്നേഹം തനിയെ സേവിക്കുന്നതു അച്ഛപേയവും, ആഹാരസാധനങ്ങളിൽച്ചേർത്തു സേവിക്കുന്നതും നസ്യാഭ്യംഗാദിയായിട്ടുപയോഗിക്കുന്നതും വിചാരണയുമാകുന്നു. സ്നേഹകർമ്മം

ഉടനെയും പൂർണ്ണമായിട്ടും സാധിക്കുന്നതു് അച്ഛപേയമാകയാൽ അതാണു് ശ്രേഷ്ഠമായ സ്നേഹകല്പനം. കാലദേശാദിവശാൽ അച്ഛപേയമായിട്ടു സ്നേഹം പ്രയോഗിക്കാൻ നിർവ്വാഹമില്ലാത്ത അവസ്ഥയിൽ മററുവിധത്തിൽ സ്നേഹം ഉപയോഗിക്കണം. ആഹാരത്തോടുചേർത്തു് അല്പമാത്രമായി സേവിപ്പിക്കുകയും നസ്യാഭ്യംഗാദിയായി പ്രയോഗിക്കുകയുമാണു് അതു്. വിചാരിക്കുന്ന വേഗത്തിലും പൂർണ്ണമായും കർമ്മസാധകമല്ലാത്ത ഈ സ്നേഹപ്രയോഗം ആ കാരണത്താൽ വിചാരണ എന്നു പറയപ്പെടുന്നു.

സ്നേഹം സംസ്കരിക്കുമ്പോൾ ഔഷധങ്ങളോടുള്ള യോഗത്താലാണു് അതു് അന്യാഭിഭൂതമാകുന്നതെന്നും, അതിനാൽ ഔഷധസംസ്കൃതമല്ലാത്ത കേവലസ്നേഹത്തെ പാനംചെയ്യുന്നതിനെ അച്ഛപേയമെന്നു പറയേണ്ടതാണെന്നും ചിലർ വാദിക്കുന്നു. അങ്ങിനെയായാൽ ധാന്വന്തരം, തിക്തകം, സുകുമാരം മുതലായ സംസ്കൃതസ്നേഹങ്ങൾ സേവിക്കുന്നതിനെക്കാൾ ആ സ്ഥാനത്തു വെറും എള്ളെണ്ണയും പശുവിൻനെയ്യും ആവണക്കെണ്ണയും സേവിക്കുന്നതാണു് ശ്രേഷ്ഠമായിട്ടുള്ളതെന്നു സമ്മതിക്കാൻ അവർ നിർബന്ധിതരാകയും അതോടുകൂടി അവരുടെ അർത്ഥം അനർത്ഥപ്രദമാണെന്നു മനസ്സിലാക്കുകയും ചെയ്തുകൊള്ളുമെന്നല്ലാതെ ആ വിദ്വാന്മാരോടു് അധികമൊന്നും പറയേണ്ട ആവശ്യമില്ല.

ദ്വാഭ്യാം ചതുർഭിരഷ്ടാഭിർയാമൈർജീര്യന്തി യാഃ ക്രമാൽ
ഹ്രസ്വമധ്യോത്തമാ മാത്രാസ്താഭ്യശ്ച ഹ്രസീയസീം. 17
കല്പയേദ്വീക്ഷ്യ ദോഷാദീൻ പ്രാഗേവ തു ഹ്രസീയസീം

യാഃ = ഏതേതു സ്നേഹമാത്രകൾ
ദ്വാഭ്യാം (യാമാഭ്യാം) = രണ്ടു യാമങ്ങൾകൊണ്ടും
ചതുർഭിഃ (യാമൈഃ) = നാലു യാമങ്ങൾകൊണ്ടും
അഷ്ടാഭിഃ (യാമൈഃ) = എട്ടു യാമങ്ങൾകൊണ്ടും
ജീര്യന്തി = ദഹിക്കുന്നു.
താഃ ക്രമാൽ = അതാതുകൾ ക്രമേണ (സ്നേഹത്തിന്റെ)
ഹ്രസ്വമധ്യോത്തമാഃ മാത്രാഃ = ഹ്രസ്വയായും മധ്യയായും ഉത്തമയായുമുള്ള മാത്രകളാകുന്നു.
ദോഷാദീൻ വീക്ഷ്യ = ദോഷാദികളെ ആലോചിച്ചുനോക്കീട്ടു്
പ്രാക് താഭ്യഃ ച = ആദ്യം ആ ഓരോ മാത്രകളിൽനിന്നും
ഹ്രസീയസീം കല്പയേൽ = ഏററവും ഹ്രസ്വമാത്രയെ ഉപയോഗിക്കണം.
പ്രാക് തു = ആദ്യം ഏതായാലും
(ഹ്രസീയസീം ഏവ കല്പയേൽ) = ഏററവും ഹ്രസ്വമാത്രതന്നെ ഉപയോഗപ്പെടുത്തേണ്ടതാണു്.

അച്ഛപേയമായിട്ടുള്ള സ്നേഹോപയോഗത്തിനു ഹ്രസ്വമാത്ര, മധ്യമാത്ര, ഉത്തമമാത്ര എന്നു മൂന്നു മാത്രകളുണ്ടു. എത്രമാത്രം സ്നേഹം ഒരാൾ ഉപയോഗിച്ചാൽ രണ്ടു യാമം (പതിനഞ്ചുനാഴിക—ആറുമണിക്കൂർ) കൊണ്ടു ദഹിക്കുമോ? അതു് അയാളെസ്സംബന്ധിച്ചിടത്തോളം ഹ്രസ്വമാത്രയിലുള്ള സ്നേഹമാകുന്നു. അതുപോലെ നാലുയാമംകൊണ്ടു് ദഹിക്കുന്നതു മധ്യമാത്രയു, എട്ടുയാമം ഒരു അഹോരാത്രം കൊണ്ടു ദഹിക്കുന്നതു് ഉത്തമമാത്രയുമത്രേ. ഈ ഓരോ മാത്രയിലും സ്നേഹം ഉപയോഗിക്കുമ്പോൾ ആദ്യം അതാതിന്റെ അതിഹ്രസ്വമാത്രവേണം ഉപയോഗപ്പെടുത്താൻ. എങ്ങിനെയെന്നാൽ ഹ്രസ്വമധ്യോത്തമമാത്രകളിൽ ഓരോന്നിനെയും ഹ്രസ്വയും ഹ്രസീയസിയുമായിട്ടുകൂടെ വിഭജിക്കണം. എട്ടുയാമംകൊണ്ടു ദഹിക്കുന്നതാണല്ലോ ഉത്തമമാത്ര. ആറുയാമംകൊണ്ടുദഹിക്കുന്നതു അതിന്റെ ഹ്രസ്വയും നാലുയാമംകൊണ്ടു് ദഹിക്കുന്നതു് അതിന്റെ ഹ്രസീയസിയും ആകുന്നു. അതുപോലെ മൂന്നുയാമംകൊണ്ടു ദഹിക്കുന്നതു് മധ്യമാത്രയുടെ ഹ്രസ്വയും, രണ്ടു യാമംകൊണ്ടു് ദഹിക്കുന്നതു് അതിന്റെ ഹ്രസീയസിയും ആണു്. ഹ്രസ്വമാത്ര സ്വയം

ഹ്രസ്വയായിരിക്കയാൽ അതിനു പിന്നെ ഹ്രസീയസി എന്നൊരു വിഭാഗമേ ഉണ്ടാവാനുള്ളൂ. ഒരു യാമംകൊണ്ടു് ദഹിക്കുന്നതാണു ഹ്രസ്വമാത്രയുടെ ഹ്രസീയസി. ഇങ്ങിനെ ഉത്തമമദ്ധ്യമാത്രകൾക്കു ഉത്തമ, ഹ്രസ്വ, ഹ്രസീയസി. മദ്ധ്യ, ഹ്രസ്വ ഹ്രസീയസി ഇങ്ങനെ മൂന്നു വിഭാഗങ്ങളും ഹ്രസ്വമാത്രയ്ക്കു് ഹ്രസ്വ, ഹ്രസീയസി എന്നു രണ്ടു വിഭാഗങ്ങളുമുണ്ടു്. ഉത്തമമാത്രയുടെ ഹ്രസീയസി മദ്ധ്യമാത്രയും, മദ്ധ്യമാത്രയുടെ ഹ്രസീയസി ഹ്രസ്വമാത്രയുംതന്നെയാകയാൽ വാസ്തവത്തിൽ ഓരോന്നിനും ഈരണ്ടു വിഭാഗമേ ഉള്ളൂ. ഇതിൽ ഉത്തമമാത്രയിലാണു് സ്നേഹം സേവിപ്പിക്കാൻ വിചാരിക്കുന്നതെങ്കിൽ ആദ്യം അതിന്റെ ഹ്രസീയസിയും (നാലു യാമംകൊണ്ടു ദഹിക്കുന്നതു്) പിന്നെ അതിന്റെ ഹ്രസ്വയും (ആറുയാമംകൊണ്ടു ദഹിക്കുന്നതു്) ഉപയോഗപ്പെടുത്തി ഫലം കണ്ടിട്ടു മൂന്നാമത്തെ പ്രാവശ്യമേ ശരിയായ ഉത്തമമാത്ര ഉപയോഗപ്പെടുത്താവൂ. മദ്ധ്യമാത്രയിൽ സ്നേഹം സേവിപ്പിക്കയാണെങ്കിൽ ആദ്യം അതിന്റെ ഹ്രസീയസിയും (രണ്ടുയാമംകൊണ്ടു ദഹിക്കുന്നതു്) പിന്നെ അതിന്റെ ഹ്രസ്വയും (മൂന്നുയാമംകൊണ്ടു ദഹിക്കുന്നതു്) സേവിപ്പിച്ചിട്ടു് മൂന്നാമതു വേണം ശരിയായ മദ്ധ്യമാത്ര ഉപയോഗപ്പെടുത്താൻ. ഹ്രസ്വമാത്രയിൽ സേവിപ്പിക്കുന്നതിലോ ആദ്യം അതിന്റെ ഹ്രസീയസി (ഒരുയാമംകൊണ്ടു ദഹിക്കുന്നതു്) ഉപയോഗപ്പെടുത്തിക്കൊണ്ടു പിന്നെ ശരിക്കു ഹ്രസ്വമാത്രയിൽത്തന്നെ ആയിക്കൊള്ളാം. ഏതുമാത്രയിലുള്ള സ്നേഹോപയോഗവും ആദ്യം അതിഹ്രസ്വമാത്രയിൽ തുടങ്ങി ക്രമേണ കൂട്ടിക്കൊണ്ടുപോകുന്നതാണു നന്നു്. അല്ലെങ്കിൽ വ്യാപത്തുണ്ടാവാനെളുപ്പമുണ്ടു്.

ഹ്യസ്തനേ ജീർണ്ണ ഏവാന്നേ സ്നേഹോച്ഛശ്ശുദ്ധയേ ബഹുഃ. 18
ശമനഃ ക്ഷുദ്വതോനന്നോ മദ്ധ്യമാത്രശ്ച ശസ്യതേ

ഹ്യസ്തനേ അന്നേ = തലേദിവസം കഴിച്ചിരുന്ന ആഹാരം.
ജീർണ്ണേ ഏവ = ദഹിച്ചു എന്നു കാണുമ്പോൾത്തന്നെ
ശുദ്ധയേ = ശോധനത്തിനായിട്ടു്
ബഹുഃ സ്നേഹഃ = ഉത്തമമായിട്ടുള്ള സ്നേഹം
അച്ഛഃ (ശസ്യതേ) = അച്ഛപേയമായിട്ടു സേവിക്കേണ്ടതാണു്.

ഉത്തമമാത്രയിൽ സ്നേഹം ശോധനത്തിനായിട്ടു പ്രയോഗിക്കേണ്ടതാണു്. അതു് തലേദിവസത്തെ ആഹാരം ദഹിച്ചു എന്നു കാണുമ്പോൾതന്നെ അച്ഛപേയമായിട്ടു സേവിക്കേണ്ടതുമാകുന്നു.

മദ്ധ്യമാത്രഃ = മദ്ധ്യമാത്രയിലുള്ള സ്നേഹം
ക്ഷുദ്വതഃ = തലേദിവസത്തെ ആഹാരം ദഹിച്ചതിനു വിശപ്പുണ്ടായിക്കാണുമ്പോൾ.
അനന്നഃ = അച്ഛപേയമായിട്ടു്
ശമനഃ ച (ശസ്യതേ) = ദോഷശമനത്തിനായും സേവിക്കേണ്ടതാണു്.

മദ്ധ്യമാത്രയിലുള്ള സ്നേഹം ദോഷശമനത്തിനായി പ്രയോഗിക്കുവാനുള്ളതാണു്. അതു തലേദിവസത്തെ ആഹാരം ദഹിച്ചു എന്നു വന്നാൽ പോരാ വിശപ്പുണ്ടാകണം. അപ്പോഴേ സേവിക്കാവൂ. സേവിക്കുന്നതു അച്ഛപേയമായിട്ടു വേണംതാനും.

ബൃംഹണോ രസമദ്യാദ്യൈസ്സഭക്തോല്പോ ഹിതസ്സ ച. 19
ബാലവൃദ്ധപിപാസാർത്തസ്നേഹദ്വിണ്മദ്യശീലിഷു
സ്ത്രീസ്നേഹനിത്യമന്ദാഗ്നിസുഖിതക്ലേശഭീരുഷു. 20
മൃദുകോഷ്ഠാല്പദോഷേഷു കാലേ ചോഷ്ണേ കൃശേഷു ച

അല്പഃ = ഹ്രസ്വമാത്രയിലുള്ള സ്നേഹം
ബൃംഹണഃ = ദേഹം തടിപ്പിക്കുന്നതിനായിട്ടു്
രസമദ്യാദ്യൈഃ = മാംസരസം, മദ്യം മുതലായവകൂട്ടി

സഭക്തഃ = അന്നത്തോടുചേർത്തു് ഉപയോഗിക്കേണ്ടതാണു്.
സഃ = ആ അല്പമാത്രസ്നേഹം
ബാലവൃദ്ധാപിപാസാർത്ത-സ്നേഹദ്വിണ്മദ്യശീലിഷു = ബാലന്മാർ, വൃദ്ധന്മാർ, അധികമായതൃഷ്ണയുള്ളവർ, സ്നേഹം വെറുക്കുന്നവർ, മദ്യം ശീലിച്ചിരിക്കുന്നവർ,
സ്ത്രീസ്നേഹനിത്യമന്ദാഗ്നി-സുഖിതക്ലേശഭീരുഷു = നിത്യവും സ്ത്രീസേവചെയ്യുന്നവർ, നിത്യവും സ്നേഹമുപയോഗിക്കുന്നവർ, അഗ്നിമാന്ദ്യമുള്ളവർ, പ്രവൃത്തി ഒന്നും ചെയ്യാതെ സുഖമായി കഴിഞ്ഞുകൂടുന്നവർ, പഥ്യക്ലേശത്തിൽ ഭയപ്പെടുന്നവർ,
മൃദുകോഷ്ഠാല്പദോഷേഷു = മൃദുകോഷ്ഠന്മാർ, ദോഷം അല്പമായിമാത്രമുള്ളവർ ഇവരിലും
ഉഷ്ണകാലേ ച = ഉഷ്ണകാലത്തിലും
കൃശേഷു ച = കൃശന്മാരിലും
ഹിതഃ ച = ഹിതമായിട്ടുള്ളതുമാകുന്നു.

ഹ്രസ്വമാത്രയിലുള്ള സ്നേഹം ബൃംഹണാർത്ഥം ഉപയോഗിക്കുവാനുള്ളതാണു്. അതു ബൃംഹണങ്ങളും ദീപനങ്ങളുമായ മാംസരസം, മദ്യം മുതലായവ കൂട്ടിയും അന്നത്തോടുചേർത്തും സേവിക്കാം. വിശേഷാൽ ബാലവൃദ്ധാദികളിൽ അതു ഹിതമായിട്ടുള്ളതുമാകുന്നു.

ഒരു യാമംകൊണ്ടു ദഹിക്കുന്നതു്, രണ്ടുയാമംകൊണ്ടു ദഹിക്കുന്നതു്, മൂന്നുയാമംകൊണ്ടു ദഹിക്കുന്നതു്, നാലുയാമംകൊണ്ടു ദഹിക്കുന്നതു്, എട്ടുയാമംകൊണ്ടു ദഹിക്കുന്നതു് ഇങ്ങനെ അഞ്ചു സ്നേഹമാത്രകളെയാണു് സുശ്രുതൻ കല്പിച്ചിരിക്കുന്നതു്. ഇതിൽ ഒന്നാമത്തേതു ദീപനവും, രണ്ടാമത്തേതു ബൃംഹണവും, മൂന്നാമത്തേതു സ്നേഹനവും, നാലാമത്തേതു ശമനവും, അഞ്ചാമത്തേതു ശോധനവുമായിരിക്കുമെന്നും, ആദ്യത്തേതു് അല്പദോഷത്തിലും, രണ്ടാമത്തേതു മധ്യദോഷത്തിലും, മൂന്നാമത്തേതും നാലാമത്തേതും ബഹുദോഷത്തിലും, അഞ്ചാമത്തേതു് കുഷ്ഠവിഷോന്മാദഗ്രഹാപസ്മാരങ്ങളിലും പ്രയോഗിക്കേണ്ടതാണെന്നും അദ്ദേഹം അഭിപ്രായപ്പെടുകയും ചെയ്യുന്നു. കേരളീയരുടേയും കേരളരാജ്യത്തിന്റേയും സ്ഥിതിക്കു് ഈ മാത്രാകല്പന മല്ലയോ ഇവിടെ അധികം യോഗ്യവും അംഗീകാര്യവുമായിട്ടുള്ളതെന്നു കേരളീയ വൈദ്യപണ്ഡിതന്മാർ ആലോചിച്ചും പ്രയോഗിച്ചും നോക്കി അറിയുന്നതുകൊള്ളാം.

പ്രാങ്മധ്യോത്തരഭക്തോസാവധോമധ്യോർദ്ധ്വദേഹജാൻ. 21

വ്യാധീൻ ജയേദ്ബലം കുര്യാദംഗാനാം ച യഥാക്രമം

പ്രാങ്മധ്യോത്തരഭക്തഃ അസൗ = പ്രാഗ്ഭക്തമായും, മധ്യഭക്തമായും, ഉത്തരഭക്തമായും ഉപയോഗിക്കുന്ന ഹ്രസ്വമാത്രയിലുള്ള സ്നേഹം
അധോമധ്യോർദ്ധ്വദേഹജാൻ = ക്രമേണ അധോദേഹത്തിലും, മധ്യദേഹത്തിലും, ഊർദ്ധ്വദേഹത്തിലുമുണ്ടാകുന്ന
വ്യാധീൻ ജയേൽ = രോഗങ്ങളെ ശമിപ്പിക്കും.
യഥാക്രമം = ഇപ്പറഞ്ഞ ക്രമത്തിനു്
അംഗാനാം = അധരാംഗത്തിനും, മധ്യാംഗത്തിനും, ഊർദ്ധ്വാംഗത്തിനും,
ബലം കുര്യാൽ ച = ബലത്തെ ഉണ്ടാക്കുകയും ചെയ്യും.

മൂന്നുവിധത്തിൽ അന്നത്തോടുചേർത്തു സ്നേഹം ഉപയോഗിക്കാം. മുൻപേ സ്നേഹം കുടിക്കുക അതിനുമേൽ ഊണുകഴിക്കുക ഇതാണൊന്നു്. പകുതി ഉണ്ടിട്ടു സ്നേഹം കുടിക്കുക പിന്നെ പകുതിയുള്ളതും ഉണ്ണുക ഇതു മറ്റൊന്നു്. ഊണുകഴിച്ചിട്ടു് അതിനുമേൽ സ്നേഹംകുടിക്കുകയിതാണുമൂന്നാമത്തേതു്. ഇതിൽ ആദ്യത്തേതിനു് പ്രാഗ്ഭക്തമെന്നും, രണ്ടാമത്തേതിനു മധ്യഭക്തമെന്നും, മൂന്നാമത്തേതിനു ഉത്തരഭക്തമെന്നും പേരാകുന്നു. പ്രാഗ്ഭക്തമായി സേവിക്കുന്ന സ്നേഹം അധശ്ശരീരത്തിലെ രോഗ

ങ്ങളെ ശമിപ്പിക്കുകയും, അധരാംഗത്തിന്നു ബലത്തെ ഉണ്ടാക്കുകയും ചെയ്യും. മധ്യഭക്തമായ സ്നേഹം മധ്യകായത്തിലെ രോഗങ്ങളെ ശമിപ്പിക്കും. മധ്യാംഗത്തിന്നു ബലത്തെ ഉണ്ടാക്കും. ഉത്തരഭക്തമായ സ്നേഹം ഊർദ്ധ്വകായത്തിലെ രോഗങ്ങളെ ശമിപ്പിക്കും. ഊർദ്ധ്വാംഗത്തിന്നു ബലത്തെ ഉണ്ടാക്കുകയും ചെയ്യും.

വാര്യുഷ്ണമച്ഛേനു പിബേൽ സ്നേഹേ തത്സുഖപക്തയേ. 22
ആസ്യോപലേപശുദ്ധ്യൈ ച തൌവരാരുഷ്കരേ ന തു
ജീർണ്ണാജീർണ്ണവിശങ്കായാം പുനശ്ചോഷ്ണോദകം പിബേൽ. 23
തേനോദ്ഗാരവിശുദ്ധിസ്സ്യാത്തതശ്ച ലഘുതാ രുചിഃ

അച്ഛേ സ്നേഹേ = അച്ഛസ്നേഹപാനത്തിൽ
അനു = സ്നേഹം കുടിച്ചതിന്നുശേഷം
തൽ സുഖപക്തയേ = അതു സുഖമായിട്ടു ദഹിക്കുന്നതിന്നും
ആസ്യോപലേപശുദ്ധ്യൈ ച = വായിലുണ്ടായ പററൽ നീങ്ങി വായ്ക്കു ശുദ്ധിയുണ്ടാകുന്നതിന്നുമായിട്ടു
ഉഷ്ണം വാരി പിബേൽ = ചൂടുവെള്ളം കുടിക്കണം.
തൌവരാരുഷ്കരേ = മരോട്ടി എണ്ണയും ചേർക്കുരുവിന്റെ എണ്ണയുമാണ് കുടിച്ചതെങ്കിൽ
ന തു (പിബേൽ) = അതിന്നുമേൽ ചൂടുവെള്ളം കുടിക്കരുത്.
ജീർണ്ണാജീർണ്ണവിശങ്കായാം = സ്നേഹം കുടിച്ചതു ദഹിച്ചെന്നും, ദഹിച്ചില്ലെന്നും സംശയമായിരിക്കുമ്പോൾ
പുനഃ ച = പിന്നെയും
ഉഷ്ണോദകം പിബേൽ = ചൂടുവെള്ളം കുടിക്കണം.
തേന = ആ ഉഷ്ണോദകപാനംകൊണ്ടു
ഉദ്ഗാരവിശുദ്ധിഃ സ്യാൽ = ഉദ്ഗാരം ശുദ്ധമായിത്തീരും.
തതഃ = അതോടുകൂടി
ലഘുതാ രുചിഃ ച = ശരീരത്തിന്നു ലഘുത്വവും രുചിയുമുണ്ടാകയുംചെയ്യും.

ഭോജ്യോന്നം മാത്രയാ പാസ്യൻ ശ്വഃ പിബൻ പീതവാനപി. 24
ദ്രവോഷ്ണമനഭിഷ്യന്ദി നാതിസ്നിഗ്ദ്ധമസംകരം
ഉഷ്ണോദകോപചാരീ സ്യാദ്ബ്രഹ്മചാരീ ക്ഷപാശയഃ. 25
ന വേഗരോധീ വ്യായാമക്രോധശോകഹിമാതപാൻ
പ്രവാതയാനയാനാദ്ധ്വഭാഷ്യാത്യാസനസംസ്ഥിതീഃ. 26
നീചാത്യുച്ചോപധാനാഹസ്സ്വപ്നധൂമരജാംസി ച
യാന്യഹാനി പിബേത്താനി താവന്ത്യന്യാന്യപി ത്യജേൽ. 27

ശ്വഃ പാസ്യൻ = നാളെ (അടുത്തദിവസം) സ്നേഹം കുടിക്കാനിരിക്കുന്ന
പിബൻ = സ്നേഹപാനം ചെയ്തുകൊണ്ടിരിക്കുന്നവനും (വനും
പീതവാൻ അപി = സ്നേഹപാനം കഴിഞ്ഞിരിക്കുന്നവനും
ദ്രവോഷ്ണം = കറികളുംചേർത്തു ദ്രവമാക്കിയും, ചൂടോടുകൂടിയുമിരിക്കുന്നതും
അനഭിഷ്യന്ദി = കഫത്തെ വർദ്ധിപ്പിക്കാത്തതും
നാതിസ്നിഗ്ദ്ധം = അധികം സ്നിഗ്ദ്ധമല്ലാത്തതും
അസംകരം = പഥ്യാപഥ്യമിശ്രമല്ലാത്തതുമായ
അന്നം = അന്നത്തെ
മാത്രയാ = വിഹിതമായ മിതമാത്രയിൽ

ഭോജ്യഃ = ഭുജിപ്പിക്കപ്പെടേണ്ടവനാണ്.
ഉഷ്ണോദകോപചാരീ = ശൗചാദ്യുപചാരങ്ങളെല്ലാം ഉഷ്ണോദകംകൊണ്ടു നിർവഹിച്ച്
ബ്രഹ്മചാരീ സ്യാൽ = ബ്രഹ്മചര്യവ്രതത്തോടുകൂടിയിരിക്കണം
ക്ഷപാശയഃ = രാത്രിയിൽ ശരിയായിട്ടുറങ്ങണം.
ന വേഗരോധീ = അധോവാതാദിവേഗങ്ങളെ തടുക്കരുത്.
വ്യായാമക്രോധശോക-ഹിമാതപാൻ } = വ്യായാമം, കോപം, ദുഃഖം, മഞ്ഞ്, വെയിൽ,
പ്രവാതയാനയാനാധ്വഭാ-ഷ്യാത്യാസനസംസ്ഥിതിഃ } = കൊടുങ്കാററ്, വാഹനങ്ങളിൽകയറിയും നടന്നുമുള്ള യാത്ര, സംസാരിക്കുക, ഏറെനേരംഒരിടത്തിരിക്കുക
നീചാത്യുച്ചോപധാനാഹ-സ്സ്വപ്നധൂമരജാംസി ച } = പൊക്കം തീരെ കുറഞ്ഞതോ വളരെക്കൂടിയതോ ആയതലയണ, പകലുറക്കം, പുക പൊടിഇവയെല്ലാം
യാനി അഹാനി പിബേൽ = ഏതേതുദിവസങ്ങളിൽസ്നേഹം കുടിച്ചുകൊണ്ടിരിക്ക
താനി (അഹാനി) = ആ ദിവസങ്ങൾമുഴുവനും [ഭോ
താവന്തി അന്യാനി അപി = അതിനുശേഷമുള്ള അത്രയും ദിവസങ്ങളിലുംകൂടി
ത്യജേൽ = വർജ്ജിച്ചിരിക്കേണ്ടതുമാണ്.

സ്നേഹസേവയിൽ അനുഷ്ഠിക്കേണ്ട പഥ്യക്രമമാണിത്. സ്നേഹം സേവിച്ചു തുടങ്ങുന്നതിന്റെ തലേദിവസംമുതൽ സ്നേഹം സേവിക്കുന്ന ദിവസങ്ങൾ മുഴുവനും അതിനുശേഷം അത്രയും ദിവസങ്ങളിലും സ്നേഹം സേവിക്കുന്നവൻ ഈ പഥ്യത്തിലിരിക്കേണ്ടതാകുന്നു.

സർവകർമ്മസ്വയം പ്രായോ വ്യാധിക്ഷീണേഷു ച ക്രമഃ
ഉപചാരസ്തു ശമനേ കാര്യഃ സ്നേഹേ വിരിക്തവൽ. 28

സർവകർമ്മസു = സ്വേദവമനാദികളായ എല്ലാ കർമ്മങ്ങൾ ചെയ്യുമ്പോഴും
പ്രായഃ വ്യാധിക്ഷീണേഷു ച = മിക്കവാറും രോഗംകൊണ്ടു ക്ഷീണിച്ചിരിക്കുന്നവ-
അയം ക്രമഃ = ഇത് അനുഷ്ഠിക്കേണ്ട പഥ്യക്രമമാകുന്നു. [രിലും
ശമനേ സ്നേഹേ = ശമനസ്നേഹസേവയിലുള്ള
ഉപചാരഃ തു = പഥ്യക്രമമാകട്ടെ
വിരിക്തവൽ കാര്യഃ = വിരേചനത്തിൽ വിധിക്കുന്നപ്രകാരം അനുഷ്ഠിക്കേണ്ടതാണ്.

ത്ര്യഹമച്ഛം മൃദൗ കോഷ്ഠേ ക്രൂരേ സപ്തദിനം പിബേൽ
സമ്യക്സ്നിഗ്ദ്ധോഥവാ യാവദതഃ സാത്മീഭവേൽ പരം. 29

അച്ഛം = അച്ഛസ്നേഹം
മൃദൗ കോഷ്ഠേ ത്ര്യഹം = മൃദുകോഷ്ഠത്തിൽ മൂന്നുദിവസവും
ക്രൂരേ (കോഷ്ഠേ) സപ്തദിനം = ക്രൂരകോഷ്ഠത്തിൽ ഏഴുദിവസവും
പിബേൽ = കുടിക്കേണ്ടതാണ്.
അഥവാ = അല്ലെങ്കിൽ
യാവൽ = എത്രദിവസംകൊണ്ട്
സമ്യക് സ്നിഗ്ദ്ധഃ = സമ്യക് സ്നിഗ്ദ്ധത ഉണ്ടാകുമോ
താവൽ = അത്രദിവസം സ്നേഹം കുടിക്കണം.
അതഃ പരം = സമ്യക് സ്നിഗ്ദ്ധത ഉണ്ടായതിനുശേഷവും സ്നേഹം സേവിക്കുന്നതായാൽ
സാത്മീഭവേൽ = സാത്മ്യമായിപ്പോകും.

മൃദുകോഷ്ഠത പിത്താധിക്യത്തിലും ക്രൂരകോഷ്ഠത വാതാധിക്യത്തിലുമുള്ളതാണ്. പിത്തം സസ്നേഹമാകയാൽ പിത്താധികമായ മൃദുകോഷ്ഠം മൂന്നുദിവസംകൊണ്ടു

സ്നിഗ്ദ്ധമാകും. വാതം അതിരൂക്ഷമാകയാൽ വാതാധികമായ ക്രൂരകോഷ്ഠത്തിന്ന സ്നിഗ്ദ്ധതയുണ്ടാവാൻ ഏഴുദിവസം വേണ്ടിവരും. ഇതിൽനിന്ന മദ്ധ്യകോഷ്ഠത്തിൽ അഞ്ചുദിവസം സ്നേഹം സേവിക്കേണ്ടതാണെന്ന വിചാരിക്കുവാൻ ന്യായമുണ്ട്. എങ്കിലും കഫം അയിസ്നിഗ്ദ്ധമായിരിക്കകൊണ്ട കഫാധികൃത്തിൽ സ്നേഹനത്തിന്റെ ആവശ്യംതന്നെ ഇല്ലെന്ന ഗ്രഹിക്കുന്നതാണ് അധികം യുക്തം. അതുകൊണ്ടുതന്നെയായിരിക്കണം കഫാധികമായ മദ്ധ്യകോഷ്ഠത്തിന്റെ സംഗതിയിൽ ആചാര്യൻ മൗനംദീക്ഷിക്കുന്നതും. സ്നിഗ്ദ്ധത ഉണ്ടാകുന്നതിന്ന ഏറെക്കുറെ എത്രദിവസം സ്നേഹം സേവിക്കേണ്ടിവരും എന്നതിന്റെ ഒരു നിദർശനംമാത്രമാണീവിധി. ആകയാൽ ഏതുമാതിരി കോഷ്ഠമായാലുംശരി, സമ്യക് സ്നിഗ്ദ്ധലക്ഷണംകാണുന്നതുവരെ സ്നേഹം സേവിക്കണമെന്നും പിന്നെയും സേവിക്കുന്നതായാൽ സാത്മ്യമായിത്തീൎന്നിട്ട് അതു് ഉദ്ദിഷ്ടഫലത്തെ ഉണ്ടാക്കുകയില്ലെന്നും അറിയേണ്ടതാകുന്നു.

വാതാനുലോമ്യം ദീപ്തോഽഗ്നിവർച്ചഃ സ്നിഗ്ദ്ധമസംഹതം
സ്നേഹോദ്വേഗഃ ക്ലമസ്സമ്യക്സ്നിഗ്ദ്ധേ രൂക്ഷേ വിപര്യയഃ. 30

അതിസ്നിഗ്ദ്ധേ തു പാണ്ഡുതാ ഘ്രാണവക്ത്രഗുദസ്രവാഃ

വാതാനുലോമ്യം = വായുവിന്ന് അനുലോമത
ദീപ്തഃ അഗ്നിഃ = അഗ്നിക്കു ദീപനശക്തി
സ്നിഗ്ദ്ധം അസംഹതം വർച്ചഃ = മലം സ്നിഗ്ദ്ധമായി കട്ടപിടിക്കാതെ അയഞ്ഞ പാകത്തിലായിത്തീരുക
സ്നേഹോദ്വേഗഃ = സ്നേഹത്തിൽ വല്ലാത്ത വെറുപ്പ്
ക്ലമഃ = തളൎച്ച ഇതിത്രയും
സമ്യക് സ്നിഗ്ദ്ധേ = സമ്യക് സ്നിഗ്ദ്ധതയില്ലുണ്ടാകുന്നലക്ഷണങ്ങളാകുന്നു.
രൂക്ഷേ വിപര്യയഃ = സ്നിഗ്ദ്ധതഉണ്ടായില്ലെങ്കിൽ (സ്നേഹത്തിന്റെ അയോഗത്തിൽ ഇപ്പറഞ്ഞവയ്ക്കുവിപരീതങ്ങളായിരിക്കും ലക്ഷണങ്ങൾ എന്നു കാണുക.
അതിസ്നിഗ്ദ്ധേ തു = സ്നിഗ്ദ്ധത അധികമായിപ്പോയാലാകട്ടെ
പാണ്ഡുതാ = ശരീരത്തിന്ന വിളൎച്ചയുണ്ടാകും
ഘ്രാണവക്ത്രഗുദസ്രവാഃ = മൂക്കിൽക്കൂടെയും, വായിൽക്കൂടെയും, ഗുദത്തിൽക്കൂടെയും ഒരുവക ജലം വാൎന്നുകൊണ്ടിരിക്കും.

അമാത്രയാഹിതോഽകാലേ മിഥ്യാഹാരവിഹാരതഃ 31

സ്നേഹഃ കരോതി ശോഫാൎശസ്തന്ദ്രാസ്തംഭവിസംജ്ഞതാഃ
കണ്ഡൂകുഷ്ഠജ്വരോൽക്ലേശശൂലാനാഹഭ്രമാദികാൻ. 32

അമാത്രയാ സ്നേഹഃ = മാത്രതെറ്റി പ്രയോഗിക്കുന്ന സ്നേഹവും
അഹിതഃ (സ്നേഹഃ) = രോഗാദ്യവസ്ഥയ്ക്കു ഹിതമല്ലാതെയുള്ള സ്നേഹവും
അകാലേ (സ്നേഹഃ) = അകാലത്തുപയോഗിക്കുന്ന സ്നേഹവും
മിഥ്യാഹാരവിഹാരതഃ (സ്നേഹഃ) = അപഥ്യങ്ങളായ ആഹാരവിഹാരങ്ങളോടുകൂടി സേവിക്കുന്ന സ്നേഹവും
ശോഫാൎശസ്തന്ദ്രാസ്തംഭവിസംജ്ഞതാഃ = ശോഫം, അൎശസ്സു, തന്ദ്ര, സ്തംഭം, സംജ്ഞാവൈകല്യം ഇവയേയും
കണ്ഡൂകുഷ്ഠജ്വരോൽക്ലേശശൂലാനാഹഭ്രമാദികാൻ = ചൊറിച്ചിൽ, കുഷ്ഠം, ജ്വരം ദോഷോൽക്ലേശം, കോഷ്ഠശൂലം, വയറുവീൎപ്പ്, തലച്ചുററ് ഇത്യാദികളേയും
കരോതി = ഉണ്ടാക്കുന്നു.

ക്ഷുത്തൃഷ്ണോല്ലേഖനസ്വേദാ രൂക്ഷപാനാന്നഭേഷജം
തക്രാരിഷ്ടം ഖളോദ്ദാലയവശ്യാമാകകോദ്രവാഃ. 33

പിപ്പലീത്രിഫലാക്ഷൗദ്രപഥ്യാഗോമൂത്രഗുൽഗ്ഗുലു
യഥാസ്വം പ്രതിരോഗം ച സ്നേഹവ്യാപദി സാധനം. 34

ക്ഷുത്തൃഷ്ണോല്ലേഖനസ്വേദാഃ = വിശപ്പും ദാഹവും സഹിച്ചിരിക്കുക, ഛർദ്ദിക്കുക, വിയർപ്പിക്കുക ഇവയും
രൂക്ഷപാനാന്നഭേഷജം = രൂക്ഷസ്വഭാവമുള്ള പാനവും അന്നവും ഔഷധവും
തക്രാരിഷ്ടം = മോരും അരിഷ്ടവും
ഖളോദ്ദാലയവശ്യാമാക- കോദ്രവാഃ = ഖളം എന്ന വ്യഞ്ജനം, ഉദ്ദാലമെന്ന നെല്ലു, യവധാന്യം, ചാമ, വരക് ഇവയും
പിപ്പലീത്രിഫലാക്ഷൗദ്ര- പഥ്യാഗോമൂത്രഗുൽഗ്ഗുലു = തിപ്പലി ത്രിഫല, തേൻ, കടുക്കാ, ഗോമൂത്രം, ഗുൽഗ്ഗുലു ഇതുകളും
പ്രതിരോഗം = പ്രത്യേകരോഗങ്ങളിൽ
യഥാസ്വം ച = അതാതിനു വിധിച്ചിട്ടുള്ള മരുന്നുകളും
സ്നേഹവ്യാപദി സാധനം = സ്നേഹവ്യാപത്തിൽ ചെയ്യുവാനുള്ള ചികിത്സകളാകുന്നു.

സ്നേഹസേവയിൽ മാത്രയിലും മാറുമുണ്ടാകുന്ന തെറ്റുകൊണ്ടും, മറുവിധത്തിലുള്ള പഥ്യപ്പിഴകൾകൊണ്ടും ഉണ്ടാകാമെന്നു മുൻപു പറഞ്ഞ ശോഫം, അർശസ്സ് മുതലായ ഉപദ്രവങ്ങളാണ് സ്നേഹവ്യാപത്തുകൾ. ക്ഷുത്തൃഷ്ണകളെ നിഗ്രഹിക്കുക, ഉല്ലേഖനസ്വേദങ്ങൾ ചെയ്ക, രൂക്ഷങ്ങളായ തക്രാരിഷ്ടങ്ങൾ കുടിക്കുക ഖളോദ്ദാലാദിയായ അന്നത്തെ ഭക്ഷിക്കുക, പിപ്പലീത്രിഫലാദിമരുന്നുകൾ സേവിക്കുക ഇതെല്ലാം അപ്രകാരമുള്ള സ്നേഹവ്യാപത്തിൽ ചെയ്യേണ്ട ചികിത്സകളാണ്. ഇതിനു പുറമേ ശോഫകുഷ്ഠജ്വരാദികളായ പ്രത്യേക രോഗങ്ങളിൽ അതാതിനു വിധിച്ചിട്ടുള്ള ചികിത്സകളുംകൂടി ചെയ്തുകൊള്ളണം.

വിരൂക്ഷണേ ലംഘനവൽ കൃതാതികൃതലക്ഷണം

വിരൂക്ഷണേ = രൂക്ഷണപ്രയോഗത്തിൽ
ലംഘനവൽ = ലംഘനത്തിലെന്നപോലെയാണ്
കൃതാതികൃതലക്ഷണം (ജ്ഞേയം) = സമ്യഗ്യോഗലക്ഷണവും, അതിയോഗലക്ഷണവുമെന്നറിഞ്ഞുകൊള്ളണം.

സ്നേഹത്തിന്റെ സമ്യഗ്ഘീനാതിയോഗലക്ഷണങ്ങൾ പറഞ്ഞതുപോലെ ചില സന്ദർഭത്തിൽ രൂക്ഷണവും ചെയ്യേണ്ട ആവശ്യമുള്ളതുകൊണ്ട് അതിന്റെയും സമ്യഗ്ഘീനയോഗങ്ങളെ പറയുന്നു ലംഘനത്തിന്റെ സമ്യഗ്യോഗലക്ഷണമായ "വിമലേന്ദ്രിയതാ സർഗ്ഗോ മലാനാം" ഇത്യാദി രൂക്ഷണത്തിന്റെ സമ്യഗ്യോഗലക്ഷണവും അതിന്റെതന്നെ അതിയോഗലക്ഷണമായ "അതികാർശ്യം ഭ്രമഃ കാസസ്തൃഷ്ണാ" ഇത്യാദി രൂക്ഷണത്തിന്റെ അതിയോഗലക്ഷണവുമാകുന്നു രൂക്ഷണം ചെയ്യേണ്ടതു് അതിസ്നിഗ്ദ്ധതയിലാകയാൽ രൂക്ഷണം ശരിയായില്ലെങ്കിൽ അതിസ്നിഗ്ദ്ധലക്ഷണംതന്നെ കാണും. ആകയാൽ അതിസ്നിഗ്ദ്ധലക്ഷണമായ പാണ്ഡുതാദിയാണ് രൂക്ഷണത്തിന്റെ അയോഗലക്ഷണമെന്നു ഗ്രഹിച്ചുകൊള്ളാം

സ്നിഗ്ദ്ധദ്രവോഷ്ണധന്വോത്ഥരസഭുക് സ്വേദമാചരൻ. 35
സ്നിഗ്ദ്ധസ്ര്യഹം സ്ഥിതഃ കുര്യാദ്വിരേകം വമനം പുനഃ
ഏകാഹം ദിനമന്യച്ച കഫമുൽക്ലേശ്യ തൽകരൈഃ. 36

സ്നിഗ്ദ്ധഃ = സമ്യക സ്നിഗ്ദ്ധനായവൻ പിന്നെ
സ്നിഗ്ദ്ധദ്രവോഷ്ണധന്വോ- ത്ഥരസഭുക് = സ്നിഗ്ദ്ധമായും, ദ്രവമായും, ഉഷ്ണമായുമുള്ള അന്നം അപ്രകാരമുള്ള മാംസരസം കൂട്ടി ഭുജിച്ചുകൊണ്ടും

സ്വേദം ആചരൻ = സ്വേദക്രിയചെയ്തുകൊണ്ടും
ത്ര്യഹം സ്ഥിതഃ = മൂന്നുദിവസം കഴിച്ചുകൂട്ടീട്ട് (നാലാംദിവസം)
വിരേകം കുര്യാൽ = വിരേചനം ചെയ്തുകൊള്ളണം.
വമനം പുനഃ = വമനമാണെങ്കിൽ
ഏകാഹം (സ്ഥിതഃ) = ഒരുദിവസം മേൽപ്രകാരം ആഹാരം കഴിച്ചും, വിയർപ്പിച്ചുമിരിക്കുകയും
അന്യൽ ദിനം = അടുത്ത രണ്ടാംദിവസം
കഫം തല്ക്കരൈഃ ഉൽക്ലേശ്യ ച = കഫകരങ്ങളായവ ഉപയോഗിച്ച് കഫത്തെ സ്ഥാനത്തുനിന്നിളക്കുകയും ചെയ്തിട്ടു മൂന്നാംദിവസം (വമനം) പ്രയോഗിച്ചുകൊള്ളണം.

മാംസളാ മേദുരാ ഭൂരിശ്ലേഷ്മാണോ വിഷമാഗ്നയഃ
സ്നേഹോചിതാശ്ച യേ സ്നേഹ്യാസ്താൻ പൂർവ്വം രൂക്ഷയേത്തതഃ. 37
സംസ്നേഹ്യ ശോധയേദേവം സ്നേഹവ്യാപന്ന ജായതേ
അലം മലാനീരയിതും സ്നേഹശ്ചാസാത്മ്യതാം ഗതഃ. 38

മാംസളാഃ = മാംസം വർദ്ധിച്ചിരിക്കുന്നവരും
മേദുരാഃ = മേദസ്സ് വർദ്ധിച്ചിരിക്കുന്നവരും
ഭൂരി ശ്ലേഷ്മാണഃ = കഫം വർദ്ധിച്ചിരിക്കുന്നവരും
വിഷമാഗ്നയഃ = ചിലപ്പോൾ തീക്ഷ്ണവും ചിലപ്പോൾ മന്ദവുമായ അഗ്നിയോടുകൂടിയവരും
സ്നേഹോചിതാഃ ച = സ്നേഹം ശീലിച്ചുകൊണ്ടിരിക്കുന്നവരുമായ
യേ = ആരെല്ലാം
സ്നേഹ്യാഃ = ശോധനാർത്ഥം സ്നേഹനം ചെയ്യപ്പെടേണ്ടവരായിട്ടിരിക്കുന്നുവോ
താൻ = അവരെ
പൂർവ്വം രൂക്ഷയേൽ = മുമ്പേ രൂക്ഷണം പ്രയോഗിച്ചു രൂക്ഷരാക്കിത്തീർക്കണം
തതഃ = അതിനുശേഷം
സംസ്നേഹ്യ ശോധയേൽ = സ്നിഗ്ദ്ധത വരുത്തീട്ട് ശോധനം ചെയ്തുകൊള്ളണം.
ഏവം = ഇങ്ങനെയായാൽ
സ്നേഹവ്യാപത് ന ജായതേ = സ്നേഹവ്യാപത്ത് ഉണ്ടാകയില്ല.
അസാത്മ്യതാം ഗതഃ സ്നേഹഃ = അസാത്മ്യമായിത്തീരുന്ന ആ സ്നേഹം
മലാൻ ഈരയിതും = മലങ്ങളെ ഇളക്കിപ്പോക്കുന്നതിന്ന്
അലം ച = സമർത്ഥമാകയും ചെയ്യും.

മാംസളാദികൾ സ്നിഗ്ദ്ധന്മാരായിരിക്കയാൽ അവരിൽ പ്രയോഗിക്കുന്ന സ്നേഹം അതിസ്നിഗ്ദ്ധതാജന്യങ്ങളായ വ്യാപത്തുകളെ ഉണ്ടാക്കും. വിഷമാഗ്നിയിലാണെങ്കിൽ അത്യഗ്നിയാലും അഗ്നിമാന്ദ്യത്താലുമുണ്ടാകാവുന്ന വ്യാപത്തുകളെയാണുണ്ടാക്കുന്നതു്. അതുകൊണ്ടാണ് അവർക്കു സ്നേഹനം ചെയ്യേണ്ടതായിവന്നാൽ മുമ്പേ രൂക്ഷണം ചെയ്തിട്ടു പിന്നെ സ്നേഹം പ്രയോഗിക്കാൻ വിധിച്ചതു്. അങ്ങനെയായാൽ സ്നേഹവ്യാപത്തുണ്ടാകയില്ല. എന്നല്ല വേറൊരു ഗുണം ലഭിക്കയും ചെയ്യും. ശോധനത്തിനായിട്ടാണല്ലോ അവരെ സ്നിഗ്ദ്ധരാക്കുന്നതു്. രൂക്ഷണപ്രയോഗത്തോടുകൂടി അവർക്ക് സ്നേഹം അസാത്മ്യമായിത്തീരും. അതിനാൽ വീണ്ടും സ്നേഹനം പ്രയോഗിക്കുമ്പോൾ സ്നേഹത്തിന്റെ ആ അസാത്മ്യതതന്നെ മലങ്ങളെ ഇളക്കിപ്പോക്കാൻ സമർത്ഥമാകയാൽ ശോധനകർമ്മത്തെക്കൂടി നിർവ്വഹിച്ചുകൊള്ളും.

വിഷമാഗ്നിത വാതാധികന്മാർക്കുള്ളതാകയാൽ അവർക്ക് രൂക്ഷണം പ്രയോഗിക്കാവുന്നതാണോ എന്നു ശങ്കിക്കേണ്ട. വാതാധിക്യത്താൽ വിഷമാഗ്നിത മാത്രമല്ലാ മററു ലക്ഷണങ്ങളും ഉണ്ടായിക്കാണുന്നതുപോലെ മററു കാരണങ്ങളാൽ വിഷമാഗ്നി

തയുമുണ്ടാകും. പിത്തകഫസംസർഗ്ഗത്തിൽ അഗ്നി വിഷമമായിട്ടല്ലാതെ പിന്നെ എങ്ങനെയിരിക്കും? "ശീതസ്ഥ ഭസോഭദാഹാവ്യവസ്ഥ" ശ്ലേഷ്മപിത്തജ്വരലക്ഷണമായി വിധിക്കുന്നതു നോക്കുക. ഇപ്രകാരം ഇതരകാരണങ്ങളാൽ അഗ്നി വിഷമമായിരിക്കുന്നവരെ ഉദ്ദേശിച്ചാണിവിടെ വിഷമാഗ്നികൾ എന്നു പറഞ്ഞിരിക്കുന്നതു്. ചരകത്തിൽ വിഷമാഗ്നികൾ എന്നതിനു് അവ്യവസ്ഥിതമായ അഗ്നിശക്തിയോടുകൂടിയവർ എന്നു് അർത്ഥം ഗ്രഹിച്ചുകൊണ്ടാൽ മതി അങ്ങനെയുള്ളവർക്കു സ്നേഹമാത്ര നിർണ്ണയിക്കുക എളുപ്പമല്ലല്ലോ. അനിശ്ചിതമാത്രയിൽ പ്രയോഗിക്കപ്പെടുന്ന സ്നേഹം വ്യാപത്തുണ്ടാക്കുമെന്നുള്ളതു സംശയമില്ലാത്ത കാര്യവുമാണ്. ആകയാൽ ആ വിഷമാഗ്നിത നീങ്ങിക്കിട്ടുവാനാണു് അവർക്കു്, മുൻപേ രൂക്ഷണം പ്രയോഗിക്കുവാനിവിടെ വിധിച്ചതു്.

ബാലവൃദ്ധാദിഷു സ്നേഹപരിഹാരാസഹിഷ്ണുഷു
യോഗാനിമാനനുദ്വേഗാൻ സദ്യഃ സ്നേഹാൻ പ്രയോജയേൽ. 39

സ്നേഹപരിഹാരാസഹിഷ്ണുഷു = സ്നേഹസേവയിൽ നിഷേധിച്ചിരിക്കുന്നവയെ വെടിഞ്ഞു പഥ്യമനുഷ്ഠിച്ചിരിക്കാൻ കഴിയാത്ത
ബാലവൃദ്ധാദിഷു = ബാലന്മാർ, വൃദ്ധന്മാർ മുതലായവരിൽ
അനുദ്വേഗാൻ = അറപ്പുണ്ടാകാത്തവയും
സദ്യഃ സ്നേഹാൻ = ഉടൻ സ്നിഗ്ദ്ധതയെ ഉണ്ടാക്കുന്നവയുമായ
ഇമാൻ യോഗാൻ = ഈ (താഴെപ്പറയുന്ന) യോഗങ്ങളെ
പ്രയോജയേൽ = പ്രയോഗിക്കേണ്ടതാണു്.

ഒരിക്കൽ പ്രയോഗിക്കുന്നതുകൊണ്ടുതന്നെ സ്നിഗ്ദ്ധതയെ ഉണ്ടാക്കുന്ന ഔഷധയോഗങ്ങളാണു് സദ്യഃസ്നേഹങ്ങൾ. പഥ്യമനുഷ്ഠിക്കാൻ കഴിയാത്ത ബാലവൃദ്ധാദികളെ ആവക യോഗങ്ങൾ പ്രയോഗിച്ചാണ് സ്നിഗ്ദ്ധരാക്കേണ്ടതു്. അതിനായി അറപ്പുണ്ടാക്കാത്ത ഏതാനും സദ്യഃസ്നേഹയോഗങ്ങളെ താഴെ വിവരിക്കുകയും ചെയ്യുന്നു.

പ്രാജ്യമാംസരസാസ്തേഷു പേയാ വാ സ്നേഹഭർജ്ജിതാ
തിലചൂർണ്ണശ്ച സസ്നേഹഫാണിതഃ കൃസരാ തഥാ. 40

ക്ഷീരപേയാ ഘൃതാഢ്യോഷ്ണാ ദധ്നോ വാ സഗുഡഃ സരഃ
പേയാ ച പഞ്ചപ്രസൃതാ സ്നേഹൈസ്തണ്ഡുലപഞ്ചമൈഃ. 41

സപ്തൈതേ സ്നേഹനാസ്സദ്യഃസ്നേഹാശ്ച ലവണോല്ബണാഃ
തദ്ധ്യഭിഷ്യന്ദ്യരൂക്ഷം ച സൂക്ഷ്മമുഷ്ണം വ്യവായി ച. 42

തേഷു = മേല്പറഞ്ഞ ബാലവൃദ്ധാദികളിൽ
പ്രാജ്യമാംസരസാഃ = ധാരാളം നെയ്യുള്ള കുക്കുടവരാഹാദികളുടെ മാംസം വെന്തെടുത്ത രസം (1)
സ്നേഹഭർജ്ജിതാ പേയാ വാ = നെയ്യുചേർത്തു് തിളച്ച കഞ്ഞി (2)
സസ്നേഹഫാണിതഃ തിലചൂർണ്ണഃ ച = സ്നേഹവും പതയൻശർക്കരയും ചേർത്ത തിലചൂർണ്ണം (3)
തഥാ കൃസരാ = അപ്രകാരമുള്ള (സ്നേഹവും പതയൻശർക്കരയും ചേർത്ത) എള്ളിൻച്ചോറു് (4)
ഘൃതാഢ്യാ ഉഷ്ണാ ക്ഷീരപേയാ = ധാരാളം നെയ്യുചേർത്ത ചൂടോടുകൂടിയ പാൽക്കഞ്ഞി (5)
സഗുഡഃ ദധ്നഃ സരഃ വാ = ശർക്കരചേർത്ത തൈർപ്പാട (6)
തണ്ഡുലപഞ്ചമൈഃ സ്നേഹൈഃ = അഞ്ചാമതായിട്ടു് അരിയും നാലുവക സ്നേഹങ്ങളും രണ്ടുപലംവീതം ചേർത്തുവച്ചു്
പഞ്ച പ്രസൃതാപേയാ ച = പ്രഞ്ചപ്രസൃത എന്നു പേരുള്ള കഞ്ഞി (7)
ഏതേ സപ്ത = എന്നീ ഏഴുയോഗങ്ങൾ
സദ്യഃ സ്നേഹനാഃ = ഉടൻ സ്നിഗ്ദ്ധതയെ ഉണ്ടാക്കും.

ലവണോല്ബണാഃ സ്നേഹാഃ ച = ധാരാളം ഉപ്പു ചേർത്ത സ്നേഹങ്ങളും
(സദ്യഃസ്നേഹനാഃ) = സദ്യഃസ്നേഹനങ്ങളാണ്.
ഹി തൽ = എന്തെന്നാൽ അതു് (ലവണം)
അഭിഷ്യന്ദി = കഫത്തെ ഇളക്കുന്നതാണ്
അരൂക്ഷം ച = രൂക്ഷമായിട്ടുള്ളതല്ലാതാനും
സൂക്ഷ്മം ഉഷ്ണം വ്യവായി ച = സൂക്ഷ്മവുമുഷ്ണവും വ്യവായിയുമായിട്ടുള്ളതുമാകുന്നു.

സ്വയം സ്നിഗ്ദ്ധമല്ലെങ്കിലും രൂക്ഷമല്ലാതെ അഭിഷ്യന്ദിയായിരിക്കുന്ന ലവണം സൂക്ഷ്മോഷ്ണവും വ്യവായിയുമാകയാൽ സ്നേഹത്തെ സർവ്വശരീരത്തിലും ഉടൻ എത്തിക്കുവാൻ സാമർത്ഥ്യമാകകൊണ്ടു് സ്നേഹത്തോടുചേർന്നു സദ്യഃസ്നേഹനമായിത്തീരുന്നു.

ഗുഡാനൂപാമിഷക്ഷീരതിലമാഷസുരാദധി
കുഷ്ഠശോഫപ്രമേഹേഷു സ്നേഹാർത്ഥം ന പ്രകല്പയേൽ. 43

ഗുഡാനൂപാമിഷക്ഷീര-തിലമാഷസുരാദധി = ശർക്കര, ആനൂപമാംസം, പാൽ, എള്ളു്, ഉഴുന്നു്, സുര, തൈരു് ഇതുകളെ
കുഷ്ഠശോഫപ്രമേഹേഷു = കുഷ്ഠം, ശോഫം, പ്രമേഹം ഈ രോഗങ്ങളിൽ
സ്നേഹാർത്ഥം ന പ്രകല്പയേൽ = സ്നേഹനത്തിനായിട്ടു ഉപയോഗപ്പെടുത്തരുതു്.

ത്രിഫലാപിപ്പലീപഥ്യാഗുൽഗുലാദിവിപാചിതാൻ
സ്നേഹാൻ യഥാസ്വമേതേഷാം യോജയേദവികാരിണഃ. 44

ഏതേഷാം = ഇപ്പറഞ്ഞ കുഷ്ഠാദിരോഗമുള്ളവർക്കു്
യഥാസ്വം = അതാതുരോഗത്തിനു തക്കവണ്ണം
ത്രിഫലാപിപ്പലീപഥ്യാ-ഗുൽഗുലാദിവിപാചിതാൻ = ത്രിഫല, പിപ്പലി, കടുക്കാ, ഗുൽഗ്ഗുലു മുതലായ മരുന്നുകൾ ചേർത്തു പാകപ്പെടുത്തിയവയും
അവികാരിണഃ = വികാരത്തെ ഉണ്ടാക്കാത്തവയുമായ
സ്നേഹാൻ യോജയേൽ = സ്നേഹങ്ങളെ ഉപയോഗപ്പെടുത്തേണ്ടതാണ്.

ക്ഷീണാനാന്താമയൈരഗ്നിദേഹസന്ധുക്ഷണക്ഷമാൻ 45

ആമയൈഃ ക്ഷീണാനാം തു = രോഗങ്ങൾകൊണ്ടു ക്ഷീണിച്ചിരിക്കുന്നവർക്കാണെങ്കിൽ
അഗ്നിദേഹസന്ധുക്ഷണ-ക്ഷമാൻ = അഗ്നിയെ ദീപിപ്പിക്കുന്നവയും ദേഹത്തെ പോഷിപ്പിക്കുന്നവയുമായ മരുന്നുകൾ ചേർത്തു സംസ്കരിച്ച
(സ്നേഹാൻ യോജയേൽ) = സ്നേഹങ്ങളെയാണ് ഉപയോഗപ്പെടുത്തേണ്ടതു്.

ദീപ്താന്തരാഗ്നിഃ പരിശുദ്ധകോഷ്ഠഃ പ്രത്യഗ്രധാതുർബലവർണ്ണയുക്തഃ
ദൃഢേന്ദ്രിയോ മന്ദജരശ്ശതായുഃ സ്നേഹോപസേവീ പുരുഷഃ പ്രദിഷ്ടഃ

സ്നേഹോപസേവീ പുരുഷഃ = വിധിപ്രകാരം സ്നേഹം ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മനുഷ്യൻ
ദീപ്താന്തരാഗ്നിഃ = ദീപ്തമായ ജഠരാഗ്നിയോടും
പരിശുദ്ധകോഷ്ഠഃ = വിശുദ്ധമായ കോഷ്ഠത്തോടും
പ്രത്യഗ്രധാതുഃ = കേടുകൂടാതെ എന്നും അഭിനവങ്ങളായിരിക്കുന്ന ധാതുക്കളോടും
ബലവർണ്ണയുക്തഃ = നല്ല ബലത്തോടും നല്ല വർണ്ണത്തോടും
ദൃഢേന്ദ്രിയഃ = ദൃഢങ്ങളായ ഇന്ദ്രിയങ്ങളോടുംകൂടി
മന്ദജരഃ = എളുപ്പത്തിൽ ജരയാൽ ബാധിതനാകാതെ
ശതായുഃ പ്രദിഷ്ടഃ = നൂറുവർഷം തികച്ചു് ജീവിച്ചിരിക്കും എന്നു നിർണ്ണയിക്കപ്പെട്ടിരിക്കുന്നു.

സ്നേഹവിധി ഇതോടുകൂടി കഴിഞ്ഞു. ഇവിടെ ഹ്രസ്വ, മധ്യ, ഉത്തമ, എന്നു മൂന്നുതരത്തിൽ സ്നേഹമാത്രകൾ വിധിച്ചിട്ടുണ്ട്. ഇതിൽ അഹോരാത്രജരണലക്ഷണയായ ഉത്തമമാത്ര ഇപ്പോൾ വൈദ്യന്മാർ ഉപയോഗിച്ചുവരുന്നതായി കാണുന്നില്ല. കാലത്തിന്റെയും ദേശത്തിന്റെയും സ്ഥിതിക്ക് അതു പ്രായേണ വ്യാപത്കരമായിരിക്കുമെന്നുതന്നെ കാണുകയും ചെയ്യും. അതുകൊണ്ടു മലയാളത്തിലേയ്ക്കു ഒരു പ്രത്യേക സ്നേഹമാത്ര വികല്പിച്ചു നിശ്ചയിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. അഹഃപരിണാമിനിയെ കവിഞ്ഞുള്ള മാത്ര മലയാളത്തിന്റെ സ്ഥിതിയ്ക്കു യോജ്യമായി വരുന്നതല്ല. ആകയാൽ ഒന്നും, രണ്ടും, മൂന്നും, നാലും യാമങ്ങൾകൊണ്ടു ദഹിക്കുന്നതായി പ്രഥമാ, ദ്വിതീയാ, തൃതീയാ, ചതുർത്ഥി എന്നു നാലു മാത്രകളെ കല്പിക്കുകയും, പ്രഥമ ബാലവൃദ്ധകൃശാദികളിൽ ബൃംഹണത്തിനായിട്ടും, ദ്വിതീയ രോഗശമനത്തിനായിട്ടും, തൃതീയ ശോധനപൂർവാംഗമായ സ്നേഹത്തിനായിട്ടും, ചതുർത്ഥി കുഷ്ഠോദരാദികളിൽ ശോധനത്തിനായിട്ടും പ്രയോഗിക്കണമെന്നു വ്യവസ്ഥപ്പെടുത്തുകയും ചെയ്യുന്നതു നന്നായിരിക്കും.

പതിനാറാമദ്ധ്യായം കഴിഞ്ഞു.

---

## പതിനേഴാം അദ്ധ്യായം

---

# സ്വേദവിധി.

### സ്വേദസ്താപോപനാഹോഷ്മദ്രവഭേദാച്ചതുർവിധഃ

| | | |
|---|---|---|
| താപോപനാഹോഷ്മ-ദ്രവഭേദാൽ | = | താപം, ഉപനാഹം, ഊഷ്മാവ്, ദ്രവം ഇങ്ങനെ ഭേദിച്ചിരിക്കകൊണ്ട് |
| സ്വേദഃ ചതുർവിധഃ | = | സ്വേദം നാലുവിധമായിരിക്കുന്നു. |

സ്നേഹം കഴിഞ്ഞാൽ പിന്നെ സ്വേദനം ചെയ്യണം. അതിനുശേഷമേ ശോധനം ചെയ്യാവൂ. അതുകൊണ്ടു ഇവിടെ സ്വേദവിധി ആരംഭിക്കുന്നു. താപസ്വേദം, ഉപനാഹസ്വേദം, ഊഷ്മസ്വേദം, ദ്രവസ്വേദം ഇങ്ങനെ നാലുതരം സ്വേദമുണ്ട്. ഏതെങ്കിലും സാധനം ചൂടുപിടിപ്പിച്ചിട്ട് ആ ചൂടു ദേഹത്തു തട്ടിച്ചു വിയർപ്പിക്കുന്നതു താപസ്വേദം. മരുന്നുകൾ അരച്ചു കുഴമ്പാക്കി ചൂടുപിടിപ്പിച്ചോ അല്ലാതെയോ ദേഹത്തു പൂശി പുറമേ ഇലയോ മറ്റോ പൊതിഞ്ഞുകെട്ടിവച്ചു വിയർപ്പിക്കുന്നതാണ് ഉപനാഹസ്വേദം. ആവിതട്ടിച്ചു വിയർപ്പിക്കുന്നത് ഊഷ്മസ്വേദമാണ്. വെള്ളം മുതലായ ദ്രവസാധനങ്ങൾ ചൂടാക്കീട്ട് അതുകൊണ്ടു വിയർപ്പിക്കുന്നതാകുന്നു ദ്രവസ്വേദം. സ്വേദപ്രയോഗം അനേകവിധമായിട്ടുണ്ടെങ്കിലും അവയെല്ലാം ഈ നാലിൽ അന്തർഭവിക്കുമെന്നാകുന്നു നിശ്ചയം.

താപോഗ്നിതപ്തവസനഫാലഹസ്തതലാദിഭിഃ. 1

| | | |
|---|---|---|
| അഗ്നിതപ്തവസനഫാല-ഹസ്തതലാദിഭിഃ | = | അഗ്നികൊണ്ടും ചൂടുപിടിപ്പിച്ച വസ്ത്രം, കൊഴു ഉള്ളംകൈ ഇതുകൾകൊണ്ടും വിയർപ്പിക്കുന്നത് |
| താപഃ | = | താപസ്വേദമാകുന്നു. |

തീയുടേയോ തപ്തങ്ങളായ വസനാദികളുടേയോ ചൂടുകൊണ്ടു വിയർപ്പിക്കുന്നതാണ് താപസ്വേദം. ചൂടുവെള്ളം കുപ്പിയിൽ നിറച്ചടച്ചു അതുകൊണ്ടു വിയർപ്പിക്കുന്നതെല്ലാം ഇതിൽ പെടുന്നതാകുന്നു.

ഉപനാഹോ വചാകിണ്വശതാഹ്വാദേവദാരുഭിഃ
ധാന്യൈസ്സമസ്തൈർഗന്ധൈശ്ച രാസ്നൈരണ്ഡജടാമിഷൈഃ. 2

ഉദ്രിക്തലവണൈഃ സ്നേഹചുക്രതക്രപയഃപ്ലുതൈഃ
കേവലേ പവനേ ശ്ലേഷ്മസംസൃഷ്ടേ സുരസാദിഭിഃ. 3

പിത്തേന പത്മകാദ്യൈശ്ച സാല്വണാഖ്യൈഃ പുനഃപുനഃ
സ്നിഗ്ദ്ധോഷ്ണവീര്യൈർമൃദുഭിശ്ചർമ്മപട്ടൈരപൂതിഭിഃ. 4

അലാഭേ വാതജിൽപത്രകൗശേയാവികശാടകൈഃ
ബദ്ധം രാത്രൗ ദിവാ മുഞ്ചേന്മുഞ്ചേദ്രാത്രൗ ദിവാകൃതം. 5

| | |
|---|---|
| ഉപനാഹഃ | = ഉപനാഹസ്വേദം |
| കേവലേ പവനേ | = മറ്റൊന്നിനോടും കലർപ്പില്ലാത്ത വെറും വാതത്തിൽ |
| ഉദ്രിക്തലവണൈഃ | = ഉപ്പു കൂട്ടതലായിച്ചേർത്ത് |
| സ്നേഹചുക്രതക്രപയഃപ്ലുതൈഃ | = സ്നേഹങ്ങൾ, ചുത്തപ്പുളി, മോരു്, പാലു് ഇവ കൂട്ടി അരച്ചു കുഴച്ചെടുത്ത |
| വചാകിണ്വശതാഹ്വാദേവദാരുഭിഃ | = വയമ്പു്, സുരയുടെ ഊറൽ, ചതകുപ്പ, ദേവതാരം ഇവയും |
| സമസ്തൈഃ ധാന്യൈഃ | = എല്ലാത്തരം ധാന്യങ്ങളും |
| (സമസ്തൈഃ ഗന്ധൈഃ ച | = എല്ലാത്തരം ഗന്ധദ്രവ്യങ്ങളും |
| രാസ്നൈരണ്ഡജടാമിഷൈഃ | = ചിററരത്ത ആവണക്കിൻവേരു്, മാംസം ഇവകളുംകൊണ്ടും |
| ശ്ലേഷ്മസംസൃഷ്ടേ (പവനേ) | = കഫത്തോടുചേർന്ന വാതത്തിൽ |
| സുരസാദിഭിഃ | = സുരസാദിഗണംകൊണ്ടും |
| പിത്തേന | = പിത്തത്തോടു ചേർന്നിരിക്കുന്ന വാതത്തിൽ |
| പത്മകാദ്യൈഃ | = പത്മകാദിഗണങ്ങളും |
| പുനഃപുനഃ സാല്വണാഖ്യൈഃ ച | = കൂടെക്കൂടെ സാല്വണം എന്നു പേരുള്ള യോഗം കൊണ്ടും പ്രയോഗിക്കേണ്ടതാകുന്നു. |
| സ്നിഗ്ദ്ധോഷ്ണവീര്യൈഃ | = സ്നിഗ്ദ്ധവും ഉഷ്ണവീര്യവുമായുള്ളതും |
| മൃദുഭിഃ അപൂതിഭിഃ | = മാർദ്ദവമുള്ളതും നാററമില്ലാത്തതുമായ |
| ചർമ്മപട്ടൈഃ | = തോൽപ്പട്ടകൾകൊണ്ടോ |
| അലാഭേ | = അതു കിട്ടാത്തപക്ഷം |
| വാതജിൽപത്രകൗശേയാവികശാടകൈഃ | = വാതഘ്നങ്ങളായ ഇലകൾ പട്ടു മുതലായവകൊണ്ടോ കെട്ടണം. |
| രാത്രൗ ബദ്ധം ദിവാ മുഞ്ചേൽ | = രാത്രി കെട്ടുന്നതു് പകൽ അഴിക്കണം. |
| ദിവാകൃതം രാത്രൗ മുഞ്ചേൽ | = പകൽ കെട്ടിവയ്ക്കുന്നതു് രാത്രിയിൽ അഴിക്കണം |

ഉപനാഹത്തിനു വിധിച്ചിട്ടുള്ള മരുന്നുകൾ അരച്ചു സ്നേഹചുക്രാദികൾ ചേർത്തു കുഴച്ചു സ്വേദയോഗ്യമായ ദേഹദേശത്തു കനത്തിൽപൂശി അതിന്മേൽ തോൽപ്പട്ടയോ വാതഘ്നങ്ങളായ ഇലകളോ പട്ടോ മറേറാകൊണ്ടു പൊതിഞ്ഞുകെട്ടിവയ്ക്കണം. പകൽ കെട്ടുന്നതു രാത്രിയും രാത്രികെട്ടുന്നതു് പകലും അഴിക്കേണ്ടതാണു്. ഇതിൽനിന്നു ഉപനാഹം മുപ്പതു നാഴികയോളം ഇരിക്കേണ്ടതാണെന്നു ഗ്രഹിക്കണം. കേവലവാതത്തിലാണെങ്കിൽ മുകളിൽപ്പറഞ്ഞ വചാദികളും, കഫവാതത്തിൽ സുരസാദിഗണവും, പിത്തവാതത്തിൽ പത്മകാദിഗണവും സാല്വണയോഗവും ഉപനാഹത്തിനു പ്രയോഗിക്കേണ്ടതാണു്. പിത്തസംസർഗ്ഗത്തിൽ കൂടെക്കൂടെ അഴിച്ചു കെട്ടേണ്ടതു് ആവശ്യമാകുന്നു. ഉപനാഹം ചൂടുപിടിപ്പിച്ചും അല്ലാതെയും രണ്ടു വിധത്തിൽ പ്രയോഗിക്കാം. സ്നേഹചുക്രാദികളും ലവണവും എല്ലാററിലും വേണ്ട

താകുന്നു. കാകോളി മുതലായ (ഭദ്രദാർവ്വാദി) എല്ലാ വാതഹരൗഷധങ്ങളും എല്ലാവക അമ്ലദ്രവ്യങ്ങളും എല്ലാത്തരം സ്നേഹങ്ങളും ആനൂപമത്സ്യമാംസങ്ങളും സ്പഷ്ടമാകത്തക്കവണ്ണം ഉപ്പും ചേർത്തു് ചെറുചൂടോടെ ഉപയോഗിക്കുന്നതാണു് സാല്വണം.

"കാകോള്യാദിസ്സവാതഘ്നസ്സർവ്വാമ്ലദ്രവ്യസംയുതഃ
സാനൂപൗദകമാംസസ്തു സർവ്വസ്നേഹസമന്വിതഃ
സുഖോഷ്ണഃ സ്പഷ്ടലവണസ്സാല്വണഃ പരികീർത്തിതഃ."

ഊഷ്മാ തൂൽകാരികാലോഷ്ടകപാലോപലപാംസുഭിഃ
പത്രഭംഗേന ധാന്യേന കരീഷസികതാതുഷൈഃ
അനേകോപായസന്തപ്തൈഃ പ്രയോജ്യോ ദേശകാലതഃ

| | |
|---|---|
| ഊഷ്മാ തു | = ഊഷ്മസ്വേദമാകട്ടെ |
| ഉത്കാരികാലോഷ്ടകപാലോപലപാംസുഭിഃ | = കുഴക്കട്ട, മൺകട്ട, ഓടു്, കല്ലു്, പൊടി ഇതുകൾകൊണ്ടും |
| പത്രഭംഗേന | = ഇലകളുടെ നുറുക്കുകൊണ്ടും. |
| ധാന്യേന | = യവമാഷാദിധാന്യങ്ങൾകൊണ്ടും |
| കരീഷസികതാതുഷൈഃ | = ചാണകപ്പൊടി, മണൽ തവിടു് ഇവകൊണ്ടും |
| ദേശകാലതഃ | = ദേശകാലങ്ങൾക്കനുസരിച്ചു് |
| അനേകോപായസന്തപ്തൈഃ പ്രയോജ്യഃ | = അനേകവിധത്തിലുള്ള സമ്പ്രദായങ്ങളാൽ ചൂടുപിടിപ്പിച്ചിട്ടു് പ്രയോഗിക്കേണ്ടതാകുന്നു. |

ആവികൊണ്ടു വിയർപ്പിക്കുന്നതാണു് ഊഷ്മസ്വേദം. അനേകവിധത്തിൽ ചൂടുപിടിപ്പിച്ച ഉൽകാരികാദികൾകൊണ്ടു പലതരത്തിൽ ഊഷ്മസ്വേദം പ്രയോഗിക്കാം. കുഴക്കട്ട, പായസം പാൽച്ചോറു്) എരിച്ചോറു് ഇവ ചൂടോടുകൂടി കിഴിയാക്കി കുഴിയിടുക. കരീഷസികതാതുഷങ്ങൾ വറുത്തോ ദ്രവം ചേർത്തു അവിച്ചോ കിഴിയാക്കി പ്രയോഗിക്കാം. പത്രഭംഗങ്ങളും മററും തുണിയിൽ നിരത്തി അതിന്മേൽ കപാലോപലങ്ങൾ ചുട്ടുപഴുപ്പിച്ചുവച്ചു കിഴിയാക്കിയും പ്രയോഗിക്കാം. മലയാളത്തു നടപ്പുള്ള ഞവരക്കിഴി മുതലായ കിഴിപ്രയോഗങ്ങളെല്ലാം ഈ വകുപ്പിൽപ്പെടുന്നതാണു്. ഇതിനെ പിണ്ഡസ്വേദമെന്നും, സങ്കരസ്വേദമെന്നും പറയും. പത്രഭംഗാദികൾ ദ്രവദ്രവ്യങ്ങളും ചേർത്തു ഒരു പാത്രത്തിലിട്ടു് അടച്ചുകെട്ടി പുഴുങ്ങി ചൂടോടുകൂടി ഒരു പുല്ലുപായിൽ നിരത്തി അതിന്മേൽ വിരിപ്പുവിരിച്ചു കിടന്നു വിയർപ്പിക്കുക ഇതിനെ സംസ്തരസ്വേദമെന്നും പ്രസ്തരസ്വേദമെന്നും പറയും. ഉറപ്പും നിരപ്പുമുള്ള തറയോ പാറപ്പുറമോ ചുട്ടുപഴുപ്പിച്ചിട്ടു കനലെല്ലാം നീക്കി വെള്ളം തെളിച്ചു അതിന്മേൽ പത്രഭംഗാദികളും വിരിപ്പും വിരിച്ചു കിടക്കുക. ഭൂസ്വേദമെന്നും ഘനാശ്മസ്വേദമെന്നും പറയുന്നതാണിതു്. പത്രഭംഗാദികൾ ദ്രവങ്ങളും ചേർത്തു ഒരു പാത്രത്തിലിട്ടടച്ചുകെട്ടി വേവിച്ചു് അതിന്റെ ഒരുവശത്തു ഘടിപ്പിച്ചിട്ടുള്ള കുഴൽവഴി വരുന്ന ആവിയേല്പിച്ചു വിയർപ്പിക്കുക. ഇതു നാഡീസ്വേദമാകുന്നു. മേൽപ്രകാരം സ്വേദദ്രവ്യങ്ങൾ കുടങ്ങളിലിട്ടടച്ചുകെട്ടി വേവിച്ചു അവയെ കട്ടിലിനു കീഴിൽവച്ചു അതുകളിൽനിന്നുവരുന്ന ആവിയെ കട്ടിലിൽ കിടന്നേല്ക്കുക. മേൽപ്രകാരം കുടങ്ങൾവച്ചിട്ടു് അതിൽ പാറക്കല്ലോ ഓടോ പഴുപ്പിച്ചിട്ടു തിളപ്പിച്ചും ആവിയുണ്ടാക്കാം. ഇതിനു കുംഭീസ്വേദമെന്നാണുപേർ. ഇവയ്ക്കുപുറമെ കൂപസ്വേദം, കുടീസ്വേദം, ജേന്താകസ്വേദം എന്നു മൂന്നുതരം സ്വേദങ്ങളേയും ചേർത്തിട്ടു് ഊഷ്മസ്വേദം എട്ടുവിധത്തിലായിട്ടുണ്ടെന്നു സംഗ്രഹത്തിൽ കാണുന്നു. കട്ടിലിനു കീഴിൽ വീതിയുടെ ഇരട്ടി ആഴത്തിൽ കുഴിച്ചു ആ കുഴി വിറകിട്ടു ചുട്ടുപഴുപ്പിച്ചിട്ടു് പുകയടങ്ങുമ്പോൾ കട്ടിലിൽ വിരിപ്പുവിരിച്ചു കിടക്കുക. ഇതു കൂപസ്വേദമാണു്. അധികം വിസ്താരവും പൊക്കവും ജനാലുകളുമില്ലാത്ത ഒരു മുറിക്കുള്ളിൽ ചുററും പുകയില്ലാത്ത നെരിപ്പോടുകൾ വച്ചിട്ടു മദ്ധ്യത്തു കട്ടിലിട്ടു അതിന്മേൽ കിടക്കുക. അകത്തെ ഭിത്തിയിൽ ഉപനാഹത്തിന്റെ മരുന്നുകൾ അരച്ചു പൂശിയിരിക്കണമെന്നുമുണ്ടു്. ഇതാണു് കുടീസ്വേദം. നിർളി

ഷ്ടമായ വിസ്താരവും പൊക്കവും ജന്നലുകളും ഒരു വാതിലുമുള്ള മുറിക്കുള്ളിൽ ഭിത്തിയോടുചേർത്ത് ചുററും തിണ്ണയും മദ്ധ്യത്തു നാലുപാടും ചെറിയ ദ്വാരങ്ങളുള്ള ഒരു ചൂളയുമുണ്ടാക്കീട്ട് ചൂളനിറച്ച് വിറകിട്ടു കത്തിച്ച് ജ്വാലയും പുകയുമടങ്ങിയതിന്നശേഷം ആ മുറിയിൽ കടന്നു തിണ്ണയിൽ തിരിഞ്ഞും പിരിഞ്ഞും കിടന്നു വിയർപ്പിക്കുക ഇതു ജേന്താകസ്വേദമാകുന്നു. സൂക്ഷിച്ചു നോക്കിയാൽ ഈ ഒടുവിലത്തെ മൂന്നുതരം സ്വേദങ്ങളും ഊഷ്മസ്വേദത്തിൽ പെടുന്നതാണോ എന്നു സംശയിക്കണം. എന്തെന്നാൽ ദ്രവസംബന്ധമില്ലാത്തതുകൊണ്ട് ഇതുകളിൽനിന്നു പുറപ്പെടുന്നതു് ആവിയല്ല, താപമാകുന്നു. അതിനാൽ താപസ്വേദത്തിന്റെ വകഭേദങ്ങളായി കല്പിക്കാവുന്നവയുമാകുന്നു.

ശിഗ്രുവീരണകൈരണ്ഡകരഞ്ജസുരസാർജ്ജകാൽ
ശിരീഷവാശാവംശാർക്കമാലതീദീർഘവൃന്തതഃ. 8

പത്രഭംഗൈർവ്വചാദ്യൈശ്ച മാംസൈശ്ചാനൂപവാരിജൈഃ
ദശമൂലേന ച പൃഥക് സഹിതൈർവ്വാ യഥാമലം. 9

സ്നേഹവദ്ഭിസ്സുരാശുക്തവാരിക്ഷീരാദിസാധിതൈഃ
കുംഭീർഗ്ഗളന്തീർന്നാഡീർവ്വാ പൂരയിത്വാ രുജാർദ്ദിതം. 10

വാസസാച്ഛാദിതം ഗാത്രം സ്നിഗ്ദ്ധം സിഞ്ചേദ്യഥാസുഖം.

ശിഗ്രുവീരണകൈരണ്ഡ-കരഞ്ജസുരസാർജ്ജകാൽ = മുരിങ്ങ, നീർമാതളം, ആവണക്ക്, ഉങ്ങ്, തുളസി, കർപ്പൂരതുളസി
ശിരീഷവാശാവംശാർക്ക-മാലതീദീർഘവൃന്തതഃ = നെന്മേനിവാക, ആടലോടകം, മുള, എരുക്ക്, പിച്ചകം, പലകപ്പയ്യാനി ഇതുകളിൽനിന്നുള്ള
പത്രഭംഗൈഃ = ഇലകളുടെ നുറുക്കുകളും
വചാദ്യൈഃ ച = ഉപനാഹത്തിനു പറഞ്ഞിട്ടുള്ള വചാകിണ്വാദികളും
ആനൂപവാരിജൈഃ മാംസൈഃ ച = ആനൂപമത്സ്യമാംസങ്ങളും
ദശമൂലേന ച = ദശമൂലവും കൊണ്ട്
പൃഥക് സഹിതൈഃ വാ = വെവ്വേറെയോ എല്ലാവും ചേർത്തിട്ടോ
യഥാമലം സ്നേഹവദ്ഭിഃ = ദോഷസ്ഥിതിക്കു വിഹിതങ്ങളായ സ്നേഹങ്ങളും കൂട്ടി
സുരാശുക്തവാരിക്ഷീ-രാദിസാധിതൈഃ = സുര ചുക്കപ്പുളി, വെള്ളം, പാൽ മുതലായവ ചേർത്തു കഷായിച്ചെടുത്ത്
കുംഭീഃ ഗളന്തീഃ = കുടങ്ങളിലോ കിണ്ടികളിലോ
നാഡീഃ വാ പൂരയിത്വാ = കുഴലുകളിലോ (ആ വെള്ളം) നിറച്ചിട്ട്
രുജാർദ്ദിതം ഗാത്രം = വേദനപ്പെട്ടിരിക്കുന്ന ശരീരഭാഗം
സ്നിഗ്ദ്ധം = മെഴുക്കിട്ടു സ്നിഗ്ദ്ധതവരുത്തി
വാസസാ ആച്ഛാദിതം = വസ്ത്രംകൊണ്ടു പൊതിഞ്ഞിട്ട് അതിന്മേൽ
യഥാസുഖം = സുഖംതോന്നുന്നമട്ടിലുള്ള ചൂടോടുകൂടി
സിഞ്ചേൽ = സേചനംചെയ്യണം (ധാരചെയ്യണം.)

തൈരേവ വാ ദ്രവൈഃ പൂർണ്ണം കുണ്ഡം സർവ്വാംഗഗേഽനിലേ. 11
അവഗാഹ്യാതുരസ്തിഷ്ഠേദർശഃകൃച്ഛ്രാദിരുക്ഷു ച

തൈഃ ദ്രവൈഃ ഏവ = മേൽപ്പറഞ്ഞ ദ്രവദ്രവ്യങ്ങൾകൊണ്ടുതന്നെ
കുണ്ഡം പൂർണ്ണം = വലിയൊരു കുട്ടകത്തെ നിറച്ച്
സർവ്വാംഗഗേ അനിലേ = സർവ്വാംഗവാതകോപത്തിലും
അർശഃകൃച്ഛ്രാദിരുക്ഷു ച = അർശസ്സ്, മൂത്രകൃച്ഛ്രം മുതലായവകൊണ്ടുണ്ടാകുന്ന വേദനകളിലും
ആതുരഃ = രോഗി
അവഗാഹ്യ തിഷ്ഠേൽ വാ = ഇറങ്ങിയിരിക്കുകയും ചെയ്യാം.

ദ്രവസ്വേദം—പരിഷേകം, അവഗാഹം ഇങ്ങനെ രണ്ടുവിധത്തിലുണ്ട്. ആദ്യം പറഞ്ഞതു് പരിഷേകവും ഇപ്പോൾ പറഞ്ഞതു് അവഗാഹവുമാകുന്നു. പരിഷേകസ്വേദത്തെ മലയാളത്തു 'ധാര' എന്നു പറഞ്ഞുവരുന്നു. സ്നേഹധാര, ക്ഷീരധാര, തക്രധാര ഇത്യാദി പലതായിട്ട് അതിനെ വികല്പിച്ചുചെയ്തുവരുന്നുമുണ്ട്. തക്രധാരാദിപ്രയോഗങ്ങളിൽ പ്രത്യക്ഷപ്പെടുന്ന അവിച്ഛിന്നധാരമായ മലയാളികളുടെ പരിഷേകസമ്പ്രദായം ആർക്കും അനുകരണീയമാകുന്നു. എന്നാൽ സുഖോഷ്ണമാക്കി തുണിയിൽ മുക്കിപ്പിഴിഞ്ഞൊഴിച്ച് "പിഴിച്ചിൽ" എന്ന പേരിൽ നടത്തിവരുന്ന സ്നേഹപരിഷേകം അപ്രകാരം അവിച്ഛിന്നധാരമായിരിക്കുന്നില്ല. അതിനേയും അവിച്ഛിന്നധാരമായി പ്രയോഗിക്കാൻ പ്രയോഗകുശലന്മാരായ ശാസ്ത്രജ്ഞന്മാർ ശ്രമിക്കുന്നതു നന്നായിരിക്കും.

സ്വേദം ചൂടുകൊണ്ടുണ്ടാകുന്നതാണ്. ചൂട് (ഉഷ്ണവീര്യം) ദ്രവ്യങ്ങൾക്കു സ്വതസ്സിദ്ധമായിട്ടുണ്ട്. അഗ്നിസമ്പർക്കംകൊണ്ടുണ്ടാക്കുകയും ചെയ്യാം. ഇങ്ങനെ രണ്ടുവിധത്തിൽ ഉഷ്ണമായ ദ്രവ്യങ്ങൾകൊണ്ടാണ് സ്വേദക്രിയ നടത്തുന്നതു്. ദ്രവ്യങ്ങൾക്കു ഘനം, ദ്രവം, ബാഷ്പം എന്നു മൂന്നവസ്ഥ ഉണ്ടെന്നു ദ്രവ്യവിജ്ഞാനികൾ പറയുന്നു. വെള്ളം ചൂടുപിടിച്ചാൽ ബാഷ്പം (ആവി) ആയിത്തീരുന്നതു നമുക്കു കാണാം. സ്വർണ്ണാദിലോഹങ്ങൾ ചൂടുകൊണ്ടു ദ്രവീഭൂതങ്ങളാകുന്നതും കാണാം. ആകയാൽ ചൂടോടുകൂടിയിരിക്കുന്ന ഈ മൂന്നവസ്ഥയിലുമുള്ള ദ്രവ്യങ്ങൾകൊണ്ടും സ്വേദക്രിയ നടത്താം. ഇനി അഗ്നിസമ്പർക്കം കൂടാതെ പ്രയോഗവിശേഷംകൊണ്ടു ചൂടുണ്ടാക്കി അങ്ങനെയും വിയർപ്പിക്കാം. ഈവിധത്തിൽ ഘനസ്വേദം, ദ്രവസ്വേദം, ബാഷ്പസ്വേദം, യുക്തസ്വേദം ഇങ്ങിനെ നാലായിട്ടും സ്വേദത്തെ വിഭജിക്കാം. താപസ്വേദം തപ്തങ്ങളായ ഫാലഹസ്തതലാദികൾകൊണ്ട് നിർവഹിക്കുന്നതിനാൽ ഘനസ്വേദമാകുന്നു. ദ്രവസ്വേദത്തിനു വ്യത്യാസമില്ല. അതു പരിഷേകാവഗാഹാത്മകംതന്നെ. ബാഷ്പസ്വേദം ഊഷ്മസ്വേദവുമത്രേ. ഒടുവിൽ പറയാനിരിക്കുന്ന അനാഗ്നേയസ്വേദമാകുന്നു യുക്തസ്വേദം. ഉപനാഹം ചൂടാക്കി പ്രയോഗിക്കുമ്പോൾ ഊഷ്മസ്വേദവും അല്ലാത്തപ്പോൾ യുക്തസ്വേദവുമാകുന്നു. ഈ നാലിന്റെയും ഉപവിഭാഗങ്ങൾ ഗ്രന്ഥോക്തികളിൽനിന്നു ഗ്രഹിച്ചുകൊള്ളാം.

**നിവാതേന്തർബഹിഃ സ്നിഗ്ധോ ജീർണ്ണാന്നഃ സ്വേദമാചരേൽ. 12**
**വ്യാധിവ്യാധിതദേശർത്തുവശാന്മദ്ധ്യവരാവരം**

| | |
|---|---|
| അന്തർബഹിഃ സ്നിഗ്ദ്ധഃ | = അകത്തും പുറത്തും സ്നേഹപ്രയോഗംകൊണ്ടു സ്നിഗ്ദ്ധതവരുത്തി |
| ജീർണ്ണാന്നഃ | = ഭക്ഷിച്ച അന്നം ദഹിച്ചതിനുശേഷം |
| നിവാതേ | = കാററില്ലാത്ത മുറിയിൽവച്ച് |
| വ്യാധിവ്യാധിതദേശർത്തു-വശാൽ | = രോഗത്തിനും രോഗിക്കും ദേശകാലങ്ങൾക്കും യോജിച്ചവരുമാറ് |
| മദ്ധ്യവരാവരം | = മദ്ധ്യം, വരം, അവരം ഇങ്ങനെമൂന്നുതരത്തിലായിട്ട് |
| സ്വേദം ആചരേൽ | = സ്വേദം പ്രയോഗിക്കണം (വിയർപ്പിക്കണം.) |

സ്വേദം കൂടുതൽകുറവനുസരിച്ച വരം, അവരം, മദ്ധ്യം എന്നു മൂന്നുതരത്തിലുണ്ട്. നല്ലവണ്ണം വിയർപ്പിക്കുന്നതു വരവും, അല്പമാത്രമായ വിയർപ്പിക്കൽ അവരവും, രണ്ടുമല്ലാത്ത മട്ടിലുള്ളതു മദ്ധ്യവുമാകുന്നു. രോഗരോഗികളുടെ ബലത്തിനും കാലദേശങ്ങളുടെ സ്ഥിതിക്കും ഇതിൽ ഏതാണു യുക്തമെന്നു തോന്നുന്നുവോ അതിനെ പ്രയോഗിച്ചുകൊള്ളണം.

**കഫാർത്തോ രൂക്ഷണം രൂക്ഷോ രൂക്ഷസ്നിഗ്ദ്ധം കഫാനിലേ. 13**

| | |
|---|---|
| കഫാർത്തഃ | = കഫപീഡിതനായവൻ |
| രൂക്ഷഃ | = സ്നിഗ്ദ്ധതവരുത്താതെ രൂക്ഷനായിട്ട് |
| രൂക്ഷണം | = സ്നേഹങ്ങൾചേർക്കാതെയുള്ള രൂക്ഷസ്വേദവും |

കഫാനിലേ = കഫവാതകോപത്തിൽ
രൂക്ഷസ്നിഗ്ദ്ധം = രൂക്ഷമായും സ്നിഗ്ദ്ധമായുമുള്ള സ്വേദവും പ്രയോഗിക്കണം.

പ്രായേണ താപസ്വേദം രൂക്ഷവും, ഊഷ്മസ്വേദം രൂക്ഷസ്നിഗ്ദ്ധവുമായിരിക്കും.

ആമാശയഗതേ വായൗ കഫേ പക്വാശയാശ്രിതേ
രൂക്ഷപൂർവ്വം തഥാ സ്നിഗ്ദ്ധപൂർവ്വം സ്ഥാനാനുരോധതഃ 14
അല്പം വംക്ഷണയോസ്സ്വല്പം ദൃങ്മുഷ്കഹൃദയേ ന വാ

വായൗ ആമാശയഗതേ = വാതം ആമാശയത്തിൽവന്നു കോപിക്കുമ്പോൾ
രൂക്ഷപൂർവ്വം = രൂക്ഷസ്വേദംചെയ്തിട്ട് പിന്നെ സ്നിഗ്ദ്ധസ്വേദവും
തഥാ കഫേ പക്വാശയാശ്രിതേ = അതുപോലെ കഫം പക്വാശയത്തിൽച്ചെന്നു കോപിക്കുമ്പോൾ
സ്നിഗ്ദ്ധപൂർവ്വം = മുമ്പേ സ്നിഗ്ദ്ധസ്വേദംചെയ്തിട്ട് പിന്നെ രൂക്ഷസ്വേദവും
സ്ഥാനാനുരോധതഃ = സ്ഥാനാനുപൂർവ്വീനിയമപ്രകാരം ചെയ്യേണ്ടതാണ്.

സ്ഥാനിയായ ദോഷത്തെ ആദ്യം ചികിത്സിച്ചുശമിപ്പിച്ചിട്ട് പിന്നെ ആഗന്തുദോഷത്തെ ചികിത്സിക്കുക എന്നതാണ സ്ഥാനാനുപൂർവ്വിയായ ചികിത്സ. "ആഗന്തും ശമയേദ്ദോഷം സ്ഥാനിനം പ്രതികൃത്യ" വാതം ആമാശയഗതമായിരിക്കുമ്പോൾ കഫം സ്ഥാനിയും വാതം ആഗന്തുവുമായിരിക്കുന്നു. അതിനാൽ സ്ഥാനിയായ കഫത്തെ ശമിപ്പിക്കുന്നതിനായിട്ട് ആദ്യം രൂക്ഷസ്വേദവും, ആഗന്തുവായ വാതത്തിന്റെ ശമനത്തിനായിട്ട് പിന്നെ സ്നിഗ്ദ്ധസ്വേദവും ചെയ്യണം. അതുപോലെ കഫം പക്വാശയഗതമാകുമ്പോൾ സ്ഥാനിയായ വാതത്തിന്റെ ശമനത്തിനായിട്ട് ആദ്യം സ്നിഗ്ദ്ധസ്വേദവും പിന്നെ കഫശമനത്തിനായിട്ട് രൂക്ഷസ്വേദവും ചെയ്യേണ്ടതാകുന്നു.

വംക്ഷണങ്ങൾ വിയർപ്പിക്കേണ്ടതായിവന്നാൽ അല്പമായിട്ടേ ആവൂ. ദൃഷ്ടിയിലും, വൃഷണങ്ങളിലും ഹൃദയത്തിലും വിയർപ്പിക്കുന്നതു അതിലും അത്യല്പമായിട്ടു വേണം. മററു നിവൃത്തിയുള്ളപക്ഷം ഈ അംഗങ്ങൾ വിയർപ്പിക്കാതിരിക്കുന്നതു തന്നെ കൊള്ളാം.

ശീതശൂലക്ഷയേ സ്വിന്നോ ജാതേംഗാനാം ച മാർദ്ദവേ
സ്യാച്ഛനൈർമൃദിതഃ സ്നാതസ്തതഃ സ്നേഹവിധിം ഭജേൽ. 15

ശീതശൂലക്ഷയേ = തണുപ്പിനും വേദനയ്ക്കും ശമനവും
അംഗാനാം മാർദ്ദവേ ച = അംഗങ്ങൾക്കു മാർദ്ദവവും
ജാതേ = ഉണ്ടാകുമ്പോൾ
സ്വിന്നഃ സ്യാൽ = സ്വിന്നനായിത്തീരുന്നു. (സ്വേദത്തിന്റെ സമ്യയോഗമാണിതു്.)
തതഃ = അതിനുശേഷം
ശനൈഃ മൃദിതഃ = സാവധാനത്തിൽ ദേഹം തലോടി (വിയർപ്പുകളഞ്ഞു)
സ്നാതഃ = കുളികഴിഞ്ഞിട്ടു്
സ്നേഹവിധിം ഭജേൽ = സ്നേഹപാനത്തിൽ വിധിച്ചിട്ടുള്ള പഥ്യക്രമങ്ങളെ അനുഷ്ഠിച്ചിരിക്കണം.

പിത്താസ്രകോപതൃൺമൂർച്ഛാസ്വരാംഗസദനഭ്രമാഃ
സന്ധിപീഡാജ്വരശ്യാവരക്തമണ്ഡലദർശനം. 16
സ്വേദാതിയോഗാച്ഛർദ്ദിശ്ച തത്ര സ്തംഭനമൗഷധം
വിഷക്ഷാരാഗ്ന്യതീസാരച്ഛർദ്ദിമോഹാതുരേഷു ച. 17

പിത്താസ്രകോഠതൃൺമൂർച്ഛാസാദാംഗസദനഭ്രമാഃ = പിത്തരക്തകോഠങ്ങൾ, തൃഷ്ണ, മൂർച്ഛ, സ്വരസാദം, ദേഹത്തളർച്ച, തലച്ചുററൽ
സന്ധിപീഡാജ്വരശ്യാവരക്തമണ്ഡലദർശനം = സന്ധികൾക്ക് അസ്വാസ്ഥ്യം, ജ്വരം, ശ്യാവരക്തവർണ്ണത്തിലുള്ള മണ്ഡലങ്ങൾ ദേഹത്തുണ്ടായിക്കാണുക, ഇതെല്ലാവും
ഛർദ്ദിഃ ച = ഛർദ്ദിയും
സ്വേദാതിയോഗാൽ = സ്വേദത്തിന്റെ അതിയോഗംകൊണ്ട് ഉണ്ടാകുന്ന വികാരങ്ങളാണ്.
തത്ര = അതിസ്വേദങ്ങളായ വികാരങ്ങളിൽ
സ്തംഭനം ഔഷധം = സ്തംഭനം ചികിത്സയാകുന്നു.
വിഷക്ഷാരാഗ്ന്യതീസാരഛർദ്ദിമോഹാതുരേഷു ച = വിഷം, ക്ഷാരം, അഗ്നി ഇവയുടെ ബാധനംകൊണ്ടും, അതിസാരം, ഛർദ്ദി, മോഹം ഈ രോഗങ്ങൾകൊണ്ടും അവശരായിരിക്കുന്നവരിലും സ്തംഭനം പ്രയോഗിക്കേണ്ടതാണ്.

സ്വേദനം ഗുരുതീക്ഷ്ണോഷ്ണം പ്രായഃ സ്തംഭനമന്യഥാ
ദ്രവസ്ഥിരസരസ്നിഗ്ദ്ധരൂക്ഷസൂക്ഷ്മം ച ഭേഷജം. 18

സ്വേദനം സ്തംഭനം ശ്ലക്ഷ്ണം രൂക്ഷസൂക്ഷ്മസരദ്രവം
പ്രായസ്തിക്തം കഷായം ച മധുരം ച സമാസതഃ. 19

ഗുരുതീക്ഷ്ണോഷ്ണം = ഗുരുവായും, തീക്ഷ്ണമായും, ഉഷ്ണമായുമുള്ള ദ്രവ്യം
പ്രായഃ സ്വേദനം = മിക്കവാറും സ്വേദനമാകുന്നു.
അന്യഥാ = മറിച്ച് ലഘുവായും, മന്ദമായും ശീതമായുമുള്ള ദ്രവ്യം
സ്തംഭനം = സ്തംഭനമായിരിക്കും.
ദ്രവസ്ഥിരസരസ്നിഗ്ദ്ധരൂക്ഷസൂക്ഷ്മം ച ഭേഷജം = ദ്രവമായും, സ്ഥിരമായും, സ്നിഗ്ദ്ധമായും, സരമായും രൂക്ഷമായും, സൂക്ഷ്മമായുമുള്ള ഭേഷജവും
സ്വേദനം = സ്വേദനമാകുന്നു.
ശ്ലക്ഷ്ണം = ശ്ലക്ഷ്ണഗുണമുള്ളതും
രൂക്ഷസൂക്ഷ്മസരദ്രവം = രൂക്ഷവും, സൂക്ഷ്മവും, സരവും ദ്രവവുമായുള്ളതും
സമാസതഃ = ചുരുക്കത്തിൽ
തിക്തം കഷായം ച മധുരം ച = തിക്തവും, കഷായവും, മധുരവും
പ്രായഃ സ്തംഭനം = മിക്കവാറും സ്തംഭനമാകുന്നു.

ദ്രവാദിഗുണമുള്ളവ സ്വേദനവും സ്തംഭനവുമാണെന്നു പറഞ്ഞതെങ്ങിനെയെന്നു സംശയംതോന്നാം. വെള്ളം ദ്രവസാധനമാണ്. സ്തംഭനവുമാണ്. അതു ചൂടാക്കുക. അപ്പോൾ സ്വേദനമായിത്തീരുന്നു. സ്തംഭനമായ തണുത്തവെള്ളവും സ്വേദനമായ ചൂടുവെള്ളവും ദ്രവം തന്നെയാണല്ലോ. ഇതുപോലെ മററവയേയും ഊഹിച്ചറിഞ്ഞുകൊൾക.

സ്തംഭിതസ്സ്യാൽ ബലേ ലബ്ധേ യഥോക്താമയസംക്ഷയാൽ

യഥോക്താമയസംക്ഷയാൽ = ഏതു രോഗത്തിനായിട്ട് സ്തംഭനംചെയ്തുവോ ആ രോഗം ശമിക്കുകയും, അതു നിമിത്തം
ബലേ ലബ്ധേ = ബലമുണ്ടാകയും ചെയ്യുമ്പോൾ
സ്തംഭിതഃ സ്യാൽ = സ്തംഭിതനാകുന്നു. (ഇതാണ് സ്തംഭനത്തിന്റെ സമ്യഗ്യോഗലക്ഷണം.)

സ്തംഭിതത്വക്സ്നായുസങ്കോചകമ്പഹൃദ്വാഗ്ഘനുഗ്രഹൈഃ 20
പാദോഷ്ഠത്വക്കരൈശ്ശ്യാവൈരതിസ്തംഭിതമാദിശേൽ

സ്തംഭിതത്വക്സ്നായുസംകോച-കമ്പഹൃദ്വാഗ്ഘനുഗ്രഹൈഃ = സ്തംഭനം, ത്വക്കിന്റെ ഞരമ്പുകളുടെ സങ്കോചം, വിറയൽ, ഹൃദയത്തിന്റെ പിടിത്തം, വാക്കിന്റെ തടവ്, വാതുറക്കാൻകഴിയാത്തവണ്ണം ചെകിട്ടിന്റെ പിടിത്തം ഇവകൊണ്ടും
ശ്യാവൈഃപാദോഷ്ഠത്വക്കരൈഃ = കരുവാളിച്ച നിറത്തിലായിത്തീരുന്ന ഉള്ളംകാൽ, ചുണ്ട്, തൊലി, ഉള്ളംകൈ ഇതുകളെക്കൊണ്ടും
അതിസ്തംഭിതം ആദിശേൽ = സ്തംഭനാതിയോഗം വന്നിട്ടുണ്ടെന്നു നിർണ്ണയിക്കണം.

ന സ്വേദയേദതിസ്ഥൂലരൂക്ഷദുർബലമൂർച്ഛിതാൻ. 21
സ്തംഭനീയക്ഷതക്ഷീണവിഷമദ്യവികാരിണഃ.
തിമിരോദരവീസർപ്പകുഷ്ഠശോഷാഢ്യരോഗിണഃ. 22
പീതദുഗ്ദ്ധദധിസ്നേഹമധൂൻ കൃതവിരേചനാൻ
ഭ്രഷ്ടദഗ്ധഗുദഗ്ലാനിക്രോധശോകഭയാർദ്ദിതാൻ. 23
ക്ഷുത്തൃഷ്ണാകാമലാപാണ്ഡുമേഹിനഃ പിത്തപീഡിതാൻ
ഗർഭിണീം പുഷ്പിതാം സൂതാം മൃദു ചാത്യയികേ ഗദേ. 24

അതിസ്ഥൂലരൂക്ഷദുർബല-മൂർച്ഛിതാൻ = അതിസ്ഥൂലന്മാർ, രൂക്ഷന്മാർ, ബലഹീനന്മാർ, മൂർച്ഛിച്ചിരിക്കുന്നവർ
സ്തംഭനീയക്ഷതക്ഷീണ-വിഷമദ്യവികാരിണഃ = സ്തംഭനയോഗ്യന്മാർ, ഉരഃക്ഷതംകൊണ്ടു ക്ഷീണിച്ചവർ, വിഷവും മദ്യവുംകൊണ്ടു വികാരം സംഭവിച്ചിരിക്കുന്നവർ
തിമിരോദരവീസർപ്പകുഷ്ഠ-ശോഷാഢ്യരോഗിണഃ = തിമിരം, ഉദരം, വിസർപ്പം, കുഷ്ഠം, ശോഷം, വാതശോണിതം ഈ രോഗങ്ങളുള്ളവർ
പീതദുഗ്ദ്ധദധിസ്നേഹമധൂൻ = പാലോ, തൈരോ, സ്നേഹങ്ങളോ, മദ്യമോ കുടിച്ചിരിക്കുന്നവർ
കൃതവിരേചനാൻ = വിരേചനംചെയ്തിരിക്കുന്നവൻ
ഭ്രഷ്ടദഗ്ധഗുദഗ്ലാനിക്രോധ-ശോകഭയാർദ്ദിതാൻ = ഗുദം വീണുപോകയോ വെന്തുപോകയോ ചെയ്തിരിക്കുന്നവർ, തളർച്ച, കോപം, ദുഃഖം, ഭയം ഇവകൊണ്ടു പീഡിതരായവർ
ക്ഷുത്തൃഷ്ണാകാമലാപാ-ണ്ഡുമേഹിനഃ = വിശപ്പും, ദാഹവും, കാമല, പാണ്ഡു, മേഹം ഈ രോഗങ്ങളുമുള്ളവർ
പിത്തപീഡിതാൻ = പിത്തകോപത്താൽ പീഡിതരായവർ ഇവരേയും
ഗർഭിണീം പുഷ്പിതാം = ഗർഭമുള്ളവളേയും, ആർത്തവിച്ചിരിക്കുന്നവളേയും
സൂതാം ന സ്വേദയേൽ = പ്രസവിച്ചിരിക്കുന്നവളേയും വിയർപ്പിക്കരുത്.
ആത്യയികേ ഗദേ = മറ്റു നിവൃത്തിയൊന്നുമില്ലാത്ത രോഗത്തിൽ
മൃദു ച = (ഗർഭിണിയേയും മറ്റും) മൃദുവായിട്ടു വിയർപ്പിക്കുകയും ചെയ്യാം.

ശ്വാസകാസപ്രതിശ്യായഹിധ്മാധ്മാനവിബന്ധിഷു
സ്വരഭേദാനിലവ്യാധിശ്ലേഷ്മാമസ്തംഭഗൗരവേ. 25
അംഗമർദ്ദകടിപാർശ്വപൃഷ്ഠകുക്ഷിഹനുഗ്രഹേ
മഹത്വേ മുഷ്കയോഃ ഖല്യാമായാമേ വാതകണ്ടകേ. 26
മൂത്രകൃച്ഛ്രാർബുദഗ്രന്ഥിശുക്രാഘാതാഢ്യമാരുതേ
സ്വേദം യഥായഥം കുര്യാത്തദൗഷധവിഭാഗശഃ 27

ശ്വാസകാസപ്രതിശ്യായഹിധ്മാധ്മാനവിബന്ധിഷു = ശ്വാസം, കാസം, പീനസം, എക്കിൾ, ആധ്മാനം, വിബന്ധം
സ്വരഭേദാനിലവ്യാധിശ്ലേഷ്മാമസ്തംഭഗൗരവേ = വാതവ്യാധികൾ, കഫവികാരം, ആമദോഷം, സ്തംഭനം, ഗൗരവം
അംഗമർദ്ദകടീപാർശ്വപൃഷ്ഠകുക്ഷിഹനുഗ്രഹേ = ദേഹംകഴപ്പ്, അരക്കെട്ടിലും, പാർശ്വങ്ങളിലും, മുതുകിലും, വയററിലും, ചെകിട്ടിലുമുണ്ടാകുന്ന പിടിത്തം
മുഷ്കയോഃ മഹത്വേ = വൃഷണങ്ങൾക്കുണ്ടാകുന്ന വീക്കം ഇതുകളിലും
ഖല്യാം ആയാമേ = ഖല്ലി എന്ന വാതവികാരത്തിലും, കോച്ചലിലും
വാതകണ്ടകേ = വാതകണ്ടകമെന്ന രോഗത്തിലും
മൂത്രകൃച്ഛ്റാർബ്ബുദഗ്രന്ഥിശുക്രാഘാതാഢ്യമാരുതേ = മൂത്രകൃച്ഛ്റം, അർബ്ബുദം, ഗ്രന്ഥി, ശുക്ലരോധം, ഊരുസ്തംഭം ഈ രോഗങ്ങളിലും
യഥായഥം സ്വേദം = അതാതിന്ന വിഹിതമായ ചതുർവിധസ്വേദങ്ങളിലേതെങ്കിലും
തദൗഷധവിഭാഗശഃ = അതാതിന്നുള്ള ഔഷധവിഭാഗങ്ങൾ ഉപയോഗിച്ച്
കുര്യാൽ = പ്രയോഗിക്കേണ്ടതാണ്.

സ്വേദോ ഹിതസ്ത്വനാഗ്നേയോ വാതേ മേദഃകഫാവൃതേ
നിവാതം ഗൃഹമായാസോ ഗുരു പ്രാവരണം ഭയം. 28

ഉപനാഹാഹവക്രോധാ ഭൂരി പാനം ക്ഷുദാതപൗ
സ്വേദയന്തി ദശൈതാനി നരമഗ്നിഗുണാദൃതേ. 29

വാതേ മേദഃ കഫാവൃതേ തു = വാതം മേദഃകഫങ്ങളാൽ ആവൃതമായിരിക്കുമ്പോഴാകട്ടെ
അനാഗ്നേയഃ സ്വേദഃ = അഗ്നിസമ്പർക്കം കൂടാതെയുള്ള സ്വേദം
ഹിതഃ = ഹിതമായിട്ടുള്ളതാകുന്നു.
നിവാതം ഗൃഹം = കാററുകടക്കാത്ത വീട് (മുറി)
ആയാസഃ ഗുരു പ്രാവരണം = വ്യായാമം, കട്ടിയുള്ള പുതപ്പ്,
ഭയം = പേടി
ഉപനാഹാഹവക്രോധാഃ = ഉപനാഹസ്വേദം, നിയുദ്ധം, കോപം.
ഭൂരി പാനം ക്ഷുൽ ആതപഃ = അതിയായ മദ്യപാനം, വിശപ്പ്, വെയിൽ
ഏതാനി ദശ = ഈ പത്തുകൂട്ടം
അഗ്നിഗുണാൽ ഋതേ = അഗ്നിയുടെ ചൂടുകൂടാതെ
നരം സ്വേദയന്തി = മനുഷ്യനെ വിയർപ്പിക്കുന്നവയാകുന്നു.

ചൂടുപിടിപ്പിക്കാതെ ചെയ്യുന്ന ഉപനാഹമാണ് ഇവിടെ വിധിക്കുന്നതെന്നു പ്രത്യേകം അറിയണം.

സ്നേഹക്ലിന്നാഃ കോഷ്ഠഗാ ധാതുഗാ വാ
സ്രോതോലീനാ യേ ച ശ ഖാസ്ഥിസംസ്ഥാഃ
ദോഷാസ്സ്വേദൈസ്തേ ദ്രവീകൃത്യ കോഷ്ഠം
നീതാസ്സമ്യക്ശുദ്ധിഭിർനിർഹ്രിയന്തേ. 30

യേ ദോഷാഃ = ഏതേതു ദോഷങ്ങൾ
കോഷ്ഠഗാഃ = കോഷ്ഠത്തെ ആശ്രയിച്ചോ
ധാതുഗാഃ വാ = ധാതുവിനെ ആശ്രയിച്ചോ
സ്രോതോലീനാഃ = സ്രോതസ്സുകളിൽ ലീനങ്ങളായോ

ശാഖാസ്ഥിസംസ്ഥാഃ ച = ശാഖകളെയോ അസ്ഥികളെയോ ആശ്രയിച്ചോ രോഗകാരികളായിരിക്കുന്ന
തേ = ആ ദോഷങ്ങളും
സ്നേഹക്ലിന്നാഃ = സ്നേഹപ്രയോഗത്താൽ കുതിർന്നു നലഞ്ഞു
സ്വേദൈഃ = സ്വേദപ്രയോഗങ്ങളാൽ
ദ്രവീകൃത്യ = ദ്രവരൂപത്തിലാക്കി
കോഷ്ഠം നീതാഃ = കോഷ്ഠത്തിലെത്തിച്ചിട്ട് (അങ്ങനെ നില്ക്കുമ്പോൾ)
സമ്യക് ശുദ്ധിഭിഃ = ശരിക്കുചെയ്യുന്ന ശോധനപ്രയോഗങ്ങളാൽ
നിർഹ്രിയന്തേ = നിർഹരിക്കപ്പെടുന്നു.

ഇവിടെ ധാതുഗാഃ എന്നും, ശാഖാസ്ഥിസംസ്ഥാഃ എന്നും പ്രയോഗിച്ചിരിക്കുന്നതു് സൂക്ഷിച്ചുനോക്കി അറിയേണ്ടതാണ്. ധാതുക്കൾ സപ്തധാതുക്കളാണല്ലോ. ശാഖകൾ എന്നു പറയുന്നതും അതുതന്നെ. 'ശാഖാ രക്താദയസ്ത്വക് ച' എന്നു പന്ത്രണ്ടാമദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നതു നോക്കുക. ഇനി ശാഖകൾ കൈകാലുകൾ എന്ന് അർത്ഥം കല്പിക്കുന്നപക്ഷം ധാതുക്കളിൽ അസ്ഥി അന്തർഭവിച്ചുപോകുന്നതിനാൽ 'അസ്ഥിസംസ്ഥാ' എന്നു പ്രത്യേകം എടുത്തുപറയേണ്ട ആവശ്യമില്ല. ആകയാൽ ധാതു എന്നതിനു രക്തമെന്നും, ശാഖകൾ എന്നതിനു ത്വഗ്രക്താദിധാതുക്കളെന്നും, അസ്ഥി എന്നതിനു നാഡികൾ എന്നും, അർത്ഥം ഗ്രഹിക്കേണ്ടതാകുന്നു. അന്നസാരമായിരുന്നുകൊണ്ട് സകല ധാതുക്കളേയും പോഷിപ്പിച്ചുകൊണ്ടിരിക്കുന്നതിനാൽ ധാതുസംജ്ഞ രക്തത്തിനു വിശേഷാൽ അന്വർത്ഥമാകുന്നു. 'നിജാഗന്തുവികാരകാരി' എന്നു പറഞ്ഞു രക്തത്തിനു വൈശിഷ്ട്യം കല്പിച്ചിരിക്കുന്നതും ഈ അവസരത്തിൽ ഓർക്കേണ്ടതാണ്. അസ്ഥി എന്നും അസ്ഥിസന്ധി എന്നും പറയുന്നതു പലപ്പോഴും നാഡികളെ ഉദ്ദേശിച്ചായിരിക്കുമെന്നു മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. ഇപ്രകാരം രോഗമാർഗ്ഗങ്ങളായ കോഷ്ഠത്തെയും, ശാഖകളെയും, അസ്ഥിസന്ധികളെയും വിശേഷാൽ രക്തത്തെയും, ബാഹ്യാന്തഃസ്രോതസ്സുകളെയും ആശ്രയിച്ചു ലീനങ്ങളായിരിക്കുന്ന മലങ്ങൾ സ്നേഹപ്രയോഗത്താൽ കുതിർന്നു സ്വേദനത്താൽ ദ്രവീകൃതങ്ങളായിട്ടു കോഷ്ഠത്തിൽവന്നുചേരും. അപ്പോൾ അവയെ മുഴുവൻ ശോധനംകൊണ്ട് നീക്കുകളയാൻ എളുപ്പമായിത്തീരുന്നു. സ്നേഹസ്വേദപ്രയോഗങ്ങളുടെ സാമാന്യഗുണം ഇതുകൊണ്ടു വ്യക്തമായിരിക്കുന്നു.

പതിനേഴാം അദ്ധ്യായം കഴിഞ്ഞു.

---

# പതിനെട്ടാം അദ്ധ്യായം

---

## വമനവിരേചനവിധി.

കഫേ വിദധ്യാദ്വമനം സംയോഗേ വാ കഫോല്ബണേ
തദ്വദ്വിരേചനം പിത്തേ വിശേഷേണ തു വാമയേൽ. 1

നവജ്വരാതിസാരാധഃപിത്താസൃഗ്രാജയക്ഷ്മിണഃ
കുഷ്ഠമേഹാപചീഗ്രന്ഥിശ്ലീപദോന്മാദകാസിനഃ 2

ശ്വാസഹൃല്ലാസവീസർപ്പസ്തന്യദോഷോർദ്ധ്വരോഗിണഃ

കഫേ = കഫവികാരത്തിലും
കഫോല്ബണേ = കഫപ്രധാനമായുള്ള

സംയോഗേ വാ = സംസർഗ്ഗത്തിലും (കഫാധികവാതം, കഫാധികപിത്തം)
വമനം വിദധ്യാൽ = വമനംചെയ്യണം (ഛർദ്ദിപ്പിക്കണം)
തദ്വൽ പിത്തേ = അതുപോലെ പിത്തത്തിൽ (പിത്തത്തിലും പിത്തവാതത്തിലും പിത്തകഫത്തിലും)
വിരേചനം (വിദധ്യാൽ) = വിരേചനം ചെയ്യണം.
വിശേഷേണ തു = വിശേഷിച്ചും
നവജ്വരാതിസാരാധഃപിത്താസൃഗ്രാജയക്ഷ്മിണഃ = നവജ്വരം, അതിസാരം, കീഴ്പോട്ടുപോകുന്ന രക്തപിത്തം, രാജയക്ഷ്മാവ്.
കുഷ്ഠമേഹാപചീഗ്രന്ഥിശ്ലീപദോന്മാദകാസിനഃ = കുഷ്ഠം, മേഹം, അപചി, ഗ്രന്ഥി, മന്ത്, ഉന്മാദം, കാസം
ശ്വാസഹൃല്ലാസവീസർപ്പസ്തന്യദോഷോർദ്ധ്വരോഗിണഃ = ശ്വാസം, ഹൃല്ലാസം, വിസർപ്പം, സ്തന്യദോഷം, ഊർദ്ധ്വാംഗവ്യാധികൾ ഇവ രോഗങ്ങളുള്ളവരെ
വാമയേൽ = ഛർദ്ദിപ്പിക്കേണ്ടതാണ്.

ശോധനത്തിന്റെ പൂർവ്വാംഗമായ സ്നേഹസ്വേദക്രമങ്ങളെ വിവരിച്ചിട്ടുവമനം മുതലായ ശോധനകർമ്മങ്ങൾ ചെയ്യേണ്ട ക്രമങ്ങളെ വിവരിക്കുന്നു. കഫത്തിൽ വമനവും, പിത്തത്തിൽ വിരേചനവും ചെയ്യണമെന്നു മുമ്പു പറഞ്ഞിട്ടുണ്ട്. കഫത്തിൽമാത്രമല്ല കഫാധികസംസർഗ്ഗത്തിലും വമനം ചെയ്യണം. അതുപോലെ പിത്തത്തിലും പിത്താധികസംസർഗ്ഗത്തിലുമാണ് വിരേചനംചെയ്യേണ്ടതു്. വിശേഷിച്ചും നവജ്വരം, അതിസാരം മുതലായ രോഗങ്ങൾ ഉള്ളവരെ ഛർദ്ദിപ്പിക്കേണ്ടതാണ്.

അവമ്യാ ഗർഭിണീ രൂക്ഷഃ ക്ഷുധിതോ നിത്യദുഃഖിതഃ. 3

ബാലവൃദ്ധകൃശസ്ഥൂലഹൃദ്രോഗിക്ഷതദുർബ്ബലാഃ
പ്രസക്തവമഥുപ്ലീഹതിമിരക്രിമികോഷ്ഠിനഃ 4

ഊർദ്ധ്വപ്രവൃത്തവായ്വസ്രദത്തവസ്തിഹതസ്വരാഃ
മൂത്രാഘാത്യുദരീ ഗുല്മീ ദുർവ്വമോത്യഗ്നിരർശസഃ. 5

ഉദാവർത്തഭ്രമാഷ്ഠീലാപാർശ്വരുഗ്വാതരോഗിണഃ
ഋതേ വിഷഗരാജീർണ്ണവിരുദ്ധാഭ്യവഹാരതഃ 6

ഗർഭിണീ രൂക്ഷഃ = ഗർഭമുള്ളവളും രൂക്ഷനായവനും
ക്ഷുധിതഃ നിത്യദുഃഖിതഃ = വിശന്നിരിക്കുന്നവനും നിത്യദുഃഖിയായിരിക്കുന്നവനും
ബാലവൃദ്ധകൃശസ്ഥൂലഹൃദ്രോഗിക്ഷതദുർബ്ബലാഃ = ബാലനും, വൃദ്ധനും, കൃശനും, സ്ഥൂലനും, ഹൃദ്രോഗമുള്ളവനും, ഉരഃക്ഷതമുള്ളവനും, ബലഹീനനും
പ്രസക്തവമഥുപ്ലീഹതിമിരക്രിമികോഷ്ഠിനഃ = തുടരെ ഛർദ്ദിച്ചുകൊണ്ടിരിക്കുന്നവനും, പ്ലീഹ, തിമിരം, ഈ രോഗങ്ങളുള്ളവരും കോഷ്ഠത്തിൽ ക്രിമി ബാധിച്ചിരിക്കുന്നവരും
ഊർദ്ധ്വപ്രവൃത്തവായ്വസ്രദത്തവസ്തിഹതസ്വരാഃ = ഏമ്പക്കമുള്ളവരും, ഊർദ്ധ്വഗമായ രക്തപിത്തമുള്ളവരും, വസ്തി ചെയ്തിരിക്കുന്നവരും, ഒച്ചയടച്ചിരിക്കുന്നവരും
മൂത്രാഘാതീ ഉദരീ = മൂത്രാഘാതമുള്ളവനും ഉദരരോഗമുള്ളവനും
ഗുല്മീ = ഗുല്മരോഗമുള്ളവനും
ദുർവ്വമഃ = ഛർദ്ദിപ്പിച്ചാൽ ഛർദ്ദിയുണ്ടാകാത്തവനും
അത്യഗ്നിഃ അർശസഃ = അത്യഗ്നിയായവനും അർശോരോഗമുള്ളവനും
ഉദാവർത്തഭ്രമാഷ്ഠീലാപാർശ്വരുഗ്വാതരോഗിണഃ = ഉദാവർത്തം, ഭ്രമം, അഷ്ഠീല, പാർശ്വവേദന, വാതരോഗം ഇവയുള്ളവരും

വിഷഗരാജീർണ്ണവിരുദ്ധാഭ്യവഹാരതഃ ച്യുതാഃ = വിഷം, ഗരം, അജീർണ്ണം, വിരുദ്ധാന്നഭോജനം ഇതൊന്നുമില്ലാത്തപക്ഷം
അവമ്യാഃ = വമനത്തിന്ന് അനർഹന്മാരാകുന്നു. (ഇപ്പറഞ്ഞവരെ ഛർദ്ദിപ്പിക്കരുതെന്നർത്ഥം.)

പ്രസക്തവമഥോഃ പൂർവ്വേ പ്രായേണാമജ്വരോഽപി ച
ധൂമാന്തൈഃ കർമ്മഭിർവ്വർജ്ജ്യാസ്സർവ്വൈരേവ ത്വജീർണ്ണിനഃ. 7

പ്രസക്തവമഥോഃ പൂർവ്വേ (അവമ്യാ.) = പ്രസക്തവമഥുവിൻെറ മുമ്പിലുള്ള അവമ്യന്മാരും (ഗർഭിണി, രൂക്ഷൻ, ക്ഷുധിതൻ, നിത്യദുഃഖിതൻ, ബാലൻ, വൃദ്ധൻ, കൃശൻ, സ്ഥൂലൻ, ഹൃദ്രോഗി, ക്ഷതി, ദുർബലൻ ഇത്രയുംപേർ.)
പ്രായേണ ആമജ്വരഃ അപി ച = മിക്കവാറും ആമജ്വരവും
ധൂമാന്തൈഃ കർമ്മഭിഃ = ധൂമംവരെയുള്ള കർമ്മങ്ങളാൽ (വമനവിരേചനവസ്തിനസ്യധൂമങ്ങൾ)
വർജ്ജ്യാഃ = വർജ്ജിക്കപ്പെടേണ്ടവരാകുന്നു. (ഇവർക്കാർക്കും വമനംമുതൽ ധൂമംവരെയുള്ള കർമ്മങ്ങൾ ചെയ്യരുതെന്നർത്ഥം.)
അജീർണ്ണിനഃ = അജീർണ്ണരോഗികൾ
സർവ്വൈഃ (കർമ്മഭിഃ) ഏവ വർജ്ജ്യാഃ) = സർവ്വകർമ്മങ്ങളാലും വർജ്ജ്യരാകുന്നു. (അജീർണ്ണിക്ക യാതൊരു കർമ്മവും ചെയ്യാവുന്നതല്ല )

വിരേകസാദ്ധ്യാ ഗുല്മാർശോവിസ്ഫോടവ്യംഗകാമലാഃ
ജീർണ്ണജ്വരോദരഗരച്ഛർദ്ദിപ്ലീഹഹലീമകാഃ 8

വിദ്രധിസ്തിമിരം കാചസ്സ്യന്ദഃ പക്വാശയവ്യഥാ
യോനിശുക്രാശ്രയാ രോഗാഃ കോഷ്ഠഗാഃ കൃമയോ വ്രണാഃ. 9

വാതാസ്രമൂർദ്ധ്വഗം രക്തം മൂത്രാഘാതശ്ശകൃദ്ഗ്രഹഃ
വമ്യാശ്ച കുഷ്ഠമേഹാദ്യാ ന തു രേച്യാ നവജ്വരീ. 10

അല്പാഗ്ന്യധോഗപിത്താസ്രക്ഷതപായ്വതിസാരിണഃ
സശല്യസ്ഥാപിതക്രൂരകോഷ്ഠാതിസ്നിഗ്ദ്ധശോഷിണഃ. 11

ഗുല്മാർശോവിസ്ഫോടവ്യംഗകാമലാഃ = ഗുല്മം, അർശസ്സ്, വിസ്ഫോടനം, വ്യംഗം, കാമല
ജീർണ്ണജ്വരോദരഗരച്ഛർദ്ദിപ്ലീഹഹലീമകാഃ = ജീർണ്ണജ്വരം, ഉദരം, കൂട്ടുവിഷം, ഛർദ്ദി, പ്ലീഹ, ഹലീമകം
വിദ്രധിഃ = വിദ്രധിരോഗം
തിമിരം കാചഃ സ്യന്ദഃ = തിമിരം, കാചം, അഭിഷ്യന്ദം എന്ന നേത്രരോഗങ്ങൾ
പക്വാശയവ്യഥാ = പക്വാശയത്തിലുള്ള വേദന
യോനിശുക്രാശ്രയാഃ രോഗാഃ = യോനിരോഗം, ശുക്ലദോഷം
കോഷ്ഠഗാഃ കൃമയഃ = കോഷ്ഠത്തിലുള്ള കൃമിപീഡനം
വ്രണഃ വാതാസ്രം = വ്രണാമയം, വാതശോണിതം
ഊർദ്ധ്വഗം രക്തം = മേല്പോട്ടുള്ള രക്തപിത്തം
മൂത്രാഘാതഃ ശകൃദ്ഗ്രഹഃ = മൂത്രരോധം മലബന്ധം ഈ രോഗങ്ങളും
വമ്യാഃ കുഷ്ഠമേഹാദ്യാഃ ച = വമനാർഹങ്ങളായ കുഷ്ഠം മേഹം മുതലായവയും (കുഷ്ഠം, മേഹം, അപചി, ഗ്രന്ഥി, ശ്ലീപദം, ഉന്മാദം, കാസം, ശ്വാസം, ഹൃല്ലാസം, വിസർപ്പം, സ്തന്യദോഷം, ഊർദ്ധ്വാംഗരോഗം)

വിരേകസാധ്യാഃ = വിരേചനംകൊണ്ടു ശമിപ്പിക്കേണ്ടവയാകുന്നു.
നവജ്വരീ തു ന രേച്യഃ = നവജ്വരി വിരേചനാർഹനല്ല.
അല്പാഗ്ന്യധോഗപിത്താസ്ര-ക്ഷതപായ്വതിസാരിണഃ = അഗ്നിമാന്ദ്യമുള്ളവർ, അധോഗമായ രക്തപിത്തം, ഗുദത്തിൽ മുറിവ്, അതിസാരം ഇവയുള്ളവരും
സശല്യാസ്ഥാപിതക്രൂര-കോഷ്ഠാതിസ്നിഗ്ധ-ശോഷിണഃ = കോഷ്ഠത്തിൽ ശല്യമിരിക്കുന്നവർ, കഷായവസ്തി ചെയ്തിരിക്കുന്നവർ, ക്രൂരകോഷ്ഠന്മാർ ഇവരും, അതിസ്നിഗ്ധന്മാരും ശോഷികളും
(ന രേച്യാഃ) = വിരേചനത്തിനു അർഹന്മാരല്ല. (നവജ്വരിക്കും അല്പാഗ്നി മുതലായവർക്കും വിരേചനം ചെയ്തുകൂടാ എന്നർത്ഥം.)

അഥ സാധാരണേ കാലേ സ്നിഗ്ധസ്വിന്നം യഥാവിധി
ശ്വോ വമ്യമുത്ക്ലിഷ്ടകഫം മത്സ്യമാഷതിലാദിഭിഃ. 12
നിശാം സുപ്തം സുജീർണ്ണാന്നം പൂർവാഹ്ണേ കൃതമംഗലം
നിരന്നമീഷൽസ്നിഗ്ധം വാ പേയയാ പീതസർപ്പിഷം 13
വൃദ്ധബാലാബലക്ലീബഭീരൂൻ രോഗാനുരോധതഃ
ആകണ്ഠം പായിതാൻ മദ്യം ക്ഷീരമിക്ഷുരസം രസം. 14
യഥാവികാരവിഹിതാം മധുസൈന്ധവസംയുതാം
കോഷ്ണാം വിഭജ്യ ഭൈഷജ്യമാത്രാം മന്ത്രാഭിമന്ത്രിതാം. 15
പ്രാങ്മുഖം പായയേൽ പീതോ മുഹൂർത്തമനുപാലയേൽ
തന്മനാ ജാതഹൃല്ലാസപ്രസേകശ്ഛർദ്ദയേത്തതഃ. 16
അംഗുലീഭ്യാമനായസ്തോ നാളേന മൃദുനാഥവാ
ഗളതാല്വരുജൻ വേഗാനപ്രവൃത്താൻ പ്രവർത്തയൻ
പ്രവർത്തയൻ പ്രവൃത്താംശ്ച ജാനുതുല്യാസനേ സ്ഥിതഃ. 18

അഥ = അനന്തരം
സാധാരണേ കാലേ = സാധാരണകാലമായ ശ്രാവണം, കാർത്തികം, ചൈത്രം ഇതിലൊരു മാസത്തിൽ
യഥാവിധി = വിധിച്ചിട്ടുള്ളപ്രകാരം
സ്നിഗ്ധസ്വിന്നം = സ്നിഗ്ധനാക്കി വിയർപ്പിച്ചിട്ട്
ശ്വഃ വമ്യം = നാളെ (അടുത്തദിവസം) ഛർദ്ദിപ്പിക്കുവാനിരിക്കുന്നവനെ (ഛർദ്ദിപ്പിക്കാൻ നിശ്ചയിച്ചിട്ടുള്ളതിന്റെ തലേദിവസം)
മത്സ്യമാഷതിലാദിഭിഃ = മത്സ്യങ്ങൾ, ഉഴുന്ന്, എള്ള് മുതലായവകൊണ്ടു
ഉൽക്ലിഷ്ടകഫം = കഫത്തിനു ഉൽക്ലേശനം (ചലനം) ഉണ്ടാക്കീട്ട്
നിശാം സുപ്തം = അന്നു രാത്രിമുഴുവനും സുഖമായുറങ്ങി
പൂർവാഹ്ണേ = രാവിലെ
സുജീർണ്ണാന്നം = അത്താഴം കഴിച്ചതു നല്ലവണ്ണം ദഹിച്ചുകഴിഞ്ഞതിനു ശേഷം
കൃതമംഗലം = മംഗലകർമ്മങ്ങൾ ചെയ്തിട്ട്
നിരന്നം = ആഹാരം കഴിക്കാതെയോ
പേയയാ പീതസർപ്പിഷം = കഞ്ഞിയിൽ ചേർത്തു നെയ്യ കുടിച്ചിട്ട്
ഈഷൽസ്നിഗ്ധം വാ = അല്പം സ്നിഗ്ധതവരുത്തീട്ടോ
വൃദ്ധബാലാബലക്ലീബഭീരൂൻ = വൃദ്ധന്മാർ, ബാലന്മാർ, അബലന്മാർ, ഷണ്ഡന്മാർ, ഭീരുക്കൾ ഇവരെ
രോഗാനുരോധതഃ = അവർക്കുള്ള രോഗസ്വഭാവത്തിനനുസരിച്ച്

മദ്യം ക്ഷീരം ഇക്ഷുരസം രസം = വിഹിതമായ മദ്യമോ, പാലോ, കരിമ്പിൻ നീരോ, മാംസരസമോ
ആകണ്ഠം പായിതാൻ = വയറു നിറയെ കുടിപ്പിച്ചുകൊണ്ട്
യഥാവികാരവിഹിതാം = രോഗസ്ഥിതിക്കു യോജിപ്പിച്ചുണ്ടാക്കി
മധുസൈന്ധവസംയുതാം = തേനും ഇന്തുപ്പും ചേർത്ത്
കോഷ്ഠം വിഭജ്യ = കോഷ്ഠത്തിന്റെ സ്ഥിതിയനുസരിച്ചു നിശ്ചയിച്ച
ഭൈഷജ്യമാത്രാം = വമനൌഷധമാത്രയെ
മന്ത്രാഭിമന്ത്രിതാം = മന്ത്രപൂതമാക്കീട്ട്
പ്രാങ്മുഖം പായയേൽ = കിഴക്കോട്ടു നോക്കിയിരുത്തി കുടിപ്പിക്കണം.
പീതഃ = മരുന്നു കുടിച്ചുകഴിഞ്ഞാൽ
തന്മനാഃ = വമനകാര്യത്തിൽത്തന്നെ മനസ്സുവച്ചുകൊണ്ട്
മുഹൂർത്തം അനുപാലയേൽ = രണ്ടുനാഴികനേരം കാത്തിരിക്കണം.
ജാതഹൃല്ലാസപ്രസേകഃ = നെഞ്ചുരുക്കം, വായിൽ വെള്ളമൂറൽ ഇത്രയുമുണ്ടായിക്കണ്ടാൽ
തതഃ = അനന്തരം
അംഗുലീഭ്യാം = രണ്ടു വിരലുകൾകൊണ്ട് (തർജ്ജനീമദ്ധ്യമകൾ)
അഥവാ = അല്ലെങ്കിൽ
മൃദുനാ നാളേന = മാർദ്ദവമുള്ള നാളംകൊണ്ടു (കണ്ഠത്തിൽ സ്പർശിച്ചിട്ട്)
അനായസ്തഃ = അധികം ആയാസപ്പെടാതെയും
ഗളതാലു അരുജൻ = തൊണ്ടയ്ക്കും താലുവിനും വേദന ഉണ്ടാക്കാതെയും
അപ്രവൃത്താൻ വേഗാൻ = അല്പശഃ പ്രവർത്തിക്കുന്ന ഛർദ്ദിവേഗങ്ങളെ
പ്രവർത്തയൻ = ശരിക്കു പ്രവർത്തിപ്പിച്ച്
പ്രവൃത്താൻ വേഗാൻ = പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വേഗങ്ങളെ
പ്രവർത്തയൻ ച = ദോഷം മുഴുവൻ പോകുന്നതുവരെ പ്രേരിപ്പിച്ച്
ജാനുതുല്യാസനേ സ്ഥിതഃ = മുട്ടോളം പൊക്കമുള്ള പീഠത്തിൽ ഇരുന്നുകൊണ്ട്
ഛർദ്ദയേൽ = ഛർദ്ദിക്കണം.

വിധിപ്രകാരം സ്നേഹസ്വേദങ്ങൾ ചെയ്തിരുന്നാലും ഛർദ്ദിപ്പിക്കാൻ വിചാരിക്കുന്നതിന്റെ തലേദിവസം കഫത്തിന് ഉൽക്ലേശനമുണ്ടാക്കുക, മരുന്നുകൊടുക്കുന്നതു് അത്താഴം കഴിച്ചതു നല്ലവണ്ണം ദഹിച്ചുകണ്ടതിനുശേഷമായിരിക്കുക, മിക്കവാറും നിരന്നമായിട്ടുതന്നെ മരുന്നുകൊടുക്കുക വേണ്ടിവന്നാൽ കഞ്ഞിയിൽ നെയ് ചേർത്തുകൊടുത്ത് അല്പം സ്നിഗ്ദ്ധതവരുത്തിക്കൊള്ളുക, വൃദ്ധബാലാബലക്ലീബഭീരുക്കൾക്കാണെങ്കിൽ മദ്യക്ഷീരാദികളിൽ വിഹിതമായതു വയറു നിറയെക്കുടിപ്പിച്ചുകൊണ്ടു മരുന്നു കൊടുക്കുക. വമനൌഷധം എന്തുതന്നെ ആയിരുന്നാലും അതിൽ തേനും ഇന്തുപ്പും കൂടെ ചേർത്തുകൊള്ളുക ഇതെല്ലാം എളുപ്പം വമനത്തെ ഉണ്ടാക്കുന്നതിനു സഹായിക്കുന്നവയാണ്.) കോഷ്ഠം ക്രൂരമോ മൃദുവോ, മധ്യമോ എന്നു സൂക്ഷ്മമായി നോക്കിക്കണ്ടിട്ട് അതിനനുസരിച്ച് ഔഷധമാത്രയെ ഏറ്റക്കുറച്ചിൽ വരാതെ ശരിപ്പെടുത്തിക്കൊടുക്കുക. മരുന്നു കുടിച്ചുകഴിഞ്ഞാൽ രോഗി അതിൽത്തന്നെ മനസ്സുവച്ചിരിക്കുക, ഹൃല്ലാസപ്രസേകങ്ങളുണ്ടാകുന്നതിനുമുമ്പ് ഛർദ്ദിക്കാതിരിക്കുക, അതു നല്ലവണ്ണമുണ്ടായാൽ ദോഷം മുഴുവൻ പോകുന്നതുവരെ വിധിപ്രകാരം ഛർദ്ദിവേഗത്തെ പ്രേരിപ്പിക്കുക ഇതെല്ലാം ഛർദ്ദനകാര്യത്തിൽ പ്രത്യേകം ഓർമ്മവച്ചിരിക്കേണ്ട സംഗതികളാണ്.

മന്ത്രം.

"ബ്രഹ്മദക്ഷാശ്വിരുദ്രേന്ദ്രഭൂചന്ദ്രാർക്കാനിലാനലാഃ
ഋഷയസ്സൗഷധിഗ്രാമാ ഭൂതസംഘാശ്ച പാന്തു വഃ
രസായനമിവർഷീണാമമരാണാമിവ മൃതം
സുധേവോത്തമനാഗാനാം ഭൈഷജ്യമിദമസ്തു തേ.

ഓം നമോ ഭഗവതേ ഭൈഷജ്യഗുരവേ
വൈഡൂര്യപ്രഭരാജായ
തഥാഗതായാഽർഹതേ
സമ്യക്സംബുദ്ധായ തദ്യഥാ
ഓം ഭൈഷജ്യേ ഭൈഷജ്യേ
മഹാഭൈഷജ്യേ സമുദ്ഗതേ സ്വാഹാ."

ഉഭേ പാർശ്വേ ലലാടം ച വമതശ്ചാസ്യ ധാരയേൽ
പ്രപീഡയേത്തഥാ നാഭിം പൃഷ്ഠം ച പ്രതിലോമതഃ. 19

| | | |
|---|---|---|
| വമതഃ അസ്യ | = | ഛർദ്ദിച്ചുകൊണ്ടിരിക്കുന്ന ഇവൻെറ |
| ഉഭേ പാർശ്വേ | = | രണ്ടു പാർശ്വങ്ങളേയും |
| ലലാടം ച | = | നെററിയേയും |
| ധാരയേൽ ച | = | മററാളുകൾ താങ്ങിപ്പിടിച്ചുകൊൾകയും വേണം. |
| തഥാ | = | അപ്രകാരം |
| നാഭിം പൃഷ്ഠം ച | = | നാഭിപ്രദേശവും മുതുകും |
| പ്രതിലോമതഃ | = | ഛർദ്ദിവേഗത്തിന്നെതിരായിട്ടു് (കീഴോട്ടു്) |
| പ്രപീഡയേൽ | = | തിരുമ്മിക്കൊടുക്കുകയും വേണം. |

കഫേ തീക്ഷ്ണോഷ്ണകടുകൈഃ പിത്തേ സ്വാദുഹിമൈരിതി
വമേൽ സ്നിഗ്ദ്ധാമ്ലലവണൈസ്സംസൃഷ്ടേ മരുതാ കഫേ. 20
പിത്തസ്യ ദർശനം യാവച്ഛേദോ വാ ശ്ലേഷ്മണോ ഭവേൽ

| | | |
|---|---|---|
| ഇതി | = | ഇപ്രകാരം |
| കഫേ | = | കഫദോഷത്തിൽ |
| തീക്ഷ്ണോഷ്ണകടുകൈഃ | = | തീക്ഷ്ണമായും ഉഷ്ണമായും കടുരസമായുമുള്ള ദ്രവ്യങ്ങൾകൊണ്ടും |
| പിത്തേ | = | പിത്തദോഷത്താൽ |
| സ്വാദുഹിമൈഃ | = | മധുരമായും ശീതവീര്യമായുമുള്ള ദ്രവ്യങ്ങൾകൊണ്ടും |
| മരുതാ സംസൃഷ്ടേ കഫേ | = | വാതവുമായി കലൎന്നിരിക്കുന്ന കഫത്തിൽ |
| സ്നിഗ്ദ്ധാമ്ലലവണൈഃ | = | സ്നിഗ്ദ്ധമായതും, അമ്ലലവണരസമുള്ളതുമായ ദ്രവ്യങ്ങൾകൊണ്ടും |
| യാവൽ പിത്തസ്യ ദർശനം | = | എതുവരെയായാൽ പിത്തത്തിൻെറ ദർശനമോ |
| ശ്ലേഷ്മണഃ ഛേദഃ വാ | = | കഫത്തിൻെറ നിശ്ശേഷബഹിഷ്കരണമോ |
| ഭവേൽ | = | ഉണ്ടാകുമോ |
| (താവൽ) വമേൽ | = | അതുവരെ ഛർദ്ദിക്കണം. |

കഫം മുഴവൻ ഛർദ്ദിച്ചുപോയാൽ പിത്തം കണ്ടുതുടങ്ങും. പിത്തം കാണു മ്പോൾ കഫം മുഴവൻ പോയി എന്നു നിർണ്ണയിക്കാം. അതുകൊണ്ടു പിത്തം കാണു ന്നതുവരെയോ മററുവിധത്തിൽ കഫം നിശ്ശേഷം പോയി എന്നു ബോധപ്പെടുന്നതു വരെയോ ഛർദ്ദിക്കണം.

ഹീനവേഗഃ കണാധാത്രീസിദ്ധാർത്ഥലവണോദകൈഃ
വമേൽ പുനഃപുനഃ—തത്ര വേഗാനാമപ്രവൎത്തനം. 21
പ്രവൃത്തിസ്സവിബന്ധാ വാ കേവലസ്യൗഷധസ്യ വാ
അയോഗസ്തേന നിഷ്ഠീവകണ്ഡൂകോഠജ്വരാദയഃ. 22

| | | |
|---|---|---|
| ഹീനവേഗഃ | = | ഛർദ്ദിവേഗം കുറവാകുന്നു എങ്കിൽ |
| കണാധാത്രീസിദ്ധാർത്ഥ-ലവണോദകൈഃ | = | തിപ്പലിയും, നെല്ലിക്കായും, കടുകും, ഉപ്പും പൊടിച്ചു വെള്ളത്തിൽ കലക്കിക്കുടിച്ചു് അതുകൊണ്ടു് |

പുനഃ പുനഃ വമേൽ = വീണ്ടും വീണ്ടും വമിക്കണം.
തത്ര = അതിൽവച്ച്
വേഗാനാം അപ്രവൎത്തനം = ഛൎദ്ദിവേഗങ്ങൾ ഉണ്ടാകാതിരിക്കുക.
സവിബന്ധാ വാ പ്രവൃത്തിഃ = തടഞ്ഞു തടഞ്ഞു ഛൎദ്ദിക്കുക,
കേവലസ്യ ഔഷധസ്യ വാ (പ്രവൃത്തിഃ) = കുടിച്ച മരുന്നുമാത്രം ഛൎദ്ദിച്ചുപോവുക ഇതെല്ലാം
അയോഗഃ = വമനത്തിന്റെ അയോഗലക്ഷണങ്ങളാകുന്നു.
തേന = ആ അയോഗം നിമിത്തം
നിഷ്ഠീവകണ്ഡൂകോഠജ്വരാദയഃ = തുപ്പിത്തുപ്പിയിരിക്കുക, ചൊറിച്ചിൽ, വട്ടത്തടിപ്പ്, ജ്വരം മുതലായവ ഉണ്ടാകും.

നിൎവ്വിബന്ധം പ്രവൎത്തന്തേ കഫപിത്താനിലാഃ ക്രമാൽ
സമ്യഗ്യോഗേതിയോഗേ തു ഫേനചന്ദ്രകരക്തവൽ. 23
വമിതം ക്ഷാമതാ ദാഹഃ കണ്ഠശോഷസ്തമോ ഭ്രമഃ
ഘോരാ വായ്വാമയാ മൃത്യുർജീവശോണിതനിൎഗമാൽ. 24

സമ്യഗ്യോഗേ = വമനത്തിനു സമ്യഗ്യോഗമുണ്ടായാൽ
കഫപിത്താനിലാഃ = കഫവും, പിത്തവും, വായുവും (ഏറ്റവും)
ക്രമാൽ = മുൻപുപിൻപായിട്ട്
നിൎവ്വിബന്ധം പ്രവൎത്തന്തേ = തടവുകൂടാതെ പോകും.
അതിയോഗേ തു = വമനത്തിന് അതിയോഗമാണുണ്ടാകുന്നതെങ്കിൽ
വമിതം = ഛൎദ്ദിച്ചിടുന്നത്
ഫേനചന്ദ്രകരക്തവൽ = പതയും രക്തവും കലൻ കാണുകയും മയിൽപ്പീലിപോലെ നാനാവൎണ്ണമായിരിക്കുകയും ചെയ്യും.
ക്ഷാമതാ, ദാഹഃ = ദേഹം ചടയ്ക്കുക, സൎവ്വാംഗസന്താപം
കണ്ഠശോഷഃ തമഃ ഭ്രമഃ = തൊണ്ടവരൾച്ച, കണ്ണിരുട്ടടയ്ക്കുക, തലചുററൽ
ഘോരാഃ വായ്വാമയാഃ = ഘോരങ്ങളായ വായുക്ഷോഭങ്ങൾ ഇവയും
ജീവശോണിതനിൎഗ്ഗമാൽ = ജീവരക്തം ഛൎദ്ദിച്ചുപോകയാണെങ്കിൽ അതുനിമിത്തം
മൃത്യുഃ = മരണവും ഉണ്ടാകും.

സമ്യഗ്യോഗേന വമിതം ക്ഷണമാശ്വാസ്യ പായയേൽ
ധൂമത്രയസ്യാന്യതമം സ്നേഹാചാരമഥാദിശേൽ. 25

സമ്യഗ്യോഗേന വമിതം = സമ്യഗ്യോഗപ്രകാരം ഛൎദ്ദിച്ചവനെ
ക്ഷണം ആശ്വാസ്യ = ക്ഷണനേരത്തേയ്ക്ക് ആശ്വസിപ്പിച്ചിട്ട്
ധൂമത്രയസ്യ അന്യതമം = സ്നിഗ്ദ്ധം, മദ്ധ്യം, തീക്ഷ്ണം എന്നു മൂന്നുതരം ധൂമമുള്ളതിൽ വിഹിതമെന്നു തോന്നുന്ന ഒന്നിനെ
പായയേൽ = കുടിപ്പിക്കണം.
അഥ = അതിനുശേഷം
സ്നേഹാചാരം ആദിശേൽ = സ്നേഹവിധിയിൽ നിൎദ്ദേശിച്ചിട്ടുള്ള പഥ്യക്രമങ്ങളെ അനുഷ്ഠിപ്പിക്കണം.

തതസ്സായം പ്രഭാതേ വാ ക്ഷുദ്വാൻ സ്നാതസ്സുഖാംബുനാ
ഭുഞ്ജാനോ രക്തശാല്യന്നം ഭജേൽ പേയാദികം ക്രമം. 26

തതഃ = അതിൽപ്പിന്നെ
സായം = അന്നുതന്നെ വൈകുന്നേരത്തോ
പ്രഭാതേ വാ = പിറേറദിവസം പുലച്ച്യ്ക്കോ

ക്ഷുദ്വാൻ = വിശപ്പുള്ള വമിതൻ
സുഖാംബുനാ സ്നാതഃ = ചെറുചൂടുള്ള വെള്ളത്തിൽ കുളിച്ച്
രക്തശാല്യന്നം ഭുഞ്ജാനഃ = ചെന്നെല്ലിന്റെ അരി ആഹാരത്തിനുപയോഗിച്ചുകൊണ്ടു്
പേയാദികം ക്രമം ഭജേൽ = താഴെപ്പറയുന്ന പേയാദിക്രമത്തെ അനുഷ്ഠിക്കണം.

പേയാം വിലേപീമകൃതം കൃതം ച
യൂഷം രസം ത്രീനുഭയം തഥൈകം
ക്രമേണ സേവേത നരോന്നകാലാൻ
പ്രധാനമധ്യാവരശുദ്ധിശുദ്ധഃ. 27

പേയാം = നേർത്തകഞ്ഞിയും (കുടിക്കത്തക്കവണ്ണം വച്ച പോക്കഞ്ഞി)
വിലേപീം = കൊഴുത്തകഞ്ഞിയും (വെള്ളച്ചോറ്)
അകൃതം കൃതം ച = താളിക്കാതെയും, താളിച്ചും കറിയാക്കിവച്ചെടുത്ത
യൂഷം തഥാ രസം = ധാന്യയൂഷവും, അപ്രകാരമുള്ള മാംസരസവും
പ്രധാനമദ്ധ്യാവരശുദ്ധിശുദ്ധഃ നരഃ = പ്രധാനശുദ്ധികൊണ്ടും, മദ്ധ്യശുദ്ധികൊണ്ടും, അവരശുദ്ധികൊണ്ടും ശോധനചെയ്യിരിക്കുന്ന മനുഷ്യൻ
ക്രമേണ ത്രീൻ ഉഭയം ഏകം = മുറയ്ക്കു് മൂന്നും, രണ്ടും, ഒന്നും
അന്നകാലാൻ സേവേത = അന്നകാലങ്ങൾ മുഴുവനും ഭുജിച്ചുകൊള്ളണം.

വമിതൻ വിശപ്പുണ്ടെന്നു കണ്ടാൽ അന്നു വൈകുന്നേരത്തോ ഇല്ലെങ്കിൽ പിറേറന്നു രാവിലെയോമുതൽ പേയാദിക്രമം അനുഷ്ഠിച്ചുതുടങ്ങണം. പേയാദിക്രമം എന്നതു ഒരു ആഹാരക്രമംതന്നെയാണ്. പേയ, വിലേപി, യൂഷം, രസം ഈ നാലുമാണ് പേയാദി. ഇതിൽ പേയമാത്രം കുടിക്കേണ്ടതും ശേഷം മൂന്നും തിന്നേണ്ടതുമാണ്. യൂഷവും രസവുമൊക്കെ തിന്നുകയോ എന്നു ചോദിക്കാനൊരുങ്ങുന്നവർ യൂഷത്തിനു യൂഷാന്നമെന്നും രസത്തിനു രസൌദനമെന്നും അർത്ഥംഗ്രഹിച്ചു സമാധാനപ്പെടുകയേവേണ്ടു. ചവയ്ക്കാതെതന്നെയും കുടിച്ചിറക്കത്തക്ക പാകത്തിൽ കൂടുതൽവെള്ളവും, കുറച്ചുചോറുമായി കലർന്നുവരുമാറു വച്ചുണ്ടാക്കുന്ന പൊടിയരിക്കഞ്ഞിയാണു പേയ. മറിച്ച് കുറച്ചുവെള്ളവും കൂടുതൽ ചോറുമുള്ള വാർക്കാത്ത ചോറാണ് വിലേപി. ചോററിൽത്തന്നെ കുറച്ചു ചൂടുവെള്ളംചേർത്തും വിലേപി ഉണ്ടാക്കാം. വെള്ളംകൂടെ ഉള്ളതുകൊണ്ടു "വെള്ളച്ചോറ്" എന്നും ഇതിനു ചിലദിക്കിൽ പേരുണ്ട്. കൂട്ടാനില്ലാതെയും തിന്നാം എന്നുള്ളതാണു വിലേപിക്കുള്ള വിശേഷം. പാകത്തിനു ഉപ്പുനീരും ആവശ്യമുള്ളപക്ഷം അല്പം നെയ്യുംചേർത്ത് ഊററിവാരിത്തിന്നുകയേവേണ്ടു. വെള്ളത്തിനുപകരം ചോററിൽ യൂഷം ചേർത്താൽ യൂഷാന്നവും, രസം ചേർത്താൽ രസൌദനവുമായി. ചെറുപയറ് മുതലായ ധാന്യങ്ങൾ വെന്തെടുത്ത വെള്ളം ഹൃദ്യവും രുച്യവുമായി വരത്തക്കവണ്ണം വേണ്ടുന്ന വ്യഞ്ജനങ്ങൾചേർത്തു കറിയായിട്ടു സംസ്കരിച്ചെടുക്കുന്നതാണു യൂഷം. ഇതിനെത്തന്നെ നെയ്യിൽ താളിച്ചെടുത്താൽ കൃതമെന്നും അല്ലെങ്കിൽ അകൃതമെന്നും പറയും. ഇപ്പോൾ 'രസം' എന്നു പറഞ്ഞുവരുന്നതു് ഈ യൂഷമാണ്. യൂഷം മാത്രം കൂട്ടിയുള്ള ഊണ് 'രസംചാതം' എന്നപേരിൽ പഥ്യാന്നമായിട്ട് ഇന്നും തമിഴർ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. യൂഷംപോലെ മാംസം വെന്തെടുത്ത വെള്ളം കറിയാക്കി അതുകൂട്ടി ഉണ്ണുന്നതാണു രസൌദനം. ഈ പേയയും, വിലേപിയും, യൂഷാന്നവും, രസൌദനവും പ്രധാനശുദ്ധിശുദ്ധൻ മുമ്മൂന്നു അന്നകാലങ്ങളിലും മദ്ധ്യശുദ്ധിശുദ്ധൻ ഈരണ്ടു അന്നകാലങ്ങളിലും അവരശുദ്ധിശുദ്ധൻ ഓരോ അന്നകാലങ്ങളിലും പ്രയോഗിക്കണം. എങ്ങനെയെന്നാൽ വമനം ചെയ്തതിന്റെ പിറേറദിവസം കാലത്തുമുതൽ പേയാദിക്രമം അനുഷ്ഠിക്കുന്നു എന്നുവയ്ക്കുക. മുത്താഴം (പ്രാതരാശം) അത്താഴം (സായമാശം) എന്നു രണ്ട് അന്നകാലമാണല്ലോ ഒരുദിവസമുള്ളതു. പ്രധാനശുദ്ധിശുദ്ധനാണെങ്കിൽ ഒന്നാംദിവസത്തെ മുത്താഴത്തിനും അത്താഴത്തിനും രണ്ടാംദിവസത്തെ മുത്താഴത്തിനും പേയയും രണ്ടാംദിവസത്തെ അത്താഴത്തിനും മൂന്നാംദി

വസത്തെ മുത്താഴത്തിനും അത്താഴത്തിനും വിലേപിയും ഉപയോഗിക്കുക. ഇതുപോലെ നാലും അഞ്ചും ആറും ദിവസങ്ങളിൽ യൂഷാന്നവും രസൌദനവും ഉപയോഗിച്ചുകൊണ്ട് ഏഴാംദിവസംമുതൽ പ്രകൃതിഭോജനമായിക്കൊള്ളാം. മദ്ധ്യശുദ്ധിശുദ്ധനാണെങ്കിൽ ഒന്നാംദിവസം രണ്ടുനേരം പേയയും, അതുപോലെ രണ്ടാംദിവസം വിലേപിയും, മൂന്നാംദിവസം യൂഷാന്നവും, നാലാംദിവസം രസൌദനവും ഉപയോഗിച്ചുകൊണ്ട് അഞ്ചാംദിവസംമുതൽ പ്രകൃതിഭോജനമാകാം. അവരശുദ്ധിശുദ്ധനു് ഒന്നാംദിവസം മുത്താഴത്തിനു പേയയും, അത്താഴത്തിനു വിലേപിയും, രണ്ടാംദിവസം മുത്താഴത്തിനു യൂഷാന്നവും അത്താഴത്തിനു രസൌദനവും ഉപയോഗിച്ചിട്ടു മൂന്നാംദിവസംമുതൽക്കാകാം പ്രകൃതിഭോജനം. പൊടിയരിക്കഞ്ഞിയുടെ തെളിമാത്രം അല്പം ഉപ്പുംചേർത്തു് ആദ്യം കുടിച്ചുകൊണ്ടു പിന്നെ പേയാദിക്രമമനുഷ്ഠിക്കുന്നതു നന്നായിരിക്കും. വിലേപീയൂഷരസങ്ങളെപ്പറ്റി ഇവിടെപ്പറഞ്ഞ വിവരണത്തിൽ സംശയിക്കുന്നവർ 'ശാലിതണ്ഡുലാനാം സുസ്വിന്നാം വിലേപീമുഷ്ണോദകദ്വിതീയാമസ്നേഹലവണാമല്പസ്നേഹലവണാം വാ ഭോജയേത്, ശാലീനാം ദ്വിഃപ്രസൃതം സുസ്വിന്നമോദനമുഷ്ണോദകാനുപാനം തനുനാ തനുസ്നേഹലവണോപപന്നേന മുദ്ഗയൂഷേണ—ലാവകപിഞ്ജലാദീനാമന്യതമസ്യ മാംസസ്യ രസേന ദകലാവണികേനതനാതിസാരവതാ ഭോജയേദുഷ്ണോദകാനുപാനം' എന്നുള്ള ആർഷസൂക്തികളെ ശരണം പ്രാപിച്ചുകൊള്ളട്ടെ.

യഥാണുരഗ്നിസ്തൃണഗോമയാദ്യൈ-
സ്സന്ധുക്ഷ്യമാണോ ഭവതി ക്രമേണ
മഹാൻ സ്ഥിരസ്സർവ്വപചസ്തഥൈവ
ശുദ്ധസ്യ പേയാദിഭിരന്തരാഗ്നിഃ. 28

| | |
|---|---|
| യഥാ | = യാതൊരുപ്രകാരം |
| അണുഃ അഗ്നിഃ | = ഏററവും ചെറുതായ അഗ്നി |
| തൃണഗോമയാദ്യൈഃ | = ഉണക്കപ്പുല്ല്, ഉണക്കച്ചാണകം മുതലായവകൊണ്ടു |
| ക്രമേണ സന്ധുക്ഷ്യമാണഃ | = ക്രമത്തിനു ദീപിപ്പിക്കപ്പെടുന്നതായാൽ |
| മഹാൻ | = വലുതായും |
| സ്ഥിരഃ | = ഉറപ്പുള്ളതായും |
| സർവ്വപചഃ | = എല്ലാറ്റിനേയും ദഹിപ്പിക്കത്തക്ക ശക്തിയുള്ളതായും |
| ഭവതി | = ഭവിക്കുന്നുവോ |
| തഥാ ഏവ | = അപ്രകാരംതന്നെ |
| ശുദ്ധസ്യ | = ശോധനംചെയ്തവന്റെ |
| അണുഃ അന്തരാഗ്നി. | = അത്യല്പമായിത്തീർന്നിരിക്കുന്ന ജഠരാഗ്നി |
| പേയാദിഭിഃ ക്രമേണ സന്ധുക്ഷ്യമാണഃ) | = പേയാദിക്രമംകൊണ്ട് ക്രമേണ ദീപ്തമാക്കിത്തീർത്താൽ |
| മഹാൻ സ്ഥിരഃ സർവ്വപചഃ | = വലുതായും, സ്ഥിരമായും, സർവ്വപചമായും തീരും. |

ജഘന്യമദ്ധ്യപ്രവരേ തു വേഗാ-
ശ്ചത്വാര ഇഷ്ടാ വമനേ ഷഡഷ്ടൗ
ദശൈവ തേ ദ്വിത്രിഗുണാ വിരേകേ
പ്രസ്ഥസ്തഥാ സ്യാദ് ദ്വിചതുർഗ്ഗുണശ്ച. 29

പിത്താവസാനം വമനം വിരേകാ-
ദർദ്ധം കഫാന്തഞ്ച വിരേകമാഹുഃ
ദ്വിത്രാൻ സവിട്കാനപനീയ വേഗാൻ
മേയം വിരേകേ വമനേ തു പീതം. 30

ജഘന്യമധ്യപ്രവരേ വമനേ തു = അവരവും, മധ്യവും, പ്രധാനവുമായ വമനത്തിൽ
ചത്വാരഃ ഷഡ് അഷ്ടൗ = നാലും, ആറും, എട്ടും
വേഗാഃ ഇഷ്ടാഃ = വേഗങ്ങളും വേണ്ടതാകുന്നു.
(ജഘന്യമധ്യപ്രവരേ) വിരേകേ = അവരവും മധ്യവും പ്രധാനവുമായ വിരേചനത്തിൽ
ദശ ഏവ = പത്തും
ദ്വിത്രിഗുണാഃ (ദശ) = ഇരുപതുംമുപ്പതും (രണ്ടിരട്ടിപ്പത്തും മൂന്നിരട്ടിപ്പത്തും)
തേ = അതുകളും (വേഗങ്ങളും) വേണ്ടതാണ്.
തഥാ = അപ്രകാരം
പ്രസ്ഥഃ = ഇടങ്ങഴിയും
ദ്വിചതുർഗ്ഗുണഃ പ്രസ്ഥഃ ച സ്യാൽ = രണ്ടിടങ്ങഴിയും നാലിടങ്ങഴിയും അളവും വേണം.
വമനം പിത്താവസാനം = വമനം പിത്തം കാണുന്നതുവരെ വേണം
വിരേകാൽ അർദ്ധം = വിരേചനത്തിനുപറഞ്ഞതിന്റെ പകുതി അളവും വേണം (അരയിടങ്ങഴിയു ഒരിടങ്ങഴി രണ്ടിടങ്ങഴിയും)
വിരേകം. = വിരേചനം
കഫാന്തം ച ആഹുഃ = കഫം കാണുന്നതുവരെ വേണമെന്നും പറയുന്നു.
വിരേകേ = വിരേചനത്തിൽ
സവിട്കാൻ = മലത്തോടുകൂടിയ
ദ്വിത്രാൻ വേഗാൻ = രണ്ടുമൂന്നു വേഗങ്ങളെയും
വമനേ തു = വമനത്തിലാകട്ടെ
പീതം = വമനകാര്യത്തിനായി കുടിച്ചിട്ടുള്ളതിനേയും
അപനീയ മേയം = വിട്ടുകളഞ്ഞിട്ടു കൂട്ടേണ്ടതാണ്.

പേയാദിക്രമം വിധിച്ചപ്പോൾ പ്രധാനമധ്യാവരശുദ്ധിശുദ്ധാനു് അതു് മൂന്നു വിധത്തിൽ ഉപയോഗിക്കണമെന്നു പറഞ്ഞുവല്ലോ. പ്രധാനശുദ്ധിയും മധ്യശുദ്ധിയും, അവരശുദ്ധിയും എങ്ങനെയുള്ളതാണെന്നിവിടെ പറയുന്നു. വമനത്തിൽ എട്ടു പ്രാവശ്യം ഛർദ്ദിക്കയും, രണ്ടിടങ്ങഴി ദോഷം പോകയും, പിത്തം കാണുകയും ചെയ്താൽ പ്രധാനശുദ്ധിയായി. മധ്യശുദ്ധിയിൽ ആറുപ്രാവശ്യം ഛർദ്ദിക്കയും ഒരിടങ്ങഴി ദോഷം പോകുകയും വേണം. നാലുപ്രാവശ്യം മാത്രം ഛർദ്ദിക്കയും, അരയിടങ്ങഴിദോഷം പോകയുമാണു ചെയ്തതെങ്കിൽ അതു അവരശുദ്ധിയാകുന്നു. വിരേചനത്തിൽ മുപ്പതുവേഗമുണ്ടാകണം, നാലിടങ്ങഴി മലം പോകണം, കഫം കാണുകയും വേണം. അതാണു പ്രധാനശുദ്ധി. മധ്യശുദ്ധിയിൽ ഇരുപതു വേഗമുണ്ടാകണം. രണ്ടിടങ്ങഴിമലം പോകയും വേണം. പത്തു വേഗങ്ങളിലായിട്ടു് ഒരിടങ്ങഴി മലം പോകുന്നതാണു് അവരശുദ്ധി. വേഗങ്ങളെ എണ്ണുകയും, അളവെടുക്കുകയും ചെയ്യുന്നതു വിരേചനത്തിൽ മലത്തോടുകൂടി പോകുന്ന ആദ്യത്തെ രണ്ടുമൂന്നു വേഗങ്ങളെ വിട്ടുകളഞ്ഞിട്ടുവേണം. വമനത്തിലാണെങ്കിൽ എന്തെല്ലാം എത്രമാത്രം വമനത്തിനായി കുടിച്ചിട്ടുണ്ടോ അതത്രയുംവിട്ടു കൂട്ടേണ്ടതാണ്.

അഥൈനം വാമിതം ഭൂയഃ സ്നേഹസ്വേദോപപാദിതം
ശ്ലേഷ്മകാലേ ഗതേ ജ്ഞാത്വാ കോഷ്ഠം സമ്യഗ്വിരേചയേൽ. 3 ।

അഥ = അനന്തരം
വാമിതം ഏനം = ഛർദ്ദിപ്പിച്ചിരിക്കുന്ന ഇവനെ
ഭൂയഃ = പിന്നെയും മുൻപിലത്തെപ്പോലെ
സ്നേഹസ്വേദോപപാദിതം = സ്നേഹസ്വേദപ്രയോഗംകൊണ്ടു ശരീരം സംസ്കരിച്ചിട്ടു്
ശ്ലേഷ്മകാലേ ഗതേ = കഫകാലമായ പത്തുനാഴിക പുലർച്ചനേരത്തിയതിനുശേഷം
കോഷ്ഠം ജ്ഞാത്വാ = കോഷ്ഠത്തിന്റെ അവസ്ഥ സൂക്ഷിച്ചുനോക്കി അറിഞ്ഞിട്ടു്
സമ്യക് വിരേചയേൽ = സമ്യഗ്യോഗമുണ്ടാകത്തക്കവിധത്തിൽ വിരേചിപ്പിക്കണം.

ബഹുപിത്തോമൃദുഃ കോഷ്ഠഃ ക്ഷീരേണാപി വിരേച്യതേ
പ്രഭൂതമാരുതഃ ക്രൂരഃ കൃച്ഛ്രാച്ഛ്യാമാദികൈരപി. 32

| | |
|---|---|
| ബഹുപിത്തഃ | = പിത്തം വർദ്ധിച്ചിരിക്കുന്ന |
| കോഷ്ഠഃ മൃദുഃ | = കോഷ്ഠം മൃദുവായിരിക്കുന്നു എങ്കിൽ |
| ക്ഷീരേണ അപി | = പാലുകൊടുക്കുന്നതുകൊണ്ടും |
| വിരേച്യതേ | = വിരേചനമുണ്ടാകുന്നു. |
| പ്രഭൂതമാരുതഃ | = വാതം വളരെ വർദ്ധിച്ചിരിക്കയും |
| (കോഷ്ഠഃ) ക്രൂരഃ | = കോഷ്ഠം ക്രൂരമായിരിക്കയും ചെയ്യുന്നു എങ്കിൽ |
| ശ്യാമാദികൈഃ അപി | = നാൽക്കോല്പക്കൊന്ന മുതലായ തീക്ഷ്ണവിരേചനങ്ങൾകൊണ്ടും |
| കൃച്ഛ്റാൽ (വിരേച്യതേ) | = പണിപ്പെട്ടിട്ടേ വിരേചനമുണ്ടാവൂ. |

കോഷ്ഠമറിയാതെ വിരേചനത്തിനു മരുന്നു കൊടുക്കുന്നതായാൽ ചിലപ്പോൾ മൃദുകോഷ്ഠത്തിൽ തീക്ഷ്ണവിരേചനവും ക്രൂരകോഷ്ഠത്തിൽ മൃദുവിരേചനവും പ്രയോഗിക്കാൻ സംഗതിയാകും. അതു് അതിയോഗത്തേയും അയോഗത്തേയുമുണ്ടാക്കുകയും ചെയ്യും. ഈ വ്യാപത്തുണ്ടാകാതിരിക്കാനാണു് കോഷ്ഠമറിഞ്ഞു വിരേചിപ്പിക്കാൻ വിധിച്ചതു്.

കഷായമധുരൈഃ പിത്തേ വിരേകഃ കടുകൈഃ കഫേ
സ്നിഗ്ദ്ധോഷ്ണലവണൈർവായൗ—അപ്രവൃത്തൗ തു പായയേൽ. 33
ഉഷ്ണാംബു സ്വേദയേദസ്യ പാണിതാപേന ചോദരം

| | |
|---|---|
| പിത്തേ കഷായമധുരൈഃ | = പിത്തത്തിൽ കഷായമധുരരസങ്ങളുള്ള ഔഷധങ്ങൾകൊണ്ടും |
| കഫേ കടുകൈഃ | = കഫത്തിൽ കടുരസമുള്ള ഔഷധങ്ങൾകൊണ്ടും |
| വായൗ സ്നിഗ്ദ്ധോഷ്ണലവണൈഃ | = വായുവിൽ സ്നിഗ്ദ്ധോഷ്ണഗുണങ്ങളും ലവണരസവുമുള്ള ഔഷധങ്ങൾകൊണ്ടും |
| വിരേകഃ (കാര്യഃ) | = വിരേചനം ചെയ്യേണ്ടതാണു്. |
| അപ്രവൃത്തൗ തു | = വിരേചനം ശരിക്കുണ്ടാകുന്നില്ലെന്നുകണ്ടാൽ |
| ഉഷ്ണാംബു പായയേൽ | = ചൂടുവെള്ളം കുടിപ്പിക്കണം. |
| അസ്യ ഉദരം | = ഇയാളുടെ വയറു |
| പാണിതാപേന | = തീയിൽ ചൂടുപിടിപ്പിച്ച ഉള്ളംകൈകൊണ്ടു് |
| സ്വേദയേൽ ച | = തലോടി വിയർപ്പിക്കുകയും വേണം. |

ഉത്ഥാനേല്പേ ദിനേ തസ്മിൻ ഭുക്ത്വാന്യേദ്യുഃ പുനഃ പിബേൽ. 34
അദൃഢസ്നേഹകോഷ്ഠസ്തു പിബേദൂർദ്ധ്വം ദശാഹതഃ
ഭൂയോപ്യുപസ്കൃതതനുഃ സ്നേഹസ്വേദൈർവിരേചനം. 35
യൗഗികം സമ്യഗാലോച്യ സ്മരൻ പൂർവ്വമതിക്രമം

| | |
|---|---|
| ഉത്ഥാനേ അല്പേ | = മലം അല്പമേ പോയിട്ടുള്ളൂ എങ്കിൽ |
| തസ്മിൻ ദിനേ ഭുക്ത്വാ | = ആ ദിവസം ആഹാരം കഴിച്ചുകൊണ്ടു് |
| അന്യേദ്യുഃ പുനഃ പിബേൽ | = അടുത്തദിവസം വീണ്ടും വിരേചനൗഷധം കുടിക്കണം. |
| അദൃഢസ്നേഹകോഷ്ഠഃ തു | = വിരേചനമുണ്ടാകാത്തതു കോഷ്ഠം സുസ്നിഗ്ദ്ധമാകാഞ്ഞിട്ടാണെന്നുകണ്ടാൽ |
| ഭൂയഃ അപി | = പിന്നെയും മുൻപിലത്തെപ്പോലെ |
| സ്നേഹസ്വേദൈഃ | = സ്നേഹസ്വേദപ്രയോഗങ്ങൾകൊണ്ടു് |
| ഉപസ്കൃതതനുഃ | = ശരീരസംസ്കരണം ചെയ്തുകൊണ്ടു് |

ദശാഹതഃ ഊർദ്ധ്വം = പത്തുദിവസം കഴിച്ചിട്ട് അതിനുശേഷം

പൂർവ്വം അതിക്രമം സ്മരൻ = മുൻപ് വിരേകമുണ്ടാകാതിരുന്നതിനെ ഓർമ്മിച്ചുകൊണ്ട്

സമ്യക് ആലോച്യ = നല്ലവണ്ണം ആലോചിച്ചിട്ട്

യൌഗികം വിരേചനം പിബേൽ = യോഗയോഗ്യമായ വിധത്തിൽ തയാറാക്കിയ വിരേചനൌഷധം കുടിക്കേണ്ടതാണ്.

മരുന്നു കുടിച്ചിട്ടു വിരേചനം ശരിക്കുണ്ടായിക്കാണുന്നില്ലെങ്കിൽ അന്നു പിന്നെ ആഹാരം കഴിച്ചുകൊണ്ട് അടുത്തദിവസം വീണ്ടും മരുന്നു കുടിക്കണം. വിരേകമുണ്ടാകാഞ്ഞതു കോഷ്ഠം സ്നിഗ്ദ്ധമാകായ്കനിമിത്തമാണെങ്കിൽ വീണ്ടും സ്നേഹസ്വേദങ്ങൾകൊണ്ടു ശരീരത്തെ നല്ലവണ്ണം സ്നിഗ്ദ്ധസ്വിന്നമാക്കിട്ടു പത്തുദിവസത്തിനുമേൽ ഇനിയും മുൻപിലത്തെ മാതിരിയാകാത്തക്കവണ്ണം യൌഗികമായ ഔഷധം തന്നെ നിശ്ചയിച്ചു വിഹിതമാത്രയിൽ കൊടുക്കേണ്ടതാണ്.

ഹൃൽകുക്ഷ്യശുദ്ധിരരുചിരുൽക്ലേശഃ ശ്ലേഷ്മപിത്തയോഃ. 36
കണ്ഡൂർവിദാഹഃ പിടകാ പീനസോ വാതവിഡ്ഗ്രഹഃ
അയോഗലക്ഷണം യോഗോ വൈപരീത്യേ യഥോദിതാൽ. 37

ഹൃൽകുക്ഷ്യശുദ്ധിഃ അരുചിഃ = ഹൃദയത്തിനും വയററിനും അശുദ്ധി (നെഞ്ചെരിപ്പും ഗൌരവവും) രുചിയില്ലായ്ക

ശ്ലേഷ്മപിത്തയോഃ ഉൽക്ലേശഃ = കഫപിത്തങ്ങളുടെ ഇളക്കം

കണ്ഡൂഃ വിദാഹഃ = ചൊറിച്ചിൽ, ഉൾപ്പുഴുക്ക്

പിടകാ പീനസഃ = ദേഹത്തു കുരുക്കളുണ്ടാവുക മൂക്കുവാലുക

വാതവിഡ്ഗ്രഹഃ = അധോവായുവും മലവും പോകായ്ക ഇതെല്ലാം

അയോഗലക്ഷണം = വിരേചനത്തിന്റെ അയോഗലക്ഷണമാകുന്നു.

യഥോദിതാൽ = ഇപ്പറഞ്ഞതിൽനിന്നു

വൈപരീത്യേ = വിപരീതഭാവങ്ങളാണുണ്ടാകുന്നതെങ്കിൽ

യോഗഃ = അതു സമ്യഗ്യോഗലക്ഷണമാകുന്നു.

വിൾപിത്തകഫവാതേഷു നിസ്സൃതേഷു ക്രമാൽസ്രവേൽ
നിഃശ്ലേഷ്മപിത്തമുദകം ശ്വേതം കൃഷ്ണം സലോഹിതം. 38
മാംസധാവനതുല്യം വാ മേദഃഖണ്ഡാഭമേവ വാ
ഗുദനിസ്സരണം തൃഷ്ണാ ഭ്രമോ നേത്രപ്രവേശനം. 39
ഭവന്ത്യതിവിരിക്തസ്യ തഥാതിവമനാമയാഃ

വിൾപിത്തകഫവാതേഷു = മലവും, പിത്തവും കഫവും, വായുവും (അധോ- [വായു)

ക്രമാൽ നിസ്സൃതേഷു = മുറയ്ക്കു പോയതിനുശേഷം

നിഃശ്ലേഷ്മപിത്തം = കഫപിത്തങ്ങളോടുകൂടാതെ

ശ്വേതം കൃഷ്ണം സലോഹിതം = വെളുത്തും കറുത്തും, രക്തം കലർന്നും

മാംസധാവനതുല്യം വാ = മാംസം കഴുകിയ ജലംപോലെയും

മേദഃഖണ്ഡാഭം ഏവ വാ = മേദസ്സിന്റെ കഷണങ്ങൾപോലെതന്നെയുമുള്ള

ഉദകം സ്രവേൽ = വെള്ളം അതിസരിച്ചുകൊണ്ടിരിക്കും,

ഗുദനിസ്സരണം = ഗുദം പുറത്തേയ്ക്കു തള്ളുക

തൃഷ്ണാ ഭ്രമഃ = തണ്ണീർദാഹം, തലച്ചുററൽ

നേത്രപ്രവേശനം തഥാ = കണ്ണ് ഉള്ളിലേയ്ക്കു താഴുക ഇവയും, അപ്രകാരം

അതിവമനാമയാഃ = വമനാതിയോഗത്തിൽ ഉണ്ടാകുമെന്നു പറഞ്ഞിട്ടുള്ള ക്ഷാമത, ദാഹം മുതലായ വികാരങ്ങളും

അതിവിരിക്തസ്യ ഭവന്തി = അതിവിരിക്തന് ഉണ്ടാകുന്നു. (ഇതെല്ലാം വിരേചനാതിയോഗത്തിന്റെ ലക്ഷണങ്ങളാകുന്നു.)

സമ്യഗ്വിരക്തമേനം ച വമനോക്തേന യോജയേൽ. 40

ധൂമവർജ്ജ്യേന വിധിനാ തതോ വമിതവാനിവ
ക്രമേണാന്നാനി ഭുഞ്ജാനോ ഭജേൽ പ്രകൃതിഭോജനം. 41

സമ്യഗ്വിരിക്തം ഏനം = സമ്യഗ്യോഗപ്രകാരം വിരേചിച്ച ഇവനെ
ധൂമവർജ്ജ്യേന = ധൂമപാനം ഒഴിച്ചുള്ള
വമനോക്തേന വിധിനാ = വമനത്തിൽ പറഞ്ഞിട്ടുള്ള വിധിയോടു്
യോജയേൽ ച = യോജിപ്പിക്കയും വേണം. (ധൂമപാനമൊഴിച്ചുള്ള വമനവിധിയെ അനുഷ്ഠിപ്പിക്കണമെന്നർത്ഥം.)
തതഃ വമിതവാൻ ഇവ = അതിന്നുശേഷം, ഛർദ്ദിച്ചവൻ എന്നപോലെ
ക്രമേണ അന്നാനി = ക്രമപ്രകാരമുള്ള അന്നങ്ങളെ
ഭുഞ്ജാനഃ = ഭുജിച്ചുകൊണ്ടു് (പേയാദിക്രമത്തെ അനുഷ്ഠിച്ചുകൊണ്ടു്)
പ്രകൃതിഭോജനം ഭജേൽ = സാധാരണരീതിയിലുള്ള ആഹാരംകഴിച്ചുകൊള്ളണം.

മന്ദവഹ്നിമസംശുദ്ധമക്ഷാമം ദോഷദുർബലം
അദൃഷ്ടജീർണ്ണലിംഗം ച ലംഘയേൽ പീതഭേഷജം. 42
സ്നേഹസ്വേദൗഷധോൽക്ലേശസംഗൈരിതി ന ബാധ്യതേ

മന്ദവഹ്നിം = അഗ്നിമന്ദിച്ചിരിക്കുന്ന
അസംശുദ്ധം അക്ഷാമം = ശോധമുണ്ടായിട്ടില്ല ശരീരം ക്ഷീണിച്ചിട്ടില്ല
ദോഷദുർബലം = ദോഷോൽക്ലേശംനിമിത്തം ബലഹാനിയുണ്ടു്.
അദൃഷ്ടജീർണ്ണലിംഗം ച = മരുന്നു ദഹിച്ചുപോയതായ ലക്ഷണം കാണുന്നുമില്ല ഈ ലക്ഷണങ്ങളോടുകൂടിയ
പീതഭേഷജം = വിരേചനത്തിന്നു മരുന്നുകുടിച്ചിരിക്കുന്നവനെ
ലംഘയേൽ = ലംഘിപ്പിക്കണം.

വിരേചനത്തിന്നു മരുന്നുകുടിച്ചിരിക്കുന്നവന്നു വിരേചനമുണ്ടാകേണ്ട സമയം കഴിഞ്ഞിട്ടു മേൽപ്പറഞ്ഞ ലക്ഷണം കാണുകയാണെങ്കിൽ അയാളെ ഉപവസിപ്പിക്കണം.

ഇതി (കൃതേ സതി) = ഇപ്രകാരം ചെയ്താൽ
സ്നേഹസ്വേദൗഷധോത്ക്ലേശസംഗൈഃ = സ്നേഹയോജനംകൊണ്ടും, സ്വേദപ്രയോഗംകൊണ്ടും ഔഷധപാനംകൊണ്ടുമുണ്ടായിട്ടുള്ള ദോഷോൽക്ലേശങ്ങളുടെ സമ്മിശ്രണത്താൽ
ന ബാധ്യതേ = ബാധിക്കപ്പെടുകയില്ല

വിരേചനത്തിന്നു മരുന്നു കുടിച്ചിരിക്കുന്നവന്നു വിരേചനമുണ്ടാകേണ്ട സമയം കഴിഞ്ഞിട്ടു മേൽപ്പറഞ്ഞ ലക്ഷണം കാണുകയാണെങ്കിൽ അയാളെ ഉപവസിപ്പിക്കണം. സ്നേഹസ്വേദങ്ങളാൽ ഉൽക്ലിഷ്ടങ്ങളായ ദോഷങ്ങളോടുകൂടി ഔഷധോൽക്ലിഷ്ടദോഷങ്ങളും കലർന്നു കോഷ്ഠത്തിൽ കിടന്നു വ്യാപത്തുണ്ടാക്കാൻ എളുപ്പമുണ്ടു്. അതു വരാതിരിക്കാനാണു് ഉപവസിപ്പിക്കണമെന്നു പറഞ്ഞതു്.

സംശോധനാസ്രവിസ്രാവസ്നേഹയോജനലംഘനൈഃ. 43
യാത്യഗ്നിർമന്ദതാം തസ്മാൽ ക്രമം പേയാദിമാചരേൽ

സംശോധനാസ്രവിസ്രാവസ്നേഹയോജനലംഘനൈഃ = വമനവിരേചനങ്ങൾ, രക്തമോക്ഷം, സ്നേഹപാനം, ഉപവാസം ഇവകളാൽ
അഗ്നിഃ മന്ദതാം യാതി = ജഠരാഗ്നി മന്ദമായിപ്പോകുന്നുണ്ടു്.
തസ്മാൽ = അതിനാൽ—അതിലൊക്കെയും
പേയാദിക്രമം ആചരേൽ = പേയാദിക്രമത്തെ അനുഷ്ഠിച്ചുകൊള്ളേണ്ടതാണു്.

സ്രുതാല്പപിത്തശ്ലേഷ്മാണം മദ്യപം വാതപൈത്തികം 44
പേയാം ന പായയേത്തേഷാം തർപ്പണാദിക്രമോ ഹിതഃ

സ്രുതാല്പപിത്തശ്ലേഷ്മാണം = വിരേചനവമനങ്ങളാൽ പിത്തകഫങ്ങൾ അല്പം മാത്രം പോയിരിക്കുന്നവനേയും
മദ്യപം = പതിവായി മദ്യം കുടിച്ചുകൊണ്ടിരിക്കുന്നവനേയും
വാതപൈത്തികം = വാതപിത്തപ്രകൃതിക്കാരനേയും
പേയാം ന പായയേൽ = കഞ്ഞികുടിപ്പിക്കരുത്.
തേഷാം = അവർക്കെല്ലാം
തർപ്പണാദിക്രമഃ ഹിതഃ = തർപ്പണാദിക്രമമാണു ഹിതമായിട്ടുള്ളതു്.

പേയാദിക്രമത്തിലെ പേയയുടെ സ്ഥാനത്തു തർപ്പണത്തെച്ചേർക്കുമ്പോഴുള്ള തർപ്പണം, വിലേപി, യൂഷാന്നം, രസാന്നം ഇതാണ് തർപ്പണാദിക്രമം. പേയ കഫവർദ്ധനമാകയാൽ മേൽപ്പറഞ്ഞവർക്കെല്ലാം പേയാദിക്രമത്തെ തർപ്പണാദിയായിട്ടു പ്രയോഗിക്കേണ്ടതാകുന്നു.

അപക്വം വമനം ദോഷാൻ പച്യമാനം വിരേചനം. 45
നിർഹരേദ്വമനസ്യാതഃ പാകം ന പ്രതിപാലയേൽ

വമനം അപക്വം = വമനൗഷധം പാകംവരാതെയും
വിരേചനം പച്യമാനം = വിരേചനൗഷധം പാകം വന്നുകൊണ്ടും
ദോഷാൻ നിർഹരേൽ = ദോഷങ്ങളെ പുറത്തുകളയുന്നു.
അതഃ = ഈ കാരണത്താൽ
വമനസ്യ = വമനത്തിന്
പാകം ന പ്രതിപാലയേൽ = പാകത്തെ കാത്തിരിക്കേണ്ടതില്ല.

വമനൗഷധം പാകംവരാതെതന്നെ വമനത്തെ ഉണ്ടാക്കുന്നു. വിരേചനൗഷധം പാകംവന്നുകൊണ്ടിരിക്കുമ്പോഴാണ് വിരേചനത്തെ ഉണ്ടാക്കുന്നതു്. അതുകൊണ്ടു വമനൗഷധം സേവിച്ചിട്ടു പാകകാലത്തെ പ്രതീക്ഷിച്ചിരിക്കേണ്ട ആവശ്യമില്ല മരുന്നുസേവിച്ചിട്ടു് ഒരു മുഹൂർത്തത്തിനകം വമനമുണ്ടായില്ലെങ്കിൽ വേണ്ടതു ചെയ്തുകൊള്ളണം. വിരേചനത്തിലാണെങ്കിൽ പാകകാലം കഴിഞ്ഞിട്ടേ എന്തെങ്കിലും ചെയ്യാവൂ.

ദുർബലോ ബഹുദോഷശ്ച ദോഷപാകേന യസ്സ്വയം. 46
വിരിച്യതേ ഭേദനീയൈർഭോജ്യൈസ്തമുപപാദയേൽ

ദുർബലഃ = ബലം കുറഞ്ഞിരിക്കുന്നവനും
ബഹുദോഷഃ ച = ദോഷം വളരെ വർദ്ധിച്ചിരിക്കുന്നവനും
ദോഷപാകേന = ദോഷത്തിനു പാകം വരികനിമിത്തം
സ്വയം വിരിച്യതേ = തനിയേ വിരേചനമുണ്ടാകുന്നു എങ്കിൽ
തം = അങ്ങനെയുള്ളവനെ
ഭേദനീയൈഃ ഭോജ്യൈഃ = മലത്തിനയവുണ്ടാക്കുന്ന ആഹാരങ്ങളെക്കൊണ്ടു്
ഉപപാദയേൽ = ഉപചരിക്കേണ്ടതാണ്.

ദുർബലനു ശോധന അനുവദിച്ചിട്ടില്ല. ബലഹീനതനിമിത്തം വ്യാപത്തുണ്ടാകാനിടയുണ്ടു് എന്നുള്ളതാണതിനു കാരണം. എന്നാൽ അതിനെക്കാൾ ആപല്ക്കരമായ വിധത്തിൽ ദോഷം വർദ്ധിച്ചിരുന്നാൽ ശോധനംചെയ്യാതെ തരവുമില്ല. ആകയാൽ അങ്ങനെയുള്ള ഘട്ടത്തിൽ ദുർബലനെ വിരേചിപ്പിക്കേണ്ട വിധത്തെയാണ് ഇവിടെ പറയുന്നതു്. ദുർബലനു ശോധനയോഗ്യമായ ദോഷം അധികം വർദ്ധിച്ചിട്ടു ദോഷപാകത്താൽ സ്വയം വിരേചനമുണ്ടാകുന്നുണ്ടെങ്കിൽ ഭേദനങ്ങളായ ആഹാരങ്ങൾകൊടുത്തു് ആ വിധത്തിൽ ദോഷനിർഹരണം ചെയ്താൽ മതി. മരുന്നുകൊടുത്തു വിരേചിപ്പിക്കേണ്ടതില്ല.

ദുർബലോശോധിതഃ പൂർവമല്പദോഷഃ കൃശോനരഃ 47

അപരിജ്ഞാതകോഷ്ഠശ്ച പിബേന്മൃദ്വല്പമൗഷധം
വരം തദസകൃൽപീതമന്യഥാ സംശയാവഹം. 48

ദുർബലഃ അല്പദോഷഃ = ബലഹീനനും, ദോഷം അല്പംമാത്രമുള്ളവനും

കൃശഃ നരഃ പൂർവം അശോധിതഃ = കൃശനുമായ നരൻ, മുമ്പു ശോധനംചെയ്തിട്ടില്ല

അപരിജ്ഞാതകോഷ്ഠഃ ച = (അതുകൊണ്ടു) കോഷ്ഠം ഇന്നവിധത്തിലുള്ളതാണെന്നു നിർണ്ണയിക്കപ്പെട്ടിട്ടുമില്ല എങ്കിൽ

മൃദു ഔഷധം = മൃദുവായ ശോധനൗഷധം

അല്പം പിബേൽ = അല്പമാത്രമായിട്ടു കുടിക്കേണ്ടതാണ്.

അസകൃൽ പീതം = പലവട്ടം കുടിക്കുന്നതായാൽ

തൽ വരം = അതു ശ്രേഷ്ഠമായ ശോധനൗഷധമാകുന്നു

അന്യഥാ = അങ്ങനെയല്ലാഞ്ഞാൽ

സംശയാവഹം = അപായകരമാകയില്ലയോ എന്നു സംശയിക്കേണ്ടതാകുന്നു.

ദുർബലനാണ് കൃശനുമാണ്. ദോഷം അല്പമേ ഉള്ളു. മുമ്പു ശോധനചെയ്തിട്ടില്ല. അതുകൊണ്ടു ക്രൂരകോഷ്ഠമോ, മധ്യകോഷ്ഠമോ, മൃദുകോഷ്ഠമോ എന്നു തീർച്ചവന്നിട്ടുമില്ല എങ്കിൽ മൃദുവായ ശോധനൗഷധം അല്പമാത്രമായി കൊടുക്കേണ്ടതാണ്. അയോഗം വന്നേക്കയില്ലയോ എന്നാണെങ്കിൽ ഏതാനും ദിവസം തുടൻ് സേവിക്കുന്നതുകൊണ്ടു ദോഷം മുഴുവൻ പോയിട്ടു സമ്യഗ്യോഗമുണ്ടാകും. അങ്ങനെയല്ലാതെ തീക്ഷ്ണൗഷധം മാത്രാധികമായിട്ടു കൊടുത്താൽ അതിയോഗമുണ്ടാവാം. ദുർബലനും കൃശനുമായവനുണ്ടാകുന്ന ആ അതിയോഗം അപായകരമായിത്തീരുകയും ചെയ്യും.

ഹരേൽ ബഹൂംശ്ചലാൻ ദോഷ നല്പാനല്പാൻ പുനഃപുനഃ
ദുർബലസ്യ മൃദുദ്രവ്യൈരല്പാൻ സംശമയേത്തു താൻ. 49

ക്ലേശയന്തി ചിരം തേ ഹി ഹന്യുർവൈനമനിർഹൃതാഃ

ദുർബലസ്യ = ദുർബലന്

ബഹൂൻ ചലാൻ ദോഷാൻ = അധികമായും ഇളകിയുമിരിക്കുന്ന ദോഷങ്ങളെ

പുനഃ പുനഃ അല്പാൻ അല്പാൻ = വീണ്ടും വീണ്ടും കുറച്ചുകുറച്ചായിട്ടു

ഹരേൽ = ശോധനം ചെയ്തുകളയണം.

അല്പാൻ (ദോഷാൻ) = അല്പമായ ദോഷത്തെ

മൃദുദ്രവ്യൈഃ ഹരേൽ) = മൃദുവായ ഔഷധംകൊണ്ടു പോക്കണം.

താൻ തു = ദുർബലൻെറ അല്പദോഷങ്ങളെ (ചലങ്ങളല്ലാത്തവയേ എന്നുകൂടി ധരിക്കണം

സംശമയേൽ = ബീജനാശം വരത്തക്കവണ്ണം ശമിപ്പിക്കുന്നതും കൊള്ളാം

ഹി = എന്തെന്നാൽ

തേ = അല്പങ്ങളായിരുന്നാലും ചലങ്ങളായ ആ ദോഷ-[ങ്ങൾ]

അനിർഹൃതാഃ = ശോധനം ചെയ്തുകളയാതെയിരുന്നാൽ [ങ്ങൾ

ഏനം = ഈ രോഗിയെ

ചിരം ക്ലേശയന്തി ഹന്യുഃ വാ = വളരെനാൾ ക്ലേശിപ്പിക്കും; മരിപ്പിക്കയോ ചെയ്യും.

ദുർബലനു ദോഷങ്ങൾ വളരെയുണ്ടു്. ഇളകിയുമിരിക്കുന്നു എങ്കിൽ ശോധനൗഷധം അല്പമാത്രമായിട്ടു വീണ്ടും വീണ്ടും കൊടുത്തു് ആ ദോഷങ്ങളെ അല്പാല്പമായിട്ടു പോക്കേണ്ടതാണ. ദോഷം അല്പമേ ഉള്ളുവെങ്കിൽ മൃദുദ്രവ്യംകൊണ്ടുവേണം പോക്കാൻ. ആ അല്പദോഷംതന്നെ ചലമായിട്ടില്ലെങ്കിൽ ശമിപ്പിച്ചുകളഞ്ഞാൽ മതി. അല്ലെങ്കിൽ അല്പാല്പമായിട്ടെങ്കിലും ശോധനംചെയ്തു കളകതന്നെ വേണം.

എന്തെന്നാൽ ചലങ്ങളായ ദോഷങ്ങൾക്കു വേറേ പോംവഴിയില്ലാത്തതിനാൽ അതു് അകത്തു തങ്ങിനിന്നു വളരെനാൾ രോഗിയെ ക്ലേശിപ്പിക്കും. ചിലപ്പോൾ അപായകരമായ രോഗമുണ്ടാക്കി മരിപ്പിച്ചു എന്നും വരാം.

മന്ദാഗ്നിം ക്രൂരകോഷ്ഠം ച സക്ഷാരലവണൈർഘൃതൈഃ. 50
സന്ധുക്ഷിതാഗ്നിം വിജിതകഫവാതം ച ശോധയേൽ

മന്ദാഗ്നിം = അഗ്നിമാന്ദ്യമുള്ളവനും
ക്രൂരകോഷ്ഠം ച = ക്രൂരകോഷ്ഠനുമായവനെ
സക്ഷാരലവണൈഃ ഘൃതൈഃ = ക്ഷാരവും ഉപ്പും ചേർത്ത നെയ്യു് സേവിപ്പിച്ചു്
സന്ധുക്ഷിതാഗ്നിം = അഗ്നിയെ ദീപ്തമാക്കുകയും
വിജിതകഫവാതം ച = കഫവാതങ്ങളെ ശമിപ്പിക്കുകയും ചെയ്തിട്ടു്
ശോധയേൽ = ശോധനം ചെയ്യേണ്ടതാണു്.

കഫവാതകോപത്താൽ അഗ്നി മന്ദിച്ചും കോഷ്ഠം ക്രൂരമായുമിരിക്കുന്നവനു് ആ സ്ഥിതിയിൽ ശോധനൌഷധം കൊടുക്കരുതു്. കഫവാതങ്ങളെ ശമിപ്പിച്ചിട്ടു് അഗ്നിയുടെ മന്ദതയും, കോഷ്ഠത്തിന്റെ ക്രൂരതയും നീക്കിട്ടുവേണം ശോധനംചെയ്വാൻ അതിലേയ്ക്കു ക്ഷാരലവണങ്ങൾചേർത്ത നെയ്യു് മുമ്പേ സേവിപ്പിക്കേണ്ടതാണു്.

രൂക്ഷബഹ്വനിലക്രൂരകോഷ്ഠവ്യായാമശീലിനാം. 51
ദീപ്താഗ്നീനാം ച ഭൈഷജ്യമവിരേച്യൈവ ജീര്യതി
തേഭ്യോ വസ്തിം പുരോ ദദ്യാത്തതഃ സ്നിഗ്ദ്ധം വിരേചനം. 52
ശകൃന്നിർഹൃത്യ വാ കിഞ്ചിത്തീക്ഷ്ണാഭിഃ ഫലവർത്തിഭിഃ
പ്രവൃത്തം ഹി മലം സ്നിഗ്ദ്ധോ വിരേകോ നിർഹരേൽ സുഖം. 53

രൂക്ഷബഹ്വനിലക്രൂരകോഷ്ഠവ്യായാമശീലിനാം = രൂക്ഷന്മാർ, വാതംവർദ്ധിച്ചിരിക്കുന്നവർ, ക്രൂരകോഷ്ഠന്മാർ. പതിവായി വ്യായാമംചെയ്യുന്നവർ- [ഇവർക്കും
ദീപ്താഗ്നീനാം ച = അഗ്നിദീപ്തിയുള്ളവർക്കും
ഭൈഷജ്യം = വിരേചനൌഷധം
അവിരേച്യ ഏവ ജീര്യതി = വിരേചനമുണ്ടാകാതെതന്നെ ദഹിച്ചുപോകുന്നു.
തേഭ്യഃ പുരഃ വസ്തിം ദദ്യാൽ = അങ്ങിനെയുള്ളവർക്കു മുമ്പേ വസ്തിചെയ്യണം,
തതഃ സ്നിഗ്ദ്ധം വിരേചനം = അതിന്നുശേഷം, സ്നേഹവിരേചനം ചെയ്യണം
തീക്ഷ്ണാഭിഃ ഫലവർത്തിഭിഃ = തീക്ഷ്ണൌഷധങ്ങൾകൊണ്ടുണ്ടാക്കിയ ഫലവർത്തികൾവച്ചു് അതുകൊണ്ടു്
കിഞ്ചിൽ ശകൃൽ നിർഹൃത്യ വാ = കുറച്ചുമലം ബഹിഷ്കരിച്ചുകളഞ്ഞിട്ടോ സ്നേഹവിരേചനം പ്രയോഗിക്കാം.
ഹി പ്രവൃത്തം മലം = എന്തെന്നാൽ, പോയിത്തുടങ്ങിയ മലത്തെ
സ്നിഗ്ദ്ധഃ വിരേകഃ = സ്നേഹവിരേചനം
സുഖം നിർഹരേൽ = സുഖമായിട്ടു പോക്കും.

വിഷാഭിഘാതപിടകാകുഷ്ഠശോഫവിസർപ്പിണഃ
കാമലാപാണ്ഡുമേഹാർത്താൻ നാതിസ്നിഗ്ദ്ധാൻ വിരേചയേൽ 54
സർവ്വാൻ സ്നേഹവിരേകൈശ്ച രൂക്ഷൈസ്തു സ്നേഹഭാവിതാൻ

വിഷാഭിഘാതപിടകാകുഷ്ഠശോഫവിസർപ്പിണഃ = വിഷബാധിതന്മാരെയും വീഴ്ചയോ, അടിയോ ഏററവരേയും, പിടക, കുഷ്ഠം, ശോഫം, വിസർപ്പം ഇവയുള്ളവരേയും
കാമലാപാണ്ഡുമേഹാർത്താൻ = കാമല, പാണ്ഡു, മേഹം ഈ രോഗമുള്ളവരേയും
നാതിസ്നിഗ്ദ്ധാൻ = അല്പംമാത്രം സ്നിഗ്ദ്ധന്മാരാക്കിട്ടു്
വിരേചയേൽ = വിരേചിപ്പിക്കേണ്ടതാണു്.

| | |
|---|---|
| സർവ്വാൻ | = മേൽപ്പറഞ്ഞ എല്ലാവരേയും |
| സ്നേഹവിരേകൈഃ ച | = സ്നേഹവിരേചനംകൊണ്ടു ശോധിപ്പിക്കയുംചെയ്യാം. |
| സ്നേഹഭാവിതാൻ തു | = സ്നേഹശീലനംകൊണ്ടു സ്നിഗ്ദ്ധന്മാരായിരിക്കയാണെങ്കിൽ അവരെ |
| രൂക്ഷൈഃ | = രൂക്ഷൗഷധങ്ങൾകൊണ്ടുവേണം വിരേചനം ചെയ്യാൻ. |

കർമ്മണാം വമനാദീനാം പുനരപ്യന്തരേന്തരേ. 55
സ്നേഹസ്വേദൗ പ്രയുഞ്ജീത സ്നേഹമന്തേ ബലായ ച

| | |
|---|---|
| വമനാദീനാം കർമ്മണാം | = വമനം വിരേചനം മുതലായ കർമ്മങ്ങളുടെ |
| അന്തരേ അന്തരേ | = ഇടയ്ക്കിടയ്ക്കു് |
| പുനഃ അപി | = പിന്നെയും പിന്നെയും |
| സ്നേഹസ്വേദൗ പ്രയുഞ്ജീത | = സ്നേഹസ്വേദങ്ങളെ പ്രയോഗിക്കേണ്ടതാണ്. |
| അന്തേ | = ശോധനകർമ്മം ചെയ്തുകഴിഞ്ഞാൽ (ഒടുക്കം) |
| ബലായ ച | = ബലമുണ്ടാകുന്നതിനുവേണ്ടിയും |
| സ്നേഹം (പ്രയുഞ്ജീത) | = സ്നേഹം ഉപയോഗിക്കണം. |

യഥാ ഗോമയബാഷ്പാദ്യൈർഹ്രിയതേ വാസസോ മലഃ. 56
സമ്യഗുൽക്ലേശ്യ വപുഷഃ സ്നേഹസ്വേദാദിഭിസ്തഥാ

| | |
|---|---|
| വാസസഃ മലഃ | = മുണ്ടിൽനിന്നു് അഴുക്കു് |
| ഗോമയബാഷ്പാദ്യൈഃ | = ചാണകം, ആവി മുതലായവകൊണ്ടു് |
| യഥാ ഉൽക്ലേശ്യ | = യാതൊരുപ്രകാരം ഉൽക്ലേശനമുണ്ടാക്കീട്ടു് |
| സമ്യക് ഹ്രിയതേ | = നിശ്ശേഷം ക്ഷാളനംചെയ്തുകളയുന്നുവോ |
| തഥാ | = അപ്രകാരം |
| വപുഷഃ മലഃ | = ശരീരത്തിൽനിന്നു ദോഷം |
| സ്നേഹസ്വേദാദിഭിഃ(ഉൽക്ലേശ്യ) | = സ്നേഹം സ്വേദം മുതലായവകൊണ്ടു് ഉൽക്ലേശിപ്പി |
| (സമ്യക് ഹ്രിയതേ) | = നല്ലവണ്ണം ശോധനംചെയ്തു കളയുന്നു. (ച്ചിട്ടു് |

അഴുക്കുപിടിച്ച മുണ്ടു വെറുതേ അടിച്ചുകഴുകിയാൽ അതിന്റെ പുറത്തുപററിയ അഴുക്കുമാത്രമേ കുറച്ചു പോകയുള്ളൂ. ചാണകവെള്ളത്തിൽ മുക്കുക, ആവിവെയ്ക്കുക, ക്ഷാരജലം തളിക്കുക മുതലായ ക്രിയകളാൽ അഴുക്കിനു ഉൽക്ലേശമുണ്ടാക്കീട്ടു അലക്കുന്നതായാൽ നൂലിന്റെ ഇടയ്ക്കുമാത്രമല്ല അന്തർഭാഗത്തും പററിപ്പിടിച്ചിരിക്കുന്ന അഴുക്കുകളൊക്കെ നിശ്ശേഷം പോയി മുണ്ടു നല്ലവണ്ണം വെളുക്കുന്നതാണ്. അതുപോലെ ശരീരത്തിന്റെ അന്തർഭാഗത്തു ധാതുക്കളിലും സ്രോതസ്സുകളിലുമൊക്കെ ലീനമായിരിക്കുന്ന മലങ്ങളെ സ്നേഹസ്വേദപ്രയോഗങ്ങൾകൊണ്ടു ഉൽക്ലേശിപ്പിച്ചിട്ടു ശോധനംചെയ്താലേ സമ്യക് ശുദ്ധിയുണ്ടാകയുള്ളൂ. ആകയാൽ ശരീരശുദ്ധിയെ ഇച്ഛിക്കുന്നവൻ സ്നേഹസ്വേദപൂർവ്വമായിട്ടുതന്നെ ശോധനം ചെയ്യേണ്ടതാവശ്യമാകുന്നു.

സ്നേഹസ്വേദാവനഭ്യസ്യ കുര്യാൽ സംശോധനം തു യഃ. 57
ദാരു ശുഷ്കമിവാനാമേ ശരീരം തസ്യ ദീര്യതേ.

| | |
|---|---|
| സ്നേഹസ്വേദൗ അനഭ്യസ്യ | = സ്നേഹസ്വേദങ്ങളെ പ്രയോഗിക്കാതെ |
| യഃ തു | = ഏതൊരു മനുഷ്യൻ |
| സംശോധനം കുര്യാൽ | = ശോധനക്രിയ ചെയ്യുമോ |
| തസ്യ ശരീരം | = അവന്റെ ശരീരം |
| ശുഷ്കം ദാരു ആനാമേ ഇവ | = ഉണക്കക്കമ്പു വളയ്ക്കുമ്പോഴെന്നവണ്ണം |
| ദീര്യതേ | = നശിച്ചുപോകുന്നു. |

സ്നേഹസ്വേദങ്ങൾ ചെയ്യാതെ ശോധനചെയ്താൽ മുകളിൽപ്പറഞ്ഞ ഗുണമുണ്ടാകയില്ലെന്നുമാത്രമല്ല ദോഷമുണ്ടാകുമെന്നും ഇതിൽനിന്നു ഗ്രഹിക്കേണ്ടിയിരിക്കുന്നു.

ബുദ്ധിപ്രസാദം ബലമിന്ദ്രിയാണാം
ധാതുസ്ഥിരത്വം ജ്വലനസ്യ ദീപ്തിം
ചിരാച്ച പാകം വയസഃ കരോതി
സംശോധനം സമ്യഗുപാസ്യമാനം. 59

| | |
|---|---|
| സമ്യക് ഉപാസ്യമാനം | = വിധിപ്രകാരം ശരിക്കുപയോഗിക്കുന്ന |
| സംശോധനം | = ശോധനകർമ്മം |
| ബുദ്ധിപ്രസാദം | = ബുദ്ധിക്ക് ആലോചനാസമർത്ഥമായ തെളിവും |
| ഇന്ദ്രിയാണാം ബലം | = ഇന്ദ്രിയങ്ങൾക്കു വിഷയഗ്രഹണശക്തിയും |
| ധാതുസ്ഥിരത്വം | = ധാതുക്കൾക്കു സ്ഥിരതയും |
| ജ്വലനസ്യ ദീപ്തിം | = ജഠരാഗ്നിക്കു ദീപനവും |
| വയസഃ | = യൗവനത്തിന്ന് അഥവാ ആയുസ്സിന്ന് |
| ചിരാൽ പാകം ച കരോതി | = ഏറെനാൾകൊണ്ടുമാത്രം പകപ്പതയും ഉണ്ടാക്കുന്നു. |

ശോധനംകൊണ്ടു സർവ്വാംഗശുദ്ധി ഉണ്ടാകുന്നതിനാൽ ഈ ഗുണങ്ങളൊക്കെ ഉണ്ടാകുന്നു.

പതിനെട്ടാം അദ്ധ്യായം കഴിഞ്ഞു.

---

## പത്തൊൻപതാം അദ്ധ്യായം.

---

# വസ്തിവിധി.

വാതോല്ബണേഷു ദോഷേഷു വാതേ വാ വസ്തിരിഷ്യതേ
ഉപക്രമാണാം സർവ്വേഷാമഗ്രണീസ്ത്രിവിധശ്ച സഃ. 1
നിരൂഹോനുവാസനോ വസ്തിരുത്തരസ്തേന സാധയേൽ
ഗുല്മാനാഹഖുഡപ്ലീഹശുദ്ധാതീസാരശൂലിനഃ. 2
ജീർണ്ണജ്വരപ്രതിശ്യായശുക്രാനിലമലഗ്രഹാൻ
വർദ്ധ്മാശ്മരീരജോനാശാൻ ദാരുണാംശ്ചാനിലാമയാൻ. 3

| | |
|---|---|
| വാതോല്ബണേഷു ദോഷേഷു | = വാതാധികങ്ങളായ സംസർഗ്ഗസന്നിപാതദോഷങ്ങളിൽ |
| വാതേ വാ | = കേവലവാതത്തിലെന്നപോലെ |
| വസ്തിഃ ഇഷ്യതേ | = വസ്തി യോഗ്യമായിട്ടുള്ളതാകുന്നു. |
| സർവ്വേഷാം ഉപക്രമാണാം | = എല്ലാ ചികിത്സകളിലുംവെച്ച് |
| അഗ്രണീഃ സഃ | = അതിശ്രേഷ്ഠമായ അതു് (വസ്തി) |
| നിരൂഹഃ അനുവാസനഃ | = കഷായവസ്തി എന്നും, സ്നേഹവസ്തി എന്നും |
| ഉത്തരഃ വസ്തിഃ ച ത്രിവിധഃ | = ഉത്തരവസ്തി എന്നും മൂന്നുവിധത്തിലായിരിക്കുന്നു. |
| തേന | = അതു (നിരൂഹം) കൊണ്ടു് |
| ഗുല്മാനാഹഖുഡപ്ലീഹശുദ്ധാതീസാരശൂലിനഃ | = ഗുല്മം, ആനാഹം, വാതശോണിതം, പ്ലീഹ, ശുദ്ധാതിസാരം, വയറുവേദന, |
| ജീർണ്ണജ്വരപ്രതിശ്യായശുക്രാനിലമലഗ്രഹാൻ | = ജീർണ്ണജ്വരം, പീനസം, ശുക്ലരോധം, മൂഢവാതം, മലബന്ധം, |

| | |
|---|---|
| വർദ്ധ്മഃശ്മരീരജോനാശാൻ | = വൃദ്ധി, അശ്മരി, ആർത്തവനാശം ഇവയേയും |
| ദാരുണാൻ അനിലാമയാൻ ച | = ഘോരങ്ങളായ വാതവ്യാധികളേയും |
| സാധയേൽ | = ചികിത്സിച്ചു ശമിപ്പിക്കേണ്ടതാണ്. |

പഞ്ചകർമ്മങ്ങളിൽ വമനവിരേചനവിധികളെ നിർദ്ദേശിച്ചിട്ട് വസ്തിവിധി ആരംഭിക്കുന്നു. വാതത്തിലാണ് വസ്തി വിധിച്ചിട്ടുള്ളത്. വാതത്തിൽ മാത്രമല്ല വാതപ്രധാനങ്ങളായ സംസർഗ്ഗസന്നിപാതദോഷങ്ങളിലൊക്കെയും വസ്തി ഹിതമാകുന്നു. ഇപ്രകാരം സർവ്വദോഷശമനമാകയാൽ സർവ്വചികിത്സാസമ്പ്രദായങ്ങളിലുംവച്ചു വസ്തി ശ്രേഷ്ഠമായിട്ടുള്ളതാണ്. അതു് നിരൂഹം, അനുവാസനം, ഉത്തരവസ്തി എന്നു മൂന്നുവിധത്തിലുണ്ട്. മൂത്രമാർഗ്ഗമായും യോനിമാർഗ്ഗമായും പ്രയോഗിക്കുന്നതാണ് ഉത്തരവസ്തി. ആകയാൽ അധരമാർഗ്ഗമായ മലദ്വാരംവഴിക്കു പ്രയോഗിക്കുന്ന നിരൂഹാനുവാസനങ്ങളാം അധരവസ്തികളാകുന്നു. നിരൂഹത്തിനു ആസ്ഥാപനമെന്നും കഷായവസ്തി എന്നും പേരുണ്ട്. അതുപോലെ അനുവാസനത്തെ അനുവാസനമെന്നും സ്നേഹവസ്തി എന്നും പറയും. കേവലസ്നേഹമായിട്ടുപയോഗിക്കുന്നതു സ്നേഹവസ്തി. കഷായപ്രധാനമായിട്ടുപയോഗിക്കുന്നതു കഷായവസ്തി. ദോഷങ്ങളെ നിർഹരിക്കയോ രോഗശമനദ്വാരാ അരോഗതയെ നിർവ്വഹിക്കയോ ചെയ്യുന്നതിനാൽ നിരൂഹം. ആയുസ്സിനെ അഭംഗുരമായി നിലനിർത്തുന്നതിനാൽ ആസ്ഥാപനം. അഭിന്നഭാവത്തിൽ ദോഷധാതുക്കളോടു കൂടെ ചേരുന്നതുകൊണ്ടോ, എന്നും പ്രയോഗിക്കാവുന്നതാകകൊണ്ടോ അനുവാസനം അല്ലെങ്കിൽ അനുവാസനം. ആട്ടിന്റെയും മററും വസ്തി എന്നു പറയപ്പെടുന്ന മൂത്രാശയത്തെ ഭാജനമാക്കി പ്രയോഗിക്കുന്നതിനാൽ പൊതുവിൽ വസ്തി എന്നും പറയുന്നു. ഇതിൽ കഷായവസ്തി പ്രയോഗിക്കേണ്ടതു് ഗുല്മം ആനാഹം മുതലായ രോഗങ്ങളിലാകുന്നു.

അനാസ്ഥാപ്യാസ്ത്വതിസ്നിഗ്ദ്ധഃ ക്ഷതോരസ്കോ ഭൃശം കൃശഃ
ആമാതിസാരീ വമിമാൻ സംശുദ്ധോ ദത്തനാവനഃ. 4
ശ്വാസകാസപ്രസേകാർശോഹിധ്മാധ്മാനാല്പവഹ്നയഃ
ശൂനപായുഃ കൃതാഹാരോ ബദ്ധച്ഛിദ്രോദകോദരീ. 5
കുഷ്ഠീ ച മധുമേഹീ ച മാസാൻ സപ്ത ച ഗർഭിണീ

| | |
|---|---|
| അതിസ്നിഗ്ദ്ധഃ | = ഏററവും സ്നിഗ്ദ്ധനായിരിക്കുന്നവൻ |
| ക്ഷതോരസ്കഃ | = ഉരഃക്ഷതമുള്ളവൻ |
| ഭൃശം കൃശഃ | = ഏററവും കൃശനായവൻ |
| ആമാതിസാരീ | = ആമാതിസാരമുള്ളവൻ |
| വമിമാൻ സംശുദ്ധഃ | = ഛർദ്ദിയുള്ളവൻ, ശോധനംചെയ്തിരിക്കുന്നവൻ, |
| ദത്തനാവനഃ | = നസ്യംചെയ്തിരിക്കുന്നവൻ |
| ശ്വാസകാസപ്രസേകാർശോഹിധ്മാധ്മാനാല്പവഹ്നയഃ | = ശ്വാസം, കാസം, പ്രസേകം, അർശസ്സ്, എക്കിൾ, ആധ്മാനം, മലക്ഷയം ഇവയുള്ളവർ |
| ശൂനപായുഃ | = ഗുദത്തിൽ വീക്കമുള്ളവൻ |
| കൃതാഹാരഃ | = ആഹാരംകഴിച്ചിരിക്കുന്നവൻ |
| ബദ്ധച്ഛിദ്രോദകോദരീ | = ബദ്ധോദരവും, ഛിദ്രോദരവും, ഉദകോദരവുമുള്ളവൻ ഇവരും |
| കുഷ്ഠീ ച മധുമേഹീ ച | = കുഷ്ഠരോഗിയും, മധുമേഹമുള്ളവനും |
| സപ്ത മാസാൻ ഗർഭിണീ ച | = ഏഴുമാസം തികയുന്നതുവരെ ഗർഭിണിയും |
| അനാസ്ഥാപ്യാഃ | = ആസ്ഥാപനത്തിനു അർഹതയില്ലാത്തവരാകുന്നു. (ഇവർക്കാർക്കും കഷായവസ്തി ചെയ്യരുതാ എന്നർത്ഥം.) |

ആസ്ഥാപ്യാ ഏവ ചാനുവാസ്യാ വിശേഷാദതിവഹ്നയഃ. 6
രൂക്ഷാഃ കേവലവാതാർത്താ നാനുവാസ്യാസ്ത ഏവ ച
യേനാസ്ഥാപ്യാസ്തഥാ പാണ്ഡുകാമലാമേഹപീനസാഃ. 7

നിരന്നപ്ലീഹവിഡ്ഭേദിഗുരുകോഷ്ഠകഫോദരാഃ
അഭിഷ്യന്ദികൃശസ്ഥൂലക്രിമികോഷ്ഠാഢ്യമാരുതാഃ. 8
പീതേ ഗരേ വിഷേ പച്യാം ശ്ലീപദീ ഗളഗണ്ഡവാൻ

ആസ്ഥാപ്യാഃ ഏവ = ആസ്ഥാപനത്തിന്ന് അർഹന്മാരായ ഗുല്മാനാഹാദി രോഗമുള്ളവർതന്നെ
അനുവാസ്യാഃ ച = അനുവാസനം ചെയ്യപ്പെടേണ്ടവരുമാകുന്നു.
വിശേഷാൽ അതിവഹ്നയഃ = വിശേഷിച്ച് അത്യഗ്നിയുള്ളവരും
രൂക്ഷാഃ = രൂക്ഷന്മാരായവരും
കേവലവാതാർത്താഃ = കേവലവാതത്താൽ പീഡിതരായവരും (അനുവാസനത്തിന്നു അർഹന്മാരാകുന്നു.)
യേ അനാസ്ഥാപ്യാഃ = ആരെല്ലാം ആസ്ഥാപനത്തിന്ന് അനർഹന്മാരാണോ
തേ ഏവ = അവരെല്ലാംതന്നെ
നാനുവാസ്യാഃ ച = അനുവാസനത്തിന്നും അനർഹന്മാരാകുന്നു (ആസ്ഥാപനം വിധിച്ചിട്ടില്ലാത്ത അതിസ്നിഗ്ദ്ധാദികൾക്ക് അനുവാസനവും ചെയ്യരുതു.)
തഥാ = അപ്രകാരം
പാണ്ഡുകാമലാമേഹപീനസാഃ = പാണ്ഡു, കാമല, മേഹം, പീനസം ഈ രോഗമുള്ളവരും.
നിരന്നപ്ലീഹവിഡ്ഭേദിഗുരുകോഷ്ഠകഫോദരാഃ = ആഹാരം കഴിക്കാതെയും, പ്ലീഹയും മലമിളക്കവുമുള്ളവരും ഗുരുകോഷ്ഠന്മാരും, കഫോദരമുള്ളവരും,
അഭിഷ്യന്ദികൃശസ്ഥൂലക്രിമികോഷ്ഠാഢ്യമാരുതാഃ = അഭിഷ്യന്ദമെന്ന നേത്രരോഗമുള്ളവരും, കൃശന്മാരും, സ്ഥൂലന്മാരും, കോഷ്ഠത്തിൽ ക്രിമിവർദ്ധിച്ചിരിക്കുന്നവരും, ഊരുസ്തംഭമുള്ളവരും,
ഗരേ വിഷേ പീതേ = കൂട്ടുവിഷമോ, വിഷമോ കഴിച്ചിരിക്കുന്നവരും,
അപച്യാം = ഗണ്ഡമാല എന്ന രോഗത്തിലും,
ശ്ലീപദീ = മന്തുള്ളവനും
ഗളഗണ്ഡവാൻ = ഗളഗണ്ഡമുള്ളവനും (അനുവാസനത്തിന്നു അർഹതയില്ലാത്തവരാകുന്നു.)

തയോസ്തു നേത്രം ഹേമാദിധാതുദാർവസ്ഥിവേണുജം. 9
ഗോപുച്ഛാകാരമച്ഛിദ്രം ശ്ലക്ഷ്ണർജ്ജു ഗുളികാമുഖം

തയോഃ തു നേത്രം = ആ രണ്ടിന്നുമുള്ള (ആസ്ഥാപനത്തിന്നും, അനുവാസനത്തിന്നും കുഴൽ
ഹേമാദിധാതുദാർവസ്ഥിവേണുജം = സ്വർണ്ണം വെള്ളി മുതലായ ധാതുക്കൾ, മരം, അസ്ഥി, മുള ഇതുകൾകൊണ്ടുണ്ടാക്കണം.
ഗോപുച്ഛാകാരം = പശുവിൻവാൽപോലെ കൂർത്തതിലും
അച്ഛിദ്രം = ദ്വാരകളില്ലാതെയും
ശ്ലക്ഷ്ണർജ്ജു = മിനുസമായും ഋജുവായും (വളവില്ലാത്തതു്)
ഗുളികാമുഖം = അഗ്രഭാഗം ഉരുണ്ടും ഇരിക്കേണ്ടതാണ്.

വസ്തിക്ക് രണ്ടു ഭാഗങ്ങളുണ്ട്. ഒന്നു സഞ്ചിയുടെ ആകൃതിയിലുള്ള വസ്തി. മറേറതു് അതിൽ ചേർത്തു ബന്ധിക്കുന്ന കുഴൽ. കുഴലിന്നു വസ്തിനേത്രം എന്നാണു പേർ. വസ്തിഭേഷജം ഇതിൽക്കൂടെ കടത്തിവിടുന്നതുകൊണ്ടാണതിന്നു നേത്രം എന്നു പേർ വന്നതു്. (നീയതേ അനേന ഭേഷജമിതി നേത്രം.) വസ്തിനേത്രമുണ്ടാക്കേണ്ട വിധത്തെ ആദ്യമായി പറയുന്നു. നേത്രം കഷായസ്നേഹവസ്തികൾക്കു ഒരുവിധത്തിലും ഉത്തരവസ്തിക്കു വേറൊരു വിധത്തിലുമാണ്. കഷായസ്നേഹവസ്തിക്കുള്ള നേത്രം സ്വർണ്ണാദിധാതുക്കൾകൊണ്ടോ മരം, എല്ലു് മുതലായവകൊണ്ടോ ഉണ്ടാക്കാം. പശുവിൻ

വാൽപോലെ മൂലഭാഗം കനം കൂടിയും, അഗ്രം കനംകുറഞ്ഞുമിരിക്കണം. തുളകളൊന്നുമുണ്ടായിരിക്കരുതു. നല്ല മിനുസമായും വളവുകളൊന്നുമില്ലാതെ ഋജുവായുമിരിക്കണം. അഗ്രം ഉരുണ്ടിരിക്കയും വേണം.

> ഊനേഽബ്ദേ പഞ്ചപൂർണ്ണേഽസ്മിന്നാ സപ്തഭ്യോംഗുലാനി ഷൾ. 10
> സപ്തമേ സപ്ത താന്യഷ്ടൗ ദ്വാദശേ ഷോഡശേ നവ
> ദ്വാദശൈവ പരം വിംശാദ്വീക്ഷ്യ വർഷാന്തരേഷു ച. 11
> വയോബലശരീരാണി പ്രമാണമഭിവർദ്ധയേൽ
> സ്വാംഗുഷ്ഠേന സമം മൂലേ സ്ഥൗല്യേനാഗ്രേ കനിഷ്ഠയാ 12

| | |
|---|---|
| അബ്ദേ ഊനേ | = ആണ്ടു (ഒരു വയസ്സ്) തികയാതിരിക്കുമ്പോൾ |
| പഞ്ച അംഗുലാനി | = അഞ്ചു വിരലും |
| തസ്മിൻ പൂർണ്ണേ | = ഒരു വയസ്സു തികഞ്ഞാൽ |
| സപ്തഭ്യഃ ആ ഷൾ (അംഗുലാനി) | = ഏഴുവയസ്സാകുന്നതുവരെ ആറുവിരലും |
| സപ്തമേ താനേ സപ്ത | = ഏഴാമത്തെ വയസ്സിൽ ഏഴുവിരലും |
| ദ്വാദശേ അഷ്ടൗ | = പന്ത്രണ്ടാമത്തെ വയസ്സിൽ എട്ടുവിരലും |
| ഷോഡശേ നവ (താനി) | = പതിനാറാമത്തെ വയസ്സിൽ ഒൻപതുവിരലും (നേത്രത്തിനു നീളമുണ്ടായിരിക്കണം. |
| വിംശാൽ പരം | = ഇരുപതു വയസ്സിനുമേൽ |
| ദ്വാദശ ഏവ | = പന്ത്രണ്ടുവിരൽ നീളംതന്നെ വേണം. |
| വർഷാന്തരേഷു | = ഇടയ്ക്കുള്ള വത്സരങ്ങളിലും |
| വയോബലശരീരാണി വീക്ഷ്യ ച | = പ്രായത്തേയും ബലത്തേയും, ശരീരപുഷ്ടിയേയും നോക്കിക്കണ്ടിട്ടും |
| പ്രമാണം അഭിവർദ്ധയേൽ | = അളവു കൂട്ടിക്കൊള്ളാവുന്നതാണ്. |
| സ്ഥൗല്യേന മൂലേ | = വണ്ണംകൊണ്ടു മൂലഭാഗത്തു |
| സ്വാംഗുഷ്ഠേന സമം | = തന്റെ പെരുവിരലിനോടു തുല്യമായും |
| അഗ്രേ | = അഗ്രഭാഗത്തു |
| കനിഷ്ഠയാ (സമം) | = ചെറുവിരലിനോടു തുല്യമായുമിരിക്കയും വേണം. |

വസ്തിനേത്രം അഞ്ചും, ആറും, ഏഴും, എട്ടും, ഒൻപതും, പന്ത്രണ്ടും വിരൽ നീളത്തിൽ ആറുതരംവേണം. ഒരുവയസ്സുതികയാത്ത കുട്ടിക്കാണെങ്കിൽ അഞ്ചു വിരൽ നീളമുള്ള നേത്രമാണ് വേണ്ടതു്. ഒരുവയസ്സുതികഞ്ഞാൽ ആറുവയസ്സു തികയുന്നതുവരെ ആറുവിരലും ഏഴുവയസ്സുമുതൽ ഏഴുവിരലും, പന്ത്രണ്ടുവയസ്സുമുതൽ എട്ടുവിരലും, പതിനാറുവയസ്സുമുതൽ ഒൻപതുവിരലും, ഇരുപതുവയസ്സുമുതൽ പന്ത്രണ്ടുവിരലും നീളമുള്ള നേത്രങ്ങളുപയോഗിക്കേണ്ടതു. ഇടയ്ക്കുള്ള ആണ്ടുകളിൽ ശരീരബലങ്ങളേയും മററുംകൂടി നോക്കീട്ടു നീളം കൂട്ടിക്കൊടുക്കയും ചെയ്യാം. മൂലഭാഗത്തു അവരവരുടെ പെരുവിരലോളവും അഗ്രഭാഗത്തു ചെറുവിരലോളവും വണ്ണമുണ്ടായിരിക്കയുംവേണം.

> പൂർണ്ണേഽബ്ദേഽംഗുലമാദായ തദർദ്ധാർദ്ധപ്രവർദ്ധിതം
> ത്ര്യംഗുലം പരമം ഛിദ്രം മൂലേഽഗ്രേ വഹതേ തു യൽ. 13
> മുദ്ഗം മാഷം കളായം തൽ ക്ലിന്നം കർക്കന്ധുകം ക്രമാൽ

| | |
|---|---|
| അബ്ദേ പൂർണ്ണേ | = ഒരു വയസ്സു തികഞ്ഞിരിക്കുമ്പോൾ |
| മൂലേ ഛിദ്രം | = മൂലഭാഗത്തുള്ള പൊള്ള |
| അംഗുലം ആദായ | = ഒരു വിരലളവിൽ എടുത്തു |
| തൽ അർദ്ധാർദ്ധപ്രവർദ്ധിതം | = അതിനെ അരയരയായി കൂട്ടി വർദ്ധിപ്പിച്ചു് |
| പരമം ത്ര്യംഗുലം | = കൂടിയതു മൂന്നു വിരലാക്കിക്കൊള്ളണം. |
| അഗ്രേ തു | = അഗ്രഭാഗത്താകട്ടെ |

യൽ = ഏതളവിലുള്ള പൊള്ള
ക്രമാൽ = മുറയ്ക്കു്
മുദ്ഗം മാഷം = ചെറുപയറും ഉഴുന്നും
കളായം ക്ലിന്നം തൽ = കടലയും കുതിർന്നുവീർത്തകടലയും
കർക്കന്ധുകം വഹതേ = ലന്തക്കായും കടന്നുപോകത്തക്കതായിരിക്കുമോ
(തൽ) = ആ അളവിലുള്ള പൊള്ളകളാം വേണ്ടതാകുന്നു.

ഒരു വയസ്സുതികഞ്ഞാൽ ആറും, ഏഴും, എട്ടും, ഒൻപതും, പന്ത്രണ്ടും വിരൽ നീളമുള്ള അഞ്ചുനേത്രങ്ങളാണല്ലോ വേണ്ടതു്. ഇവയ്ക്കോരോന്നിനും അഞ്ചളവിലുള്ള പൊള്ളകളും മൂലാഗ്രങ്ങളിൽവേണം. എങ്ങനെയെന്നാൽ ആറുവിരൽ നീളമുള്ള നേത്രത്തിനു മൂലഭാഗത്തു് ഒരംഗുലം ഉള്ളളവുള്ള പൊള്ളയും, അഗ്രത്തു ചെറുപയറുകടക്കുന്ന പൊള്ളയും വേണം. ഏഴംഗുലമുള്ളതിനു മൂലത്തിൽ ഒന്നരയംഗുലം ഉള്ളളവുള്ളതും, അഗ്രത്തു് ഉഴുന്നുകടക്കുന്നതുമായ പൊള്ളകളും, എട്ടംഗുലമുള്ളതിൽ രണ്ടംഗുലം മൂലത്തിലും, കടലകടക്കുന്നതു അഗ്രത്തും, ഒൻപതംഗുലമുള്ളതിനു് രണ്ടരയംഗുലം മൂലത്തിലും കുതിർന്നകലേ കടക്കുന്നതു അഗ്രത്തിലും പൊള്ളകളാം വേണ്ടതാണ്. പന്ത്രണ്ടംഗുലം നീളമുള്ള നേത്രത്തിനാണെങ്കിൽ മൂന്നംഗുലം മൂലത്തിലും ലന്തക്കാ കടക്കുന്നിടത്തോളം അഗ്രത്തിലും പൊള്ള വേണ്ടതാകുന്നു.

മൂലച്ഛിദ്രപ്രമാണേന പ്രാന്തേ ഘടിതകർണ്ണികം. 14
വർത്ത്യഗ്രേ പിഹിതം മൂലേ യഥാസ്വം ദ്വ്യംഗുലാന്തരം
കർണ്ണികാദ്വിതയം നേത്രേ കുര്യാൽ തത്ര ച യോജയേൽ. 15
അജാവിമഹിഷാദീനാം വസ്തിം സുമൃദിതം ദൃഢം
കഷായരക്തം നിശ്ഛിദ്രഗ്രന്ഥിഗന്ധസിരം തനും. 16
ഗ്രഥിതം സാധു സൂത്രേണ സുഖസംസ്ഥാപ്യഭേഷജം
വസ്ത്യഭാവേഽങ്കപാദം വാ ന്യസേദ്വാസോഽഥവാ ഘനം. 17

നേത്രേ പ്രാന്തേ = വസ്തിനേത്രത്തിൽ അഗ്രഭാഗത്തു്
മൂലച്ഛിദ്രപ്രമാണേന = മൂലഭാഗത്തെ ഛിദ്രത്തോളംവിട്ടു (സാമാന്യേന നീളത്തിന്റെ നാലിലൊന്നു് അഗ്രത്തിൽനിന്നുവിട്ടു്)
ഘടിതകർണ്ണികം = ഒരു കർണ്ണിക ഉണ്ടാക്കണം.
അഗ്രേ = അററത്തുള്ള ദ്വാരം
വർത്ത്യാ പിഹിതം = തിരിവച്ചു ഞെരുക്കി അടച്ചിരിക്കയും വേണം.
മൂലേ = മൂലഭാഗത്തു്
യഥാ സ്വം ദ്വ്യംഗുലാന്തരം = അവരവരുടെ കൈക്കു് രണ്ടുവിരൽ ഇടവിട്ടു്
കർണ്ണികാദ്വിതയം കുര്യാൽ = രണ്ടു കർണ്ണിക ഉണ്ടാക്കിയിരിക്കണം.
തത്ര = ആ കർണ്ണികകളുടെ ഇടയ്ക്കു്
അജാവിമഹിഷാദീനാം = കോലാട്ടു്, കുറിയാട്ടു്, പോത്തു് മുതലായവയുടെ
വസ്തിം = മൂത്രസഞ്ചിയെ
നിശ്ഛിദ്രഗ്രന്ഥിഗന്ധസിരം = സുഷിരങ്ങളും, മുഴകളും, ഗന്ധവും, സിരകളുമില്ലാ-
കഷായരക്തം = തവിട്ടുനിറത്തിലോ ചുവപ്പുനിറത്തിലോ [തെ
തനും ദൃഢം = നേർത്തു ഉറപ്പുള്ളതായി വരുമാറു്
സുമൃദിതം = നല്ലവണ്ണം പാകപ്പെടുത്തിയെടുത്തു്
സുഖസംസ്ഥാപ്യഭേഷജം = മരുന്നു സുഖമായിട്ടൊഴിച്ചുനിർത്തത്തക്കവിധത്തിൽ
സൂത്രേണ സാധു ഗ്രഥിതം = ചരടുകൊണ്ടു വേണ്ടമാതിരിയിൽ കോർത്തുകെട്ടി വസ്തിയാക്കി
യോജയേൽ ച = യോജിപ്പിച്ചുവയ്ക്കുകയും വേണം.
വസ്ത്യഭാവേ = മൂത്രാശയം കിട്ടാതെവന്നാൽ
അങ്കപാദം വാ = അങ്കപാദം എന്ന സാധനമോ

അഥവാ ഘനം വാസഃ = കട്ടിയുള്ള (മെഴുകു)തുണിയോ
ന്യസേൽ = ആ സ്ഥാനത്തു വച്ചുകൊള്ളണം.

മൂലഭാഗത്തു എത്രമാത്രം പൊള്ളവേണമെന്നു പറഞ്ഞുവോ അത്രമാത്രം അഗ്രത്തുനിന്നു വിട്ടു അവിടെ ഒരു കർണ്ണിക ഉണ്ടാക്കണം. പന്ത്രണ്ടംഗുലം നീളമുള്ള നേത്രത്തിനു മൂലച്ഛിദ്രം മൂന്നംഗുലം വേണമെന്നാണല്ലോ പറഞ്ഞതു്. അതിനു് അത്രത്തോളം (മൂന്നംഗുലം അഗ്രത്തുനിന്നുവിട്ടിട്ടു് അവിടെയാണു കർണ്ണിക ഉണ്ടാക്കേണ്ടതു്. ഇതുപോലെ ശേഷം അളവുകളിലുള്ള നേത്രങ്ങൾക്കും അതാതിന്റെ മൂലച്ഛിദ്രത്തിന്റെ കണക്കനുസരിച്ചുള്ള സ്ഥാനങ്ങളിൽ അഗ്രഭാഗത്തു കർണ്ണിക ഉണ്ടാക്കിക്കൊള്ളണം. കർണ്ണികയ്ക്കു മുൻപിലുള്ള ഭാഗമാണു ഗുദത്തിനുള്ളിൽ കടത്തേണ്ടതു്. അധികം കടന്നുപോകാതിരിക്കാൻ വയ്ക്കുന്ന ഒരു തടവാണു കർണ്ണിക. മൂലഭാഗത്തു വക്കിൽ ഒരു കർണ്ണികയും, അവിടെനിന്നു രണ്ടംഗുലത്തിനുള്ളിൽ മറ്റൊരു കർണ്ണികയുമുണ്ടാക്കണം. വസ്തി അങ്ങോട്ടുമിങ്ങോട്ടുമായിപ്പോകാതെ വച്ചു കെട്ടുന്നതിനായിട്ടാണതു്. വസ്തിയായുപയോഗിക്കേണ്ടതു അജമഹിഷാദികളുടെ മൂത്രാശയത്തെയാണു്. അതു ലക്ഷണയുക്തമായി വരുമാറു നല്ലവണ്ണം ഊറയ്ക്കിട്ടു പാകപ്പെടുത്തിയെടുത്തു മരുന്നു് ഒഴിക്കുംതോറും മദ്ധ്യഭാഗം വീർത്തു വരത്തക്കവണ്ണം തീർത്തിരിക്കണം. മുഖത്തും മൂലഭാഗത്തും ദ്വാരമുണ്ടാക്കി കൂട്ടിക്കെട്ടുന്നതിനു സൌകര്യമായി വരത്തക്കവിധത്തിൽ അവിടെ ചരടു കോർത്തിരിക്കയും വേണം. ഇതിന്റെ മൂലഭാഗത്തെ ദ്വാരത്തിൽക്കൂടി നേത്രത്തിന്റെ മൂലഭാഗം കടത്തുക. അപ്പോൾ കർണ്ണികകളുടെ ഇടയ്ക്കായി വരുന്ന വസ്തിഭാഗത്തെ ചരടുകൊണ്ടു ദൃഢമായി കെട്ടിവച്ചുകൊള്ളണം. ഇങ്ങനെയാണു വസ്തിയെ വസ്തിനേത്രവുമായി ഘടിപ്പിക്കേണ്ടതു്.

നിരൂഹമാത്രാ പ്രഥമേ പ്രകുഞ്ചോ വത്സരേ പരം
പ്രകുഞ്ചവൃദ്ധിഃ പ്രത്യബ്ദം യാവൽ ഷൾ പ്രസൃതാസ്തതഃ 18
പ്രസൃതം വർദ്ധയേദൂർദ്ധ്വം ദ്വാദശാഷ്ടാദശസ്യ തു
ആ സപ്തതേരിദം മാനം ദശൈവ പ്രസൃതാഃ പരം 19
യഥായഥം നിരൂഹസ്യ പാദോ മാത്രാനുവാസനേ

നിരൂഹമാത്രാ = നിരൂഹത്തിന്റെ അളവു്
പ്രഥമേ വത്സരേ പ്രകുഞ്ചഃ = ഒന്നാമത്തെ വയസ്സിൽ ഒരുപലം വേണ്ടതാകുന്നു.
പരം = ഒരുവയസ്സു കഴിഞ്ഞാൽ
യാവൽ = എപ്പോൾ എത്രാമത്തെ വയസ്സിൽ)
ഷൾപ്രസൃതാഃ = ആറു പ്രസൃതങ്ങൾ (പന്ത്രണ്ടു പലം) ആകുമോ
താവൽ = അതുവരെ
പ്രത്യബ്ദം = ആണ്ടുതോറും (ഓരോവയസ്സു ചെല്ലുന്തോറും)
പ്രകുഞ്ചവൃദ്ധിഃ = ഓരോ പലം കൂട്ടിക്കൊള്ളുന്നു.
തതഃ ഊർദ്ധ്വം = അതിനുമേൽ
പ്രസൃതം വർദ്ധയേൽ = ആണ്ടുതോറും ഈരണ്ടു പലം വർദ്ധിപ്പിക്കണം
അഷ്ടാദശസ്യ തു = അങ്ങിനെയായാൽ പതിനെട്ടുവയസ്സായവനു്
ദ്വാദശപ്രസൃതാഃ = പന്ത്രണ്ടു പ്രസൃതം (ഇരുപത്തിനാലുപലം) ആയി (ത്തീരും
സപ്തതേഃ ആ = എഴുപതു വയസ്സാകുന്നതുവരെ
ഇദം മാനം = നിരൂഹത്തിന്റെ അളവു് ഇതാകുന്നു.
പരം = എഴുപതുവയസ്സു കഴിഞ്ഞാൽ
ദശ പ്രസൃതാഃ ഏവ = പത്തു പ്രസൃതം തന്നെ മതിയാകുന്നതാണു്,
യഥായഥം = അതതു വയസ്സിൽ
നിരൂഹസ്യപാദഃ = നിരൂഹത്തിനു പറഞ്ഞതിന്റെ നാലിലൊന്നു്
അനുവാസനേ മാത്രാ = സ്നേഹവസ്തിയുടെ മാത്രയാകുന്നു.

നിരൂഹമാത്ര ഒന്നാമത്തെ വയസ്സിൽ ഒരു പലം, രണ്ടാമത്തെവയസ്സിൽ രണ്ടു പലം ഇങ്ങനെ ആണ്ടുതോറും ഓരോ പലം കൂട്ടിക്കൂട്ടി ഉപയോഗിക്കണം. അപ്പോൾ

പന്ത്രണ്ടാമത്തെ വയസ്സിൽ പന്ത്രണ്ടുപലം—അതായത് ആറു പ്രസൃതമാകും. പതിമൂന്നാമത്തെ വയസ്സുമുതൽ പിന്നെ ആണ്ടുതോറും പ്രസൃതംവീതം കൂട്ടണം. അങ്ങനെയായാൽ പതിനെട്ടാമത്തെ വയസ്സിൽ പന്ത്രണ്ടു പ്രസൃതമാകും. ഇതാണു കൂടിയ മാത്ര. എഴുപതുവയസ്സാകുന്നതുവരെയും നിരൂഹത്തിനുള്ള മാത്ര ഇതുതന്നെയാണ്. അതിനുമേൽ രണ്ടുപ്രസൃതം കുറച്ചു പത്തു പ്രസൃതമാക്കിക്കൊള്ളണം. കഷായവസ്തിക്കു പറഞ്ഞതിന്റെ നാലിലൊന്നായിരിക്കണം അതാതുകാലത്തു സ്നേഹവസ്തിയുടെ കണക്ക്. ആകയാൽ സ്നേഹവസ്തിയുടെ കൂടിയമാത്ര മൂന്നു പ്രസൃതം(ആറു പലം)മായിത്തീരുന്നു.

ആസ്ഥാപ്യം സ്നേഹിതം സ്വിന്നം ശുദ്ധം ലബ്ധബലം പുനഃ 20
അനുവാസനാർഹം വിജ്ഞായ പൂർവ്വമേവാനുവാസയേൽ
ശീതേ വസന്തേ ച ദിവാ രാത്രൗ കേചിത്തതോന്യദാ. 21

ആസ്ഥാപ്യം = കഷായവസ്തിക്കു അർഹനായവനെ
സ്നേഹിതം സ്വിന്നം = സ്നേഹനംചെയ്തു വിയർപ്പിച്ചു
ശുദ്ധം = ശോധനചെയ്തുകൊണ്ടു
പുനഃ ലബ്ധബലം = പിന്നെ പൂർവ്വസ്ഥിതിയിൽ ബലമുണ്ടാക്കീട്ട്
അനുവാസനാർഹം വിജ്ഞായ = സ്നേഹവസ്തിക്കു അർഹനാണെന്നു കണ്ടു
പൂർവ്വം അനുവാസയേൽ ഏവ = മുൻപേ സ്നേഹവസ്തി പ്രയോഗിക്കതന്നെവേണം.
ശീതേ വസന്തേ ച = ഹേമന്തശിശിരങ്ങളിലും വസന്തത്തിലും
ദിവാ = പകലായിരിക്കണം വസ്തി പ്രയോഗിക്കേണ്ടതു്.
തതഃ അന്യദാ = മററുകാലങ്ങളിൽ (ഗ്രീഷ്മവർഷാശരത്തുകളിൽ)
രാത്രൗ കേചിൽ = രാത്രിയിലാകാമെന്നു ചിലർ പറയുന്നു.

ഒരാൾക്കു കഷായവസ്തി ചെയ്യേണ്ടതുണ്ടെങ്കിൽ വിധിപ്രകാരം സ്നേഹസ്വേദങ്ങളും ശോധനകർമ്മവും ചെയ്തിട്ടു വീണ്ടും പൂർവ്വസ്ഥിതിയിൽ ബലമുണ്ടായിക്കണ്ടതിനു ശേഷം അനുവാസനാർഹനാക്കിത്തീർത്തുകൊണ്ടു മുൻപേ സ്നേഹവസ്തി ചെയ്കതന്നെവേണം. സ്നേഹവസ്തി ഹേമന്തശിശിരവസന്തങ്ങളിൽ പകൽ പ്രയോഗിക്കണമെന്നാണു സാമാന്യനിയമം. എന്നാൽ ഗ്രീഷ്മവർഷാശരത്തുകളിൽ രാത്രിയിലാകുന്നതിനു വിരോധമില്ലെന്നു ചിലക്ക് അഭിപ്രായമുണ്ടത്രെ. ശീതവസന്തങ്ങൾ കഫകാലങ്ങളാകയാൽ അക്കാലത്തു വസ്തി രാത്രി പാടില്ലെന്നും, പിത്തകാലങ്ങളാകയാൽ ഗ്രീഷ്മശരത്തുകളിൽ പകൽ പാടില്ലെന്നും പറയുന്നതിനു യുക്തിയുണ്ട്. വർഷത്തുവിൽ രാത്രിയിൽ വേണമെന്നുള്ളതിന്റെ ന്യായം അസ്പഷ്ടമായിരിക്കുന്നു. ഏതായാലും രാത്രിയിലെ വസ്തിപ്രയോഗം സർവ്വസമ്മതമല്ലെന്നു കാണുന്നതിനാൽ ഗ്രീഷ്മവർഷാശരത്തുകളിൽ വസ്തി വൈകുന്നേരത്തു പ്രയോഗിക്കുന്നതു നന്നായിരിക്കുമെന്നു വിചാരിക്കാം.

അഭ്യക്തസ്നാതമുചിതാൽ പാദഹീനം ഹിതം ലഘു
അസ്നിഗ്ദ്ധരൂക്ഷമശിതം സാനുപാനം ദ്രവാദി ച 22
കൃതചംക്രമണം മുക്തവിൺമൂത്രം ശയനേ സുഖേ
നാത്യുച്ഛ്റിതേ ച നോച്ഛ്രീഷേ സംവിഷ്ടം വാമപാർശ്വതഃ 23
സംകോച്യ ദക്ഷിണം സക്ഥി പ്രസാര്യ്യ ച തതോപരം.

അഭ്യക്തസ്നാതം = മെഴുക്കിട്ടുകുളിച്ചു
ഹിതം ലഘു = പഥ്യമായും ലഘുവായും
അസ്നിഗ്ദ്ധരൂക്ഷം = സ്നിഗ്ദ്ധവും രൂക്ഷവും അല്ലാത്തതായുമുള്ള അന്നം
ഉചിതാൽ പാദഹീനം = പതിവുള്ളതിൽ നാലിലൊന്നു കുറച്ചു
ദ്രവാദി = ആദ്യം ദ്രവമായ കഞ്ഞിവെള്ളമോ പൊടിയരിക്കഞ്ഞിയോ അല്പം കഴിച്ചുകൊണ്ടും.

സാനുപാനം ച = ഒടുവിൽ അനുപാനം ഉപയോഗിച്ചുകൊണ്ടും
അശിതം = ഭക്ഷിപ്പിച്ചിട്ട്
കൃതചംക്രമണം = സാവധാനത്തിൽ അല്പം നടന്നു
മുക്തവിൺമൂത്രം = മലമൂത്രങ്ങളും പോകുന്നുണ്ടെങ്കിൽ പോക്കി
നാത്യുച്ഛ്രിതേ = അധികം പൊക്കമില്ലാത്തതും
നോച്ഛീർഷേ ച = തലവയ്ക്കുന്ന സ്ഥലം പൊക്കമില്ലാത്തതുമായ (തലയണ വയ്ക്കാതെ എന്നർത്ഥം)
സുഖേ ശയനേ = സുഖകരമായ കട്ടിലിൽ
വാമപാർശ്വതഃ = ഇടത്തുവശം ചരിഞ്ഞു
ദക്ഷിണം സക്ഥി സങ്കോച്യ = വലത്തേക്കാൽ മടക്കിയും
തതഃ അപരം പ്രസാര്യ ച = മറ്റേക്കാൽ (ഇടത്തുകാൽ) നീട്ടിയും വച്ചുകൊണ്ട്
സംവിഷ്ടം = കിടക്കുന്നവനെയാണ്– അനുവസിപ്പിക്കേണ്ടതു്— സ്നേഹവസ്തി പ്രയോഗിക്കേണ്ടതു്.

അഥാസ്യ നേത്രം പ്രണയേൽ സ്നിഗ്ദ്ധേ സ്നിഗ്ദ്ധമുഖം ഗുദേ 24
ഉച്ഛ്വാസ്യ വസ്തിം വദനേ ബദ്ധ്വാ ഹസ്തമകമ്പയൻ
പൃഷ്ഠവംശം പ്രതി തതോ നാതിദ്രുതവിളംബിതം 25
നാതിവേഗം ന വാ മന്ദം സകൃദേവ പ്രപീഡയേൽ
സാവശേഷം ച കുർവീത വായുശ്ശേഷേ ഹി തിഷ്ഠതി. 26

അഥ അസ്യ = അനന്തരം മേൽപ്രകാരം കിടക്കുന്നവന്റെ
സ്നിഗ്ദ്ധേ ഗുദേ = മെഴുക്കിട്ടു സ്നിഗ്ദ്ധമാക്കിയ ഗുദത്തിൽ
വസ്തിം ഉച്ഛ്വാസ്യ = വസ്തിയെ വീർപ്പിച്ചിട്ടു (സ്നേഹമൊഴിച്ചു നിറച്ചിട്ടു)
വദനേ ബദ്ധ്വാ = വസ്തിമുഖസ്ഥാനത്തു ദ്വാരം അടയത്തക്കവണ്ണം കൂട്ടിപ്പിടിച്ചുകെട്ടി
സ്നിഗ്ദ്ധമുഖം നേത്രം = മെഴുക്കുതേച്ചു സ്നിഗ്ദ്ധമാക്കിയ നേത്രമുഖത്തെ
പൃഷ്ഠവംശം പ്രതി = നട്ടെല്ലിന്റെ നേരെയായിട്ടു
ഹസ്തം അകമ്പയൻ = കൈക്കു വിറയലുണ്ടാകാതെ
നാതിദ്രുതവിളംബിതം = അധികം വേഗത്തിലും അധികം താമസിച്ചുമല്ലാത്തവിധത്തിൽ
പ്രണയേൽ = കടത്തണം.
തതഃ = നേത്രം കടത്തിയതിനുശേഷം
നാതിവേഗം = അതിവേഗത്തിലല്ലാതേയും
ന വാ മന്ദം = തീരെ സാവധാനത്തിലല്ലാതേയും
സകൃൽ ഏവ = ഒരു പ്രാവശ്യമായിട്ടുതന്നെ
പ്രപീഡയേൽ = വസ്തിയിൽ ഞെക്കി സ്നേഹം അകത്താക്കണം
സാവശേഷം കുർവീത ച = സ്നേഹം വസ്തിയിൽ കുറച്ചു ശേഷിപ്പിച്ചുവയ്ക്കുകയും വേണം
ഹി = എന്തെന്നാൽ
ശേഷേ = മുഴുവൻ സ്നേഹത്തിന്റേയും ശേഷമായിട്ടു
വായുഃ തിഷ്ഠതി = വായു വസ്തിയിൽ നിൽക്കുന്നുണ്ടായിരിക്കും.

വസ്തിപ്രയോഗത്തിന്റെ ഈ വിധിയിൽ സ്നേഹം വസ്തിയിൽ ഒഴിച്ചിരിക്കണമെന്നു കാര്യം സ്പഷ്ടമായി പറഞ്ഞിട്ടില്ല. "ഉച്ഛ്വാസ്യ വസ്തിം" എന്നതിൽ ഉള്ളടക്കിവെച്ചിട്ടില്ലെന്നുകണ്ടു കടന്നുകളയാനും നിവൃത്തിയില്ല. ഇതുനിമിത്തം ഉച്ഛ്വാസശബ്ദം പല ദുരർത്ഥങ്ങളേയും ഉല്പാദിപ്പിച്ചുകൊണ്ടാണിരിക്കുന്നതു്. ആകയാൽ ഉച്ഛ്വാസ്യ വസ്തിം എന്നതിന്റെ വ്യാഖ്യാനമായിട്ടു വകവയ്ക്കാവുന്ന ഗ്രന്ഥാന്തരോക്തികളെ അതിൽ കാണുന്നപ്രകാരം ഇവിടെ വിവരിക്കാം.

വസ്തിയുടെ മൂലഭാഗം നേത്രത്തിൻെറ മൂലഭാഗത്തു കർണ്ണികകളുടെ ഇടയ്ക്കാക്കി കെട്ടിവയ്ക്കണമെന്നും അഗ്രഭാഗത്തെ ദ്വാരം വത്തികൊണ്ടു അടച്ചിരിക്കണമെന്നും പറഞ്ഞിട്ടുണ്ടല്ലോ. അഗ്രഭാഗം അവിടെവെച്ചിട്ടുള്ള വത്തിഎടുത്തിട്ടു ഇടത്തേ പാദത്തിൻെറ പുറത്തു കുത്തിനിവത്തി കർണ്ണികയുടെ മേൽഭാഗം വലത്തുകാലിൻെറ പെരുവിരലിൻെറയും, ചൂണ്ടുവിരലിൻെറയും ഇടയ്ക്കാക്കി ഉറപ്പിച്ചുപിടിച്ചുകൊണ്ടു വസ്തിമുഖം തുറന്നു സ്നേഹം അല്ലെങ്കിൽ കഷായം അതിലൊഴിച്ചു വസ്തിയെ എല്ലാ ഭാഗവും വീർപ്പിച്ച് കുമിളകളൊക്കെപ്പോക്കി പാട്ടുള്ളിടത്തോളം വായു അകത്തു തങ്ങിനില്ക്കാത്തവിധത്തിലും, വസ്തിക്കു ചുളുക്കുണ്ടാകാത്ത രീതിയിലും വസ്തിമുഖത്തെ അതിൻെറ കീഴ്ഭാഗത്തായിട്ടു കൂട്ടിപ്പിടിച്ചു അവിടെ ചരടുകൊണ്ടു ദൃഢമായി ചുററിക്കെട്ടണം. അതിന്നുശേഷം വസ്തിയെ വലത്തേ കൈക്കുള്ളിലാക്കിയും, നേത്രത്തെ അതിൻെറ അഗ്രം കാലിൽനിന്നു ഇടത്തുകൈയുടെ പെരുവിരലിൽ കൊള്ളിച്ചു ചൂണ്ടുവിരലും നടുവിരലുംകൊണ്ടു കർണ്ണികയിൽ പിടിച്ചും എടുത്തുകൊണ്ടു മുകളിൽ പറഞ്ഞിരിക്കുന്നപ്രകാരം നേത്രാഗ്രത്തെ കർണ്ണികയോളം ഗുദത്തിൽ കടത്തണം. അതു കഴിഞ്ഞിട്ടു വസ്തിയിൽ ഞെക്കി സ്നേഹം ധാരാരൂപത്തിൽ അകത്താക്കുകയുംവേണം. മുഴുവൻ സ്നേഹവും അകത്തു കടത്തരുത്. എത്ര സൂക്ഷിച്ചു കെട്ടിയാലും മിക്കപ്പോഴും കുറച്ചു വായു വസ്തിയിൽ തങ്ങിനില്ക്കാതെ വരില്ല. അതു അകത്തുകടക്കാനിടവരാതിരിക്കണമെന്നു കരുതിക്കൊണ്ടാണ് മുഴുവൻ കടത്താതെ അല്പം ബാക്കിവയ്ക്കണമെന്നു പറഞ്ഞതു്.

ദത്തേ തൂത്താനദേഹസ്യ പാണിനാ താഡയേൽ സ്ഫിജൗ
തൽപാർഷ്ണിഭ്യാം തഥാ ശയ്യാം പാദതശ്ച ത്രിരുൽക്ഷിപേൽ. 27

ദത്തേ തു = സ്നേഹം അകത്താക്കിക്കഴിഞ്ഞാൽ
ഉത്താനദേഹസ്യ = മലന്നുകിടക്കുന്ന അവൻെറ
സ്ഫിജൗ = സ്ഫിക്കുകളെ (ആസനങ്ങളെ—ചന്തികളെ)
പാണിനാ = കൈകൊണ്ടും
തഥാ = അപ്രകാരം
തൽപാർഷ്ണിഭ്യാം = അവൻെറ പാർഷ്ണികൾ (മടമ്പുകൾ)കൊണ്ടും
താഡയേൽ = അടിക്കണം.
ശയ്യാം പാദതഃ = കട്ടിലിന്നെ കാലിരിക്കുന്ന ഭാഗത്തു
ത്രിഃ ഉൽക്ഷിപേൽ ച = മൂന്നുപ്രാവശ്യം പൊക്കിവയ്ക്കുയും വേണം.

സ്നേഹം മേൽപ്രകാരം അകത്തു കടത്തിക്കഴിഞ്ഞാൽ അയാളെ കാൽ പൊക്കിവച്ചു മലത്തിക്കിടത്തി ആസനങ്ങളിൽ കൈകൊണ്ടു അടിക്കണം. അയാളുടെ മടമ്പുകൾ (ഉപ്പുകുററിയുടെ പിൻഭാഗം കൊണ്ടു അടിപ്പിക്കയും വേണം. അതിന്നുശേഷം കട്ടിലിന്നെ അതിൻെറ കാലിരിക്കുന്ന ഭാഗത്തു പിടിച്ചു മൂന്നുപ്രാവശ്യം പൊക്കിവയ്ക്കുയും വേണ്ടതാകുന്നു.

തതഃ പ്രസാരിതാംഗസ്യ സോപധാനസ്യ പാർഷ്ണികേ
ആഹന്യാന്മുഷ്ടിനാംഗം ച സ്നേഹേനാഭ്യജ്യ മർദ്ദയേൽ 28
വേദനാർത്തമിതി സ്നേഹോ നഹി ശീഘ്രം നിവർത്തതേ.

തതഃ = അതിന്നുശേഷം
പ്രസാരിതാംഗസ്യ = കാൽ, കൈ മുതലായ അംഗങ്ങളൊക്കെ നീട്ടി
സോപധാനസ്യ = തലയണവച്ചുകിടക്കവേ അവൻെറ
പാർഷ്ണികേ = രണ്ടു പാർഷ്ണികളേയും
മുഷ്ടിനാ ആഹന്യാൽ = കൈമുറുക്കി ഇടിക്കണം.
വേദനാർത്തം അംഗം = വേദനയുള്ള ശരീരഭാഗത്തു
സ്നേഹേന അഭ്യജ്യ = മെഴുക്കു തേച്ചിട്ടു
മർദ്ദയേൽ ച = തിരുമ്മുകയും വേണം.

ഇതി (കൃതേ സതി) = ഇങ്ങനെയൊക്കെച്ചെയ്താൽ
സ്നേഹം = അകത്തു കടന്ന സ്നേഹം
ശീഘ്രം നിവർത്തതേ നഹി = ഉടനേ തിരിച്ചുപോരാതെ നിൽക്കും.

യോജ്യശ്ശീഘ്രം നിവൃത്തേന്യഃ സ്നേഹോതിഷ്ഠൻ ന കാര്യകൃൽ 29
ദീപ്താഗ്നിം ത്വാഗതസ്നേഹം സായാഹ്നേ ഭോജയേല്ലഘു

ശീഘ്രം നിവൃത്തേ = ഉടനേ സ്നേഹം പുറത്തേക്കു് പൊയ്പ്പോയി എങ്കിൽ
അന്യഃ യോജ്യഃ = വേറെ സ്നേഹം വീണ്ടും പ്രയോഗിക്കേണ്ടതാണു്.
സ്നേഹഃ അതിഷ്ഠൻ = സ്നേഹം അകത്തു തങ്ങിനിൽക്കാതിരുന്നാൽ
ന കാര്യകൃൽ = പ്രയോജനമൊന്നുമുണ്ടാകയില്ല
ആഗതസ്നേഹം തു = വേണ്ടത്ര സമയം അകത്തുനിന്നിട്ടു് സ്നേഹം പുറത്തു പോയിക്കഴിഞ്ഞാൽ
ദീപ്താഗ്നിഃ = അഗ്നിദീപ്തി ഉണ്ടെങ്കിൽ അവനെ
സായാഹ്നേ ലഘു ഭോജയേൽ = വൈകുന്നേരത്തു ലഘുവായ അന്നം ഭുജിപ്പിക്കണം.

നിവൃത്തികാലഃ പരമസ്ത്രയോ യാമാസ്തതഃ പരം. 30
അഹോരാത്രമുപേക്ഷേത പരതഃ ഫലവർത്തിഭിഃ
തീക്ഷ്ണൈർവാ വസ്തിഭിഃ കുര്യാദ്യത്നം സ്നേഹനിവൃത്തയേ 31

പരമഃ നിവൃത്തികാലഃ = സ്നേഹം പുറത്തുപോരേണ്ടതിനുള്ള കൂടിയ സമയം
ത്രയഃ യാമാഃ = മൂന്നു യാമങ്ങളാകുന്നു (ഇരുപത്തിരണ്ടരനാഴിക.)
തതഃ പരം = മൂന്നുയാമം കഴിഞ്ഞിട്ടു (അതുവരെ പോരാതിരുന്നാൽ)
അഹോരാത്രം ഉപേക്ഷേത = അന്നത്തെ പകലും രാത്രിയും സ്നേഹനിവൃത്തിക്കായിട്ടു് ഒന്നും ചെയ്യേണ്ടതില്ല.
പരതഃ = അതിനുമേൽ — പിറ്റേദിവസം കാലത്തു്
ഫലവർത്തിഭിഃ = ഫലവർത്തികൾ വച്ചിട്ടോ
തീക്ഷ്ണൈഃ വസ്തിഭിഃ വാ = തീക്ഷ്ണവസ്തികൾ പ്രയോഗിച്ചിട്ടോ
സ്നേഹനിവൃത്തയേ = സ്നേഹം മടങ്ങിപ്പോരുന്നതിനായി
യത്നം കുര്യാൽ = യത്നം ചെയ്യണം.

സ്നേഹവസ്തി പ്രയോഗിച്ചാൽ മൂന്നു യാമത്തിനുള്ളിൽ സ്നേഹം പുറത്തു പോരുന്നതാണു്. അതിനുള്ളിൽ പോരാതിരുന്നാൽ അന്നിരുട്ടി വെളുക്കുന്നതിനകം തന്നിയേ പോരുന്നതിനായി വിട്ടേക്കണം. ആ അവധിക്കകത്തും പോയില്ലെന്നു കണ്ടാൽ പിറ്റേദിവസം കാലത്തു ഫലവർത്തിവച്ചോ തീക്ഷ്ണവസ്തികൾ പ്രയോഗിച്ചോ സ്നേഹത്തെപ്പോക്കുന്നതിനായി ശ്രമിക്കണം.

അതിരൗക്ഷ്യാദനാഗച്ഛൻ ന ചേജ്ജാള്യാദിദോഷകൃൽ
ഉപേക്ഷ്യതൈവ ഹി തതോധ്യുഷിതശ്ച നിശാം പിബേൽ 32
പ്രാതർനാഗരധാന്യാംഭഃ കോഷ്ണം കേവലമേവ വാ

അതിരൗക്ഷ്യാൽ = കോഷ്ഠത്തിനു് രൂക്ഷത അധികമുണ്ടായിരുന്നതു നിമിത്തം
അനാഗച്ഛൻ = സ്നേഹം തിരിച്ചുവരാതിരുന്നിട്ടു്
ജാള്യാദിദോഷകൃൽ ന ചേൽ = ജാള്യം മുതലായ ദോഷങ്ങളെ ഉണ്ടാക്കുന്നില്ല എങ്കിൽ
ഉപേക്ഷ്യ ഏവ ഹി = ഉപേക്ഷിക്കതന്നെവേണം (സ്നേഹനിവൃത്തിക്കായിട്ടു യാതൊന്നും ചെയ്യേണ്ടതില്ലെന്നർത്ഥം)
തതഃ = അതിൽ പിന്നെ
നിശാം അധ്യുഷിതഃ = അന്നുരാത്രി കഴിയുന്നതുവരെ ഉപവസിച്ചിട്ടു്
പ്രാതഃ കോഷ്ണം = രാവിലെ ചെറുചൂടുള്ള
നാഗരധാന്യാംഭഃ = ചുക്കും കൊത്തമല്ലിയും കൂടെയിട്ടു വെന്ത വെള്ളമോ

| | |
|---|---|
| കേവലം(അംഭഃ) ഏവ വാ | = വെറും ചൂടുവെള്ളംതന്നെയോ |
| പിബേൽ ച | = കുടിച്ചുകൊണ്ടുകയും വേണം. |

സ്നേഹം തിരിയെ പോരാതിരുന്നിട്ടു ജാളാ്യം മുതലായ ഉപദ്രവങ്ങളെ ഉണ്ടാക്കുന്നില്ല എങ്കിൽ കോഷ്ഠത്തിന്റെ അതിരൂക്ഷതനിമിത്തം സ്നേഹം കോഷ്ഠത്തിൽ പിടിച്ചുപോയി, അതിനാൽ തിരിച്ചുപോരാനില്ല ഇല്ലാത്തതുകൊണ്ടു് ഇല്ലാത്തതിനെ പോക്കാൻ യത്നിക്കയുംവേണ്ടാ എന്നു മനസ്സിലാക്കണം.

അനാസയേത്തൃതീയേഽഹ്നി പഞ്ചമേ വാ പുനശ്ച തം 33
യദാ വാ സ്നേഹപക്തിസ്സ്യാദതോത്യുല്ബണമാരുതാൻ
വ്യായാമനിത്യാൻ ദീപ്താഗ്നീൻ രൂക്ഷാംശ്ച പ്രതിവാസരം. 34

| | |
|---|---|
| തൃതീയേഽഹ്നി പഞ്ചമേവാ | = മൂന്നാംദിവസമോ അഞ്ചാംദിവസമോ |
| പുനഃ ച തം | = പിന്നെയും അവനെ |
| അനാസയേൽ | = അനാസിപ്പിക്കണം (അവനു സ്നേഹവസ്തിചെയ്യണം) |
| യദാ സ്നേഹപക്തിഃ സ്യാൽ | = എപ്പോൾ സ്നേഹത്തിനു പാകംവരുമോ |
| (തദാ) വാ | = അപ്പോഴോ വീണ്ടും സ്നേഹവസ്തി ചെയ്യുകൊള്ളാം. |
| അതഃ | = ഈ കാരണത്താൽ |
| അത്യുല്ബണമാരുതാൻ | = വാതം അധികമായി വർദ്ധിച്ചിരിക്കുന്നവരും |
| വ്യായാമനിത്യാൻ | = പതിവായി വ്യായാമം ചെയ്യുകൊണ്ടിരിക്കുന്നവരും |
| ദീപ്താഗ്നീൻ രൂക്ഷാൻ ച | = അഗ്നിദീപ്തിയുള്ളവരും രൂക്ഷന്മാരുമായവൎക്കു് |
| പ്രതിവാസരം | = ദിവസംതോറും സ്നേഹവസ്തി പ്രയോഗിക്കാം. |

ഇതി സ്നേഹൈസ്ത്രിചതുരൈഃ സ്നിഗ്ദ്ധേ സ്രോതോവിശുദ്ധയേ
നിരൂഹം ശോധനം യുഞ്ജ്യാദസ്നിഗ്ദ്ധേ സ്നേഹനം തനോഃ 35

| | |
|---|---|
| ഇതി | = ഇപ്പറഞ്ഞ ക്രമത്തിൽ |
| ത്രിചതുരൈഃ സ്നേഹൈഃ | = മൂന്നോനാലോ സ്നേഹവസ്തി പ്രയോഗിക്കുന്നതുകൊണ്ടു |
| സ്നിഗ്ദ്ധേ | = ശരിയായ സ്നിഗ്ദ്ധതയുണ്ടായിക്കഴിഞ്ഞാൽ |
| സ്രോതോവിശുദ്ധയേ | = സ്രോതസ്സു ശുദ്ധമാകുന്നതിനായി |
| ശോധനം നിരൂഹം | = ശോധനമായ ഒരു കഷായവസ്തി |
| യുഞ്ജ്യാൽ | = പ്രയോഗിക്കണം. |
| അസ്നിഗ്ദ്ധേ | = അതുകൊണ്ടു സ്നിഗ്ദ്ധത ഉണ്ടായിട്ടില്ലെങ്കിൽ |
| തതോഃ സ്നേഹനം | = ശരീരത്തിനു് സ്നിഗ്ദ്ധതയെ ഉണ്ടാക്കുന്ന |
| (നിരൂഹം യുഞ്ജ്യാൽ) | = നിരൂഹമാണു പ്രയോഗിക്കേണ്ടതു്. |

മുകളിൽ പറഞ്ഞ ക്രമത്തിൽ മൂന്നോ നാലോ സ്നേഹവസ്തി പ്രയോഗിക്കുന്നു. അതുകൊണ്ടു സ്നിഗ്ദ്ധത ഉണ്ടായിക്കണ്ടാൽ പിന്നെ കഷായവസ്തി പ്രയോഗിക്കാം. എന്നാൽ നിർദ്ദിഷ്ടമായ കഷായവസ്തി പ്രയോഗിക്കുന്നതിനുമുമ്പായി സ്രോതശ്ശോധനത്തിനു് ഒരു നിരൂഹം അവിടെ പ്രയോഗിക്കേണ്ടതുണ്ടു്. സ്രോതശ്ശോധനത്തിനുള്ള ഈ നിരൂഹത്തെ യഥോദ്ദിഷ്ടമായ നിരൂഹത്തിന്റെ ഒരു വഴികാട്ടിയായിട്ടേ ഗണിക്കേണ്ടതുള്ളൂ. സ്നേഹവസ്തികൊണ്ടു സ്നിഗ്ദ്ധത ശരിക്കുണ്ടായിട്ടില്ലെന്നു കാണുകയാണെങ്കിൽ ശോധനമായി പ്രയോഗിക്കാൻ പറഞ്ഞ ഈ നിരൂഹത്തെ സ്നേഹനമാക്കിക്കൊള്ളേണ്ടതാണു്. മൂന്നല്ലെങ്കിൽ നാലു് അല്ലാതെ അതിലധികം സ്നേഹവസ്തി പ്രയോഗിക്കരുതെന്നും, സ്നേഹവസ്തിക്കുശേഷവും കഷായവസ്തിക്കു മുൻപുമായിട്ടു സ്രോതശ്ശോധനത്തിനായി ഒരു നിരൂഹം പ്രയോഗിക്കണമെന്നും, മൂന്നുനാലു സ്നേഹവസ്തി കൊണ്ടു് സ്നേഹനമുണ്ടായിട്ടില്ലെങ്കിൽ ഈ ശോധനനിരൂഹത്തെത്തന്നെ സ്നേഹനമാക്കിക്കൊള്ളണമെന്നുമാണു് ഇതിൽനിന്നു ഗ്രഹിക്കേണ്ടതു്.

പഞ്ചമേഥ തൃതീയേ വാ ദിവസേ സാധകേ ശുഭേ
മദ്ധ്യാഹ്നേ കിഞ്ചിദാവൃത്തേ പ്രവൃത്തേ ബലിമംഗലേ 36

അഭ്യക്തസ്വേദിതോത്സൃഷ്ടമലം നാതിബുഭുക്ഷിതം
അവേക്ഷ്യ പുരുഷം ദോഷഭേഷജാദീനി ചാദരാൽ. 37
വസ്തിം പ്രകല്പയേദ്വൈദ്യസ്തദ്വിദ്യൈർബ്ബഹുഭിസ്സഹ.

അഥ = അനന്തരം
സാധകേ ശുഭേ = കാര്യംസാധിപ്പിക്കുന്നയോഗമുള്ളതുംശുഭകരവുമായ
പഞ്ചമേ ദിവസേ = അഞ്ചാംദിവസമോ
തൃതീയേ(ദിവസേ)വാ = മൂന്നാംദിവസമോ
മധ്യാഹ്നേ കിഞ്ചിൽ ആവൃത്തേ = മധ്യാഹ്നസമയം അല്പം കടക്കവേ
ബലിമംഗലേ പ്രവൃത്തേ = ബലിമംഗലകർമ്മങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ
അഭ്യക്തസ്വേദിതോത്സൃഷ്ടമലം = മെഴുക്കിട്ടുവിയർപ്പിച്ച് മലവുംപോക്കി
നാതിബുഭുക്ഷിതം = അധികം വിശപ്പില്ലാതിരിക്കുന്ന
പുരുഷം = പുരുഷനേയും (അവന്റെ കോഷ്ഠസ്ഥിതി, അഗ്നിബലം മുതലായവയേയും)
ദോഷഭേഷജാദീനി ച = ദോഷാവസ്ഥ, നിശ്ചയിച്ചിട്ടുള്ള ഔഷധം ഇത്യാദികളേയും
ആദരാൽ അവേക്ഷ്യ = നല്ലവണ്ണം സൂക്ഷിച്ചുനോക്കിക്കണ്ടിട്ട്
വൈദ്യഃ = വസ്തി പ്രയോഗിക്കുന്ന വൈദ്യൻ
തദ്വിദ്യൈഃ = വസ്തിപ്രയോഗവിചക്ഷണന്മാരായ
ബഹുഭിഃ സഹ = അനേകം വൈദ്യന്മാരോടുകൂടിയിരുന്ന്
വസ്തിം പ്രകല്പയേൽ = വസ്തി പ്രയോഗിക്കണം.

'വസ്തിംപ്രകല്പയേൽ' എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു വസ്തി ഗുദത്തിലേക്കു കടത്തുമ്പോൾമാത്രമല്ല മററു വൈദ്യന്മാരുടെ സഹകരണം ആവശ്യമുള്ളതെന്നും കല്ക്കക്വാഥാദികളെ അവയുടെ പ്രത്യേകമാനങ്ങളോടുകൂടി നിർണ്ണയിച്ചു നിരൂഹസംയോജനംചെയ്യുന്നതുതന്നെ അവരോടുകൂടി ആലോചിച്ചും അവരുടെ സഹകരണത്തോടുകൂടിയും വേണ്ടതാണെന്നു ഗ്രഹിക്കേണ്ടതാകുന്നു.

ക്വാഥയേദ്വിംശതിപലം ദ്രവ്യസ്യാഷ്ടൗ ഫലാനി ച. 38
തതഃ ക്വാഥാച്ചതുർത്ഥാംശം സ്നേഹം വാതേ പ്രകല്പയേൽ
പിത്തേ സ്വസ്ഥേ ച ഷഷ്ഠാംശമഷ്ടമാംശം കഫേഽധികേ. 39
സർവ്വത്ര ചാഷ്ടമം ഭാഗം കല്ക്കാദ്ഭവതി വാ യഥാ
നാത്യച്ഛസാന്ദ്രതാ വസ്തേഃ പലമാത്രം ഗുഡസ്യ ച. 40
മധുപട്വാദി ശേഷം ച യുക്ത്യാ സർവ്വം തദേകതഃ
ഉഷ്ണാംബുകുംഭീബാഷ്പേണ തപ്തം ഖജസമാഹതം. 41
പ്രക്ഷിപ്യ വസ്തൗ പ്രണയേൽ പായൗ നാത്യുഷ്ണശീതളം
നാതിസ്നിഗ്ദ്ധം ന വാ രൂക്ഷം നാതിതീക്ഷ്ണം ന വാ മൃദു. 42
നാത്യച്ഛസാന്ദ്രം നോനാതിമാത്രം നാപടു നാതി ച
ലവണം തദ്വദമ്ലം ച പഠന്ത്യന്യേ തു തദ്വിദഃ. 43
മാത്രാം ത്രിപലികാം കുര്യാൽ സ്നേഹമാക്ഷികയോഃ പൃഥക്
കർഷാർദ്ധം മാണിമന്ഥസ്യ സ്വസ്ഥേ കല്ക്കപലദ്വയം 44
സർവ്വദ്രവാണാം ശേഷാണാം പലാനി ദശ കല്പയേൽ.

ദ്രവ്യസ്യ വിംശതിപലം = ഇരുപതുപലം മരുന്നും
അഷ്ടൗ ഫലാനി ച = എട്ടു മലംകാരക്കായും

ക്വാഥയേൽ = വിധിപ്രകാരം ക്വാഥമാക്കിയെടുത്തുവയ്ക്കണം.
തതഃ = അനന്തരം — നിരൂഹം മന്നിക്കുമ്പോൾ
വാതേ അധികേ = വാതം അധികമായിട്ടുള്ളതിൽ
ക്വാഥാൽ = ക്വാഥത്തിൽ നിന്നു (ആകെയുള്ള നിരൂഹത്തിന്റെ)
ചതുർത്ഥാംശം = നാലിലൊരു ഭാഗവും
പിത്തേ (അധികേ) = പിത്തം അധികമായുള്ളതിലും
സ്വാസ്ഥേ ച = സ്വാസ്ഥനിലും
ഷഷ്ഠാംശം = ആറിലൊരുഭാഗവും
കഫേ (അധികേ) = കഫം അധികമായിരിക്കുന്നതിൽ
അഷ്ടമാംശം = എട്ടിലൊരുഭാഗവും
സ്നേഹം പ്രകല്പയേൽ = സ്നേഹം ചേർക്കണം.
സർവ്വത്ര = എല്ലാററിലും
കല്ക്കാൽ അഷ്ടമം ഭാഗം ച = കല്ക്കം എട്ടിലൊരു ഭാഗവും ചേർക്കണം.
യഥാ = എങ്ങനെയായാൽ
വസ്തേഃ നാത്യച്ഛസാന്ദ്രതാ ഭവതി = വസ്തിക്കുള്ള കഷായം അധികം നീക്കാതെയും കൊഴുക്കാതെയുമായിത്തീരുമോ
(തഥാ) വാ = ആ കണക്കിൽ കല്ക്കം ചേർത്തുകൊൾകയും ചെയ്യാം.
ഗുഡസ്യ പലമാത്രം ച = ഉണ്ടശ്ശർക്കര ഒരു പലംമാത്രവും
ശേഷം മധുപടാദി യുക്ത്യാ ച = ശേഷമുള്ള തേൻ, ഇന്തുപ്പ് മുതലായവ യുക്തിപ്രകാരം വേണ്ട കണക്കിലും ചേർത്തുകൊള്ളണം.
തൽ സർവ്വം = ഇപ്പറഞ്ഞതവയെല്ലാം
ഏകതഃ = ഒരു പാത്രത്തിൽ ഒന്നാക്കിച്ചേർത്ത്
ഖജസമാഹതം = ചട്ടുകത്താൽ നല്ലവണ്ണം ഇളക്കിക്കൊണ്ട്
ഉഷ്ണാംബുകുംഭീബാഷ്പേണ തപ്തം = ചൂടുവെള്ളമുള്ള കലത്തിൽനിന്നുവരുന്ന ആവി തട്ടിച്ച് ചൂടാക്കിയെടുത്ത്
വസ്തൗ പ്രക്ഷിപ്യ = വസ്തിയിൽ ഒഴിച്ച്
പായൗ പ്രണയേൽ = ഗുദത്തിലേയ്ക്കു കടത്തണം.
ന അത്യുഷ്ണശീതളം = ഗുദത്തിൽ കടത്തുന്ന വസ്തി അത്യുഷ്ണമായോ അതിശീതളമായോ ഇരിക്കരുത്
ന അതിസ്നിഗ്ദ്ധം = അധികം സ്നിഗ്ദ്ധമായിപ്പോകരുത്
ന രൂക്ഷം വാ = രൂക്ഷമായിരിക്കയുമരുത്
ന അതിതീക്ഷ്ണം = അധികം തീക്ഷ്ണമായിരിക്കരുത്
ന മൃദു വാ = മൃദുവായിപ്പോകയുമരുത്
ന അത്യച്ഛസാന്ദ്രം = ഏറെ തെളിവായോ കൊഴുത്തോ ഇരിക്കരുത്
ന ഊനാതിമാത്രം = മാത്ര കുറഞ്ഞുപോകയോ കൂടിപ്പോകയോ അരുത്
ന അപടു = ഉപ്പു ചേർക്കാതിരിക്കരുത്
ന അതിലവണം ച = അധികം ഉപ്പു ചേർക്കയുമരുത്
തദ്വൽ അമ്ലം ച = അതുപോലെ പുളിയും ഇല്ലാതിരിക്കയോ അധികമായിപ്പോകയോ അരുത്.
അതന്യ തദ്വിദഃ തു = മററു ചില വസ്തിചികിത്സകന്മാരാകട്ടെ
സ്വാസ്ഥേ = സ്വാസ്ഥനിൽ പ്രയോഗിക്കുന്ന വസ്തിക്കു
സ്നേഹമാക്ഷികയോഃ മാത്രാം = സ്നേഹത്തിന്റേയും തേനിന്റേയും മാത്രയെ
പൃഥക് ത്രിപലികാം കുര്യാൽ = പ്രത്യേകം മൂന്നു പലംവീതമാക്കിക്കൊള്ളണം
മാണിമന്ഥസ്യ = ഇന്തുപ്പിന്റെ മാത്ര
കർഷാർദ്ധം = ഒന്നരക്കഴഞ്ചും (പലത്തിന്റെ എട്ടിലൊന്ന്)
കല്ക്കപലദ്വയം = കല്ക്കദ്രവ്യം രണ്ടു പലവും
ശേഷാണാം സർവ്വദ്രവാണാം = ബാക്കിയുള്ള എല്ലാവകദ്രവസാധനങ്ങളുടേയുംമാത്ര
ദശപലാനി = പത്തു പലവുമായിട്ട്
കല്പയേൽ (ഇതി പഠന്തി) = കല്പിക്കേണ്ടതാണ് എന്ന് അഭിപ്രായപ്പെടുന്നു.

നിരൂഹത്തിനുവേണ്ട സാധനങ്ങൾ പ്രധാനമായിട്ട് ക്വാഥം, കല്ക്കം, സ്നേഹം ഇവ മൂന്നുമാണ്. ഇവയ്ക്കുപുറമേ തേൻ, ഇന്തുപ്പ്, ശർക്കര, അമ്ലദ്രവ്യങ്ങൾ ഇത്യാദികളുമുണ്ട്. നിരൂഹത്തിന്റെ കൂടിയമാത്ര പന്ത്രണ്ടു പ്രസൃതം—ഇരുപത്തിനാലു പലമാണല്ലോ. സ്വസ്ഥന്ന വസ്തിവയ്ക്കുമ്പോൾ ഇതിന്റെ ആറിലൊന്ന്—അതായത് നാലുപലം സ്നേഹം കൂട്ടിക്കൊള്ളണം. കല്ക്കം എട്ടിലൊന്നായ മൂന്നുപലവും ശർക്കര ഒരുപലവും വേണം. അപ്പോൾ മൂന്നുംകൂടി എട്ടു പലമാകും. മധുപടോലാദികൾ 'യുക്ത്യാ' ചേർക്കണമെന്നാണു പറയുന്നതു്. യുക്തിപ്രകാരം തേൻ നെയ്യു തുല്യം നാലുപലമാകട്ടെ. പിന്നെ ആദിശബ്ദംകൊണ്ടു നിർദ്ദേശിക്കപ്പെടുന്ന ക്ഷീരമാംസരസാദികൾ രണ്ടു പലമെന്നും വയ്ക്കാം. ഇപ്പോൾ പതിനാലു പലമായി. കഷായത്തിന്റെ കണക്കിവിടെ പറഞ്ഞിട്ടില്ലെങ്കിലും പോരാതെവരുന്നതു കഷായമാക്കിക്കല്പിക്കാവുന്നതാണ്. അല്ലെങ്കിൽ ചരകത്തിൽ കാണുന്നപ്രകാരം ഭാഗാഃകഷായസ്യ ച പഞ്ച) പത്തുപലമാക്കിക്കൂട്ടാം. ഇങ്ങനെയായാൽ എല്ലാംകൂടി ഇരുപത്തിനാലു പലമാകും. രോഗാവസ്ഥയിലാണു വസ്തി പ്രയോഗിക്കുന്നതെങ്കിൽ വാതാധിക്യത്തിൽ ആറുപലവും, പിത്താധിക്യത്തിൽ നാലുപലവും കഫാധിക്യത്തിൽ മൂന്നുപലവും സ്നേഹമാണു ചേർക്കേണ്ടതു്. ക്വാഥകല്ക്കാദികളുടെ കണക്കുകളെപ്പററി വേറെ ചില വസ്തിചികിത്സാനിഷ്ണാതന്മാർ പറയുന്നതു് സ്വസ്ഥന്ന സ്നേഹമാക്ഷികങ്ങൾ മൂന്നു പലംവീതവും, ഇന്തുപ്പ് ഒന്നരക്കഴഞ്ചും, കല്ക്കം രണ്ടുപലവും, മററുള്ള ദ്രവസാധനങ്ങളൊക്കെക്കൂടി പത്തുപലവും വേണമെന്നാണ്. ഈ കണക്കുപ്രകാരം ആകെ പതിനെട്ടുപലമാണു വരുന്നതു്. ഇനി ഇതിനെത്തന്നെ ഇരുപത്തിനാലുപലമാക്കി നോക്കുക. അപ്പോൾ സ്നേഹമാക്ഷികങ്ങൾ നാലുപലംവീതവും, ഇന്തുപ്പ് രണ്ടു കഴഞ്ചും, കല്ക്കം രണ്ടേമുക്കാൽപലവും, ദ്രവസാധനങ്ങൾ പതിമൂന്നേകാൽ പലവുമാകുന്നു. ഇതു മുൻപു പറഞ്ഞ കണക്കിൽനിന്ന് അധികം വ്യത്യാസപ്പെട്ടതല്ലതാനും. ഏതെങ്കിലും വിഹിതമായ കണക്കിലെടുത്ത വസ്തിസാധനങ്ങളെ ഒക്കെക്കൂടി ഒരു പാത്രത്തിലാക്കി ഇളക്കി യോജിപ്പിച്ചു വെള്ളത്തിന്റെ ആവി തട്ടിച്ചു ചൂടാക്കി വസ്തിയിലൊഴിച്ചു വിധിപ്രകാരം പ്രയോഗിച്ചുകൊള്ളുക. വസ്തിക്ക് അത്യുഷ്ണശീതാദിദോഷങ്ങളൊന്നും ഉണ്ടാകാതിരിക്കാൻ പ്രത്യേകം സൂക്ഷിച്ചുകൊള്ളേണ്ടതാണ്.

മാക്ഷികം ലവണം സ്നേഹം കല്ക്കം ക്വാഥമിതി ക്രമാൽ 45
ആവപേത നിരൂഹാണാമേഷ സംയോജനേ വിധിഃ.

| | |
|---|---|
| മാക്ഷികം ലവണം സ്നേഹം | = തേൻ ഇന്തുപ്പ് നെയ്‌വക |
| കല്ക്കം ക്വാഥം | = അരച്ചെടുത്ത മരുന്ന് കഷായം |
| ഇതി ക്രമാൽ ആവപേത | = ഈ പ്രകാരമുള്ള ക്രമത്തിന് ഒന്നിച്ചുചേർക്കേണ്ടതാണ്. |
| നിരൂഹാണാം സംയോജനേ | = നിരൂഹസാധനങ്ങൾ ഒന്നിക്കുന്നതിൽ |
| ഏഷഃ വിധിഃ | = ഇതാകുന്നു വിധി. |

ആദ്യം പാത്രത്തിൽ തേനൊഴിക്കുക. പിന്നെ അതിൽ ഇന്തുപ്പു പൊടിച്ചിട്ടു മർദ്ദിക്കുക. അതു നല്ലവണ്ണം യോജിച്ചുകഴിഞ്ഞാൽ സ്നേഹം ചേർത്തിളക്കുക. പിന്നെ കല്ക്കം ചേർത്തിളക്കി യോജിപ്പിക്കുക. ഇതെല്ലാം നല്ലവണ്ണം ചേർന്നതിനുശേഷം കഷായം ചേർത്തിളക്കി എല്ലാംകൂടി യോജിപ്പിക്കുക. പിന്നെ ചൂടാക്കി പ്രയോഗിക്കാം. ഈ വിധത്തിലാണു വസ്തി ഒന്നിക്കേണ്ടതു്. എന്നാൽ ഈ പ്രകാരം വസ്തി ഒന്നിക്കുന്നതു ചൂടാക്കിക്കൊണ്ടുവേണമോ ഒന്നിച്ചിട്ടു ചൂടാക്കണമോ എന്ന കാര്യം വ്യക്തമാക്കീട്ടില്ല. ഒന്നിച്ചിട്ടു പിന്നെ ചൂടാക്കുകയാണ് ഇപ്പോൾ വൈദ്യന്മാർ ചെയ്തുവരുന്ന സമ്പ്രദായം. ഇതുകൊണ്ട് എന്തു ഗുണമാണുണ്ടാകുന്നതെന്നു മനസ്സിലാകുന്നില്ല. മറിച്ചു ചൂടാക്കിക്കൊണ്ട് ഒന്നിക്കുന്നതായാലോ? അതിൽനിന്നൊരു ഗുണമുണ്ടാകുന്നുണ്ടെന്നു കാണാം. എങ്ങനെയെന്നാൽ ചുവട്ടിൽ ആവിമാത്രം തട്ടത്തക്കവിധത്തിലുള്ള അടുപ്പിൽ പാത്രംവച്ച് ആദ്യം തേനൊഴിച്ചിളക്കുക. തേൻ ചൂടാകുന്ന സമയം അതു വിഷമെന്നവിധം വീര്യവത്തായിത്തീരുന്നു. ആ അവസ്ഥയിൽ ഉപ്പു ചേർന്നാൽ രണ്ടുംകൂടി ഉൽകൃഷ്ടവീര്യമായിട്ടു വ്യവായിയും വാമനവുമാകുന്നു. അതോടുകൂടി സ്നേഹം ചേരുമ്പോൾ സ്നേഹത്തിന്റെ മന്ദത നീങ്ങീട്ട് ആ യോഗം

സദ്യഃസ്നേഹമായും തീരുന്നു. ഈവിധത്തിൽ ഗുണഗരിഷ്ഠമാകുന്ന മാക്ഷികലവണ സ്നേഹയോഗം കല്ക്കപാഥങ്ങളുടെ സ്തംഭനം എന്ന ദോഷത്തെ നീക്കാൻ അധികം പര്യാപ്തമാകുമെന്നു പറയേണ്ടതില്ലല്ലോ. നിരൂഹം എത്രയും വേഗത്തിൽ കർമ്മകൃത്തായിട്ടു ബഹിർഗമിക്കാൻ ശക്തമാകുന്നതു് ഇപ്രകാരമുള്ള യോജനത്താലാകുന്നു.

ഉത്താനോ ദത്തമാത്രേ തു നിരൂഹേ തന്മനാ ഭവേൽ 46
കൃതോപധാനസഞ്ജാതവേഗശ്ചോൽകടകസ്സ്യജേൽ.

നിരൂഹേ ദത്തമാത്രേ തു = നിരൂഹം കടത്തിക്കഴിഞ്ഞ ഉടനെ
ഉത്താനഃ കൃതോപധാനഃ = മലൎന്നു തലയണയുംവച്ചു കിടന്നു്
തന്മനാഃ ഭവേൽ = അതിൽതന്നെ മനസ്സുവച്ചിരിക്കണം.
സഞ്ജാതവേഗഃ = മലവേഗം ഉണ്ടായിക്കഴിഞ്ഞാൽ
ഉൽകടകഃ = എഴുന്നേററു കുത്തിയിരുന്നുകൊണ്ടു്
സ്യജേൽ ച = മലത്തെപ്പോക്കുകയും വേണം.

ആഗതൌ പരമഃ കാലോ മുഹൂൎത്തോ മൃത്യവേ പരഃ 47
തത്രാനുലോമികം സ്നേഹക്ഷാരമൂത്രാമ്ലകല്പിതം
ത്വരിതം സ്നിഗ്ദ്ധതീക്ഷ്ണോഷ്ണം വസ്തിമന്യം പ്രപീഡയേൽ 48
വിദധ്യാൽ ഫലവൎത്തിം വാ സ്വേദനോത്ത്രാസനാദി ച.

ആഗതൌ പരമഃ കാലഃ = നിരൂഹം തിരിയെപ്പോരുന്നതിനുള്ള കൂടിയ സമയം
മുഹൂൎത്തം = രണ്ടുനാഴികയാകുന്നു — നിരൂഹംകടത്തിക്കഴിഞ്ഞാൽ രണ്ടുനാഴികയ്ക്കകം തിരിയെ പോരണമെന്നൎത്ഥം.
പരഃ മുഹൂൎത്തഃ) = അടുത്ത രണ്ടാമത്തെ മുഹൂൎത്തം
മൃത്യവേ = മരണത്തിനായിത്തീരുന്നു — രണ്ടുനാഴിക കഴിഞ്ഞിട്ടു നിരൂഹം കോഷ്ഠത്തിൽ നില്ക്കുന്നതായാൽ പിന്നെ രണ്ടുനാഴികയ്ക്കുള്ളിൽ അതു മരണത്തെ ഉണ്ടാക്കുമെന്നു സാരം.
തത്ര = രണ്ടാമത്തെ മുഹൂൎത്തത്തിൽ (നിരൂഹം പോരാതിരുന്നാൽ)
ആനുലോമികം = വാതാദികളെ നേരേ പ്രവൎത്തിപ്പിക്കുന്നതും
സ്നേഹക്ഷാരമൂത്രാമ്ലകല്പിതം = വിഹിതങ്ങളായ സ്നേഹങ്ങൾ, ക്ഷാരം, മൂത്രം, അമ്ല
= ദ്രവങ്ങൾ ഇവ ചേൎത്തുണ്ടാക്കുന്നതും
സ്നിഗ്ദ്ധതീക്ഷ്ണോഷ്ണം = സ്നിഗ്ദ്ധതീക്ഷ്ണോഷ്ണഗുണങ്ങളുള്ളതുമായ
അന്യം വസ്തിം = വേറൊരു കഷായവസ്തി
ത്വരിതം പ്രപീഡയേൽ = എത്രയുംവേഗത്തിൽ പ്രയോഗിക്കണം.
ഫലവൎത്തിം = മലംപോരാനുള്ള ചേൎത്തുണ്ടാക്കിയ വൎത്തിയും
സ്വേദനോത്ത്രാസനാദി ച = വിയൎപ്പിക്കുക ഞെട്ടിപ്പിക്കുക മുതലായവയും
വിദധ്യാൽ വാ = പ്രയോഗിക്കുകയോ ചെയ്യാം.

നിരൂഹം പ്രയോഗിച്ചാൽ രണ്ടുനാഴികയ്ക്കകത്തു തിരിയെപ്പോരണം. പോയിട്ടില്ലെങ്കിൽ ഉടനേയോ അടുത്ത രണ്ടുനാഴികയ്ക്കകത്തോ മരിക്കുമെന്നു വിചാരിച്ചുകൂടാ. എന്തെന്നാൽ നിരുഹമായിരിക്കുന്ന നിരൂഹത്തെ തീക്ഷ്ണവസ്തിപ്രയോഗത്താൽ പോക്കുന്നതിനുള്ള സമയമാണതു്. അതു മരണകാരിയായ കാലമാണെങ്കിൽ തീക്ഷ്ണവസ്തിപ്രയോഗം അവിടെ നിഷ്ഫലമായിട്ടല്ലാതെ തീരാൻ സംഗതിയില്ലല്ലോ. ആകയാൽ 'മൃത്യവേപരഃ' എന്നതിനു മരണകാരിയായ അവസ്ഥയെ (മരണലക്ഷണങ്ങളെ) ഉണ്ടാക്കുന്ന കാലം എന്നു അൎത്ഥം ഗ്രഹിക്കുന്നതു നല്ലതാകുന്നു. അതായതു് നിരൂഹം പ്രയോഗിച്ചാൽ അതിനു മൂന്നുകാലമുണ്ടു്. ഒന്നു്, സ്വയംതിരിച്ചുപോരുന്നതു്. രണ്ടു്, പോക്കിയാൽ പോരുന്നതു്. മൂന്നു്, പോക്കിയാലും പോ

ദാത്തതു്. ഒന്നാമത്തെ മുഹൂൎത്തം സ്വയം പോരുന്നതിനുള്ള കാലമാണു്. രണ്ടാമത്തെമുഹൂൎത്തം പോക്കിയാൽ പോരുന്നതിനുള്ള കാലവും പിന്നെയുള്ളതു പോക്കിയാലും പോരാതിരിക്കുന്നതിനുള്ള കാലവുമാകുന്നു. ഇതിനാൽ ഒന്നാമത്തെ മുഹൂൎത്തത്തിൽ സ്വയം പോരാത്തപക്ഷം രണ്ടാമത്തെ മുഹൂൎത്തത്തിൽ തീക്ഷ്ണവസ്തിപ്രയോഗത്താൽ പോരുമെന്നും, ഇല്ലെങ്കിൽ മരണവികാരങ്ങളെ ഉണ്ടാക്കീട്ടു അതിന്റെശേഷം മരണത്തെ ഉണ്ടാക്കുമെന്നും ഗ്രഹിക്കേണ്ടതാകുന്നു.

സ്വയമേവ നിവൃത്തേ തു ദ്വിതീയോ വസ്തിരിഷ്യതേ. 49
തൃതീയോപി ചതുൎത്ഥോപി യാവദ്വാ സുനിരൂഢതാ

സ്വയം ഏവ നിവൃത്തേ തു = തനിയേതന്നെ, നിരൂഹം തിരിച്ചുപോന്നുകഴിഞ്ഞാൽ
ദ്വിതീയഃ വസ്തിഃ ഇഷ്യതേ = രണ്ടാമതായും വസ്തി, പ്രയോഗിക്കേണ്ടതാകുന്നു.
തൃതീയഃ അപി = മൂന്നാമതായും
ചതുൎത്ഥഃ അപി = നാലാമതായും (എന്നു വരേണ്ട)
യാവൽ സുനിരൂഢതാ = എത്രത്തോളമായാൽ സമ്യക് നിരൂഢലക്ഷണം ഉണ്ടായിക്കാണുമോ
(താവൽ) വാ = അത്രത്തോളം വസ്തി പ്രയോഗിക്കയോ ചെയ്യാം.

രണ്ടുനാഴികയ്ക്കകം പ്രത്യേകയത്നമൊന്നുംകൂടാതെ തനിയേ നിരൂഹം പുറത്തുപോന്നുകഴിഞ്ഞാൽ ഉടനെ വീണ്ടും വസ്തി പ്രയോഗിക്കണം. അതും ശരിക്കുപോന്നാൽ പിന്നെയും പ്രയോഗിക്കണം. അങ്ങനെ മൂന്നോ നാലോ വസ്തി പ്രയോഗിക്കാം. എങ്ങനെയായാലും സമ്യങ്നിരൂഢലക്ഷണം കാണുന്നതുവരെ വസ്തി പ്രയോഗിക്കേണ്ടതാണു്. ഇതിൽനിന്നു നാലിലധികം എത്രയെങ്കിലും വസ്തി പ്രയോഗിക്കാൻ അനുവാദമുണ്ടെന്നു അൎത്ഥമാകരുതു്. യാവദ്വാ സുനിരൂഢതാ എന്നു വിധിച്ചതു നാലാമതായി വസ്തിചെയ്യാൻ ഇടയാകരുതെന്നു കരുതിക്കൊണ്ടാണു്. സുനിരൂഢതയ്ക്കു രണ്ടു വസ്തിയാണു് ആചാൎയ്യൻ പൂൎണ്ണമായി അനുവദിച്ചിട്ടുള്ളതു്. മൂന്നാമത്തേതു മൌനാനുവാദവും നാലാമത്തേതു കൃച്ഛ്റമായ അനുവാദവുമാകുന്നു. 'തൃതീയോപി ചതുൎത്ഥോപി' എന്നു രണ്ടിലും വെവ്വേറെ അപിശബ്ദം പ്രയോഗിച്ചിരിക്കുന്നതിൽനിന്നു ഇതു മനസ്സിലാക്കണം. സുനിരൂഢതയ്ക്കു നാലാമതായി വസ്തി പ്രയോഗിക്കേണ്ടിവരുന്നതു വൈദ്യന്റെ അപാടവംകൊണ്ടു മാത്രമാണു്. ഈ വസ്തുതയെ മററുള്ളവരിൽനിന്നു മറച്ചു വൈദ്യനോടുള്ള ദാക്ഷിണ്യാതിശയത്തെ പ്രദൎശിപ്പിക്കുന്നതാണു് നാലാമതായുള്ള വസ്തിയുടെ അനുവാദം.

വിരിക്തവച്ച യോഗാദീൻ വിദ്യാദ്യോഗേ തു ഭോജയേൽ 50
കോഷ്ണേന വാരിണാ സ്നാതം തന്വധന്വരസൌദനം.

യോഗാദീൻ = നിരൂഹത്തിന്റെ സമ്യഗ്ഘീനാതിയോഗങ്ങളെ
വിരിക്തവൽ ച വിദ്യാൽ = വിരേചനത്തിലെപ്പോലെ അറിഞ്ഞുകൊള്ളണം. വിരേചനത്തിനു വിധിച്ചിട്ടുള്ള സമ്യഗ്ഘീനാതിയോഗലക്ഷണങ്ങൾ നിരൂഹത്തിന്റേയും സമ്യഗ്ഘീനാതിയോഗലക്ഷണങ്ങളാണെന്നൎത്ഥം,
യോഗേ തു = സമ്യഗ്യോഗലക്ഷണമുണ്ടായിക്കണ്ടാൽ
കോഷ്ണേന വാരിണാ സ്നാതം = ചെറുചൂടുള്ള വെള്ളത്തിൽ കുളിപ്പിച്ചു
തന്വധന്വരസൌദനം = നീക്കെവെച്ചെടുത്ത ജാംഗലമാംസരസംകൂട്ടിയുള്ള ചോറു്
ഭോജയേൽ = ഭുജിപ്പിക്കണം.

വികാരാ യേ നിരൂഢസ്യ ഭവന്തി പ്രചലൈൎമ്മലൈഃ 51
തേ സുഖോഷ്ണാംബുസിക്തസ്യ യാന്തി ഭുക്തവതശ്ശമം.

നിരൂഢസ്യ = കഷായവസ്തിചെയ്തവന്നു
പ്രചലൈഃ മലൈ = അതിനാൽ ഇളകിയിട്ടുള്ള ദോഷങ്ങളാൽനിമിത്തം

യേ വികാരാഃ ഭവന്തി തേ = ഏതേതുവികാരങ്ങളാം ഉണ്ടാകുന്നുവോ അതെല്ലാം
സുഖോഷ്ണാംബുസിക്തസ്യ = ചെറുചൂടുള്ള വെള്ളത്തിൽ കുളിച്ച്
ഭുക്തവതഃ = ആഹാരം കഴിച്ചവന്നു
ശമം യാന്തി = ശമത്തെ പ്രാപിക്കുന്നു. കുളിച്ചു ഊണുകഴിക്കുന്നതോടുകൂടി സ്വയം ശമിക്കുന്നു എന്നു താല്പര്യം.

അഥ വാതാർദ്ദിതം ഭൂയസ്സദ്യ ഏവാനുവാസയേൽ 52
സമ്യഗ്ഘീനാതിയോഗാശ്ച തസ്യ സ്യുഃ സ്നേഹപീതവൽ

അഥ = അനന്തരം
വാതാർദ്ദിതം = നിരൂഹപ്രയോഗത്താൽ വാതം കോപിച്ചിരിക്കുന്നു എന്നു കണ്ടാൽ
ഭൂയഃ സദ്യഃ ഏവ = വീണ്ടും അപ്പോൾതന്നെ
അനുവാസയേൽ = സ്നേഹവസ്തിചെയ്യണം.
തസ്യ = അതിന്റെ (സ്നേഹവസ്തിയുടെ
സമ്യഗ്ഘീനാതിയോഗാഃ = സമ്യഗ്യോഗവും, ഹീനയോഗവും, അതിയോഗവും
സ്നേഹപീതവൽ സ്യുഃ ച = സ്നേഹപാനത്തിലെപ്പോലെയായിരിക്കയുംചെയ്യും. സ്നേഹപാനത്തിലെ സമ്യഗ്ഘീനാതിയോഗങ്ങളാം തന്നെ സ്നേഹവസ്തിയിലുമെന്നർത്ഥം.

കിഞ്ചിൽകാലം സ്ഥിതോ യശ്ച സപുരീഷോ നിവർത്തതേ. 53
സാനുലോമാനിലഃ സ്നേഹസ്തൽ സിദ്ധമനുവാസനം

യഃ സ്നേഹഃ = (വസ്തിവഴി അകത്തുകടത്തിയ) യാതൊരുസ്നേഹം
കിഞ്ചിൽകാലം = കുറച്ചുസമയം
സ്ഥിതഃ സപുരീഷഃ = അകത്തുനിന്നിട്ടു മലത്തോടുകൂടിയും
സാനുലോമാനിലഃ ച = അനുലോമഗതിയായ അധോവായുവോടുകൂടിയും
നിവർത്തതേ = തിരിയേപ്പോരുന്നു.
തൽ സിദ്ധം അനുവാസനം = അതു് സിദ്ധമായ അനുവാസനമാകുന്നു.

കഷായവസ്തിയുടെ സമ്യഗ്യോഗം അധികവും സ്നേഹവസ്തിയുടെ സമ്യഗ്യോഗത്തെ ആശ്രയിച്ചാണിരിക്കുന്നതു്. അതുകൊണ്ട് സ്നേഹവസ്തിയുടെ സിദ്ധമായ സമ്യഗ്യോഗത്തെ വിശേഷിച്ചുപറയുന്നു. ആദ്യം സ്നേഹവസ്തി പ്രയോഗിച്ചാൽ കോഷ്ഠത്തിന്റെ അതിക്രൂരതനിമിത്തം തിരിയെപ്പോയില്ലെന്നു വരാം. ആയാൾക്കു തന്നെ രണ്ടാമതു പ്രയോഗിച്ചാൽ മൂന്നുയാമം കഴിഞ്ഞിട്ടോ അതിനകമായിട്ടോ തിരിയെപ്പോരും. അങ്ങനെ വീണ്ടും വീണ്ടും പ്രയോഗിക്കുമ്പോൾ സ്നേഹം തിരിയെപ്പോരുന്നതിനുള്ള സമയം ക്രമേണ കുറഞ്ഞുകുറഞ്ഞുവരും. ഒടുവിൽ കുറച്ചുസമയംമാത്രം സ്നേഹം അകത്തുനിന്നിട്ടു തിരിയെപ്പോരികയും അതോടുകൂടി മലവും, യാതൊരു വിഷമതയും പ്രയാസവും കൂടാതെ അധോവായുവും വിനിർഗമിക്കയും ചെയ്യുകണ്ടാൽ അതു സിദ്ധമായ അനുവാസനമാണെന്നറിയണം. ഇതുതന്നെയാണ സ്നേഹവസ്തിയുടെ കാമ്യമായ സമ്യഗ്യോഗം. ഇപ്രകാരം അനുവാസനം സിദ്ധമായിക്കണ്ടതിനുശേഷം കഷായവസ്തി പ്രയോഗിക്കാൻ കോഷ്ഠത്തിന്റെ കാര്യത്തിൽ യാതൊന്നും ശങ്കിക്കേണ്ടതില്ല.

ഏകം ത്രീൻ വാ ബലാസേ തു സ്നേഹവസ്തീൻ പ്രയോജയേൽ. 54
പഞ്ച വാ സപ്ത വാ പിത്തേ നവൈകാദശ വാനിലേ
പുനസ്തതോപ്യയുഗ്മാംസ്തു പുനരാസ്ഥാപനം തതഃ 55
കഫപിത്താനിലേഷ്വന്നം യൂഷക്ഷീരരസൈഃ ക്രമാൽ

ബലാസേ തു = കഫവികാരത്തിലാകട്ടെ
ഏകം ത്രീൻ വാ = ഒന്നോ മൂന്നോ

സ്നേഹവസ്തീൻപ്രയോജയേൽ = സ്നേഹവസ്തികൾ പ്രയോഗിക്കണം.

പിത്തേ = പിത്തവികാരത്തിൽ

പഞ്ച വാ സപ്ത വാ = അഞ്ചോ ഏഴോ സ്നേഹവസ്തികളും

അനിലേ = വാതവികാരത്തിൽ

നവ ഏകാദശ വാ = ഒൻപതോ പതിനൊന്നോ സ്നേഹവസ്തികളും പ്രയോഗിക്കേണ്ടതാണ്.

തതഃ പുനഃ അപി = അതിനുശേഷവും (മതിയാകാതെ വന്നാൽ)

അയുഗ്മാൻ തു = ഒററയായുള്ള സ്നേഹവസ്തികൾ പ്രയോഗിക്കണം.

പുനഃ ആസ്ഥാപനം = പിന്നെ ആസ്ഥാപനം പ്രയോഗിക്കാം.

തതഃ = കഷായവസ്തിയിൽ

കഫപിത്താനിലേഷു = കഫത്തിലും പിത്തത്തിലും വാതത്തിലും

ക്രമാൽ യൂഷക്ഷീരരസൈഃ = ക്രമേണ ധാന്യയൂഷവും, പാലും മാംസരസവും കൂട്ടി

അന്നം (ദദ്യാൽ) = ചോറു കൊടുക്കേണ്ടതാണ്.

വാതഘ്നൗഷധനിഷ്ക്വാഥത്രിവൃതാസൈന്ധവൈര്യുതഃ. 56
വസ്തിരേകോƒനിലേ സ്നിഗ്ദ്ധസ്സ്വാദ്വമ്ലോഷ്ണരസാന്വിതഃ

അനിലേ = വാതത്തിൽ

വാതഘ്നൗഷധനിഷ്ക്വാഥത്രിവൃതാസൈന്ധവൈഃ യുതഃ = വാതഹരങ്ങളായ ഔഷധങ്ങളിട്ടുവെച്ച കഷായവും ത്രികോല്പക്കൊന്ന കല്ക്കവും, ഇന്തുപ്പും ചേർത്ത്

സ്നിഗ്ദ്ധഃ = സ്നേഹം കൂടുതൽ ചേർക്കുകയാൽ സ്നിഗ്ദ്ധമാക്കിയതും

സ്വാദ്വമ്ലോഷ്ണരസാന്വിതഃ = മധുരാമ്ലരസങ്ങളുള്ളതും ഉഷ്ണവും മാംസരസം ചേർത്തതുമായ

ഏകഃ വസ്തിഃ = ഒരു വസ്തി പ്രയോഗിക്കേണ്ടതാണ്.

ന്യഗ്രോധാദിഗണക്വാഥപത്മകാദിസിതായുതൗ. 57
പിത്തേ സ്വാദുഹിമൗ സാജ്യക്ഷീരേക്ഷുരസമാക്ഷികൗ.

പിത്തേ = പിത്തത്തിൽ

ന്യഗ്രോധാദിഗണക്വാഥപത്മകാദിസിതായുതൗ = ന്യഗ്രോധാദിഗണം കഷായവും, പത്മകാദിഗണം കല്ക്കവും പഞ്ചസാരയും ചേർത്തുള്ളതും

സാജ്യക്ഷീരേക്ഷുരസമാക്ഷികൗ = നെയ്യ്, പാൽ, കരിമ്പിൻനീര്, തേൻ ഇവ കൂടി ചേർന്ന്

സ്വാദുഹിമൗ (വസ്തി) = മധുരരസവും, ശീതവീര്യവുമുള്ള രണ്ടു വസ്തികൾ വേണ്ടതാണ്.

ആരഗ്വധാദിനിഷ്ക്വാഥവത്സകാദിയുതാസ്ത്രയഃ. 58
രൂക്ഷാഃ സക്ഷൗദ്രഗോമൂത്രാസ്തീക്ഷ്ണോഷ്ണകടുകാഃ കഫേ

കഫേ = കഫത്തിൽ

ആരഗ്വധാദിനിഷ്ക്വാഥവത്സകാദിയുതാഃ = ആരഗ്വധാദിഗണം കഷായവും വത്സകാദിഗണം കല്ക്കവും കൂട്ടി

സക്ഷൗദ്രഗോമൂത്രാഃ = തേനും ഗോമൂത്രവും ചേർത്തു

രൂക്ഷാഃ = രൂക്ഷമായതും

തീക്ഷ്ണോഷ്ണകടുകാഃ = തീക്ഷ്ണമായും ഉഷ്ണമായും കടുരസത്തോടുകൂടിയതുമായ

ത്രയഃ (വസ്തയഃ) = മൂന്നു വസ്തികൾ പ്രയോഗിക്കേണ്ടതാകുന്നു.

ത്രയശ്ച സന്നിപാതേƒപി ദോഷാൻ ഘ്നന്തി യതഃ ക്രമാൽ. 59

സന്നിപാതേ അപി = ത്രിദോഷകോപത്തിലും

ത്രയഃ ച = മൂന്നു വസ്തികൾതന്നെ മതിയാകുന്നതാണ്.

യതഃ (തേ) ക്രമാൽ = യാതൊന്നുഹേതുവായിട്ടു ആ മൂന്നുവസ്തികളും മുറയ്ക്കു്
ദോഷാൻ ഘ്നന്തി = വാതപിത്തകഫങ്ങളെ ഹനിക്കുന്നു.

ദോഷഭേദമനുസരിച്ചുള്ള വസ്തിയുടെ കണക്കാണിവിടെ പറയുന്നതു്. വസ്തി വാതശമനത്തിനുള്ളതാകയാലും, പക്വാശയം വാതത്തിന്റെ സ്ഥാനമാകയാലും വസ്തികൊണ്ടു ആദ്യം ശമനമുണ്ടാകുന്നതു വാതത്തിനാണു്. മററു ദോഷങ്ങളുണ്ടെങ്കിൽ അതിനുശേഷമേ അവയ്ക്കു ശമനമുണ്ടാവാൻ നിവൃത്തിയുള്ളൂ. പിത്തകഫങ്ങളിൽ ഉൽക്ലേശവും വമനസാദ്ധ്യവുമായ കഫത്തിനു ഒടുവിലാണു് ശമനമുണ്ടാവുക. അതുകൊണ്ടാണു വാതത്തിലൊന്നും, പിത്തത്തിൽ രണ്ടും, കഫത്തിൽ മൂന്നും വസ്തി വേണമെന്നു പറഞ്ഞതു്. ഒന്നും രണ്ടും വസ്തികൊണ്ടു വാതപിത്തങ്ങൾക്കു് ഉപശമമുണ്ടായിട്ടു മൂന്നാമത്തെ വസ്തികൊണ്ടേ കഫം ശമിക്കുന്നുള്ളൂ. ഈ വസ്തുസ്ഥിതി ആലോചിച്ചുനോക്കിയാൽ വാതശമനാർത്ഥം മൂന്നുവസ്തിയും പിത്തശമനാർത്ഥം രണ്ടു വസ്തിയും കഫശമനാർത്ഥം ഒരു വസ്തിയുമാണു പ്രവൃത്തിക്കുന്നതെന്നുകാണാം. ഈ ന്യായപ്രകാരം സന്നിപാതത്തിലും മൂന്നുവസ്തിതന്നെ മതിയാകുന്നതാണു്.

ത്രിഭ്യഃ പരം വസ്തിമതോ നേച്ഛന്ത്യന്യേ ചികിത്സകാഃ
ന ഹി ദോഷശ്ചതുർത്ഥോഽസ്തി പുനർദ്ദീയേത യം പ്രതി. 60

അതഃ അന്യേ ചികിത്സകാഃ = ഈ കാരണത്താൽ മററു ചില വൈദ്യന്മാർ
ത്രിഭ്യഃ പരം = മൂന്നിലധികമായി
വസ്തിം ന ഇച്ഛന്തി = വസ്തി ആവശ്യമാണെന്നു വിചാരിക്കുന്നില്ല.
ഹി = എന്തെന്നാൽ
ചതുർത്ഥഃ ദോഷഃ ന അസ്തി = നാലാമതായിട്ടു് ദോഷം ഇല്ല.
പുനഃ യം പ്രതി = പിന്നെ ഏതിനെ ഉദ്ദേശിച്ചു
(വസ്തിം) ദീയേത = വസ്തി പ്രയോഗിക്കണം.

മൂന്നിലധികം വസ്തി പ്രയോഗിക്കേണ്ടതില്ലെന്നു ചില വൈദ്യന്മാർക്കു സിദ്ധാന്തമുണ്ടു്. ദോഷശമനത്തിനായിട്ടാണു വസ്തി പ്രയോഗിക്കുന്നതു്. ദോഷം, വാതം, പിത്തം, കഫം, എന്നു മൂന്നല്ലാതെ നാലില്ല. ആ മൂന്നു ദോഷങ്ങൾക്കും മൂന്നു വസ്തി പ്രയോഗംകൊണ്ടുതന്നെ ശമനമുണ്ടാകും. എന്നിരിക്കേ നാലാമതായിട്ടു വസ്തി പ്രയോഗിക്കേണ്ട ആവശ്യമില്ല എന്നാണു അവർ വാദിക്കുന്നതു്. മൂന്നു വസ്തി പ്രയോഗിക്കുന്നതുകൊണ്ടുതന്നെ ദോഷങ്ങൾക്കു ശോധനമോ ശമനമോ ഉണ്ടായിട്ടു സമ്യൿയോഗം കാണണമെന്നും, അതിനായിട്ടു നാലാമതു വസ്തി പ്രയോഗിക്കാൻ ഇടയാകരുതെന്നും ഇതിൽനിന്നു ഗ്രഹിക്കേണ്ടതാണു്. രക്തത്തെക്കൂടെച്ചേർത്തു ദോഷം നാലാണെന്നുള്ള ശല്യശാലാക്യാദി താന്ത്രികന്മാരുടെ മതത്തെ ഇതിനാൽ ശക്തിപൂർവ്വം ഖണ്ഡിക്കയും ചെയ്യുന്നു.

ഉൽക്ലേശനം ശുദ്ധികരം ദോഷാണാം ശമനം ക്രമാൽ
ത്രിധൈവം കല്പയേദ്വസ്തിമിത്യന്യേഽപി പ്രചക്ഷതേ. 61

ദോഷാണാം ക്രമാൽ = ദോഷങ്ങൾക്കു ക്രമേണ
ഉൽക്ലേശനം = ഉൽക്ലേശമുണ്ടാക്കുക
ശുദ്ധികരം ശമനം = ശോധനം വരുത്തുക, ശമനമുണ്ടാക്കുക
ഏവം ത്രിധാ = ഇപ്രകാരം മൂന്നുവിധത്തിൽ
വസ്തിം കല്പയേൽ = വസ്തി വികല്പിച്ചു ചെയ്യേണ്ടതാണു്
ഇതി അന്യേ അപി = എന്നു് അന്യന്മാരായ ആചാര്യന്മാരും
പ്രചക്ഷതേ = അഭിപ്രായപ്പെടുന്നു.

ഒന്നാമത്തെ വസ്തികൊണ്ടു ദോഷങ്ങൾക്കു് ഉൽക്ലേശമുണ്ടാക്കുക. രണ്ടാമത്തേതുകൊണ്ടു് അവയെ ശുദ്ധിവരുത്തിക്കളയുക. മൂന്നാമത്തേതുകൊണ്ടു ദോഷങ്ങളെ സ്വസ്ഥിതിയിലാക്കുക. ഇങ്ങനെയാണു മൂന്നു വസ്തി പ്രയോഗിക്കേണ്ടതെന്നാണു് ചിലരുടെ അഭിപ്രായം.

ദോഷൗഷധാദിബലതസ്സർവ്വമേതൽ പ്രമാണയേൽ
സമ്യങ്ങ്നിരൂഢലിംഗം തു നാസംഭാവ്യ നിവർത്തയേൽ. 62

ദോഷൗഷധാദിബലതഃ = ദോഷബലം, ഔഷധവീര്യം മുതലായവയെ അനുസരിച്ച്
ഏതൽ സർവ്വം = ഈ മതഭേദങ്ങളെയെല്ലാം
പ്രമാണയേൽ = പ്രമാണമാക്കിത്തീർക്കേണ്ടതാണ്.
സമ്യങ്ങ് നിരൂഢലിംഗം തു = എങ്ങനെയായാലും നിരൂഹത്തിന്റെ സമ്യഗ്യോഗലക്ഷണത്തെ
അസംഭാവ്യ = ഉണ്ടാക്കിത്തീർക്കാതെ
ന നിവർത്തയേൽ = നിരൂഹപ്രയോഗം നിവൃത്തിവയ്ക്കരുത്.

നിരൂഹം ഒരുപ്രാവശ്യം എത്ര പ്രയോഗിക്കണം, എങ്ങിനെ പ്രയോഗിക്കണം എന്നതിനെപ്പററി പല അഭിപ്രായങ്ങളുണ്ട്. നിരൂഹം പ്രയോഗിച്ചാൽ അതിന്റെ സമ്യഗ്യോഗലക്ഷണം കാണണം. അതിനായി രണ്ടോ, മൂന്നോ, അതുകൊണ്ടും മതിയായില്ലെങ്കിൽ നാലോ വസ്തി പ്രയോഗിക്കണം എന്നതാണ് ഒരഭിപ്രായം. വസ്തി ദോഷശമനത്തിനാകയാൽ വാതത്തിലൊന്നും, പിത്തത്തിൽ രണ്ടും, കഫത്തിലും സന്നിപാതത്തിലും മൂന്നും പ്രയോഗിക്കണം എന്നത്രേ മററൊരഭിപ്രായം. ദോഷശമനത്തിന്റെ ക്രമത്തെ പുരസ്കരിച്ച് ഉൽക്ലേശനം, ശുദ്ധികരം, ശമനം ഇങ്ങനെ മൂന്നു വസ്തിവേണം എന്നതു വേറെ ഒരു അഭിപ്രായമാണ്. ഈ എല്ലാ അഭിപ്രായങ്ങളിലും വസ്തിയുടെ എണ്ണം മൂന്നായിരിക്കണമെന്നു തെളിഞ്ഞുകാണുന്നു. ഉദ്ദേശത്തിൽ മാത്രമേ അഭിപ്രായഭേദമുള്ളു. ആകയാൽ ഉദ്ദേശനിർവ്വഹണത്തിനായി ദോഷൗഷധാദികളുടെ ബലത്തെ ലക്ഷ്യമാക്കിക്കൊണ്ട് ഇവയെല്ലാം പ്രമാണമായിട്ട് അംഗീകരിക്കണം എന്ന് ആചാര്യൻ നിർദ്ദേശിക്കുന്നു. എങ്ങനെയെന്നാൽ സ്വാസ്ഥ്യത്തിനാണ് വസ്തി പ്രയോഗിക്കുന്നതെങ്കിൽ സമ്യഗ്യോഗലക്ഷണം കാണണമെന്നുള്ളതായിരിക്കും പ്രധാനമായ ഉദ്ദേശം. അതിനായി വിഹിതമായ യോഗം തെരഞ്ഞെടുത്ത് അതുകൊണ്ട് രണ്ടോ മൂന്നോ വസ്തി പ്രയോഗിക്കണം. ഇനി ദോഷശമനത്തിനാണെങ്കിൽ വാതത്തിലൊന്നും, പിത്തത്തിൽ രണ്ടും, കഫത്തിൽ മൂന്നും വസ്തികൾ, അതുകൊണ്ട് സമ്യഗ്യോഗമുണ്ടാകത്തക്കവിധത്തിൽ ദോഷഘ്നങ്ങളായ വിഹിതൗഷധങ്ങൾകൊണ്ട് പ്രയോഗിക്കേണ്ടതാണ്. വസ്തിപ്രയോഗം ദോഷസഞ്ചയത്തിലാകുമ്പോൾ ആദ്യം ഉൽക്ലേശനവസ്തികൊണ്ട് ദോഷങ്ങളെ ഉൽക്ലേശിപ്പിക്കുക; പിന്നെ ശോധനവസ്തികൊണ്ട് അവയെ ശുദ്ധിവരുത്തുക; മൂന്നാമതു ശമനവസ്തികൊണ്ട് അതുകളെ സ്വാസ്ഥ്യത്തിലാക്കുക ഇങ്ങനെ മൂന്നു വസ്തിപ്രയോഗത്താൽ സമ്യഗ്യോഗമുണ്ടാക്കിക്കൊൾകയാണ് വേണ്ടതു. എങ്ങനെയായാലും സമ്യഗ്യോഗം കാണണമെന്നുള്ളതു നിർബ്ബന്ധമാണ്. അതു മൂന്നു വസ്തിപ്രയോഗംകൊണ്ട് സാധിക്കുന്നില്ലെന്നും വേണ്ടിവന്നാൽ നാലാമതു ഒരു വസ്തികൂടെ പ്രയോഗിച്ചിട്ടെങ്കിലും സമ്യഗ്യോഗമുണ്ടാക്കണമെന്നുമാകുന്നു സിദ്ധാന്തം.

പ്രാക് സ്നേഹ ഏകഃ പഞ്ചാന്തേ ദ്വാദശാസ്ഥാപനാനി ച
സാനുവാസനാനി കർമ്മൈവം വസ്തയസ്ത്രിംശദീരിതാഃ. 63

പ്രാക് ഏകഃ സ്നേഹഃ = ആദ്യം ഒരു സ്നേഹവസ്തി
അന്തേ പഞ്ച = അവസാനത്തു അഞ്ചു സ്നേഹവസ്തികൾ
സാനുവാസനാനി ച = (മദ്ധ്യത്തു) സ്നേഹവസ്തികളെപുരസ്കരിച്ചുകൊണ്ടുള്ള
ദ്വാദശ ആസ്ഥാപനാനി = പന്ത്രണ്ടു കഷായവസ്തികൾ
ഏവം ത്രിംശൽ വസ്തയഃ = ഇപ്രകാരമുള്ള മുപ്പതു വസ്തികൾ
കർമ്മ ഈരിതാഃ = കർമ്മവസ്തി എന്നു പറയപ്പെടുന്നു.

അനുവാസനനിരൂഹങ്ങളെ കലർത്തി പ്രയോഗിക്കുന്നവിധത്തെ വിവരിക്കുന്നു. ആദ്യം ഒരു സ്നേഹവസ്തി പ്രയോഗിക്കുക. പിന്നെ സ്നേഹവസ്തി, കഷായ

വസ്തി, സ്നേഹവസ്തി, കഷായവസ്തി ഇക്രമത്തിൽ ഇടകലൎത്തി പന്ത്രണ്ടു സ്നേഹവസ്തികളും പന്ത്രണ്ടു കഷായവസ്തികളും പ്രയോഗിക്കുക. ഒടുവിൽ അഞ്ചു സ്നേഹവസ്തികളും പ്രയോഗിക്കണം. ഈ വിധത്തിൽ ആകെക്കൂടിയുള്ള മുപ്പതു വസ്തിപ്രയോഗത്തിന്നു കൎമ്മവസ്തി എന്നു പേരാകുന്നു.

കാലഃ പഞ്ചദശൈകോത്ര പ്രാക് സ്നേഹോന്തേ ത്രയസ്തഥാ
ഷൾ പഞ്ചവസ്ത്യന്തരിതാഃ—യോഗോഷ്ടൌ വസ്തയോത്ര തു. 64
ത്രയോ നിരൂഹാഃ സ്നേഹാശ്ച സ്നേഹാവാദ്യന്തയോരുഭൌ

കാലഃ പഞ്ചദശ = കാലവസ്തി എന്നതു പതിനഞ്ചു അനുവാസനനിരൂഹങ്ങളുടെ പേരാകുന്നു.
അത്ര = ഇതിൽ (കാലവസ്തിയിൽ)
പ്രാക് ഏകഃ സ്നേഹഃ = ആദ്യം ഒരു സ്നേഹവസ്തിയും
അന്തേ ത്രയഃ = അവസാനത്തു മൂന്നു സ്നേഹവസ്തിയും
തഥാ = അപ്രകാരം (മധ്യത്തു)
പഞ്ചവസ്ത്യന്തരിതാഃ = ഇടയ്ക്കിടയ്ക്കു അഞ്ചു കഷായവസ്തികളോടുകൂടിയ
ഷൾ (സ്നേഹാഃ) = ആറു സ്നേഹവസ്തികളുമുണ്ടു്.
അഷ്ടൌ വസ്തയഃ യോഗഃ = എട്ടു വസ്തികൂടിയതിന്നു യോഗവസ്തി എന്നു പേരാകുന്നു.
അത്ര തു = ഈ യോഗവസ്തിയിലാകട്ടെ
ത്രയഃ നിരൂഹാഃ സ്നേഹാഃ ച = മൂന്നു കഷായവസ്തികളും മൂന്നു സ്നേഹവസ്തികളും
ആദ്യന്തയോഃ = ആദിയിലും അന്തത്തിലും
ഉഭൌ സ്നേഹൌ = ഓരോന്നുവീതം രണ്ടു സ്നേഹവസ്തികളുമുണ്ടു്.

ആദ്യം ഒരു സ്നേഹവസ്തി, പിന്നെ സ്നേഹവസ്തി, കഷായവസ്തി ഈ ക്രമത്തിൽ ഇടകലൎത്തി അഞ്ചു കഷായവസ്തികളോടുകൂടി ആറു സ്നേഹവസ്തി, ഒടുവിൽ മൂന്നു സ്നേഹവസ്തി ഇപ്രകാരമുള്ള പതിനഞ്ചു വസ്തിപ്രയോഗത്തിന്നു കാലവസ്തി എന്നു പേരാകുന്നു. ആദ്യം ഒരു സ്നേഹവസ്തിയും പിന്നെ ഇടകലൎത്തി മൂന്നു കഷായവസ്തിയും, മൂന്നു സ്നേഹവസ്തിയും ഒടുവിൽ ഒരു സ്നേഹവസ്തിയും ചേൎന്നുള്ള എട്ടു വസ്തിപ്രയോഗത്തിന്നു യോഗവസ്തി എന്നാകുന്നു പേർ. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ആദ്യം രണ്ടും, അവസാനത്തു അഞ്ചും, മധ്യത്തു ഓരോ കഷായവസ്തികളുടെയും ഇടയ്ക്കു ഓരോന്നായിട്ടു പതിനൊന്നുംകൂടി പതിനെട്ടു സ്നേഹവസ്തികളും, പന്ത്രണ്ടു കഷായവസ്തികളും ഉൾപ്പെടെയുള്ള മുപ്പതു വസ്തിപ്രയോഗത്തിന്നാണു് കൎമ്മവസ്തി എന്നുപേർ. കാലവസ്തിയിൽ ആദ്യം രണ്ടും, ഒടുവിൽ നാലും, മധ്യത്തു കഷായവസ്തികളുടെ ഇടയ്ക്കു ഓരോന്നായിട്ടു നാലുംകൂടി പത്തു സ്നേഹവസ്തികളും, അഞ്ചു കഷായവസ്തികളും ചേൎന്ന പതിനഞ്ചു വസ്തികളാണുള്ളതു്. ആദിയിലൊന്നും, അന്തത്തിൽ രണ്ടും, മധ്യത്തു കഷായവസ്തികളുടെ ഇടയ്ക്കു ഓരോന്നായിട്ടു രണ്ടുംകൂടി അഞ്ചു സ്നേഹവസ്തികളും, മൂന്നു കഷായവസ്തികളും ഉൾപ്പെടെ എട്ടു വസ്തികൾ പ്രയോഗിക്കുന്നതാകുന്നു യോഗവസ്തി.

സ്നേഹവസ്തിം നിരൂഹം വാ നൈകമേവാതി ശീലയേൽ 65
ഉൽക്ലേശാഗ്നിവധൌ സ്നേഹാന്നിരൂഹാന്മരുതോ ഭയം
തസ്മാന്നിരൂഢഃ സ്നേഹ്യസ്സ്യാന്നിരൂഹ്യശ്ചാനുവാസിതഃ. 66
സ്നേഹശോധനയുക്ത്യൈവം വസ്തികൎമ്മ ത്രിദോഷജിൽ

സ്നേഹവസ്തിം നിരൂഹം വാ = സ്നേഹവസ്തിയോ കഷായവസ്തിയോ
ഏകം ഏവ = ഒന്നുമാത്രമായിട്ടു്
അതി ന ശീലയേൽ = അധികം ശീലിക്കരുതു് (പ്രയോഗിക്കരുതു്)
സ്നേഹാൽ = സ്നേഹവസ്തി അധികം പ്രയോഗിക്കുകകൊണ്ടു്

ഉൽക്ലേശാഗ്നിവധൌ = ദോഷങ്ങൾക്കും ധാതുക്കൾക്കുതന്നെയും ഉൽക്ലേശവും അഗ്നിമാന്ദ്യവുമുണ്ടാകും.
നിരൂഹാൽ = കഷായവസ്തി അധികം പ്രയോഗിക്കുകനിമിത്തം
മരുതഃ ഭയം = വാതത്തിൽനിന്നു ഭയം സംഭവിക്കുന്നതായിരിക്കും. വാതം കോപിക്കുമെന്നു താല്പര്യം.
തസ്മാൽ = അതുകൊണ്ടു്
നിരൂഢഃ സ്നേഹ്യഃ സ്യാൽ = കഷായവസ്തി ചെയ്തവൻ സ്നേഹവസ്തിക്കു് അർഹനാകുന്നു.
അനുവാസിതഃ = സ്നേഹവസ്തി ചെയ്തവൻ
നിരൂഹ്യഃ ച = കഷായവസ്തിക്കു് അർഹനുമാകുന്നു.
ഏവം = ഇപ്രകാരം
സ്നേഹശോധനയുക്ത്യാ = സ്നേഹനവും ശോധനവും ഉണ്ടാകുകനിമിത്തം
വസ്തികർമ്മ = വസ്തിപ്രയോഗം
ത്രിദോഷജിൽ = മൂന്നു ദോഷങ്ങൾക്കും ശമനമായിരിക്കുന്നു.

ധാതുക്കൾക്കു വേണ്ടിടത്തോളം സ്നിഗ്ദ്ധതയും ശുദ്ധിയുമുണ്ടായിരുന്നാൽ യാതൊരു രോഗങ്ങൾക്കും ശരീരത്തിൽ സ്ഥിതി ഉണ്ടാകയില്ല. ദോഷങ്ങൾ വികൃതങ്ങളാകയുമില്ല. അനുവാസനനിരൂഹങ്ങൾ മാറിമാറി പ്രയോഗിക്കുന്നതുകൊണ്ടു് അതു രണ്ടുമുണ്ടാകുന്നതിനാൽ ത്രിദോഷശമനമായിട്ടു് വസ്തിപ്രയോഗം ആരോഗ്യകരമായിരിക്കുന്നു.

ഹ്രസ്വയാ സ്നേഹപാനസ്യ മാത്രയാ യോജിതസ്സമഃ. 67

മാത്രാവസ്തിഃ സ്മൃതഃ സ്നേഹശ്ശീലനീയസ്സദാ ച സഃ
ബാലവൃദ്ധാദ്ധ്വഭാരസ്ത്രീവ്യായാമാസക്തചിന്തകൈഃ. 68

വാതഭഗ്നാബലാല്പാഗ്നിനൃപേശ്വരസുഖാത്മഭിഃ
ദോഷഘ്നോ നിഷ്പരീഹാരോ ബല്യസ്സൃഷ്ടമലസ്സുഖഃ. 69

സ്നേഹപാനസ്യ = സ്നേഹപാനത്തിന്റെ (സ്നേഹപാനവിധിയിൽ നിർദ്ദേശിച്ചിട്ടുള്ള)
ഹ്രസ്വയാ മാത്രയാ സമഃ = ഹ്രസ്വമാത്രയോടു തുല്യമായിട്ടു്
യോജിതഃ സ്നേഹഃ = പ്രയോഗിക്കപ്പെടുന്ന സ്നേഹവസ്തി
മാത്രാവസ്തിഃ സ്മൃതഃ = മാത്രാവസ്തി എന്നു പറയപ്പെടുന്നു.
സഃ സദാ = അതു് എല്ലാ കാലങ്ങളിലും
ബാലവൃദ്ധാദ്ധ്വഭാരസ്ത്രീവ്യായാമാസക്തചിന്തകൈഃ = ബാലന്മാർ, വൃദ്ധന്മാർ, വഴിനടക്കുക, ചുമടെടുക്കുക, സ്ത്രീസേവ, വ്യായാമം ഇവ അധികമായി ചെയ്തുകൊണ്ടിരിക്കുന്നവർ, ചിന്തകന്മാർ
വാതഭഗ്നാബലാല്പാഗ്നിനൃപേശ്വരസുഖാത്മഭിഃ = വാതകോപത്താൽ അംഗങ്ങൾ, മടങ്ങിയിരിക്കുന്നവർ, ബലഹീനന്മാർ, അല്പാഗ്നികൾ, രാജാക്കന്മാർ, പ്രഭുക്കന്മാർ, സുഖശീലികൾ ഇങ്ങിനെയുള്ളവർക്കു്
ശീലനീയഃ ച = ശീലിക്കാവുന്നതുമാകുന്നു.
ദോഷഘ്നഃ നിഷ്പരീഹാരഃ = ദോഷങ്ങളെ ശമിപ്പിക്കും; പഥ്യനിഷ്ഠകളൊന്നുമില്ല
ബല്യഃ സൃഷ്ടമലഃ = ബലത്തെ വർദ്ധിപ്പിക്കും; മലത്തെ പോക്കും
സുഖഃ = സുഖകരമാകുന്നു.

പതിനഞ്ചു നാഴിക (ആറു മണിക്കൂർ) കൊണ്ടു ദഹിക്കുന്ന കണക്കിലുള്ള സ്നേഹം വസ്തിയായിട്ടു പ്രയോഗിക്കുന്നതിനെ മാത്രാവസ്തി എന്നു പറയുന്നു. ഇതു് സ്നേഹവസ്തിയുടെ ഒരു ഭേദമാണു്. കാലനിയമവും, പഥ്യനിഷ്ഠകളുമൊന്നും കൂടാതെ ആർക്കും പ്രയോഗിക്കാമെന്നുള്ളതാണു് ഇതിന്റെ വിശേഷം. കഴിവുള്ള ബാലവൃദ്ധാദികൾ മാത്രാവസ്തി ശീലിച്ചുകൊണ്ടിരിക്കുന്നതു വളരെ നല്ലതാകുന്നു.

വസ്തൗ രോഗേഷു നാരീണാം യോനീഗർഭാശയേഷു ച
ദ്വിത്രാസ്ഥാപനശുദ്ധേഭ്യോ വിദധ്യാദ്വസ്തിമുത്തരം. 70

| | | |
|---|---|---|
| വസ്തൗ രോഗേഷു | = | മൂത്രാശയത്തെ ആശ്രയിച്ചുള്ള രോഗങ്ങളിലും |
| നാരീണാം | = | സ്ത്രീകൾക്ക (വിശേഷിച്ചു) |
| യോനിഗർഭാശയേഷു ച | = | യോനിയിലും ഗർഭാശയത്തിലുമുള്ള രോഗങ്ങളിലും |
| ദ്വിത്രാസ്ഥാപനശുദ്ധേഭ്യഃ | = | രണ്ടോ മൂന്നോ കഷായവസ്തി പ്രയോഗിച്ച് കോഷ്ഠശുദ്ധി വരുത്തിക്കൊണ്ട് അവർക്ക് |
| ഉത്തരം വസ്തിം വിദധ്യാൽ | = | ഉത്തരവസ്തി പ്രയോഗിക്കേണ്ടതാണ്. |

വസ്തിരോഗങ്ങളിൽ മൂത്രസ്രോതോമാർഗ്ഗേണ പുരുഷന്മാർക്കും സ്ത്രീകൾക്കും യോനിഗർഭാശയരോഗങ്ങളിൽ യോനിദ്വാരംവഴിക്കു സ്ത്രീകൾക്കുമാത്രമായും പ്രയോഗിക്കുന്നതാണ് ഉത്തരവസ്തി. രണ്ടോ മൂന്നോ കഷായവസ്തിചെയ്തു കോഷ്ഠശുദ്ധി വരുത്തിയതിനുശേഷം ഉത്തരവസ്തി പ്രയോഗിക്കേണ്ടതാകുന്നു.

ആതുരാംഗുലമാനേന തന്നേത്രം ദ്വാദശാംഗുലം
വൃത്തം ഗോപുച്ഛവന്മൂലമധ്യയോഃ കൃതകണ്ണികം. 71
സിദ്ധാർത്ഥകപ്രവേശാഗ്രം ശ്ലക്ഷ്ണം ഹേമാദിസംഭവം
കുന്ദാശ്വമാരസുമനഃപുഷ്പവൃന്തോപമം ദൃഢം. 72
തസ്യ വസ്തിർമൃദുലഘുർമാത്രാ ശുക്തിർവികല്പ്യ വാ

| | | |
|---|---|---|
| തന്നേത്രം | = | ഉത്തരവസ്തിക്കുള്ള നേത്രം (കുഴൽ) |
| ആതുരാംഗുലമാനേന | = | രോഗിയുടെ വിരൽകണക്കിന് |
| ദ്വാദശാംഗുലം വൃത്തം | = | പന്ത്രണ്ടുവിരൽ നീളത്തിൽ ഉരുണ്ട് |
| ഗോപുച്ഛവൽ | = | പശുവിൻവാലുപോലെ, കുരുക്കത്തിലുമുള്ളതായിരിക്കണം. |
| മൂലമധ്യയോഃ | = | മൂലഭാഗത്തും മധ്യത്തും |
| കൃതകണ്ണികം | = | ഓരോ കണ്ണിക ഉണ്ടാക്കിയിരിക്കണം. |
| സിദ്ധാർത്ഥകപ്രവേശാഗ്രം | = | അഗ്രഭാഗത്തു കടുക കടക്കത്തക്ക പൊള്ളയുള്ളതും |
| ശ്ലക്ഷ്ണം | = | മിനുസമായിട്ടു |
| ഹേമാദിസംഭവം | = | സ്വർണ്ണം മുതലായ ലോഹങ്ങൾകൊണ്ടുണ്ടാക്കിയതും |
| കുന്ദാശ്വമാരസുമനഃപുഷ്പവൃന്തോപമം | = | കുരുക്കുത്തിമുല്ല, അരളി, പിച്ചി ഇവയുടെ പൂവിന്റെ ഞെട്ടുപോലെയിരിക്കുന്നതും |
| ദൃഢം | = | ഉറപ്പുള്ളതുമായിരിക്കണം |
| തസ്യ വസ്തിഃ | = | അതിനുള്ള വസ്തി |
| മൃദുലഘുഃ | = | മൃദുവായും ലഘുവായുമിരിക്കണം |
| മാത്രാ ശുക്തിഃ | = | വസ്തിദ്രവ്യമാത്ര അരപ്പലമായിരിക്കണം |
| വികല്പ്യ വാ | = | വയോബലാദികളെ നോക്കീട്ട് അരപ്പലത്തിലല്പം കൂട്ടിയും കുറച്ചും മാത്ര കല്പിക്കാവുന്നതുമാണ്. |

അഥ സ്നാതാശിതസ്യാസ്യ സ്നേഹവസ്തിവിധാനതഃ. 73
ഋജോസ്സുഖോപവിഷ്ടസ്യ പീഠേ ജാനുസമേ മൃദൗ
ഹൃഷ്ടേ മേഢ്റേ സ്ഥിതേ ചർജൗ ശനൈസ്സ്രോ-
തോവിശുദ്ധയേ. 74
സൂക്ഷ്മാം ശലാകാം പ്രണയേത്തയാ ശുദ്ധേന സേവനീം
ആമേഹനാന്തം നേത്രം ച നിഷ്കമ്പം ഗുദവത്തതഃ. 75
പീഡിതേന്തർഗ്ഗതേ സ്നേഹേ സ്നേഹവസ്തിക്രമോ ഹിതഃ.

അഥ = അനന്തരം
സ്നേഹവസ്തിവിധാനതഃ = സ്നേഹവസ്തിപ്രയോഗാവസരത്തിൽ വിധിച്ചിരിക്കുന്നപ്രകാരം
സ്നാതാശിതസ്യ = കുളിയും ഊണും കഴിഞ്ഞ്
ജാനുസമേ = കാൽമുട്ടോളം പൊക്കമുള്ള
മൃദൗ പീഠേ = മൃദുവായ പീഠത്തിൽ
ഋജ്വാസുഖോപവിഷ്ടസ്യ അസ്യ = നേരെനിവൎന്നു സുഖമായിട്ടിരിക്കുന്ന രോഗിയുടെ
മേഢ്രേ ഹൃഷ്ടേ ഋജൗ ച സ്ഥിതേ = ലിംഗത്തെ ഉയൎത്തിയും നേരെയാക്കിയും പിടിച്ചുകൊണ്ടു
സ്രോതോവിശുദ്ധയേ = മൂത്രസ്രോതസ്സിന്റെ ശുദ്ധിക്കായിട്ട്
സൂക്ഷ്മാം ശലാകാം = ചെറിയ ശലാകയെ
ശനൈഃ പ്രണയേൽ = മൂത്രമാൎഗ്ഗത്തിലേക്കു പയ്യെക്കടത്തണം
തയാ ശുദ്ധേ = ശലാക കടത്തി മൂത്രമാൎഗ്ഗം ശുദ്ധമാണെന്നുകണ്ടാൽ
സേവനീം അനു = ലിംഗത്തിന്റെ അധോഭാഗത്തുള്ള സീവിനിയുടെ അടുത്തുകൂടി
ആമേഹനാന്തം = ലിംഗത്തിന്റെ ചുവടുവരെ
നിഷ്കമ്പം = വിറയലോ ചലനമോ ഉണ്ടാകാത്തവിധത്തിൽ
നേത്രം ച (പ്രണയേൽ) = വസ്തിനേത്രത്തെയും കടത്തണം.
തതഃ = വസ്തിനേത്രം കടത്തിയതിനുശേഷം
ഗുദവൽ = ഗുദവസ്തിയിലെന്നവണ്ണം
സ്നേഹേ പീഡിതേ അന്തൎഗ്ഗതേ = സ്നേഹം ഞെക്കി അകത്താക്കിക്കഴിഞ്ഞാൽപിന്നെ
സ്നേഹവസ്തിക്രമഃ ഹിതഃ = സ്നേഹവസ്തിയിൽ വിധിച്ചിട്ടുള്ളതൊക്കെപ്പോലെ ചെയ്യുന്നതു നല്ലതാകുന്നു.

ഉത്തരവസ്തിനേത്രം പന്ത്രണ്ടംഗുലം നീളമുള്ളതാണ്. അതിനു മദ്ധ്യത്ത് ഒരു കൎണ്ണികയുള്ളതുകൊണ്ട് കൎണ്ണികയോളം അതായതു് ആറംഗുലത്തോളമാണ് നേത്രം ഉള്ളിലേക്കു കടത്തേണ്ടതു്. ഇവിടെ ആമേഹനാന്തം കടത്തണമെന്നും പറയുന്നു. ഇതിൽനിന്നു മേഹനത്തിന്റെ ശരാശരി നീളം ആറംഗുലമാണെന്നും, ചിലരിൽ അല്പം കൂടിയും മറ്റു ചിലരിൽ കുറഞ്ഞും വരാമെന്നുള്ളതുകൊണ്ട് അധികം ഉള്ളിലേക്കു നേത്രം കടക്കാനിടയാകാതെ സൂക്ഷിക്കണമെന്നു ഗ്രഹിക്കേണ്ടതാകുന്നു.

വസ്തീനനേന വിധിനാ ദദ്യാൽ ത്രീംശ്ചതുരോപി വാ 76
അനുവാസനവച്ഛേഷം സൎവ്വമേവാസ്യ ചിന്തയേൽ

അനേന വിധിനാ = ഇപ്പറഞ്ഞ വിധിപ്രകാരം
ത്രീൻ ചതുരഃ അപി വാ വസ്തീൻ = മൂന്നോ നാലോ വസ്തികളെ
ദദ്യാൽ = ഉള്ളിലേക്കു കടത്തേണ്ടതാകുന്നു. മൂന്നോ നാലോ പ്രാവശ്യം വസ്തി പ്രയോഗിക്കണമെന്നൎത്ഥം
ശേഷം സൎവ്വം ഏവ = പിന്നെയുള്ളതെല്ലാം തന്നെ
അസ്യ = വസ്തി ചെയ്തിരിക്കുന്നവന്ന്
അനുവാസനവൽ ചിന്തയേൽ = സ്നേഹവസ്തിയിൽ പറഞ്ഞിട്ടുള്ളതുപോലെ ആലോചിച്ചു ചെയ്തുകൊള്ളണം.

തിപ്പലി, കൊന്നവേരിൻതൊലി, പുകയറ, കടകപ്പാലവേരിൻതൊലി, ഇന്തുപ്പ് ഇവ സമം ഗോമൂത്രവും അമ്ലദ്രവങ്ങളും ചേൎത്തരച്ചു കഴഞ്ചിന്റെയും ഉഴുന്നിന്റെയും വലിപ്പത്തിൽ രണ്ടുതരം ഗുളികകളായിട്ടുരുട്ടി നിഴലിലുണക്കി വെച്ചുകൊള്ളുക. മൂത്രമാൎഗ്ഗത്തിൽ കടത്തിയ സ്നേഹം തിരിച്ചുപോരാതെ ഉള്ളിൽ തങ്ങിനില്ക്കുകയാണെങ്കിൽ മേൽപറഞ്ഞ ഗുളികയിൽ കഴഞ്ചിന്റെ വലിപ്പത്തിലുള്ളതു് ആദ്യവും

ഉഴുന്നിന്റെ വലിപ്പത്തിലുള്ളതു് പിന്നീടും മൂത്രമാർഗ്ഗത്തിലേക്കു കടത്തുക. ഇതുകൊണ്ടു തടഞ്ഞുനില്ക്കുന്ന സ്നേഹം പുറത്തു പോരുന്നതാണ് എന്നു ഗ്രന്ഥാന്തരങ്ങളിൽ കാണുന്നു.

സ്ത്രീണാമാർത്തവകാലേ തു യോനിർഗൃഹ്ണാത്യപാവൃതേഃ 77
വിദധീത തദാ തസ്മാദനൃതാവപി ചാത്യയേ
യോനിവിഭ്രംശശൂലേഷു യോനിവ്യാപദസൃഗ്ദരേ. 78

സ്ത്രീണാം തു = സ്ത്രീകൾക്കാകട്ടെ
ആർത്തവകാലേ = ഋതുകാലത്ത് ആർത്തവിച്ചതുമുതൽ 12 ദിവസംവരെ
അപാവൃതേഃ = തുറന്നിരിക്കുകനിമിത്തം
യോനിഃ ഗൃഹ്ണാതി = യോനി അതിലേക്കു കടത്തുന്ന സ്നേഹത്തെ (ഗർഭത്തെ എന്നുവണ്ണം) ഗ്രഹിക്കുന്നു
തസ്മാൽ തദാ = അതുകൊണ്ട് അപ്പോൾ (ഋതുകാലത്ത്)
വിദധീത = അവൾക്ക് ഉത്തരവസ്തി പ്രയോഗിക്കേണ്ടതാണ്.
യോനിവിഭ്രംശശൂലേഷു = യോനിഭ്രംശം യോനിശൂലം ഈ രോഗങ്ങളിലും
യോനിവ്യാപദസൃഗ്ദരേ = യോനിവ്യാപത്തിലും അസൃഗ്ദരത്തിലും
അത്യയേ = അത്യാവശ്യമെന്നു വന്നുപോയാൽ
അനൃതൗ അപി ച = ഋതുകാലത്തല്ലാതെയും വസ്തി പ്രയോഗിക്കാവുന്നതാണ്.

നേത്രം ദശാംഗുലം മുദ്ഗപ്രവേശം ചതുരംഗുലം
അപത്യമാർഗ്ഗേ യോജ്യം സ്യാദ്ദ്വ്യംഗുലം മൂത്രവർത്മനി 79
മൂത്രകൃച്ഛ്റവികാരേഷു ബാലാനാം ത്വേകമംഗുലം
പ്രകുഞ്ചോ മധ്യമാ മാത്രാ ബാലാനാം ശുക്തിരേവ തു. 80

നേത്രം ദശാംഗുലം = സ്ത്രീകൾക്കുള്ള ഉത്തരവസ്തിയുടെ നേത്രം പത്തുവിരൽ നീളമുള്ളതും
മുദ്ഗപ്രവേശം = അഗ്രത്തു ചെറുപയറു കടക്കുന്ന പൊള്ളയുള്ളതുമായിരിക്കണം
അപത്യമാർഗ്ഗേ = യോനിദ്വാരംവഴിയാണെങ്കിൽ
ചതുരംഗുലം യോജ്യം സ്യാൽ = നാലംഗുലത്തോളം നേത്രം ഉള്ളിൽ കടത്തേണ്ടതാണ്
മൂത്രകൃച്ഛ്റവികാരേഷു = മൂത്രകൃച്ഛ്റരോഗങ്ങളിൽ
മൂത്രവർത്മനി = മൂത്രസ്രോതസ്സുവഴിക്ക്
ദ്വ്യംഗുലം = രണ്ടംഗുലമാത്രം ഉള്ളിൽ കടത്തേണ്ടതു്
ബാലാനാം തു = കുട്ടികൾക്കാണെങ്കിൽ
ഏകം അംഗുലം = ഒരംഗുലം മാത്രമേ ഉള്ളിൽ കടത്താവൂ
മധ്യമാ മാത്രാ = അകത്തു കടത്തേണ്ട സ്നേഹത്തിന്റെ മധ്യമാത്ര
പ്രകുഞ്ചഃ = ഒരു പലമാകുന്നു
ബാലാനാം തു ശുക്തിഃ ഏവ = കുഞ്ഞുങ്ങൾക്കാകട്ടെ അരപ്പലംതന്നെ ആവൂ.

സ്ത്രീകൾക്കു യോനിമാർഗ്ഗമായും മൂത്രമാർഗ്ഗമായും രണ്ടുവഴിക്ക് ഉത്തരവസ്തി പ്രയോഗിക്കേണ്ടതുണ്ട്. യോനിമാർഗ്ഗത്തിൽ നാലംഗുലവും, മൂത്രസ്രോതസ്സിൽ രണ്ട് അംഗുലവും നേത്രം ഉള്ളിൽ കടത്തണം. സ്നേഹത്തിന്റെ മധ്യമാത്ര ഒരു പലവും ആകുന്നു. പെൺകുഞ്ഞുങ്ങൾക്കാണെങ്കിൽ മൂത്രമാർഗ്ഗമായിട്ടേ വസ്തി പ്രയോഗിക്കേണ്ടതുള്ളൂ. അതിലേക്ക് ഒരംഗുലംമാത്രം ഉള്ളിലേയ്ക്കു നേത്രം കടത്തണം. സ്നേഹമാത്ര അരപ്പലവും ആയിരിക്കണം.

ഉത്താനായാശ്ശയാനായാസ്സമ്യക് സങ്കോച്യ സക്ഥിനീ
ഊർദ്ധ്വജാനുസ്സ്ത്രീ ചതുരാനഹോരാത്രേണ യോജയേൽ. 81

വസ്തീംസ്ത്രീമാത്രമേവം ച സ്നേഹമാത്രാം വിവർദ്ധയേൽ
ത്ര്യഹമേവ ച വിശ്രമ്യ പ്രണിദധ്യാൽ പുനസ്ത്ര്യഹം. 82

| | |
|---|---|
| സക്ഥിനീ സമ്യക് സങ്കോച്യ ഊർദ്ധ്വജാനോഃ | = കാലുരണ്ടും നല്ലവണ്ണം മടക്കി കാൽമുട്ടു മുകളിലാക്കിവച്ച് |
| ഉത്താനായാഃ ശയാനായാഃ | = മലൎന്നുകിടക്കുന്ന സ്ത്രീക്കു |
| അഹോരാത്രേണ | = ഒരു പകലും രാത്രിയുംകൊണ്ടു |
| ത്രിചതുരാൻ വസ്തീൻ | = മൂന്നോ നാലോ വസ്തികളെ |
| യോജയേൽ | = പ്രയോഗിക്കണം. |
| ഏവം ത്രിരാത്രം | = ഇപ്രകാരം മൂന്നുദിവസം പ്രയോഗിക്കയും |
| സ്നേഹമാത്രാം വിവർദ്ധയേൽ ച | = സ്നേഹമാത്രയെ ക്രമേണ കൂട്ടിക്കൊൾകയും വേണം. |
| ത്ര്യഹം ഏവ ച വിശ്രമ്യ | = അതുകഴിഞ്ഞു മൂന്നുദിവസം മുഴുവൻ വിശ്രമിച്ചിട്ടു |
| പുനഃ ത്ര്യഹം | = പിന്നെയും മേൽപ്രകാരം മൂന്നുദിവസം |
| പ്രണിദധ്യാൽ | = വസ്തി പ്രയോഗിക്കണം. |

വസ്തിപ്രയോഗവിധി ഇതോടുകൂടി കഴിഞ്ഞു. കഷായവസ്തി, സ്നേഹവസ്തി, ഉത്തരവസ്തി എന്നു മൂന്നുവിധത്തിൽ വസ്തിപ്രയോഗമുണ്ടെന്ന് അദ്ധ്യായാരംഭത്തിൽ പറഞ്ഞുവല്ലോ. മറ്റൊരുവിധത്തിലും വസ്തിയെ വിഭജിക്കാം. അധരവസ്തി, ഉത്തരവസ്തി എന്നു ചുരുക്കത്തിൽ വസ്തി രണ്ടുവിധം. ഗുദംവഴിക്കു പ്രയോഗിക്കുന്നതു് അധരവസ്തിയും, മൂത്രമാർഗ്ഗമായും സ്ത്രീകൾക്കു വിശേഷാൽ ഭഗമാർഗ്ഗമായും പ്രയോഗിക്കുന്നതു ഉത്തരവസ്തിയും ആകുന്നു. അധരവസ്തി, അനുവാസനം, നിരൂഹം, മിശ്രം എന്നു മൂന്നായി പിരിയുന്നു. സ്നേഹംമാത്രം പ്രയോഗിക്കുന്നതു അനുവാസനവും, കഷായകല്ക്കാദികളോടുകൂടി പ്രയോഗിക്കുന്നതു നിരൂഹവും, രണ്ടും ഇടകലൎത്തി പ്രയോഗിക്കുന്നതു മിശ്രവും ആകുന്നു. ഈ കാരണത്താൽ അധരവസ്തി പ്രധാനവും സ്നേഹപ്രയോഗം മാത്രമായ ഉത്തരവസ്തി അപ്രധാനവുമാണു്. ഉത്തരവസ്തിക്കു മൂത്രവസ്തി, ഭഗവസ്തി എന്നു രണ്ടു പിരിവുകളുണ്ടു്. ഉത്തരവസ്തിയിലെന്നപോലെ അധരവസ്തിയിൽ സ്നേഹം തുടൎന്നു് അധികം പ്രയോഗിക്കാൻ പാടില്ല. അതുപോലെ നിരൂഹവും നാലിലധികം പ്രയോഗിക്കവയ്യാ. അധികം വേണമെങ്കിൽ മിശ്രമായിട്ടായിക്കൊള്ളണം. അതിലെയ്ക്കു മിശ്രവസ്തിപ്രയോഗത്തെ കർമ്മവസ്തി, കാലവസ്തി, യോഗവസ്തി എന്നു മൂന്നായി വിഭജിച്ചിരിക്കുന്നു. ഇതിനുപുറമേ ചില വിഭാഗങ്ങളുമുള്ളതു കല്പസ്ഥാനത്തിൽ വിവരിക്കുന്നതാകുന്നു.

പക്ഷാദ്വിരേകോ വമിതേ തതഃ പക്ഷാന്നിരൂഹണം
സദ്യോ നിരൂഢശ്ചാനുവാസ്യസ്സപ്തരാത്രാദ്വിരേചിതഃ 83

| | |
|---|---|
| വമിതേ | = സമ്യഗ്യോഗപ്രകാരം വമനം ചെയ്തവന്നു് |
| പക്ഷാൽ | = പതിനഞ്ചുദിവസത്തിനുമേൽ |
| വിരേകഃ | = വിരേചനം ചെയ്യാവുന്നതാണു്. |
| തതഃ | = അതിനുശേഷം (വിരേചനം കഴിഞ്ഞാൽ) |
| പക്ഷാൽ | = പതിനഞ്ചുദിവസത്തിനുമേൽ |
| നിരൂഹണം | = കഷായവസ്തി പ്രയോഗിക്കാം. |
| നിരൂഢഃ | = കഷായവസ്തി ചെയ്തവന്നു് |
| സദ്യഃ അനുവാസ്യഃ ച | = അപ്പോൾതന്നെ വേണ്ടിവന്നാൽ സ്നേഹവസ്തി പ്രയോഗിക്കാം. |
| വിരേചിതഃ | = വിരേചനം ചെയ്തവന്നു് |
| സപ്തരാത്രാൽ (അനുവാസ്യഃ) | = ഏഴുദിവസത്തിനുമേൽ സ്നേഹവസ്തി പ്രയോഗിക്കണം. |

ഛർദ്ദിപ്പിച്ചവനെ പതിനഞ്ചുദിവസങ്ങൾകൊണ്ടു പേയാദിക്രമമനുഷ്ഠിച്ചു സ്നേഹസ്വേദപ്രയോഗങ്ങളും ചെയ്തിട്ടു പിന്നീടുവേണം വിരേചനം ചെയ്വാൻ.

വിരേചിപ്പിച്ചവന്ന് അനുവാസനം ചെയ്യണമെങ്കിൽ ഏഴുദിവസം കഴിഞ്ഞിട്ടാകാം. പ്രയോഗിക്കുന്നതു സ്നേഹവസ്തിയാകയാൽ അതിലേയ്ക്കു ശരീരത്തെ സ്നേഹോപേതമാക്കേണ്ടതില്ല പേയാദിക്രമം അനുഷ്ഠിക്കുകയേ വേണ്ടു. അതിന്ന് ഏഴുദിവസം മതിയാകുന്നതാണല്ലോ. വിരിക്തന്നു ആസ്ഥാപനമാണ് ചെയ്യേണ്ടതെങ്കിൽ അനുവാസനം പ്രയോഗിച്ചിട്ടു വേണ്ടതാകയാൽ പതിനഞ്ചുദിവസം കഴിഞ്ഞിട്ടേയാവൂ. കഷായവസ്തി ചെയ്തവന്നു ആവശ്യമെന്നു വന്നാൽ സ്നേഹവസ്തി ഉടനെ പ്രയോഗിക്കാം. സ്നേഹവസ്തി ചെയ്തവന്നു കഷായവസ്തി 'പഞ്ചമേ തൃതീയേ വാ ദിവസേ' എന്ന വിധിപ്രകാരം മൂന്നാംദിവസമോ അഞ്ചാംദിവസമോ പ്രയോഗിക്കണം.

യഥാ കുസുംഭാദിയുതാത്തോയാദ്രാഗം ഹരേൽ പടഃ
തഥാ ദ്രവീകൃതാദ്ദേഹാദ്വസ്തിർനിർഹരതേ മലാൻ. 84

കുസുംഭാദിയുതാൽ = കുസുംഭപുഷ്പം മുതലായവ കലർന്നുള്ള
തോയാൽ = വെള്ളത്തിൽനിന്നു
രാഗം പടഃ യഥാ ഹരേൽ = ചുവപ്പുനിറത്തെ വസ്ത്രം എപ്രകാരം എടുക്കുമോ
തഥാ = അപ്രകാരം
ദ്രവീകൃതാൽ = മലങ്ങളോടുകൂടി ദ്രവപ്രായത്തിലിരിക്കുന്ന
ദേഹാൽ = ശരീരത്തിൽനിന്നു
വസ്തിഃ മലാൻ നിർഹരതേ = വസ്തി മലങ്ങളെ നിർഹരിക്കുന്നു.

കുസുംഭപുഷ്പം മുതലായവ കലർത്തിയാൽ വെള്ളം ചുവപ്പുനിറത്തിലായിത്തീരും. അതിൽ മുണ്ടുമുക്കിയാൽ ആ ചുവപ്പിനെമാത്രം മുണ്ട് എങ്ങനെ എളുപ്പത്തിൽ എടുത്തുകളയുന്നുവോ അതുപോലെ സ്നേഹസ്വേദാദിപ്രയോഗങ്ങളിൽ ദ്രവപ്രായത്തിലായിരിക്കുന്ന ധാതുമലങ്ങളോടുകൂടിയ ശരീരത്തിൽനിന്നു മലങ്ങളെ മാത്രം വസ്തി എളുപ്പത്തിൽ നിർഹരിക്കുന്നു. മുണ്ട് വെള്ളത്തിലെ ചുവപ്പിനെ എടുക്കുന്നതോടുകൂടി വെള്ളവും കുറച്ചു പോരുന്നതാകയാൽ വെള്ളത്തിന്നു കുറവു വരാനിടയുണ്ടെങ്കിൽ ഈറൻമുണ്ടിന്നു വെള്ളത്തിന്റെ ആ കുറവിനെ പരിഹരിക്കാനും കഴിയുന്നതുപോലെ വസ്തി മലങ്ങളെ നിർഹരിക്കുന്നതോടുകൂടി ധാതുക്കളുടെ അംശങ്ങളും നഷ്ടമായിപ്പോകുമെങ്കിൽ ബൃംഹണവസ്തിക്കു ആ ധാതുനഷ്ടത്തെ തീർക്കാനും കഴിയുമെന്നു അറിയേണ്ടതാകുന്നു.

ശാഖാഗതാഃ കോഷ്ഠഗതാശ്ച രോഗാ
മർമ്മോർദ്ധ്വസർവാവയവാംഗജാശ്ച
യേ സന്തി തേഷാം ന തു കശ്ചിദന്യോ
വായോഃ പരം ജന്മനി ഹേതുരസ്തി. 85

ശാഖാഗതാഃ = ശാഖകളെ ആശ്രയിച്ചുണ്ടാകുന്നവയും
കോഷ്ഠഗതാഃ ച = കോഷ്ഠത്തെ ആശ്രയിച്ചുണ്ടാകുന്നവയും
മർമ്മോർദ്ധ്വസർവാവയവാംഗജാഃ ച = മർമ്മങ്ങളേയും ഊർദ്ധ്വാംഗത്തേയും, സർവാംഗത്തേയും, പ്രത്യംഗങ്ങളേയും ആശ്രയിച്ചുണ്ടാകുന്നവയുമായിട്ട്
യേ രോഗാഃ സന്തി = ഏതെല്ലാം രോഗങ്ങളുണ്ടോ
തേഷാം ജന്മനി = ആ രോഗങ്ങളുടെ ഉല്പത്തിയിൽ
വായോഃ പരം = വാതത്തിൽനിന്നു പരമായിട്ട് (വാതമല്ലാതെ)
അന്യഃ കശ്ചിൽ തു = വേറേ ഒന്നുംതന്നെ
ഹേതുഃ ന അസ്തി = ഹേതുവായിരിക്കുന്നില്ല.

രോഗമാർഗ്ഗങ്ങൾ ശാഖകൾ, കോഷ്ഠം, അസ്ഥിസന്ധികൾ എന്നു മൂന്നാണെന്നു മുമ്പു പറഞ്ഞിട്ടുണ്ട്. ഈ രോഗമാർഗ്ഗങ്ങളെ ആശ്രയിച്ചുകൊണ്ടുതന്നെയാണ് ഊർദ്ധ്വാംഗരോഗങ്ങളും സർവാംഗരോഗങ്ങളും പ്രത്യംഗരോഗങ്ങളുമൊക്കെ ഉണ്ടാകുന്നതു്. ഇങ്ങനെ ഏതെല്ലാംവിധത്തിൽ എന്തെല്ലാം രോഗങ്ങൾ ശരീരത്തിൽ

ഉണ്ടാകുന്നുവോ അവയെല്ലാം ഏകകാരണം വാതമാണ്. പലതിനും പല കാരണങ്ങൾ പറയാനുണ്ടാകുമെങ്കിലും അതൊന്നും വാതത്തെക്കൂടാതെയല്ല. വ്യാപാരകാരിയാകയാൽ വാതം ഏതിനും മൂലകാരണമായിത്തന്നെയിരിക്കും.

വിട്ശ്ലേഷ്മപിത്താദിമലാചയാനാം
വിക്ഷേപസംഹാരകരസ്സ യസ്മാൽ
തസ്യാതിവൃദ്ധസ്യ ശമായ നാന്യ-
ദ്വസ്തേർവിനാ ഭേഷജമസ്തി കിഞ്ചിൽ. 86

യസ്മാൽ സഃ = യാതൊന്നുഹേതുവായിട്ട് അത് (വാതം)
വിട്ശ്ലേഷ്മപിത്താദിമലാ-ചയാനാം = പുരീഷം, കഫം, പിത്തം മുതലായ മലസഞ്ചയങ്ങൾക്ക്
വിക്ഷേപസംഹാരകരഃ = അന്യസ്ഥാനഗമനത്തിനും സ്വസ്ഥാനഗമനത്തിനും പ്രേരകമായിരിക്കുന്നതാകുന്നു
അതിവൃദ്ധസ്യ തസ്യ ശമായ = അധികമായി വർദ്ധിച്ചിരിക്കുന്ന അതിന്റെ (വാതത്തിന്റെ) ശമനത്തിനായിട്ട്
വസ്തേഃ വിനാ = വസ്തിയേ ഒഴിച്ച്
അന്യൽ കിഞ്ചിൽ ഭേഷജം = മററു യാതൊരു മരുന്നും
ന അസ്തി = ഇല്ല.

വിട്ശ്ലേഷ്മപിത്താദിമലാശയങ്ങൾ രോഗസ്ഥാനങ്ങളിൽ ചെന്നു രോഗങ്ങളെ ഉണ്ടാക്കുന്നതിനാൽ അവ രോഗകാരണങ്ങളാണെന്നു പറയാമെങ്കിലും അതുകൾക്ക പോകയും വരികയും ചെയ്യുന്നമെങ്കിൽ വാതത്തിന്റെ സഹായസഹകരണങ്ങൾകൂടാതെ സാധിക്കയില്ല. എന്തെന്നാൽ ശരീരാശ്രയികളായ സകലത്തിന്റേയും വിക്ഷേപസംഹാരകരത്വം വാതത്തിനാണുള്ളത്. ആകയാൽ വാതം സർവ്വരോഗൈകകാരണമാകുന്നു. അങ്ങനെയുള്ള വാതം അധികമായി വർദ്ധിച്ചുപോയാൽ വസ്തികൊണ്ടല്ലാതെ മറെറാന്നുകൊണ്ടും അതിനെ ശരിക്കു ശമിപ്പിക്കാൻ സാധിക്കുന്നതല്ല. ഇപ്രകാരം സർവ്വരോഗൈകകാരണമായ വാതത്തിന്റെ ഏകഭൈഷജ്യമായ വസ്തി സർവ്വരോഗൈകചികിത്സയായിരിക്കുന്നു.

തസ്മാച്ചികിത്സാർദ്ധ ഇതി പ്രദിഷ്ടഃ
കൃത്സ്നാ ചികിത്സാപി ച വസ്തിരേകൈഃ
തഥാ നിജാഗന്തുവികാരകാരീ
രക്തൗഷധത്വേന സിരാവ്യധോപി. 87

തസ്മാൽ = ആ കാരണത്താൽ
ചികിത്സാർദ്ധഃ = ആകെയുള്ള ചികിത്സയിൽ പകുതിയും
വസ്തിഃ ഇതി പ്രദിഷ്ടഃ = വസ്തിപ്രയോഗമാണെന്നു നിർദ്ദിഷ്ടമായിരിക്കുന്നു.
അപിച കൃത്സ്നാചികിത്സാ = തന്നെയുമല്ല മുഴുവൻ ചികിത്സയും
(വസ്തിഃ ഇതി) ഏകൈഃ (പ്രദിഷ്ടഃ) = വസ്തിയാകുന്നു എന്നു ചിലക്ക് അഭിപ്രായമുണ്ട്
തഥാ = അപ്രകാരം
നിജാഗന്തുവികാരകാരീ രക്തൗഷധത്വേന = നിജമായും ആഗന്തുവായും രോഗങ്ങളെ ഉണ്ടാക്കുന്ന രക്തത്തിന്റെ ചികിത്സയായിരിക്കകൊണ്ട്
സിരാവ്യധഃ അപി = രക്തമോക്ഷവും പ്രധാനപ്പെട്ട ചികിത്സയാകുന്നു.

മേൽപറഞ്ഞ കാരണത്താൽ മററുള്ള എല്ലാ ചികിത്സകൾക്കും തുല്യമായിരിക്കകൊണ്ട് വസ്തി ചികിത്സാർദ്ധമാകുന്നു എന്നാണ സിദ്ധാന്തം. മററു ചികിത്സകൾകൊണ്ട സാധിക്കുന്നതെല്ലാം വസ്തി ഒന്നുകൊണ്ടുതന്നെ സാധിക്കാവുന്നതിനാൽ വസ്തിമാത്രം മതി ചികിത്സയായിട്ട് എന്ന ഭാവത്തിൽ കൃത്സ്നചികിത്സയാണ്

വസ്തി എന്നും ചിലക്ക് അഭിപ്രായമുണ്ട്. ഇതുപോലെ നിജമായും ആഗന്തുവായും അനേകം രോഗങ്ങളെ ഉണ്ടാക്കുന്ന രക്തകോപത്തെ ശമിപ്പിക്കുന്നതുകൊണ്ട് രക്തമോക്ഷവും പ്രധാനപ്പെട്ട ചികിത്സയാണെന്ന് അറിയേണ്ടതാകുന്നു.

പത്തൊമ്പതാം അദ്ധ്യായം കഴിഞ്ഞു.

---

# ഇരുപതാം അദ്ധ്യായം.

---

## നസ്യവിധി.

ഊൎദ്ധ്വജത്രുവികാരേഷു വിശേഷാന്നസ്യമിഷ്യതേ
നാസാ ഹി ശിരസോ ദ്വാരം തേന തദ്വ്യാപ്യ ഹന്തി താൻ. 1

| | |
|---|---|
| ഊൎദ്ധ്വജത്രുവികാരേഷു | = ജത്രുവിന്നുമേൽ (കണ്ഠത്തിലും ശിരസ്സിലും ഉണ്ടാകുന്ന രോഗങ്ങളിൽ |
| വിശേഷാൽ നസ്യം ഇഷ്യതേ | = വിശേഷിച്ച് നസ്യം വിഹിതമാകുന്നു |
| ഹി നാസാ | = യാതൊന്നുഹേതുവായിട്ട് നാസിക മൂക്ക്) |
| ശിരസഃ ദ്വാരം | = ശിരസ്സിന്റെ ദ്വാരമാകുന്നു |
| (തൽ) | = അതുഹേതുവായിട്ട് നസ്യം |
| തേന | = നാസാദ്വാരം വഴിയായി |
| തൽ വ്യാപ്യ | = ഇന്ദ്രിയാധിഷ്ഠാനമായ ശിരസ്സിൽ എല്ലാഭാഗത്തും വ്യാപിച്ചിട്ട്. |
| താൻ ഹന്തി | = അവിടെയുള്ള രോഗങ്ങളെ (ജത്രൂൎദ്ധ്വരോഗങ്ങളെ) ശമിപ്പിക്കുന്നു. |

കോഷ്ഠശോധനാൎത്ഥം വമനവിരേചനവസ്തിവിധികളെ കല്പിച്ചിട്ട ശിരശ്ശോധനാൎത്ഥം നസ്യവിധി ആരംഭിക്കുന്നു. ശിരശ്ശോധനത്തിന്ന വമനവിരേചനങ്ങളും ആവശ്യമാണെങ്കിലും നസ്യം വിശേഷിച്ച ഹിതമാകുന്നു. എന്തെന്നാൽ ശിരസ്സിനെ സംബന്ധിച്ചിടത്തോളം ആസന്നമായ ബഹിൎദ്വാരം നാസികയാകുന്നു. ശിരോഗതദോഷങ്ങളും സിംഘാണക മൂക്കിള) രൂപത്തിൽ നാസികവഴി പുറത്തു പൊയ്ക്കൊണ്ടിരിക്കുന്നതിൽനിന്ന് ഇതു അനുമാനിക്കയുംചെയ്യാം. ആകയാൽ നാസാമാൎഗ്ഗേണ പ്രയോഗിക്കപ്പെടുന്ന ഔഷധമോ ഔഷധവീൎയ്യമോ ശിരഃകണ്ഠങ്ങളുടെ എല്ലാ ഭാഗങ്ങളിലും എത്തീട്ട് അവിടെയുള്ള ദോഷങ്ങളെ എളുപ്പത്തിൽ പുറത്തുപോക്കുന്നതാണ്.

വിരേചനം ബൃംഹണം ച ശമനം ച ത്രിധാപി തൽ

| | |
|---|---|
| തൽ വിരേചനം | = അത് നസ്യം) വിരേചനനസ്യമെന്നും |
| ബൃംഹണം ച ശമനം ച | = ബൃംഹണനസ്യമെന്നും ശമനനസ്യമെന്നും |
| ത്രിധാ അപി | = മൂന്നുവിധത്തിലായിരിക്കുന്നുമുണ്ട്. |

വിരേചനം ശിരശ്ശൂലജാഡ്യസ്യന്ദഗളാമയേ
ശോഫഗണ്ഡകൃമിഗ്രന്ഥികുഷ്ഠാപസ്മാരപീനസേ

| | |
|---|---|
| ശിരശ്ശൂലജാഡ്യസ്യന്ദ-ഗളാമയേ | = തലവേദന, ശിരോജാഡ്യം, അഭിഷ്യന്ദം എന്ന നേത്രരോഗം, കണ്ഠരോഗം ഇവയിലും |
| ശോഫഗണ്ഡകൃമിഗ്രന്ഥി-കുഷ്ഠാപസ്മാരപീനസേ | = ശോഫം, ഗണ്ഡം, കൃമി, ഗ്രന്ഥി, കുഷ്ഠം, അപസ്മാരം, പീനസം ഈ രോഗങ്ങളിലും |
| വിരേചനം | = വിരേചനനസ്യം വേണ്ടതാകുന്നു. |

ബൃംഹണം വാതജേ ശൂലേ സൂര്യാവർത്തേ സ്വരക്ഷയേ 3
നാസാസ്യശോഷേ വാക്സംഗേ കൃച്ഛ്റബോധേഽപബാഹുകേ

| | |
|---|---|
| വാതജേ ശൂലേ | = വാതികമായ തലവേദനയിലും |
| സൂര്യാവർത്തേ | = സൂര്യാവർത്തം എന്ന ശിരോരോഗത്തിലും |
| സ്വരക്ഷയേ | = സ്വരഹാനിയിലും (ഒച്ചയടപ്പ്) |
| നാസാസ്യശോഷേ | = മൂക്കുവറൾച്ച, വാവറൾച്ച ഇവയിലും |
| വാക്സംഗേ | = വാക്സംഗത്തിലും (സംസാരിക്കാൻ കഴിയായ്ക) |
| കൃച്ഛ്റബോധേ | = കൃച്ഛ്റോന്മീലം എന്ന നേത്രരോഗത്തിലും |
| അപബാഹുകേ | = അപബാഹുകത്തിലും |
| ബൃംഹണം | = ബൃംഹണനസ്യം പ്രയോജ്യമാകുന്നു. |

ശമനം നീലികാവ്യംഗകേശദോഷാക്ഷിരാജിഷു 4

| | |
|---|---|
| ശമനം | = ശമനനസ്യം |
| നീലികാവ്യംഗകേശ-<br>ദോഷാക്ഷിരാജിഷു | = നീലിക, വ്യംഗം, കേശദോഷം, കണ്ണിൽ വരികോപം ഇവയിൽ ഹിതമാകുന്നു. |

യഥാസ്വം യൗഗികൈഃ സ്നേഹൈര്യഥാസ്വം ച പ്രസാധിതൈഃ
കല്ക്കക്വാഥാദിഭിശ്ചാദ്യം മധുപട്വാസവൈരപി. 5
ബൃംഹണം ധന്വമാംസോത്ഥരസാസൃക്ഖപുരൈരപി
ശമനം യോജയേൽ പൂർവൈഃ ക്ഷീരേണ സലിലേന ച. 6

| | |
|---|---|
| യഥാസ്വം യൗഗികൈഃ | = അതാതിനു തക്കവണ്ണം യോഗയോഗ്യങ്ങളും |
| യഥാസ്വം പ്രസാധിതൈഃ | = അതാതിനു വിഹിതമായ ഔഷധങ്ങൾ ചേർത്തു സംസ്കരിച്ചതുമായ |
| സ്നേഹൈഃ | = സ്നേഹങ്ങൾകൊണ്ടും |
| കല്ക്കക്വാഥാദിഭിഃ ച | = കല്ക്കം, ക്വാഥം മുതലായവകൊണ്ടും |
| മധുപട്വാസവൈഃ അപി | = വിശേഷാൽ തേൻ, ഉപ്പ്, ആസവം ഇതുകൾ കൊണ്ടും |
| ആദ്യം യോജയേൽ | = ആദ്യത്തേതായ വിരേചനനസ്യം പ്രയോഗിക്കുന്നു |
| ബൃംഹണം | = ബൃംഹണനസ്യം |
| ധന്വമാംസോത്ഥരസാ-<br>സൃക്ഖപുരൈഃ അപി | = സ്നേഹകല്ക്കക്വാഥാദികൾക്കുപുറമേ ജാംഗലജന്തുക്കളുടെ മാംസരസം, രക്തം, നിര്യാസം ഇവകൊണ്ടും |
| ശമനം | = ശമനനസ്യം |
| പൂർവൈഃ | = മുൻപറഞ്ഞ സ്നേഹകല്ക്കക്വാഥാദികൾ മാംസരസാദികൾ ഇവകൊണ്ടും |
| ക്ഷീരേണ സലിലേന ച | = പാലുകൊണ്ടും വെള്ളംകൊണ്ടും |
| യോജയേൽ | = പ്രയോഗിക്കേണ്ടതാണ്. |

സ്നേഹകല്ക്കക്വാഥാദികൾ, മധുപട്വാസവങ്ങൾ, ധന്വമാംസരസാസൃക്ഖപുരങ്ങൾ, ക്ഷീരസലിലങ്ങൾ ഇവയെല്ലാമാണ് നസ്യത്തിനുപയോഗിക്കുവാനുള്ള ദ്രവ്യങ്ങൾ. ഇതിൽ മധുപട്വാസവങ്ങൾ വിരേചനനസ്യത്തിനും, മാംസരസാദികൾ ബൃംഹണനസ്യത്തിനും ക്ഷീരസലിലങ്ങൾ ശമനനസ്യത്തിനും വിശേഷാൽ പ്രയോഗിക്കുവാനുള്ളതാണ്. സ്നേഹകല്ക്കക്വാഥാദികൾ എല്ലാററിനുമാകാം. ദോഷരോഗങ്ങൾക്ക് യോജിച്ച ശിരോവിരേചനൌഷധങ്ങൾ ചേർത്ത് സംസ്കരിക്കുന്ന സർഷപതൈലാദി സ്നേഹങ്ങളായിരിക്കണം വിരേചനനസ്യത്തിനുപയോഗിക്കേണ്ടതു്. ബൃംഹണനസ്യത്തിനു ബൃംഹണൌഷധങ്ങൾ ചേർത്തു കാച്ചുന്ന ബൃംഹണങ്ങളായ ഘൃതവസാദിസ്നേഹങ്ങളും, ശമനനസ്യത്തിന് ശമനൌഷധസംസ്കൃതമായ തിലതൈലാദിസ്നേഹങ്ങളും പ്രയോഗിക്കേണ്ടതാണ്.

മർശശ്ച പ്രതിമർശശ്ച ദ്വിധാ സ്നേഹോഽത്ര മാത്രയാ
കല്കാദ്യൈരവപീഡസ്തു തീക്ഷ്ണൈർമൂർദ്ധവിരേചനഃ 7
ധ്മാനം വിരേചനശ്ചൂർണ്ണോ യുഞ്ജ്യാത്തം മുഖവായുനാ
ഷഡംഗുലദ്വിമുഖയാ നാള്യാ ഭേഷജഗർഭയാ. 8
സ ഹി ഭൂരിതരം ദോഷം ചൂർണ്ണത്വാദപകർഷതി

അത്ര സ്നേഹഃ = ഇതിൽ വച്ചു സ്നേഹനസ്യം
മർശഃ ച പ്രതിമർശഃ ച = മർശം എന്നും പ്രതിമർശം എന്നും
മാത്രയാ ദ്വിധാ = മാത്രാഭേദംകൊണ്ടു രണ്ടുവിധത്തിലുണ്ടു്
തീക്ഷ്ണൈഃ കല്കാദ്യൈഃ = തീക്ഷ്ണങ്ങളായ കല്കാദികൾകൊണ്ടുചെയ്യുന്ന
മൂർദ്ധവിരേചനഃ തു = ശിരോവിരേചനനസ്യമാകട്ടെ
അവപീഡ = അവപീഡം എന്നു പേരുള്ളതാകുന്നു
വിരേചനഃ ചൂർണ്ണഃ = ശിരോവിരേചനമായ ചൂർണ്ണനസ്യം
ധ്മാനം = ധ്മാനം എന്നു പറയപ്പെടുന്നു
തൽ = അതിനെ (ധ്മാന നസ്യത്തെ)
ഷഡംഗുലദ്വിമുഖയാ = ആറുവിരൽ നീളവും രണ്ടുമുഖവുമുള്ളതും
ഭേഷജഗർഭയാ = ഉള്ളിൽ മരുന്നു പൊടി) വച്ചിട്ടുള്ളതുമായ
നാള്യാ = കുഴലിൽക്കൂടെ
മുഖവായുനാ യുഞ്ജ്യാൽ = മുഖവായുകൊണ്ടു പ്രയോഗിക്കണം (ഊതി മൂക്കിനുള്ളിൽ കടത്തണം)
സഃ ഹി = ആ ധ്മാനനസ്യമാകട്ടേ
ഭൂരിതരം ദോഷം = വളരെ അധികമായുള്ള ദോഷത്തെ
ചൂർണ്ണത്വാൽ അപകർഷതി = പൊടിയാകകൊണ്ടു ഇളക്കിപ്പോക്കുന്നു.

വിരേചനം, ബൃംഹണം ശമനം എന്നു നസ്യം മൂന്നുവിധത്തിലാണെന്നു പറഞ്ഞുവല്ലോ. ഇതു് നസ്യഫലത്തെ നോക്കി ചെയ്തിട്ടുള്ള വിഭാഗമാണു്. ഇനി ദ്രവ്യത്തെ പുരസ്കരിച്ചു സ്നേഹനസ്യം, കല്കനസ്യം, ദ്രവനസ്യം ഇങ്ങനെയും നസ്യത്തെ വിഭജിക്കാം. തൈലഘൃതാദിസ്നേഹങ്ങൾകൊണ്ടു ചെയ്യുന്നതു് സ്നേഹനസ്യം. മരുന്നുകൾ പച്ചയ്ക്കോ ദ്രവംചേർത്തോ അരച്ചുപിഴിഞ്ഞു നീരെടുത്തു് അതുകൊണ്ടും പൊടികൊണ്ടും ചെയ്യുന്ന നസ്യം കല്കനസ്യം. ആസവമാംസരസക്ഷീരാദികൾ കൊണ്ടുചെയ്യുന്നതു ദ്രവനസ്യമാകുന്നു. ഇതിൽ സ്നേഹനസ്യം, മാത്രാഭേദംകൊണ്ടു് മർശം പ്രതിമർശം ഇങ്ങനെ രണ്ടുതരത്തിലുണ്ടു്. കൂടിയമാത്രയിലുള്ളതു് മർശവും കുറഞ്ഞ മാത്രയിലുള്ളതു് പ്രതിമർശവുമാകുന്നു. മർശം സംസ്കാരഭേദംകൊണ്ടു രേചനവും ബൃംഹണവുമാക്കിത്തീർക്കാം. നിത്യോപസേവനത്താൽ മർശത്തിന്റെ ഗുണംചെയ്യുന്ന പ്രതിമർശം അല്പാല്പം രേചനവും ബൃംഹണവുമാകയാൽ ശമനമാകുന്നു. കല്കനസ്യം സ്വരസമാക്കിയും ചൂർണ്ണമാക്കിയും പ്രയോഗിക്കാം. സ്വരസം തീക്ഷ്ണൌഷധങ്ങൾ കൊണ്ടു് രേചനമായി പ്രയോഗിക്കുമ്പോൾ അവപീഡം എന്നു പറയുന്നു. അല്ലാത്തപ്പോൾ ശമനം എന്ന സാമാന്യനാമംതന്നെ. ചൂർണ്ണനസ്യം വിരേചനമായിട്ടേ ഉള്ളൂ. അതിനു ധ്മാനം എന്നും പ്രധമനം എന്നും പേരാകുന്നു. നസ്യദ്രവ്യം സ്നേഹമായാലും കല്കമായാലും പ്രയോഗിക്കുന്നതു ദ്രവമാക്കീട്ടാകയാൽ അതെല്ലാം മൂക്കിലൊഴിക്കുകയേവേണ്ടു. അതിനു നിവൃത്തിയില്ലായ്കയാൽ ചൂർണ്ണനസ്യം പ്രത്യേകവിധിപ്രകാരം പ്രയോഗിക്കേണ്ടതാണു്. രണ്ടു നാസാദ്വാരങ്ങളിലും കൊണ്ടിരിക്കത്തക്കവണ്ണം രണ്ടുമുഖങ്ങളുള്ള ഒരു കുഴലുണ്ടാക്കണം. അതിനുള്ളിൽ ധ്മാനനസ്യത്തിനുള്ള പൊടിവച്ചുകൊണ്ടു രോഗിയെ മലർത്തിക്കിടത്തി കുഴലിന്റെ രണ്ടു മുഖങ്ങളും രണ്ടു നാസാദ്വാരങ്ങളിലും കടത്തിവച്ചുകൊണ്ടു് കുഴലിന്റെ മറ്റേ ദ്വാരത്തിൽക്കൂടെ ഊതി ആ പൊടി മൂക്കിനുള്ളിൽ കടത്തണം. ചൂർണ്ണത്തിനു വളരെ ദോഷങ്ങളെ ഇളക്കിപ്പോക്കാൻ ഒരു പ്രത്യേകശക്തിയുള്ളതുകൊണ്ടു് ദോഷാതിസഞ്ചയത്തിൽ വിരേചനത്തിനു ധ്മാനനസ്യം പ്രയോഗിക്കുന്നതു് നല്ലതാകുന്നു.

പ്രദേശിന്യംഗുലീപർവ്വദ്വയാന്മഗ്നസമുദ്ധൃതാൽ 9
യാവൽ പതത്യസൌ ബിന്ദുർദ്ദശാഷ്ടൌ ഷൾ ക്രമേണ തേ
മർശസ്യ മാത്രാ നിർദ്ദിഷ്ടാശ്ശ്രേഷ്ഠമദ്ധ്യാവരാഃ ക്രമാൽ 10
ബിന്ദുദ്വയോനാഃ കല്ക്കാദേസ്താ ഏവ ച വിനിർദ്ദിശേൽ.

| | |
|---|---|
| മഗ്നസമുദ്ധൃതാൽ | = (ദ്രവദ്രവ്യത്തിൽ) മുക്കിയെടുക്കുന്ന |
| പ്രദേശിന്യംഗുലീപർവ്വദ്വയാൽ | = ചൂണ്ടുവിരലിൻെറ രണ്ടു മുട്ടുകളിൽനിന്നു |
| യാവൽ പതതി | = എത്രത്തോളം ആദ്യം വീഴുന്നു |
| അസൌ ബിന്ദുഃ | = ഇതു ബിന്ദു (തുള്ളി) ആകുന്നു. |
| തേ ദശ അഷ്ടൌ ഷൾ | = അതുകൾ(ബിന്ദുക്കൾ)പത്തും എട്ടും ആറും കൂടിയതു് |
| ക്രമേണ | = മുറയ്ക്കു് |
| മർശസ്യ | = മർശം എന്നു പേരുള്ള സ്നേഹനസ്യത്തിൻെറ |
| ശ്രേഷ്ഠമദ്ധ്യാവരാഃ മാത്രാഃ | = ശ്രേഷ്ഠവും മദ്ധ്യവും അവരവുമായ മാത്രകളാണെന്നു |
| നിർദ്ദിഷ്ടാഃ | = നിർണ്ണയിക്കപ്പെട്ടിരിക്കുന്നു |
| ബിന്ദുദ്വയോനാഃ | = ഈ രണ്ടു ബിന്ദുക്കൾ കുറവുള്ള |
| താഃ ഏവ ക്രമാൽ | = ആ മാത്രകളെത്തന്നെ ക്രമേണ |
| കല്ക്കാദേഃ ച | = കല്ക്കാദി നസ്യത്തിൻേറയും—ശ്രേഷ്ഠമദ്ധ്യാവരമാത്രകളായിട്ടു് |
| വിനിർദ്ദിശേൽ | = കല്പിക്കേണ്ടതാണു്. |

ഒരു പാത്രത്തിൽ വെള്ളമോ മററു ദ്രവദ്രവ്യമോ ഒഴിച്ചിട്ടു് അതിൽ ചൂണ്ടാണിവിരലിൻെറ രണ്ടു മുട്ടുകൾ മുക്കിയെടുത്താൽ അതിൽനിന്നു വീഴുന്ന ഓരോ തുള്ളിയും ഓരോ ബിന്ദുവാകുന്നു. ഇവിടെ ആദ്യത്തെ തുള്ളിയെ ബിന്ദുവായി കല്പിക്കണമെന്നാണു് നിശ്ചയം. അങ്ങിനെയുള്ള ബിന്ദുക്കൾ പത്തുകൂടിയതു മർശത്തിൻെറ ഉൽകൃഷ്ടമാത്രയും, എട്ടുകൂടിയതു മദ്ധ്യമാത്രയും, ആറു ഹീനമാത്രയുമാകുന്നു. കല്ക്കാദി നസ്യത്തിനാണെങ്കിൽ ഇതിൽനിന്നു ഈരണ്ടു ബിന്ദുക്കൾ കുറച്ചു കിട്ടുന്ന എട്ടു ബിന്ദുക്കൾ ഉത്തമമാത്രയും, ആറു ബിന്ദുക്കൾ മദ്ധ്യമാത്രയും, നാലു ബിന്ദുക്കൾ ഹീനമാത്രയുമാണെന്നറിയണം.

ചൂണ്ടാണിവിരലിൻെറ രണ്ടു മുട്ടുകൾ മുക്കിയെടുത്താൽ അതിൽനിന്നു വീഴുന്നതു മുഴുവൻ ചേർന്നതാണു് ഒരു ബിന്ദു എന്നു "യാവൽ പതത്യസൌ ബിന്ദു" എന്നതിനു് ചിലർ അർത്ഥം പറഞ്ഞുവരുന്നതു ശരിയല്ല. ബിന്ദു എന്നു പറയുന്നതു തുള്ളിയാണു്. മേൽപ്രകാരം മുക്കിയെടുത്ത ചൂണ്ടാണിവിരലിൻെറ രണ്ടു മുട്ടുകളിൽനിന്നു സാമാന്യേന മൂന്നുതുള്ളി ദ്രവം താഴെവീഴും. ഈ മൂന്നുതുള്ളിയെ ഒരുതുള്ളിയാക്കിപ്പറയണമെന്നു കല്പിക്കുന്നതു ഒന്നുകൊണ്ടും ഭംഗിയുള്ളതല്ലല്ലോ. എന്നാൽ ഈ മൂന്നു തുള്ളികളും ഒരേ അളവിലായിരിക്കയില്ല. ആദ്യത്തേത്തുള്ളി മററു രണ്ടിനേക്കാളും കൂടുതലായിരിക്കും. അവസാനത്തേതു എല്ലാററിനേക്കാളും കുറവായുമിരിക്കും. അതുകൊണ്ടാണു് പ്രദേശിനിയുടെ രണ്ടു പർവ്വങ്ങൾ മുക്കണമെന്നും, അതിൽനിന്നു വീഴുന്ന മൂന്നു തുള്ളികളിൽ ആദ്യത്തേതിനെ ബിന്ദുവായി കല്പിക്കണമെന്നും നിശ്ചയിച്ചതു്. പ്രദേശിനിയുടെ രണ്ടു പർവ്വങ്ങൾ മുക്കിയെടുത്താൽ അതിൽനിന്നു മൂന്നളവിൽ മൂന്നുതുള്ളികൾ വീഴുമെന്നും, ആ തുള്ളികളിൽ ആദ്യത്തേതിനെ 'മാത്ര' എന്നും, രണ്ടാമത്തേതിനെ 'ശുക്തി' എന്നും, മൂന്നാമത്തേതിനെ 'പാണിശുക്തി' എന്നും പറയണമെന്നും രോഗിയുടെ ബലാബലമനുസരിച്ചു് ഇതിലേതെങ്കിലും തുള്ളിയെ ഒരു ബിന്ദുവായിട്ടംഗീകരിക്കാമെന്നും സുശ്രുതാചാര്യർ അഭിപ്രായപ്പെടുന്നു. "പ്രദേശിനീപർവ്വദ്വയനിസ്സൃതാഃ പ്രഥമാ മാത്രാ; ദ്വിതീയാ ശുക്തി സ്തൃതീയാ പാണിശുക്തിരിത്യേതാസ്തിസ്രോമാത്രാ യഥാബലം പ്രയോജ്യാഃ" എന്നാൽ ഇതിൽ ആദ്യത്തേതുള്ളിക്കു മാത്ര എന്നു പേരുകല്പിച്ചിരിക്കകൊണ്ടു അതാണു് ആചാര്യന്മാർ അധികം അഭിമതമായ ബിന്ദു എന്നു നിശ്ചയിക്കാം. ആകയാൽ 'യാവൽപതത്യസൌ ബിന്ദുഃ' എന്നതിനു് പ്രഥമം ബിന്ദുരൂപേണ യാവന്മാനം പതതി അസൌ ബിന്ദുഃ—

ആദ്യം തുള്ളിയായിട്ടു ഏതുമാത്രം വീഴുന്നുവോ അതു് ബിന്ദുവാകുന്നു എന്നു അർത്ഥം പറയുന്നതു യുക്തമാകുന്നു. ആദ്യത്തെ തുള്ളിയെ ഔഷധകാര്യത്തിൽ ബിന്ദുവായി കല്പിക്കണമെന്നു സാരം.

തോയമദ്യഗരസ്നേഹപീതാനാം പാതുമിച്ഛതാം. 11

ഭുക്തഭക്തശിരഃസ്നാതസ്നാതുകാമസ്രുതാസൃജാം.
നവപീനസവേഗാർത്തസൂതികാശ്വാസകാസിനാം. 12

ശുദ്ധാനാം ദത്തവസ്തീനാം തഥാനാർത്തവദുർദ്ദിനേ
അന്യത്രാത്യയികാദ്വ്യാധേർന്നാവനം ന പ്രയോജയേൽ. 13

തോയമദ്യഗരസ്നേഹപീതാനാം = വെള്ളം, മദ്യം, കൂട്ടുവിഷം, സ്നേഹം ഇവ കുടിച്ചിരിക്കുന്നവർക്കും.
പാതും ഇച്ഛതാം = മേൽപറഞ്ഞവ കുടിക്കാൻ വിചാരിക്കുന്നവർക്കും
ഭുക്തഭക്തശിരഃസ്നാതസ്നാതുകാമസ്രുതാസൃജാം = ഊണു കഴിച്ചവർ, തലകുളിച്ചവർ, തലകുളിക്കാൻ വിചാരിക്കുന്നവർ, രക്തമോക്ഷം ചെയ്തവർ ഇവർക്കും
നവപീനസവേഗാർത്തസൂതികാശ്വാസകാസിനാം = നവ പീനസമുള്ളവർ, വേഗംമുട്ടിയിരിക്കുന്നവർ, പ്രസവിച്ചിരിക്കുന്ന സ്ത്രീ, ശ്വാസവും കാസവുമുള്ളവർ ഇവർക്കും
ശുദ്ധാനാം = വമനവിരേചനങ്ങൾ ചെയ്തിരിക്കുന്നവർക്കും
ദത്തവസ്തീനാം = വസ്തി ചെയ്തിരിക്കുന്നവർക്കും
തഥാ = അപ്രകാരം
അനാർത്തവദുർദ്ദിനേ = പെട്ടെന്നുണ്ടായ മഴക്കാറോടുകൂടിയ ദിവസത്തിലും
ആത്യയികാൽ വ്യാധേഃ അന്യത്ര = രോഗം ആപല്ക്കരമാണെന്നു കാണുമ്പോഴല്ലാതെ
നാവനം ന പ്രയോജയേൽ = നസ്യം പ്രയോഗിക്കരുതു്.

പ്രാതഃ ശ്ലേഷ്മണി മധ്യാഹ്നേ പിത്തേ സായം നിശോശ്ചലേ
യോജ്യം സ്വസ്ഥേ തു പൂർവ്വാഹ്ണേ ശരൽകാലവസന്തയോഃ 14
ശീതേ മധ്യന്ദിനേ ഗ്രീഷ്മേ സായം വർഷാസു സാതപേ

ശ്ലേഷ്മണി പ്രാതഃ = കഫവികാരത്തിൽ രാവിലെയും
പിത്തേ മധ്യാഹ്നേ = പിത്തവികാരത്തിൽ മധ്യാഹ്നസമയത്തും
ചലേ സായം നിശോഃ = വാതവികാരത്തിൽ വൈകുന്നേരത്തും രാത്രിയിലും
(നാവനം) യോജ്യം = നസ്യം പ്രയോഗിക്കേണ്ടതാണ്
സ്വസ്ഥേ തു = സ്വസ്ഥനിലാകട്ടേ
ശരൽകാലവസന്തയോഃ പൂർവ്വാഹ്ണേ = ശരത്തു്, വസന്തം ഈ രണ്ടു ഋതുക്കളിൽ രാവിലെയും
ശീതേ മധ്യന്ദിനേ ഗ്രീഷ്മേ സായം = ശീതകാലമായ ഹേമന്തശിശിരങ്ങളിൽ മദ്ധ്യാഹ്നസമയത്തും, ഗ്രീഷ്മർത്തുവിൽ വൈകുന്നേരത്തും
വർഷാസു സാതപേ = വർഷർത്തുവിൽ വെയിലുള്ള സമയത്തും നസ്യം ചെയ്യാവുന്നതാണ്.

വാതാഭിഭൂതേ ശിരസി ഹിധ്മായാമപതാനകേ 15

മന്യാസ്തംഭേ സ്വരഭ്രംശേ സായം പ്രാതർദ്ദിനേദിനേ
ഏകാഹാന്തരമന്യത്ര സപ്താഹം ച തദാചരേൽ. 16

ശിരസി വാതാഭിഭൂതേ = ശിരസ്സിൽ വാതം കോപിച്ചിരിക്കുമ്പോഴും
ഹിധ്മായാം = എക്കിളിലും

അപതാനകേ = അപതാനകമെന്ന വാതവ്യാധിയിലും
മന്യാസ്തംഭേ സ്വരഭ്രംശേ = മന്യാസ്തംഭത്തിലും സ്വരഭ്രംശത്തിലും
ദിനേ ദിനേ = ദിവസംതോറും
സായം പ്രാതഃ = വൈകുന്നേരത്തും രാവിലെയും നസ്യംചെയ്യാം
അന്യത്ര = മറ്റു രോഗങ്ങളിൽ
ഏകാഹാന്തരം = ഒന്നിരാടൻ ദിവസമായി നസ്യംചെയ്യേണ്ടതു്
സപ്താഹം = ഏഴുദിവസംവരെ
തൽ ആചരേൽ ച = നസ്യം പ്രയോഗിക്കേണ്ടതുമാണ്.

സ്നിഗ്ദ്ധസ്വിന്നോത്തമാംഗസ്യ പ്രാക്കൃതാവശ്യകസ്യ ച
നിവാതശയനസ്ഥസ്യ ജത്രൂർദ്ധ്വം സ്വേദയേൽ പുനഃ 17

സ്നിഗ്ദ്ധസ്വിന്നോത്തമാംഗസ്യ = ശിരസ്സിനെ സ്നിഗ്ദ്ധമാക്കി വിയർപ്പിച്ച്
പ്രാക് കൃതാവശ്യകസ്യ ച = മലമൂത്രവിസർജ്ജനം, ദന്തധാവനം മുതലായ അവശ്യകാര്യങ്ങളെ മുൻകൂട്ടി നിർവ്വഹിക്കയുംചെയ്തിട്ട്
നിവാതശയനസ്ഥസ്യ ജത്രൂർദ്ധ്വം = നസ്യത്തിനായി കാറ്റില്ലാത്ത ഒരു മുറിയിൽ ഇരിക്കുന്നവന്റെ ജത്രുവിന്നുമേലുള്ള ഭാഗത്തെ
പുനഃ സ്വേദയേൽ = പിന്നെയും വിയർപ്പിക്കണം.

അഥോത്താനർജ്ജുദേഹസ്യ പാണിപാദേ പ്രസാരിതേ
കിഞ്ചിദുന്നതപാദസ്യ കിഞ്ചിന്മൂർദ്ധനി നാമിതേ. 18

നാസാപുടം പിധായൈകം പര്യായേണ നിഷേചയേൽ
ഉഷ്ണാംബുതപ്തം ഭൈഷജ്യം പ്രണാള്യാ പിചുനാഥവാ. 19

അഥ = അനന്തരം
ഉത്താനർജ്ജുദേഹസ്യ = മലർന്നു ശരീരം നേരെയാക്കിവച്ചുകൊണ്ട്
പാണിപാദേ പ്രസാരിതേ = കൈകാലുകളെ നല്ലവണ്ണം നീട്ടിയും
കിഞ്ചിൽ ഉന്നതപാദസ്യ = പാദം അല്പം ഉയർത്തിക്കൊണ്ട്
മൂർദ്ധനി കിഞ്ചിൽ നാമിതേ = ശിരസ്സ് അല്പം താഴ്ത്തിയുംവച്ചു കിടക്കവേ
ഉഷ്ണാംബുതപ്തം ഭൈഷജ്യം = ചൂടുവെള്ളത്തിൽവച്ച് ചൂടുപിടിപ്പിച്ച ഔഷധത്തെ
പ്രണാള്യാ = കുഴലിൽ കൂടെയോ
അഥവാ പിചുനാ = അല്ലെങ്കിൽ തുണിയിൽ മുക്കിയെടുത്തിട്ടോ
ഏകം നാസാപുടം പിധായ = ഒരു നാസാദ്വാരത്തെ അടച്ചുകൊണ്ട് (മറ്റതിൽ ഇങ്ങനെ)
പര്യായേണ നിഷേചയേൽ = മാറിമാറി ഒഴിക്കണം.

വലത്തെ നാസാദ്വാരത്തെ അടച്ചുകൊണ്ട് ഇടത്തെ നാസാദ്വാരത്തിൽ ഒഴിക്കുക. പിന്നെ ഇടത്തെ നാസാദ്വാരത്തെ അടച്ചുകൊണ്ട് വലത്തേതിൽ ഒഴിക്കുക. പര്യായേണ നിഷേചയേൽ എന്നു പറഞ്ഞിരിക്കുന്നതു് ഈവിധത്തിലാകുന്നു.

ദത്തേ പാദതലസ്കന്ധഹസ്തകർണ്ണാദി മർദ്ദയേൽ
ശനൈരുത്സിംഘ്യ നിഷ്ഠീവേൽ പാർശ്വയോരുഭയോസ്തതഃ 20
ആഭേഷജക്ഷയാദേവം ദ്വിസ്ത്രീർവ്വാ നസ്യമാചരേൽ

ദത്തേ, = ഔഷധം മൂക്കിലൊഴിച്ചുകഴിഞ്ഞാൽ
പാദതലസ്കന്ധഹസ്തകർണ്ണാദി = ഉള്ളങ്കാൽ, ചുമൽ, കൈ, കാതു് മുതലായസ്ഥാനങ്ങളെ
മർദ്ദയേൽ = തിരുമ്മണം
തതഃ = അതിന്നുശേഷം (ആതുരൻ)
ശനൈഃ ഉത്സിംഘ്യ = പയ്യെ ഉത്സിംഘനംചെയ്തിട്ട് (കാക്കിക്കുക, കാക്കരിക്കുക എന്നൊക്കെയാണ് ഉത്സിംഘനത്തിന്റെ ഭാഷ)

ഉഭയോഃ പാർശ്വയോഃ = രണ്ടുവശങ്ങളിലുമായിട്ടു (മാറിമാറി ചരിഞ്ഞു)
ആ ഭേഷജക്ഷയാൽ = മൂക്കിലൊഴിച്ചമരുന്നു മുഴുവൻ വെളിയിൽപോകുന്ന
നിഷ്ഠീവേൽ = തുപ്പിക്കളയണം (തുവരെ
ഏവം = ഇപ്രകാരം
ദ്വിഃ ത്രിഃ വാ = രണ്ടോ മൂന്നോ പ്രാവശ്യം (ആ കിടപ്പിൽതന്നെ)
നസ്യം ആചരേൽ = നസ്യം പ്രയോഗിക്കേണ്ടതാണ്.

നസ്യം ചെയ്തുകഴിഞ്ഞാൽ ഇപ്പോഴത്തെ നടപ്പുപോലെ ഉടനേ എഴുന്നേല്ക്കാൻ വിധിയില്ല. നസ്യംകൊണ്ടിളകിയ കണ്ഠശിരോഗതമായ കഫത്തെ കാക്കിച്ചു രണ്ടുവശത്തും മാറിമാറി ചരിഞ്ഞു തുപ്പിക്കൊണ്ടു് ആ കിടപ്പിൽതന്നെ കിടക്കണം. ഈവിധത്തിൽ നസ്യൗഷധവും അതുകൊണ്ടിളകിയ കഫവും മുഴുവൻ പോയിക്കഴിഞ്ഞാൽ പിന്നെയും അപ്പോൾതന്നെ നസ്യം ചെയ്യണം. ഇങ്ങനെ രണ്ടോ മൂന്നോ പ്രാവശ്യം ആ കിടപ്പിൽ നസ്യം പ്രയോഗിക്കേണ്ടതാണ്. 'ദ്വിതീയോപി ചതുർത്ഥോപി യാവദ്വാ സുനിരൂഢതാ' എന്നുള്ള ആസ്ഥാപനവിധിയെ ഈ സന്ദർഭത്തിൽ ഓർമ്മിക്കുന്നതുകൊള്ളാം.

മൂർച്ഛായാം ശീതതോയേന സിഞ്ചേൽ പരിഹരൻ ശിരഃ. 21
സ്നേഹം വിരേകനസ്യാന്തേ ദദ്യാദ്ദോഷാദ്യപേക്ഷയാ

മൂർച്ഛായാം (സത്യാം) = ഇടയ്ക്കു മൂർച്ഛയുണ്ടായിക്കണ്ടാൽ
ശീതതോയേന = തണുത്തവെള്ളംകൊണ്ടു്
ശിരഃ പരിഹരൻ = ശിരസ്സിനെ ഒഴിച്ചു ദേഹത്തിൽ
സിഞ്ചേൽ = ധാരചെയ്യണം
വിരേകനസ്യാന്തേ = വിരേചനനസ്യമാണു പ്രയോഗിച്ചതെങ്കിൽ അതിന്റെ അവസാനത്തു
ദോഷാദ്യപേക്ഷയാ = അതുനിമിത്തം പ്രചലിതമാകാനിടയുള്ള വാതാദിദോഷങ്ങളെ അനുസരിച്ചു ആവശ്യമാണെന്നുകണ്ടാൽ
സ്നേഹം ദദ്യാൽ = സ്നേഹനസ്യം പ്രയോഗിക്കേണ്ടതാണ്.

ഒരേകിടപ്പിൽ രണ്ടുമൂന്നുപ്രാവശ്യം നസ്യം ചെയ്യുന്നതുകൊണ്ടു മൂർച്ഛവന്നേക്കാനിടയുണ്ട്. അതുണ്ടായിക്കണ്ടാൽ പരിഭ്രമിക്കാനൊന്നുമില്ല. ശിരസ്സൊഴിച്ചു ശരീരത്തിലെങ്ങും തണുത്തവെള്ളം പിഴിഞ്ഞൊഴിച്ചാൽ മതി. വിരേചനനസ്യമാണു ചെയ്തതെങ്കിൽ അതുനിമിത്തം ശിരസ്സിൽ രൈക്ഷ്യം വർദ്ധിച്ചു കാർശ്യം ഉണ്ടാകാനും വാതം വികൃതമാകാനും ഇടയുണ്ട്. അങ്ങനെ സംഭവിച്ചാൽ അതിന്റെ ഉപശമനത്തിനായി ഒടുവിൽ ഒരു സ്നേഹനസ്യംകൂടെ ചെയ്യുന്നതു നല്ലതാകുന്നു.

നസ്യാന്തേ വാക്ശതം തിഷ്ഠേദുത്താനോ ധാരയേത്തതഃ 22
ധൂമം പീത്വാ കവോഷ്ണാംബു കബളം കണ്ഠശുദ്ധയേ

നസ്യാന്തേ = നസ്യകർമ്മം അവസാനിച്ചാൽ
വാക്ശതം ഉത്താനഃ തിഷ്ഠേൽ = നൂറു മാത്രനേരം മലർന്നു കിടക്കണം
തതഃ = അനന്തരം (എഴുന്നേററു)
കണ്ഠശുദ്ധയേ ധൂമം പീത്വാ = കണ്ഠസ്രോതസ്സ് ശുദ്ധിവരാനായി ധൂമപാനംചെയ്തിട്ടു
കവോഷ്ണാംബു കബളം ധാരയേൽ = ചെറുചൂടുള്ള വെള്ളം കവിൾകൊണ്ടു നിറുത്തണം.

സമ്യക്സ്നിഗ്ദ്ധേ സുഖോച്ഛ്വാസസ്വപ്നബോധാക്ഷപാടവം 23
രൂക്ഷേക്ഷസ്തബ്ധതാ ശോഷോ നാസാസ്യേ മൂർദ്ധശൂന്യതാ
സ്നിഗ്ദ്ധേതികണ്ഡൂഗുരുതാപ്രസേകാരുചിപീനസാഃ 24

സമ്യക്സ്നിഗ്ദ്ധേ = സ്നേഹനസ്യംകൊണ്ടു് സ്നിഗ്ദ്ധത വേണ്ടവണ്ണമുണ്ടായാൽ

സുഖോച്ഛ്വാസസ്വപ്നബോധാക്ഷപാടവം = സുഖകരമായ ഉച്ഛ്വാസം, സുഖകരമായ ഉറക്കം, സുഖകരമായ ഉണൎച്ച, ഇന്ദ്രിയങ്ങൾക്കു വിഷയഗ്രഹണസാമൎത്ഥ്യം ഇവയെല്ലാം ഉണ്ടാകും.
രൂക്ഷേ = സ്നിഗ്ദ്ധത ഉണ്ടായില്ലെങ്കിൽ
അക്ഷസ്തബ്ധതാ = ഇന്ദ്രിയങ്ങൾക്കു വിഷയഗ്രഹണത്തിൽ അശക്തി
നാസാസ്യശോഷഃ = മൂക്കുകൾക്ക്, വായവരൾച്ച
മൂൎദ്ധശൂന്യതാ = തലയ്ക്കു ശൂന്യത ഇവയുണ്ടാകും.
അതിസ്നിഗ്ദ്ധേ = സ്നിഗ്ദ്ധത അധികമായാൽ
കണ്ഡൂഗുരുതാപ്രസേകാരുചിപീനസാഃ = ചൊറിച്ചിൽ, തലയ്ക്കു ഗുരുത്വം, കഫപ്രസേകം, അരുചി, പീനസം ഇവയുണ്ടാകും. ഇതെല്ലാം സ്നേഹനസ്യത്തിന്റെ സമ്യഗ്ഘീനാതിയോഗലക്ഷണങ്ങളാകുന്നു.

സുവിരിക്തേക്ഷലഘുതാ വക്ത്രസ്വരവിശുദ്ധയഃ
ദുൎവിരിക്തേ ഗദോദ്രേകഃ ക്ഷാമതാതിവിരേചിതേ. 25

സുവിരിക്തേ = വിരേചനനസ്യത്തിന്റെ സമ്യഗ്യോഗത്തിൽ
അക്ഷലഘുതാ = ഇന്ദ്രിയങ്ങൾക്കു ലഘുത്വമുണ്ടാകും
വക്ത്രസ്വരവിശുദ്ധയഃ = വായും സ്വരവും ശുദ്ധമാകയും ചെയ്യും.
ദുൎവിരിക്തേ = വിരേചനനസ്യത്തിന്റെ അയോഗത്തിൽ
ഗദോദ്രേകഃ = ഉണ്ടായിരുന്ന രോഗം അധികമാകും.
അതിവിരേചിതേ = വിരേചനനസ്യത്തിന്റെ അതിയോഗത്തിൽ
ക്ഷാമതാ = ഇന്ദ്രിയങ്ങളോടുകൂടെ ശിരസ്സിന്നും മറ്റും ക്ഷീണം ബാധിക്കും.

വിരേചനനസ്യത്തിന്റെ സമ്യഗ്ഘീനാതിയോഗങ്ങളാണിവ. 'വക്ത്രസ്വരവിശുദ്ധയഃ' എന്നതിലെ വക്ത്രശബ്ദത്തിന്നു സ്രോതോമുഖങ്ങൾ എന്നുകൂടി അൎത്ഥം കല്പിച്ചു സൎവ്വേന്ദ്രിയസ്രോതോമുഖങ്ങൾക്കും ശുദ്ധിയും, അതിന്റെ ഫലമായിട്ടു ചിത്തേന്ദ്രിയപ്രസാദവുംകൂടെ ഉണ്ടാകുമെന്നു ഗ്രഹിക്കേണ്ടതാണ്.

പ്രതിമൎശഃ ക്ഷതക്ഷീണബാലവൃദ്ധസുഖാത്മസു
പ്രയോജ്യോകാലവൎഷേപി ന ത്വിഷ്ടോ ദുഷ്ടപീനസേ 26
മദ്യപീതേ ബലശ്രോത്രേ കൃമിദൂഷിതമൂൎദ്ധനി
ഉൽകൃഷ്ടോൽക്ലിഷ്ടദോഷേ ച ഹീനമാത്രതയാ ഹി സഃ. 27

പ്രതിമൎശഃ = പ്രതിമൎശനസ്യം
ക്ഷതക്ഷീണബാലവൃദ്ധസുഖാത്മസു = ഉരഃക്ഷതംകൊണ്ടു ക്ഷീണിച്ചവർ, ബാലന്മാർ, വൃദ്ധന്മാർ, സുഖികൾ ഇവരിലും
അകാലവൎഷേ അപി = അകാലത്തുണ്ടായ വൎഷത്തിലും
പ്രയോജ്യഃ = പ്രയോഗിക്കാവുന്നതാണ്.
ദുഷ്ടപീനസേ = ദുഷ്ടപീനസരോഗത്തിലും
മദ്യപീതേ = മദ്യം കുടിച്ചിരിക്കുന്നവനിലും
അബലശ്രോത്രേ = ശ്രോത്രേന്ദ്രിയത്തിന്നു ബലമില്ലാത്തവനിലും
കൃമിദൂഷിതമൂൎദ്ധനി = ശിരസ്സിൽ കൃമിദൂഷണമുള്ളവനിലും
ഉൽകൃഷ്ടോൽക്ലിഷ്ടദോഷേ ച = വളരെവൎദ്ധിച്ചും ഇളകിയുമിരിക്കുന്ന ദോഷത്തിലും
സഃ = അതു (പ്രതിമൎശനസ്യം)
ഹീനമാത്രതയാ = മാത്രകുറഞ്ഞതാകകൊണ്ടു
ന തു ഇഷ്ടഃ = വിഹിതമായിട്ടുള്ളതല്ലതന്നെ.

നിശാഹൎഭുക്തവാന്താഹസ്സ്വപ്നാധ്വശ്രമരേതസാം
ശിരോഭ്യഞ്ജനഗണ്ഡൂഷപ്രസ്രാവാഞ്ജനവച്ചസാം 28
ദന്തകാഷ്ഠസ്യ ഹാസസ്യ യോജ്യോന്തേസൗ ദ്വിബിന്ദുകഃ

നിശാഹർഭുക്തവാന്താഹ-സ്വപ്നാധ്വശ്രമരേതസാം = രാത്രി, പകൽ, ഭക്ഷണം, വമനം പകലുറക്കം, വഴിനടപ്പ്, വ്യായാമം, ശുക്ലം (സംഭോഗം) ഇവയുടേയും

ശിരോഭ്യഞ്ജനഗണ്ഡൂഷ-പ്രസ്രാവാഞ്ജനവർച്ചസാം = തലയിൽ എണ്ണതേപ്പ്, ഗണ്ഡൂഷധാരണം, മൂത്രവിസർജ്ജനം, കണ്ണിൽ അഞ്ജനപ്രയോഗം, മലവിസർജ്ജനം ഇവയുടേയും

ദന്തകാഷ്ഠസ്യ = പല്ലുതേപ്പിന്റെയും

ഹാസസ്യ അന്തേ = ചിരിയുടേയും അവസാനത്ത്

ദ്വിബിന്ദുകഃ അസൗ = രണ്ടു ബിന്ദു അളവുള്ള പ്രതിമർശനസ്യം

യോജ്യഃ = പ്രയോഗിക്കേണ്ടതാണ്.

പ്രതിമർശനസ്യത്തിന്റെ മാത്ര രണ്ടു ബിന്ദു മാത്രമാകുന്നു. അതു മേൽപ്പറഞ്ഞ നിശാന്താദികളായ പതിനഞ്ചു കാലങ്ങളിൽ ഉപയോഗിക്കുന്നതു നല്ലതാണ്.

പഞ്ചസു സ്രോതസാം ശുദ്ധിഃ ക്ലമനാശസ്ത്രിഷു ക്രമാൽ 20

ദൃഗ്ബലം പഞ്ചസു തതോ ദന്തദാർഢ്യം മരുച്ഛമഃ

പഞ്ചസു = ആദ്യത്തെ അഞ്ചു കാലങ്ങളിൽ പ്രയോഗിക്കുന്നതുകൊണ്ട്

സ്രോതസാം ശുദ്ധിഃ = സ്രോതസ്സുകൾക്കു ശുദ്ധിയുണ്ടാകും.

ക്രമാത് ത്രിഷു ക്ലമനാശഃ = ശേഷമുള്ള മൂന്നു കാലങ്ങളിൽ പ്രയോഗിക്കുന്നതിനാൽ ക്ഷീണം തീരും.

പഞ്ചസു ദൃഗ്ബലം = പിന്നെയുള്ള അഞ്ചു കാലങ്ങളിൽ പ്രയോഗിക്കുന്നതിനാൽ നേത്രേന്ദ്രിയത്തിനു ബലമുണ്ടാകും

തതഃ = അതിനുശേഷമുള്ള രണ്ടു കാലങ്ങളിൽ

(ക്രമാൽ) ദന്തദാർഢ്യം = പല്ലുകൾക്ക് ഉറപ്പും

മരുച്ഛമഃ = വാതത്തിനു ശമനവുമുണ്ടാകും.

രാവിലെയും വൈകുന്നേരത്തും ഊണുകഴിച്ചശേഷവും, ഛർദ്ദിച്ചതിനുശേഷവും, പകലുറങ്ങിയതിനുശേഷവും പ്രതിമർശനസ്യം ഉപയോഗിക്കുന്നതുകൊണ്ട് അടഞ്ഞിരിക്കാനിടയുള്ള സ്രോതസ്സുകൾ തുറക്കും. വഴിനടപ്പ്, വ്യായാമം, മൈഥുനം ഇവയുടെ ശേഷം നസ്യം ചെയ്താൽ അതുകൊണ്ടുണ്ടായിട്ടുള്ള ക്ഷീണം തീരും. തലയിൽ എണ്ണ തേയ്ക്കുക, കവിൾകൊള്ളുക, കണ്ണിൽ അഞ്ജനമെഴുതുക, മലമൂത്രവിസർജ്ജനം ഇവയുടെ ശേഷം പ്രയോഗിക്കുന്ന പ്രതിമർശം ദൃഗ്ബലമുണ്ടാക്കും. പല്ലുതേച്ചതിനുശേഷമായാൽ പല്ലുകൾക്ക് ഉറപ്പുണ്ടാകും. ചിരിച്ചതിനു ശേഷമായാൽ അതുകൊണ്ടുണ്ടായ വാതവികാരം ശമിക്കും.

ന നസ്യമൂനസപ്താബ്ദേ നാതീതാശീതിവത്സരേ. 30

ന ചോനാഷ്ടാദശേ ധൂമഃ കബളോ നോനപഞ്ചമേ

ന ശുദ്ധിരൂനദശമേ ന ചാതിക്രാന്തസപ്തതൗ 31

ഊനസപ്താബ്ദേ = ഏഴു വയസ്സിനു താഴെ പ്രായമുള്ളവനിൽ

നസ്യം ന = നസ്യം പ്രയോഗിക്കരുത്.

അതീതാശീതിവത്സരേ ന = എൺപതുവയസ്സു കഴിഞ്ഞവർക്കും നസ്യം പ്രയോഗിക്കരുത്.

ഊനാഷ്ടാദശേ = പതിനെട്ടു വയസ്സു തികയാത്തവനിൽ

ധൂമഃ ന ച = ധൂമവും പ്രയോഗിക്കരുത്.

ഊനപഞ്ചമേ = അഞ്ചുവയസ്സു തികയാത്തവനിൽ

കബളഃ ന = കബളം പ്രയോഗിച്ചുകൂടാ.

ഊനദശമേ = പത്തുവയസ്സു തികയാത്തവനിൽ

ശുദ്ധിഃ ന = ശോധനകർമ്മം (വിരേചനം) ചെയ്തുകൂടാ.

അതിക്രാന്തസപ്തതൗ ച = എഴുപതു വയസ്സു കഴിഞ്ഞവനിലും ശോധനകർമ്മം പ്രയോഗിക്കാവുന്നതല്ല.

ആജന്മമരണം ശസ്തഃ പ്രതിമർശസ്തു വസ്തിവൽ
മർശവച്ച ഗുണാൻ കുര്യാൽ സ ഹി നിത്യോപസേവനാൽ. 32
ന ചാത്ര യന്ത്രണാ നാപി വ്യാപത്ഭ്യോ മർശവദ് ഭയം

പ്രതിമർശഃ തു = പ്രതിമർശനസ്യമാകട്ടെ
വസ്തിവൽ = മാത്രാവസ്തി എന്നപോലെ
ആജന്മമരണം = ജനനസമയംമുതൽ മരണസമയംവരെ
ശസ്തഃ = വിഹിതമാകുന്നു; പ്രയോഗിക്കാവുന്നതാണ്; പ്രായഭേദം നോക്കേണ്ടതില്ലെന്നർത്ഥം.
നിത്യോപസേവനാൽ = പതിവായി ശീലിക്കുന്നതായാൽ
സഃ ച = അതും (പ്രതിമർശനസ്യവും)
മർശവൽ = മർശനസ്യത്തെപ്പോലെയുള്ള
ഗുണാൻ കുര്യാൽ ഹി = ഗുണങ്ങളെ ഉണ്ടാക്കുകതന്നെ ചെയ്യും.
അത്ര = പ്രതിമർശനസ്യം പ്രയോഗിക്കുന്നതിൽ
യന്ത്രണാ ന ച = പഥ്യനിഷ്ഠകളൊന്നുമേ ഇല്ല.
മർശവൽ = മർശനസ്യത്തെപ്പോലെ
വ്യാപത്ഭ്യഃ ഭയം അപി ന = വ്യാപത്തുണ്ടാകുമെന്നുവച്ചു ഭയപ്പെടുകയും വേണ്ട.

തൈലമേവ ച നസ്യാർത്ഥേ നിത്യാഭ്യാസേന ശസ്യതേ. 33
ശിരസഃ ശ്ലേഷ്മധാമത്വാൽ സ്നേഹാസ്സ്വസ്ഥസ്യ നേതരേ.

നസ്യാർത്ഥേ = നസ്യകാര്യത്തിൽ
നിത്യാഭ്യാസേന = പതിവായി ശീലിക്കുന്നതിലേക്ക്
ശിരസഃ ശ്ലേഷ്മധാമത്വാൽ = ശിരസ്സ് കഫത്തിന്റെ സ്ഥാനമാകയാൽ
തൈലം ഏവ = എണ്ണതന്നെ
സ്വസ്ഥസ്യ ശസ്യതേ ച = സ്വസ്ഥനായവന്നു ശ്രേഷ്ഠമാകുന്നു. തത്തുല്യഗുണമായ അന്യസ്നേഹമുണ്ടെങ്കിൽ ഉപയോഗിക്കാൻ വിരോധമില്ലെന്നു ചശബ്ദം സൂചിപ്പിക്കുന്നു.
ഇതരേ സ്നേഹാഃ ന (ശസ്യന്തേ)=മറ്റുള്ള സ്നേഹങ്ങൾ അത്ര നല്ലതല്ല.

ആശ്രുകൃച്ഛിരകാരിത്വം ഗുണോൽകർഷാപകൃഷ്ടതാ. 34
മർശേ ച പ്രതിമർശേ ച വിശേഷോ ന ഭവേദ്യദി
കോ മർശം സപരിഹാരം സാപദം ച ഭജേത്തതഃ. 35
അച്ഛപാനവിചാരാഖ്യൗ കുടീവാതാതപസ്ഥിതീ
അന്വാസമാത്രാവസ്തീ ച തദ്വദേവ ച നിർദ്ദിശേൽ. 36

ആശ്രുകൃച്ഛിരകാരിത്വം = ആശുകാരിതയും, ചിരകാരിതയും
ഗുണോൽകർഷാപകൃഷ്ടതാ = ഗുണക്കൂടുതലും ഗുണക്കുറവും
മർശേ ച പ്രതിമർശേ ച = മർശനസ്യത്തിലും, പ്രതിമർശനസ്യത്തിലും
വിശേഷഃ ന ഭവേൽ യദി = വിശേഷമായിട്ടില്ല എങ്കിൽ
സപരിഹാരം = പഥ്യനിബന്ധനകളോടുകൂടിയതും
സാപദം ച മർശം = വ്യാപത്തുണ്ടാക്കുന്നതുമായ മർശനസ്യത്തെ
കഃ ഭജേൽ = ആരു സ്വീകരിക്കും?
തതഃ = അതു ഹേതുവായിട്ട്
അച്ഛപാനവിചാരാഖ്യൗ = അച്ഛപാനമായിട്ടും വിചാരണയായിട്ടുമുള്ള സ്നേഹോപയോഗവും
കുടീവാതാതപസ്ഥിതീ = കുടീപ്രാവേശികമായും, വാതാതപികമായുമുള്ള രസായനപ്രയോഗവും

അനുവാസമാത്രാവസ്തി ച = അനുവാസനമായും മാത്രാവസ്തിയായുമുള്ള സ്നേഹവസ്തിപ്രയോഗവും
തദ്വൽ ഏവ നിർദ്ദിശേൽ ച = മർശനസ്യത്തെപ്പോലെയും പ്രതിമർശനസ്യത്തെപ്പോലെയുംതന്നെ വിഭജിച്ചു കണ്ടുകൊൾകയും വേണം.

മർശനസ്യം പ്രയോഗിക്കുന്നതിന് അനേകം നിബന്ധനകളെ അനുസരിക്കേണ്ടതുണ്ട്. എന്നാലും വലിയ വ്യാപത്തുണ്ടാകുന്നതുമാണത്. ഈ സ്ഥിതിയിൽ മർശനസ്യം പ്രയോഗിക്കാനിഷ്ടപ്പെടുന്നതെന്തുകൊണ്ടാണ്? അതു് അധികം ഗുണങ്ങളുള്ളതാണ്. ഉടൻ ഫലത്തെ ഉണ്ടാക്കുകയും ചെയ്യും. പ്രതിമർശനസ്യത്തിനു കുറഞ്ഞ ഗുണങ്ങളേ ഉള്ളൂ. അതു ഫലപ്രദമാകുന്നതിന് ഏറെനാൾ വേണംതാനും. ആകയാൽ, ദോഷബഹുലമായ കൃച്ഛ്ര രോഗങ്ങളിൽ മർശനസ്യംതന്നെ വിധിപ്രകാരം പ്രയോഗിക്കണം. ചെറിയ വികാരങ്ങളിലും സ്വാസ്ഥ്യരക്ഷണത്തിനുമായിട്ടാണ് പ്രതിമർശനസ്യം ശീലിക്കേണ്ടതു്. ഇതുപോലെ അച്ഛപാനം എന്ന സ്നേഹപ്രയോഗവും, കുടീപ്രാവേശികം എന്ന രസായനോപയോഗവും, അനുവാസനം എന്ന വസ്തികർമ്മവും ഗുണോൽകൃഷ്ടങ്ങളും ആശുകാരികളുമാകയാൽ വിധിപ്രകാരം രോഗശമനാർത്ഥം പ്രയോഗിക്കണമെന്നും, വിചാരണ എന്ന സ്നേഹോപയോഗം, വാതാതപികം എന്ന രസായനസേവനം മാത്രാവസ്തി എന്ന വസ്തിക്രിയ ഇവ ഗുണാപകൃഷ്ടങ്ങളും ചിരകാരികളുമാകയാൽ അധികവും സ്വാസ്ഥ്യരക്ഷണത്തിനായി ശീലിക്കേണ്ടതാണെന്നും ഗ്രഹിക്കേണ്ടതാകുന്നു.

ജീവന്തീജലദേവദാരുജലദ-
 ത്വക്സേവ്യഗോപീഹിമം
ദാർവീത്വങ്മധുകപ്ലവാഗുരുവരീ
 പുണ്ഡ്രാഹ്വബില്വോല്പലം
ധാവന്യൗ സുരഭിം സ്ഥിരേ കൃമിഹരം
 പത്രം ത്രുടീം രേണുകാം
കിഞ്ജൽകം കമലാൽ ബലാം ശതഗുണേ
 ദിവ്യേംഭസി ക്വാഥയേൽ. 37

തൈലാദ്രസം ദശഗുണം പരിശേഷ്യ തേന
തൈലം പചേത സലിലേന ദശൈവ വാരാൻ
പാകേ ക്ഷിപേച്ച ദശമേ സമമാജദുഗ്ദ്ധം
നസ്യം മഹാഗുണമുശന്ത്യണുതൈലമേതൽ. 38

ജീവന്തിജലദേവദാരുജലദ ത്വക്സേവ്യഗോപീഹിമം = അടപതിയൻ, ഇരുവേലി, ദേവതാരം, മുത്തങ്ങാ, ഇലവർങ്ഗം, രാമച്ചം, നന്നാറിക്കിഴങ്ങ്, ചന്ദനം
ദാർവീത്വങ്മധുകപ്ലവാഗുരുവരീപുണ്ഡ്രാഹ്വവില്വോല്പലം = മരമഞ്ഞൾത്തൊലി, അതിമധുരം, കഴിമുത്തങ്ങാ, അകിൽ, ശതാവരിക്കിഴങ്ങ്, പുണ്ഡരീകക്കുറിമ്പു് കൂവളത്തിൻവേരു്, ചെങ്ങഴനീർക്കിഴങ്ങ്
ധാവന്യൗ = ചെറുവഴുതിന വെൺവഴുതിന
സുരഭീം സ്ഥിരേ = ചിററീന്തൽ, ഓരില, മൂവില
കൃമിഹരം പത്രം ത്രുടീം = വിഴാലരിപ്പരിപ്പ്, പച്ചില, ചിററേലം
രേണുകാംകമലാൽകിഞ്ജല്കം = അരേണുകം, താമരയല്ലി
ബലാം = കുറുന്തോട്ടിവേരു് ഇതെല്ലാം
ശതഗുണേ ദിവ്യേ അംഭസി = നൂറിരട്ടി മഴവെള്ളത്തിൽ
ക്വാഥയേൽ = കഷായം വയ്ക്കണം
രസം തൈലാൽ ദശഗുണം = കഷായരസം എണ്ണയേക്കാൾ പത്തിരട്ടിയാക്കി
പരിശേഷ്യ = ശേഷിപ്പിച്ചരിച്ചു്

തേന സലിലേന = ആ കഷായവെള്ളം കൂട്ടി
ദശ വാരാൻ ഏവ = പത്തു പ്രാവശ്യമായിട്ടുതന്നെ
തൈലം പചേത = എണ്ണ കാച്ചണം.
ദശമേ പാകേ = പത്താമത്തെ പ്രാവശ്യം എണ്ണ കാച്ചുമ്പോൾ
സമം ആജദുഗ്ദ്ധം = എണ്ണയ്ക്കു സമം ആട്ടിൻ പാൽ
ക്ഷിപേൽ ച = ഒഴിച്ചുകൊള്ളുകയും വേണം,
ഏതൽ നസ്യം മഹാഗുണം = നസ്യത്തിനുള്ള ഈ സ്നേഹം വളരെ ഗുണങ്ങളുള്ള
അണുതൈലം ഉശന്തി = അണുതൈലമാണെന്നു പറഞ്ഞുപോരുന്നു.

സ്നേഹപാകത്തിന്റെ സാമാന്യനിയമം സ്നേഹത്തിന്റെ നാലിരട്ടി കഷായത്തിൽ അതു പചിക്കണമെന്നുള്ളതാകുന്നു. കഷായദ്രവ്യം പതിനാറിരട്ടി വെള്ളത്തിൽ കഷായിച്ച് ആ വെള്ളം നാലൊന്നാക്കിയെടുക്കണമെന്നതു കഷായകല്പനത്തിന്റെയും സാമാന്യനിയമമാണ്. രണ്ടുംകൂടിച്ചേർത്താൽ ഒരുപലം സ്നേഹം കാച്ചുന്നതിന് ഒരുപലം മരുന്ന് അതിന്റെ പതിനാറിരട്ടിയായ പതിനാറുപലം വെള്ളത്തിൽ കഷായിച്ചു നാലൊന്നായ നാലുപലമാക്കി അതിൽ അതിന്റെ നാലൊന്നായ ഒരുപലം സ്നേഹം ചേർത്തു കാച്ചണമെന്നുവരുന്നു. ഇതിൽനിന്നു സ്നേഹം കഷായത്തിന്റെ നാലൊന്നായിരിക്കുന്നതുപോലെ കഷായവും നാലൊന്നാക്കിയെടുത്തിട്ടുള്ളതാണെന്നും സ്നേഹത്തിനു തുല്യമായിരിക്കും കഷായദ്രവ്യമെന്നും ഗ്രഹിക്കാവുന്നതാണ്. ഈ നിയമമനുസരിച്ചു നോക്കുക. ഇവിടെ സ്നേഹത്തിന്റെ പത്തിരട്ടി വേണം കഷായമെന്നു പറയുന്നു. ഇതിൽനിന്നു ആ കഷായം പത്തിലൊന്നാക്കിയെടുത്തതായിരിക്കണമെന്നു കാണാം. ഇനി പ്രകൃതവിധിപ്രകാരം, പതിനാറുപലം തൈലം കാച്ചുന്നതിനുള്ള കണക്കു പറയാം. ജീവന്ത്യാദികളായ ഇരുപത്തേഴുകൂട്ടം മരുന്നുകളൊക്കെക്കൂടി പതിനാറുപലമാക്കിയെടുത്ത് അതിന്റെ നൂറിരട്ടിയായ ആയിരത്തിഅറുനൂറുപലം വെള്ളത്തിൽ കഷായിച്ച് പത്തിലൊന്നായ നൂറ്റിഅറുപതുപലമാക്കിയെടുക്കുക. ഇതിനെ പത്തായി ഭാഗിച്ചാൽ ഓരോന്നും പതിനാറുപലംവീതമുണ്ടായിരിക്കും. ഈ പതിനാറുപലം കഷായത്തിൽ പതിനാറുപലം എണ്ണ ചേർത്തു കാച്ചുക. അങ്ങിനെ പത്തുപ്രാവശ്യമായിട്ടു മുഴുവൻ കഷായവും ആ പതിനാറുപലം എണ്ണ കൂട്ടി കാച്ചുക (പത്താമത്തെ പ്രാവശ്യം എണ്ണയ്ക്കു സമം പതിനാറുപലം) ആട്ടിൻപാലും ചേർത്തുകൊള്ളുക. ഇങ്ങനെ കാച്ചിയെടുക്കുന്ന എണ്ണയ്ക്കു് അണുതൈലം എന്നു പേർ. ഇതു വളരെ ഗുണമുള്ളതുമാകുന്നു.

സാമാന്യനിയമപ്രകാരം സ്നേഹത്തിനു തുല്യമായിരിക്കും കഷായദ്രവ്യമെന്നുള്ളത് ഇവിടെ ശരിതന്നെ. കഷായദ്രവ്യത്തെ നൂറിരട്ടിവെള്ളത്തിൽ കഷായിക്കണമെന്നും, അതിനെ പത്തിലൊന്നാക്കിയെടുക്കണമെന്നും അതിൽ പത്താവർത്തിച്ചു തൈലം പചിക്കണമെന്നുമുള്ളതാണു വിശേഷം. ഈ വിശേഷവിധിപ്രകാരം വളരെയധികം വെള്ളം കൂട്ടിവച്ച കഷായത്തിൽ കൽക്കത്തിന്റെ നിലയിൽ നേരിട്ട് ഔഷധസംബന്ധമില്ലാതെ ആവർത്തിച്ചു കാച്ചിയെടുക്കുന്നതിനാൽ ഈ തൈലം സ്വയം കഫശമനമായിരിക്കുന്നതുപോലെ ചിന്താശോകാദികളാൽ വികൃതങ്ങളാകാനിടയുള്ള വാതപിത്തങ്ങളേയും ശമിപ്പിച്ചിട്ടു ത്രിദോഷഘ്നവും നിർവാപണവുമായിത്തീരുന്നു.

ഘനോന്നതപ്രസന്നത്വക്സ്കന്ധഗ്രീവാസ്യവക്ഷസഃ
ദൃഢേന്ദ്രിയാസ്ത്വപലിതാ ഭവേയുർന്നസ്യശീലിനഃ. 39

നസ്യശീലിനഃ = പതിവായി നസ്യം ഉപയോഗിക്കുന്നവർ
ഘനോന്നതപ്രസന്നത്വക് സ്കന്ധഗ്രീവാസ്യവക്ഷസഃ = കൊഴുത്തുയർന്ന കഴുത്ത്, ചുമൽ, മാറിടം ഇവയോടും പ്രസന്നങ്ങളായ മുഖത്വക്കുകളോടും
ദൃഢേന്ദ്രിയാഃ = ഉറപ്പുള്ള ഇന്ദ്രിയങ്ങളോടും കൂടി
അപലിതാഃ ഭവേയുഃ = നരയില്ലാത്തവരായും തീരുന്നു.

ഇരുപതാമദ്ധ്യായം കഴിഞ്ഞു.

# ഇരുപത്തൊന്നാം അദ്ധ്യായം.

## ധൂമപാനവിധി

ജത്രൂർദ്ധ്വകഫവാതോത്ഥവികാരാണാമജന്മനേ
ഉച്ഛേദായ ച ജാതാനാം പിബേദ്ധൂമം സദാത്മവാൻ 1

ജത്രൂർദ്ധ്വകഫവാതോത്ഥ വികാരാണാം = ജത്രുവിന്റെമേൽ (കണ്ഠത്തിലും ശിരസ്സിലും) കഫവാതങ്ങളാൽ ഉണ്ടാകുന്ന രോഗങ്ങളുടെ
അജന്മനേ = അനുല്പത്തിക്കായും (ഉണ്ടാകാതിരിക്കുന്നതിനും)
ജാതാനാം (തേഷാം) = ഉണ്ടായിരിക്കുന്ന അവയുടെ
ഉച്ഛേദായ ച = ശമനത്തിനായും
സദാ ആത്മവാൻ = എപ്പോഴും കരുതലുള്ളവനായിരുന്നുകൊണ്ട്
ധൂമം പിബേൽ = ധൂമപാനം ചെയ്യണം.

ശിരശ്ശോധനത്തിനും ശിരോരോഗശമനത്തിനുമായി നസ്യത്തോടുകൂടെ ധൂമവിധിയെ ആരംഭിക്കുന്നു. നസ്യം മൂന്നു ദോഷത്തിലും ഹിതമാകുന്നു. കഫവാതവികാരങ്ങളിലെ ധൂമപാനം ഹിതമാകയുള്ളു എന്നു ഇവയ്ക്കു തമ്മിൽ പ്രധാനമായ വ്യത്യാസം. ജത്രുവിന്റെമേൽ കഫവാതവികാരങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും, ഉണ്ടായിട്ടുള്ളവ ശമിക്കുന്നതിനുമായിട്ടാണ് ധൂമപാനം പ്രയോഗിക്കേണ്ടതു്. അതു വിധിപ്രകാരം കരുതലോടുകൂടി ചെയ്യേണ്ടതുമാകുന്നു

സ്നിഗ്ദ്ധോ മദ്ധ്യസ്സ തീക്ഷ്ണശ്ച വാതേ വാതകഫേ കഫേ
യോജ്യോ ന പിത്തരക്താർത്തിവിരിക്തോദരമേഹിഷു. 2
തിമിരോർദ്ധ്വാനിലാധ്മാനരോഹിണീദത്തവസ്തിഷു
മത്സ്യമദ്യദധിക്ഷീരക്ഷൗദ്രസ്നേഹവിഷാശിഷു 3
ശിരസ്യഭിഹതേ പാണ്ഡുരോഗേ ജാഗരിതേ നിശി

സ്നിഗ്ദ്ധഃ മദ്ധ്യഃ തീക്ഷ്ണഃ ച = സ്നിഗ്ദ്ധവും മദ്ധ്യവും, തീക്ഷ്ണവുമായ
സഃ = അതു് (ധൂമം) ക്രമേണ
വാതേ വാതകഫേ കഫേ = വാതത്തിലും വാതകഫത്തിലും കഫത്തിലും
യോജ്യഃ = പ്രയോഗിക്കേണ്ടതാണ്.
പിത്തരക്താർത്തിവിരിക്തോദരമേഹിഷു = പിത്തരക്തങ്ങൾ കോപിച്ചിരിക്കുന്നവരിലും, വിരേചനം ചെയ്തവരിലും, ഉദരം, മേഹം ഈ രോഗമുള്ളവരിലും
തിമിരോർദ്ധ്വാനിലാധ്മാനരോഹിണീദത്തവസ്തിഷു = തിമിരം, ഏമ്പക്കം, വയറുവീർപ്പ്, രോഹിണി ഈ രോഗമുള്ളവരിലും വസ്തി ചെയ്തിരിക്കുന്നവരിലും
മത്സ്യമദ്യദധിക്ഷീരക്ഷൗദ്രസ്നേഹവിഷാശിഷു = മത്സ്യം, മദ്യം, തൈര്, പാല്, തേൻ, സ്നേഹം, വിഷം ഇവ ഭക്ഷിച്ചിരിക്കുന്നവരിലും
ശിരസി അഭിഹതേ = ശിരസ്സ് അടിപെട്ടിരിക്കുന്നവരിലും
പാണ്ഡുരോഗേ = പാണ്ഡുരോഗത്തിലും
നിശി ജാഗരിതേ = രാത്രി ഉറക്കിളച്ചവരിലും
ന (യോജ്യം) = ധൂമം പ്രയോഗിക്കാവുന്നതല്ല.

സ്നിഗ്ദ്ധം, മദ്ധ്യം, തീക്ഷ്ണം എന്നു് ധൂമം മൂന്നുവിധത്തിലുണ്ടു്. ഇതിൽ സ്നിഗ്ദ്ധധൂമത്തെ സ്നേഹനധൂമമെന്നും, മൃദുധൂമമെന്നുംകൂടെ പറയും. അതുപോലെ മദ്ധ്യധൂമത്തിനു ശമനധൂമം, പ്രായോഗികധൂമം എന്നും, തീക്ഷ്ണധൂമത്തിനു ശോധനധൂമം വിരേചനധൂമം എന്നും നാമാന്തരങ്ങളുണ്ടു്.

രക്തപിത്താന്ധ്യബാധിര്യതൃണ്മൂർച്ഛാമദമോഹകൃൽ 4
ധൂമോകാലേതി പീതോ വാ തത്ര ശീതോ വിധിർഹിതഃ.

അകാലേ അതി വാ = അകാലത്തിലോ അധികമായിട്ടോ.
പീതഃ ധൂമഃ = പാനംചെയ്യുന്ന ധൂമം
രക്തപിത്താന്ധ്യബാധിര്യ തൃണ്മൂർച്ഛാമദമോഹകൃൽ = രക്തപിത്തകോപം, കണ്ണുകാണായ്ക, ചെവി കേൾക്കായ്ക, തൃഷ്ണ മൂർച്ഛ, മദം, മോഹം ഇവയെ ഉണ്ടാക്കും.
തത്ര = ആവക ഉപദ്രവങ്ങളിൽ
ശീതഃ വിധിഃ ഹിതഃ = ശീതോപചാരം ഹിതമാകുന്നു.

ക്ഷുതജൃംഭിതവിണ്മൂത്രസ്ത്രീസേവാശസ്ത്രകർമ്മണാം 5
ഹാസസ്യ ദന്തകാഷ്ഠസ്യ ധൂമമന്തേ പിബേന്മൃദും
കാലേഷ്വേഷു നിശാഹാരനാവനാന്തേ ച മദ്ധ്യമം
നിദ്രാനസ്യാഞ്ജനസ്നാനച്ഛർദ്ദിതാന്തേ വിരേചനം. 6

ക്ഷുതജൃംഭിതവിണ്മൂത്രസ്ത്രീ സേവാശസ്ത്രകർമ്മണാം = തുമ്മൽ, കോട്ടുവാ, മലവിസർജ്ജനം, മൂത്രവിസർജ്ജനം, മൈഥുനം, ശസ്ത്രകർമ്മം ഇവയുടേയും
ഹാസസ്യ ദന്തകാഷ്ഠസ്യ = ചിരിയുടേയും പല്ലുതേപ്പിൻേറയും
അന്തേ = അവസാനത്തു
മൃദും ധൂമം പിബേൽ = (സ്നേഹനമായ) മൃദുധൂമം പാനം ചെയ്യണം.
ഏഷു കാലേഷു = ഇപ്പറഞ്ഞ എട്ടുകാലങ്ങളിലും
നിശാഹാരനാവനാന്തേ ച = നിശാവസാനത്തും രാവിലെ ഊണിന്നുശേഷവും, നസ്യത്തിന്നുശേഷവും
മദ്ധ്യമം = മദ്ധ്യമമായ(ശമന ധൂമം പാനംചെയ്യുന്നതു പ്രായോഗികം)
നിദ്രാനസ്യാഞ്ജനസ്നാന ഛർദ്ദിതാന്തേ = ഉറക്കം നസ്യപ്രയോഗം, അഞ്ജനപ്രയോഗം, കളി, ഛർദ്ദി ഇവയുടെ അവസാനത്തു
വിരേചനം = വിരേചനമായ തീക്ഷ്ണധൂമമാണു പ്രയോഗിക്കേണ്ടതു്.

ആകെ പതിനഞ്ചു ധൂമകാലങ്ങളുണ്ടു്. ഈ എല്ലാകാലങ്ങളിലും മൃദുമദ്ധ്യധൂമങ്ങളും ഉപയോഗിക്കാം. ക്ഷുതജൃംഭിതാദ്യന്തങ്ങളായ എട്ടുകാലങ്ങളിൽ വാതശമനാർത്ഥം സ്നേഹനമായ മൃദുധൂമവും, നിശാഹാരനാവനാന്തങ്ങളിൽ ദോഷശമനത്തിനായി സ്നേഹനശോധനാത്മകമായ മദ്ധ്യധൂമവും, വിശേഷിച്ചുവേണ്ടതാണു്. കഫനിർഹരണത്തിനായി ശോധനമായ തീക്ഷ്ണധൂമം നിദ്രാനസ്യാഞ്ജനസ്നാനഛർദ്ദിതാന്തങ്ങളിലേ പ്രയോഗിക്കാവൂ.

വസ്തിനേത്രസമദ്രവ്യം ത്രികോശം കാരയേദൃജു. 7
മൂലാഗ്രേംഗുഷ്ഠകോലാസ്ഥിപ്രവേശം ധൂമനേത്രകം

വസ്തിനേത്രസമദ്രവ്യം = വസ്തിനേത്രം ഉണ്ടാക്കുന്നതിനുള്ള ധാതുദാർവ്വസ്ഥ്യാദി ദ്രവ്യങ്ങൾകൊണ്ടു്,
ത്രികോശം ഋജു = മൂന്നു അറകളോടുകൂടിയും വളവില്ലാതെയും
മൂലാഗ്രേ = മൂലഭാഗത്തും അഗ്രഭാഗത്തും (ക്രമേണ)
അംഗുഷ്ഠകോലാസ്ഥിപ്രവേശം = പെരുവിരലും ലന്തക്കുരുവും കടക്കുന്ന പൊള്ളകളോടുകൂടിയും
ധൂമനേത്രകം കാരയേൽ = ധൂമനേത്രം (ധൂമപാനത്തിനുള്ള കുഴൽ) ഉണ്ടാക്കിക്കണം.

തീക്ഷ്ണസ്നേഹനമദ്ധ്യേഷു ത്രീണി ചത്വാരി പഞ്ച ച 8
അംഗുലാനാം ക്രമാൽ പാതുഃ പ്രമാണേനാഷ്ടകാനി തൽ

തൽ = അതു് (ധൂമനേത്രം)
പ്രമാണേന = (നീളത്തിലുള്ള) അളവുകൊണ്ടു്
തീക്ഷ്ണസ്നേഹനമദ്ധ്യേഷു = തീക്ഷ്ണധൂമത്തിലും, സ്നേഹനധൂമത്തിലും, മദ്ധ്യധൂമത്തിലും
ക്രമാൽ പാതുഃ അംഗുലാനാം = ക്രമേണ ധൂമപാനംചെയ്യുന്ന ആളിന്റെ വിരല്ക്കു്
ത്രീണി ചത്വാരി പഞ്ച ച അഷ്ടകാനി } = മൂന്നെട്ടും (24), നാലെട്ടും (32), അഞ്ചെട്ടും (40) അംഗുലം വേണ്ടതാകുന്നു.

തീക്ഷ്ണധൂമത്തിനു ഇരുപത്തിനാലും, മൃദുധൂമത്തിനു മുപ്പത്തിരണ്ടും, മദ്ധ്യധൂമത്തിനു നാല്പതുംവിരൽ നീളം ധൂമനേത്രത്തിനു ഉണ്ടായിരിക്കേണ്ടതാണു്.

ഋജ്വുപവിഷ്ടസ്തച്ചേതാ വിവൃതാസ്യസ്ത്രിപർയ്യയം. 9
പിധായ ഛിദ്രമേകൈകം ധൂമം നാസികയാ പിബേൽ

ഋജ്വുപവിഷ്ടഃ = നേരേ നിവർന്നിരുന്നു്
തച്ചേതാഃ = ധൂമപാനത്തിൽത്തന്നെ മനസ്സു പതിപ്പിച്ചു
വിവൃതാസ്യഃ = വാ തുറന്നുവച്ചുംകൊണ്ടു്
ഏകൈകം ഛിദ്രം = ഓരോ നാസാദ്വാരത്തെ
പിധായ = അടച്ചു്, മറ്റേ നാസാദ്വാരംവഴിക്കു് അതിനെ അടച്ചു് ആദ്യത്തെ നാസാദ്വാരംവഴിക്കു് ഇക്രമത്തിൽ
ത്രിപർയ്യയം = മൂന്നുതവണയായിട്ടു
നാസികയാ ധൂമം പിബേൽ = മൂക്കുകൊണ്ടു പുകവലിക്കണം.

വലത്തേ നാസാദ്വാരത്തെ അടച്ചുകൊണ്ടു് ഇടത്തേ നാസാദ്വാരംവഴിക്കു പുകവലിക്കുക. പിന്നെ ഇടത്തേ നാസാദ്വാരത്തെ അടച്ചിട്ടു വലത്തേതിൽക്കൂടി പുകവലിക്കുക. ഇപ്പോൾ ഒരുതവണയായി. ഇങ്ങനെ മൂന്നുതവണയായിട്ടു പുകവലിക്കണം. മൂക്കിൽക്കൂടി പുക വലിക്കേണ്ട ക്രമം ഇതാകുന്നു.

പ്രാക് പിബേന്നാസയോൽക്ലിഷ്ടേ ദോഷേ ഘ്രാണശിരോഗതേ. 10
ഉൽക്ലേശനാർത്ഥം വക്ത്രേണ വിപരീതം തു കണ്ഠഗേ
മുഖേനൈവ വമേദ്ധൂമം നാസയാ ദൃഗ്വിഘാതകൃൽ. 11

ഘ്രാണശിരോഗതേ ദോഷേ = നാസയെയും ശിരസ്സിനെയും ആശ്രയിച്ചിരിക്കുന്ന ദോഷം
ഉൽക്ലിഷ്ടേ = ഇളകിവശായിരിക്കുമ്പോൾ
പ്രാക് നാസയാ = മുൻപേ നാസികകൊണ്ടും
ഉൽക്ലേശനാർത്ഥം = ഉൽക്ലേശമുണ്ടാകുന്നതിനായി
(പ്രാക്) വക്ത്രേണ = മുൻപേ വാകൊണ്ടും
ധൂമം പിബേൽ = ധൂമം പാനംചെയ്യണം.
കണ്ഠഗേ തു = കണ്ഠാശ്രയമായ ദോഷത്തിലാകട്ടെ
വിപരീതം = മറിച്ചാണു ധൂമപാനം ചെയ്യേണ്ടതു.
മുഖേന ഏവ ധൂമം വമേൽ = വായിൽക്കൂടിത്തന്നെ പുക വിടേണ്ടതാണു്.
നാസയാ = മൂക്കിൽക്കൂടെ പുകവിടുന്നതായാൽ അതു്
ദൃഗ്വിഘാതകൃൽ = കണ്ണിനു കേടുണ്ടാക്കും.

ശത്രുവിനുമേൽ കണ്ഠം, ശിരസ്സു് എന്നു രണ്ടു പ്രധാന ശരീരവിഭാഗമുണ്ടു്. നാസിക ഇവ രണ്ടിലും ബന്ധപ്പെട്ടതാണെങ്കിലും മുഖ്യമായി ശിരസ്സിനെ ആശ്രയിച്ചാണിരിക്കുന്നതു്. ആകയാൽ നാസാശിരസ്സുകളെ ആശ്രയിച്ചുള്ള ദോഷം ഉൽക്ലിഷ്ടമായിരിക്കുമ്പോൾ അതിനെ പുറത്തുപോക്കുന്നതിനായി മുൻപേ നാസകൊണ്ടും, പിന്നെ വാകൊണ്ടും ദോഷത്തിനു് ഉൽക്ലേശമുണ്ടാവാനായി മുൻപേ വാകൊണ്ടും പിന്നെ മൂക്കുകൊണ്ടും ധൂമം പാനംചെയ്യേണ്ടതാണു്. കണ്ഠഗതമായ ദോഷമാണെങ്കിൽ അതിന്റെ ഉൽക്ലേശനത്തിനായി മുൻപേ നാസകൊണ്ടും, പിന്നെ

വാകൊണ്ടും ഉൽക്ലിഷ്ടമായിരിക്കുമ്പോൾ മുൻപേ വാകൊണ്ടും പിന്നെ നാസികകൊണ്ടുമാണ് ധൂമപാനം ചെയ്യേണ്ടത്. ഇവിടെ ഒരു സംഗതികൂടെ അറിയേണ്ടതായുണ്ട്. ധൂമം, സ്നേഹനം, വിരേചനം, ശമനം എന്നു മൂന്നുവിധത്തിലുണ്ടല്ലോ. ഇതിൽ സ്നേഹനം ദോഷോൽക്ലേശനത്തിനായും, വിരേചനം ദോഷനിർഹരണത്തിനായും, ശമനം നിർഹരണശേഷം ദോഷസമീകരണത്തിനായും പ്രയോഗിക്കുവാനുള്ളതാണ്. 'യഥാസന്നം വിനിർഹരേൽ' എന്ന നിയമപ്രകാരം ശിരോഗതദോഷത്തെ നാസാമാർഗ്ഗമായും, കണ്ഠഗതരോഗത്തെ വദനമാർഗ്ഗമായും പോക്കുന്നതാണല്ലോ അധികം എളുപ്പം. ഇതുംകൂടി അറിഞ്ഞുകൊണ്ട് മേല്പറഞ്ഞ വിധിയുടെ താല്പര്യം ഗ്രഹിക്കാം. ശിരോഗതദോഷത്തിൽ ഉൽക്ലേശനത്തിനായി മുൻപേ സ്നേഹനധൂമം വാകൊണ്ട് പാനംചെയ്തിട്ട പിന്നെ വിരേചനധൂമം നാസികകൊണ്ട് പാനംചെയ്ത്. ആ ഉൽക്ലിഷ്ടദോഷത്തെ നിർഹരിക്കണം. ദോഷം ഉൽക്ലിഷ്ടമായിരിക്കയാണെങ്കിൽ മുൻപേ നാസകൊണ്ട് വിരേചനധൂമം പാനംചെയ്ത് അതിനെ നിർഹരിച്ചിട്ട് പിന്നെ ബലാധാനത്തിനായി സ്നേഹനധൂമം വാകൊണ്ട് പാനംചെയ്യണം. കണ്ഠഗതദോഷത്തിൽ ഉൽക്ലേശനത്തിനായി മുൻപേ നാസകൊണ്ട് സ്നേഹനധൂമവും ശോധനത്തിനായി പിന്നെ വാകൊണ്ട് വിരേചനധൂമവും പാനം ചെയ്യണം. ഉൽക്ലിഷ്ടദോഷത്തിൽ ശോധനത്തിനായി മുൻപേ വാകൊണ്ട് വിരേചനധൂമവും, ബലാധാനത്തിനോ ദോഷസമീകരണത്തിനോ ആയിട്ട് പിന്നെ മൂക്കുകൊണ്ട് സ്നേഹനധൂമം അല്ലെങ്കിൽ പ്രയോഗിധൂമവും പാനംചെയ്യണം. പുക വലിക്കുന്നതു മൂക്കുകൊണ്ടായാലും വാകൊണ്ടായാലും വിടേണ്ടതു വായിൽക്കൂടെത്തന്നെ വേണം. മൂക്കിൽക്കൂടെ വിട്ടുന്നതായാൽ അതു ക്രമേണ കണ്ണിനു കേടുണ്ടാക്കുന്നതാണ്.

ആക്ഷേപമോക്ഷൈഃ പാതവ്യോ ധൂമസ്തു ത്രിസ്ത്രിഭിസ്ത്രിഭിഃ
അഹ്നഃ സ്നിഗ്ദ്ധസ്സകൃന്മദ്ധ്യോ ദ്വിസ്ത്രിർവാ ചതുരന്തിമഃ 12

ധൂമഃ തു = ധൂമമാകട്ടെ
ത്രിഭിഃ ത്രിഭിഃ ആക്ഷേപമോക്ഷൈഃ = മുമ്മൂന്ന് ആക്ഷേപമോക്ഷങ്ങൾകൊണ്ട് (ആക്ഷേപം=പുകവലിക്കുക; മോക്ഷം=പുകവിടുക)
ത്രിഃ പാതവ്യഃ = മൂന്നുപ്രാവശ്യം പാനംചെയ്യേണ്ടതാണ്.
സ്നിഗ്ദ്ധഃ അഹ്നഃ സകൃൽ = സ്നിഗ്ദ്ധധൂമം പകൽ ഒരു പ്രാവശ്യവും
മദ്ധ്യഃ ദ്വിഃ = മദ്ധ്യധൂമം പകൽ രണ്ടു പ്രാവശ്യവും
അന്തിമഃ = അവസാനത്തേതായ തീക്ഷ്ണധൂമം
ത്രിഃ ചതുഃ = മൂന്നോ നാലോ പ്രാവശ്യവും
(പാതവ്യഃ) = പാനംചെയ്യാവുന്നതാണ്.

ധൂമം ഉള്ളിലേക്കു വലിക്കുക, പിന്നെ വിടുക ഇതു് ഒരുതവണത്തെ ധൂമപാനമാണ്. ഇങ്ങനെ മൂന്നുതവണ ധൂമം ഉള്ളിലേക്കു വലിക്കുകയും വിടുകയും ചെയ്യുമ്പോൾ ഒരു പ്രാവശ്യത്തെ ധൂമപാനമായി. പകൽ ഒരു പ്രാവശ്യം സ്നിഗ്ദ്ധധൂമവും, രണ്ടു പ്രാവശ്യം മദ്ധ്യധൂമവും മൂന്നോ നാലോ പ്രാവശ്യം തീക്ഷ്ണധൂമവും ആവശ്യമനുസരിച്ച് പാനംചെയ്യാവുന്നതാണ്.

പ്രയോജ്യാനി മൃദൗ തത്ര ദ്രവ്യാണ്യഗുരുഗുൽഗ്ഗുലുഃ
മുസ്താ സ്ഥൗണേയശൈലേയനളദോശീരവാളകം. 13
വരാംഗകൗന്തീമധുകവില്വമജ്ജൈലവാലുകം
ശ്രീവേഷ്ടകം സർജ്ജരസോ ധ്യാമകം മദനം പ്ലവം. 14
ശല്ലകീ കുങ്കുമം മാഷാ യവാഃ കുന്ദുരുകം തിലാഃ
സ്നേഹാഃ ഫലാനാം സാരാണാം മേദോ മജ്ജാ വസാ ഘൃതം.

മൃദൗ = മൃദുവായ സ്നേഹനധൂമത്തിൽ
പ്രയോജ്യാനി ദ്രവ്യാണി = ഉപയോഗിക്കുവാനുള്ള മരുന്നുകൾ
അഗുരുഗുൽഗ്ഗുലുഃ മുസ്താ = അകിൽ, ഗുൽഗ്ഗുലു, മുത്തങ്ങാ

സ്ഥൗണേയശൈലേയ-നളദോശീരവാളകം } = തൂണീയാങ്കം, ശൈലേയം, മാഞ്ചി, രാമച്ചം, ഇരുവേലി
വരാംഗകാന്തീമധുക-വിപാമരൈജലവാലുകം } = ഇലവർങ്ഗം, അടരണകം, അതിമധുരം, കൂവളക്കാപ്പരിപ്പ്, ഏലാവാലുകം
ശ്രീവേഷ്ടകം സർജ്ജരസഃ = തിരുവട്ടപ്പശ, ചെഞ്ചല്യം
ധ്യാമകം മദനം = നാന്മുകപ്പുല്ല്, പൊന്മെഴുക്
പ്ലവം ശല്ലകീ കുങ്കുമം = കഴിമുത്തങ്ങാ, ചിററീന്തൽ, കുങ്കുമപ്പൂവ്
മാഷാഃ യവാഃ = ഉഴുന്ന്, യവധാന്യം
കുന്ദുരുകം തിലാഃ = കുന്തിരിക്കം, എള്ള്
ഫലാനാം = എള്ള്, തേങ്ങാ മുതലായ ഫലങ്ങളുടേയും
സാരാണാം = ദേവതാരം മുതലായ കാതലുകളുടേയും
സ്നേഹാഃ = എണ്ണകൾ
മേദഃ മജ്ജാ വസാ ഘൃതം = മേദസ്സ്, മജ്ജ, വസ, നെയ് ഇവയൊക്കെയുമാകുന്നു

ശമനേ ശല്ലകീ ലാക്ഷാ പൃഥ്വീകാ കമലോല്പലം
ന്യഗ്രോധോദുംബരാശ്വത്ഥപ്ലക്ഷലോധ്രത്വചസ്സിതാ. 16
യഷ്ടീമധുസ്സുവർണ്ണത്വക് പത്മകാ രക്തയഷ്ടികാ
ഗന്ധാശ്ചാകുഷ്ഠതഗരാഃ തീക്ഷ്ണേ ജ്യോതിഷ്മതീ നിശാ. 17
ദശമൂലം മനോഹ്വാലം ലാക്ഷാ ശ്വേതാ ഫലത്രയം
ഗന്ധദ്രവ്യാണി തീക്ഷ്ണാനി ഗണോ മൂർദ്ധ്വിരേചനഃ. 18

ശല്ലകീ ലാക്ഷാ പൃഥ്വീകാ = ചിററീന്തൽ, കോലരക്ക്, ഏലത്തരി
കമലോല്പലം = താമരപ്പൂവ്, ചെങ്ങഴനീർപ്പൂവ്
ന്യഗ്രോധോദുംബരാശ്വത്ഥപ്ലക്ഷലോധ്രത്വചഃ } = പേരാൽത്തൊലി, അത്തിത്തൊലി, അരയാൽത്തൊലി, ഇത്തിത്തൊലി, പാച്ചോററിത്തൊലി
സിതാ യഷ്ടീമധുഃ = പഞ്ചസാര, അതിമധുരം
സുവർണ്ണത്വക് പത്മകം = ഉമ്മത്തിൻതൊലി, പതിമുകം
രക്തയഷ്ടികാ = മഞ്ചട്ടി
അകുഷ്ഠതഗരാഃ = കൊട്ടവും തകരവുമൊഴിച്ചുള്ള
ഗന്ധാഃ ച ശമനേ = ഗന്ധദ്രവ്യങ്ങൾ ഇതെല്ലാവും ശമനധൂമത്തിലും
ജ്യോതിഷ്മതീ നിശാ = ചെറുപ്പുന്നയരി, വാട്ടമഞ്ഞൾ
ദശമൂലം മനോഹ്വാ അലം = ദശമൂലം, മനയോല, അരിതാരം
ലാക്ഷാ ശ്വേതാ ഫലത്രയം = കോലരക്ക്, വെൾവയമ്പ്, ത്രിഫലത്തോട്
തീക്ഷ്ണാനി ഗന്ധദ്രവ്യാണി = കൊട്ടം, തകരം മുതലായി തീക്ഷ്ണങ്ങളായുള്ള ഗന്ധദ്രവ്യങ്ങൾ.
മൂർദ്ധ്വിരേചനഃ ഗണഃ = മൂർദ്ധ്വിരേചനമായ വെല്ലാദിഗണം ഇവ
തീക്ഷ്ണേ = തീക്ഷ്ണധൂമത്തിലും പ്രയോഗിക്കുവാനുള്ള ദ്രവ്യങ്ങളാകുന്നു.

സ്നേഹനൌഷധങ്ങൾകൊണ്ടു മൃദുധൂമവും. ശോധനൌഷധങ്ങൾകൊണ്ടു തീക്ഷ്ണധൂമവും, ദോഷസാമ്യകരങ്ങളായ ഔഷധങ്ങൾകൊണ്ടു ശമനധൂമവും ഉണ്ടാക്കി ഉപയോഗിക്കണമെന്നു ചുരുക്കം.

ജലേ സ്ഥിതാമഹോരാത്രമിഷീകാം ദ്വാദശാംഗുലാം
പിഷ്ടൈർധൂമൌഷധൈരേവ പഞ്ചകൃത്വഃ പ്രലേപയേൽ. 19
വർത്തിരംഗുഷ്ഠകസ്ഥൂലാ യവമധ്യാ യഥാ ഭവേൽ
ഛായാശുഷ്കാം വിഗർഭാം താം സ്നേഹാഭ്യക്താം യഥായഥം 20
ധൂമനേത്രാർപ്പിതാം പാത്രമഗ്നിപുഷ്ടാം പ്രയോജയേൽ

അഹോരാത്രം ജലസ്ഥിതാം = ഒരു പകലും രാത്രിയും വെള്ളത്തിലിട്ടിരുന്നേടത്ത
ദ്വാദശാംഗുലാം = പന്ത്രണ്ടു വിരൽ നീളമുള്ള
ഇഷീകാം = ഇഷീക എന്ന തൃണനാളത്തെ
പിഷ്ടൈഃ ധൂമൗഷധൈഃ = അരച്ചെടുത്ത ധൂമൗഷധങ്ങൾകൊണ്ടു്
യഥാ = ഏതുവിധത്തിലായാൽ
അംഗുഷ്ഠകസ്ഥൂലാ = പെരുവിരലോളം വണ്ണമുള്ളതും
യവമദ്ധ്യാ വർത്തിഃ ഭവേൽ = യവത്തിൻെറ മദ്ധ്യംപോലെയുള്ള മദ്ധ്യഭാഗത്തോടു കൂടിയതുമായ, വർത്തിയായിത്തീരുമോ
(തഥാ) പഞ്ചകൃത്വഃ ഏവ = ആ വിധത്തിൽ അഞ്ചുപ്രാവശ്യമായിട്ടുതന്നെ
പ്രലേപയേൽ = നല്ലവണ്ണം പൂശിപ്പിടിപ്പിക്കണം.
ഛായാശുഷ്കാം = നിഴലിൽവച്ചു് ഉണക്കി
വിഗർഭാം താം = ഇഷീക എടുത്തുകളഞ്ഞതുകൊണ്ടു് ഉള്ളു് പൊള്ളയായിരിക്കുന്ന ആ വർത്തിയെ
യഥായഥം സ്നേഹാഭ്യക്താം = രോഗാവസ്ഥയ്ക്കു വിഹിതമായ സ്നേഹം പുരട്ടി
ധൂമനേത്രാർപ്പിതാം = ധൂമനേത്രത്തിൻെറ മൂലഭാഗത്തു തിരുകിവച്ചു്
അഗ്നിപ്ലുഷ്ടാം = അററത്തു തീപിടിപ്പിച്ചിട്ടു
പാതും പ്രയോജയേൽ. = കുടിക്കാൻ ഉപയോഗിക്കണം.

ഇഷീക എന്താണെന്നറിയേണ്ടതുതന്നെയെങ്കിലും അറിയാഞ്ഞിട്ടു കുണ്ഠിതപ്പെടണമെന്നില്ല. വെള്ളത്തിലിട്ടാൽ കുതിർന്നു വീർക്കുന്നതും ഉണങ്ങുമ്പോൾ ശോഷിച്ചു നേർത്തുപോകുന്നതുമായ ഒരു നാളം എടുത്തുകൊണ്ടാൽ മതിയാകും. ജലത്തിലും ജലസമീപസ്ഥലത്തും വളരുന്ന കോരപ്പുല്ലായാൽ പോരായ്കയില്ല. അഹോരാത്രം മുഴുവൻ വെള്ളത്തിലിട്ടിരുന്നേടത്ത ഇഷീക പന്ത്രണ്ടുവിരൽ നീളത്തിൽ മുറിച്ചെടുത്തിട്ടു് ധൂമൗഷധത്തിനു പറഞ്ഞിട്ടുള്ള മരുന്നുകളരച്ചു അതിന്മേൽ പൂശി തണലത്തു വച്ചു് ഉണക്കണം. ഉണങ്ങിയാൽ അതിൻെറപുറമേ പിന്നെയും പൂശണം. ഇങ്ങനെ അഞ്ചുപ്രാവശ്യം പൂശി ഉണക്കണം. ഇത്രയുംകൊണ്ടു് യവത്തിൻെറ ആകൃതിയിൽ മദ്ധ്യഭാഗം പെരുവിരലോളം വണ്ണിച്ചു ചുവടും തലയും തിരിച്ചറിയത്തക്കവണ്ണം അററം രണ്ടും നേർത്തു് ഒരു തിരിയായിത്തീരണം. അതു് അപ്പോൾ ധൂമവർത്തിയായി എന്താണ്ടു് ഇപ്പോഴത്തെ ചുരുട്ടിൻെറ മാതിരിതന്നെ. ഒടുവിൽ നല്ലവണ്ണം ഉണക്കീട്ടു ഉള്ളിൽനിന്നു് ഇഷീകയെ എടുത്തുകളഞ്ഞു സൂക്ഷിക്കണം. പിന്നെ ഇതു വിഹിതമായ എണ്ണപുരട്ടി ഒരററം ധൂമനേത്രത്തിൻെറ ചുവട്ടിൽ തിരുകിവച്ചു് മറേറഅററത്തു തീപിടിപ്പിച്ചിട്ടു് പുകവലിച്ചുകൊൾക.

ശരാവസമ്പുടസ്യോർദ്ധ്വച്ഛിദ്രേ ന്യസ്യ ദശാംഗുലാം. 21
നിർദ്ധൂമാംഗാരവിന്യസ്തയുക്തദ്രവ്യസ്യ നാളികാം
അഷ്ടാംഗുലാം വാ വക്ത്രേണ കാസവാൻ ധൂമമാപിബേൽ. 22

നിർധൂമാംഗാരവിന്യസ്തയുക്തദ്രവ്യസ്യ = പുകയടങ്ങിയ കനലിൽ വയ്ക്കപ്പെട്ട വിഹിതമായ മരുന്നുകളോടു കൂടിയ
ശരാവസമ്പുടസ്യ = മുഖംതമ്മിൽ ചേർത്തടച്ചൊന്നിച്ച രണ്ടു ചട്ടിയുടെ
ഊർദ്ധ്വച്ഛിദ്രേ = മുകൾഭാഗത്തുള്ള ദ്വാരത്തിൽ
ദശാംഗുലാം = പത്തംഗുലമോ
അഷ്ടാംഗുലാം വാ = എട്ടംഗുലമോ നീളമുള്ള
നാളികാം ന്യസ്യ = കുഴൽ തിരുകിവച്ചിട്ടും
ധൂമം = അതിൽക്കൂടെ വരുന്ന പുകയെ
കാസവാൻ = ചുമയുള്ളവൻ അതിൻെറ ശമനത്തിനായി
വക്ത്രേണ ആപിബേൽ. = വായ്കൊണ്ടു ദോഷശോധനമുണ്ടാകുന്നതുവരെ പാനം ചെയ്യണം.

കാസഃ ശ്വാസഃ പീനസോ വിസ്വരത്വം
പൂതിർഗന്ധഃ പാണ്ഡുതാ കേശദോഷഃ
കർണ്ണാസ്യാക്ഷിസ്രാവകണ്ഡ്വാർത്തിജാഡ്യം
തന്ദ്രാ ഹിധ്മാ ധൂമപം ന സ്പൃശന്തി. 23

| | |
|---|---|
| കാസഃ ശ്വാസഃ | = ചുമ ശ്വാസരോഗം |
| പീനസഃ വിസ്വരത്വം | = പീനസരോഗം (മൂക്കടവാലുക) സ്വരഭേദം |
| പൂതിഃ ഗന്ധഃ പാണ്ഡുതാ | = ദുർഗ്ഗന്ധം വിളർച്ച |
| കേശദോഷഃ | = തലമുടിക്കുണ്ടാകുന്ന കേട് |
| കർണ്ണാസ്യാക്ഷിസ്രാവകണ്ഡ്വാർത്തിജാഡ്യം | = കാതിലും വായിലും കണ്ണിലുമുണ്ടാകുന്ന നീരൊലിപ്പ്, ചൊറിച്ചിൽ, വേദന, ജഡത ഇവകളും |
| തന്ദ്രാ ഹിധ്മാ | = അലസത, ഇക്കിൾ ഇതെല്ലാം |
| ധൂമപം ന സ്പൃശന്തി | = ധൂമപാനംചെയ്യുന്നവനെ സ്പർശിക്കയില്ല. ധൂമപാനം ചെയ്യുന്നവനുണ്ടാകയില്ലെന്നർത്ഥം. |

ഇരുപത്തൊന്നാം അദ്ധ്യായം കഴിഞ്ഞു.

# ഇരുപത്തിരണ്ടാം അദ്ധ്യായം.

## ഗണ്ഡൂഷാദിവിധി.

ചതുഷ്പ്രകാരോ ഗണ്ഡൂഷഃ സ്നിഗ്ദ്ധശ്ശമനശോധനൗ
രോപണശ്ച ത്രയോ യോജ്യാശ്ചലാദിഷ്വന്തിമോ വ്രണേ. 1

| | |
|---|---|
| ഗണ്ഡൂഷഃ | = ഗണ്ഡൂഷം (കവിൾക്കൊൾക) |
| സ്നിഗ്ദ്ധഃ ശമനശോധനൗ | = സ്നിഗ്ദ്ധമെന്നും ശമനമെന്നും ശോധനമെന്നും |
| രോപണഃ ച ചതുഷ്പ്രകാരഃ | = രോപണമെന്നും നാലുവിധത്തിലുണ്ട്. |
| ത്രയഃ ചലാദിഷു | = ഇതിൽ ആദ്യത്തെ മൂന്നും, വാതപിത്തകഫങ്ങളിലും |
| അന്തിമഃ വ്രണേ | = അവസാനത്തേതായ രോപണം വ്രണത്തിലും |
| യോജ്യാഃ, | = പ്രയോഗിക്കേണ്ടവയാണ്. |

ധൂമപാനവിധിക്കുശേഷം ഗണ്ഡൂഷാദിവിധി ആരംഭിക്കുന്നു. സ്നേഹം, കഷായം മുതലായവയെ വായിൽക്കൊണ്ട് നിറുത്തുന്നതിനെയാണ് ഗണ്ഡൂഷമെന്നു പറയുന്നത്. ഇതിനെത്തന്നെ കബളമെന്നും പറയും. ഗണ്ഡൂഷത്തിനും കബളത്തിനും അല്പം ഒരു വ്യത്യാസമുള്ളത് അടുത്തുതന്നെ വിവരിക്കും. സ്നിഗ്ദ്ധം, ശമനം അല്ലെങ്കിൽ പ്രസാദനം, ശോധനം, രോപണം എന്നു ഗണ്ഡൂഷം നാലുവിധത്തിലുണ്ട്. ഇതിൽ സ്നിഗ്ദ്ധഗണ്ഡൂഷം വാതത്തിലും, ശമനഗണ്ഡൂഷം പിത്തത്തിലും ശോധനഗണ്ഡൂഷം കഫത്തിലും, രോപണഗണ്ഡൂഷം വ്രണരോഗത്തിലും ഉപയോഗിക്കുവാനുള്ളതാണ്.

തത്ര സ്വാദ്വമ്ലപടുസാധിതൈഃ
സ്നേഹൈസ്സംശമനസ്തിക്തകഷായമധുരൗഷധൈഃ 2
ശോധനസ്തിക്തകട്വമ്ലപടൂഷ്ണൈ രോപണഃ പുനഃ
കഷായതിക്തകൈസ്തത്ര സ്നേഹഃ ക്ഷീരം മധൂദകം. 3

ശുക്തം മദ്യം രസോ മൂത്രം ധാന്യാമ്ലം ച യഥായഥം
കല്ക്കൈര്യുക്തം വിപക്വം വാ യഥാസ്പർശം പ്രയോജയേൽ. 4

തത്ര സ്നിഗ്ദ്ധഃ = അതുകളിൽവച്ച് സ്നിഗ്ദ്ധഗണ്ഡൂഷം
സ്വാദ്വമ്ലപടുസാധിതൈഃ സ്നേഹൈഃ = മധുരം, അമ്ലം, ലവണം ഈ രസങ്ങളുള്ള ദ്രവ്യങ്ങൾ ചേർത്ത് കാച്ചിയ സ്നേഹങ്ങൾകൊണ്ടും
സംശമനഃ = ശമനഗണ്ഡൂഷം
തിക്തകഷായമധുരൈഃ, ശോധനഃ = തിക്തം, കഷായം, മധുരം ഈ രസങ്ങളുള്ള ദ്രവ്യങ്ങൾകൊണ്ടും, ശോധനഗണ്ഡൂഷം,
തിക്തകട്വമ്ലപട്വുഷ്ണൈഃ = തിക്തം, കടു, അമ്ലം, ലവണം ഈ രസങ്ങളും ഉഷ്ണവീര്യവുമുള്ള ദ്രവ്യങ്ങൾകൊണ്ടും,
രോപണഃ പുനഃ = രോപണഗണ്ഡൂഷമാകട്ടെ
കഷായതിക്തകൈഃ = കഷായതിക്തദ്രവ്യങ്ങൾകൊണ്ടും
സമ്പാദയേൽ = നിർവ്വഹിക്കേണ്ടതാണ്.
തത്ര സ്നേഹഃ ക്ഷീരം = അതുകളിൽ എല്ലാം സ്നേഹവും പാലും
മധൂദകം ശുക്തം = തേൻചേർത്ത വെള്ളവും ചുതപ്പുളിയും
മദ്യം രസഃ = മദ്യവും മാംസരസവും
മൂത്രം ധാന്യാമ്ലം ച = മൂത്രവർഗ്ഗവും വയ്പുകാടിയും
യഥായഥ = അതാതിന്ന വിഹിതമായ
കല്ക്കൈഃ യുക്തം = മുമ്പറഞ്ഞ മരുന്നുകളരച്ചുചേർത്തോ ചേർക്കാതെയോ
വിപക്വം വാ = പാകപ്പെടുത്തിയോ പാകപ്പെടുത്താതെയോ
യഥാസ്പർശം പ്രയോജയേൽ = സുഖകരമാംവണ്ണം കോഷ്ണമായിട്ടോ തണുപ്പിച്ചോ പ്രയോഗിക്കേണ്ടതാണ്.

ദന്തചാലേ ദന്തഹർഷേ മുഖരോഗേ ച വാതികേ
സുഖോഷ്ണമഥവാ ശീതം തിലകല്ക്കോദകം ഹിതം. 5
ഗണ്ഡൂഷധാരണേ നിത്യം തൈലം മാംസരസോഽഥവാ

ദന്തചാലേ ദന്തഹർഷേ = പല്ലിളക്കത്തിലും പല്ലുതരിപ്പിലും
വാതികേ മുഖരോഗേ ച = വാതികമായ മുഖരോഗത്തിലും
സുഖോഷ്ണം അഥവാ ശീതം = ചെറുചൂടുള്ളതോ അല്ലെങ്കിൽ തണുത്തതോ ആയ
തിലകല്ക്കോദകം ഹിതം = എള്ള് അരച്ചുകലക്കിയ വെള്ളം ഹിതമാകുന്നു.
നിത്യം ഗണ്ഡൂഷധാരണേ = എന്നും പതിവായി ഗണ്ഡൂഷധാരണം ചെയ്യുന്നതിൽ
തൈലം = എള്ളെണ്ണ
അഥവാ മാംസരസഃ = അല്ലെങ്കിൽ മാംസരസം ഹിതമായിരിക്കും.

ഊഷാദാഹാന്വിതേ പാകേ ക്ഷതേ വാഗന്തുസംഭവേ 6
വിഷക്ഷാരാഗ്നിദഗ്ധേ ച സർപ്പിർധാര്യം പയോഽഥവാ

ഊഷാദാഹാന്വിതേ പാകേ = നീറലും ചുടിച്ചിലുമുള്ള മുഖപാകത്തിലും
ആഗന്തുസംഭവേ ക്ഷതേ വാ = ആഗന്തുകമായി വായ്ക്കുണ്ടായ മുറിവിലും
വിഷക്ഷാരാഗ്നിദഗ്ധേ ച = വിഷംകൊണ്ടോ ക്ഷാരംകൊണ്ടോ അഗ്നികൊണ്ടോ വെന്തുപോയതിലും
സർപ്പിഃ അഥവാ പയഃ = നെയ്യ് അല്ലെങ്കിൽ പാൽ
ധാര്യം = ഗണ്ഡൂഷമായി ധരിക്കേണ്ടതാണ്.

വൈശദ്യം ജനയത്യാസ്യേ സന്ദധാതി മുഖവ്രണാൻ. 7
ദാഹതൃഷ്ണാപ്രശമനം മധുഗണ്ഡൂഷധാരണം

മധുഗണ്ഡൂഷധാരണം = തേൻ കവിൾക്കൊള്ളുന്നതായാൽ
ആസ്യേ വൈശദ്യം ജനയതി = വായ്ക്കു് വെടിപ്പവരുത്തും;

മുഖവ്രണാൻ സന്ധയാതി = വായ്ക്കകത്തുണ്ടായ മുറിവിനെ കൂട്ടിപ്പിടിപ്പിക്കും;
ദാഹതൃഷ്ണാപ്രശമനം = ചുടിച്ചിലും തണ്ണീർദാഹവും ശമിപ്പിക്കും.

ധാന്യാമ്ലമാസ്യവൈരസ്യമലദൌർഗന്ധ്യനാശനം. 8
തദേവാലവണം ശീതം മുഖശോഷഹരം പരം

ധാന്യാമ്ലം = അരിക്കാടികൊണ്ടുള്ള ഗണ്ഡൂഷം
ആസ്യവൈരസ്യമല- ദൌർഗന്ധ്യനാശനം = വായിലുള്ള വിരസത, അഴുക്ക്, ദുർഗന്ധം ഇവയെ ശമിപ്പിക്കും.
തൽ ഏവ = ആ അരിക്കാടിതന്നെ
അലവണം ശീതം = അല്പം ഉപ്പുംചേർത്തു തണുപ്പിച്ചുപയോഗിച്ചാൽ
പരം മുഖശോഷഹരം = മുഖശോഷത്തെ ശമിപ്പിക്കുന്നതിൽ പ്രധാനപ്പെട്ടതാകുന്നു.

ആശു ക്ഷാരാംബുഗണ്ഡൂഷോ ഭിനത്തി ശ്ലേഷ്മണശ്ചയം. 9
സുഖോഷ്ണോദകഗണ്ഡൂഷൈർജായതേ വക്ത്രലാഘവം

ക്ഷാരാംബുഗണ്ഡൂഷഃ = ക്ഷാരജലംകൊണ്ടുള്ള ഗണ്ഡൂഷം
ശ്ലേഷ്മണഃ ചയം = കഫാതിവൃദ്ധിയെ
ആശു ഭിനത്തി = ഉടനെ ഇല്ലാതാക്കും.
സുഖോഷ്ണോദകഗണ്ഡൂഷൈഃ = ചെറുചൂടുള്ള വെള്ളം കവിൾക്കൊണ്ടാൽ
വക്ത്രലാഘവം ജായതേ = വക്ത്ര ലഘുത്വമുണ്ടാകും.

നിവാതേ സാതപേ സ്വിന്നമൃദിതസ്കന്ധകന്ധരഃ. 10
ഗണ്ഡൂഷമപിബൻ കിഞ്ചിദുന്നതാസ്യോ വിധാരയേൽ
കഫപൂർണ്ണാസ്യതാ യാവൽ സ്രവദ്ഘ്രാണാക്ഷതാഥവാ. 11

നിവാതേ = കാറ്റില്ലാത്ത മുറിയിലിരുന്നു
സാതപേ = വെയിലുള്ള ദിവസം
സ്വിന്നമൃദിതസ്കന്ധകന്ധരഃ = ചുമലും കഴുത്തും വിയർപ്പിച്ചു തിരുമ്മീട്ട്
കിഞ്ചിൽ ഉന്നതാസ്യഃ = മുഖമല്പം ഉയർത്തിവച്ചുകൊണ്ട്
അഥവാ = അല്ലെങ്കിൽ
കഫപൂർണ്ണാസ്യതാ യാവൽ = കഫം ഊറിച്ചേർന്നു വാ നിറയുന്നതുവരെയോ
സ്രവദ്ഘ്രാണാക്ഷതാ അപിബൻ = മൂക്കിലും കണ്ണിലുംനിന്നു വെള്ളംവാർത്തൊലിക്കുന്നതുവരെയോ കുടിച്ചിറക്കാതെ
ഗണ്ഡൂഷം വിധാരയേൽ = ഗണ്ഡൂഷത്തെ വായിൽ നിർത്തണം.

വെയിലുള്ളദിവസം കാറ്റില്ലാത്ത മുറിയിലിരുന്നു ചുമലും കഴുത്തും വിയർപ്പിച്ചു തിരുമ്മീട്ടു മുഖമല്പംമേലത്തിവച്ചുകൊണ്ടുവേണം ഗണ്ഡൂഷം ധരിക്കുവാൻ. അതു ഇറങ്ങിപ്പോകാതെ സൂക്ഷിക്കയുംവേണം. കഫം ഊറിവന്നു വാ നിറയുന്നതുവരെയോ മൂക്കിൽക്കൂടെയും കണ്ണിൽക്കൂടെയും വെള്ളം വാർന്നൊലിക്കുന്നതുവരെയോ ഗണ്ഡൂഷം ധരിച്ചുകൊണ്ടിരിക്കേണ്ടതാണ്.

അസഞ്ചാര്യോ മുഖേ പൂർണ്ണേ ഗണ്ഡൂഷഃ കബളോന്യഥാ 12

മുഖേ പൂർണ്ണേ = വായ് നിറഞ്ഞുകഴിഞ്ഞാൽ
അസഞ്ചാര്യഃ ഗണ്ഡൂഷഃ = സഞ്ചലിപ്പിക്കാൻ (കുലുക്കാൻ) കഴിയാത്തവിധത്തിലാകുന്നതു ഗണ്ഡൂഷമാകുന്നു.
അന്യഥാ കബളഃ = മറിച്ചു കുലുക്കാവുന്നവിധത്തിൽ മാത്രം നിറയുന്നതു കബളമാകുന്നു.

ഇതാണു ഗണ്ഡൂഷകബളങ്ങൾക്കുള്ള വ്യത്യാസം. സാധാരണ കുലുക്കുഴിയാൻ കവിൾക്കൊള്ളുന്നതാണ് കബളത്തിന്റെ മാനം. കുലുക്കുഴിയുന്നതിനെ "കൊപ്പിളിക്കുക" എന്നും ചിലദിക്കിൽ പറയാറുണ്ട്. കൊപ്പിളിക്കുക 'കബളിക്കുക

എന്നതിന്റെ ഭാവവും, കലുക്കഴിക അതിന്റെ അർത്ഥവും ആകുന്നു. (സഞ്ചാല്യം) അങ്ങനെ കലുക്കാൻ കഴിയാത്തവിധത്തിൽ വാ നിറച്ചുകൊള്ളുന്നതാണ ഗണ്ഡൂഷം. കവിൾകൊള്ളുക എന്നു പറയുന്നതു് ഇതിനെയാകുന്നു.

മന്യാശിരഃകർണ്ണമുഖാക്ഷിരോഗാഃ
പ്രസേകകണ്ഠാമയവക്ത്രശോഷാഃ
ഹൃല്ലാസതന്ദ്രാരുചിപീനസാശ്ച
സാധ്യാ വിശേഷാൽ കബളഗ്രഹേണ. 13

മന്യാശിരഃകർണ്ണമുഖാക്ഷിരോഗാഃ = മന്യാരോഗം, ശിരോരോഗം, കർണ്ണരോഗം, മുഖരോഗം, നേത്രരോഗം,

പ്രസേകകണ്ഠാമയവക്ത്രശോഷാഃ = കഫപ്രസേകം, കണ്ഠരോഗം, വാവരൾച്ച

ഹൃല്ലാസതന്ദ്രാരുചിപീനസാശ്ച = നെഞ്ചുരുക്കം, തന്ദ്ര, അരുചി, പീനസം ഇവയെല്ലാവും

വിശേഷാൽ കബളഗ്രഹേണ = വിശേഷിച്ച് കബളധാരണംകൊണ്ടു്

സാധ്യാഃ = സാധിക്കാവുന്ന രോഗങ്ങളാണ്.

കല്ക്കാ രസക്രിയാചൂർണ്ണൈസ്ത്രിവിധം പ്രതിസാരണം
യുഞ്ജ്യാത്തൽ കഫരോഗേഷു ഗണ്ഡൂഷവിഹിതൌഷധൈഃ 14

കല്ക്കഃ = കല്ക്കമെന്നും (അരച്ചുരുട്ടിയെടുത്തതു്)

രസക്രിയാ = രസക്രിയയെന്നും (കുഴമ്പു്)

ചൂർണ്ണഃ = ചൂർണ്ണമെന്നും (പൊടി)

പ്രതിസാരണം ത്രിവിധം = പ്രതിസാരണം (നീർവാർത്തുകളയുന്നതിനുള്ള പ്രയോഗം) മൂന്നുവിധത്തിലുണ്ടു്.

തൽ = അതു് (പ്രതിസാരണം)

കഫരോഗേഷു = കഫം കോപിച്ചുണ്ടാകുന്ന രോഗങ്ങളിൽ

ഗണ്ഡൂഷവിഹിതൌഷധൈഃ യുഞ്ജ്യാൽ = ഗണ്ഡൂഷത്തിനു് ഉപയോഗിക്കാവുന്ന മരുന്നുകൾകൊണ്ടു് പ്രയോഗിക്കേണ്ടതാണ്.

വായിലും കണ്ണിലും മറ്റും ഉണ്ടാകുന്ന ശ്ലൈഷ്മികരോഗങ്ങളിൽ മരുന്നുതേച്ചു നീർവാർത്തുകളയുന്ന പ്രയോഗത്തിനാണ പ്രതിസാരണം എന്നു പറയുന്നതു്. അതിലേക്കു തന്നെ വിഹിതമായ ദ്രവ്യം ചേർത്തു് അരച്ചു് ഉരുട്ടിയെടുത്തും തേനും മറ്റും ചേർത്തു കുഴമ്പാക്കിയും പൊടിയാക്കിയും ഉപയോഗിക്കാവുന്നതിനാൽ കല്ക്കം, രസക്രിയ, ചൂർണ്ണം ഇങ്ങനെ മൂന്നുവിധം പ്രതിസാരണമുണ്ടു്. ഗണ്ഡൂഷത്തിന്റെ മരുന്നുകൾതന്നെ ഇതിലേക്കും ഉപയോഗിക്കാം.

മുഖാലേപസ്ത്രിധാ ദോഷവിഷഹാ വർണ്ണകൃച്ച സഃ
ഉഷ്ണോ വാതകഫേ ശസ്തശ്ശേഷേഷ്വത്യർത്ഥശീതളഃ 15
ത്രിപ്രമാണശ്ചതുർഭാഗത്രിഭാഗാർദ്ധാംഗുലോന്നതിഃ

മുഖാലേപഃ = മുഖാലേപം (മുഖത്തുതേയ്ക്കുന്ന പൂച്ചു്)

ദോഷവിഷഹാ വർണ്ണകൃച്ച = ദോഷത്തെ ശമിപ്പിക്കുന്നതും, വിഷത്തെ ശമിപ്പിക്കുന്നതും നല്ല നിറത്തെ ഉണ്ടാക്കുന്നതുമായിട്ടു്

ത്രിധാ സഃ = മൂന്നുവിധത്തിലുണ്ടു്. അതു് (മുഖാലേപം)

വാതകഫേ = വാതത്തിലും കഫത്തിലും വാതകഫത്തിലും

ഉഷ്ണഃ = ചൂടോടുകൂടിയതും

ശേഷേഷു = മററുള്ളവയിൽ (പിത്തത്തിലും രക്തത്തിലും രക്ത

= പിത്തത്തിലും)

അത്യർത്ഥശീതളഃ ശസ്തഃ = ഏററവും തണുത്തിരിക്കുന്നതും ഹിതകരമാകുന്നു.

| | |
|---|---|
| ഷഡ്ഭാഗത്രിഭാഗാ-ർദ്ധാംഗുലോന്നതിഃ | = നാലിലൊന്നും മൂന്നിലൊന്നും പകുതിയും വിരൽ പൊക്കം കനം ഉള്ളതായിട്ട് |
| ത്രിപ്രമാണഃ | = മൂന്നുവിധത്തിൽ അളവുള്ളതുമാകുന്നു. |

ദോഷരോഗശമനത്തിനായിട്ടും, വിഷശമനത്തിനായിട്ടും നിറം തെളിയുന്നതിനായിട്ടും മൂന്നുവിധത്തിൽ മുഖാലേപമുണ്ട്. മരുന്നരച്ചു മുഖത്തു പൂശുന്നതാണ് മുഖാലേപം. കാൽവിരൽ കനത്തിൽ, വിരലിന്റെ മൂന്നിലൊന്നു കനത്തിൽ, അര വിരൽ കനത്തിൽ ഇങ്ങനെ മൂന്നുതരത്തിൽ അതു പൂശുകയുമുണ്ട്. വാതകഫങ്ങളിൽ ചൂടോടുകൂടിയും രക്തപിത്തങ്ങളിൽ തണുപ്പിച്ചുമാണ മുഖാലേപം ഉപയോഗിക്കേണ്ടതു്.

അശുഷ്കസ്യ സ്ഥിതിസ്തസ്യ ശുഷ്കോ ദൂഷയതി ഛവിം. 16
തമാർദ്രയിത്വാപനയേത്തദന്തേഭ്യംഗമാചരേൽ
വിവർജ്ജയേദ്ദിവാസ്വപ്നഭാഷാഗ്ന്യാതപശുക്ക്രുധഃ. 17

| | |
|---|---|
| അശുഷ്കസ്യ തസ്യ | = ഉണങ്ങാതെ ഇരിക്കുന്ന അതിന്റെ |
| സ്ഥിതിഃ (ശസ്താ) | = സ്ഥിതിയാകുന്നു നന്നായിട്ടുള്ളതു്. |
| ശുഷ്കം ഛവിം ദൂഷയതി | = ഉണങ്ങിപ്പോയാൽ മുഖകാന്തിയെ വികൃതമാക്കും. |
| തം ആർദ്രയിത്വാ | = പൂശിയ ഇളക്കിയെടുക്കാൻ നേരത്തു പാലുകൊണ്ടോ മറോ അതിനെ നനച്ചു കുതിർത്തിട്ട് |
| അപനയേൽ | = എടുത്തുകളയേണ്ടതാണു്. |
| തദന്തേ | = മുഖാലേപ എടുത്തതിനുശേഷം |
| അഭ്യംഗം ആചരേൽ | = മെഴുക്കു തേയ്ക്കേണ്ടതാണു്. |
| ദിവാസ്വപ്നഭാഷ്യാഗ്ന്യാ-തപശുക്ക്രുധഃ | = പകലുറങ്ങുക, സംസാരിക്കുക തീ കായുക, വെയിൽ കൊള്ളുക, ദുഃഖിക്കുക, കോപിക്കുക ഇവയെല്ലാം. |
| വിവർജ്ജയേൽ | = വർജ്ജിച്ചിരിക്കണം. |

മുഖാലേപം ഉണങ്ങുന്നതിനുമുമ്പേ എടുത്തുകളയണം. ഉണങ്ങിയിരുന്നാൽ അതു മുഖകാന്തിയെ വികൃതമാക്കും. എടുക്കുന്നതു പാലുകൊണ്ടോ മറോ നനച്ചിട്ട വേണം. അതു കഴിഞ്ഞാൽ മെഴുക്കുതേയ്ക്കുകയും, പിന്നെ കുളിക്കുകയും വേണം. മുഖാലേപം ഉപയോഗിക്കുന്ന കാലത്തു ദിവാസ്വപ്നാദികൾ വർജ്ജിച്ചിരിക്കേണ്ടതാണ്.

ന യോജ്യഃ പീനസേജീർണ്ണേ ദത്തനസ്യേ ഹനുഗ്രഹേ
അരോചകേ ജാഗരിതേ സ തു ഹന്തി സുയോജിതഃ. 18
അകാലപലിതവ്യംഗവലീതിമിരനീലികാഃ

| | |
|---|---|
| പീനസേ അജീർണ്ണേ | = പീനസരോഗത്തിലും അജീർണ്ണമുള്ളപ്പോഴും |
| ദത്തനസ്യേ | = നസ്യം ചെയ്തിരിക്കുമ്പോഴും |
| ഹനുഗ്രഹേ | = ഹനുഗ്രഹം എന്ന വാതവികാരത്തിലും |
| അരോചകേ | = അരോചകരോഗത്തിലും |
| ജാഗരിതേ | = ഉറക്കിളച്ചിരിക്കുമ്പോഴും |
| ന യോജ്യഃ | = മുഖാലേപം ഉപയോഗിക്കാവുന്നതല്ല |
| സഃ തു | = അതാകട്ടേ (മുഖാലേപം) |
| സുയോജിതഃ | = വേണ്ടവണ്ണം ശരിക്ക് ഉപയോഗിക്കുന്നതായാൽ |
| അകാലപലിതവ്യംഗവ-ലീതിമിരനീലികാഃ ഹന്തി | = അകാലത്തുണ്ടാകുന്ന നര, കരിമുഖം, ജര, തിമിരരോഗം, നീലിക ഇവയെല്ലാം ശമിപ്പിക്കുന്നു. |

കോലമജ്ജാ വൃഷാന്മൂലം ശാബരം ഗൗരസർഷപാഃ 19
സിംഹീമൂലം തിലാഃ കൃഷ്ണാ ദാർവീത്വങ് നിസ്തുഷാ യവാഃ
ദർഭമൂലഹിമോശീരശിരീഷമിസിതണ്ഡുലാഃ 20
കുമുദോത്പലകല്ഹാരദൂർവാമധുകചന്ദനം

കാലീയകതിലോശീരമാംസീതഗരപത്മകം 21

താലീസഗുന്ദ്രാപുണ്ഡ്രാഹ്വയഷ്ടീകാശനതാഗുരുഃ
ഇത്യർദ്ധശ്ലോകിതാ ലേപാ ഹേമന്താദിഷു ഷൾ സ്മൃതാഃ. 22

കോലമജ്ജാ വൃഷമൂലം = ലന്തപ്പരിപ്പ് ആടലോടകവേര്
ശാബരം = പാച്ചോററിത്തൊലി
ഗൗരസർഷപാഃ = വെളുത്തകടുക് ഇവകൾ
സിംഹീമൂലം കൃഷ്ണാഃ തിലാഃ = കണ്ടകാരിവേര് കറുത്ത എള്ള്
ദാർവീത്വക് = മരമഞ്ഞൾത്തൊലി
നിസ്തുഷാഃ യവാഃ = തൊലികളഞ്ഞെടുത്ത യവധാന്യം ഇവകൾ
ദർഭമൂലഹിമോശീരശിരീഷമിസിതണ്ഡുലാഃ = ദർഭവേര്, ചന്ദനം, രാമച്ചം, നെന്മേനിവാക, ചതകുപ്പ, പച്ചരി ഇവ
കുമുദോല്പലകൽഹാരദൂർവാമധുകചന്ദനം = ആമ്പൽക്കിഴങ്ങ്, ചെങ്ങഴുനീർക്കിഴങ്ങ്, സൗഗന്ധികപുഷ്പം, കറുക, എരട്ടിമധുരം, ചന്ദനം ഇവ
കാലീയകതിലോശീരമാംസീതഗരപത്മകം = പീതചന്ദനം, കാരെള്ള്, രാമച്ചം, മാഞ്ചി, തകരം, പതിമുകം ഇവ
താലീസഗുന്ദ്രാപുണ്ഡ്രാഹ്വയഷ്ടീകാശനതാഗുരുഃ = താലീസപത്രം, പൊട്ടപ്പുല്ല്, പുണ്ഡരീകക്കരിമ്പ്, അതിമധുരം കുശ ആററുദർഭ, തകരം, അകിൽ ഇവ
ഇതി അർദ്ധശ്ലോകിതാഃ = ഇങ്ങനെ അരശ്ലോകംകൊണ്ടു പറയപ്പെട്ടിരിക്കുന്ന
ഷൾ ലേപാഃ = ആറു ലേപയോഗങ്ങൾ
ഹേമന്താദിഷു സ്മൃതാഃ. = ക്രമേണ ഹേമന്തം മുതലായ ആറു ഋതുക്കളിൽ വിഹിതങ്ങളാണെന്നു നിർണ്ണയിക്കപ്പെട്ടിരിക്കുന്നു

കോലമജ്ജ മുതലായ നാലു മരുന്നുകൾ ഹേമന്തത്തിലും, സിംഹീമൂലം മുതലായ നാലു മരുന്നുകൾ ശിശിരത്തിലും, ദർഭമൂലാദികൾ വസന്തത്തിലും, കുമുദോല്പലാദികൾ ഗ്രീഷ്മത്തിലും, കാലീയകാദി വർഷർത്തുവിലും, താലീസാദി ശരത്തിലും മുഖലേപനത്തിനുപയോഗിക്കുവാൻ നല്ല യോഗങ്ങളാകുന്നു.

മുഖാലേപനശീലാനാം ദൃഢം ഭവതി ദർശനം
വദനം ചാപരിമ്ലാനം ശ്ലക്ഷ്ണം താമരസോപമം. 23

മുഖാലേപനശീലാനാം = മുഖാലേപം പതിവായിട്ടുപയോഗിക്കുന്നവർക്ക്
ദർശനം ദൃഢം ഭവതി = ദർശനശക്തി ഉറപ്പുള്ളതായിത്തീരുന്നു.
വദനം അപരിമ്ലാനം = മുഖം വാട്ടമില്ലാത്തതായും
ശ്ലക്ഷ്ണം = നല്ല മിനുസമായും
താമരസോപമം ച = താമരപ്പൂവുപോലെ മനോജ്ഞമായും തീരും.

അഭ്യംഗസേകപിചവോ വസ്തിശ്ചേതി ചതുർവിധം
മൂർദ്ധതൈലം—ബഹുഗുണം തദ്വിദ്യാദുത്തരോത്തരം. 24

അഭ്യംഗസേകപിചവഃ = അഭ്യംഗവും, സേകവും പിചുവും
വസ്തിഃ ച = വസ്തിയുമായിട്ട്
മൂർദ്ധതൈലം ഇതി ചതുർവിധം = തലയ്ക്കെണ്ണ ഇപ്രകാരം നാലുവിധത്തിലുണ്ട്,
തത് ഉത്തരോത്തരം = ആ മൂർദ്ധതൈലം മേൽക്കുമേൽ
ബഹുഗുണം വിദ്യാത് = വളരെ ഗുണമുള്ളതാണെന്നറിയണം.

മുഖാലേപനവിധി കഴിഞ്ഞിട്ടു മൂർദ്ധതൈലം ആരംഭിക്കുന്നു. തലയ്ക്കു് എണ്ണ ഉപയോഗിക്കുന്നതിനെയാണ് മൂർദ്ധതൈലം എന്നു പറയുന്നതു്. അതു്, അഭ്യംഗം, സേകം, പിചു, വസ്തി എന്നു നാലുവിധത്തിലുണ്ടു്. തലയിൽ എണ്ണതേയ്ക്കുന്നതിനെയാണു് അഭ്യംഗമെന്നു പറയുന്നതു്. ധാരചെയ്യുന്നതു് സേകവും തുണിയിൽ മുക്കിവെയ്ക്കുന്നതു പിചുവും, തലയിൽ നിറുത്തുന്നതു് വസ്തിയുമാകുന്നു. ഇതിൽ

സേകത്തിനു സേചനം, പരിഷേകം, ധാര എന്നൊക്കെ പര്യായങ്ങളുണ്ട്. വസ്തിക്കു ശിരോവസ്തി എന്നു് വിശേഷിപ്പിച്ചുപറയാം. അഭ്യംഗത്തെക്കാൾ സേകവും അതിനെക്കാൾ പിചുവും, എല്ലാററിനെയുംകാൾ വസ്തിയും അധികം ഗുണമുള്ളതാകുന്നു.

തത്രാഭ്യംഗഃ പ്രയോക്തവ്യോ രൌക്ഷ്യകണ്ഡൂമലാദിഷു
അരുഷികാശിരസ്തോദദാഹപാകവ്രണേഷു തു 25
പരിഷേകഃ പിചുഃ കേശശാതസ്ഫുടനധൂപനേ
നേത്രസ്തംഭേ ച വസ്തിസ്തു പ്രസുപ്ത്യർദ്ദിതജാഗരേ 26
നാസാസ്യശോഷേ തിമിരേ ശിരോരോഗേ ച ദാരുണേ

| | |
|---|---|
| തത്ര അഭ്യംഗഃ | = അവകളിൽവച്ചു അഭ്യംഗം |
| രൌക്ഷ്യകണ്ഡൂമലാദിഷു | = രൂക്ഷത, ചൊറിച്ചിൽ, മലം മുതലായവയിൽ |
| പ്രയോക്തവ്യഃ | = പ്രയോഗിക്കപ്പെടേണ്ടതാണ്. |
| അരുഷികാശിരസ്തോദ-ദാഹപാകവ്രണേഷു തു | = അരിപ്പുണ്ണ്, തലവേദന, തലചുടിച്ചിൽ, തലയിൽ പഴുപ്പ്, വ്രണം ഇവകളിലെല്ലാം |
| പരിഷേകഃ | = സേകവും. |
| പിചുഃ കേശശാതസ്ഫുട-നധൂപനേ | = പിചുധാരണം മുടി കൊഴിയുക, നരകൾ, തലപുകച്ചിൽ ഇവയിലും |
| നേത്രസ്തംഭേ ച | = നേത്രസ്തംഭനത്തിലും |
| വസ്തിഃ തു | = ശിരോവസ്തിയാകട്ടെ |
| പ്രസുപ്ത്യർദ്ദിതജാഗരേ | = തലതരിപ്പ്, അർദ്ദിതം എന്ന വാതരോഗം, ഉറക്കമില്ലായ്ക |
| നാസാസ്യശോഷേ തിമിരേ | = മൂക്കടനക്ക്, വാവറംച്ച ഇവയിലും തിമിരരോഗത്തിലും |
| ദാരുണേ ശിരോരോഗേ ച | = കഠിനമായ ശിരോരോഗത്തിലും |
| (പ്രയോക്തവ്യഃ) | = പ്രയോഗിക്കപ്പെടാവുന്നതാണ്. |

വിധിസ്തസ്യ നിഷണ്ണസ്യ പീഠേ ജാനുസമേ മൃദൌ 27
ശുദ്ധാക്തസ്വിന്നദേഹസ്യ ദിനാന്തേ ഗവ്യമാഹിഷം
ദ്വാദശാംഗുലവിസ്തീർണ്ണം ചർമ്മപട്ടം ശിരസ്സമം 28
ആകർണ്ണബന്ധനസ്ഥാനം ലലാടേ വസ്ത്രവേഷ്ടിതേ
ചൈലവേണികയാ ബദ്ധ്വാ മാഷകല്കേന ലേപയേൽ. 29

| | |
|---|---|
| തസ്യ വിധിഃ | = അതിന്റെ (ശിരോവസ്തിയുടെ) വിധി |
| ശുദ്ധാക്തസ്വിന്നദേഹസ്യ | = ശരീരം വമനവിരേചനങ്ങൾകൊണ്ടു ശുദ്ധമാക്കി മെഴുക്കുതേച്ചു വിയർപ്പിച്ചിട്ടു |
| ദിനാന്തേ | = വൈകുന്നേരത്തു (രാത്രിയിലുമാകാം) |
| ജാനുസമേ മൃദൌപീഠേ | = മുട്ടോളം പൊക്കമുള്ളതും മാർദ്ദവമുള്ളതുമായ പീഠത്തിൽ |
| നിഷണ്ണസ്യ | = ഇരിക്കുന്നവന്റെ |
| വസ്ത്രവേഷ്ടിതേ ലലാടേ | = തുണിക്കീറുകൊണ്ടു ചുററിക്കെട്ടിയ നെററിയിൽ |
| ഗവ്യമാഹിഷം | = പശുവിന്റെയോ പോത്തിന്റെയോ |
| ദ്വാദശാംഗുലവിസ്തീർണ്ണം | = പന്ത്രണ്ടുവിരൽ വീതിയുള്ളതും |
| ശിരസ്സമം ചർമ്മപട്ടം | = ശിരസ്സിന്റെ ചുററളവു നീളമുള്ളതുമായ തോല്പട്ടയെ |
| ആകർണ്ണബന്ധനസ്ഥാനം | = കർണ്ണമൂലത്തിന്റെ മേലേഅററം കൊള്ളിച്ചുവച്ചിട്ടു |
| ചൈലവേണികയാ ബദ്ധ്വാ | = തുണിക്കീററുകൊണ്ടു ചുററിക്കെട്ടി |
| മാഷകല്കേന | = ഉഴുന്നരച്ചെടുത്തു് അതുകൊണ്ടു |
| ലേപയേൽ | = പൂശണം—ഇപ്രകാരമാകുന്നു |

അഭ്യംഗസേകപിചുക്കൾക്കു വിവരണം ആവശ്യമില്ലെന്നുകണ്ടു വസ്തിവിധിയെ വിവരിക്കുന്നു. ശിരോവസ്തിപ്രയോഗത്തിനു പന്ത്രണ്ടുവിരൽ വീതിയിലും ശിരസ്സിന്റെ ചുററളവിനൊത്ത നീളത്തിലും പശുവിന്റേയോ പോത്തിന്റേയോ തോലുകൊണ്ടുണ്ടാക്കിയ ഒരു പട്ട, മൂന്നുവിരൽ വീതിയിൽവേണ്ടിടത്തോളം നീളത്തിൽ തയാറാക്കീട്ടുള്ള തുണിക്കീറ് , നല്ലവണ്ണം നേർപ്പിച്ചെടുത്ത ഉഴുന്നുപൊടി ഇത്രയും പ്രധാനപ്പെട്ട ഉപകരണങ്ങളാണ്. തോല്പട്ട തൊപ്പിപോലെ തലയിൽ എടുത്തുവയ്ക്കത്തക്ക വണ്ണം രണ്ടററവും കൂട്ടിത്തയ്ച്ചു വച്ചേയ്ക്കുകയാണു സമ്പ്രദായം. വസ്തിചെയ്യേണ്ടവനെ മുൻകൂട്ടി വമനവിരേചനങ്ങൾകൊണ്ടു ശുദ്ധദേഹനാക്കി മെഴുക്കിട്ടു വിയർപ്പിക്കുകയും ചെയ്തിട്ടു വൈകുന്നേരത്തു് അല്ലെങ്കിൽ രാത്രിയിൽ മുട്ടോളം പൊക്കമുള്ള മൃദുവായ പീഠത്തിലിരുത്തി, ഉഴുന്നുപൊടി ചൂടുവെള്ളം കൂട്ടിക്കുഴച്ചു തുണിക്കീറിൽ പൂശി അതു നെററിയിൽ കാതോളം താഴ്ത്തിച്ചുററിവച്ചിട്ടു് തോല്പട്ട അതിൽ കൊള്ളിച്ചു വച്ചു് അതിന്മേൽ വീണ്ടും തുണിക്കീറ് ചുററിക്കെട്ടി മാഷകൽക്കം പുറമേ പൂശണം. ഇതെല്ലാം വസ്തിക്കുള്ളിലായിട്ടു തലയിൽ ഒഴിക്കുന്ന സ്നേഹം ചോർന്നുപോകാത്തവിധത്തിൽ വെടിപ്പായി ചെയ്തിരിക്കണമെന്നു പറയേണ്ടതില്ലല്ലോ.

തതോ യഥാവ്യാധിശൃതം സ്നേഹം കോഷ്ണം നിഷേചയേൽ
ഊർദ്ധ്വം കേശഭുവോ യാവദംഗുലം ധാരയേച്ച തം. 30

ആ വക്ത്രനാസികാക്ലേദാൽ ദശാഷ്ടൗ ഷൾ ചലാദിഷു
മാത്രാസഹസ്രാണ്യരുജേ ത്വേകം സ്കന്ധാദി മർദ്ദയേൽ. 31

മുക്തസ്നേഹസ്യ പരമം സപ്താഹം തസ്യ സേവനം

| | |
|---|---|
| തതഃ | = അതിനുശേഷം |
| യഥാവ്യാധിശൃതം സ്നേഹം കോഷ്ണം | = രോഗത്തിനുതക്ക മരുന്നുകൾ ചേർത്തു കാച്ചിയെടുത്ത സ്നേഹം ചെറുചൂടാക്കി |
| കേശഭുവഃ ഊർദ്ധ്വം | = രോമോൽഗമസ്ഥാനത്തിനു മുകളിൽ |
| അംഗുലം യാവൽ | = ഒരുവിരൽ പൊക്കത്തിലാകുന്നതുവരെ |
| നിഷേചയേൽ | = ഒഴിക്കണം. |
| വക്ത്രനാസികാക്ലേദാൽ ആ | = വായിലും മൂക്കിലും വെള്ളം വാലുന്ന സമയംവരെ |
| തം ധാരയേൽ ച | = അതിനെ നിറുത്തിക്കൊണ്ടിരിക്കുകയും വേണം. |
| ചലാദിഷു | = വാതപിത്തകഫവികാരങ്ങളിൽ (ക്രമേണ) |
| ദശ അഷ്ടൗ ഷൾ മാത്രാ-സഹസ്രാണി | = പതിനായിരവും, എണ്ണായിരവും, ആറായിരവും മാത്രകളും |
| അരുജേ തു ഏകം | = അരോഗാവസ്ഥയിൽ (സ്വസ്ഥന്മാർക്ക്) ഒരായിരം മാത്രയും ധരിച്ചിരിക്കയുമാകാം. |
| മുക്തസ്നേഹസ്യ | = മുക്തസമയം കഴിഞ്ഞാൽ സ്നേഹം പകർന്നു വസ്തി എടുത്തു നീക്കിയതിനുശേഷം |
| സ്കന്ധാദി മർദ്ദയേൽ | = ചുമൽ, കഴുത്തു്, മുതുക്, നെററി മുതലായ അംഗങ്ങളെ സുഖമായ വിധത്തിൽ തലോടണം. |
| പരം സപ്താഹം | = കൂടിയാൽ ഏഴുദിവസംവരെ |
| തസ്യ സേവനം (കാര്യം) | = ശിരോവസ്തി പ്രയോഗിക്കാവുന്നതാണ്. |

ശിരോവസ്തി, വാതവികാരത്തിൽ പതിനായിരം മാത്രയും, പിത്തവികാരത്തിൽ എണ്ണായിരം മാത്രയും കഫവികാരത്തിൽ ആറായിരം മാത്രയും അരോഗതയിൽ ആയിരം മാത്രയും ധരിച്ചിരിക്കണം. ഇതിനകം വക്ത്രനാസികാക്ലേദമുണ്ടായാൽ അപ്പോൾ മതിയാക്കാം. കൂടിയാൽ ഏഴുദിവസം ശിരോവസ്തി ആകാമെന്നു വിധിച്ചിരിക്കുന്നതിൽനിന്നു് അഞ്ചുദിവസമോ കുറഞ്ഞതു മൂന്നുദിവസമോ അതു പ്രയോഗിക്കാമെന്നു ധരിക്കണം.

ധാരയേൽ പൂരണം കണ്ണേ കണ്ണമൂലം വിമർദ്ദയൻ 32
രുജസ്സ്യാന്മാർദ്ദവം യാവന്മാത്രാശതമവേദനേ

കണ്ണേ യാവൽ = കാതിന്നുള്ളിൽ എപ്പോഴും
രുജഃ മാർദ്ദവം സ്യാൽ (താവൽ) = വേദനയ്ക്കു കുറവുണ്ടാകും അതുവരെയോ
അവേദനേ = വേദനയില്ലാത്ത അവസ്ഥയിൽ
മാത്രാശതം = നൂറുമാത്ര തികയുന്നതുവരെയോ
കണ്ണമൂലം വിമർദ്ദയൻ = കണ്ണമൂലത്തിൽ തിരുമ്മിക്കൊണ്ട്
പൂരണം ധാരയേൽ = കണ്ണപൂരണത്തെ ധരിക്കണം.

കാതിന്നുള്ളിൽ മരുന്നുനിറുത്തുമ്പോഴും കണ്ണമൂലം തിരുമ്മിക്കൊണ്ടിരിക്കണം. വേദനയ്ക്കു കുറവുണ്ടാകുന്നതുവരെ നിറുത്തിക്കൊള്ളുകയും വേണം. സ്വസ്ഥന്മാർക്കാണെങ്കിൽ നൂറുമാത്രനേരമാണ് നിറുത്തേണ്ടതു്.

യാവൽ പര്യേതി ഹസ്താഗ്രം ദക്ഷിണം ജാനുമണ്ഡലം. 33
നിമേഷോന്മേഷകാലേന സമം മാത്രാ തു സാ സ്മൃതാ. 34

ദക്ഷിണം ഹസ്താഗ്രം = വലത്തേകയ്യുടെ അഗ്രഭാഗം
ദക്ഷിണം ജാനുമണ്ഡലം = വലത്തേ കാൽമുട്ടിനെ
നിമേഷോന്മേഷകാലേനസമം = കണ്ണടച്ചുതുറക്കുന്ന നേരത്തോടു തുല്യമായിട്ട്
യാവൽ പര്യേതി = എത്രസമയംകൊണ്ടു ചുററിവരുന്നുവോ
സാ തു = ആ സമയമാകട്ടെ
മാത്രാ സ്മൃതാ = മാത്രയാണെന്നു നിർണ്ണയിക്കപ്പെട്ടിരിക്കുന്നു.

വലത്തേകയ്യുടെ അററംകൊണ്ടു വലത്തേ കാൽമുട്ടിനെ ഒന്നു ചുററിവരണം. കണ്ണടച്ചു തുറക്കുന്ന നേരംകൊണ്ടു അതു സാധിക്കുകയുംവേണം. ഈ സമയത്തിനാണു മാത്ര എന്നു പേർ നിശ്ചയിക്കപ്പെട്ടിരിക്കുന്നതു്. കണ്ണടച്ചു തുറക്കുന്നതു കുറെ വേഗത്തിലും, കൈകൊണ്ടു കാൽമുട്ടിനെ ചുററുന്നതു താമസിച്ചുമാകാമെന്നു കണ്ടിട്ടാണു രണ്ടുംകൂടി ചേർത്തു സമയനിർണ്ണയംചെയ്തിരിക്കുന്നതു്. ഒന്നു്, രണ്ടു്, മൂന്നു് എന്നു ഒരു കണക്കിനെണ്ണിക്കൊണ്ടുപോയാൽ ഓരോന്നും എത്താണ്ടു ഓരോ മാത്രയായിരിക്കും.

കചശതനസിതത്വപിഞ്ജരത്വം
പരിപുടനം ശിരസസ്സമീരരോഗാൻ
ജയതി ജനയതീന്ദ്രിയപ്രസാദം
സ്വരഹനുമൂർദ്ധബലം ച മൂർദ്ധതൈലം. 35

കചശതനസിതത്വപിഞ്ജരത്വം പരിപുടനം = മുടികൊഴിയുക, വെളുക്കുക, ചെമ്പിക്കുക, മുടിനുറുങ്ങുക ഇവയേയും
ശിരസഃ സമീരരോഗാൻ = ശിരസ്സിലുണ്ടാകുന്ന വാതരോഗങ്ങളേയും
മൂർദ്ധതൈലം ജയതി = മൂർദ്ധതൈലം ശമിപ്പിക്കുന്നു.
ഇന്ദ്രിയപ്രസാദം = ഇന്ദ്രിയങ്ങൾക്കു വിഷയഗ്രഹണശക്തിയേയും
സ്വരഹനുമൂർദ്ധബലം ച = സ്വരത്തിനും ചെകിട്ടിനും ശിരസ്സിനും ബലത്തേയും
ജനയതി = ഉണ്ടാക്കുകയും ചെയ്യുന്നു.

ഉദ്ദിഷ്ടരോഗങ്ങളും ശമിക്കുന്നതിനുപുറമേ മൂർദ്ധതൈലംകൊണ്ടു ഇപ്പറഞ്ഞ ഗുണങ്ങളുണ്ടാകുകയും ചെയ്യും.

ഇരുപത്തിരണ്ടാം അദ്ധ്യായം കഴിഞ്ഞു.

# ഇരുപത്തിമൂന്നാം അദ്ധ്യായം.

## ആശ്ച്യോതനാഞ്ജനവിധി

### സർവ്വേഷാമക്ഷിരോഗാണാമാദാവാശ്ച്യോതനം ഹിതം

സർവ്വേഷാം അക്ഷിരോഗാണാം = എല്ലാ നേത്രരോഗങ്ങൾക്കും
ആദൌ = ആദിയിൽ (രോഗാരംഭകാലത്ത്)
ആശ്ച്യോതനം ഹിതം = ആശ്ച്യോതനം പ്രയോഗിക്കുന്നതു ഹിതമായിട്ടുള്ള
= താണ്.

നേത്രരോഗങ്ങളിൽ കണ്ണിൽ ഔഷധം പ്രയോഗിക്കുന്നതിനെസ്സംബന്ധിച്ചുള്ള വിധിയാണ് ഇനി പറയുന്നതു്. ദ്രവരൂപത്തിലുള്ള കഷായം മുതലായവയെ കണ്ണിൽ ഒഴുക്കുന്നതിനാണ് ആശ്ച്യോതനം എന്നു പേർ. ആശ്ച്യോതനത്തിനുള്ള മരുന്നുകൾതന്നെ അരച്ചു കുഴമ്പാക്കി കൺപോളയ്ക്കുപുറമേ പുരട്ടുകയും ചെയ്യാം. അപ്പോൾ അതിനെ 'ബിഡാലകം' എന്നു പറയും. പുറന്തഴി, പുറമ്പട എന്നൊക്കെ മലയാളത്തിൽ പറയുന്നതിതിനെയാണ്. ശിരശ്ശോധനങ്ങളായ നസ്യധൂമാദികളെത്തുടർന്നു ആശ്ച്യോതനാദികളെ വിവരിക്കുന്നതുകൊണ്ടുതന്നെ നേത്രത്തിൽനിന്നു ദോഷങ്ങളെ ശോധനംചെയ്യുന്നവയാണ് ഈ പ്രയോഗങ്ങളെന്നു ഗ്രഹിക്കാം. അതുകൊണ്ടുതന്നെ നേത്രരോഗം എന്തുതന്നെയായാലും അതിന്റെ ആരംഭത്തിൽ ആശ്ച്യോതനം പ്രയോഗിക്കുന്നതു നല്ലതാണെന്നിവിടെ നിർദ്ദേശിക്കുന്നു.

രുക്തോദകണ്ഡൂഘർഷാശ്രുദാഹരാഗനിബർഹണം. 1
തത്ര വാതകഫേ കോഷ്ണം സുശീതം രക്തപിത്തയോഃ

രുക്തോദകണ്ഡൂഘർഷാശ്രുദാഹരാഗനിബർഹണം = വേദന, കുത്തിനോവു, ചൊറിച്ചിൽ, കരുകരുപ്പ്, കണ്ണീരൊഴുക്ക, ചുടിച്ചിൽ, ചുവപ്പ് ഇതുകളെ നശിപ്പിക്കുന്ന
തത്ര = ആ ആശ്ച്യോതനമാകട്ടേ
വാതകഫേ = വാതവികാരത്തിലും കഫവികാരത്തിലും
കോഷ്ണം = ചെറുചൂടോടുകൂടിയും
രക്തപിത്തയോഃ = രക്തവികാരത്തിലും പിത്തവികാരത്തിലും
സുശീതം = സുഖകരമായ വിധത്തിൽ തണുപ്പിച്ചും പ്രയോഗിക്കേണ്ടതാണ്.

നിവാതസ്ഥസ്യ വാമേന പാണിനോന്മീല്യ ലോചനം. 2
ശുക്തിപ്രലംബയാന്യേന പിചുവർത്ത്യാ കനീനകേ
ദശ ദ്വാദശ വാ ബിന്ദൂൻ ദ്വ്യംഗുലാദവസേചയേൽ. 3
തതഃ പ്രമൃജ്യ മൃദുനാ ചൈലേന കഫവാതയോഃ
അന്യേന കോഷ്ണപാനീയപ്ലുതേന സ്വേദയേൻ മൃദു. 4

നിവാതസ്ഥസ്യ = രോഗിയെ കാറ്റില്ലാത്ത മുറിയിൽ കിടത്തി അയാളുടെ
ലോചനം = നേത്രത്തെ
വാമേന പാണിനാ = ഇടത്തേക്കൈകൊണ്ട്
ഉന്മീല്യ = (വൈദ്യൻ) തുറന്നുപിടിച്ചുകൊണ്ട്
അന്യേന = മറ്റേ(വലത്തേ)ക്കൈകൊണ്ട്
ശുക്തിപ്രലംബയാ = ശുക്തിയിൽ (മരുന്നുപാത്രത്തിൽ) തൂങ്ങിക്കിടക്കുന്ന

പിചുവർത്ത്യാ = തുണിക്കീറൽകൊണ്ടുള്ള തിരിയിലൂടെ

ദശ ദ്വാദശ വാ ബിന്ദൂൻ = പത്തോ പന്ത്രണ്ടോ തുള്ളി മരുന്നു്

കനീനകേ = കനീനകസ്ഥാനത്തു (മൂക്കിനോടടുത്തുള്ള കണ്ണിന്റെ കോണത്തു്)

ദ്വ്യംഗുലാത് അവസേചയേത് = രണ്ടുവിരൽ പൊക്കത്തിൽനിന്നു ഒഴിക്കണം.

തതഃ മൃദുനാ ചൈലേന = ഒഴിച്ചുകഴിഞ്ഞാൽ നേർത്തതുണികൊണ്ടു്

പ്രമൃജ്യ = കണ്ണുതുടച്ചിട്ടു്

കോഷ്ണപാനീയപ്ലുതേന = ചൂടുവെള്ളത്തിൽ മുക്കിപിഴിഞ്ഞെടുത്ത

അന്യേന ചൈലേന = മറ്റൊരു തുണികൊണ്ടു്

കഫവാതയോഃ = കഫവാതവികാരങ്ങളിൽ

മൃദു സ്വേദയേൽ = മൃദുവായി വിയർപ്പിക്കയും വേണം.

ആശ്ച്യോതനം പ്രയോഗിക്കുന്നതിനു, മരുന്നൊഴിക്കുന്നതിനു പ്രയോഗിക്കുന്ന ശുക്തി എന്നുപേരുള്ള പാത്രത്തിൽ മരുന്നൊഴിച്ചു തുണികീറി തിരിയാക്കി അതിൽ മുക്കിയിട്ടുവയ്ക്കണം. വേറെ കുറെ നേർത്തതുണിക്കഷണങ്ങളും ഒരു പാത്രത്തിൽ കാച്ചു ചൂടുവെള്ളവുംകൂടി തയാറാക്കിവച്ചിരിക്കണം. എന്നിട്ടു രോഗിയെ കാറ്റില്ലാത്ത ഒരു മുറിയിൽ മലർത്തിക്കിടത്തി വൈദ്യൻ തന്റെ ഇടത്തേക്കൈകൊണ്ടു് അയാളുടെ കണ്ണു മിഴിച്ചുതുറന്നു വലത്തേക്കൈകൊണ്ടു ശുക്തിയെടുത്തു അതിൽ മുക്കിയിട്ടിട്ടുള്ള തിരിയിൽക്കൂടെ പത്തോ പന്ത്രണ്ടോ തുള്ളി മരുന്നു കണ്ണിൽ കനീനകസ്ഥാനത്തൊഴിക്കണം. മരുന്നു കണ്ണിൽ വീഴുന്നതു രണ്ടുവിരൽ പൊക്കത്തിൽനിന്നായിരിക്കയും വേണം. മരുന്നൊഴിച്ചുകഴിഞ്ഞാൽ ഒരു നേർത്ത തുണികൊണ്ടു കണ്ണിൽ പുരണ്ടിരിപ്പുള്ള മരുന്നൊക്കെ തുടച്ചുകളയണം. കഫവാതവികാരമാണെങ്കിൽ അതിനുശേഷം ചൂടുവെള്ളത്തിൽ മുക്കിപ്പിഴിഞ്ഞ തുണികൊണ്ടു കൺപോളമേൽ ചെറുതായൊന്നു വിയർപ്പിക്കയും വേണം.

അത്യുഷ്ണതീക്ഷ്ണം രുഗ്രാഗദൃങ്നാശായാക്ഷിസേചനം
അതിശീതം തു കുരുതേ നിസ്തോദസ്തംഭവേദനാഃ 5

കഷായവർത്മതാം ഘർഷം കൃച്ഛ്രാദുന്മേഷണം ബഹു
വികാരവൃദ്ധിമത്യല്പം സംരംഭമപരിസ്രുതം. 6

അത്യുഷ്ണതീക്ഷ്ണം = അത്യുഷ്ണവും അതിതീക്ഷ്ണവുമായുള്ള

അക്ഷിസേചനം = കണ്ണിൽ പ്രയോഗിക്കുന്ന ആശ്ച്യോതനം

രുഗ്രാഗദൃങ്നാശായ = വേദന, ചുവപ്പു്, ദൃഷ്ടിനാശം ഇവയെ ഉണ്ടാക്കുന്നതായിരിക്കും.

അതിശീതം തു = അതിശീതമായ ആശ്ച്യോതനമാകട്ടെ

നിസ്തോദസ്തംഭവേദനാഃ = കുത്തിനോവു്, നേത്രസ്തംഭനം, വേദന ഇതുകളേയും

ബഹു = അതിമാത്രമായ ആശ്ച്യോതനം

കഷായവർത്മതാം ഘർഷം = പോളയ്ക്കു കലക്കവും തടിപ്പും

കൃച്ഛ്റാൽ ഉന്മേഷണം കുരുതേ = തുറക്കാനരുതായ്കയും ഉണ്ടാക്കുന്നു.

അത്യല്പം = തീരെകുറഞ്ഞമാത്രയിലുള്ള ആശ്ച്യോതനം

വികാരവൃദ്ധിം = രോഗവൃദ്ധിയേയും

അപരിസ്രുതം = അരിച്ചു കരടുകളയാത്ത ആശ്ച്യോതനം

സംരംഭം = കരുകരുപ്പിനേയുമുണ്ടാക്കും.

ഗത്വാ സന്ധിശിരോഘ്രാണമുഖസ്രോതാംസി ഭേഷജം
ഊർദ്ധ്വഗാന്നയനേ ന്യസ്തമപവർത്തയതേ മലാൻ. 7

നയനേ ന്യസ്തം ഭേഷജം = കണ്ണിൽ ഒഴിക്കുന്ന മരുന്നു് (ആശ്ച്യോതനം)

സന്ധിശിരോഘ്രാണമുഖസ്രോതാംസി = നേത്രസന്ധികളിലും, ശിരസ്സിനേയും ഘ്രാണത്തേയും വക്ത്രത്തേയുമാശ്രയിച്ചുള്ള സ്രോതസ്സുകളിലും

ഗത്വാ = പ്രവേശിച്ചിട്ട്
ഊർദ്ധ്വഗാൻ മലാൻ = ഉത്തമാംഗത്തിലുള്ള മലങ്ങളായി നില്ക്കുന്ന ദോഷങ്ങളെ
അപവർത്തയതേ = പുറംതള്ളിക്കളയുന്നു.

നേത്രാവയവങ്ങളിൽ മാത്രമല്ല അതിന്റെ പ്രാന്തഭൂമികളായ ശിരോഘ്രാണമുഖസ്രോതസ്സുകളിലും നേത്രരോഗത്തെ ഉണ്ടാക്കിക്കൊണ്ടു നില്ക്കുന്ന മലങ്ങളെ ബഹിഷ്കരിക്കാൻ കഴിയുന്നതാണ് ആശ്ച്യോതനം. അതിനായിട്ടാണ് അതു രോഗാരംഭത്തിൽ പ്രയോഗിക്കണമെന്നു പറയുന്നതും.

അഥാഞ്ജനം ശുദ്ധതനോർന്നേത്രമാത്രാശ്രയേ മലേ
പക്വലിംഗേല്പശോഫാതികണ്ഡൂപൈച്ഛില്യലക്ഷിതേ 8
മന്ദഘർഷാശ്രുരാഗേക്ഷ്ണി പ്രയോജ്യം ഘനദൂഷികേ
ആർത്തേ പിത്തകഫാസൃഗ്ഭിർമ്മരുതാ തു വിശേഷതഃ. 9

അഥ = ആശ്ച്യോതനപ്രയോഗത്തിനുശേഷം
ശുദ്ധതനോഃ മലേ = ശോധനകർമ്മംകൊണ്ട് ശരീരശുദ്ധിവരുത്തിയിരിക്കുന്നവന് രോഗോല്പാദകമായ ദോഷം
നേത്രമാത്രാശ്രയേ = നേത്രത്തെ മാത്രം ആശ്രയിച്ചും
അല്പശോഫാതികണ്ഡൂപൈച്ഛില്യലക്ഷിതേ } = വീക്കത്തിനു കുറവ്, അധികമായ ചൊറിച്ചിൽ, വഴുവഴുപ്പ് ഇതുകൾകൊണ്ടു കാണപ്പെടുന്ന
പക്വലിംഗേ (സതി) = പക്വലക്ഷണം സഞ്ജാതമായുമിരിക്കുമ്പോൾ
മന്ദഘർഷാശ്രുരാഗേ = ഉരസൽ, കണ്ണീരൊഴുക്ക്, ചുവപ്പ് ഇതുകൾ കുറഞ്ഞും
ഘനദൂഷികേ അക്ഷ്ണി = പീള കൊഴുത്തുമിരിക്കുന്ന നേത്രത്തിൽ
അഞ്ജനം പ്രയോജ്യം = അഞ്ജനം പ്രയോഗിക്കേണ്ടതാണ്.
പിത്തകഫാസൃഗ്ഭിഃ = പിത്തകോപവും കഫകോപവും രക്തകോപവും കൊണ്ട്
ആർത്തേ = ആതുരമായ നേത്രത്തിലാണ് അഞ്ജനം പ്രയോഗിക്കേണ്ടത്.
മരുതാ തു = വാതകോപാതുരമായ നേത്രത്തിലാണെങ്കിൽ
വിശേഷതഃ = വിശേഷവിധിപ്രകാരമുള്ള അഞ്ജനമേ പ്രയോഗിക്കേണ്ടതുള്ളു.

ആശ്ച്യോതനം പ്രയോഗിക്കുന്നതുകൊണ്ട് നേത്രാവയവത്തിന്റെ പ്രാന്തഭൂമികളിലുള്ള മലം ശുദ്ധമാകയും, ശേഷിച്ചുള്ളതു പക്വമായി നേത്രത്തിൽമാത്രം തങ്ങിനില്ക്കുകയും ചെയ്യും. അല്പശോഫാതികണ്ഡൂപൈച്ഛില്യാദികളായി പറയപ്പെട്ടിരിക്കുന്ന ആ പക്വലക്ഷണങ്ങളെ കണ്ടറിഞ്ഞിട്ട് അതിനെ നേത്രത്തിൽനിന്നു ബഹിഷ്കരിക്കുന്നതിനായി പിന്നെ അഞ്ജനം പ്രയോഗിക്കണം. പിത്തകഫരക്തകോപത്തിലാണ് യഥോക്തമായ അഞ്ജനം പ്രയോഗിക്കേണ്ടത്. വാതകോപത്തിലാണെങ്കിൽ "വസാഞ്ജനേ ച വൈയാഘ്രീ വാരാഹീ വാ പ്രശസ്യതേ" ഇത്യാദി വിശേഷവിധിപ്രകാരമുള്ള സ്നേഹാഞ്ജനമാണ് പ്രയോഗിക്കേണ്ടത്.

ലേഖനം രോപണം ദൃഷ്ടിപ്രസാദനമിതി ത്രിധാ
അഞ്ജനം — ലേഖനം തത്ര കഷായാമ്ലപടൂഷണൈഃ. 10
രോപണം തിക്തകൈർദ്രവ്യൈസ്സ്വാദുശീതൈഃ പ്രസാദനം

ലേഖനം രോപണം ദൃഷ്ടിപ്രസാദനം ഇതി } = ലേഖനമെന്നും, രോപണമെന്നും, ദൃഷ്ടിപ്രസാദനമെന്നും
അഞ്ജനം ത്രിധാ = അഞ്ജനം മൂന്നുവിധത്തിലുണ്ട്.
തത്ര ലേഖനം = അതുകളിൽവച്ചു ലേഖനാഞ്ജനം

കഷായാമ്ലപടൂഷ്ണൈഃ = കഷായം, അമ്ലം ലവണം, കടു ഇവ രസങ്ങളുള്ള ദ്രവ്യങ്ങൾകൊണ്ടും
രോപണം തിക്തകൈഃ ദ്രവ്യൈഃ = രോപണാഞ്ജനം തിക്തദ്രവ്യങ്ങൾകൊണ്ടും
പ്രസാദനം = പ്രസാദനാഞ്ജനം
സ്വാദുശീതൈഃ = മധുരരസവും ശീതവീര്യവുമുള്ള ദ്രവ്യങ്ങൾകൊണ്ടുമുണ്ടാക്കുന്നതാണ്.

മധുരമൊഴിച്ചുള്ള അഞ്ചുരസങ്ങളും ലേഖനത്തിനു പയോഗിക്കാമെന്നും, രോപണത്തിനു തിക്തദ്രവ്യം മാത്രമല്ല കഷായദ്രവ്യവുമാകാമെന്നും സംഗ്രഹത്തിൽ കാണുന്നു. ആലോചിച്ചാൽ കഷായത്തെപ്പോലെ ശോഷണമായ തിക്തം ലേഖനാർത്ഥം പ്രയോഗിക്കാവുന്നതാണെന്നു കാണാം. കഷായമോ? സ്വയം രോപണം തന്നെയാണല്ലോ. ആകയാൽ 'ലേഖനം തത്ര കഷായാമ്ലപടൂഷ്ണൈഃ രോപണം തിക്തകൈർദ്രവ്യൈഃ' എന്ന ശ്ലോകഭാഗത്തെ "ലേഖനം സ്വാദുരഹിതൈരഥരോപണം കഷായതിക്തകൈർദ്രവ്യൈഃ" എന്നോ മറ്റോ വ്യത്യാസപ്പെടുത്തിപ്പഠിക്കയും ചെയ്യാം. ഇതിൽ ലേഖനാഞ്ജനം ശുക്ലാർമ്മാദികളിലും, രോപണാഞ്ജനം അഭിഷ്യന്ദങ്ങളിലും, പ്രസാദനാഞ്ജനം സൂര്യോപരാഗാശനിവിദ്യുദാദിവിലോകനോപഹതമായ നേത്രത്തിലും, സ്വസ്ഥവൃത്തനും പ്രയോഗിക്കേണ്ടതാണെന്നുകൂടി സംഗ്രഹത്തിൽ പറയുന്നു. അതിനു പുറമേ 'സ്നേഹനം' എന്നൊന്നുകൂടെച്ചേർത്തു് അഞ്ജനം നാലുവിധത്തിലുണ്ടെന്നുമാണ് സംഗ്രഹസിദ്ധാന്തം. "സർപ്പിർവസാദിഭിർവ്വാതതിമിരാദിഷു സ്നേഹനം"—സർപ്പിർവസകൾകൊണ്ടു വാതതിമിരാദികളിൽ പ്രയോഗിക്കാൻ നിർദ്ദേശിക്കുന്ന സ്നേഹനാഞ്ജനത്തെ അധികരിച്ചുള്ള ഈ സംഗ്രഹോക്തിയെയായിരിക്കണം 'മരുതാ തു വിശേഷതഃ" എന്നു ഹൃദയകാരൻ സംഗ്രഹിച്ചിരിക്കുന്നതു്.

ദശാംഗുലാ തനുർമദ്ധ്യേ ശലാകാ മുകുളാനനാ. 11
പ്രശസ്താ ലേഖനേ താമ്രീ രോപണേ കാളലോഹജാ
അംഗുലീ ച സുവർണ്ണോത്ഥാ രൂപ്യജാ ച പ്രസാദനേ. 12

ദശാംഗുലാ = പത്തുവിരൽനീളമുള്ളതും
മദ്ധ്യേ തനുഃ = മദ്ധ്യഭാഗം കനം കുറഞ്ഞിരിക്കുന്നതും
മുകുളാനനാ = അറ്റം പൂമൊട്ടുപോലെയിരിക്കുന്നതുമായ
ശലാകാ = ശലാക (അഞ്ജനം പ്രയോഗിക്കാൻ) വേണ്ടതാണ്.
ലേഖനേ = ലേഖനാഞ്ജനപ്രയോഗത്തിൽ
താമ്രീ = ചെമ്പുകൊണ്ടുണ്ടാക്കിയ ശലാകയും
രോപണേ = രോപണാഞ്ജനപ്രയോഗത്തിൽ
കാളലോഹജാ അംഗുലീ ച = ഉരുക്കുകൊണ്ടുള്ള ശലാകയും കൈവിരലും
പ്രസാദനേ = പ്രസാദനാഞ്ജനപ്രയോഗത്തിൽ
സുവർണ്ണോത്ഥാ രൂപ്യജാ ച പ്രശസ്താ = പൊന്നുകൊണ്ടുണ്ടാക്കിയതും വെള്ളികൊണ്ടുണ്ടാക്കിയതുമായ ശലാകയും നല്ലതാകുന്നു.

കണ്ണിൽ അഞ്ജനം പ്രയോഗിക്കുന്നതു ശലാകകൊണ്ടുവേണ്ടതാണ്. അതിലേയ്ക്കു ശലാകയെ അതിന്റെ നേർത്തിരിക്കുന്ന മദ്ധ്യഭാഗത്തു പെരുവിരലും ചൂണ്ടുവിരലുംകൊണ്ടു പിടിച്ചിട്ടു് അഞ്ജനത്തിനുള്ള മരുന്നു അതിന്റെ അറ്റംകൊണ്ടെടുത്തു് ഇടത്തുകൈകൊണ്ടു് രോഗിയുടെ മേലത്തെ കൺപോള പിടിച്ചുതുറന്നു കനീനകംമുതൽ അപാംഗംവരെ തേച്ചേക്കണം. വിരൽകൊണ്ടും അഞ്ജനം പ്രയോഗിക്കാം. എന്നല്ല ശലാകയെക്കാൾ അംഗുലിയാണ് അഞ്ജനപ്രയോഗത്തിനു അധികം നല്ലതു് എന്നും പറയാം. വ്രണമോ അതിവേദനയോ ഉള്ളപ്പോൾ വിരൽകൊണ്ടു സൂക്ഷിച്ചു അഞ്ജനം പ്രയോഗിക്കുന്നതു ഏറെ നന്നായിരിക്കും.

പിണ്ഡോ രസക്രിയാ ചൂർണ്ണസ്ത്രിധൈവാഞ്ജനകല്പനാ
ഗുരൗ മദ്ധ്യേ ലഘൗ ദോഷേ താഃ ക്രമേണ പ്രയോജയേൽ. 13

പിണ്ഡഃ രസക്രിയാ ചൂർണ്ണഃ = പിണ്ഡമായിട്ടും, രസക്രിയയായിട്ടും, ചൂർണ്ണമായിട്ടും
ത്രിധാ ഏവ = മൂന്നുവിധത്തിൽ തന്നെയാകുന്ന
അഞ്ജനകല്പനാ = അഞ്ജനത്തെ കല്പിക്കേണ്ടതു്.
താഃ ക്രമേണ = അവയെ ക്രമേണ
ഗുരൗ മദ്ധ്യേ ലഘൗ ദോഷേ = ഗുരുവായും, മധ്യമമായും, ലഘുവായുമുള്ള ദോഷത്തിൽ
പ്രയോജയേൽ = പ്രയോഗിക്കേണ്ടതാണ്.

ഗുണത്തെ പ്രമാണമാക്കിയാണ് ലേഖനം, രോപണം, പ്രസാദനം എന്നു് ആദ്യം അഞ്ജനത്തെ മൂന്നായി വിഭജിച്ചതു്. ഇപ്പോൾ ആകൃതിയെ അനുസരിച്ചും അതിനെ മൂന്നായി വിഭജിക്കയാണ്. 'പിണ്ഡം' എന്നതു 'വർത്തി' എന്ന പ്രത്യേക നാമമുള്ള ഗുളികയാണ്. ഇളനീർക്കുഴമ്പുപോലെ കുഴമ്പായിട്ടിരിക്കുന്നതാണ് രസക്രിയ. ചൂർണ്ണം പൊടിതന്നെ. ദോഷം അധികമുള്ളതിൽ പിണ്ഡവും കുറച്ചുമാത്രമുള്ളതിൽ ചൂർണ്ണവും പ്രയോഗിക്കേണ്ടതാണ്. മധ്യദോഷത്തിൽ രസക്രിയയാണ് പ്രയോഗിക്കേണ്ടതു്. ഈ പിണ്ഡരസക്രിയാചൂർണ്ണങ്ങളിൽ ഓരോന്നും തീക്ഷ്ണം മൃദു ഇങ്ങനെ ഈരണ്ടായിത്തിരിയുകയും ചെയ്യും.

ഹരേണുമാത്രഃ പിണ്ഡഃ സ്യാദ്വല്ലമാത്രാ രസക്രിയാ
തീക്ഷ്ണസ്യ ദ്വിഗുണം തസ്യ മൃദുനശ്ചൂർണ്ണിതസ്യ തു. 14
ദ്വേ ശലാകേ ച തീക്ഷ്ണസ്യ തിസ്രസ്സ്യുരിതരസ്യ ച

തീക്ഷ്ണസ്യ = തീക്ഷ്ണമായിട്ടുള്ളതിനു
പിണ്ഡഃ ഹരേണുമാത്രഃ = പിണ്ഡം ഒരു വാൽമുളകോളവും
രസക്രിയാ വല്ലമാത്രാ = രസക്രിയാ ഒരു വിഴാലരിയോളവും
സ്യാൽ = ഉണ്ടായിരിക്കണം.
മൃദുനഃ = മൃദുവായിട്ടുള്ളതിനു
തസ്യ ദ്വിഗുണം = അതിന്റെ (ഹരേണുവിന്റേയും വല്ലത്തിന്റേയും) ഇരട്ടിയുണ്ടായിരിക്കണം.
ചൂർണ്ണിതസ്യ തു = പൊടിയാണെങ്കിൽ
തീക്ഷ്ണസ്യ ദ്വേ ശലാകേ ച = തീക്ഷ്ണമായുള്ളതിനു രണ്ടു ശലാകയും
ഇതരസ്യ = മറ്റേതിനു (മൃദുവായതിനു്)
തിസ്രഃ ച സ്യുഃ = മൂന്നു ശലാകയും വേണ്ടതാണ്.

പിണ്ഡാദികളും തീക്ഷ്ണം മൃദു ഇങ്ങനെ രണ്ടുവിധത്തിലുണ്ടെന്നു പറഞ്ഞിട്ടുണ്ടല്ലോ. തീക്ഷ്ണമായിട്ടുള്ളതാണെങ്കിൽ പിണ്ഡം വാൽമുളകോളവും, രസക്രിയ വിഴാലരിയോളവും, ചൂർണ്ണം രണ്ടു ശലാകയും പ്രയോഗിക്കേണ്ടതാണ്. മൃദുവായുള്ളതാണെങ്കിൽ പിണ്ഡം രണ്ടു വാൽമുളകോളവും, രസക്രിയ രണ്ടു വിഴാലരിയോളവും, ചൂർണ്ണം മൂന്നു ശലാകയുമാണ് പ്രയോഗിക്കേണ്ടതു്.

നിശി സ്വപ്നേന മധ്യാഹ്നേ മ്ലാനേ ചോഷ്ണഗഭസ്തിഭിഃ. 15
അക്ഷ്ണി രോഗായ ദോഷാഃ സ്യുർവർദ്ധിതോത്പീഡിതദ്രുതാഃ
പ്രാതസ്സായം ച തച്ഛാന്ത്യൈ വ്യഭ്രേഽർക്കേതോഞ്ജയേൽ സദാ. 16

നിശി സ്വപ്നേന = രാത്രികാലത്തു ഉറങ്ങുന്നതുകൊണ്ടും
മധ്യാഹ്നേ ഉഷ്ണഗഭസ്തിഭിഃ ച = മധ്യാഹ്നസമയത്തു് ഉഷ്ണരശ്മികളാൽകൊണ്ടും
അക്ഷ്ണി മ്ലാനേ = കണ്ണിനു വാട്ടമുണ്ടായിരിക്കുമ്പോൾ
ദോഷാഃ = നേത്രത്തിൽ രോഗോല്പാദകങ്ങളായി നിൽക്കുന്ന ദോഷങ്ങൾ
വർദ്ധിതോത്പീഡിതദ്രുതാഃ = വർദ്ധിച്ചു സ്ഥാനാന്തരഗതങ്ങളും ദ്രവീകൃതങ്ങളുമായിട്ടു്
രോഗായ സ്യുഃ = കൂടുതൽ രോഗത്തെ ഉണ്ടാക്കുന്നതായിരിക്കും.

അതഃ തച്ഛാന്ത്യൈ = ഈ കാരണത്താൽ അതിന്റെ നിവൃത്തിക്കായിട്ട്
പ്രാതഃ സായം ച = രാവിലെയും വൈകുന്നേരത്തും
ന്യൂനേ അർക്കേ സദാ = സൂൎയ്യപ്രകാശമുള്ളപ്പോൾ എന്നും
അഞ്ജയേൽ = അഞ്ജനം പ്രയോഗിക്കേണ്ടതാണ്.

രാത്രിയിലും പകൽ വെയിൽമൂത്തതിനുശേഷവും അഞ്ജനം പ്രയോഗിക്കരുത് എന്നാണ് ഇതുകൊണ്ട നിർദ്ദേശിക്കുന്നതു്. 'നിശി സ്വപ്നേന മദ്ധ്യാഹ്നേ മ്ലാനേ നോഷ്ണഗഭസ്തിഭിഃ അക്ഷിരോഗായ' എന്നൊരു പാഠത്തെ അംഗീകരിച്ചുകൊണ്ട രാത്രിയിലും ഉറക്കത്തിലും മദ്ധ്യാഹ്നത്തും ഉഷ്ണഗഭസ്തികൾകൊണ്ട നേത്രം മ്ലാനമായിരിക്കുമ്പോഴും അഞ്ജനം പ്രയോഗിക്കുവാൻ പാടില്ല എന്നു വ്യാഖ്യാനിക്കുന്നതു ശരിയായിട്ടുള്ളതല്ല. ഇവിടെ കാലത്തും വൈകിട്ടുമായിരിക്കണം അഞ്ജനം പ്രയോഗിക്കേണ്ടതു എന്നാണ വിവക്ഷ. അതിലെയ്ക്കു രാത്രിയും പകലുമായുള്ള ദോഷത്തെ വിവരിക്കേണ്ട ആവശ്യമേയുള്ളു. അതു താഴെ പറയുകയും ചെയ്യും. പിന്നെ സ്വപ്നാദികളെപ്പറ്റിയാണെങ്കിൽ 'അഗ്ന്യർക്കാനന്തവേഷ്ട ദിവാസുപ്ത പിപാസിതേ നാഞ്ജയേൽ' എന്നു് നിഷേധവിധി തുടർന്നുപറയുന്നുമുണ്ട്. ആകയാൽ നിശിസ്വാപ്നേനത്യാദിപദ്യത്തെ മേൽ കാണിച്ചവിധത്തിൽ തന്നെ വ്യാഖ്യാനിക്കേണ്ടതാകുന്നു

വദന്ത്യന്യേ തു ന ദിവാ പ്രയോജ്യം തീക്ഷ്ണമഞ്ജനം
വിരേകദുർബ്ബലം ചക്ഷുരാദിത്യം പ്രാപ്യ സീദതി 17

അന്യേ തു = മററു ചില ആചാൎയ്യന്മാരാകട്ടെ
തീക്ഷ്ണം അഞ്ജനം = തീക്ഷ്ണമായ അഞ്ജനം
ദിവാ ന പ്രയോജ്യം = പകൽ പ്രയോഗിക്കാവുന്നതല്ല.
വിരേകദുർബ്ബലം ചക്ഷുഃ = അഞ്ജനപ്രയോഗത്താൽ ദോഷം സ്രവിച്ചുപോയിട്ട് ബലഹീനമായിത്തീരുന്ന നേത്രം
ആദിത്യം പ്രാപ്യ സീദതി = സൂൎയ്യരശ്മിയേററിട്ടു ക്ഷീണിച്ചുപോകാനിടയുണ്ട്
(ഇതി) വദന്തി = എന്നു പറയുന്നു.

അഞ്ജനം ദോഷശോധനത്തിനുള്ളതാണ്. ദോഷം സ്രവിച്ചുപോയാൽ അതു നിമിത്തം നേത്രം ബലഹീനമാകയുംചെയ്യും. അങ്ങനെ വിരേകദുർബ്ബലമാകുന്ന നേത്രം ഉടനെ സൂൎയ്യരശ്മി ഏൽക്കേണ്ടതായിവന്നാൽ അതിദുർബ്ബലമായിപ്പോകും. അതു രോഗവൃദ്ധിയെ സഹായിക്കയു ചെയ്യും. അതുകൊണ്ട തീക്ഷ്ണാഞ്ജനം പകൽ പ്രയോഗിച്ചുകൂടാ എന്നാണ ചില ആചാൎയ്യന്മാർ സിദ്ധാന്തിക്കുന്നതു്.

സ്വപ്നേന രാത്രൗ കാലസ്യ സൗമ്യത്വേന ച തർപ്പിതാ
ശീതസാത്മ്യാ ദൃഗാഗ്നേയീ സ്ഥിരതാം ലഭതേ പുനഃ. 18

രാത്രൗ = രാത്രിയിൽ അഞ്ജനം പ്രയോഗിക്കുന്നതായാൽ
സ്വപ്നേന = ഉറങ്ങുന്നതുകൊണ്ടും
കാലസ്യ സൗമ്യത്വേന ച = കാലം രാത്രി ശീതഗുണമുള്ളതാകകൊണ്ടും
തർപ്പിതാ ആഗ്നേയീ = പുഷ്ടിയെലഭിച്ചിട്ട് അഗ്നിഗുണപ്രവിഷ്ടമാണെങ്കിലും
ശീതസാത്മ്യാ ദൃക് = തണുപ്പിൽ സുഖേന പഴകിയിരിക്കുന്ന നേത്രം
പുനഃ = തീക്ഷ്ണാഞ്ജനപ്രയോഗത്തിനുശേഷം അതുകൊണ്ടു ക്ഷീണിച്ചുപോയിരുന്നാലും
സ്ഥിരതാം ലഭതേ = ലബ്ധബലമായിട്ടു സുസ്ഥിരമാകുന്നു

ഇങ്ങനെ തീക്ഷ്ണാഞ്ജനം പകൽ പ്രയോഗിച്ചുകൂടാ എന്നു മാത്രമല്ല രാത്രിയിലാണ പ്രയോഗിക്കേണ്ടതു് എന്നുംകൂടി അവൎക്കു അഭിപ്രായമുണ്ട്.

അത്യുദ്രിക്തേ വലാസേ തു ലേഖനീയേഽഥവാ ഗാഢ
കാമമപ്യഗ്നി നാത്യുഷ്ണേ തീക്ഷ്ണമക്ഷ്ണി പ്രയോജയേൽ. 19

അത്യുദ്രിക്തേ വലാസേ തു = അധികം വർദ്ധിച്ചിരിക്കുന്ന കഫദോഷത്തിലാണെങ്കിൽ

അഥവാ = അല്ലാത്തപക്ഷം
ലേഖനീയേ ഗദേ = ഉരസിക്കളയേണ്ട ദോഷമുള്ള രോഗത്തിൽ
അഹനി അപി കാമം = പകലും അഞ്ജനം പ്രയോഗിക്കാം
അത്യുഷ്ണേ (അഹനി) = അത്യുഷ്ണമായ പകലാണെങ്കിൽ
തീക്ഷ്ണം = തീക്ഷ്ണമായ അഞ്ജനം
അക്ഷ്ണി ന പ്രയോജയേൽ = കണ്ണിൽ പ്രയോഗിച്ചുപോകരുതു്.

പകൽ അഞ്ജനം പ്രയോഗിച്ചുകൂടാ എന്ന നിർബന്ധമുള്ളവക്കും, കഫം അധികമായി വർദ്ധിച്ചിരിക്കുന്നതിലും ലേഖനംചെയ്യേണ്ട രോഗത്തിലും പകൽ അഞ്ജനം പ്രയോഗിക്കുന്നതിനു വിരോധമില്ല എന്നൊരു മതാനുവാദമുണ്ടു്. എന്നാലും അത്യുഷ്ണമായ പകൽ തീക്ഷ്ണാഞ്ജനം പ്രയോഗിക്കവയ്യ എന്നുതന്നെയാണ തീച്ച്യായ അഭിപ്രായം.

അശ്മനോ ജന്മ ലോഹസ്യ തത ഏവാസ്യ തീക്ഷ്ണതാ
ഉപഘാതോപി തേനൈവ തഥാ നേത്രസ്യ തേജസഃ. 20

ലോഹസ്യ ജന്മ അശ്മനഃ = ഉരുക്കിന്റെ ഉത്ഭവം കല്ലിൽനിന്നാകുന്നു.
തതഃ ഏവ = അതിനാൽതന്നെ
അസ്യ തീക്ഷ്ണതാ = ഇതിനു് (ഉരുക്കിനു്) മറ്റൊന്നിനെ ഭേദിക്കത്തക്ക മൂച്ചുണ്ടാകുന്നു.
തേന ഏവ = അതുകൊണ്ടു (കല്ലുകൊണ്ടുതന്നെ)
ഉപഘാതഃ അപി = അതിന്റെ മൂച്ചില്ലാ നാശമുണ്ടാകുകയും ചെയ്യുന്നു.
തഥാ നേത്രസ്യ (ജന്മ) = അപ്രകാരം കണ്ണിന്റെ ഉത്ഭവം
തേജസഃ = അഗ്നിയിൽ നിന്നാകുന്നു അതുനിമിത്തമാണു് അതിനു ദർശനശക്തിയുണ്ടായിരിക്കുന്നതു്. അഗ്നിയുടെ (ചൂടിന്റെ) ആധിക്യംകൊണ്ടുതന്നെ ആ ദർശനശക്തി നശിക്കയും ചെയ്യുന്നു.

ഉരുക്കു കല്ലിൽനിന്നുണ്ടാകുന്നതാണു്. അതുകൊണ്ടു് അതു കട്ടപ്പമുള്ളതായിരിക്കുന്നു. എന്നുതന്നെയല്ല വേണ്ടവിധത്തിൽ കല്ലിലിട്ടു തേച്ചാൽ ശസ്ത്രമാക്കിത്തീക്കുന്ന ആ ഉരുക്കു് മൂച്ചുള്ളതായിത്തീരുകയും ചെയ്യുന്നു. എങ്കിലും അവിഹിതമായ വിധത്തിൽ കല്ലിൽ പ്രയോഗിക്കുന്നതായാൽ അതിന്റെ മൂച്ച് നശിക്കയാണ ചെയ്യുന്നതു്. അതുപോലെ നേത്രത്തിന്റെ ഉത്ഭവം അഗ്നിയിൽനിന്നാണു് അതുകൊണ്ടാണ അതിനു ദർശനശക്തി ഉണ്ടായിരിക്കുന്നതു്. എന്നാൽ അവിഹിതമായിട്ടു ചൂടേല്ക്കുന്ന പക്ഷം ആ ദർശനശക്തി നശിക്കതന്നെ ചെയ്യും. അതിനാലാണ അതിതീക്ഷ്ണോഷ്ണമായ പകൽസമയം തീക്ഷ്ണമായ അഞ്ജനം കണ്ണിൽ പ്രയോഗിക്കരുതെന്നു പറഞ്ഞതു്.

ന രാത്രാവപി ശീതേതി നേത്രേ തീക്ഷ്ണാഞ്ജനം ഹിതം
ദോഷമസ്രാവയൽ സ്തംഭകണ്ഡൂജാള്യാദികാരി തൽ. 21

അതിശീതേ രാത്രൌ അപി = അധികം തണുപ്പുള്ള രാത്രികാലത്തും
തീക്ഷ്ണാഞ്ജനം = തീക്ഷ്ണമായ അഞ്ജനം
നേത്രേ ന ഹിതം = കണ്ണിൽ പ്രയോഗിക്കുന്നതു ഹിതമായിട്ടുള്ളതല്ല
തൽ = രാത്രിയിൽ പ്രയോഗിക്കുന്ന ആ തീക്ഷ്ണാഞ്ജനം
ദോഷം അസ്രാവയൽ = ദോഷത്തെ സ്രവിപ്പിച്ചുകളയാതെ അകത്തുനിറുത്തീട്ടു്
സ്തംഭകണ്ഡൂജാള്യാദികാരി = കണ്ണിനു സ്തംഭനം, ചൊറിച്ചിൽ, ജാഡ്യം മുതലായ വികാരങ്ങളെ ഉണ്ടാക്കും.

അത്യുഷ്ണമായ പകൽ അഞ്ജനം പ്രയോഗിക്കുന്നതു ദോഷകരമായിരിക്കുന്നതുപോലെ അതിശൈത്യമുള്ള രാത്രിയിലും തീക്ഷ്ണാഞ്ജനം പ്രയോഗിക്കുന്നതു

മറെറാരുവിധത്തിൽ ദോഷകരമാണ്. തീക്ഷ്ണാഞ്ജനത്താൽ പ്രചലിതമാകുന്ന ദോഷത്തിന്നു തണുപ്പിന്റെ കൂടുതൽകൊണ്ടു സ്രോതോരോധം സംഭവിക്കുന്നതിനാൽ പുറത്തുപോകാൻ സാധിക്കാതെവരികയും അകത്തുനിന്നു അശ്രുസ്രാവകണ്ഡ്വാദിവികാരങ്ങളെ ഉണ്ടാക്കുകയും ചെയ്യും. അതുകൊണ്ടു വസന്തൎത്തു അത്യുഷ്ണവും അതിശൈത്യവുമുള്ളപ്പോഴും അഞ്ജനം പ്രയോഗിച്ചുകൂടാ എന്നും. ആ ദോഷമില്ലെങ്കിൽ പകലും രാത്രിയും അഞ്ജനം പ്രയോഗിക്കുന്നതിനു വിരോധമില്ലെന്നുമാണ്. ആകയാൽ അഞ്ജനപ്രയോഗം സമശീതോഷ്ണമായ പ്രതസ്സായംസമയങ്ങളിൽത്തന്നെ വേണം എന്നു നിയമിക്കുന്നതാണു യുക്തം

നാഞ്ജയേൽ ഭീതവമിതവിരിക്താശിതവേഗിതേ
ക്രുദ്ധജ്വരിതതാന്താക്ഷിശിരോരുക്ശോകജാഗരേ 22
അദൃഷ്ടേർക്കേ ശിരഃസ്നാതേ പീതയോർധൂമമദ്യയോഃ
അജീർണ്ണേഗ്ന്യർക്കസന്തപ്തേ ദിവാസുപ്തേ പിപാസിതേ. 23

ഭീതവമിതവിരിക്താശിതവേഗിതേ = ഭയപ്പെട്ടിരിക്കുന്നവൻ, ഛർദ്ദിയോ വിരേചനമോ ചെയ്തിരിക്കുന്നവൻ, ഊണുകഴിച്ചവൻ, വേഗംമുട്ടിയിരിക്കുന്നവൻ

ക്രുദ്ധജ്വരിതതാന്താക്ഷിശിരോരുക്ശോകജാഗരേ = കോപിച്ചിരിക്കുന്നവൻ, ജ്വരരോഗി, ക്ഷീണിച്ച കണ്ണുകളുള്ളവൻ, തലവേദനയോ ദുഃഖമോ ഉള്ളവൻ ഉറക്കിളച്ചവൻ ഇവരിലും

അർക്കേ അദൃഷ്ടേ = മഴക്കാറുകൊണ്ടു മറവും സൂര്യനെ കാണ്മാനില്ലാത്ത ദിവസവും

ശിരഃസ്നാതേ = തലകുളിച്ചിരിക്കുന്നവരിലും

ധൂമമദ്യയോഃ പീതയോഃ = ധൂമപാനമോ മദ്യസേവയോ ചെയ്തിരിക്കുന്നവരിലും

അജീർണ്ണേ = അജീർണ്ണമുള്ളപ്പോഴും

അഗ്ന്യർക്കസന്തപ്തേ = തീകൊണ്ടോ വെയിലുകൊണ്ടോ ചൂടുപിടിച്ചിരിക്കുന്നവരിലും

ദിവാസ്വപ്തേ പിപാസിതേ = പകലുറങ്ങിയവരിലും തണ്ണീർദാഹമുള്ളവരിലും

ന അഞ്ജയേൽ = അഞ്ജനം പ്രയോഗിക്കാവുന്നതല്ല.

അതിതീക്ഷ്ണമൃദുസ്തോകബഹ്വച്ഛഘനകർക്കശം
അത്യുഷ്ണശീതളം തപ്തമഞ്ജനം നാവചാരയേൽ. 24

അതിതീക്ഷ്ണമൃദുസ്തോകബഹ്വച്ഛഘനകർക്കശം = അധികം തീക്ഷ്ണമായതു്, തീരെ മൃദുവായതു് അല്പമാത്രമായതു്, അതിമാത്രമായതു് വളരെ തെളിവുള്ളതു, അധികം കുഴഞ്ഞതു്, കരടുകളുള്ളതു്

അത്യുഷ്ണശീതളം തപ്തം = അധികം തണുത്തിരിക്കുന്നതു, ഏറെ ചൂടുള്ളതു്

അഞ്ജനം = (ഇങ്ങനെയെല്ലാമിരിക്കുന്ന) അഞ്ജനം

ന അവചാരയേൽ = കണ്ണിൽ പ്രയോഗിക്കരുതു്.

അഥാനുന്മീലയൻ ദൃഷ്ടിമന്തസ്സഞ്ചാരയേച്ഛനൈഃ
അഞ്ജിതേ വർത്മനീ കിഞ്ചിച്ചാലയേച്ചൈവമഞ്ജനം. 25
തീക്ഷ്ണം വ്യാപന്നാതി സഹസാ ന ചോന്മേഷനിമേഷണം
നിഷ്പീഡനം ച വർത്മഭ്യാം ക്ഷാളനം വാ സമാചരേൽ. 26

അഥ അഞ്ജിതേ = അനന്തരം അഞ്ജനം പ്രയോഗിച്ചുകഴിഞ്ഞാൽ

അനുന്മീലയൻ = കൺപോള തുറക്കാതെ

ദൃഷ്ടിം അന്തഃ = കൺമണിയുടെ അന്തർഭാഗത്തു

ശനൈഃ സഞ്ചാരയേൽ = സാവധാനത്തിൽ ചരിപ്പിക്കണം (ഉരുട്ടണം)

വർത്മനീ = കൺപോള രണ്ടും
കിഞ്ചിൽ ചാലയേൽ ച = വിരൽകൊണ്ടു അല്പം ചലിപ്പിക്കുകയും വേണം.
ഏവം തീക്ഷ്ണം അഞ്ജനം = ഇങ്ങനെ ചെയ്താൽ തീക്ഷ്ണമായ അഞ്ജനം.
വ്യാപ്നോതി = നേത്രാവയവങ്ങളിലെങ്ങും വ്യാപിക്കുന്നു.
സഹസാ = ആ വിധത്തിലല്ലാതെ പെട്ടെന്നു
ഉന്മേഷ നിമേഷണം ച = കണ്ണു തുറക്കുകയും അടയ്ക്കുകയും
വർത്മഭ്യാം നിഷ്പീഡനം ച = പോള കൂട്ടിത്തിരുമ്മുകയും
ക്ഷാളനം വാ ന സമാചരേൽ = കണ്ണു കഴുകുക തന്നെയും ചെയ്തുപോകരുതു്.

അപേതൗഷധസംരംഭം നിർവൃതം നയനം യദാ
വ്യാധിദോഷർത്തുയോഗ്യാഭിരദ്ഭിഃ പ്രക്ഷാളയേത്തദാ. 27

അപേതൗഷധസംരംഭം യദാ നയനം = മരുന്നെഴുതിയതുകൊണ്ടുണ്ടായ കരുകരുപ്പു് മുതലായവ തീർന്നു് എപ്പോൾ കണ്ണു്
നിർവൃതം തദാ = സുഖസ്ഥിതിയിലായിത്തീരുമോ അപ്പോൾ
വ്യാധിദോഷർത്തുയോഗ്യാഭിഃ = രോഗത്തിനും, ദോഷത്തിനും, കാലത്തിനും അനുഗുണമായവിധത്തിൽ മരുന്നിട്ടു വെന്തെടുത്ത
അദ്ഭിഃ പ്രക്ഷാളയേൽ = കഷായജലംകൊണ്ടു കണ്ണു കഴുകണം.

അഞ്ജനപ്രയോഗംകൊണ്ടു് ഇളകിയ ദോഷങ്ങൾ മുഴുവൻ സ്രവിച്ചുപോയതിനുശേഷമേ കണ്ണു കഴുകാവൂ എന്നു താല്പര്യം. കഴുകുന്നതു കഷായജലംകൊണ്ടുവേണംതാനും.

ദക്ഷിണാംഗുഷ്ഠകേനാക്ഷി തതോ വാമം സവാസസാ
ഊർദ്ധ്വവർത്മനി സംഗൃഹ്യ ശോധ്യം വാമേന ചേതരൽ. 28

തതഃ = കണ്ണു കഴുകിയതിനുശേഷം
സവാസസാ = തുണിചുററിയിട്ടുള്ള
ദക്ഷിണാംഗുഷ്ഠകേന = വലത്തേക്കയ്യുടെ പെരുവിരൽകൊണ്ടു (വൈദ്യൻ)
വാമം അക്ഷി = രോഗിയുടെ ഇടത്തേക്കണ്ണും
വാമേന ഇതരൽ ച = ഇടത്തെ പെരുവിരൽകൊണ്ടു വലത്തേക്കണ്ണും
ഊർദ്ധ്വവർത്മനി സംഗൃഹ്യ = മേൽപോളയിൽ പിടിച്ചു പൊക്കീട്ടു്
ശോധ്യം = ശോധനം ചെയ്യേണ്ടതാണു്.

മരുന്നിലോ മററോ ഉണ്ടായിരുന്ന വല്ല കരടുകളോ മരുന്നിന്റെ അംശങ്ങളോ കണ്ണിൽ കിടപ്പുണ്ടെങ്കിൽ അതിനെ ശലാകയോ തുണിതെറുത്തുണ്ടാക്കിയ തിരിയോ മററോകൊണ്ടു് എടുത്തുകളയണമെന്നു സാരം.

വർത്മപ്രാപ്താഞ്ജനാദ്ദോഷാ രോഗാൻ കുര്യുരതോന്യഥാ
കണ്ഡൂജാഡ്യേഞ്ജനം തീക്ഷ്ണം ധൂമം വാ യോജയേൽ പുനഃ. 29

അതഃ അന്യഥാ = ഇങ്ങനെ ചെയ്യാതിരുന്നാൽ
വർത്മപ്രാപ്താഞ്ജനാൽ = പോളയ്ക്കുള്ളിൽ കടന്നുകൂടിയിരിക്കാനിടയുള്ള അഞ്ജനശേഷത്താൽ
ദോഷാഃ രോഗാൻ കുര്യുഃ = ദോഷം കോപിച്ചിട്ടു രോഗങ്ങളെ ഉണ്ടാക്കും.
പുനഃ = പിന്നീടു്
കണ്ഡൂജാഡ്യേ = ചൊറിച്ചിലോ ജഡതയോ ഉള്ളതായിക്കണ്ടാൽ
തീക്ഷ്ണം അഞ്ജനം ധൂമം വാ = തീക്ഷ്ണമായ അഞ്ജനമോ ധൂമമോ
യോജയേൽ = പ്രയോഗിക്കണം.

തീക്ഷ്ണാഞ്ജനാഭിതപ്തേ തു ചൂർണ്ണം പ്രത്യഞ്ജനം ഹിതം. 30

തീക്ഷ്ണാഞ്ജനാഭിതപ്തേ തു = അഞ്ജനത്തിന്റെ തീക്ഷ്ണതയാൽ നേത്രം സന്തപ്തമായിപ്പോയി എങ്കിൽ

| | |
|---|---|
| പ്രത്യഞ്ജനം ചൂർണ്ണം | = പ്രത്യഞ്ജനം എന്ന പ്രത്യേകനാമമുള്ള ചൂർണ്ണാഞ്ജനം |
| ഹിതം | = പ്രയോഗിക്കുന്നതു നല്ലതാകുന്നു |

തീക്ഷ്ണാഞ്ജനാദിരൂപമായ നേത്രത്തിൽ ലേഖനരോപണാഞ്ജനങ്ങളുടെ പ്രയോഗം അസാധുവാകയാൽ ഇവിടെ ചൂർണ്ണം എന്നു പറഞ്ഞതു പ്രസാദനാഞ്ജനമാണെന്നു ധരിക്കണം. ഇതിൽനിന്നു പ്രസാദനാഞ്ജനം ചൂർണ്ണമാക്കി തീക്ഷ്ണാഞ്ജനാദിരൂപതയിൽ നിർവ്വാപണമായിട്ടു പ്രയോഗിക്കുമ്പോൾ അതിനു പ്രത്യഞ്ജനം എന്നു പ്രത്യേകമായൊരു പേരുണ്ടെന്നു് അറിഞ്ഞുകൊൾകയും വേണം.

ഇരുപത്തിമൂന്നാം അദ്ധ്യായം കഴിഞ്ഞു.

---

# ഇരുപത്തിനാലാം അദ്ധ്യായം

---

## തർപ്പണപുടപാകവിധി

നയനേ താമ്യതി സ്തബ്ധേ ശുഷ്കേ രൂക്ഷേഭിഘാതിതേ
വാതപിത്താതുരേ ജിഹ്മേ ജീർണ്ണപക്ഷ്മാവിലേക്ഷണേ 1
കൃച്ഛ്രോന്മീലസിരാഹർഷസിരോല്പാതതമോർജ്ജുനൈഃ
സ്യന്ദമന്ഥാന്യതോവാതവാതപര്യയശുക്ലകൈഃ 2
ആതുരേ ശാന്തരാഗാശ്രുശൂലസംരംഭദൂഷികേ
നിവാതേ തർപ്പണം യോജ്യം ശുദ്ധയോർമൂർദ്ധകായയോഃ 3
കാലേ സാധാരണേ പ്രാതസ്സായം ചോത്താനശായിനഃ

| | |
|---|---|
| താമ്യതി സ്തബ്ധേ | = ക്ഷീണിച്ചും സ്തംഭിച്ചും |
| ശുഷ്കേ രൂക്ഷേ | = വറണ്ടും രൂക്ഷമായും |
| അഭിഘാതിതേ | = ഒലിവോ ചതവോ ഏറ്റും |
| വാതപിത്താതുരേ ജിഹ്മേ | = വാതപിത്തങ്ങളാൽ പീഡിതമായും കോടിയും |
| ജീർണ്ണപക്ഷ്മാവിലേക്ഷണേ | = ഇമകൾ കൊഴിഞ്ഞും കാഴ്ച മങ്ങിയുമിരിക്കുന്ന |
| നയനേ | = നേത്രത്തിലും |
| കൃച്ഛ്രോന്മീലസിരാഹർഷസിരോല്പാതതമോർജ്ജുനൈഃ | = കൃച്ഛ്രോന്മീലം, സിരാഹർഷം, സിരോല്പാതം, തിമിരം, അർജ്ജുനം ഈ രോഗങ്ങളാലും |
| സ്യന്ദമന്ഥാന്യതോവാതവാതപര്യയശുക്ലകൈഃ | = അഭിഷ്യന്ദം, അധിമന്ഥം, അന്യതോവാതം, വാതപര്യയം, ശുക്ലം എന്നീ രോഗങ്ങളാലും |
| ആതുരേ | = ആർത്തമായിട്ടു് |
| ശാന്തരാഗാശ്രുശൂലസംരംഭദൂഷികേ | = ചുവപ്പു്, കണ്ണീരൊഴുക്കു്, വേദന, കരുകരുപ്പു്, പീള ഇവ കുറഞ്ഞിരിക്കുന്ന കണ്ണിലും |
| സാധാരണേ കാലേ | = സാധാരണകാലത്തു് |
| മൂർദ്ധകായയോഃ ശുദ്ധയോഃ | = നസ്യംകൊണ്ടും, വിരേചനംകൊണ്ടും, ശിരസ്സും ശരീരവും ശുദ്ധമാക്കീട്ടു് |
| നിവാതേ ഉത്താനശായിനഃ | = കാററില്ലാത്ത സ്ഥലത്തു മലർന്നുകിടക്കുന്നവന്നു് |
| പ്രാതഃ സായം ച | = രാവിലെയും വൈകുന്നേരത്തും |
| തർപ്പണം യോജ്യം | = തർപ്പണം പ്രയോഗിക്കേണ്ടതാണു്. |

ആശ്ച്യോതനാഞ്ജനവിധി കഴിഞ്ഞിട്ടു തർപ്പണവിധി ആരംഭിക്കുന്നു. തർപ്പണം എന്ന പേരുകൊണ്ടുതന്നെ രോഗബാധകൊണ്ടോ അഞ്ജനാദിക്രിയകൾകൊ

ണ്ടോ ക്ഷീണിച്ചിരിക്കുന്ന കണ്ണിൽ അതിൻെറ നിവൃത്തിക്കായിച്ചെയ്യുന്ന ബൃംഹണ കർമ്മമാണെന്നു കാണാം. എങ്ങനെയുള്ള അവസ്ഥയിലും രോഗങ്ങളിലുമാണതു പ്രയോഗിക്കേണ്ടതെന്ന് ഇവിടെ പരിഗണിച്ചിരിക്കുന്നു. എന്നാൽ തർപ്പണംചെയ്യുന്നതിനു മുൻപായി വിരേചനംചെയ്തു ശരീരത്തേയും നസ്യംചെയ്തു ശിരസ്സിനേയും ശുദ്ധിവരുത്തിയിരിക്കേണ്ടതാവശ്യമാണ്. അതിനുപുറമേ രോഗബാധയാൽ രാഗശൂലാദികൾ കണ്ണിലുണ്ടെങ്കിൽ അതെല്ലാം ആശ്ച്യോതനാദിപ്രയോഗങ്ങളെക്കൊണ്ടു കുറച്ചിരിക്കയുംവേണം. സാധാരണകാലത്തു് രാവിലേയും വൈകുന്നേരത്തും കാറ്റില്ലാത്ത മുറിയിൽ രോഗിയെ മലർത്തിക്കിടത്തിക്കൊണ്ടാണ് തർപ്പണം പ്രയോഗിക്കേണ്ടതു്.

യവമാഷമയീം പാളീം നേത്രകോശാദ്ബഹിസ്സമാം. 4

ദ്വ്യംഗുലോച്ചാം ദൃഢാം കൃത്വാ യഥാസ്വം സിദ്ധമാവപേൽ
സർപ്പിർനിമീലിതേ നേത്രേ തപ്താംബുപ്രവിലാപിതം. 5

നക്താന്ധ്യവാതതിമിരകൃച്ഛ്റബോധാദികേ വസാം
ആ പക്ഷ്മാഗ്രാൽ-അഥോന്മേഷം ശനകൈസ്തസ്യ കുർവതഃ. 6

മാത്രാം വിഗണയേത്തത്ര വർത്മസന്ധിസിതാസിതേ
ദൃഷ്ടൗ ച ക്രമശോ വ്യാധൗ ശതം ത്രീണി ച പഞ്ച ച. 7

ശതാനി സപ്ത ചാഷ്ടൗ ച ദശ മന്ഥേ ദശാനിലേ
പിത്തേ ഷൾ സ്വസ്ഥവൃത്തേ ച വലാസേ പഞ്ച ധാരയേൽ.

| | |
|---|---|
| യവമാഷമയീം പാളീം | = യവവും ഉഴുന്നുംകൂട്ടി അരച്ചുണ്ടാക്കിയ ഒരു പാളിയെ |
| നേത്രകോശാൽ ബഹിഃ | = കൺഗോളത്തിനുപുറമേ ചുററിലും |
| ദ്വ്യംഗുലോച്ചാം | = രണ്ടുവിരൽ പൊക്കത്തിൽ |
| സമാം | = മേൽഭാഗം നിരപ്പായിരിക്കത്തക്കവണ്ണം |
| ദൃഢാം കൃത്വാ | = ഉറപ്പിച്ചുവച്ചിട്ടു് |
| യഥാസ്വം സിദ്ധം സർപ്പിഃ | = അതാതു രോഗാവസ്ഥയ്ക്കു വിഹിതമായ ഔഷധങ്ങൾചേർത്തു കാച്ചിയെടുത്ത നെയ്യു |
| നക്താന്ധ്യവാതതിമിരകൃച്ഛ്റബോധാദികേ വസാം | = നക്താന്ധ്യം, വാതതിമിരം, കൃച്ഛ്റോന്മീലം മുതലായ രോഗങ്ങളിലാണെങ്കിൽ വസ (ശുകതിയിലെട്ടത്തു് |
| തപ്താംബുപ്രവിലാപിതം | = ചൂടുവെള്ളത്തിൻെറ മേൽവച്ചു് ഉരുക്കി |
| നേത്രേ നിമീലിതേ | = കണ്ണു് അടച്ചിരിക്കുമ്പോൾ |
| പക്ഷ്മാഗ്രാൽ ആ | = പക്ഷ്മാഗ്രംവരെ (ഇമകൾ മുങ്ങത്തക്ക അളവിൽ) |
| ആവപേൽ | = ഒഴിക്കണം. |
| അഥ ശനകൈഃ | = നെയ്യൊഴിച്ചുകഴിഞ്ഞാൽ പയ്യെപ്പയ്യെ |
| ഉന്മേഷം കുർവതഃ തസ്യ | = അവൻ കണ്ണു തുറന്നുതുടങ്ങുമ്പോൾ |
| മാത്രാം വിഗണയേൽ | = മാത്ര എണ്ണിക്കൊള്ളണം. |
| തത്ര | = അവിടെ |
| വർത്മസന്ധിസിതാസിതേ ദൃഷ്ടൗ ച | = പോളയിലും, സന്ധിയിലും, ശുക്ലമണ്ഡലത്തിലും, കൃഷ്ണമണ്ഡലത്തിലും ദൃഷ്ടിയിലുമുള്ള |
| വ്യാധൗ ക്രമശഃ | = രോഗത്തിൽ (ഓരോന്നിലും) ക്രമത്തെ |
| ശതം ത്രീണി ശതാനി ച | = നൂറും മുന്നൂറും |
| പഞ്ച(ശതാനി)ച | = അഞ്ഞൂറും |
| സപ്ത(ശതാനി ച | = എഴുനൂറും |
| അഷ്ടൗ(ശതാനി ച | = എണ്ണൂറും മാത്രകളും |
| മന്ഥേ ദശ(ശതാനി) | = അധിമന്ഥത്തിൽ ആയിരം മാത്രയും |

| | |
|---|---|
| അനിലേ ദശ (ശതാനി) | = വാതവികാരത്തിൽ ആയിരംമാത്രയും |
| പിത്തേഷ്ടൗ (ശതാനി) | = പിത്തവികാരത്തിൽ എണ്ണൂറുമാത്രയും |
| സ്വസ്ഥവൃത്തേ ബലാസേ ച | = സ്വസ്ഥവൃത്തനിലും കഫവികാരത്തിലും |
| പഞ്ച ശതാനി ധാരയേൽ | = അഞ്ഞൂറുമാത്രകളും ധരിച്ചുകൊള്ളണം. |

ശിരോവസ്തി എന്ന പേരിൽ തലയിൽ എണ്ണനിറുത്തുന്നതുപോലെ കണ്ണിൽ നെയ്യ് നിറുത്തുന്നതിനെയാണ് തർപ്പണം എന്നു പറയുന്നത്. അതിനു നേത്രഗോളത്തിനു ചുറ്റും ഒരു തടമുണ്ടാക്കിവയ്ക്കണം. അതിലേയ്ക്കു യവവും ഉഴുന്നുംകൂടി അരച്ചുപരത്തി ഒരു പാളിയാക്കി എടുക്കണം. അതിനെ നേത്രകോശത്തിനു പുറത്തായി ചുറ്റും വളച്ചുവച്ചാൽ രണ്ടുവിരൽ പൊക്കത്തിൽ മേൽഭാഗം നിരപ്പായിവരത്തക്കവണ്ണം നേത്രകോശഭാഗങ്ങളുടെ ഉയർച്ചയ്ക്കൊത്ത് കൂട്ടിച്ചേർത്തൊപ്പിച്ചു കീഴ്ഭാഗം (പാളിയുടെ) വെട്ടിയെടുത്തുവയ്ക്കണം. അതു പിന്നെ യഥാസ്ഥാനം ഉറപ്പിച്ചുവച്ച് ഉണങ്ങിപ്പിടിച്ചുകഴിഞ്ഞാൽ ഉള്ളിൽ നെയ്യൊഴിക്കാം. നെയ്യ് രോഗാവസ്ഥയ്ക്കുതക്ക മരുന്നുകൾചേർത്തു കാച്ചിയെടുത്തതായിരിക്കണം. നക്താന്ധ്യം, വാതതിമിരം, കൃച്ഛ്രരോധം മുതലായരോഗങ്ങളിൽ നെയ്ക്കുപകരം കോഴിനെയ്യ്, മാനെണ്ണ മുതലായ വസ ഉപയോഗിക്കുന്നതു അധികം നന്നായിരിക്കും. നെയ്യ്, ഒഴുക്കുന്നതിനു പ്രയോഗിക്കുന്ന ശുക്തി എന്ന പാത്രത്തിലെടുത്ത ചൂടുവെള്ളത്തിന്റെ മേൽവച്ചു ഉരുക്കി ദ്രവരൂപത്തിലാക്കിക്കൊള്ളണം. നെയ്യൊഴിക്കുമ്പോൾ കണ്ണടച്ചിരിക്കയും വേണം. എത്രമാത്രമൊഴിച്ചാൽ ഇമമുഴുവൻ മുങ്ങുമോ അതാണ് തർപ്പണത്തിന്റെ കണക്ക്. നെയ്യൊഴിച്ചുകഴിഞ്ഞാൽ പയ്യെ കണ്ണുതുറക്കാൻ പറയണം. കണ്ണു തുറക്കുന്നതുമുതൽ മാത്ര എണ്ണിക്കൊള്ളുകയും വേണം. വർത്മരോഗത്തിൽ നൂറുമാത്രയും, സന്ധിരോഗത്തിൽ മുന്നൂറുമാത്രയും, ശുക്ലമണ്ഡലരോഗത്തിൽ അഞ്ഞൂറുമാത്രയും, കൃഷ്ണമണ്ഡലരോഗത്തിൽ എഴുന്നൂറുമാത്രയും, ദൃഷ്ടിരോഗത്തിൽ എണ്ണൂറുമാത്രയും എത്തുന്നതുവരെ നെയ്യ് നിറുത്തിക്കൊള്ളേണ്ടതാണ്. അധിമന്ഥത്തിലും വാതവികാരത്തിലും ആയിരം മാത്രവീതവും, പിത്തവികാരത്തിൽ എണ്ണൂറു മാത്രയും കഫവികാരത്തിലും സ്വസ്ഥവൃത്തനിലും അഞ്ഞൂറു മാത്രവീതവുമാണ് തർപ്പണം നിറുത്തിക്കൊണ്ടുവരാനുള്ള സമയം.

കൃതാപാംഗേ തതോ ദ്വാരം സ്നേഹം പാത്രേ തു ഗാളയേൽ
പിബേച്ച ധൂമം നേക്ഷേത വ്യോമ രൂപം ച ഭാസ്വരം. 9

| | |
|---|---|
| തതഃ | = നെയ്യ് നിറുത്തിയിരിക്കേണ്ട സമയം കഴിഞ്ഞാൽ |
| അപാംഗേ ദ്വാരം കൃത്വാ | = അപാംഗസ്ഥാനത്തു പാളിയിൽ ഒരു ദ്വാരമുണ്ടാക്കി |
| പാത്രേ തു | = അവിടെ ഒരു പാത്രം വച്ചിട്ട് അതിൽ |
| സ്നേഹം ഗാളയേൽ | = സ്നേഹത്തെ പകർത്തിയെടുക്കണം; |
| ധൂമം പിബേൽ ച | = പിന്നെ ധൂമപാനം ചെയ്കയും വേണം. |
| വ്യോമ ഭാസ്വരം രൂപം ച | = ആകാശത്തെയും തിളങ്ങുന്ന രൂപത്തെയും |
| ന ഈക്ഷേത | = നോക്കരുത്. |

സ്നേഹം നിറുത്തിയിരിക്കേണ്ടതിനുള്ള സമയം കഴിഞ്ഞാൽ അപാംഗഭാഗത്തു പാളിയിൽ ഒരു ദ്വാരമിട്ടു അതുവഴി അവിടെ ഒരു പാത്രംവച്ചിട്ട് സ്നേഹം അതിൽ പകർത്തിയെടുക്കണം. പിന്നെ പാളിയെടുത്തു മാറ്റിയിട്ട് യവകൽക്കമോ മാഷകൽക്കമോ തേച്ചു മെഴുക്കുകളഞ്ഞു കഴുകിത്തുടച്ചുകൊണ്ട് ധൂമപാനം ചെയ്യണം. സ്നേഹക്ലിന്നമായ കഫത്തിന്റെ ശമനത്തിനായിട്ടാണ് ധൂമപാനംചെയ്യണമെന്നു പറഞ്ഞത്. ആകാശത്തിൽ നോക്കരുത്. തിളങ്ങുന്ന രൂപവും നോക്കരുത്.

ഇത്ഥം പ്രതിദിനം വായൗ പിത്തേ ത്വേകാന്തരം കഫേ
സ്വസ്ഥേ ച ദ്വ്യന്തരം ദദ്യാദാതൃപ്തേരിതി യോജയേൽ. 10

| | |
|---|---|
| ഇത്ഥം | = ഇപ്രകാരം |
| വായൗ പ്രതിദിനം | = വാതവികാരത്തിൽ ദിവസംതോറും |

പിത്തേ തു ഏകാന്തരം = പിത്തവികാരത്തിലാകട്ടെ ഓരോദിവസം ഇടവിട്ട മൂന്നാം ദിവസവും
കഫേ സ്വാസ്ഥേ ച = കഫവികാരത്തിലും സ്വാസ്ഥ്യത്തിലും
ദ്വ്യന്തരം = ഈരണ്ടുദിവസം ഇടവിട്ട നാലാംദിവസവും
ദദ്യാൽ = കൊടുക്കണം (തർപ്പണംചെയ്യണം)
ഇതി = ഇങ്ങനെ
തൃപ്തേഃ ആ = തർപ്പണത്തിൻെറ സമ്യഗ്യോഗം കാണുന്നതുവരെ
യോജയേൽ = തർപ്പണം പ്രയോഗിച്ചുകൊണ്ടിരിക്കണം.

പ്രകാശക്ഷമതാ സ്വാസ്ഥ്യം വിശദം ലഘു ലോചനം
തൃപ്തേ വിപര്യയേ തൃപ്തേ തൃപ്തേതി ശ്ലേഷ്മജം രുജഃ. 11

തൃപ്തേ = തർപ്പണത്തിന്ന സമ്യഗ്യോഗമുണ്ടായാൽ
പ്രകാശക്ഷമതാ = വെളിച്ചത്തു നോക്കാൻ അറപ്പില്ലായ്കയും
സ്വാസ്ഥ്യം = സ്വസ്ഥതയുമുണ്ടാകും.
ലോചനം വിശദം = നേത്രം നിർമ്മലമായിട്ട്
ലഘു = ലഘുവായിത്തീരുകയുംചെയ്യും.
അതൃപ്ത = തർപ്പണത്തിൻെറ അയോഗത്തിൽ
വിപര്യയഃ = മേൽപ്പറഞ്ഞതിന്ന വിപരീതമായ ലക്ഷണംകാണും
അതിതൃപ്ത = തർപ്പണത്തിൻെറ അതിയോഗത്തിൽ
ശ്ലേഷ്മജാഃ രുജഃ (സ്യുഃ) = കഫജങ്ങളായ വികാരങ്ങളുണ്ടാകും.

സ്നേഹപീതാ തനുരിവ ക്ലാന്താ ദൃഷ്ടിർ ഹി സീദതി
തർപ്പണാനന്തരം തസ്മാദ് ദൃഗ്ബലാധാനകാരിണം. 12
പുടപാകം പ്രയുഞ്ജീത പൂർവോക്തേഷ്വേവ യക്ഷ്മസു

സ്നേഹപീതാ = സ്നേഹം പാനംചെയ്തിട്ട്
തനുഃ ഇവ ദൃഷ്ടിഃ = ശരീരമെന്നപോലെ നേത്രം
ഹി ക്ലാന്താ സീദതി = യാതൊന്നഹേതുവായിട്ട വാടിത്തളർന്നപോകുന്നു
തസ്മാൽ = അതു ഹേതുവായിട്ട്
തർപ്പണാനന്തരം = തർപ്പണം പ്രയോഗിച്ചതിന്നശേഷം
ദൃഗ്ബലാധാനകാരിണം = നേത്രത്തിന്ന ബലത്തെ ഉണ്ടാക്കുന്ന
പുടപാകം = പുടപാകക്രിയ
പൂർവോക്തേഷു യക്ഷ്മസു ഏവ = തർപ്പണയോഗ്യമായി നിർദ്ദേശിച്ച രോഗങ്ങളിൽ-
പ്രയുഞ്ജീത = പ്രയോഗിച്ചുകൊള്ളേണം (തന്നെ

സ്നേഹപാനംചെയ്യുന്നതുകൊണ്ട ശരീരത്തിന്ന ഒരു ക്ലമമുണ്ടാകുന്നതുപോലെ തർപ്പണപ്രയോഗത്തിൽ നേത്രവും സ്നേഹപാനത്താൽത്തന്നെ വാടിത്തളർന്ന പോകുന്നു. ആ വാട്ടംതീർത്തു നേത്രത്തിന്ന ബലമുണ്ടാക്കുന്നതിന്നായി തർപ്പണശേഷം പുടപാകം പ്രയോഗിക്കേണ്ടതാണ്. അതിൻെറ വിധി അടുത്തുതന്നെ പറയും. തർപ്പണം ആർക്കൊക്കെ ഏതേതുരോഗങ്ങളിൽ പ്രയോഗിക്കണമെന്ന വിധിച്ചുവോ അവർക്ക് ആ രോഗങ്ങളിലുംതന്നെ പുടപാകവും ആകാം.

സ വാതേ സ്നേഹനഃ ശ്ലേഷ്മസഹിതേ ലേഖനോ ഹിതഃ 13
ദൃഗ്ദൌർബല്യേനിലേ പിത്തേ രക്തേ സ്വാസ്ഥേ പ്രസാദനഃ

സഃ വാതേ = അതു (പുടപാകം) രൂക്ഷതാജനകമായ വാതത്തിൽ
സ്നേഹനഃ = സ്നേഹനമായിട്ടും
ശ്ലേഷ്മസഹിതേ = കഫത്തോടുകൂടി ഗ്രഥിതമായ വാതത്തിൽ
ലേഖനഃ = ലേഖനമായിട്ടും
ദൃഗ്ദൌർബല്യേ = നേത്രത്തിൻെറ ബലഹീനതയിലും

അനിലേ പിത്തേ = ധാതുക്ഷയകരമായ വാതത്തിലും പിത്തവികാരത്തിലും

രക്തേ സ്വാസ്ഥ്യേ = രക്തവികാരത്തിലും സ്വാസ്ഥ്യത്തിലും

പ്രസാദനഃ ഹിതഃ = പ്രസാദനമായിട്ടു പ്രയോഗിക്കുന്നതു ഹിതമാകുന്നു.

പുടപാകം, സ്നേഹനം ലേഖനം പ്രസാദനം എന്നു മൂന്നുവിധത്തിലുണ്ട്. നേത്രത്തിനു രൂക്ഷത വർദ്ധിച്ചിരിക്കുമ്പോൾ സ്നേഹനവും, സ്നിഗ്ദ്ധത ഉപദ്രവകരമായിരിക്കുമ്പോൾ ലേഖനവും പ്രയോഗിക്കണം. നേത്രത്തിനു ബലഹീനത ഉണ്ടായിരിക്കുമ്പോഴും പിത്തരക്തവികാരങ്ങളിലും സ്വാസ്ഥ്യത്തിലും പ്രയോഗിക്കുവാനുള്ളതാണ് പ്രസാദനം.

ഭൂശയപ്രസഹാനൂപമേദോമജ്ജവസാമിഷൈഃ. 14
സ്നേഹനം പയസാ പിഷ്ടൈർജ്ജീവനീയൈശ്ച കല്പയേൽ

പയസാ പിഷ്ടൈഃ = പാൽ കൂട്ടി അരച്ച

ഭൂശയപ്രസഹാനൂപമേദോ-മജ്ജവസാമിഷൈഃ = വിലേശയം പ്രസഹം, മഹാമൃഗം, അപ്ചരം, മത്സ്യം ഈ ജന്തുക്കളുടെ മേദസ്സ്, മജ്ജ, വസ, മാംസം ഇവ കൊണ്ട്

ജീവനീയൈഃ ച = ജീവന്തി മുതലായ ജീവനീയൌഷധങ്ങൾകൊണ്ടും

സ്നേഹനം കല്പയേൽ = സ്നേഹനമായ പുടപാകം കല്പിക്കേണ്ടതാണ്.

സ്നേഹനപുടപാകത്തിനു ഉടുമ്പ് (നെടുവാലി) മുതലായ വിലേശയങ്ങൾ, ഗോഖരാദികളായ പ്രസഹങ്ങൾ, വരാഹമഹിഷാദികളായ മഹാമൃഗങ്ങൾ, ഹംസസാരസാദി അപ്ചരങ്ങൾ, രോഹിതാദി മത്സ്യങ്ങൾ, എന്നീ സാധാരണാനൂപജന്തുക്കളുടെ മേദസ്സ്, വസ, മജ്ജ, മാംസം ഇവയും ജീവനീയൌഷധങ്ങളും പാൽകൂട്ടി അരച്ചിടേണ്ടതാണ്.

മൃഗപക്ഷിയകൃന്മാംസമുക്തായസ്താമ്രസൈന്ധവൈഃ 15
സ്രോതോജശംഖഫേനാലൈർലേഖനം മസ്തുകല്പിതൈഃ

മസ്തുകല്പിതൈഃ = തൈർവെള്ളം ചേർത്തരച്ച

മൃഗപക്ഷിയകൃന്മാംസമുക്താ-യസ്താമ്രസൈന്ധവൈഃ = ജാംഗലങ്ങളായ മൃഗങ്ങളുടെയും പക്ഷികളുടെയും യകൃത്തും മാംസവും മുത്ത് ഇരുമ്പ് ചെമ്പ് ഇന്തുപ്പ്

സ്രോതോജശംഖഫേനാ-ലൈഃ ലേഖനം = സ്രോതോജാഞ്ജനം, ശംഖ്, കടൽനുര, അരിതാരം ഇവയുംകൊണ്ടും ലേഖനാഞ്ജനം ഉണ്ടാക്കേണ്ടതാണ്.

മൃഗപക്ഷിയകൃന്മജ്ജവസാന്ത്രഹൃദയാമിഷൈഃ. 16
മധുരൈസ്സഘൃതൈഃ സ്തന്യക്ഷീരപിഷ്ടൈഃ പ്രസാദനം

സാജ്യൈഃ = നെയ്യുംകൂട്ടി

സ്തന്യക്ഷീരപിഷ്ടൈഃ = മുലപ്പാലും പശുവിൻപാലും ചേർത്തരച്ച

മൃഗപക്ഷിയകൃന്മജ്ജവ-സാന്ത്രഹൃദയാമിഷൈഃ = ജാംഗലങ്ങളായ മൃഗപക്ഷികളുടെ യകൃത്ത്, മജ്ജ, വസ കുടൽ ഹൃദയം, മാംസം ഇവകൊണ്ടും

മധുരൈഃ = മധുരൌഷധങ്ങൾകൊണ്ടും

പ്രസാദനം = പ്രസാദനാഞ്ജനം ഉണ്ടാക്കണം.

വില്വമാത്രം പൃഥക് പിണ്ഡം മാംസഭേഷജകല്കയോഃ. 17
ഉരുബൂകവടാംഭോജപത്രൈഃ സ്നേഹാദിഷു ക്രമാൽ
വേഷ്ടയിത്വാ മൃദാ ലിപ്തം ധവധന്വനഗോമയൈഃ. 18
പചേൽ പ്രദീപ്തൈരഗ്ന്യാഭം പക്വം നിഷ്പീഡ്യ തദ്രസഃ
നേത്രേ തർപ്പണവദ്യുഞ്ജ്യാൽ ശതം ദ്വേ ത്രീണി ധാരയേൽ. 19

ലേഖനസ്നേഹനാന്ത്യേഷു പൂർവ്വ കോഷ്ണൗ ഹിമഃ പരഃ
ധൂമപോന്തേ തയോരേവ യോഗാസ്തത്ര ച തൃപ്തിവൽ. 20

മാംസഭേഷജകല്ക്കയോഃ = മാംസകല്ക്കത്തിന്റെയും ഔഷധകല്ക്കത്തിന്റെയും
പൃഥക് ബില്വമാത്രം = പ്രത്യേകം കൂവളക്കായോളമുള്ള (ഓരോ പലം)
പിണ്ഡം = ഉരുളയെ ഒന്നിച്ചുചേർത്ത്)
സ്നേഹാദിഷു = സ്നേഹത്തിലും ലേഖനത്തിലും പ്രസാദനത്തിലും
ക്രമാൽ = ക്രമേണ
ഉരുബൂകവടാംഭോജപത്രൈഃ = ആവണക്കിലയും, പേരാലിലയും, താമരയിലയും കൊണ്ട്
വേഷ്ടയിത്വാ = പൊതിഞ്ഞുകെട്ടി
മൃദാ ലിപ്തം = പുറമേ മണ്ണരച്ചു അതുകൊണ്ട് പൂശി
പ്രദീപ്തൈഃ = കത്തിച്ചു കനലാക്കിയ
ധവധന്വനഗോമയൈഃ = ധവം, ധന്വനം, ചാണകവറളി ഇതുകൾകൊണ്ട്
പചേൽ = പാകപ്പെടുത്തണം.
അഗ്ന്യാഭം = അഗ്നിവർണ്ണമായിട്ട്
പക്വം = പാകമായ ആ പിണ്ഡത്തെ (മണ്ണും ഇലയും കളഞ്ഞെടുത്ത്)
നിഷ്പീഡ്യ തദ്രസം = മുണ്ടിൽവെച്ചുപിഴിഞ്ഞെടുത്ത അതിന്റെ രസത്തെ
നേത്രേ തർപ്പണവൽ = കണ്ണിൽ തർപ്പണത്തെ എന്നപോലെ
യുഞ്ജ്യാൽ = പ്രയോഗിക്കണം
ലേഖനസ്നേഹനാന്ത്യേഷു = ലേഖനത്തിലും സ്നേഹനത്തിലും അവസാനത്തേതായ പ്രസാദനത്തിലും
ശതം ദ്വേ ത്രീണി = നൂറും ഇരുനൂറും, മുന്നൂറും മാത്രനേരം
ധാരയേൽ = ധരിച്ചുകൊണ്ടിരിക്കണം.
പൂർവ്വ കോഷ്ണൗ = മുൻപിലത്തേതായ സ്നേഹവും, ലേഖനവും ചെറുചൂടോടുകൂടിയും
അപരഃ ഹിമഃ = അന്യമായ പ്രസാദനം ശീതമായിട്ടും പ്രയോഗിക്കേണ്ടതാണ്.
തയോഃ ഏവ അന്തേ = അവകളുടെതന്നെ (സ്നേഹത്തിന്റെയും ലേഖനത്തിന്റെയും) അവസാനത്ത്
ധൂമപഃ = ധൂമപാനംചെയ്കയുംവേണം.
തത്ര യോഗാഃ = അതിലെ (പുടപാകത്തിലെ) സമ്യഗ്ഹീനാതിയോഗങ്ങൾ
തൃപ്തിവൽ ച = തർപ്പണത്തിലെപ്പോലെയായിരിക്കയുംചെയ്യും.

പുടപാകത്തിനു പറഞ്ഞിട്ടുള്ള മരുന്നുകളെ മാംസവർഗ്ഗം ഔഷധവർഗ്ഗം എന്ന് രണ്ടായിത്തിരിക്കാം. ഈ രണ്ടുകൂട്ടവും വെവ്വേറെ ഓരോ കൂവളക്കായോളം അരച്ചുതട്ടി—അല്ലെങ്കിൽ ഓരോപലം തൂക്കിയെടുത്തു പിന്നെ അരച്ചുതട്ടി ഒന്നിച്ചുചേർത്തു ഒരു പിണ്ഡമാക്കീട്ട് സ്നേഹത്തിൽ ആവണക്കിലയും, ലേഖനത്തിൽ പേരാലിലയും, പ്രസാദനത്തിൽ താമരയിലയുംകൊണ്ടുപൊതിഞ്ഞ് അതിൽ കളിമണ്ണരച്ചു പൂശി ഉണക്കി ധവധന്വനഗോമയങ്ങളിൽ ഏതെങ്കിലുമിട്ടു കത്തിച്ച കനലിൽ ചുട്ട് അഗ്നിവർണ്ണമാകുമ്പോളെടുത്തു മണ്ണും ഇലയും ഇളക്കിമാററീട്ട് ഒരു തുണിയിൽവച്ചു പിഴിഞ്ഞു രസമെടുത്ത് ആ രസം തർപ്പണം എന്നപോലെ കണ്ണിൽ നിറുത്തണം. ധവധന്വനഗോമയങ്ങൾക്കുപുറമേ മധൂകന്യഗ്രോധകാശ്മര്യരാജാദനാർജ്ജുനനക്തമാലപാടലികളും എരുമച്ചാണകവും കൂടി വിറകിനുപയോഗിക്കാമെന്ന് സംഗ്രഹത്തിൽ കാണുന്നു. അതിനാൽ ധവധന്വനങ്ങളുടെ പരിഭാഷ അറിയാഞ്ഞിട്ടു ആരും കുണ്ഠിതപ്പെടേണമെന്നില്ല.

തപ്പ്ണം പുടപാകം ച നസ്യാനർഹേ ന യോജയേൽ
യാവന്ത്യഹാനി യുഞ്ജീത ദ്വിസ്തതോ ഹിതഭാഗ്ഭവേൽ. 21
മാലതീമല്ലികാപുഷ്പൈർബദ്ധാക്ഷോ നിവസേന്നിശി

| | | |
|---|---|---|
| തപ്പ്ണം പുടപാകം ച | = | തപ്പ്ണവും പുടപാകവും |
| നസ്യാനർഹേ | = | നസ്യംചെയ്യാൻ പാടില്ലാത്തവരിൽ |
| നയോജയേൽ | = | പ്രയോഗിക്കരുതു്. |
| യാവന്തി അഹാനി യുഞ്ജീത | = | എത്രദിവസംവരേയ്ക്കും തപ്പ്ണം ഉപയോഗിക്കുമോ |
| തതഃ ദ്വിഃ (അഹാനി) | = | ആ ദിവസങ്ങൾക്കു പുറമേ അതിന്റെ ഇരട്ടി ദിവസങ്ങൾക്കുശേഷം |
| ഹിതഭാക് ഭവേൽ | = | പഥ്യനിഷ്ഠയോടുകൂടി ഇരിക്കേണ്ടതാണു്. |
| നിശി | = | രാത്രിയിൽ |
| മാലതീമല്ലികാപുഷ്പൈഃ ബദ്ധാക്ഷഃ നിവസേൽ | = | മുല്ല മല്ലിക മുതലായവയുടെ പുഷ്പങ്ങൾ കണ്ണിൽ വച്ചു് കെട്ടിക്കൊണ്ടു കിടന്നുകൊള്ളണം. |

സർവ്വാത്മനാ നേത്രബലായ യത്നം
കുർവ്വീത നസ്യാഞ്ജനതപ്പ്ണാദ്യൈഃ
ദൃഷ്ടിസ്തു നഷ്ടാ വിവിധം ജഗച്ച
തമോമയം ജായത ഏകരൂപം 23

| | | |
|---|---|---|
| സർവ്വാത്മനാ | = | എല്ലാവിധത്തിലും |
| നേത്രബലായ | = | നേത്രബലം നിലനില്ക്കുന്നതിനായി |
| നസ്യാഞ്ജനതപ്പ്ണാദ്യൈഃ യത്നം കുർവ്വീത | = | നസ്യം, അഞ്ജനം, തപ്പ്ണം മുതലായവയുടെ പ്രയോഗങ്ങൾകൊണ്ടു് യത്നം ചെയ്യേണ്ടതാണു്. |
| ദൃഷ്ടിഃ തു നഷ്ടാ | = | ദൃഷ്ടി നശിച്ചുപോയി എങ്കിൽ |
| വിവിധം ജഗൽ ച | = | വിവിധാത്മകത്വംകൊണ്ടു് മനോഹരമായ ഈ ലോകമെല്ലാം |
| തമോമയംഏകരൂപംജായതേ | = | അന്ധകാരമയമായ ഒരൊററ രൂപമായിത്തീരുന്നു. |

അന്ധനായിപ്പോയാൽ തന്റെ ശരീരരക്ഷണംതന്നെ ശരിക്കു നിർവ്വഹിക്കുവാൻ സാധിക്കാതെവരും എന്നു മാത്രമല്ല, വിവിധാത്മകത്വംകൊണ്ടു മനോരഞ്ജകമായ ഈ ലോകത്തേയും, അതിന്റെ വികാരങ്ങളേയും കണ്ടാനന്ദിക്കുവാനും കഴിയാതെയാകുന്നു. ഇതു് എത്ര സങ്കടകരമായ ജീവിതമാണെന്നു സ്വസ്ഥനായ ഒരാൾ ഒരു പകൽ മുഴുവനുമെങ്കിലും കണ്ണടച്ചുകൊണ്ടിരുന്നു നോക്കിയാൽ കാണാം. ഇങ്ങനെയുള്ള ഒരവസ്ഥ ആരുംഇഷ്ടപ്പെടുന്നതല്ലല്ലോ. ആകയാൽ നേത്രരോഗവും അതിന്റെ ഫലമായിട്ടു് അന്ധതയും ഉണ്ടാകാതെ തക്കവണ്ണം നേത്രബലം ഉണ്ടാക്കുന്നതിനായി വിഹിതങ്ങളായ നസ്യാഞ്ജനതപ്പ്ണാദിപ്രയോഗങ്ങൾ വേണ്ടകാലങ്ങളിൽ വേണ്ടവിധത്തിൽ ചെയ്തുകൊണ്ടിരിക്കേണ്ടതാവശ്യമാകുന്നു.

ഇരുപത്തിനാലാം അദ്ധ്യായം കഴിഞ്ഞു.

# ഇരുപത്തഞ്ചാം അദ്ധ്യായം.

## യന്ത്രവിധി.

നാനാവിധാനാം ശല്യാനാം നാനാദേശപ്രബാധിനാം
ആഹൃതാവഭ്യുപായോയസ്തദ്യന്ത്രം യച്ച ദർശനേ 1
അർശോഭഗന്ദരാദീനാം ശസ്ത്രക്ഷാരാഗ്നിയോജനേ
ശേഷാംഗപരിരക്ഷായാം തഥാ വസ്ത്യാദികർമ്മണി 2
ഘടികാലാബുശൃംഗം ച ജാംബവോഷ്ഠാദികാനി ച

നാനാവിധാനാം = അനേകവിധത്തിലുള്ളവയും
നാനാദേശപ്രബാധിനാം = ശരീരത്തിൻെറ പലഭാഗത്തും ഏറ്റിരിക്കുന്നവയു-മായ
ശല്യാനാം = അസ്ത്രം മുതലായ ശല്യങ്ങളുടെ
ആഹൃതൗ = ആഹരണത്തിൽ (അവയെ എടുക്കുന്നതിലേയ്ക്കു്)
യഃ അഭ്യുപായഃ തൽ = യാതൊന്നു സാധകമായിരിക്കുന്നുവോ അതും
അർശോഭഗന്ദരാദീനാം = അർശസ്സ് ഭഗന്ദരം മുതലായ രോഗങ്ങളുടെ
ദർശനേ = ദർശനത്തിലും (അതുകളെ നോക്കിക്കാണുന്നതിലേ-യ്ക്കു്)
ശസ്ത്രക്ഷാരാഗ്നിയോജനേ = ആ രോഗങ്ങളിൽ ശസ്ത്രവും, ക്ഷാരവും, അഗ്നിയും പ്രയോഗിക്കുമ്പോൾ
ശേഷാംഗപരിരക്ഷായാം = രോഗം ബാധിച്ചിട്ടില്ലാത്ത അടുത്ത ശരീരഭാഗങ്ങളെ ശസ്ത്രക്ഷാരാഗ്നികളിൽനിന്നു പരിരക്ഷിക്കുന്നതിലേക്കും
തഥാ വസ്ത്യാദികർമ്മണി = അപ്രകാരം വസ്തി, ധൂമം മുതലായ കർമ്മങ്ങളിലും
യഃ അഭ്യുപായഃ തൽ ച = ഏതെല്ലാ സാധകങ്ങളായിരിക്കുന്നുവോ അവകയും
ഘടികാലാബുശൃംഗം ച = ഘടിക, അലാബു ശൃംഗം ഇവയും
ജാംബവോഷ്ഠാദികാനി ച = ജാംബവോഷ്ഠം മുതലായവയും
യന്ത്രം = യന്ത്രമാകുന്നു.

ഔഷധോപയോഗംകൊണ്ടു കോഷ്ഠശോധനവും, ശിരഃശോധനവും ചെയ്യേണ്ട ക്രമത്തെ വിവരിച്ചിട്ടു് ഔഷധംകൊണ്ടല്ലാതെ ചില പ്രയോഗവിശേഷങ്ങൾകൊണ്ടു ദോഷശോധനം ചെയ്യേണ്ട വിധത്തെപ്പറ്റിയാണു് ഇനി പറയാൻപോകുന്നതു്. അതിൽ പ്രധാനപ്പെട്ട ഒന്നാണു് യന്ത്രപ്രയോഗം. അസ്ത്രങ്ങൾ, മുള്ളു്, കല്ലു് മുതലായി ശരീരത്തിൽ ഏറ്റിരിക്കുന്ന ശല്യങ്ങൾ ശരീരത്തിലിരിക്കുന്നിടത്തോളം ദോഷങ്ങൾതന്നെയാണല്ലോ. അവയിൽ പലതും കൈകൊണ്ടെടുക്കാവുന്നവയോ മരുന്നുകൊണ്ടു പോക്കാവുന്നവയോ ആയിരിക്കയില്ല. അതുകളെ എളുപ്പത്തിലും നിർബാധമായും എടുക്കുന്നതിനു ചില ഉപകരണങ്ങളുടെ സഹായം ആവശ്യമാകുന്നു. ആ ഉപകരണങ്ങളെയാണു് യന്ത്രങ്ങൾ എന്നു പറയുന്നതു്. അതുപോലെ അർശസ്സ്, ഭഗന്ദരം മുതലായ സ്രോതോഗതരോഗങ്ങളെ നോക്കിക്കാണുന്നതിനും, അതുകളിൽ ശസ്ത്രക്ഷാരാഗ്നികളെ പ്രയോഗിക്കുമ്പോൾ അതുകൊണ്ടു അടുത്ത ശരീരഭാഗങ്ങൾക്കു ബാധയുണ്ടാകാതെ സൂക്ഷിക്കുന്നതിനും, വസ്തി, ധൂമം മുതലായ കർമ്മങ്ങൾ പ്രയോഗിക്കുന്നതിനുമായി ഉപയോഗിക്കുന്നതും ഓരോതരം യന്ത്രങ്ങളാണു്. ഇതിൻപുറമേ ഘടിക, അലാബു, ശൃംഗം ജാംബവോഷ്ഠം ഈ പേരിൽ പറയപ്പെടുന്നവയും യന്ത്രങ്ങളാകുന്നു.

അനേകരൂപകാര്യാണി യന്ത്രാണി വിവിധാന്യതഃ 3
വികല്പ്യകല്പയേൽ ബുദ്ധ്യാ യഥാസ്ഥൂലം തു വക്ഷ്യതേ.

യന്ത്രാണി അനേകരൂപകാര്യാണി = യന്ത്രങ്ങൾ അനേകം ആകൃതിയിലുള്ളവയും, അനേകകാര്യങ്ങൾക്ക് ഉപയോഗിക്കേണ്ടവയുമാകുന്നു.
അതഃ = ഈ കാരണത്താൽ
ബുദ്ധ്യാ വികല്പ്യ = ബുദ്ധികൊണ്ടു ആലോചിച്ചു നിശ്ചയിച്ചിട്ട്
വിധാനി കല്പയേൽ = അവയെ പല തരത്തിലായിട്ടു ഉണ്ടാക്കിവയ്ക്കണം.
യഥാസ്ഥൂലം തു വക്ഷ്യതേ = സ്ഥൂലമായിട്ടുള്ള അവയുടെ ചില വൈവിധ്യങ്ങളെ മാത്രം ഇവിടെ പറയാൻപോകുന്നു.

തുല്യാനി കംകസിംഹർക്ഷകാകാദിമൃഗപക്ഷിണാം 4
മുഖൈർമുഖാനി യന്ത്രാണാം കുര്യാത്തൽ സംജ്ഞകാനി ച
അഷ്ടാദശാംഗുലായാമാന്യായസാനി ച ഭൂരിശഃ 5
മസൂരാകാരപര്യന്തൈഃ കണ്ഠേ ബദ്ധാനി കീലകൈഃ
വിദ്യാൽ സ്വസ്തികയന്ത്രാണി മൂലേ ഽങ്കുശനതാനി ച 6
തൈർദൃഢൈരസ്ഥിസംലഗ്നശല്യാഹരണമിഷ്യതേ

കംകസിംഹർക്ഷകാകാദിമൃഗപക്ഷിണാം = കഴുകൻ, സിംഹം, കരടി കാക്ക മുതലായ മൃഗങ്ങളുടേയും പക്ഷികളുടേയും
മുഖൈഃ തുല്യാനി മുഖാനി = മുഖങ്ങളോടു തുല്യങ്ങളായ മുഖങ്ങൾ
യന്ത്രാണാം കുര്യാൽ = യന്ത്രങ്ങൾക്ക് ഉണ്ടാക്കണം
തൽ സംജ്ഞകാനി ച = ആ യന്ത്രങ്ങൾ ആ മൃഗപക്ഷികളുടെ പേരോടുകൂടിയുമിരിക്കും.
ഭൂരിശഃ = മിക്കവാറും
അഷ്ടാദശാംഗുലായാമാനി = പതിനെട്ടംഗുലം നീളമുള്ളവയും
ആയസാനി ച = ഇരുമ്പോ ഉരുക്കോകൊണ്ടുണ്ടാക്കപ്പെട്ടവയും
മസൂരാകാരപര്യന്തൈഃ കീലകൈഃ = പുറത്തുകാണുന്നഭാഗം ചണമ്പയറിൻെറ ആകൃതിയിലാക്കീട്ടുള്ള ആണികൾകൊണ്ട്
കണ്ഠേ ബദ്ധാനി = കണ്ഠഭാഗത്തു ബന്ധിക്കപ്പെട്ടിരിക്കുന്നവയും
മൂലേ അംകുശനതാനി ച = മൂലഭാഗം അങ്കുശംപോലെ വളഞ്ഞിരിക്കുന്നവയുമായ ആ യന്ത്രങ്ങൾ
സ്വസ്തികയന്ത്രാണി വിദ്യാൽ = സ്വസ്തികയന്ത്രങ്ങളാണെന്നു അറിയണം.
ദൃഢൈഃ തൈഃ = ഉറപ്പുള്ളവയായ ആ സ്വസ്തികയന്ത്രങ്ങൾകൊണ്ടു
അസ്ഥിസംലഗ്നശല്യാഹരണം = അസ്ഥിയിൽ തറച്ചിരിക്കുന്ന ശല്യങ്ങളെ എടുക്കു-
ഇഷ്യതേ = വിഹിതമാകുന്നു. [ന്നതു്

രണ്ടു കമ്പ് — പെൻസിൽതന്നെയാകട്ടെ —എടുത്തിട്ട് ഒന്നിൻെറമേൽ മറേറതിനെ വിലങ്ങത്തിൽ ചേർത്തുവയ്ക്കുക. ഇതാണ് സ്വസ്തികാകൃതി. ഇനി ഇതിൻെറ സംയോജകസ്ഥലം ആണിയിട്ടുറപ്പിച്ചുകൊണ്ട് ഒരററം പിടിച്ചടുപ്പിക്കുക. അപ്പോൾ മറേറഅററവും അടുക്കും. അതോടുകൂടി ശല്യത്തെ അതിൽ അകപ്പെടുത്തുകയും ചെയ്യാം. അങ്ങനെ ശല്യത്തെ അകപ്പെടുത്തി ഉറപ്പിച്ചുപിടിച്ചുകൊണ്ടു ബലമായി വലിച്ചെടുക്കുക. ശല്യമിങ്ങുപോരും. ഇങ്ങനെയാണു സ്വസ്തികയന്ത്രംകൊണ്ടുള്ള ശല്യാഹരണക്രമം. ഇതിൽ ആണിയിട്ടുറപ്പിക്കുന്നഭാഗം അതിൻെറ കണ്ഠവും കൈപിടിക്കുന്നഭാഗം മൂലവും ശല്യത്തെക്കടിക്കുന്ന മറേറ അററം മുഖവുമാകുന്നു. സ്വസ്തികയന്ത്രങ്ങൾ സാമാന്യേന പതിനെട്ടുവിരൽനീളത്തിൽ ഇരുമ്പുകൊണ്ടുണ്ടാക്കേണ്ടവയാണ്. കങ്കസിംഹാദിമൃഗപക്ഷികളുടെ മുഖംപോലെയായിരിക്കണം ഈ യന്ത്രങ്ങളുടെ മുഖങ്ങൾ. ആ ജന്തുക്കൾ അവയുടെ മുഖങ്ങൾകൊണ്ട് ആഹാരസാധനങ്ങളേയും മററും കടിച്ചോ കൊത്തിയോ പിടിച്ചെടുക്കുന്നതുപോലെയാണ് സ്വസ്തികയന്ത്രമുഖങ്ങൾകൊണ്ട് ശല്യത്തെ പിടിച്ചെടുക്കേണ്ടതും. ഇതിൽ കങ്കത്തിൻെറ മുഖംപോലെ മുഖമുള്ള സ്വസ്തികയന്ത്രത്തിന് കങ്കമുഖയന്ത്രം എന്നും, സിംഹത്തിൻെറ മുഖംപോലെ മുഖമുള്ള യന്ത്രത്തിന് സിംഹമുഖയന്ത്രം എന്നും, അതുപോലെ ഋക്ഷമുഖയന്ത്രം, കാകമുഖയന്ത്രം, സർപ്പമുഖ

യന്ത്രം, കരമുഖയന്ത്രം എന്നുമായിരിക്കും അവയുടെ പേരുകൾ. ഇങ്ങനെ സ്വസ്തികയന്ത്രങ്ങൾതന്നെ അനേകവിധത്തിലുണ്ടാക്കണം. കണ്ഠഭാഗത്തു ബന്ധിക്കുന്ന ആണി രണ്ടററവും ചണമ്പയറിന്റെ മാതിരി ഉരുട്ടിത്തീർത്തിരിക്കേണ്ടതാണു. മൂലഭാഗം അങ്കുശംപോലെ വളച്ചിരിക്കയും വേണം. സ്വസ്തികയന്ത്രങ്ങൾ മററു യന്ത്രങ്ങളെ അപേക്ഷിച്ച വളരെ ഉറപ്പുള്ളവയാണ്. അതിനാൽ അസ്ഥിയിൽ തറച്ചുറച്ചിരിക്കുന്ന ശല്യങ്ങളെ ഈ സ്വസ്തികയന്ത്രങ്ങൾകൊണ്ടുവേണമെടുക്കാൻ.

കീലബദ്ധാവിമുക്താഗ്രൌ സന്ദംശൌ ഷോഡശാംഗുലൌ 7

ത്വക്സിരാസ്നായുപിശിതലഗ്നശല്യാപകർഷണൌ •

ഷഡംഗുലോന്യോ ഹരണേ സൂക്ഷ്മശല്യോപപക്ഷ്മണാം 8

| | | |
|---|---|---|
| ഷോഡശാംഗുലൌ | = | പതിനാറുവിരൽ നീളത്തിൽ |
| കീലബദ്ധവിമുക്താഗ്രൌ | = | അററത്ത് ആണിബന്ധിച്ചും ആണിബന്ധിക്കാതെയുമുള്ള |
| സന്ദംശൌ | = | രണ്ടു സന്ദംശയന്ത്രങ്ങൾ |
| ത്വക്സിരാസ്നായുപിശിതലഗ്നശല്യാപകർഷണൌ | = | തൊലി, സിര, സ്നായു, മാംസം ഇവയിൽ തറച്ചിരിക്കുന്ന ശല്യങ്ങളെ എടുക്കാനുള്ളവയാകുന്നു. |
| ഷഡംഗുലഃ അന്യഃ | = | ആറുവിരൽ നീളമുള്ള മറെറാരു സന്ദംശയന്ത്രം |
| സൂക്ഷ്മശല്യോപപക്ഷ്മണാം ഹരണേ | = | അതിസൂക്ഷ്മങ്ങളായ ശല്യങ്ങളെ എടുക്കുന്നതിനും, അധികമുള്ള ഇമകളെ പറിച്ചുകളയുന്നതിനും ഉപയോഗിക്കുന്നതാകുന്നു |

സന്ദംശയന്ത്രം 'ചവണ'യുടെ ഒരു വകഭേദമാണ്. പെരുവിരലിന്റെയും ചൂണ്ടുവിരലിന്റെയും അററം ചേർത്തു പിടിച്ച് ഒരു സാധനത്തെ എടുക്കുന്നതുപോലെയാണ് സന്ദംശയന്ത്രംകൊണ്ടു ശല്യമെടുക്കുന്നത്. പിടി വിട്ടുമ്പോൾ പെരുവിരലിന്റെയും ചൂണ്ടുവിരലിന്റെയും അഗ്രങ്ങളെന്നവണ്ണം സന്ദംശത്തിന്റെയും അഗ്രങ്ങൾ വേർപെട്ടിരിക്കതന്നെ ചെയ്യും. ശല്യത്തെ സന്ദംശാഗ്രങ്ങളുടെ ഇടയ്ക്കാക്കി അവയെ വിരലുകൾകൊണ്ടു അടുപ്പിച്ചു പിടിച്ചുവേണം ശല്യമെടുക്കാൻ. ഈ പിടിത്തത്തിൽ ദാർഢ്യം പോരാ എന്നു കാണുന്നേടത്ത് ആണികൊണ്ടതിനെ ഉറപ്പിച്ചുകൊള്ളണം. അതിനായി ഒന്നിന്റെ അററത്ത് ആണി ബന്ധിച്ചിരിക്കണം, മററതു് വികസിതാഗ്രമായുമിരിക്കണം. ഇങ്ങനെ രണ്ടു സന്ദംശയന്ത്രങ്ങൾ. രണ്ടിനും പതിനാറുവിരൽ നീളമുണ്ടായിരിക്കണം. ത്വക്സിരാസ്നായുമാംസങ്ങളിൽ കൊണ്ടിരിക്കുന്ന ശല്യത്തെ ഈ സന്ദംശയന്ത്രങ്ങൾകൊണ്ടാണെടുക്കേണ്ടതു്. ഇതിനു പുറമെ ആറുവിരൽ നീളത്തിൽ വേറൊരു സന്ദംശയന്ത്രംകൂടിയുണ്ടു്. ഇതു് ഇക്കാലത്തെ ചവണതന്നെയാണു്. വിമുക്താഗ്രമായിത്തന്നെയിരിക്കുന്ന ഈ സന്ദംശംകൊണ്ടു് സൂക്ഷ്മങ്ങളായ ശല്യങ്ങളേയും അധികമുള്ള ഇമകളേയും എടുക്കേണ്ടതാകുന്നു.

മുചുടി സൂക്ഷ്മദന്തർജ്ജുർമൂലേ രുചകഭൃഷണാ

ഗംഭീരവ്രണമാംസാനാ മാമ്മണശ്ലേഷിതസ്യ ച. 9

| | | |
|---|---|---|
| സൂക്ഷ്മദന്താ | = | വളരെ ച്ചെറിയ പല്ലുകളുള്ളതും |
| ഋജുഃ | = | വളവില്ലാതെ നിവന്നിരിക്കുന്നതും |
| മൂലേ | = | മൂലഭാഗത്തു് |
| രുചകഭൂഷണാ | = | മോതിരവളയമിട്ടിട്ടുള്ളതുമായ |
| മുചുടീ | = | മുചുടി എന്നു പേരുള്ള യന്ത്രം |
| ഗംഭീരവ്രണമാംസാനാം | = | ആഴത്തിൽ കുഴിയുള്ള വ്രണങ്ങളിലെ അധിമാംസങ്ങളുടേയും |
| ശേഷിതസ്യ | = | ഛേദിച്ചിട്ടു ശേഷിച്ചുനിൽക്കുന്ന |
| അർമ്മണഃ ച | = | അർമ്മവ്യാധിയുടേയും ആഹരണത്തിൽ (പറിച്ചെടുത്തുകളയുന്നതിൽ) ഉപയോഗിക്കനുള്ളതാകുന്നു. |

മുച്ചുടിയും സന്ദംശവർഗ്ഗത്തിൽപ്പെട്ടതാണ്. എന്നാൽ ഇതിന്റെ അഗ്രഭാഗത്ത് അകത്തായിട്ട് ചെറിയചെറിയ പല്ലുകളും ഉണ്ടായിരിക്കണം. അധികമാംസങ്ങളെ അല്പാല്പം മുറിച്ചുമുറിച്ചെടുത്തുകളയുന്നതിനാണിത്. ഇതിനു മൂലഭാഗത്തു ഒരു മോതിരവളയമിട്ടിരിക്കണം. അഗ്രം അതിലെ പല്ലുകൾകൊണ്ടു അധിമാംസത്തിൽ പിടിപ്പിച്ചുവച്ചുകൊണ്ടു മോതിരവളയത്തെ അങ്ങോട്ടടുപ്പിച്ചാൽമതി അധിമാംസം മുറിഞ്ഞുപോകും.

ദ്വേ ദ്വാദശാംഗുലേ മത്സ്യതാലുവദ്ദ്വ്യേകതാലകേ
താലയന്ത്രേ സ്മൃതേ കർണ്ണനാളീശല്യാപഹാരിണീ. 10

ദ്വാദശാംഗുലേ = പന്ത്രണ്ടുവിരൽനീളത്തിൽ
മത്സ്യതാലുവൽ = മത്സ്യത്തിന്റെ ഗളതാലുപോലെ (മുഖത്തു)
ദ്വ്യേകതാലകേ = രണ്ടു താലുമുള്ളതും, ഒരു താലുമുള്ളതുമായ
ദ്വേ = രണ്ടുയന്ത്രങ്ങൾ
കർണ്ണനാളീശല്യാപഹാരിണീ താലയന്ത്രേ സ്മൃതേ = കർണ്ണസ്രോതസ്സിൽപ്പെട്ടിരിക്കുന്ന ശല്യത്തെ എടുക്കുന്നതിനുള്ള താലയന്ത്രങ്ങളാകുന്നു

മത്സ്യത്തിന്റെ ഗളാന്തർഭാഗത്തു, വെള്ളത്തിൽനിന്നു വായുവിനെ വേർതിരിച്ചെടുത്തു ശ്വാസോച്ഛ്വാസക്രിയ നിർവ്വഹിക്കുന്നതിനുള്ള ഒരവയവമുണ്ടു. രക്തവർണ്ണത്തിൽ അടുക്കടുക്കായിട്ടു വളഞ്ഞു തൊങ്ങലുപോലെയിരിക്കുന്ന ആ അവയവത്തെ ആച്ഛാദനംചെയ്യുന്ന ബാഹ്യാവയവത്തെയാണ് "താലം" എന്നു പറയുന്നതു. അതുപോലെ അഗ്രം പരത്തി അകത്തോട്ടല്പം വളച്ചുതീർത്താൽ താലയന്ത്രമായി. ഇതു ഒരു താലുമുള്ളതും രണ്ടുതാലുമുള്ളതുമായിട്ടു രണ്ടുതരമുണ്ടു. രണ്ടിനും നീളം പന്ത്രണ്ടുവിരൽതന്നെ. കർണ്ണനാളിയിൽപ്പെട്ടിരിക്കുന്ന ശല്യത്തെ എടുക്കുന്നതിനാണിതുപയോഗിക്കുന്നതു.

നാളീയന്ത്രാണി സുഷിരാണ്യേകാനേകമുഖാന്യപി
സ്രോതോഗതാനാം ശല്യാനാം രോഗാണാം ദർശനായ ച 11
ക്രിയാണാം സുകരത്വായ കുര്യാദാചൂഷണായ ച
തദ്വിസ്താരപരീണാഹദൈർഘ്യം സ്രോതോനുരോധതഃ 12

നാളീയന്ത്രാണി = നാളീയന്ത്രങ്ങളെ
സ്രോതോഗതാനാം = സ്രോതസ്സുകളിലുള്ള
ശല്യാനാം രോഗാണാം = ശല്യങ്ങളുടേയും രോഗങ്ങളുടേയും
ദർശനായ ച = ദർശനത്തിനായും (അവയെ നോക്കിക്കാണുന്നതിനു) സ്രോതോഗതശല്യങ്ങളെ എടുക്കുന്നതിനായും
ക്രിയാണാം സുകരത്വായ = വസ്തി മുതലായ ക്രിയകളുടെ സൗകര്യത്തിനായും
ആചൂഷണായ ച = ദോഷങ്ങളെ ഊറിയെടുക്കുന്നതിനായും
സുഷിരാണി = ഉള്ളു പൊള്ളയായിട്ടും
ഏകാനേകമുഖാനി അപി = ഒരു മുഖമുള്ളതും ഒന്നിലധികം മുഖങ്ങളുള്ളതുമായിട്ട്
കുര്യാൽ = ഉണ്ടാക്കണം.
തദ്വിസ്താരപരീണാഹദൈർഘ്യം = അവയുടെ പൊള്ളയും, വണ്ണവും, നീളവും
സ്രോതോനുരോധതഃ = സ്രോതസ്സുകളുടെ പൊള്ളയ്ക്കും നീളത്തിനുമൊപ്പിച്ചു വേണ്ടതാകുന്നു.

ഉള്ളു പൊള്ളയായിരിക്കുക എന്നതാണ് നാളീയന്ത്രങ്ങളുടെ സാമാന്യലക്ഷണം. ഇതു ഒരുമുഖമുള്ളതും ഒന്നിലധികം മുഖങ്ങളുള്ളതുമായിട്ടു പലതരത്തിലുണ്ടു. സ്രോതസ്സുകളിലുള്ള ശല്യങ്ങളെയും രോഗങ്ങളെയും നോക്കിക്കാണുന്നതിനും സ്രോതോഗതശല്യങ്ങളെ എടുക്കുന്നതിനും (ഇതു 'ച' ശബ്ദസാമർത്ഥ്യത്താൽ ഗ്രഹിക്കേണ്ട

അത്മമാണ്.) വസ്ത്യാദിക്രിയകൾ ചെയ്യുന്നതിന്റെ സൗകര്യത്തിനും, ദോഷങ്ങളെ ഊറ്റിയെടുക്കുന്നതിനും ഉപയോഗിക്കുന്നതാണ്. ഇവയുടെ നീളവും വണ്ണവുമൊക്കെ സ്രോതസ്സുകളുടെ നീളത്തിനും മററും ഒപ്പിച്ചുവേണ്ടതാകുന്നു.

ദശാംഗുലാർദ്ധനാഹാന്തഃകണ്ഠശല്യാവലോകനേ
നാളീ പഞ്ചമുഖച്ഛിദ്രാ ചതുഷ്കർണ്ണസ്യ സംഗ്രഹേ 13
വാരംഗസ്യ ദ്വികർണ്ണസ്യ ത്രിച്ഛിദ്രാ തൽപ്രമാണതഃ

ദശാംഗുലാ = പത്തുവിരൽ നീളമുള്ളതും
അർദ്ധനാഹാ = അതിന്റെ പകുതി അഞ്ചുവിരൽ വണ്ണമുള്ളതുമായ
നാളീ = നാളീയന്ത്രം
അന്തഃകണ്ഠശല്യാവലോകനേ = കണ്ഠത്തിനുള്ളിലിരിക്കുന്ന ശല്യത്തെ നോക്കിക്കാണുന്നതിനുള്ളതാകുന്നു
ചതുഷ്കർണ്ണസ്യ വാരാംഗസ്യ = നാലു കർണ്ണങ്ങളുള്ള വാരംഗത്തിന്റെ
സംഗ്രഹേ = സംഗ്രഹണത്തിൽ (എടുക്കുന്നതിലേയ്ക്കു്)
പഞ്ചമുഖച്ഛിദ്രാ = അഞ്ചുമുഖങ്ങൾ ഛിദ്രങ്ങളായിട്ടുള്ള നാളീയന്ത്രവും
ദ്വികർണ്ണസ്യ = രണ്ടു കർണ്ണങ്ങളുള്ള വാരംഗത്തെ എടുക്കുന്നതിലേയ്ക്കു
ത്രിച്ഛിദ്രാ = മൂന്നുമുഖങ്ങൾ ഛിദ്രങ്ങളായിട്ടുള്ള നാളീയന്ത്രവും
തൽപ്രമാണതഃ = വാരംഗത്തിന്റെയും അതിന്റെ കർണ്ണങ്ങളുടെയും വണ്ണത്തിനൊത്ത പൊള്ളയോടുകൂടി ഉണ്ടാക്കി ഉപയോഗിക്കേണ്ടതാകുന്നു

കണ്ഠത്തിനുള്ളിൽ തറച്ചിരിക്കുന്ന ശല്യത്തെ നോക്കിക്കാണുന്നതിലേയ്ക്കു് ഒരു നാളീയന്ത്രമുണ്ടു്. അതിനു പത്തുവിരൽ നീളവും അഞ്ചുവിരൽ വണ്ണവും ഉണ്ടായിരിക്കണം. കണ്ഠാവലോകിനി അല്ലെങ്കിൽ കണ്ഠശല്യാവലോകിനി എന്നായിരിക്കും അതിന്റെ പേർ. ഇനി വാരംഗഗ്രഹണത്തിനു ചില നാളീയന്ത്രങ്ങളുണ്ടു്. അമ്പിന്റെ അററത്തു് 'കുരു' എന്നു പറയപ്പെടുന്ന ഒരു പശ്ചാൽഭാഗം അതിനുണ്ടു്. അതാണു് വാരംഗം. അവിടെ അസ്ത്രം തറച്ചാൽ തിരിച്ചെടുക്കാൻ കഴിയാത്തവിധത്തിൽ ചുണ്ടലിന്റെ അററത്തുള്ളമാതിരി പിന്നോട്ടു മുഖത്തോടുകൂടിയ ചില ഉടക്കുകൾ ഉണ്ടായിരിക്കും. ആ ഉടക്കുകൾക്കാണു് കർണ്ണം എന്നു പേർ പറയുന്നതു്. ഒന്നും അധികവും കർണ്ണങ്ങളുള്ള വാരംഗങ്ങളുണ്ടു്. നാലു കർണ്ണങ്ങളുള്ള വാരംഗത്തെ അഞ്ചു ഛിദ്രങ്ങളുള്ള നാളീയന്ത്രംകൊണ്ടും, രണ്ടു കർണ്ണങ്ങളുള്ള വാരംഗത്തെ മൂന്നു ഛിദ്രങ്ങളുള്ള നാളീയന്ത്രംകൊണ്ടും എടുക്കേണ്ടതാണു്. വാരംഗം കടക്കുന്നതിനു മധ്യത്തു ഒരു ഛിദ്രവും, അതിന്റെ പാർശ്വഭാഗത്തുള്ള കർണ്ണത്തെ ഉള്ളടക്കുന്നതിനു പാർശ്വഭാഗത്തു എത്ര കർണ്ണങ്ങളുണ്ടോ അത്ര ഛിദ്രങ്ങളും ഉണ്ടാക്കിയിരിക്കണം. അങ്ങനെയായാൽ വാരംഗത്തെയും, അതിന്റെ കർണ്ണങ്ങളെയും യന്ത്രത്തിനുള്ളിലാക്കിക്കൊണ്ടു രണ്ടും ഒന്നായി വലിച്ചെടുക്കാവുന്നതാണു്.

വാരംഗകർണ്ണസംസ്ഥാനദൈർഘ്യാനാഹാനുരോധതഃ 14
നാളീരേവംവിധം ഭ്രഷ്ടും ചാന്യാ ശല്യാനി കാരയേൽ

വാരംഗകർണ്ണസംസ്ഥാനദൈർഘ്യാനാഹാനുരോധതഃ = വാരംഗത്തിന്റെയും, അതിന്റെ കർണ്ണങ്ങളുടെയും ആകൃതിക്കും നീളത്തിനും വണ്ണത്തിനും യോജിക്കുമാറു്
ഏവംവിധാഃ = ഇപ്പറഞ്ഞവിധത്തിലുള്ള
അന്യാഃ നാളീഃ ച = മററു പലതരം നാളീയന്ത്രങ്ങളെയും
ശല്യാനി ഭ്രഷ്ടും ച = ശല്യങ്ങളെ നോക്കിക്കാണുന്നതിനും എടുക്കുന്നതിനുമായിട്ടു്
കാരയേൽ = ഉണ്ടാക്കിച്ചുവച്ചുകൊള്ളണം.

പത്മകർണ്ണികയാ മൂർദ്ധ്നി സദൃശീ ദ്വാദശാംഗുലാ 15
ചതുർത്ഥസുഷിരാ നാളീ ശല്യനിർഘാതിനീ മതാ

മൂർദ്ധ്നി = മുകൾഭാഗത്ത്
പത്മകർണ്ണികയാ സദൃശീ = താമരപ്പൂവിന്റെ ഉള്ളിലുള്ള കർണ്ണികയോടു സദൃശമായതും
ദ്വാദശാംഗുലാ = പന്ത്രണ്ടുവിരൽ നീളമുള്ളതും
ചതുർത്ഥസുഷിരാ = നാലിലൊരുഭാഗം ഉള്ള് പൊള്ളയായതുമായ
നാളീ = നാളീയന്ത്രം
ശല്യനിർഘാതിനീ മതാ = ശല്യനിർഘാതിനി എന്ന പേരുള്ളതാകുന്നു

ഒരു താമരപ്പൂ അതിന്റെ തണ്ടോടുകൂടിയെടുത്ത് അതിലെ പുഷ്പദലങ്ങളും അല്ലികളും ഒന്നൊന്നായി പറിച്ചുകളക. അപ്പോൾ മുകൾഭാഗം കുറഞ്ഞൊന്നു പരന്ന് ഉള്ളിൽ കുരുക്കൾ തിങ്ങിയിരിക്കുന്ന ഒരു അവയവം ശേഷിച്ചുകാണാം. താമരത്തണ്ടിന്റെ ഊർദ്ധ്വാംഗമായ അതാണ് പത്മകർണ്ണിക. കർണ്ണികതൊട്ട് ഒൻപതു വിരലുകൾ അവിടെവെച്ചു തണ്ടു മുറിച്ചുകളയുക. ആ തണ്ടു ഞെരുങ്ങി കടക്കത്തക്ക ഒരു കുഴൽ പന്ത്രണ്ടുവിരൽ നീളത്തിലെടുത്ത് അതിന്റെ ഒരററത്തുകൂടി താമരത്തണ്ടു കടത്തി ഞെരുക്കിവയ്ക്കുക. അപ്പോൾ ആ കുഴൽ പന്ത്രണ്ടുവിരൽ നീളത്തിൽ മുകളിൽ പത്മകർണ്ണികാകാരമായിട്ട് മറേറ അററത്തു കുഴലിന്റെ ആകെയുള്ള നീളത്തിന്റെ നാലിലൊന്നായ മൂന്നുവിരൽ പൊള്ളയുള്ളതായിത്തീരും. ഇതാണു ശല്യനിർഘാതിനിയുടെ ആകൃതി.

അർശസാം ഗോസ്തനാകാരം യന്ത്രകം ചതുരംഗുലം 16
നാഹേ പഞ്ചാംഗുലം പുംസാം പ്രമദാനാം ഷഡംഗുലം
ദ്വിച്ഛിദ്രം ദർശനേ വ്യാധേരേകച്ഛിദ്രം തു കർമ്മണി 17
മദ്ധ്യേഽസ്യ ത്ര്യംഗുലം ഛിദ്രമംഗുഷ്ഠോദരവിസ്തൃതം
അർദ്ധാംഗുലോച്ഛ്രിതോദ്വൃത്തകർണ്ണികം ച തദൂർദ്ധ്വതഃ 18

ഗോസ്തനാകാരം = പശുവിന്റെ മുലക്കണ്ണിന്റെ ആകൃതിയുള്ളതും
ചതുരംഗുലം = (നീളത്തിൽ നാലുവിരലുള്ളതും
നാഹേ = വിസ്താരത്തിൽ (വണ്ണത്തിൽ)
പുംസാം പഞ്ചാംഗുലം = പുരുഷന്മാർക്ക് അഞ്ചുവിരലും
പ്രമദാനാം ഷഡംഗുലം = സ്ത്രീകൾക്ക് ആറുവിരലുമുള്ളതുമായ
അർശസാം യന്ത്രകം = അർശസ്സിനെ സംബന്ധിച്ചുള്ള അർശോയന്ത്രം
വ്യാധേഃ ദർശനേ = രോഗം നോക്കിക്കാണുന്നതിലേയ്ക്ക്
ദ്വിച്ഛിദ്രം = രണ്ടററവും തുറന്ന പൊള്ളയുള്ളതായും
കർമ്മണി തു = ശസ്ത്രക്ഷാരാദികർമ്മങ്ങൾ പ്രയോഗിക്കുന്നതിലാകട്ടെ
ഏകച്ഛിദ്രം = ഒരററം അടച്ച് ഒരററത്തുമാത്രം പൊള്ളയുള്ളതായുമിരിക്കണം
അസ്യാമദ്ധ്യേത്ര്യംഗുലം = ഇതിന്റെ മദ്ധ്യഭാഗത്ത് മൂന്നുവിരൽ നീളത്തിൽ
അംഗുഷ്ഠോദരവിസ്തൃതം = പെരുവിരലിന്റെ അകവശത്തോളം വിസ്താരമുള്ളതായ ഒരു ഛിദ്രമുണ്ടായിരിക്കുകയും
തദൂർദ്ധ്വതഃ = ആ ഛിദ്രത്തിനുമേൽ യന്ത്രത്തിന്റെ മേൽഭാഗത്ത്
അർദ്ധാംഗുലോച്ഛ്രിതോദ്വൃത്തകർണ്ണികം ച = അരവിരൽ പൊക്കത്തിലും വിസ്താരത്തിലും ഉരുട്ടി ഒരു കർണ്ണിക വച്ചിരിക്കയും വേണം.

അർശോയന്ത്രം പശുവിന്റെ മുലക്കണ്ണിന്റെ മാതിരിയിൽ ഒരററം ഉരുണ്ടും മറേറയററം കുറെ മുറിച്ചപോലെയുമിരിക്കണം. ഇതിന്റെ ഉരുണ്ട അററമാണ് ഗുദത്തിലേയ്ക്കു കടത്തുന്നത്. മറേറ അററം യന്ത്രത്തിന്റെ ഊർദ്ധ്വഭാഗമാകുന്നു. ഇതിന് ആകെ നാലുവിരൽ നീളമുണ്ടായിരിക്കണം. വണ്ണം പുരുഷന്മാർക്ക് അഞ്ചു

വിരലും സ്ത്രീകൾക്കാണെങ്കിൽ ആറുവിരലും വേണം. രോഗം നോക്കിക്കാണുന്നതിനുള്ളതു രണ്ടററവും തുറന്നതായിരിക്കണം. ശസ്ത്രാദിപ്രയോഗത്തിനുള്ളതാണെങ്കിൽ ഗുദത്തിലേയ്ക്കു കടത്തുന്നഭാഗം അടച്ച് ഊർദ്ധ്വഭാഗംമാത്രം തുറന്ന് ഏകച്ഛിദ്രമായിരുന്നാൽമതി. ആകെ നീളം നാലുവിരലുള്ളതിൽ അരവിരൽവീതം രണ്ടററത്തും വിട്ട് മദ്ധ്യത്തുള്ള മൂന്നുവിരൽനീളം തള്ളവിരലിന്റെ അകവശത്തോളം വിസ്താരത്തിൽ പൊള്ളയാക്കിയിടുകയും ഊർദ്ധ്വഭാഗത്ത് അധികമുള്ള അരവിരൽ നീളം അത്രയും പൊക്കത്തിൽ ഉയർത്തി ഒരു കർണ്ണികയാക്കിത്തീർക്കുകയും വേണം. മറേറ അററത്തുള്ള അരവിരൽനീളം ഉയർത്തി ഗോസ്തനാഗ്രത്തിന്റെ ആകൃതിയിലാക്കിയിരിക്കണമെന്നു പറയേണ്ടതില്ലല്ലോ.

ശമ്യാഖ്യം താദൃശച്ഛിദ്രം യന്ത്രമർശഃപ്രപീഡനേ
സർവ്വഥാപനയേദോഷ്ഠം ഛിദ്രാദൂർദ്ധ്വം ഭഗന്ദരേ 19

ശമ്യാഖ്യം യന്ത്രം = ശമി എന്നു പേരുള്ള യന്ത്രം
താദൃക് = അതുപോലെ (അർശോയന്ത്രംപോലെ)യിരിക്കും.
അച്ഛിദ്രം = ഛിദ്രമുണ്ടായിരിക്കയില്ല
അർശഃപ്രപീഡനേ = അർശസ്സിനെ ഉടച്ചുകളയുന്നതിനു പ്രയോഗിക്കുന്നതാ
ഭഗന്ദരേ = ഭഗന്ദരത്തിൽ പ്രയോഗിക്കുവാനാണെങ്കിൽ (കുന്നു
ഛിദ്രാൽ ഊർദ്ധ്വം = പാർശ്വഭാഗത്തെ ഛിദ്രത്തിനുമേൽ
ഓഷ്ഠം = അരവിരൽ നീളത്തിൽ കിളപ്പുള്ള വക്ക്
സർവ്വഥാ അപനയേൽ = എല്ലാവിധത്തിലും എടുത്തുകളയണം.

“ശമീയന്ത്രം” അർശോയന്ത്രംപോലെയുള്ളതാണ്. എന്നാൽ ഇതിനു പാർശ്വഭാഗത്തു ഛിദ്രം ആവശ്യമില്ല. അർശോയന്ത്രത്തിനകത്തുകൂടി കടത്തി അതിനുള്ളിൽ വന്നിരിപ്പുള്ള അർശസ്സിനെ ഉടച്ചുകളയുന്നതിനാണിതുപയോഗിക്കുന്നത്. ഭഗന്ദരയന്ത്രവും ഇതുപോലെതന്നെ. പക്ഷേ ഇതിൽ കർണ്ണിക വേണ്ടാ. കർണ്ണികാസ്ഥാനമായിരിക്കുന്ന അരവിരൽ വക്കും വേണ്ടാ. പാർശ്വച്ഛിദ്രം അവസാനിക്കുന്നിടമായിരിക്കണം ഊർദ്ധ്വഭാഗം. ആകയാൽ ഭഗന്ദരയന്ത്രത്തിനു നീളം മൂന്നരവിരലേ ഉണ്ടായിരിക്കയുള്ളു.

ഘ്രാണാർബ്ബുദാർശസാമേകച്ഛിദ്രാ നാള്യംഗുലദ്വയാ
പ്രദേശിനീപരീണാഹാ സ്യാൽ ഭഗന്ദരയന്ത്രവൽ 20

ഘ്രാണാർബ്ബുദാർശസാം നാളീ = ഘ്രാണാർബ്ബുദം, ഘ്രാണാർശസ്സ് ഇവയിൽ പ്രയോഗിക്കുവാനുള്ള നാളീയന്ത്രം
ഏകച്ഛിദ്രാ = ഒരു ഛിദ്രംമാത്രമുള്ളതും
അംഗുലദ്വയാ = രണ്ടുവിരൽ നീളമുള്ളതും
പ്രദേശിനീപരീണാഹാ = ചൂണ്ടുവിരലോളം വണ്ണമുള്ളതുമായിട്ട്
ഭഗന്ദരയന്ത്രവൽ സ്യാൽ = ഭഗന്ദരയന്ത്രംപോലെ ഇരിക്കണം.

അംഗുലിത്രാണകം ദാന്തം വാർക്ഷം വാ ചതുരംഗുലം
ദ്വിച്ഛിദ്രം ഗോസ്തനാകാരം തദ്വക്ത്രവിവൃതൌ സുഖം 21

അംഗുലിത്രാണകം = അംഗുലിത്രാണകം എന്ന യന്ത്രം
ദാന്തം വാർക്ഷം വാ = ആനക്കൊമ്പുകൊണ്ടോ മരംകൊണ്ടോ ഉണ്ടാക്കപ്പെട്ടതും
ചതുരംഗുലം ദ്വിച്ഛിദ്രം = നാലുവിരൽ നീളവും രണ്ടററവും തുറന്ന ഛിദ്രവും
ഗോസ്തനാകാരം = പശുവിന്റെ മുലക്കണ്ണിന്റെ ആകൃതിയുള്ളതുമായിരിക്കണം.
തൽ = അതു (അംഗുലിത്രാണകയന്ത്രം)
വക്ത്രവിവൃതൌ = അടച്ചിരിക്കുന്ന വാ തുറക്കുന്നതിന്
സുഖം = സുഖമായിട്ട് ഉപയോഗിക്കാനുള്ളതാണ്.

അംഗുലിത്രാണകം എന്നതിന്നു വിരലിനെ രക്ഷിക്കുന്നതെന്നാണർത്ഥം. ചില ബോധക്ഷയത്തിലും വാതവികാരത്തിലും വാ തുറക്കാതെ ഇരുന്നുപോയാൽ ഉള്ളു പൊള്ളയായ ഈ യന്ത്രം വിരലിലിട്ടുകൊണ്ടു വാ തുറക്കാം, വിരലിൽ കടി പാറുകയില്ല. യന്ത്രം കൊമ്പോ മരമോകൊണ്ടു് ഉള്ളതാകയാൽ അതിൽ കടിക്കുന്നതുകൊണ്ടു് പല്ലിന്നു തരക്കേടുപററുകയുമില്ല.

യോനിവ്രണേക്ഷണം മദ്ധ്യ സുഷിരം ഷോഡശാംഗുലം
മുദ്രാബദ്ധം ചതുർഭിത്തമംഭോജമുകുളാനനം.
ചതുശ്ശലാകമാക്രാന്തം മൂലേ തദ്വികസേന്മുഖേ

| | | |
|---|---|---|
| യോനിവ്രണേക്ഷണം | = | യോനിവ്രണക്ഷണയന്ത്രം |
| മദ്ധ്യേ സുഷിരം | = | ഉള്ളു പൊള്ളയായിരിക്കുന്നതും |
| ഷോഡശാംഗുലം | = | പതിനാറുവിരൽ നീളമുള്ളതും |
| മുദ്രാബദ്ധം | = | മോതിരവളയംകൊണ്ടു ബന്ധിച്ചിട്ടുള്ളതും |
| ചതുർഭിത്തം | = | നീളത്തിൽ നാലുകഷണങ്ങളായിട്ട് ഒന്നുചേർന്നിരിക്കുന്നതും |
| അംഭോജമുകുളാനനം | = | മുഖം താമരമൊട്ടുപോലെയുള്ളതും |
| ചതുശ്ശലാകം | = | നാലു ശലാകകളോടുകൂടിയതുമാകുന്നു. |
| തൽ | = | ആ യന്ത്രം |
| മൂലേ ആക്രാന്തം | = | മൂലഭാഗത്തു് മോതിരവളയത്തെ പിടിച്ചമർത്തിപ്പിടിക്കുമ്പോൾ |
| മുഖേ വികസേൽ | = | അഗ്രഭാഗത്തു വികാസമുണ്ടാകും. |

പതിനാറുവിരൽ നീളത്തിൽ ഒററം താമരമൊട്ടിന്റെ ആകൃതിവരുത്തി ഒരു കുഴലുണ്ടാക്കുക. അതിനെപ്പിന്നെ നീളത്തിൽ നാലു സമഭാഗമായിട്ടു കീറുക. ഈ ഓരോ ഭാഗങ്ങളുടേയും പുറമേ അതേനീളത്തിൽ ഓരോ ശലാക (വില്ലു്) അതിന്റെ ഒററം മുകുളസ്ഥാനത്തു ഘടിച്ചു മററേ അററം വികസിച്ചിരിക്കത്തക്ക വണ്ണം വച്ചിട്ടു് മുകുളഭാഗത്തിന്റെ കടയ്ക്കൽ ഒരു മോതിരവളയവും ഇട്ടുകൊൾക. യന്ത്രത്തിന്റെ മുഖമായ മുകുളഭാഗം യോനിയിൽ കടത്തിക്കൊണ്ടു മോതിരവളയത്തെ ചുററിലേക്കു നീക്കണം. അപ്പോൾ മൂലഭാഗത്തു വിടർന്നു നില്ക്കുന്ന ശലാകകൾ ക്രമേണ അടുക്കുകയും അതു് അടുക്കുംതോറും അതിന്റെ മററേ അററം ബന്ധിച്ചിരിക്കുന്ന മുകുളഭാഗം യന്ത്രമുഖം വിടരുകയും അതോടുകൂടി യോനിയുടെ അന്തർഭാഗം കാണാറാവുകയും ചെയ്യും. ഇതാണു യോനിവ്രണക്ഷണയന്ത്രം.

ഇതുപ്രകാരം പതിനാറുവിരൽ നീളത്തിൽ ചതുർഭിത്തമായ ഒരു കുഴലും അതിന്നുപുറമേ അത്രയും നീളത്തിൽ നാലു ശലാകകളും യന്ത്രത്തിന്നു വേണ്ടതായിട്ടിരിക്കുന്നു. ഇത്രയും നീണ്ട കുഴലിൽക്കൂടി യോന്യന്തർഭാഗം നോക്കിക്കാണുന്നതു തീരെ സൗകര്യമല്ലെന്നു കേട്ടാൽത്തന്നെ അറിയാം. പക്ഷേ ഷോഡശാംഗുലം എന്ന വണ്ണം ചതുർഭിത്തം, ചതുശ്ശലാകം ഇവ രണ്ടു പദങ്ങളും യന്ത്രത്തിന്റെ വിശേഷണമായിരിക്കുമ്പോൾ മററുവിധത്തിൽ അർത്ഥവിചാരണം ചെയ്യാൻ നിവൃത്തിയും കാണുന്നില്ല. ആവക നിർവ്വഹണത്തിനു ഇത്രയേറെ വേണ്ടതാനും. വസ്തിയന്ത്രത്തിന്നു വസ്തി, നേത്രം എന്നു രണ്ടുവിഭാഗമുള്ളതുപോലെ ഈ യന്ത്രത്തിന്നു് മുകുളം ശലാക എന്നു രണ്ടുവിഭാഗമുണ്ടു്. യോജിപ്പിച്ചുവയ്ക്കുമ്പോൾ പത്മകുഡ്മളാകൃതി വരത്തക്കവിധത്തിൽ ചതുർഭിത്തമായിരിക്കണം മുകുളഭാഗം. മുകുളഭാഗത്തിന്റെ കടയ്ക്കൽനിന്നാണു് ശലാകാഭാഗം ആരംഭിക്കുന്നതു്. ശലാക നാലുണ്ടു്. ഓരോന്നിന്റെയും അററം ഓരോ മുകുളഭിത്തത്തിൽ, മററേ അററം പുറത്തോട്ടു വികസിച്ചിരിക്കുമാറു ഘടിപ്പിക്കണം. എന്നിട്ടു് മുകുളശലാകാസംയോജനസ്ഥാനത്തു് ഒരു മോതിരം ഉരുമ്മിക്കിടക്കയും വേണം. മുകുളഭാഗം യന്ത്രത്തിന്റെ മുഖവും ശലാകാഗ്രങ്ങൾ അതിന്റെ മൂലവുമാകുന്നു. മോതിരവളയത്തെ യന്ത്രത്തിന്റെ മൂലത്തിലേയ്ക്കു നീക്കുക. അപ്പോൾ മുകുളിതമായിരിക്കുന്ന മുഖം വികസിക്കും, മുകുളഭാഗം

യോനിയിൽ കടത്തിവച്ചുകൊണ്ടിങ്ങനെ ചെയ്താൽ ശലാകകളുടെ മദ്ധ്യത്തുക്കൂടിയും ഇടകളിൽക്കൂടിയും യോന്യന്തർഭാഗത്തെ നോക്കിക്കാണുകയും ചെയ്യാം. ഈ വിവരണത്തിൽനിന്നു യന്ത്രത്തിന്റെ ആകൃതിയും, പ്രയോഗക്രമവും മനസ്സിലാക്കാമെങ്കിലും മൂലശ്ലോകത്തിൽ ഇങ്ങനെ അർത്ഥം ചെയ്തു വിവരിക്കാൻ അതിന്റെ പദഘടന അനുവദിക്കുന്നില്ല. ചതുർഭിത്തം അംഭോജമുകുളാനനം എന്ന രണ്ടു വ്യസ്തപദങ്ങളെ ചതുർഭിത്തപാഥോജമുകുളാനനം എന്നോ മറ്റോ സമസ്തപദമാക്കിയിരുന്നെങ്കിൽ ഒരുവിധമൊക്കെ കാര്യം നിർവ്വഹിക്കാമായിരുന്നു. ആകപ്പാടെ ഈ ഒന്നര ശ്ലോകം ശരിക്കു വ്യാഖ്യാനിച്ചു യന്ത്രാകൃതിയെ യഥാഗമം നിർദ്ദേശിക്കാൻ പലർക്കും പ്രയാസമായിട്ടാണിരിക്കുന്നതു്. "യോനിവ്രണദർശനയന്ത്രം ഷോഡശാംഗുലം മദ്ധ്യേസുഷിരം ചതുർഭിത്തം ചതുശ്ശലാകം സമ്പാതാഗ്രാ മുദ്രയാബദ്ധം നിബദ്ധമൂലമുകുളവക്ത്രം മൂലശലാകാക്രമണാദൂർദ്ധ്വവികാസി ച" എന്നു് ഇതിനെ അധികരിച്ചുള്ള സംഗ്രഹവാക്യത്തെ ശ്ലോകമാക്കിത്തീർത്തപ്പോൾ ഇതിൽനിന്നു യന്ത്രാകൃതി ബുഭുക്ഷുക്കൾക്കു സുഗ്രഹമാകണമെന്നു ആചാര്യൻ ഓർത്തിരുന്നെങ്കിൽ ഈ കുഴക്കിനിടയാക്കാതെ കഴിക്കാമായിരുന്നു.

"യോനീക്ഷണം ചരമ്മുദ്രാനിബദ്ധം ഷോഡശാംഗുലം
മദ്ധ്യച്ഛിദ്രചതുർഭിത്തപാഥോജമുകുളാനനം
ചതുശ്ശലാകമാക്രാന്തം മൂലേ തദ്വികസേന്മുഖേ"

എന്നോ മറ്റോ ആ ഗദ്യസൂക്തിയെ ശ്ലോകമാക്കിപ്പറിച്ചുകൂടാത്തതല്ല. യോനീക്ഷണം എന്നു പേരുള്ള യോനിയുടെ അന്തർഭാഗം നോക്കിക്കാണുന്നതിനുപയോഗിക്കുന്ന യന്ത്രം അങ്ങോട്ടുമിങ്ങോട്ടും നീക്കാവുന്ന മോതിരവളയമിട്ടിട്ടുള്ളതും, ആകെ പതിനാറുവിരൽ നീളമുള്ളതും, ഉള്ളു് പൊള്ളയായിട്ടു നാലുദലങ്ങളെന്നവണ്ണം നാലു ശകലങ്ങൾ ചേർന്നു താമരമൊട്ടിന്റെ ആകൃതിയുള്ള മുഖത്തോടുകൂടിയതും ശേഷംഭാഗം നാലു ശലാകകളായിട്ടിരിക്കുന്നതുമാകുന്നു. മോതിരവളയത്തെ മൂലഭാഗത്തേയ്ക്കു നീക്കി വികസിച്ചുനില്ക്കുന്ന ശലാകകളെ അടുപ്പിച്ചാൽ സങ്കോചിച്ചു മുകുളാകൃതിയിലിരിക്കുന്ന മുഖം വികസിക്കുന്നതാണു് എന്നു് ഇതിന്നർത്ഥം പറഞ്ഞു് യന്ത്രാകൃതിയെ വിവരിക്കാൻ അത്ര പ്രയാസപ്പെടേണ്ടിവരികയുമില്ല.

യന്ത്രേ നാളീവ്രണാഭ്യംഗക്ഷാളനായ ഷഡംഗുലേ. 23
വസ്തിയന്ത്രാകൃതീ മൂലേ മുഖേ ഽംഗുഷ്ഠകളായഖേ
അഗ്രതോ ഽകർണ്ണികേ മൂലേ നിബദ്ധമൃദുചർമ്മണീ. 24

| | |
|---|---|
| നാളീവ്രണാഭ്യംഗക്ഷാളനായ | = നാളീവ്രണത്തിൽ സ്നേഹംപുരട്ടുന്നതിനും അതു കഴുകുന്നതിനുമായിട്ടു് |
| ഷഡംഗുലേ | = ആറുവിരൽ നീളമുള്ളതും |
| വസ്തിയന്ത്രാകൃതീ | = വസ്തിയന്ത്രത്തിന്റെ (നേത്രത്തിന്റെ) ആകൃതിയുള്ള- |
| മൂലേ മുഖേ | = മൂലത്തിലും അഗ്രത്തിലും ക്രമേണ ...തും |
| അംഗുഷ്ഠകളായഖേ | = പെരുവിരലും കടലയും കടക്കുന്ന പൊള്ളയുള്ളതും |
| അഗ്രതഃ അകർണ്ണികേ | = അഗ്രഭാഗത്തു് കർണ്ണികയില്ലാത്തതും |
| മൂലേ | = മൂലഭാഗത്തു (ചുവട്ടിൽ) |
| നിബദ്ധമൃദുചർമ്മണീ യന്ത്രേ (ഭവതഃ) | നിബന്ധിച്ചിട്ടുള്ള മൃദുവായ ചർമ്മവസ്തിയോടുകൂടിയതുമായിട്ടു രണ്ടു യന്ത്രങ്ങളുണ്ടു്. |

വ്രണമുഖത്തിൽനിന്നും ഉള്ളിൽക്കൂടി അതിദൂരം പഴുപ്പുവ്യാപിച്ചിട്ടു് കുഴലിൽനിന്നെന്നവണ്ണം അതിൽനിന്നും ചലം വാർന്നുകൊണ്ടിരിക്കും. കുഴലുപോലെയുള്ള വ്രണം എന്ന അർത്ഥത്തിൽ അതിനെ നാളീവ്രണം എന്നു പറയും. നാളീവ്രണത്തിൽ എണ്ണയിടുന്നതിനും അതു കഴുകി ശുദ്ധമാക്കുന്നതിനുമായിട്ടു് രണ്ടു യന്ത്രങ്ങളുണ്ടു. ഇതു വസ്തിയന്ത്രംപോലെതന്നെ ഇരിക്കും. വ്യത്യാസമുള്ളതു് ഇതിന്റെ നേത്രത്തിനു ആറുവിരൽ നീളം മതി. മൂലഭാഗത്തു പെരുവിരലും അഗ്രഭാഗത്തു കടലയും കട

കുന്ന പൊള്ളയുണ്ടായിരിക്കണം. അഗ്രഭാഗത്തു കർണ്ണിക വേണ്ടാ. മൃദുവായ തോലായിരിക്കണം. ഇതിൽ വസ്തിയായിട്ടുപയോഗിക്കേണ്ടതു്.

ദ്വിദ്വാരാ നളികാ പിഞ്ഛനളികാ വോദകോദരേ

ദ്വിദ്വാരാ നളികാ = രണ്ടറ്റത്തും ദ്വാരമുള്ള നാളീയന്ത്രം
ഉദകോദരേ = ജലോദരത്തിൽ വെള്ളം ചോർത്തു കളയുന്നതിനു് ഉപയോഗിക്കാനുള്ളതാണു്.
പിഞ്ഛനളികാ വാ = മയിൽത്തൂവലിന്റെ കടയ്ക്കൽ കുഴൽപോലെയിരിക്കുന്ന ഭാഗവും അതിലേയ്ക്കുപയോഗിക്കാം.

ധൂമവസ്ത്യാദിയന്ത്രാണി നിർദ്ദിഷ്ടാനി യഥായഥം 25

ധൂമവസ്ത്യാദിയന്ത്രാണി = ധൂമയന്ത്രം വസ്തിയന്ത്രം മുതലായവ
യഥായഥം = അതാതിന്നൊത്ത വിധത്തിൽ
നിർദ്ദിഷ്ടാനി = ധൂമവിധിയുടെയും വസ്തിവിധിയുടെയും പ്രസ്താവത്തിൽ നിർദ്ദേശിച്ചുകഴിഞ്ഞു.

ത്ര്യംഗുലാസ്യം ഭവേച്ഛൃംഗം ചൂഷണേഷ്ടദശാംഗുലം
അഗ്രേ സിദ്ധാർത്ഥകച്ഛിദ്രം സുനദ്ധം ചൂചുകാകൃതി. 26

ചൂഷണേ ശൃംഗം = ചൂഷണാർത്ഥം ഉപയോഗിക്കുവാനുള്ള ശൃംഗം
ത്ര്യംഗുലാസ്യം = മൂന്നുവിരൽ കടക്കത്തക്ക വിസ്താരത്തിൽ മുഖമുള്ളതും
അഷ്ടദശാംഗുലം = എട്ടോ പത്തോ വിരൽ നീളമുള്ളതുമായിട്ടു്
അഗ്രേ = അഗ്രഭാഗത്തു്
സിദ്ധാർത്ഥകച്ഛിദ്രം = കടുകു കടക്കുന്ന പൊള്ളയോടുകൂടി
ചൂചുകാകൃതി = മുലക്കണ്ണിന്റെ ആകൃതി വരത്തക്കവിധത്തിൽ
സുനദ്ധം ഭവേൽ = നല്ലവണ്ണം ബന്ധിക്കപ്പെട്ടതായിരിക്കണം.

ചൂഷണേഷ്ടാദശാംഗുലം എന്നും ഒരു പാഠമുണ്ടു്. അതനുസരിച്ചു് ശൃംഗത്തിനു പതിനെട്ടുവിരൽ നീളമുണ്ടായിരിക്കണം എന്നു ചിലർ ധരിച്ചുവരുന്നുമുണ്ടു്. അതു ശരിയല്ല. സംഗ്രഹത്തിൽ ഇതിനെപ്പറ്റി പറയുന്നതു ഹ്രസ്വം, മധ്യം, ദീർഘം, ഇങ്ങനെ എട്ടും പത്തും പന്ത്രണ്ടു വിരൽ നീളമുള്ളതായിട്ടു ശൃംഗം മൂന്നുതരത്തിലുണ്ടെന്നാകുന്നു. "ശൃംഗം തു ഹ്രസ്വമധ്യദീർഘമഷ്ടദശദ്വാദശാംഗുലായതം" ഇതിൽ കൂടുതൽ നീളമുള്ള ദ്വാദശാംഗുലശൃംഗത്തെ ഇവിടെ വിട്ടുകളഞ്ഞിരിക്കുന്നു. സംഗ്രഹോക്തിയെ ശരിക്കു അനുകരിക്കാൻ വിചാരിക്കുന്നവർ ത്ര്യംഗുലാസ്യം ഇത്യാദി ശ്ലോകത്തെ,

"ത്ര്യംഗുലാസ്യം ചൂഷണേഷ്ടദശദ്വാദശകാംഗുലം
അഗ്രേ സിദ്ധാർത്ഥകം ശൃംഗം സുനദ്ധം ചൂചുകാകൃതി"

എന്നു തിരുത്തിപ്പഠിക്കുന്നതു കൊള്ളാം.

സ്യാദ്ദ്വാദശാംഗുലോ ലാബുർനാഹേത്വഷ്ടാദശാംഗുലഃ
ചതുസ്ത്ര്യംഗുലവൃത്താസ്യോ ദീപ്തോന്തഃ ശ്ലേഷ്മരക്തഹൃൽ 27
തദ്വൽ ഘടീഹിതാ ഗുല്മവിലയോന്നമനേ ച സാ

അലാബുഃ ദ്വാദശാംഗുലഃ = അലാബുയന്ത്രം പന്ത്രണ്ടംഗുലം നീളമുള്ളതും
നാഹേ തു അഷ്ടാദശാംഗുലഃ = വിസ്താരത്തിലാകട്ടെ പതിനെട്ടുവിരലുള്ളതും
ചതുസ്ത്ര്യംഗുലവൃത്താസ്യഃ സ്യാൽ } = നാലോ മൂന്നോ വിരൽ കടക്കത്തക്ക വിസ്താരത്തിൽ വൃത്തമായ മുഖമുള്ളതുമായിരിക്കണം
അന്തഃ ദീപ്തഃ = അതു് അന്തർഭാഗത്തു അഗ്നിയാൽ ദീപ്തമായിട്ടു്
ശ്ലേഷ്മരക്തഹൃൽ = കഫദൂഷിതമായ രക്തത്തെ എടുക്കുന്നതിനുള്ളതാകുന്നു
ഘടീ തദ്വൽ = ഘടീയന്ത്രവും അതുപോലെയുള്ളതാണു്.

സാ = അത് (ഘടീയന്ത്രം)
ഗുല്മവിലയോന്നമനേ ച ഹിതാ = ലീനമായിരിക്കുന്ന ഗുല്മത്തെ ഉടച്ചുകളയുന്നതിനായി പുറത്തേക്കുന്തിക്കുന്നതിനുംകൂടി കൊള്ളാവുന്നതാകുന്നു.

നാഡീയന്ത്രങ്ങളുടെ കൂട്ടത്തിൽ ശൃംഗം, അലാബു, ഘടി എന്ന മൂന്നു യന്ത്രങ്ങളെ ഇവിടെ വിവരിച്ചു. ഇതിൽ ശൃംഗയന്ത്രം, കാള മുതലായവയുടെ കൊമ്പിന്റെ ആകൃതിയുള്ളതുകൊണ്ടോ, പ്രായേണ അതിനെത്തന്നെ യന്ത്രമായിട്ടു പ്രയോഗിക്കാമെന്നതുകൊണ്ടോ ആണ് ശൃംഗമെന്നു പറയുന്നത്. ദുഷിച്ച രക്തം, സ്തന്യം മുതലായവയെ ഊറ്റിയെടുക്കേണ്ടതായിവന്നാൽ അവിടെ ശൃംഗമുഖത്തെ ഘടിപ്പിച്ചുവെച്ചുകൊണ്ട് അതിന്റെ സിരാഗ്രച്ഛിദ്രത്തിൽക്കൂടി ഉള്ളിലുള്ള വായുവിനെ ആവുന്നിടത്തോളം പുറത്തേക്കു വലിച്ചുകളഞ്ഞിട്ട് മെഴുകുകൊണ്ടോ മറ്റോ ദ്വാരം അടച്ചുകളയണം. അപ്പോൾ ശൂന്യമായിത്തീരുന്ന ശൃംഗാന്തർഗ്ഗതത്തിലേക്കു സ്രാവ്യമായ ദോഷം സ്രവിച്ചുവരുന്നതായിരിക്കും. അലാബു ചുരക്കുടുക്കയുടെ ആകൃതിയിലുള്ളതാണ്. ഇതിന്റെ അകത്തു സ്പിരിറ്റോ മറ്റോ ഒഴിച്ചു കത്തിച്ചിട്ട് രക്തമെടുക്കേണ്ട ഭാഗം കൊത്തിമുറിച്ചിട്ട് അവിടെ യന്ത്രമുഖം ചേർത്ത് അമർത്തിവെച്ചുകൊള്ളുക. തീയുടെ ദാഹകശക്തിയാൽ ഇവിടെയും വായു കുറഞ്ഞുപോകുന്നതിനാൽ രക്തം അകത്തേക്കു സ്രവിക്കും. കഫത്താൽ ദുഷിച്ചു സ്കന്നമായിരിക്കുന്ന രക്തത്തെ എടുക്കാനാണ് അലാബു ഉപയോഗിക്കേണ്ടത്. അഗ്നിസമ്പർക്കമുള്ളതുകൊണ്ട് ഇതിനു സ്കന്നമായ രക്തത്തെ ദ്രുതമാക്കാൻ കഴിയുന്നതാണ്. അലാബു ഉപയോഗിക്കേണ്ടിടത്തിൽ ഘടീയന്ത്രവും ഉപയോഗിക്കാം. അതിനുപുറമെ ഗുല്മത്തെ പുറത്തേക്കുന്തുന്നതിനും ഘടീയന്ത്രം നല്ലതാണ്. കുടത്തിന്റെയോ കലത്തിന്റെയോ ആകൃതിയുള്ളതാണിത്. ഘടീയന്ത്രത്തിന്റെ കാര്യം ഇപ്പോൾ ഒരുതരം കിണ്ണികൊണ്ടും നിർവ്വഹിച്ചുവരുന്നുണ്ട്.

ശലാകാഖ്യാനി യന്ത്രാണി നാനാകർമ്മാകൃതീനി ച 28
യഥായോഗപ്രമാണാനി തേഷാമേഷണകർമ്മണി
ഉഭേ ഗണ്ഡൂപദമുഖേ സ്രോതോഭ്യശ്ശല്യഹാരിണീ 29
മസൂരദലവക്ത്രേ ദ്വേ സ്യാതാമഷ്ടനവാംഗുലേ

ശലാകാഖ്യാനി യന്ത്രാണി = ശലാക എന്നു പേരുള്ള യന്ത്രങ്ങൾ
നാനാകർമ്മാകൃതീനി = പല കർമ്മങ്ങൾക്കുപയോഗിക്കുന്നവയും പല ആകൃതിയുള്ളവയും
യഥായോഗപ്രമാണാനി ച = അതാതിനു യോജിച്ച അളവുള്ളവയുമാകുന്നു.
തേഷാം = അവകളിൽവെച്ച്
ഗണ്ഡൂപദമുഖേ ഉഭേ = ഞാഞ്ഞൂലിന്റെ (കഴിയിരയുടെ) മുഖത്തിനൊത്ത മുഖത്തോടുകൂടിയ രണ്ടെണ്ണം
ഏഷണകർമ്മണി = അന്വേഷണകർമ്മത്തിനുള്ളവയാണ്.
മസൂരദലവക്ത്രേ = ചണമ്പയറിന്റെ ഒരു പിളർപ്പിനോടു തുല്യമായ മുഖത്തോടുകൂടിയതും
അഷ്ടനവാംഗുലേ ദ്വേ = എട്ടും ഒൻപതും വിരൽ നീളമുള്ളതുമായ രണ്ടെണ്ണം
സ്രോതോഭ്യഃ = സ്രോതസ്സുകളിൽനിന്ന്
ശല്യഹാരിണീ സ്യാതാം = ശല്യത്തെ എടുക്കുന്നതിനുള്ളവയാകുന്നു.

നീണ്ടുരുണ്ട കമ്പിപോലെ ഇരിക്കുന്നതാണ് ശലാകായന്ത്രം, ഇത് അനേകകർമ്മങ്ങൾക്കുപയോഗിക്കുന്നതിനായിട്ട് അനേകവിധത്തിലുണ്ട്. ആവശ്യം പ്രമാണിച്ച് ഓരോന്നിന്റെയും നീളവും വണ്ണവും കല്പിച്ചുകൊള്ളണം.

ശങ്കവഃ ഷഡുഭൗ തേഷാം ഷോഡശദ്വാദശാംഗുലൗ 30
വ്യൂഹനേഽഹിഫണാവക്ത്രൗ ദ്വൗ ദശദ്വാദശാംഗുലൗ
ചാലനേ ശരപുംഖാസ്യാവാഹാര്യേ ബഡിശാകൃതീ. 31

ശംകവഃ ഷൾ = ശംകുക്കൾ ആറെണ്ണം ഉണ്ട്.

തേഷാം = അതുകളിൽവെച്ച്

ഷോഡശദ്വാദശാംഗുലൗ = പതിനാറും പന്ത്രണ്ടും വിരൽ നീളമുള്ളവയും

അഹിഫണാവക്ത്രൗ ദ്വൗ = പാമ്പിൻ പത്തിപോലെ മുഖമുള്ളവയുമായ രണ്ടെണ്ണം

വ്യൂഹനേ = വ്യൂഹനംചെയ്യുന്നതിൽ — നീക്കിക്കൂട്ടുന്നതിൽ പ്രയോഗിക്കുവാനുള്ളതാണ്.

ദശദ്വാദശാംഗുലൗ = പത്തും പന്ത്രണ്ടും വിരൽ നീളമുള്ളതും

ശരപുംഖാസ്യൗ ദ്വൗ = ശരത്തിന്റെ പുംഖംപോലെ കവരമായിട്ടുള്ള മുഖത്തോടുകൂടിയതുമായ രണ്ടെണ്ണം

ചാലനേ = ഉലയ്ക്കുന്നതിനുപയോഗിക്കുന്നതാണ്.

ബഡിശാകൃതീ = ചൂണ്ടലിന്റെ ആകൃതിയുള്ള രണ്ടെണ്ണം

ആഹാര്യേ = ആഹരിക്കുന്നതിലേക്ക് — വലിച്ചെടുക്കുന്നതിലേക്കുള്ളതാകുന്നു.

നതോഗ്രേ ശംകുനാ തുല്യോ ഗർഭശംകുരിതിസ്മൃതഃ
അഷ്ടാംഗുലായതസ്തേന മൂഢഗർഭം ഹരേൽ സ്ത്രീയാഃ 32

അഗ്രേ നതഃ = അഗ്രഭാഗം വളഞ്ഞ്

ശംകുനാ തുല്യം = ശംകു എന്ന ശലാകയോടു തുല്യമായിട്ട്

അഷ്ടാംഗുലായതഃ = എട്ടംഗുലം നീളമുള്ളതായ ശലാക

ഗർഭശംകുഃ ഇതി സ്മൃതഃ = ഗർഭശംകു എന്നു പറയപ്പെടുന്നു.

തേന = അതുകൊണ്ട്

സ്ത്രീയാഃ മൂഢഗർഭം ഹരേൽ = സ്ത്രീയുടെ മൂഢഗർഭത്തെ വലിച്ചെടുക്കണം.

അശ്മര്യാഹരണേ സർപ്പഫണാവദ്വക്രമഗ്രതഃ
ശരപുംഖമുഖം ദന്തപാതനം ചതുരംഗുലം 33

സർപ്പഫണാവൽ = സർപ്പത്തിന്റെ പത്തിപോലെ

അഗ്രതഃ വക്രം = അഗ്രഭാഗം വളഞ്ഞിരിക്കുന്ന ശംകു

അശ്മര്യാഹരണേ = അശ്മരിഎടുക്കുന്നതിനുള്ളതാണ്. ഇതിനു സർപ്പാസ്യം അല്ലെങ്കിൽ സർപ്പഫണാസ്യംഎന്നുപേരാകുന്നു.

ശരപുംഖമുഖം ചതുരംഗുലം = ശരത്തിന്റെ പുംഖംപോലെ കവരമായിരിക്കുന്ന മുഖമുള്ളതും നാലംഗുലം നീളമുള്ളതുമായ ശലാക

ദന്തപാതനം = പല്ലു പറിച്ചെടുക്കുന്നതിനുള്ളതാകയാൽ ദന്തപാതനം എന്നു പേരുള്ളതാണ്.

കാർപ്പാസവിഹിതോഷ്ണീഷാശ്ശലാകാഷ്ഷൾ പ്രമാർജ്ജനേ
പായ്വാവാസന്നദൂരാർത്ഥേ ദ്വേ ദശദ്വാദശാംഗുലേ. 34
ദ്വേ ഷൾസപ്താംഗുലേ ഘ്രാണേ ദ്വേ കർണ്ണേഷ്ടനവാംഗുലേ
കർണ്ണശോധനമശ്വത്ഥപത്രപ്രാന്തം സ്രുവാനനം. 35

കാർപ്പാസവിഹിതോഷ്ണീഷാഃ = പഞ്ഞികൊണ്ടുണ്ടാക്കിയ തലപ്പാവോടുകൂടിയ — (അറ്റത്തു പഞ്ഞിപൊതിഞ്ഞിട്ടുള്ളതെന്നർത്ഥം)

ഷൾ ശലാകാഃ = ആറു ശലാകകൾ

പ്രമാർജ്ജനേ = വ്രണവും മറ്റും തുടയ്ക്കുന്ന കാര്യത്തിൽ പ്രയോഗിക്കുന്നവയായിട്ടുണ്ട്.

ആസന്നദൂരാർത്ഥേ = അടുത്തും അകലേയും പ്രയോഗിക്കുന്നതിനായിട്ട്

പായൗ = ഗുദത്തിലേയ്ക്ക്

ദശദ്വാദശാംഗുലേ ദ്വേ = പത്തും പന്ത്രണ്ടും വിരൽ നീളമുള്ളവയായിട്ടു രണ്ടും

ഘ്രാണേ = ഘ്രാണമാർഗ്ഗത്തിലേയ്ക്ക്

ഷൾസപ്താംഗുലേ ദ്വേ = ആറും ഏഴും വിരൽ നീളമുള്ളവയായിട്ടു രണ്ടും

കർണ്ണേ = കർണ്ണസ്രോതസ്സിലേയ്ക്കു്
അഷ്ടനവാംഗുലദേ = എട്ടും ഒൻപതും വിരൽ നീളമുള്ളതായിട്ട രണ്ടുമാകുന്നു അവ.
കർണ്ണശോധനം = കർണ്ണസ്രോതസ്സിനെ ശോധനം ചെയ്യുന്നതിനുള്ള കർണ്ണശോധനം എന്നു പേരായ ശലാക
അശ്വത്ഥപത്രപ്രാന്തം = അരയാലിലപോലെയിരിക്കുന്ന അഗ്രഭാഗത്തോടും
സ്രുവാനനം = സ്രുവം(തവി)പോലെയിരിക്കുന്ന മുഖത്തോടും കൂടിയതാകുന്നു. തവി എന്നതു ചില നാട്ടുകാരുടെ ഇടയ്ക്കു 'കയിൽ' ആകുന്നു.

ശലാകാജാംബവോഷ്ഠാനാം ക്ഷാരേഗ്നൗ ച പൃഥക്ത്രയം
യുഞ്ജ്യാൽ സ്ഥൂലാണുദീർഘാണാം ശലാകാമാന്ത്രവർത്മനി. 36

മധ്യോൽവൃത്തദണ്ഡാം ച മുഖേ ചാർദ്ധേന്ദുസന്നിഭാം
കോലാസ്ഥിദലതുല്യാസ്യാ നാസാർശോർബുദദാഹകൃൽ. 37

സ്ഥൂലാണുദീർഘാണാം = കനത്തും നേർത്തും നീണ്ടുമിരിക്കുന്ന
ശലാകാജാംബവോഷ്ഠാനാം = ശലാകകളുടേയും, ജാംബവോഷ്ഠങ്ങളുടേയും
പൃഥക്ത്രയം = പ്രത്യേകം മൂന്നു്
ക്ഷാരേ അഗ്നൗ ച = ക്ഷാരപ്രയോഗത്തിലും അഗ്നികർമ്മത്തിലും
യുഞ്ജ്യാൽ = ഉപയോഗിക്കേണ്ടതാണു്.
ആന്ത്രവർത്മനി = ആന്ത്രവൃദ്ധിയിൽ (അഗ്നികർമ്മത്തിനു്)
മധ്യോൽവൃത്തദണ്ഡാം ച = മധ്യത്തിങ്കൽ ഉരുണ്ട പിടിയുള്ളതും,
മുഖേ അർദ്ധേന്ദുസന്നിഭാം ച = മുഖത്തു ചന്ദ്രക്കലപോലെ വളഞ്ഞിരിക്കുന്നതുമായ
ശലാകാം = ശലാകയെ ഉപയോഗിക്കണം.
കോലാസ്ഥിദലതുല്യാസ്യാ = ലന്തക്കുരുവിന്റെ ഒരു പിളർപ്പിനു തുല്യമായ മുഖത്തോടുകൂടിയ ശലാക
നാസാർശോർബുദദാഹകൃൽ = നാസാർശസ്സിലും, നാസാർബുദത്തിലും അഗ്നികർമ്മത്തിനുള്ളതാകുന്നു.

ക്ഷാരം വയ്ക്കുന്നതിനും, അഗ്നികർമ്മം ചെയ്യുന്നതിനും ശലാകകളും ജാംബവോഷ്ഠങ്ങളുമുപയോഗിക്കാം. ഇവ ഓരോന്നും സ്ഥൂലം അണു ദീർഘം എന്നു മൂമ്മൂന്നുവിധത്തിലുണ്ടു്. കനത്തതു് സ്ഥൂലം, നീണ്ടതു് ദീർഘം, കനവും നീളവും കുറവുള്ളതു് അണു ഇങ്ങനെയാണിവയുടെ വിഭാഗം. ആന്ത്രവൃദ്ധിയിൽ അഗ്നികർമ്മം ചെയ്യുന്നതിനുള്ള ശലാകയാണെങ്കിൽ മുഖം അർദ്ധേന്ദുപോലെ വക്രമായിരിക്കണം. മദ്ധ്യത്തിങ്കൽ മാത്രം ഉരുണ്ട ശലാകാകൃതിയിലിരിക്കണം. നാസാർശസ്സിലും നാസാർബുദത്തിലും അഗ്നികർമ്മം ചെയ്യുന്നതിനുള്ള ശലാകയുടെ മുഖം ലന്തക്കുരുവിന്റെ ഒരു പിളർപ്പിനു സമാനമായിരിക്കേണ്ടതാണു്.

അഷ്ടാംഗുലാ നിമ്നമുഖാസ്തിസ്രഃ ക്ഷാരൗഷധക്രമേ
കനീനിമധ്യമാനാമീനഖമാനസമൈർമുഖൈഃ 38

സ്വം സ്വമുക്താനി യന്ത്രാണി മേഢ്റശുദ്ധ്യഞ്ജനാദിഷു

അഷ്ടാംഗുലാഃ = എട്ടുവിരൽ നീളമുള്ളവയും
നിമ്നമുഖാഃ = മുഖം (ഒരുവശത്തു) കുഴിഞ്ഞിരിക്കുന്നവയും,
കനീനിമധ്യമാനാമീനഖമാനസമൈഃ = ചെറുവിരൽ നടുവിരൽ മോതിരവിരൽ ഇവയുടെ നഖത്തിന്റെ വലിപ്പത്തിൽ അതുപോലെയിരിക്കുന്ന
മുഖൈഃ തിസ്രഃ = മുഖങ്ങളോടുകൂടിയവയുമായ മൂന്നു ശലാകകൾ
ക്ഷാരൗഷധക്രമേ = ക്ഷാരം എടുത്തു വയ്ക്കുന്നതിനുള്ളവയാണു്.
മേഢ്റശുദ്ധ്യഞ്ജനാദിഷു = മേഢ്റസ്രോതസ്സിനെ ശോധനം ചെയ്യുക, കണ്ണിൽ അഞ്ജനം പ്രയോഗിക്കുക ഇവ പ്രകരണങ്ങളിൽ

സ്വം സ്വം യന്ത്രാണി = അതാതിന്റെ വിഹിതങ്ങളായ യന്ത്രങ്ങൾ
ഉക്താനി = പറയപ്പെടുന്നുണ്ടു്.

• ക്ഷാരം എടുത്തുവയ്ക്കുന്നതിന്നു ഇവിടെ നിർദ്ദേശിച്ച മൂന്നു ശലാകകൾ ഏതാണ്ടു് വിരലിന്റെ ആകൃതിയിലുള്ളവയാണു്. നഖത്തിന്റെ വലിപ്പത്തിൽ അഗ്രം പോലെ അകവശം കുഴിഞ്ഞിരിക്കും. അതിന്റെ മുഖം കുറച്ചു വളർന്ന നഖമുപയോഗിച്ചു് വിരൽകൊടങ്ങളെയോ അതുപോലെയാണു് ഈ ശലാകകൊണ്ടു് ക്ഷാരം എടുത്തുവയ്ക്കേണ്ടതു്.

അനുയന്ത്രാണ്യയസ്കാന്തരജ്ജുവസ്ത്രാശ്മമുദ്ഗരാഃ 39
വദ്ധ്രാന്ത്രജിഹ്വാവാലാശ്ച ശാഖാനഖമുഖദ്വിജാഃ
കാലഃ പാകഃ കരഃ പാദോ ഭയം ഹർഷശ്ച തൽക്രിയാഃ 40
ഉപായവിൽ പ്രവിഭജേദാലോച്യ നിപുണം ധിയാ 41

അയസ്കാന്തരജ്ജുവസ്ത്രാശ്മമുദ്ഗരാഃ = അയസ്കാന്തം, കയറു്, വസ്ത്രം, കല്ലു്, കൊട്ടുവടി
വദ്ധ്രാന്ത്രജിഹ്വാവാലാഃ ച = തോൽവാറു്, കുടൽ, നാക്കു്, രോമം, ഇവയും
ശാഖാനഖമുഖദ്വിജാഃ = വൃക്ഷശാഖ, നഖം, വായു്, പല്ലു് ഇതുകളും
കാലഃ പാകഃ = കാലവും പഴുപ്പും
കരഃ പാദഃ ഭയം ഹർഷഃ ച = കയ്യും കാലും ഭയവും സന്തോഷവും
അനുയന്ത്രാണി = അനുയന്ത്രങ്ങളാകുന്നു.
തൽക്രിയാഃ ഉപായവിൽ = ഇതുകൊണ്ടു് (അനുയന്ത്രങ്ങൾകൊണ്ടു) ചെയ്യേണ്ട കർമ്മങ്ങൾ ഉപായജ്ഞനായ വൈദ്യൻ
ധിയാ നിപുണം ആലോച്യ = ബുദ്ധികൊണ്ടു സാമർത്ഥ്യത്തോടുകൂടി ആലോചിച്ചിട്ടു്
പ്രവിഭജേൽ = പ്രത്യേകം വേർതിരിച്ചറിഞ്ഞുകൊള്ളണം.

യന്ത്രങ്ങൾ ലോഹാദികൾകൊണ്ടുണ്ടാക്കുന്നവയാണല്ലോ. അങ്ങിനെ ഉണ്ടാക്കുന്നതുകൊണ്ടു് അവയെ കൃത്രിമങ്ങൾ എന്നുകൂടി പറയാം. ഇനി പ്രകൃതിയിലുള്ള ചില സാധനങ്ങളെ അതേരൂപത്തിൽ തന്നെ യന്ത്രമായിട്ടുപയോഗിക്കാം. ഉണ്ടാക്കാത്തതിനാൽ അകൃത്രിമങ്ങളായ അതുകൾ അനുയന്ത്രങ്ങളാകുന്നു. അനുയന്ത്രങ്ങളിൽ ഏതുകൊണ്ടു് എവിടെ ഏതു കർമ്മം ചെയ്യുന്നതെന്നുള്ളതു ബുദ്ധിമാനായ വൈദ്യൻ അതാതിന്നൊത്തവിധത്തിൽ ആലോചിച്ചു കല്പിച്ചുകൊള്ളുകയും വേണ്ടു.

നിർഘാതനോന്മഥനപൂരണമാർഗ്ഗശുദ്ധി-
സംവ്യൂഹനാഹരണബന്ധനപീഡനാനി
ആചൂഷണോന്നമനനാമനചാലഭംഗ-
വ്യാവർത്തനർജ്ജുകരണാനി ച യന്ത്രകർമ്മ. 42

നിർഘാതനോന്മഥനപൂരണമാർഗ്ഗശുദ്ധിസംവ്യൂഹനാഹരണബന്ധനപീഡനാനി = അടിച്ചു പുറവശം പൊക്കിക്കളക, കടയുക, നിറയ്ക്കുക, മാർഗ്ഗശുദ്ധിവരുത്തുക, നീക്കിക്കൂട്ടുക, വലിച്ചെടുക്കുക, കെട്ടുക, ഞെരുക്കുക ഇവയും
ആചൂഷണോന്നമനനാമനചാലഭംഗവ്യാവർത്തനർജ്ജുകരണാനി ച യന്ത്രകർമ്മ = ഉറിഞ്ചെടുക്കുക, ഉയർത്തുക, താഴ്ത്തുക, ഇളക്കുക, ഒടിക്കുക, തിരിക്കുക, നേരെയാക്കുക ഇതുകളും യന്ത്രംകൊണ്ടു ചെയ്യേണ്ട കർമ്മങ്ങളാകുന്നു.

വിവർത്തതേ സാധ്വവഗാഹതേ ച
ഗ്രാഹ്യം ഗൃഹീതോദ്ധരതേ ച യസ്മാൽ
യന്ത്രേഷ്വതഃ കങ്കമുഖം പ്രധാനം
സ്ഥാനേഷു സർവ്വേഷ്വവികാരി യച്ച. 43

| | |
|---|---|
| യസ്മാൽ | = യാതൊന്നുഹേതുവായിട്ട് |
| വിവർത്തതേ | = വേണ്ടവിധത്തിൽ തിരിയുന്നു, |
| സാധു അവഗാഹതേ ച | = നല്ലവണ്ണം താഴുകയും ചെയ്യുന്നു |
| ഗ്രാഹ്യം ഗൃഹീത്വാ | = എടുക്കേണ്ടതിനെ എടുത്തുകൊണ്ട് |
| ഉദ്ധരതേ ച | = ഉയർന്നുവരികയുംചെയ്യുന്നു. |
| യൽ സർവ്വേഷു സ്ഥാനേഷു | = യാതൊന്നുഹേതുവായിട്ട് എല്ലാ സ്ഥാനങ്ങളിലും |
| അവികാരി ച | = പ്രയോഗിച്ചാൽ വികാരത്തെ ഉണ്ടാക്കുന്നതുമില്ല, |
| അതഃ യന്ത്രേഷു | = ഇതുഹേതുവായിട്ട് എല്ലാ യന്ത്രങ്ങളിലുംവച്ച്; |
| കങ്കമുഖം പ്രധാനം | = കങ്കമുഖയന്ത്രം പ്രധാനമാകുന്നു. |

യന്ത്രങ്ങൾ, സ്വസ്തികം, സന്ദംശം, താലം, നാളി, ശലാക, ഉപയന്ത്രം ഇങ്ങനെ ചുരുക്കത്തിൽ ആറുതരങ്ങളാണ്. കാകമുഖാദികൾ സ്വസ്തികയന്ത്രങ്ങളാണ്. മുചുടിയും മററുമാത്ര സന്ദംശയന്ത്രങ്ങൾ. ഏകതാലകം, ദ്വിതാലകം എന്നു താലയന്ത്രം രണ്ടേ ഉള്ളൂ. നാളീയന്ത്രങ്ങളും ശലാകായന്ത്രങ്ങളും അനേകതരത്തിലുണ്ട്.

ഇരുപത്തഞ്ചാമദ്ധ്യായം കഴിഞ്ഞു.

## ഇരുപത്താറാമദ്ധ്യായം

# ശസ്ത്രവിധി.

ഷഡ്വിംശതിസ്സുകർമ്മാരൈർഘടിതാനി യഥാവിധി
ശസ്ത്രാണി രോമവാഹീനി ബാഹുല്യേനാംഗുലാനി ഷട്. 1

സുരൂപാണി സുധാരാണി സുഗ്രഹാണി ച കാരയേൽ
അകരാളാനി സുധ്മാതസുതീക്ഷ്ണാവർത്തിതേഽയസി. 2

സമാഹിതമുഖാഗ്രാണി നീലാംഭോജച്ഛവീനി ച
നാമാനുഗതരൂപാണി സദാ സന്നിഹിതാനി ച. 3

സോപാന്മാനാൽചതുർത്ഥാംശഫലാന്ന്യേകൈകശോപി ച
പ്രായോ ദ്വിത്രാണി യുഞ്ജീത താനി സ്ഥാനവിശേഷതഃ 4

| | |
|---|---|
| യഥാവിധി | = വിധിപ്രകാരം |
| സുധ്മാതസുതീക്ഷ്ണാ- വർത്തിതേ അയസി | = പലവട്ടം കാച്ചിപ്പഴുപ്പിച്ച കട്ടപ്പുള്ളതാക്കിത്തീർത്ത ഉരുക്കിൽ |
| ഘടിതാനി | = തീർക്കപ്പെട്ടവയും |
| രോമവാഹീനി | = ക്ഷുരകത്തിപോലെ രോമവാഹിയായ മൂർച്ചയുള്ള വയും |
| ബാഹുല്യേന ഷഡ് അംഗുലാനി ച | = മിക്കവാറും ആറംഗുലം നീളമുള്ളവയുമായിട്ട് |
| ഷഡ്വിംശതിഃ ശസ്ത്രാണി | = ഇരുപത്താറു ശസ്ത്രങ്ങളെ |
| സുകർമ്മാരൈഃ | = നല്ല കർമ്മാളന്മാരെ (കൊല്ലന്മാരെ)ക്കൊണ്ട് |
| കാരയേൽ | = ഉണ്ടാക്കിക്കണം. |
| സുരൂപാണി സുധാരാണി | = നല്ല ആകൃതിയുള്ളവയും നല്ല വായ്ത്തലയുള്ളവയും |
| സുഗ്രഹാണി | = നല്ലവണ്ണം പിടിച്ചുപയോഗിക്കാവുന്നവയും |

അകരാളാനി = കാഴ്ചയിൽ ഭയാനകമല്ലാത്തവയും
സുസമാഹിതമുഖാഗ്രാണി = നന്നായിത്തീർത്ത മുഖാഗ്രങ്ങളോടുകൂടിയവയും
നീലാംഭോജച്ഛവീനി = കരിംകൂവളപ്പൂവിന്റെമാതിരി നീലച്ഛവിയുള്ളവയും
നാമാനുഗതരൂപാണി = പേരിന്നനുസരിച്ച ആകൃതിയുള്ളവയും
സദാ സംനിഹിതാനി = എപ്പോഴും അടുത്തു തയ്യാറാക്കിവച്ചിട്ടുള്ളവയും
സോപാനാനാർദ്ധചതു-ർത്ഥാംശഫലാനി ച = അതുകെട്ടുള്ള നീളത്തിന്റെ പകുതിയോ നാലിലൊന്നോമാത്രം അലകുള്ളവയും (പിടി ഒഴിച്ചുള്ള ഭാഗം അലക്.
അപി ച ഏകൈകശഃ = തന്നെയുമല്ല ഓരോന്നും
പ്രായഃ ദ്വിത്രീണി = മിക്കവാറും രണ്ടുമൂന്നുതരത്തിലായിട്ടുള്ളവയുമായ
താനി = അവകളെ (ശസ്ത്രങ്ങളെ)
സ്ഥാനവിശേഷതഃ = സ്ഥാനഭേദമനുസരിച്ച്
യുഞ്ജീത ച = പ്രയോഗിച്ചുകൊള്ളുകയും വേണം.

യന്ത്രവിധി കഴിഞ്ഞു് ശസ്ത്രവിധി ആരംഭിക്കുന്നു. ശസ്ത്രപ്രയോഗത്തിനു പൂർവ്വന്മാർ ഇരുപതുതരം ശസ്ത്രങ്ങളാം ഉപയോഗിച്ചിരുന്നു. ആ ഇരുപതുതരം ശസ്ത്രങ്ങളേയും ഉണ്ടാക്കുകയും ഉപയോഗിക്കുകയും ചെയ്യേണ്ടവിധത്തെയാണിവിടെ വിവരിക്കുന്നതു്. ശസ്ത്രങ്ങളാംക്കു പൊതുവിലുള്ള ആകൃതിയേയും സ്വഭാവത്തേയും വർണ്ണിച്ചിട്ടുള്ളതു വായിച്ചാൽ ആ പഴയ കാലസ്ഥിതിയെ അതിക്രമിച്ച പരിഷ്ക്കാരം അതിൽ വരുത്തിട്ടുണ്ടെന്നു കാണാം, ആ നിലയെ പ്രാപിക്കാൻതന്നെ എത്രകാലം ശ്രമിച്ചാലാണു് നമുക്കു സാധിക്കുക എന്നു വൈദ്യന്മാരിലും വൈദ്യപ്രണയികളിലും ആത്മാഭിമാനമുള്ളവർ ആലോചിച്ചുനോക്കുന്നതു നല്ലതാണു്. ഇതിൽ 'സോപാനാനാർദ്ധചതുർത്ഥാംശഫലാനി' എന്നുള്ളതിലെ അർദ്ധചതുർത്ഥാംശം എന്നതിനു് അർദ്ധത്തിന്റെ ചതുർത്ഥാംശം (എട്ടിലൊന്നു്) എന്നും, മറിച്ച അർദ്ധംകുറവുള്ള ചതുർത്ഥാംശം (മൂന്നംശങ്ങളും നാലാമത്തേതിന്റെ പകുതിയും അതായതു് എട്ടിൽ ഏഴും) എന്നും മററും വ്യാഖ്യാനിച്ചുകാണുന്നു. ഇതിൽ ആദ്യത്തെ വ്യാഖ്യാനപ്രകാരം ആറംഗുലനീളമുള്ള ശസ്ത്രത്തിനു് മുക്കാൽ അംഗുലംമാത്രവും, രണ്ടാമത്തെ വ്യാഖ്യാനപ്രകാരം അഞ്ചേകാൽ അംഗുലവും ഫലമുണ്ടായിരിക്കണമെന്നു വരുന്നു. ശസ്ത്രത്തിന്റെ ഫലം എന്നതു് പിടിയൊഴിച്ചുള്ള 'അലക്' എന്നുപറയുന്ന ഭാഗമാണു്. ശസ്ത്രങ്ങളിൽ ചിലതു് അലകും പിടിയും തുല്യദൈർഘ്യമുള്ളവയായിരിക്കണം. കരപത്രം കത്തിരി മുതലായവയ്ക്കു പിടിയെക്കാൾ അലകിനു ദൈർഘ്യം ആവശ്യമാണു്. മറിച്ചു 'സർപ്പവക്ത്ര'ത്തിനും മററും അലകിനു നീളം തീരെ കുറച്ചുമതി. ആകയാൽ അലകിനു് ഒരു നിയതമാനം കല്പിക്കാതെ പകുതിയോ നാലിലൊന്നോ ആകാം എന്നുവച്ചാൽ ആവശ്യമെന്നുതോന്നുന്നപക്ഷം പകുതിയിലും കൂടുകയോ നാലിലൊന്നിലും കുറയ്ക്കുകയോ ചെയ്യുന്നതിനു വിരോധമില്ല എന്നു ബുദ്ധിമാന്മാർക്കു് അനുമാനിച്ചുകാണുകയും ചെയ്യാം.

മണ്ഡലാഗ്രം ഫലേ തേഷാം തർജ്ജന്യന്തർനഖാകൃതി
ലേഖനേ ഛേദനേ യോജ്യം പോഥകീശുണ്ഠികാദിഷു. 5

തേഷാം മണ്ഡലാഗ്രം = അതുകളിൽവച്ചു മണ്ഡലാഗ്രമെന്ന ശസ്ത്രം
ഫലേ = ഫലഭാഗത്തു്
തർജ്ജന്യന്തർനഖാകൃതി = ചൂണ്ടുവിരലിന്റെ അന്തർനഖംപോലെ പരന്നുരുണ്ട ആകൃതിയിലുള്ളതായിരിക്കണം,
പോഥകീശുണ്ഠികാദിഷു = പോഥകി എന്ന വർമ്മരോഗം, ശുണ്ഠിക എന്ന ഗളരോഗം മുതലായവയിൽ
ലേഖനേ ഛേദനേ = ലേഖനംചെയ്യുന്നതിലും ഛേദിക്കുന്നതിലും
യോജ്യം = (അതു) പ്രയോഗിക്കേണ്ടതാണു്.

വൃദ്ധിപത്രം ക്ഷുരാകാരം ഛേദഭേദനപാടനേ
ഋജ്വഗ്രമുന്നതേ ശോഫേ ഗംഭീരേ ച തദന്യഥാ. 6

നതാഗ്രം പൃഷ്ഠതോ—ദീർഘഹ്രസ്വവക്ത്രേ യഥായഥം
ഉല്പലാദ്ധ്യർദ്ധധാരാഖ്യേ ഛേദനേ ഭേദനേ തഥാ. 7

വൃദ്ധിപത്രം = വൃദ്ധിപത്രമെന്ന ശസ്ത്രം
ക്ഷുരാകാരം = ക്ഷൗരക്കത്തിയുടെ ആകൃതിയിലുള്ളതായിരിക്കണം.
ഛേദഭേദനപാടനേ = മുറിക്കുക, പിളർക്കുക, കീറുക ഈ ക്രിയകളിൽ പ്രയോഗിക്കേണ്ടതാണ്.
തൽ = ആ ശസ്ത്രം (വൃദ്ധിപത്രം)
ഉന്നതേ ശോഫേ = പുറത്തേക്ക് അധികം പൊങ്ങിക്കാണുന്ന ശോഫത്തിലും
ഗംഭീരേ ച = അധികം ആഴത്തിൽ പഴുപ്പുള്ള ശോഫത്തിലും
ഋജ്വഗ്രം = അഗ്രം നേരേ തീർത്തതായിരിക്കണം.
അന്യഥാ = അങ്ങനെയല്ലാത്ത ശോഫങ്ങളിൽ
പൃഷ്ഠതഃ നതാഗ്രം = അഗ്രം പുറത്തേയ്ക്കുവളച്ചു തീർത്തതായിരിക്കണം
ഉല്പലാദ്ധ്യർദ്ധധാരാഖ്യ യഥായഥം } = ഉല്പലധാരമെന്നും, അദ്ധ്യർദ്ധധാരമെന്നും പേരുള്ള ശസ്ത്രങ്ങൾ അതാതിനു തക്കവണ്ണം
ദീർഘഹ്രസ്വവക്ത്രേ = ദീർഘമുഖമായും ഹ്രസ്വമുഖമായും തീർത്തിരിക്കണം (ഉല്പലധാരം ദീർഘമുഖം; അദ്ധ്യർദ്ധധാരം ഹ്രസ്വമുഖം
ഛേദനേ = ഛേദിക്കുന്നതിലും
തഥാ ഭേദനേ = അപ്രകാരം ഭേദിക്കുന്നതിലും പ്രയോഗിക്കേണ്ടതാണ്.

ക്ഷുരാകാരം എന്നു പറഞ്ഞതുകൊണ്ട് ഇന്നത്തെ ക്ഷൗരക്കത്തിപോലെയായിരിക്കും എന്നു ധരിച്ചുകൂടാ. 'ഓലപ്പിച്ചാത്തി' എന്ന പേരിൽ ഒരിനം കത്തി കുറച്ചു മുൻപുവരെ ഇന്നാട്ടിൽ നടപ്പിലിരുന്നുവല്ലോ. ഇപ്പോഴും ദുർല്ലഭം ചിലർ നീണ്ട തോലുറയ്ക്കുള്ളിൽ വച്ചു സൂക്ഷിച്ചു് ഉപയോഗിക്കുന്നതു കാണാം. ഈ കത്തി മടക്കുകയും നിവർക്കുകയും ചെയ്യാവുന്നതാണ്. മടക്കിക്കഴിയുമ്പോൾ ഓലയിലെഴുതുന്നതിനുപയോഗിക്കുന്ന 'നാരായം' നിവർന്നുവരത്തക്കവണ്ണമാണ് അതിന്റെ തീർപ്പ്. അങ്ങനെയുള്ള നാരായമില്ലാതെ ആ ആകൃതിയിൽ തീർത്തതായിരിക്കണം പണ്ടത്തെ ക്ഷുരകക്കത്തി. ഉന്നതവും ഗംഭീരവുമായ ശോഫത്തിൽ പൂയാശയം വലുതായിരിക്കും. മററുള്ള ശോഫങ്ങളിൽ അങ്ങനെയല്ലാത്തതുകൊണ്ട് ഋജ്വഗ്രമായ ശസ്ത്രം ഉപയോഗിച്ചാൽ അന്തർഭാഗത്തുള്ള മാംസത്തിനു മുറിവുപററാനിടയുള്ളതുകൊണ്ടാണ് അതുകളിൽ പ്രയോഗിക്കുവാനുള്ള വൃദ്ധിപത്രം 'പൃഷ്ഠനതാഗ്ര' മായിരിക്കണമെന്നു വിധിച്ചതു്. 'തഥാ' ശബ്ദസ്വാരസ്യംകൊണ്ട് ഉല്പലാദ്ധ്യർദ്ധധാരങ്ങൾ പാടനത്തിലും പ്രയോഗിക്കാവുന്നതാണെന്നു ഗ്രഹിക്കാം.

സർപ്പാസ്യം ഘ്രാണകർണ്ണാർശശ്ഛേദനേർദ്ധാംഗുലം ഫലേ

സർപ്പാസ്യം = സർപ്പവക്ത്രമെന്ന ശസ്ത്രം
ഫലേ അർദ്ധാംഗുലം = അരയംഗുലം മാത്രം ഫലമുള്ളതായിരിക്കണം.
ഘ്രാണകർണ്ണാർശശ്ഛേദനേ = നാസാർശസ്സും, കർണ്ണാർശസ്സും ഛേദിച്ചുകളയുന്നതിൽ പ്രയോഗിക്കുവാനുള്ളതാണ്.

ഗതേരന്വേഷണേ ശ്ലക്ഷ്ണാ ഗണ്ഡൂപദമുഖൈഷിണീ. 8
ഭേദനാർത്ഥേഽപരാ സൂചീമുഖാ മൂലനിവിഷ്ടഖാ

എഷിണീ = എഷിണി എന്ന ശസ്ത്രം
ഗതേഃ അന്വേഷണേ = നാഡീവ്രണത്തിലിട്ടു് അതു് എത്രത്തോളമുണ്ടെന്നു നോക്കി അറിയാൻ ഉപയോഗിക്കുന്നതാണ്.
ശ്ലക്ഷ്ണാ = മിനുസമായിരിക്കണം
ഗണ്ഡൂപദമുഖാ = ഞാഞ്ഞൂളിന്റെ മുഖത്തിനൊത്ത മുഖമുള്ളതായിരിക്കണം
അപരാ = മറെറാരു എഷിണി

ഭേദനാർത്ഥാ = പിളർക്കുവാൻ ഉപയോഗിക്കേണ്ടതാണ്.
സൂചീമുഖാ = (അതു) സൂചിപോലെ മുഖമുള്ളതായിരിക്കണം
മൂലേന്വിഷ്ടവാ = ചുവട്ടിൽ ഉള്ളിലേയ്ക്കു ചരടു കടത്തിവയ്ക്കുന്നതിനുള്ള ദ്വാരമുള്ളതായിരിക്കയും വേണം.

"ഏഷിണി, ഖണ്ഡൂപത്രമുഖാ സൂചീമുഖാ എന്നു രണ്ടുതരത്തിലുണ്ട്. ആദ്യത്തേതു് നാഡീവ്രണാദികളെ അന്വേഷിച്ചറിയാനുള്ളതും മറ്റേതു് അതിനെത്തന്നെ പിളർക്കുവാനുപയോഗിക്കുന്നതുമാണ്. അങ്ങനെ ഏഷിണികൊണ്ടു ഭിന്നമായ നാഡീവ്രണത്തെ ക്ഷാരാക്തമായ ചരടു കോർത്തു കെട്ടുവാൻ വിധിക്കുന്നുണ്ട്. അതിനാണു മൂലഭാഗത്തു ദ്വാരമുണ്ടായിരിക്കണമെന്നു പറഞ്ഞതു്.

വേതസം വ്യധനേ സ്രാവ്യേ ശരാര്യാസ്യത്രികൂർച്ചകേ. 9
കുശാടാവദനേപ്യേവം ദ്വ്യംഗുലം സ്യാത്തയോഃ ഫലാ

വേതസം = വേതസപത്രമെന്ന ശസ്ത്രം
വ്യധനേ = വേധനം ചെയ്യുന്നതിൽ പ്രയോഗിക്കുവാനുള്ളതാണ്.
ശരാര്യാസ്യത്രികൂർച്ചകേ = ശരാരീമുഖം, ത്രികൂർച്ചകം എന്ന രണ്ടു ശസ്ത്രങ്ങൾ
സ്രാവ്യേ = സ്രവിപ്പിച്ചുകളവാൻ (പ്രച്ഛാനത്തിനു) ഉപയോഗിക്കാനുള്ളതാണ്.
കുശാടാവദനേ അപി = കുശപത്രമുഖം, ആടാമുഖം ഈ രണ്ടു ശസ്ത്രങ്ങളും
ഏവം = ഇപ്രകാരം സ്രാവണത്തിനു് ഉപയോഗിപ്പാനുള്ളതാണ്.
തയോഃ ഫലം ദ്വ്യംഗുലം = ശരാര്യാസ്യത്രികൂർച്ചകങ്ങളുടേയും കുശാടാവദനങ്ങളുടേയും ഫലം രണ്ടംഗുലം നീളമുള്ളതായിരിക്കുന്നു.

"കുശാടാനാമശസ്ത്രം വദനേ സ്രാവ്യേ യോജ്യം" എന്നുള്ള അരുണദത്തവ്യാഖ്യാനം ശരിയല്ല. കുശാട എന്ന പേരിൽ ഒരു ശസ്ത്രമേ ഇല്ല. 'കുശാടാവദനേ' എന്നതു കുശപത്രമുഖം, ആടാമുഖം അല്ലെങ്കിൽ ആടീമുഖം എന്ന രണ്ടു ശസ്ത്രങ്ങളെ പറയുന്ന ദ്വിവചനപദമാകുന്നു.

തദ്വദന്തർമുഖം തസ്യ ഫലമധ്യർദ്ധമംഗുലം 10
അർദ്ധചന്ദ്രാനനം ചൈതത്തഥാ ഽധ്യർദ്ധാംഗുലം ഫലേ
വ്രീഹിവക്ത്രം പ്രയോജ്യം ച തത്സിരോദരയോർവ്യധേ. 11

അന്തർമുഖം = അന്തർമുഖമെന്നശസ്ത്രം
തദ്വൽ = അതുപോലെ സ്രാവണത്തിനു് ഉപയോഗിപ്പാനുള്ളതാണ്.
തസ്യ ഫലം = അതിന്റെ ഫലഭാഗം
അധ്യർദ്ധം അംഗുലം = ഒന്നര അംഗുലം നീളമുള്ളതായിരിക്കണം.
ഏതൽ = ഈ അന്തർമുഖശസ്ത്രം
അർദ്ധചന്ദ്രാനനം ച = അർദ്ധചന്ദ്രാകൃതിയിലുള്ള മുഖത്തോടുകൂടിയതായിരിക്കയും വേണം.
തഥാ വ്രീഹിവക്ത്രം = അപ്രകാരം വ്രീഹിവക്ത്രമെന്ന ശസ്ത്രം
ഫലേ അധ്യർദ്ധാംഗുലം = ഫലത്തിൽ ഒന്നരഅംഗുലം നീളമുള്ളതായിരിക്കണം
തൽ = അതു (വ്രീഹിവക്ത്രം)
സിരോദരയോഃ വ്യധേ = സിരാവ്യധത്തിലും ഉദരവ്യധത്തിലും
പ്രയോജ്യം ച = പ്രയോഗിപ്പാനുള്ളതുമാകുന്നു.

അർദ്ധചന്ദ്രാനനം ഒരു പ്രത്യേകശസ്ത്രത്തിന്റെ പേരായിട്ടു വ്യാഖ്യാനിച്ചുകാണുന്നുണ്ട്. കുശപത്രമുഖം, ആടാമുഖം എന്ന രണ്ടു ശസ്ത്രങ്ങളെ കുശാട എന്ന ഒരു ശസ്ത്രമാക്കിത്തീർത്തപ്പോളുണ്ടായ ശസ്ത്രങ്ങളുടെ ആകെത്തുകയുടെ കുറവിനെ പരിഹ

രിക്കുന്നതായിരിക്കണം. അന്തർമുഖശസ്ത്രത്തെ വിശേഷിപ്പിക്കുന്ന അർദ്ധചന്ദ്രാനനപദം ഒരു ശസ്ത്രത്തിന്റെ പേരാണെന്നു കണ്ടതു സംഗതിയായതു്. "കുശപത്രാടീമുഖദ്വ്യംഗുലഫലം" എന്നും "അന്തർമുഖമർദ്ധചന്ദ്രാകാരമത്യർദ്ധാംഗുലഫലം" എന്നുമുള്ള സംഗ്രഹകാരിയെ ഇവിടെ അനുസ്മരിക്കേണ്ടതാകുന്നു.

വ്രീഹിവക്ത്രം സിര വേധിച്ചു രക്തം ചോർത്തുകളയാനും, മഹോദരത്തിലും മറ്റും ഉദരം വേധിച്ചു വെള്ളം വാർത്തുകളയുന്നതിനും ഉപയോഗിപ്പാനുള്ളതാണു്.

വൃത്തഃ കുഠാരീ ഗോദന്തസദൃശാർദ്ധാംഗുലാനനാ
തയോർദ്ധ്വദണ്ഡയാ വിദ്ധ്യേദുപര്യസ്ഥ്നാം സ്ഥിതാം സിരാം. 12

കുഠാരീ = കുഠാരീ എന്ന ശസ്ത്രം
വൃത്തഃ ഗോദന്തസദൃശാ = പരന്നു പശുവിന്റെ പല്ലിന്റെ ആകൃതിയിൽ
അർദ്ധാംഗുലാനനാ = അരയംഗുലം നീളമുള്ളതായിരിക്കും.
ഊർദ്ധ്വദണ്ഡയാ തയാ = പിടി മേലാക്കിപ്പിടിച്ചുള്ള അതുകൊണ്ടു്
അസ്ഥ്നാം ഉപരിസ്ഥിതാം = എല്ലിന്റെ ഉപരിഭാഗത്തുള്ള
സിരാം വിദ്ധ്യേൽ = സിരയെ വേധിക്കണം.

കുഠാരി എന്നാൽ കോടാലിതന്നെ. അരയംഗുലമാത്രം വായ്ത്തലയുണ്ടാകത്തക്കവണ്ണം കോടാലിയെ ചെറുതാക്കിത്തീർത്താൽ അതു കുഠാരി എന്ന ശസ്ത്രമായിരിക്കും. പിടി മേലാക്കിപ്പിടിച്ചുകൊണ്ടു വായ്ത്തല സിരയുടെ നടുവേ കൊള്ളിച്ചുവച്ചു് വിരലുകൊണ്ടു കൊട്ടിയാൽമതി സിര വിദ്ധമാകും.

താമ്രീ ശലാകാ ദ്വിമുഖീ മുഖേ കുരവകാകൃതിഃ
ലിംഗനാശം തയാ വിദ്ധ്യേൽ കുര്യാദംഗുലിശസ്ത്രകം. 13
മുദ്രികാനിർഗ്ഗതമുഖം ഫലേ ത്വർദ്ധാംഗുലായതം
യോഗതോ വൃദ്ധിപത്രേണ മണ്ഡലാഗ്രേണ വാ സമം. 14
തൽ പ്രദേശിന്യഗ്രപർവ്വപ്രമാണാർപ്പണമുദ്രികം
സൂത്രബദ്ധം ഗളസ്രോതോരോഗച്ഛേദനഭേദനേ. 15

ശലാകാ = ശലാക എന്ന ശസ്ത്രം (കമ്പിയുടെമട്ടിലിരിക്കും)
താമ്രീ = ചെമ്പുകൊണ്ടുണ്ടാക്കിയതായിരിക്കണം.
ദ്വിമുഖീ = രണ്ടറ്റത്തും മുഖമുണ്ടായിരിക്കണം
മുഖേ കുരവകാകൃതിഃ = മുഖത്തു ചെക്കരത്തിമൊട്ടിന്റെ ആകൃതിയുണ്ടായിരിക്കണം.
തയാ = അതുകൊണ്ടു്
ലിംഗനാശം വിദ്ധ്യേൽ = ലിംഗനാശം എന്ന നേത്രരോഗത്തെ വേധിക്കണം.
അംഗുലിശസ്ത്രകം = അംഗുലിശസ്ത്രം
മുദ്രികാനിർഗ്ഗതമുഖം = മുദ്രികയിൽനിന്നു പുറപ്പെടുന്ന മുഖത്തോടുകൂടിയതും
ഫലേ തു = ഫലഭാഗത്താകട്ടെ,
അർദ്ധാംഗുലായതം = അര അംഗുലം നീളമുള്ളതും
യോഗതഃ വൃദ്ധിപത്രേണ = ആകൃതികൊണ്ടു വൃദ്ധിപത്രത്തോടോ
മണ്ഡലാഗ്രേണ വാ സമം = മണ്ഡലാഗ്രത്തോടോ തുല്യമായിട്ടുള്ളതും
പ്രദേശിന്യഗ്രപർവ്വപ്രമാണാർപ്പണമുദ്രികം = ചൂണ്ടുവിരലിന്റെ അഗ്രപർവ്വത്തോളംവരുന്ന സ്ഥാനത്തു് ചെലുത്തിപ്പിടിച്ചിട്ടുള്ള മുദ്രയോടുകൂടിയതുമായിട്ടു്
കുര്യാൽ = ഉണ്ടാക്കണം.
സൂത്രബദ്ധം തൽ = ചരടുകെട്ടീട്ടുള്ള അതു്
ഗളസ്രോതോരോഗച്ഛേദനഭേദനേ = കണ്ഠസ്രോതസ്സിലുള്ള രോഗത്തെ ഛേദിക്കാനും ഭേദിക്കാനും ഉപയോഗിപ്പാനുള്ളതാണു്.

അംഗുലിശസ്ത്രത്തിന്റെ മൂലഭാഗം കുഴലുപോലെയിരിക്കും. അതു പൂണുവിരലിന്റെ അററത്തു കടത്തിവെച്ച് വിരലിൽനിന്നും ഊരിപ്പോകാത്തവിധത്തിൽ ചരടിട്ടു കെട്ടിക്കൊണ്ടുവേണം പ്രയോഗിപ്പാൻ. അംഗുലിശസ്ത്രത്തിനു മുദ്രികാശസ്ത്രമെന്നും പേരുണ്ട്.

ഗ്രഹണേ ശുണ്ഠികർമ്മാദേർബഡിശം സുനതാനനം

ബഡിശം = ബഡിശം എന്ന ശസ്ത്രം (ചൂണ്ടൽ)
ശുണ്ഠികർമ്മാദേഃ ഗ്രഹണേ = ഗളശുണ്ഠികാ, അർമ്മം മുതലായ രോഗങ്ങളെ പിടിച്ചെടുക്കാനുള്ളതാകുന്നു.
സുനതാനനം = അതിന്റെമുഖം നല്ലവണ്ണംവളഞ്ഞിരിക്കേണ്ടതാണ്.

ഛേദേऽസ്ഥ്നാം കരപത്രം തു ഖരധാരം ദശാംഗുലം 16
വിസ്താരേ ദ്വ്യംഗുലം സൂക്ഷ്മദന്തം സുത്സരുബന്ധനം

അസ്ഥ്നാം ഛേദേ = അസ്ഥികളെ ഛേദിക്കുന്നതിലേയ്ക്കുള്ള
കരപത്രം തു = കരപത്രമെന്ന ശസ്ത്രമാകട്ടെ
ഖരധാരം = അറപ്പുവാളിന്റെമാതിരി ഖരമായ വായ്ത്തലയുള്ളതും
ദശാംഗുലം = പത്തംഗുലം നീളമുള്ളതും
വിസ്താരേ ദ്വ്യംഗുലം = രണ്ടംഗുലം വീതിയുള്ളതും
സൂക്ഷ്മദന്തം = തീരെ ചെറിയ പല്ലുകൾ വച്ചിട്ടുള്ളതും
സുത്സരുബന്ധനം = പിടിച്ചുരക്കാൻ സൗകര്യമുള്ള നല്ല പിടിയിൽ ബന്ധിച്ചിട്ടുള്ളതുമായിരിക്കണം.

സ്നായുസൂത്രകചച്ഛേദേ കർത്തരീകർത്തരീനിഭാ 17

സ്നായുസൂത്രകചച്ഛേദേ = ഞരമ്പ്, ചരട്, തലമുടി ഇവയെ മുറിക്കുന്നതിലേക്കുള്ള
കർത്തരീ കർത്തരീനിഭാ = കർത്തരി എന്ന ശസ്ത്രം കത്തിരിപോലെയിരിക്കും.

വക്രർജ്ജുധാരം ദ്വിമുഖം നഖശസ്ത്രം നവാംഗുലം
സൂക്ഷ്മശല്യോദ്ധൃതിച്ഛേദഭേദപ്രച്ഛാനലേഖനേ. 18

വക്രർജ്ജുധാരം = വളഞ്ഞതും നേരെയുമുള്ള വായ്ത്തലയോടുകൂടിയതും
ദ്വിമുഖം നവാംഗുലം = രണ്ടുമുഖങ്ങളുള്ളതും ഒൻപതംഗുലം നീളമുള്ളതുമായ
നഖശസ്ത്രം = നഖശസ്ത്രം
സൂക്ഷ്മശല്യോദ്ധൃതിച്ഛേദഭേദപ്രച്ഛാനലേഖനേ = ചെറിയ ശല്യങ്ങളെ എടുക്കുന്നതിലും, ഛേദനം, ഭേദനം, പ്രച്ഛാനം ലേഖനം ഈ ക്രിയകളിലും പ്രയോഗിക്കേണ്ടതാണ്.

“ഏകതോऽശലകർണ്ണമുഖമന്യതോ വത്സദന്തമുഖം” എന്നു സംഗ്രഹത്തിൽ കാണുന്നു. ഇതിനെയാണിവിടെ ദ്വിമുഖം എന്നു പറഞ്ഞിരിക്കുന്നതു്. ആകയാൽ അശലകർണ്ണമുഖം വക്രവും, വത്സദന്തമുഖം ഋജുവുമായിരിക്കണം എന്നു വിചാരിക്കാം.

ഏകധാരം ചതുഷ്കോണം പ്രബദ്ധാകൃതി ചൈകതഃ
ദന്തലേഖനകം തേന ശോധയേദ്ദന്തശർക്കരാം. 19

ചതുഷ്കോണം = നാലുപട്ടമായിട്ടുള്ളതും
ഏകതഃ ഏകധാരം = ഒരു ഭാഗത്തു് ഒരു വായ്ത്തലയുള്ളതും
പ്രബദ്ധാകൃതി ച = മടക്കിയമാതിരിയിലുള്ളതും
ദന്തലേഖനകം = ദന്തലേഖനമെന്ന ശസ്ത്രമാകുന്നു.
തേന = അതുകൊണ്ട്

ദന്തശങ്കരാം = പല്ലിൽ ഓട്ടപോലെ പററിപ്പിടിച്ചിരിക്കുന്ന കീട
ശോധയേൽ = ചുരണ്ടിമാററി വൃത്തിയാക്കണം. [ത്തെ

പ്രബദ്ധാകൃതി എന്നതിന്റെ ശരിയായ അർത്ഥം വ്യക്തമല്ല. വ്യാഖ്യാതാക്കന്മാരിൽ അധികമാരും വിവരിച്ചിട്ടുമില്ല. പല്ലിൽ പററിയിരിക്കുന്ന കീടൻ ചുരണ്ടി എടുക്കുന്നതാണല്ലോ ശസ്ത്രത്തിന്റെ പ്രയോജനം. മുഴുവൻ കീടനമെടുക്കണമെങ്കിൽ പല്ലുകളുടെ ഇടകളിലും ശസ്ത്രം പ്രവേശിക്കണം. പല്ലിൻചുവട്ടിലുള്ള പല്ലുകളുടെ ഇടനോക്കിയാൽ അവിടം ചതുഷ്കോണമായിരിക്കുന്നതു കാണാം. അവിടെ ശരിക്കു പ്രയോഗിക്കണമെങ്കിൽ ശസ്ത്രവും ചതുഷ്കോണമായിരിക്കണം. അതിൽ ഒരു കോണുകൊണ്ടാണ് കീടത്തെ പല്ലിൽനിന്നു ചുരണ്ടിയെടുക്കേണ്ടതു്. ഏകധാരം എന്നു പറഞ്ഞിരിക്കുന്നതു് അതിനെയാകുന്നു. അപ്പോൾ ശേഷംകോണുകളും ഊനിൽ തട്ടി മുറിവുണ്ടാക്കാതിരിക്കണമെങ്കിൽ അവയെ അതിനുതക്കവണ്ണം മൂച്ചയില്ലാത്ത വിധത്തിലാക്കിത്തീർത്തിരിക്കേണ്ടതാണ്. അതിനാണ് പ്രബദ്ധാകൃതി എന്നു പറഞ്ഞിരിക്കുന്നതു്. കാര്യം ഇങ്ങനെയാകയാൽ കർമ്മക്ഷമമായ ആകൃതിയാൽ സുകർമ്മാരന്മാരെക്കൊണ്ടു് ഈ ശസ്ത്രമുണ്ടാക്കിക്കുവാൻ പ്രയോഗദാക്ഷ്യമുള്ള വൈദ്യന്മാർക്കു സാധിക്കുമെന്നു വിചാരിക്കാം.

വൃത്താ ഗൂഢദൃഢാഃ പാശേ തിസ്രസ്സൂച്യോഽത്ര സീവനേ
മാംസലാനാം പ്രദേശാനാം ത്ര്യശ്രാ ത്ര്യംഗുലമായതാ. 20
അല്പമാംസാസ്ഥിസന്ധിസ്ഥവ്രണാനാം ദ്വ്യംഗുലായതാ
വ്രീഹിവക്ത്രാ ധനുർവക്രാ പക്വാമാശയമർമ്മസു. 21
സാ സാർദ്ധദ്വ്യംഗുലാ സർവ്വവൃത്താസ്താശ്ചതുരംഗുലാഃ
കൂർച്ചോ വൃത്തൈകപീഠസ്ഥാ സപ്താഷ്ടൗ വാ സുബന്ധനാഃ. 22
സ യോജ്യോ നീലികാവ്യംഗകേശശാതനകുട്ടനേ.

വൃത്താഃ = ഉരുണ്ടിരിക്കുന്നതും
പാശേ ഗൂഢദൃഢാഃ = ചുവട്ടിലെ ദ്വാരത്തിൽ ചരടു് ഉറപ്പിച്ചുവച്ചിട്ടുള്ള-
തിസ്രഃ സൂച്യഃ = മൂന്നു സൂചികൾ ഉണ്ടു്. (തുമായ
അത്ര ത്ര്യശ്രാ = ഇതുകളിൽ മൂന്നു പട്ടമായിട്ടുള്ളതും
ത്ര്യംഗുലം ആയതാ = മൂന്നംഗുലം നീളമുള്ളതുമായ സൂചി
മാംസലാനാം പ്രദേശാനാം = മാംസമധികമുള്ള തുട മുതലായ സ്ഥലങ്ങളുടേയും
ദ്വ്യംഗുലായതാ = രണ്ടംഗുലം നീളമുള്ള സൂചി
അല്പമാംസാസ്ഥിസന്ധിസ്ഥവ്രണാനാം = മാംസം കുറവുള്ളിടത്തും സന്ധികളിലുമുള്ള വ്രണങ്ങളുടേയും
വ്രീഹിവക്ത്രാ = നെല്ലോലപോലെ മുഖമുള്ളതും
ധനുർവക്രാ = വില്ലുപോലെ വളഞ്ഞിരിക്കുന്നതുമായ സൂചി
പക്വാമാശയമർമ്മസുസീവനേ = പക്വാമാശയസ്ഥാനങ്ങളിലും മർമ്മസ്ഥാനത്തുമുള്ള വ്രണങ്ങളുടേയും സീവനത്തിൽ (തുന്നിത്തയ്ക്കുന്നതിൽ) പ്രയോഗിക്കാനുള്ളതാണ്.
സാ = അതു് (ഒടുവിൽപ്പറഞ്ഞ വ്രീഹിമുഖസൂചി)
സാർദ്ധദ്വ്യംഗുലാ = രണ്ടരവിരൽ നീളമുള്ളതായിരിക്കയും വേണം.
സർവ്വവൃത്താഃ = എല്ലാഭാഗവും ഉരുണ്ടിരിക്കുന്നതും
ചതുരംഗുലാഃ = ആകെ നാലംഗുലം നീളമുള്ളതും
വൃത്തൈകപീഠസ്ഥാഃ സുബന്ധനാഃ = വൃത്താകാരത്തിലുള്ള ഒരു പീഠത്തിൽവച്ചു് നല്ലവണ്ണം ഉറപ്പിച്ചിട്ടുള്ളതുമായ
സപ്ത അഷ്ടൗ വാ താഃ = ഏഴോ എട്ടോ അതുകൾ (സൂചികൾ)
കൂർച്ചഃ = കൂർച്ചം അല്ലെങ്കിൽ സൂചീകൂർച്ചം എന്ന ശസ്ത്രമാകുന്നു.
സഃ = അതു് (കൂർച്ചം)

നീലികാവ്യംഗകേശശാതനകുട്ടനേ യോജ്യഃ } = നീലിക, വ്യംഗം, കേശശാതനം ഇതുകളിൽ കുട്ടനം (കുത്തുക) ചെയ്യുന്നതിലേയ്ക്കു് ഉപയോഗിക്കേണ്ടതാണു്.

സീവനത്തിനുള്ള സൂചികളെല്ലാം വൃത്തമായിരിക്കണമെന്നാണു് ആദ്യം പറഞ്ഞതു്. പിന്നെ മാംസളപ്രദേശത്തേയ്ക്കുള്ളതു് ത്ര്യശ്രമായിരിക്കണമെന്നു പറഞ്ഞു. ഇതു് ഒരു വിരോധമാണു്. ഇതിന്റെ നിവൃത്തിക്കായിട്ടെന്നപോലെ ത്ര്യശ്രാ എന്നതിനു് 'ത്ര്യശ്രാമുഖേ' എന്നു സർവാംഗസുന്ദരീവ്യാഖ്യയിൽ നിർദ്ദേശിക്കുന്നു. ഇതൊരു അംഗീകാര്യമായ നിർദ്ദേശമാണു്. മാംസളപ്രദേശത്തു് ഉരുണ്ട സൂചി കടന്നുപോകാൻ ഞെരുങ്ങും എന്നു കണ്ടിട്ടാണു് അതിനെ ത്ര്യശ്രമാക്കാൻ വിധിക്കുന്നതു്. അതിലേയ്ക്കു സൂചി മുഴുവൻ ത്ര്യശ്രമാകണമെന്നില്ല. ത്ര്യശ്രമായ മുഖത്തിൽ ത്ര്യശ്രമായിട്ടുതന്നെ വിശാലമാകുന്ന മുറിവിൽക്കൂടി ഉരുണ്ടിരിക്കുന്ന സൂചിയുടെ ശേഷംഭാഗത്തിനു കടന്നുപോകാൻ പ്രയാസമുണ്ടാകയില്ല. ആകയാൽ ത്ര്യശ്രാ എന്നതിനെ ത്ര്യശ്രമുഖം എന്നു വ്യാഖ്യാനിക്കുന്നതു് അധികം യുക്തമായിരിക്കും. 'ത്ര്യശ്രാ ത്ര്യംഗുലമായതാ' എന്ന മൂലപാഠത്തെ 'ത്ര്യശ്രാ സ്യാൽ ത്ര്യംഗുലായതാ' എന്നു തിരുത്തിപ്പഠിപ്പിക്കുന്നതുകൊണ്ടും വലിയ തരക്കേടൊന്നും വരാനില്ല. ഇങ്ങനെയായാൽ മൂന്നു സൂചികളും ഉരുണ്ടവതന്നെ ആയിരിക്കും. ഒന്നു മുഴുവൻ ഉരുണ്ടതും മറ്റൊന്നു നെല്ലോലപോലെ പരന്ന മുഖമുള്ളതും മൂന്നാമത്തേതു മൂന്നു പട്ടമുള്ള മുഖത്തോടുകൂടിയതുമായിരിക്കും. ഇതിൽ ആദ്യത്തേതിനെ വൃത്താ (ദ്വ്യംഗുലാ) രണ്ടാമത്തേതിനെ വ്രീഹിവക്ത്രാ (സാർദ്ധദ്വ്യംഗുലാ) മൂന്നാമത്തേതിനെ ത്ര്യശ്രാ (ത്ര്യംഗുലാ) എന്നു പ്രത്യേകനാമത്തിൽ ഗ്രഹിക്കയും ചെയ്യാം.

കൂർച്ചത്തെ സംബന്ധിച്ചു് 'ചതുരംഗുലാഃ' എന്നു പറഞ്ഞിരിക്കുന്നതു വെറും സൂചിയുടെയല്ല, പിടിയുംപ്പെടെയുള്ള കൂർച്ചത്തിന്റെ ആകെ നീളമാണെന്നു ധരിക്കേണ്ടതാണു്. പരന്നുരുണ്ട ഒരു പീഠം, അതിന്റെ ഒരുവശത്തു് ഏഴോ, എട്ടോ സൂചികൾ, മറുവശത്തു സുഗ്രഹമായ ഒരു പിടി. എല്ലാം കൂട്ടിഘടിപ്പിക്കുമ്പോൾ സൂചികൂർച്ചമെന്ന ശസ്ത്രമായി.

അർദ്ധാംഗുലോ മുഖേ വൃത്തശ്ചാഷ്ടാഭിഃ കണ്ടകൈഃ ഖജഃ 33

പാണിഭ്യാം മഥ്യമാനേന ഘ്രാണാത്തേന ഹരേദസൃക്

മുഖേ അർദ്ധാംഗുലഃ = അഗ്രഭാഗത്തു് അരഅംഗുലം നീണ്ടു്

അഷ്ടാഭിഃ കണ്ടകൈഃ (ഉപലക്ഷിതഃ) } = എട്ടു മുള്ളുകളോടുകൂടിയതും

വൃത്തഃ ച ഖജഃ = ഉരുണ്ടിരിക്കുന്നതും ഖജം എന്ന ശസ്ത്രമാകുന്നു

പാണിഭ്യാം = രണ്ടു കൈത്തലങ്ങളുംകൊണ്ടു്

മഥ്യമാനേന തേന = മഥനംചെയ്യുന്ന അതു് (ഖജം) കൊണ്ടു്

ഘ്രാണാൽ = മൂക്കിൽനിന്നു്

അസൃക് ഹരേൽ = രക്തത്തെ എടുത്തുകളയണം.

ആകപ്പാടെ ഉരുണ്ടു നീണ്ടു് അരഅംഗുലംമാത്രമുള്ള അഗ്രഭാഗത്തു് ചുററും എട്ടു കണ്ടകങ്ങൾ ഘടിപ്പിച്ചുവച്ചാൽ ഖജമായി.

വ്യധനേ കർണ്ണപാളീനാം യൂഥികാമുകുളാനനാ 34

സൂചീ ത്രിഭാഗസുഷിരാ ത്ര്യംഗുലാ കർണ്ണവേധിനീ

കർണ്ണപാളീനാം വ്യധനേ യൂഥികാമുകുളാനനാ } = കാതിന്റെ തട്ട വേധിക്കുന്നതിലേയ്ക്കു് (കാതു കുത്തുന്നതിനു്) മുല്ലമൊട്ടുപോലെയുള്ള മുഖത്തോടുകൂടിയതും

ത്രിഭാഗസുഷിരം ത്ര്യംഗുലാ സൂചീ } = മൂലഭാഗത്തു മൂന്നിലൊരുഭാഗം (ഒരംഗുലം) ഉള്ള പൊള്ളയായതും മൂന്നംഗുലം നീളമുള്ളതുമായ സൂചി

കർണ്ണവേധിനീ = കർണ്ണവേധിനി എന്നു പേരുള്ളതാകുന്നു.

ആരാർദ്ധാംഗുലവൃത്താസ്യാ തൽപ്രവേശാ തതോർദ്ധ്വതഃ 25

ചതുരശ്രാ തയാ വിദ്ധ്യേച്ഛോഫം പകപാമസംശയേ
കർണ്ണപാളീം ച ബഹളാം തസ്യാസ്സൈവ പ്രശസ്യതേ. 26

ആരാ = ആര എന്ന ശസ്ത്രം
അർദ്ധാംഗുലവൃത്താസ്യാ = അര അംഗുലത്തോളം വൃത്തമായ മുഖത്തോടുകൂടിയതും
തതഃ ഊർദ്ധ്വതഃ = അവിടംമുതൽ മേല്പോട്ടുള്ള ഭാഗം
തൽപ്രവേശാ ചതുരശ്രാ = അർദ്ധാംഗുലവൃത്തമായ മുഖം കടന്നുപോകത്തക്കവിധത്തിൽ നാലുപട്ടമായിത്തീർത്തിട്ടുള്ളതുമായിരിക്കണം.
തയാ ശോഫം = അതു് (ആര) കൊണ്ടു് ശോഫത്തെ (കുരുവിനെ)
പകപാമസംശയേ = പാകമായോ പാകമായില്ലയോ എന്നു സംശയം നേരിട്ടിരിക്കുമ്പോൾ പരിശോധിച്ചറിയുന്നതിനായി
വിദ്ധ്യേൽ = വേധിക്കണം.
ബഹളാം കർണ്ണപാളീം ച = തടിച്ച കർണ്ണപാളിയേയും
(വിദ്ധ്യേൽ) = വേധിക്കണം.
തസ്യാഃ = ബഹളകർണ്ണപാളിയുടെ വേധനകാര്യത്തിൽ
സാ ഏവ പ്രശസ്യതേ = അതുതന്നെ പ്രശസ്തമാകുന്നു.

കർണ്ണവേധിനിയെ വിവരിക്കുന്ന 'വ്യധനേ കർണ്ണപാളീനാ'മിത്യാദിശ്ലോകത്തെ പൂർവ്വോത്തരാർദ്ധങ്ങളാക്കിപ്പിരിച്ചു പൂർവ്വാർദ്ധത്തെ 'ആരാർദ്ധാംഗുലവൃത്താസ്യ' എന്നു തുടങ്ങി ആരയെ വിവരിക്കുന്ന ഒന്നരശ്ലോകത്തിന്റെ മുൻപിലും ഉത്തരാർദ്ധത്തെ അതിന്റെ പിൻപിലുമായിട്ടാണു് മൂലഗ്രന്ഥത്തിൽ ചേർത്തുകാണുന്നതു്. അതിനനുസരിച്ചു പൂർവ്വാർദ്ധം 'യൂഥിക എന്നൊരു ശസ്ത്രത്തിന്റേയും ഉത്തരാർദ്ധം കർണ്ണവേധിനിയുടേയും വിവരണമാണെന്നു് വ്യാഖ്യാനിക്കുകയും ചെയ്തിരിക്കുന്നു. യൂഥിക എന്നൊരു ശസ്ത്രം ശസ്ത്രങ്ങളുടെ കൂട്ടത്തിലെങ്ങുമില്ല കാതുകുത്താൻ രണ്ടു ശസ്ത്രത്തിന്റെ ആവശ്യവുമില്ല. എന്നല്ല കർണ്ണവേധിനിയെ വിവരിക്കുന്ന "കർണ്ണവ്യധനം ത്ര്യംഗുലായതമംഗുഷ്ഠസുഷിരം ഘനം യൂഥികമുകുളാഗ്രം" എന്ന സംഗ്രഹോക്തിക്കു് ആ വ്യാഖ്യാനം യോജിക്കാതെവരികയും ചെയ്യുന്നു. ആകയാൽ ഇവിടെ 'വ്യധനേ കർണ്ണപാളീനാം യൂഥികാമുകുളാനനാ' എന്ന ശ്ലോകാർദ്ധത്തിനുശേഷം 'സൂചീ ത്രിഭാഗസുഷിരാ ത്ര്യംഗുലാ കർണ്ണവേധിനീ' എന്ന ശ്ലോകാർദ്ധത്തെ പഠിക്കുകയും എല്ലാം കൂടി കർണ്ണവേധിനി എന്ന ഒരു ശസ്ത്രത്തിന്റെ വിവരണമാണെന്നു വ്യാഖ്യാനിക്കേണ്ടിവരികയും ചെയ്യും. അപ്പോൾ 'ബഹളായാശ്ച ശസ്യതേ' എന്ന പ്രയോഗം വ്യർത്ഥമായിത്തീരും. എന്നാൽ ബഹളകർണ്ണപാളീവ്യധനത്തിനുപയോഗിക്കേണ്ടതു് ആരയാണെന്നു് 'ആരാ ബഹളകർണ്ണപാളീവ്യധാർത്ഥാ' എന്നു സംഗ്രഹത്തിൽ സ്പഷ്ടമായി പറഞ്ഞിട്ടുണ്ടു്. അതിനനുസരിച്ചു് 'ബഹളായാശ്ച ശസ്യതേ' എന്നതിനെ 'തസ്യാസ്സൈവ പ്രശസ്യതേ' എന്നു തിരുത്തി പഠിക്കുകയും ചെയ്തിരിക്കുന്നു.

ഇപ്രകാരം ഇരുപത്താറു ശ്ലോകങ്ങൾകൊണ്ടു് ഇരുപത്താറു ശസ്ത്രങ്ങളേയും വിവരിച്ചുകഴിഞ്ഞു. ഈ ഇരുപത്താറു ശസ്ത്രങ്ങൾകൊണ്ടു് ആകെ പന്ത്രണ്ടു കർമ്മങ്ങളാണു് നിർവ്വഹിക്കുവാനുള്ളതു്. ആ പന്ത്രണ്ടു കർമ്മങ്ങളേയും ഓരോന്നിലും പ്രയോഗിക്കുവാനുള്ള ശസ്ത്രങ്ങളേയും താഴെ വിവരിക്കുന്നു.

1. ലേഖനം— (1) ദന്തലേഖം. (2) മണ്ഡലാഗ്രം. (3) നഖശസ്ത്രം. ആകെ 3.
2. ഛേദനം— (4) വൃദ്ധിപത്രം. (5) ഉല്പലപത്രം. (6) അദ്ധ്യർദ്ധധാരം. (7) സർപ്പാസ്യം. (8) അംഗുലിശസ്ത്രം. (9) കരപത്രം. (10) കർത്തരി മണ്ഡലാഗ്രം, നഖശസ്ത്രം. ആകെ 9.
3. ഭേദനം— (11) ഏഷിണി, വൃദ്ധിപത്രം, ഉല്പലപത്രം, അദ്ധ്യർദ്ധധാരം, അംഗുലിശസ്ത്രം, നഖശസ്ത്രം. ആകെ 6.

4. പാടനം— വൃദ്ധിപത്രം, ഉല്പലപത്രം, അദ്ധ്യർദ്ധധാരം. ആകെ 3
5. വ്യധനം— (12) വേതസപത്രം. (13) വ്രീഹിവക്ത്രം. (14) കുഠാരി. (15) ശലാക. (16) ആര. (17) കർണ്ണവേധിനി. ആകെ 6.
6. പ്രച്ഛാനം— (18) ശരാരീമുഖം. (19) ത്രികൂർച്ചകം. (20) കുശപത്രമുഖം. (21) ആടാമുഖം. (22) അന്തർമുഖം, നഖശസ്ത്രം. ആകെ 6.
7. ഏഷണം— ഏഷിണി 1.
8. ഉദ്ധരണം— നഖശസ്ത്രം 1.
9. ഗ്രഹണം— (23) ബഡിശം 1.
10. സീവനം— (24) സൂചി 1.
11. കുട്ടനം— (25) കൂർച്ചം 1.
12. മഥനം— (26) ഖജം 1.

ശസ്ത്രങ്ങളിൽ മണ്ഡലാഗ്രത്തിനു ലേഖനം, ഛേദനം; അംഗുലിശസ്ത്രത്തിനു ഛേദനം, ഭേദനം; ഏഷണിക്കു ഏഷണം, ഭേദനം; ഇങ്ങനെ ഈരണ്ടു കർമ്മങ്ങളും വൃദ്ധിപത്രം ഉല്പലപത്രം, അദ്ധ്യർദ്ധധാരം ഇവയ്ക്കു ഛേദനഭേദനപാടനങ്ങളെന്ന മൂന്നു കർമ്മങ്ങളും; നഖശസ്ത്രത്തിനു ഉദ്ധരണഛേദനഭേദനപ്രച്ഛാനലേഖനങ്ങളെന്ന പഞ്ചകർമ്മങ്ങളും; യോഗ്യങ്ങളായിട്ടുണ്ടു്. മററുള്ള പത്തൊൻപതു ശസ്ത്രങ്ങൾക്കു വിധിച്ചിട്ടുള്ള ഓരോ കർമ്മങ്ങളേ ഉള്ളു.

ജലൗകഃക്ഷാരദഹനകാചോപലനഖാദയഃ
അനുശസ്ത്രാണ്യലൗഹാനി താന്യേവം ച വികല്പയേൽ. 27
അപരാണ്യപി യന്ത്രാദീന്യുപയോഗം ച യൗഗികം

ജലൗകക്ഷാരദഹന-കാചോപലനഖാദയഃ = അട്ട, കാരം, അഗ്നി, കുപ്പിയോടു്, കല്ലു്, നഖം മുതലായവ
അനുശസ്ത്രാണി = അനുശസ്ത്രങ്ങളാകുന്നു
താനി = അതുകൾ
അലൗഹാനി = ലോഹംകൊണ്ടു നിർമ്മിക്കപ്പെടാത്തവയുമാകുന്നു.
ഏവം അപരാണി = ഇപ്രകാരം ഇവിടെ പറയാത്തെയുള്ള
യന്ത്രാദീൻ അപി = യന്ത്രം മുതലായവയേയും (യന്ത്രങ്ങളും അനുയന്ത്രങ്ങളും ശസ്ത്രങ്ങളും അനുശസ്ത്രങ്ങളും)
വികല്പയേൽ ച = വികല്പിച്ചു ഉണ്ടാക്കിക്കൊള്ളുകയും വേണം.
യൗഗികം = പ്രയോഗയോഗ്യമായ
ഉപയോഗം ച = അവയുടെ ഉപയോഗത്തേയും വികല്പിച്ചു കണ്ടുകൊള്ളണം.

അട്ട മുതലായവ അനുശസ്ത്രങ്ങളാകുന്നു. ശസ്ത്രങ്ങൾ ലോഹങ്ങൾകൊണ്ടു നിർമ്മിക്കപ്പെടുന്നവയാകയാൽ കൃത്രിമങ്ങൾ അങ്ങനെയല്ലാതെ പ്രകൃതിയിലുള്ള ചില സാധനങ്ങൾകൊണ്ടും ശസ്ത്രകാര്യം നിർവ്വഹിക്കാവുന്നതാണു്. ശസ്ത്രകാര്യം സാധിക്കുന്നുണ്ടെങ്കിലും ശസ്ത്രമായിനിർമ്മിക്കപ്പെടാത്തതുകൊണ്ടു് അവ അകൃത്രിമങ്ങളായ അനുശസ്ത്രങ്ങളത്രേ ആദിശബ്ദംകൊണ്ടു് സംഗ്രഹോക്തങ്ങളായ ശാകശേഫാലികാദി ഖരപത്രസൗഭേനശുഷ്കഗോമയാദികളേയും ഗ്രഹിക്കേണ്ടതാണു്.

ഉല്പാട്യപാട്യസീവ്യൈഷ്യലേഖ്യപ്രച്ഛാനകുട്ടനം. 28
ഛേദ്യം ഭേദ്യം വ്യധോ മന്ഥോ ഗ്രഹോ ദാഹശ്ച തൽക്രിയാഃ

ഉല്പാട്യപാട്യസീവ്യൈഷ്യ-ലേഖ്യപ്രച്ഛാനകുട്ടനം = ഉദ്ധരിക്കുക, കീറുക, തുന്നുക, അന്വേഷിക്കുക, ഉരയ്ക്കുക, കൊത്തുക, കുത്തുക

ഛേദ്യം ഭേദ്യം വ്യധഃ = മുറിക്കുക, പിളക്കുക, തുളയ്ക്കുക,
മന്ഥഃ ഗ്രഹഃ ദാഹഃ ച = കടയുക, പിടിച്ചെടുക്കുക, ചുടുക ഇതെല്ലാവും
തൽക്രിയാഃ = ശസ്ത്രാനുശസ്ത്രങ്ങളുടെ ക്രിയകളാകുന്നു.

ഇവയിൽ ഒടുവിൽ പറഞ്ഞ ദാഹം അനുശസ്ത്രങ്ങളിൽപ്പെട്ട ക്ഷാരാഗ്നികൾ കൊണ്ടു് സാധിക്കേണ്ടതാകയാൽ ഉല്പാദനാദി പന്ത്രണ്ടുംതന്നെയാണു്. ശസ്ത്രകർമ്മങ്ങൾ.

കുണ്ഠഖണ്ഡതനുസ്ഥൂലഹ്രസ്വദീർഘത്വവക്രതാഃ. 29

ശസ്ത്രാണാം ഖരധാരത്വമഷ്ടൗ ദോഷാഃ പ്രകീർത്തിതാഃ

കുണ്ഠഖണ്ഡതനുസ്ഥൂലഹ്രസ്വദീർഘത്വവക്രതാ. = മൂർച്ചയില്ലാതിരിക്കുക, ഒടിഞ്ഞുപോവുക, നേർത്തിരിക്കുക, തടിച്ചിരിക്കുക, നീളംകുറഞ്ഞുപോകുക, നീളമേറിപ്പോകുക, വളഞ്ഞിരിക്കുക ഇവയും
ഖരധാരത്വം = വായ്ത്തല അടനുപോയിട്ടുള്ളതുമാകുന്ന
അഷ്ടൗ ശസ്ത്രാണാം ദോഷാഃ = എട്ടു് ശസ്ത്രദോഷങ്ങളായിട്ടു്
പ്രകീർത്തിതാഃ = പറയപ്പെട്ടിരിക്കുന്നു.

ഛേദഭേദനലേഖ്യാർത്ഥം ശസ്ത്രം വൃന്തഫലാന്തരേ. 30

തർജ്ജനീമദ്ധ്യമാംഗുഷ്ഠൈർഗ്ഗൃഹ്ണീയാൽ സുസമാഹിതഃ

ഛേദഭേദനലേഖ്യാർത്ഥം = ഛേദനം, ഭേദനം, ലേഖനം ഇക്രിയകൾക്കായിട്ടു്
ശസ്ത്രം = ശസ്ത്രത്തെ
വൃന്തഫലാന്തരേ = വൃന്തത്തിന്റെയും ഫലത്തിന്റെയും ഇടയ്ക്കായിട്ടു്
തർജ്ജനീമദ്ധ്യമാംഗുഷ്ഠൈഃ = ചൂണ്ടുവിരലും നടുവിരലും പെരുവിരലുംകൊണ്ടു്
സുസമാഹിതഃ ഗൃഹ്ണീയാൽ = നല്ല ദൃഢതയോടുകൂടി പിടിച്ചുകൊള്ളണം.

ഫലം എന്നതു പിടി ഒഴിച്ചുള്ള കത്തിയുടെ ഭാഗമാണെന്നു മുൻപു പറഞ്ഞിട്ടുണ്ടു്. പിടിയോടുകൂടി ബന്ധിക്കുന്ന അതിന്റെ മൂലഭാഗമാണു് വൃന്തം. അപ്പോൾ വൃന്തഫലാന്തരമെന്നു പറഞ്ഞാൽ വൃന്തത്തിന്റെ മുൻഭാഗം അല്ലെങ്കിൽ ഫലത്തിന്റെ ഏതാണ്ടു മദ്ധ്യഭാഗത്തിനു് അല്പം മേൽ എന്നു ഗ്രഹിക്കണം.

വിസ്രാവണാനി വൃന്താഗ്രേ തർജ്ജന്യാംഗുഷ്ഠകേന ച 31

തലപ്രച്ഛന്നവൃന്താഗ്രം ഗ്രാഹ്യം വ്രീഹിമുഖം മുഖേ
മൂലേഷ്വാഹരണാർത്ഥാനി ക്രിയാസൗകര്യതോഽപരം. 32

വിസ്രാവണാനി = കൊത്തിച്ചോർത്തുകളയുന്നതിനുള്ള ശസ്ത്രങ്ങൾ
വൃന്താഗ്രേ = വൃന്തത്തിന്റെ അഗ്രഭാഗത്തു്
തർജ്ജന്യാ അംഗുഷ്ഠകേന ച = ചൂണ്ടുവിരലും പെരുവിരലുംകൊണ്ടു (പിടിക്കണം)
വ്രീഹിമുഖം = വ്രീഹിമുഖമെന്ന ശസ്ത്രം
തലപ്രച്ഛന്നവൃന്താഗ്രം = വൃന്തത്തിന്റെ അഗ്രഭാഗം കൈയ്യുള്ളിൽ മറഞ്ഞിരിക്കത്തക്കവണ്ണം
മുഖേ ഗ്രാഹ്യം = ശസ്ത്രത്തിന്റെ മുഖഭാഗത്തു പിടിക്കേണ്ടതാണു്.
ആഹരണാർത്ഥാനി = വലിച്ചെടുക്കുന്നതിനുള്ളവ
മൂലേഷു = മൂലഭാഗത്തു (പിടിച്ചുകൊള്ളണം)
അപരം = മറ്റുള്ള ശസ്ത്രങ്ങൾ
ക്രിയാസൗകര്യതഃ = എവിടെ എങ്ങിനെ പിടിച്ചാൽ ക്രിയയ്ക്കു സൗകര്യമുണ്ടാകുമോ അവിടെ ആ വിധത്തിൽ പിടിച്ചുകൊള്ളാം.

കത്തികൾ വിഹിതമായ ആകൃതിയിൽ അടിച്ചുണ്ടാക്കിയിട്ട് പിന്നെ തുകയ്ക്കുക എന്നൊരു സമ്പ്രദായമുണ്ടല്ലോ. അതിനെപ്പറ്റി പറയുന്ന ഘട്ടത്തിൽ ശരശല്യാസ്ഥിച്ഛേദനങ്ങൾക്കുള്ള ശസ്ത്രങ്ങളെ ക്ഷാരജലത്തിലും, മാംസച്ഛേദനത്തിനുള്ളവയെ വെള്ളത്തിലും പാടനഭേദനാദിക്രിയകൾക്കുള്ളവയെ എള്ളെണ്ണയിലും തുകച്ചെടുക്കണമെന്നു സംഗ്രഹത്തിൽ പറഞ്ഞിരിക്കുന്നു. നമ്മുടെ നാട്ടിലെ നല്ലനല്ല കത്തിവേലക്കാരും അവരെ പ്രോത്സാഹിപ്പിക്കുന്ന ദേശാഭിമാനികളും കത്തികൾ തുകയ്ക്കുന്നതിലുള്ള ഈ പുരാതനസമ്പ്രദായത്തെ പരിശോധിച്ചു ഫലം കണ്ടറിയുന്നതുകൊള്ളാം.

സ്യാന്നവാംഗുലവിസ്താരസ്സുഘനോ ദ്വാദശാംഗുലഃ
ക്ഷൗമപത്രോർണ്ണകൗശേയദുകൂലമൃദുചർമ്മജഃ 33

വിന്യസ്തപാശസ്സുസ്യൂതസ്സാന്തരോർണ്ണാസ്ഥശസ്ത്രകഃ
ശലാകാപിഹിതാസ്യശ്ച ശസ്ത്രകോശസ്സുസഞ്ചയഃ. 34

ശസ്ത്രകോശഃ = ശസ്ത്രങ്ങൾ വച്ചുസൂക്ഷിക്കുന്നതിനുള്ള ഉറ (സഞ്ചി)
നവാംഗുലവിസ്താരഃ = ഒൻപതംഗുലം വിസ്താരവും
ദ്വാദശാംഗുലഃ = പന്ത്രണ്ടംഗുലം നീളവുമുള്ളതായിരിക്കണം.
സുഘനഃ = ഓരോ അറകളും തമ്മിൽച്ചേർന്നു നിബിഡമായിരിക്കണം.
ക്ഷൗമഃ പത്രോർണ്ണകൗശേയ ദുകൂലമൃദുചർമ്മജഃ = പലമാതിരി പട്ടുകൾ, തുണികൾ, നേർത്ത തോലുകൾ ഇവകൊണ്ടുണ്ടാക്കിയിരിക്കണം.
വിന്യസ്തപാശഃ = കൂട്ടിക്കെട്ടുന്നതിലേയ്ക്കുള്ള ചരടു ഘടിപ്പിച്ചിരിക്കണം
സുസ്യൂതഃ = അറകൾ ഓരോന്നും നല്ലവണ്ണം തച്ചുചേർത്തതായിരിക്കണം.
സാന്തരോർണ്ണാസ്ഥശസ്ത്രകഃ = ശസ്ത്രങ്ങൾ രോമത്തിലോ നാരിലോ സ്പർശിച്ചിരിക്കത്തക്കവണ്ണം അവയെ അറകൾക്കകത്തു വരുത്തി ഘടിപ്പിച്ചിരിക്കണം.
ശലാകാപിഹിതാസ്യഃ = അറകളുടെ മുഖദ്വാരം ശലാകകൊണ്ടു അടച്ചിരിക്കണം.
സുസഞ്ചയഃ ച സ്യാൽ = ശസ്ത്രങ്ങൾകൊണ്ടു നിറഞ്ഞു ഞെരുങ്ങിയിരിക്കയും വേണം.

ജലൗകസസ്തു സുഖിനാം രക്തസ്രാവായ യോജയേൽ

ജലൗകസഃ തു സുഖിനാം = അട്ടകളാകട്ടേ സുഖശീലികളായവൎക്ക്
രക്തസ്രാവായ യോജയേൽ = രക്തം സ്രവിപ്പിച്ചുകളയാനായിട്ടുപയോഗിക്കണം.

ദുഷ്ടാംബുമത്സ്യഭേകാഹിശവകോഥമലോത്ഭവാഃ 35

രക്താശ്ശ്വേതാ ഭൃശം കൃഷ്ണാശ്ചപലാഃ സ്ഥൂലപിച്ഛിലാഃ
ഇന്ദ്രായുധവിചിത്രോർദ്ധ്വരാജയോ രോമശാശ്ച യാഃ 36

സവിഷാ വർജ്ജയേത്താഭിഃ കണ്ഡൂപാകഭ്രമജ്വരാഃ

ദുഷ്ടാംബുമത്സ്യഭേകാഹി ശവകോഥമലോത്ഭവാഃ = ദുഷിച്ചവെള്ളം, മത്സ്യത്തിന്റെയും, തവളയുടേയും പാമ്പിന്റെയും ചീഞ്ഞളിഞ്ഞ ശവം, മലം ഇതുകളിൽനിന്നുണ്ടായിട്ടുള്ളവയും
രക്താഃ ശ്വേതാഃ ഭൃശം കൃഷ്ണാഃ = ചുവന്നും, വെളുത്തും, ഏറെക്കറുത്തുമിരിക്കുന്നവയും
ചപലാ = എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്നവയും
സ്ഥൂലപിച്ഛിലാഃ = വളരെ തടിച്ചും വഴവഴുത്തുമിരിക്കുന്നവയും
ഇന്ദ്രായുധവിചിത്രോ — ർദ്ധ്വരാജയഃ = മഴവില്ലുപോലെ നാനാവൎണ്ണത്തിലുള്ള ഊൎദ്ധ്വരേഖകളോടുകൂടിയവയും

രോമശാഃ ച = രോമങ്ങളുള്ളവയും
യാഃ (ജലൗകസഃ) = ഏതേതു അട്ടകളാണോ
സവിഷാഃ (താഃ) = വിഷമുള്ളവയായ അതുകളെ
വർജ്ജയേൽ = ഉപേക്ഷിക്കണം (ആ അട്ടകളെ കടിപ്പിച്ചു രക്തം എടുക്കരുതു്)
താഭിഃ = അതുകളെക്കൊണ്ടു് (ആ അട്ടകളെ കടിപ്പിക്കുന്നതുകൊണ്ടു്)
കണ്ഡൂപാകഭ്രമജ്വരാഃ = ചൊറിച്ചിൽ, പഴുപ്പു്, തലചുററു്, ജ്വരം ഇവയുണ്ടാകും.

വിഷപിത്താസ്രനൽ കാര്യം തത്ര ശുദ്ധാംബുജാഃ പുനഃ 37
നിർവ്വിഷാഃ ശൈവലശ്യാവാ വൃത്താ നീലോർദ്ധ്വരാജയഃ
കഷായപൃഷ്ഠാസ്തന്വംഗ്യാഃ കിഞ്ചിൽ പീതോദരാശ്ച താഃ 38

തത്ര = മേൽപ്പറഞ്ഞ കണ്ഡൂപാകഭ്രമജ്വരങ്ങളിൽ
വിഷപിത്താസ്രനൽ = വിഷത്തിനും രക്തപിത്തത്തിനും ശമനമായിട്ടുള്ള(തു്
കാര്യം = ചെയ്യേണ്ടതാകുന്നു.
ശുദ്ധാംബുജാഃ പുനഃ = ശുദ്ധജലത്തിലുണ്ടായ അട്ടകളാകട്ടെ
നിർവ്വിഷാഃ = വിഷമില്ലാത്തവയായിരിക്കും.
താഃ = ആ അട്ടകൾ
ശൈവലശ്യാവാഃ = പായൽപോലെ കരുവാളിച്ച നിറത്തോടുകൂടിയും,
വൃത്താഃ = ഉരുണ്ടും
നീലോർദ്ധ്വരാജയഃ = നീലനിറത്തിൽ ഊർദ്ധ്വരേഖയുള്ളവയും
കഷായപൃഷ്ഠാഃ = കഷായവർണ്ണത്തിൽ പൃഷ്ഠഭാഗത്തോടുകൂടി
തന്വംഗ്യഃ = ചെറിയ ശരീരമുള്ളവയും
കിഞ്ചിൽ പീതോദരാഃ ച = കുറഞ്ഞൊന്നു മഞ്ഞളിച്ച വയറുള്ളവയുമായിരിക്കും.

താ അപ്യസമ്യഗ്വമനാൽ പ്രതതം ച നിപാതനാൽ
സീദന്തീസ്സലിലം പ്രാപ്യ രക്തമത്താ ഇതി ത്യജേൽ. 39

താഃ അപി = അങ്ങനെയുള്ള വിഷമില്ലാത്ത അട്ടകളെയും
അസമ്യഗ്വമനാൽ = വേണ്ടിടത്തോളം കുടിച്ച രക്തത്തെ വമിപ്പിക്കായ്കകൊണ്ടു്
പ്രതതം നിപാതനാൽ ച = കൂടെക്കൂടെ കടിപ്പിക്കുകകൊണ്ടും
സലിലം പ്രാപ്യ = വെള്ളത്തിലെടുത്തിട്ടാൽ
സീദന്തീഃ = തളർച്ചയുള്ളവയായിട്ടു കാണപ്പെടുന്നു എങ്കിൽ
രക്തമത്താഃ ഇതി = രക്തംകൊണ്ടു മദിച്ചിരിക്കുന്നു എന്നറിഞ്ഞു്
ത്യജേൽ = ഉപേക്ഷിക്കണം.

അഥേതരാ നിശാകല്ക്കയുക്തേ ഽംഭസി പരിപ്ലുതാഃ
അവന്തിസോമേ തക്രേ വാ പുനശ്ചാശ്വാസിതാ ജലേ. 40
ലാഗയേൻമൃദ്ഘൃതസ്തന്യരക്തശസ്ത്രനിപാതനൈഃ
പിബന്തീരുന്നതസ്കന്ധാഃ ഛാദയേദാർദ്രവാസസാ. 41

അഥ = അനന്തരം
ഇതരാഃ = മേൽപ്പറഞ്ഞദോഷങ്ങളൊന്നുമില്ലാത്ത നല്ലഅട്ടകളെ
നിശാകല്ക്കയുക്തേ അംഭസി = മഞ്ഞളരച്ചുകലക്കിയ വെള്ളത്തിലോ
അവന്തിസോമേ തക്രേ വാ = കാടിയിലോ മോരിലോ
പരിപ്ലുതാഃ പുനഃ ച = ഇട്ടിട്ടു പിന്നെയുമെടുത്തു്

ജലേ ആശ്വാസിതാഃ = ശുദ്ധജലത്തിലിട്ടു ആശ്വസിപ്പിച്ചിട്ട്
ഉദ്ഘൃഷ്യതസ്തസ്യരക്ത- } = കടിപ്പിക്കേണ്ടസ്ഥാനത്തു മണ്ണിട്ടുതിരുമ്മുകയോ, നെ
ശസ്ത്രനിപാതനൈഃ } യ്യ് മുലപ്പാൽ രക്തം ഇതിലേതെങ്കിലും പുരട്ടുക
യോ ശസ്ത്രംകൊണ്ടുകൊത്തിരക്തം വരുത്തുകയോ
ചെയ്തിട്ട്
ലാഗയേൽ = പിടിപ്പിക്കണം
ഉന്നതസ്കന്ധാഃ പിബന്തീഃ = പിടിച്ചിരിക്കുന്ന അട്ടയുടെ സ്കന്ധഭാഗം ഉയൎന്നുവ
രുന്നതുകണ്ടു രക്തം കുടിക്കുന്നു എന്നറിഞ്ഞിട്ട്
ആൎദ്രവാസസാ ഛാദയേൽ = നനഞ്ഞ തുണിക്കഷണംകൊണ്ടു് അട്ടയെ മൂടണം.

അട്ടയെ മഞ്ഞളരച്ചുകലക്കിയ വെള്ളത്തിലും മററും ഇടാൻ പറഞ്ഞതു് അതിനു ചൊടിയും തൃഷ്ണയുമുണ്ടാവാൻവേണ്ടിയാണു്. ദേഹത്തു് അഴുക്കോ മെഴുക്കോ പററിയിരുന്നാൽ അവിടെ അട്ട കടിച്ചില്ലെന്നുവരാം. അതു് വരാതിരിക്കാൻ കടിക്കേണ്ടസ്ഥാനത്തു മണ്ണിട്ടു തിരുമ്മി കഴുകിക്കളയുന്നതു കൊള്ളാം. എന്നാലും പിടിക്കുന്നില്ലെങ്കിൽ നെയ്യോ പാലോ രക്തമോ പുരട്ടുകയോ മുറിച്ചു അല്പം രക്തം വരുത്തുകയോ ചെയ്യണം. അട്ടയെ എടുത്തു വിഹിതമായ സ്ഥാനത്തു കടിപ്പിച്ചിട്ടു പൃഷ്ഠഭാഗം അല്പം വലിച്ചുപിടിച്ചുകൊണ്ടിരിക്കണം. അട്ട കടിക്കുകയും രക്തം കുടിച്ചുതുടങ്ങുകയും ചെയ്യുമ്പോൾ അതിന്റെ സ്കന്ധഭാഗം സ്പന്ദിക്കുന്നതു കാണാം. അതിനുശേഷം പൃഷ്ഠം മറെറാരിടത്തു പിടിപ്പിച്ചിട്ടേ അട്ടയുടെ പിടി വിടാവൂ.

സംപൃക്താദ്ദുഷ്ടശുദ്ധാസ്രാജ്ജലൗകാ ദുഷ്ടശോണിതം
ആദത്തേ പ്രഥമം ഹംസഃ ക്ഷീരം ക്ഷീരോദകാദിവ. 42

സംപൃക്താൽ = കലൎന്നു് ഒന്നുചേൎന്നിരിക്കുന്ന
ദുഷ്ടശുദ്ധാസ്രാൽ = ദുഷ്ടശുദ്ധരക്തങ്ങളിൽനിന്നു്
ജലൗകാഃ ദുഷ്ടശോണിതം = അട്ടകൾ ദുഷ്ടരക്തത്തെ
ക്ഷീരോദകാൽ = കലൎന്നൊന്നുചേൎന്നിരിക്കുന്നക്ഷീരജലങ്ങളിൽനിന്നു
ഹംസഃ ക്ഷീരം ഇവ = അന്നം ക്ഷീരത്തെ എന്നപോലെ
പ്രഥമം ആദത്തേ = മുൻപേ എടുക്കുന്നു.

കലൎന്നിരിക്കുന്ന ദുഷ്ടശുദ്ധരക്തങ്ങളിൽനിന്നു മുൻപേ അട്ട കുടിക്കുന്നതു ദുഷ്ടരക്തത്തെത്തന്നെ ആയിരിക്കാം. അങ്ങനെ സാധിക്കുന്നതു് ദുഷ്ടരക്തത്തെ ശുദ്ധരക്തത്തിൽനിന്നു വേർതിരിച്ചെടുക്കാൻ അട്ടയ്ക്കുള്ള വിശേഷസാമൎത്ഥ്യംകൊണ്ടോ ദുഷ്ടരക്തത്തിനു സ്വാഭാവികമായിട്ടുണ്ടാകാനിടയുള്ള ബഹിർഗമനശക്തികൊണ്ടോ എന്നു നിരീക്ഷകന്മാർ അവധാനത്തോടുകൂടി പരിശോധിച്ചറിയുന്നതു കൊള്ളാം.

ദംശസ്യ തോദേ കണ്ഡ്വാം വാ മോക്ഷയേദ്വാമയേച്ച താം
പടുതൈലാക്തവദനാം ശ്ലക്ഷ്ണകണ്ഡനരൂഷിതാം. 43
രക്ഷൻ രക്തമദാദ്ഭൂയസ്സപ്താഹം താ ന പാതയേൽ

ദംശസ്യ = കടിവായ്ക്കു്
തോദേ കണ്ഡ്വാം വാ(സത്യാം) = കുത്തുനോവോ ചൊറിച്ചിലോ ഉണ്ടായിക്കണ്ടാൽ
താം മോക്ഷയേൽ = അതിനെ (അട്ടയെ) വിടുവിക്കണം.
പടുതൈലാക്തവദനാം = ഇന്തുപ്പു് എള്ളെണ്ണയിൽ കൂട്ടിക്കുഴച്ചു മുഖത്തു പുര
ട്ടുകയും
ശ്ലക്ഷ്ണകണ്ഡനരൂഷിതാം = നേൎത്ത തവിട്ടുപൊടി ദേഹത്തുവിതറുകയുംചെയ്തിട്ടു
വാമയേൽ ച = ഛൎദ്ദിപ്പിച്ചുകളകയും വേണം.
രക്തമദാൽ = രക്തപാനംകൊണ്ടുണ്ടാവാനിടയുള്ളമദത്തിൽനിന്നു
രക്ഷൻ താഃ = രക്ഷ നൽകുന്നതിനായിട്ടു് ആ അട്ടകളെ
ഭൂയഃസപ്താഹം ന പാതയേൽ = പിന്നെ ഏഴുദിവസത്തേയ്ക്കു കടിപ്പിക്കരുതു്.

അട്ട പിടിവിടണമെന്നു കണ്ടാൽ ഒരു ഉപ്പുപരലോ ഉള്ളിയുടെ കഷണമോ മുഖത്തു പിടിച്ചുകൊടുത്താൽ മതി, താനേ പിടി വിട്ടുകൊള്ളും. അതുകൊണ്ടു്

അട്ടയ്ക്കു ദോഷമൊന്നും വരികയുമില്ല ഛർദ്ദിപ്പിക്കുന്നതിന് ഉപ്പു പൊടിച്ച് എണ്ണയിൽ കുഴച്ചു മുഖത്തു പുരട്ടുകയും, തവിടിന്റെ പൊടി ദേഹത്തു വിതറുകയും ചെയ്യുന്നതിനുപുറമേ പുച്ഛത്തുനിന്നു മുഖത്തേക്കു പയ്യെ മർദ്ദിക്കുന്നതും കൊള്ളാം.

പൂർവ്വവൽ പടുതാ ദാർഢ്യം സമ്യഗ്വാന്തേ ജലൗകസാം 44
ക്ലമോഽതിയോഗാൽ മൃത്യുർവ്വാ ദുർവ്വാന്തേ സ്തബ്ധതാ മദഃ

ജലൗകസാം സമ്യഗ്വാന്തേ = അട്ടകൾക്കു വേണ്ടവണ്ണം ഛർദ്ദിച്ചിച്ചുകഴിഞ്ഞാൽ
പൂർവ്വവൽ = മുമ്പിലത്തെപ്പോലെ
പടുതാ ദാർഢ്യം = സാമർത്ഥ്യവും ദൃഢതയുമുണ്ടാകും.
അതിയോഗാൽ = ഛർദ്ദിപ്പിക്കുന്നതു് അധികമായിപ്പോയാൽ
ക്ലമഃ മൃത്യുഃ വാ = തളർച്ചയോ മരണമോ ഉണ്ടാകും.
ദുർവ്വാന്തേ = വേണ്ടിടത്തോളം ഛർദ്ദിപ്പിച്ചില്ലെങ്കിൽ
സ്തബ്ധതാ മദഃ = സ്തംഭനവും മദവുമുണ്ടാകും.

അന്യത്രാന്യത്ര താഃ സ്ഥാപ്യാ ഘടേ മൃത്സ്നാംബുഗർഭിണി. 45
ലാലാദികോഥനാശാർത്ഥം സവിഷാസ്സ്യുസ്തദനപായാൽ

താഃ മൃത്സ്നാംബുഗർഭിണി = ആ അട്ടകൾ നല്ല മണ്ണിട്ടു വെള്ളവുമൊഴിച്ചിട്ടുള്ള
അന്യത്ര അന്യത്ര ഘടേ = വേറെവേറെ കുടത്തിൽ
സ്ഥാപ്യാഃ = ഇട്ടു സൂക്ഷിക്കേണ്ടതാണ്.
ലാലാദികോഥനാശാർത്ഥം = അട്ടകളുടെ ഈള മുതലായതു കിടന്നുണ്ടാകുന്ന നാറ്റം തീരാനാണിങ്ങനെ ചെയ്യാൻ പറഞ്ഞതു്.
തദനപായാൽ = ആവക മലങ്ങളുടെ സങ്കലനംനിമിത്തം
സവിഷാഃ സ്യുഃ = അട്ടകൾ വിഷമുള്ളവയായിത്തീരും.

ഒരിക്കൽ കടിപ്പിച്ച അട്ടകളെ പിന്നെയും ഉപയോഗിക്കുന്നതിനായി സൂക്ഷിക്കേണ്ടതാണ്. ഒരു കുടത്തിലോ കലത്തിലോ അട്ടയ്ക്കു ജീവിക്കുവാൻ സൗകര്യമുള്ള ആഹാരസാധനങ്ങളടങ്ങിയ മണ്ണിട്ടു വെള്ളവുമൊഴിച്ച് അതിലാണ് അട്ടയെ ഇട്ടു സൂക്ഷിക്കേണ്ടതു്. മൂന്നുനാലുദിവസം കൂടുമ്പോൾ ആവിധത്തിലുള്ള വേറേ കലങ്ങളിൽ മാറ്റി ഇട്ടുകൊള്ളുകയും വേണം. അങ്ങനെ ചെയ്യാതെ ഒരു പാത്രത്തിൽ തന്നെ എന്നുമിട്ടിരുന്നാൽ അതിന്റെ ഈളയും മറ്റുമൊക്കെ ചേർന്നു ദുഷിച്ചിട്ടു് അതുനിമിത്തം അട്ടകൾ സവിഷങ്ങളായിത്തീരും.

അശുദ്ധൗ സ്രാവയേദ്ദംശാൻ ഹരിദ്രാഗുഡമാക്ഷികൈഃ 46

അശുദ്ധൗ = അശുദ്ധരക്തം ശേഷിച്ചിട്ടുണ്ടെന്നു കണ്ടാൽ
ഹരിദ്രാഗുഡമാക്ഷികൈഃ = മഞ്ഞളും ശർക്കരയും തേനും കൂട്ടിക്കുഴച്ചു പുരട്ടി
ദംശാൻ സ്രാവയേൽ = കടിവായിൽനിന്നു സ്രവിപ്പിക്കണം.

അട്ടകടിച്ചിട്ടും അശുദ്ധരക്തം മുഴുവൻ പോയിട്ടില്ല, ഇനിയും പോകേണ്ടതായുണ്ടു് എന്നു കണ്ടാൽ മഞ്ഞളും ശർക്കരയും തേനുംകൂടി അരച്ചുകുഴച്ചു കടിവായിൽ പുരട്ടി രക്തം വാർത്തു കളയണം.

ശതധൗതാജ്യപിചവസ്തതോ ലേപാശ്ച ശീതളാഃ
ദുഷ്ടരക്താപഗമനാൽ സദ്യോ രാഗരുജാം ശമഃ 47

തതഃ = ദുഷ്ടരക്തം മുഴുവൻ സ്രവിച്ചുപോയതിനുശേഷം
ശതധൗതാജ്യപിചവഃ = അനേകം പ്രാവശ്യം വെള്ളത്തിലിട്ടു കടഞ്ഞെടുത്ത നെയ്യിൽ മുക്കിയ തുണിക്കഷണവും
ശീതളാഃ ലേപാഃ ച = ശീതവീര്യങ്ങളായ ഔഷധങ്ങൾകൊണ്ടുണ്ടാക്കിയ തണുത്ത പൂച്ചുകളും ഉപയോഗിക്കണം.
ദുഷ്ടരക്താപഗമനാൽ = ദുഷ്ടരക്തമെല്ലാം സ്രവിച്ചുപോകുന്നതിനാൽ
രാഗരുജാം സദ്യഃ ശമഃ = ചുവപ്പിനും വേദനകൾക്കും ഉടനേ ശമനമുണ്ടാകും.

അശുദ്ധം ചലിതം സ്ഥാനാൽ സ്ഥിതം രക്തം വ്രണാശയേ
വ്യമ്ലീഭവേൽ പര്യുഷിതം തസ്മാത്തൽ സ്രാവയേൽ പുനഃ 48

അശുദ്ധം രക്തം = അശുദ്ധമായ രക്തം
സ്ഥാനാൽ ചലിതം = സ്വസ്ഥാനത്തുനിന്നു് ഇളകീട്ടു്
വ്രണാശയേ സ്ഥിതം = വ്രണസ്ഥാനത്തെത്തി
പര്യുഷിതം വ്യമ്ലീഭവേൽ = കെട്ടിനിന്നിട്ടു പഴുപ്പുണ്ടാകും.
തസ്മാൽ തൽ = അതുകൊണ്ടു് അങ്ങനെ കെട്ടിനില്ക്കുന്നരക്തത്തെ
പുനഃ സ്രാവയേൽ = പിന്നീടു് സ്രവിപ്പിച്ചുകളയണം.

രക്തം സ്രവിപ്പിക്കുമ്പോൾ അശുദ്ധരക്തമാണല്ലോ സ്രവിച്ചു പൊയ്ക്കൊണ്ടിരിക്കുന്നതു്. രക്തസ്രവണം നില്ക്കുകയോ നിറുത്തുകയോ ചെയ്യുമ്പോൾ കുറേ രക്തം അവശേഷിച്ചു വ്രണമുഖത്തു തങ്ങിനിന്നേക്കും. സ്ഥാനചലിതമായ ആ ദുഷ്ടരക്തം ശരീരസ്ഥമായ രക്തത്തോടു വീണ്ടും ചേരാത്തതിനാൽ അവിടെ കെട്ടിനിന്നു കടിവായിൽ പഴുപ്പുണ്ടാകാനിടയുണ്ടു്. അതു വരാതിരിക്കാനായി രക്തസ്രുതി നിന്നതിനുശേഷവും പ്രതിസാരണൌഷധങ്ങൾകൊണ്ടോ മറ്റോ ആ രക്തത്തെക്കൂടി വാർത്തുകളയേണ്ടതാണു്.

യുഞ്ജ്യാന്നാലാബുഘടികാ രക്തേ പിത്തേന ദൂഷിതേ
താസാമനലസംയോഗാദ്യുഞ്ജ്യാത്തു കഫവായുനാ. 49

പിത്തേന ദൂഷിതേ = പിത്തത്താൽ ദൂഷിതമായിരിക്കുന്ന
രക്തേ = രക്തത്തിൽ (അതിനെ സ്രവിപ്പിക്കാനായി)
അലാബുഘടികാഃ = അലാബുയന്ത്രവും ഘടീയന്ത്രവും
താസാം അനലസംയോഗാൽ = അതുകൾക്കു് അഗ്നിസംബന്ധമുള്ളതുകൊണ്ടു്
ന യുഞ്ജ്യാൽ = ഉപയോഗിക്കരുതു്.
കഫവായുനാ തു = കഫവാതങ്ങളാൽ ദൂഷിതമായ രക്തത്തിലാകട്ടെ
യുഞ്ജ്യാൽ = (അലാബുഘടീയന്ത്രങ്ങളെ) ഉപയോഗിക്കണം.

അലാബുയന്ത്രവും ഘടീയന്ത്രവും അകത്തു തീകത്തിച്ചുകൊണ്ടാണല്ലോ രക്തസ്രാവണത്തിലും മറ്റും പ്രയോഗിക്കേണ്ടതു്. ആ വിധത്തിൽ അഗ്നിസംബന്ധമുള്ളതുകൊണ്ടു പിത്തദൂഷിതമായ രക്തത്തെ സ്രവിപ്പിക്കാനായി അലാബുഘടീയന്ത്രങ്ങളെ ഉപയോഗിച്ചുകൂടാ. കഫവാതദൂഷിതമായ രക്തത്തെയാണു് അലാബുഘടീയന്ത്രങ്ങൾകൊണ്ടു സ്രവിപ്പിക്കേണ്ടതു്.

കഫേന ദുഷ്ടം രുധിരം ന ശൃംഗേണ വിനിർഹരേൽ
സ്കന്നത്വാദ്വാതപിത്താഭ്യാം ദുഷ്ടം ശൃംഗേണ നിർഹരേൽ. 50

കഫേന ദുഷ്ടം രുധിരം = കഫത്താൽ ദുഷ്ടമായിരിക്കുന്ന രക്തത്തെ
സ്കന്നത്വാൽ = അതു് ഉറഞ്ഞിരിക്കാൻ ഇടയുള്ളതുകൊണ്ടു്
ശൃംഗേണ ന വിനിർഹരേൽ = ശൃംഗയന്ത്രംകൊണ്ടു സ്രവിപ്പിക്കരുതു്.
വാതപിത്താഭ്യാം ദുഷ്ടം = വാതപിത്തങ്ങളാൽ ദുഷിച്ചിരിക്കുന്ന രക്തത്തെ
ശൃംഗേണ നിർഹരേൽ = ശൃംഗയന്ത്രംകൊണ്ടു പോക്കണം.

കഫദൂഷിതമായ രക്തം ഉറഞ്ഞിരിക്കാനിടയുള്ളതുകൊണ്ടു് അതിനെ പോക്കാനായി ശൃംഗം ഉപയോഗിക്കരുതു്. വാതപിത്തദൂഷിതമായ രക്തത്തിലാണു ശൃംഗം ഉപയോഗിക്കേണ്ടതു്. കഫദൂഷിതരക്തം ഉറഞ്ഞിരിക്കുന്നതിനാൽ ശൃംഗമുപയോഗിച്ചാൽ രക്തം സ്രവിച്ചുപോകയില്ല. അഗ്നിസംയോഗമുള്ളതുകൊണ്ടു സ്കന്നമായ രക്തത്തെ ദ്രുതമാക്കി പോക്കാൻ അലാബുഘടികകൾക്കു കഴിയും. പിത്തദൂഷിതരക്തത്തിൽ പിത്തം കോപിക്കാനിടയുള്ളതുകൊണ്ടു് അലാബുഘടികകൾ പ്രയോഗിച്ചുകൂടാ. വാതപിത്തദൂഷിതമായ രക്തം ദ്രവപ്രായത്തിലായിരിക്കകൊണ്ടു ശൃംഗപ്രയോഗത്താൽ ശരിക്കുതന്നെ സ്രവിച്ചുപോകും.

ഗാത്രം ബദ്ധ്വോപരി ദൃഢം രജ്ജ്വാ പട്ടേന വാ സമം
സ്നായുസന്ധ്യസ്ഥിമർമ്മാണി ത്യജൻ പ്രച്ഛാനമാചരേൽ. 51

അധോദേശപ്രവിസൃതൈഃ പദൈരുപരിഗാമിഭിഃ
ന ഗാഢഘനതിര്യഗ്ഭിർ ന പദേ പദമാചരേൽ. 52

ഉപരി ഗാത്രം = കൊത്താൻ നിശ്ചയിച്ചിട്ടുള്ള സ്ഥാനത്തിൻെറ ഉപരിഭാഗത്തുള്ള ശരീരാവയവത്തെ
രജ്ജ്വാ പട്ടേന വാ = കയറുകൊണ്ടോ കച്ചകൊണ്ടോ
സമം ദൃഢം ബദ്ധ്വാ = സമമായിട്ട ഉറപ്പിച്ചും കെട്ടീട്ട്
സ്നായുസന്ധ്യസ്ഥിമർമ്മാണി = സ്നായുക്കളേയും സന്ധികളേയും അസ്ഥികളേയും മർമ്മങ്ങളേയും
ത്യജൻ = ഉപേക്ഷിച്ചിട്ട് (ആ സ്ഥാനങ്ങളിൽ കൊത്തൽവരാത്തവിധത്തിൽ)
അധോദേശപ്രവിസൃതൈഃ = കീഴ്ഭാഗത്തുനിന്നുതുടങ്ങി
ഉപരിഗാമിഭിഃ = മേല്പോട്ടുപോകുന്നവയും
ന ഗാഢഘനതിര്യഗ്ഭിഃ = ആഴത്തിലും അടുത്തടുത്തും വിലങ്ങത്തിലുമാകാത്തവയുമായ
പദൈഃ = കൊത്തലുകൾകൊണ്ട്
പ്രച്ഛാനം ആചരേൽ = പ്രച്ഛാനക്രിയചെയ്യണം.
പദേ = ഒരു കൊത്തലിൽ
പദം ന ആചരേൽ = മററൊരു കൊത്തൽ ഉണ്ടാക്കിത്തീക്കരുത്.

കൊത്തിരക്തമെടുക്കുന്ന പ്രച്ഛാനക്രിയയെപ്പററിയാണിവിടെ പറയുന്നതു്. ആദ്യമായി ഏതു സ്ഥാനത്തു് കൊത്താൻ വിചാരിക്കുന്നുവോ അതിൻെറ മേൽഭാഗത്തായിട്ടു് കച്ചകൊണ്ടോ മറേറാ ദൃഢമായിട്ടൊരു കെട്ടുകെട്ടണം. അതിനുശേഷം സ്നായുസന്ധ്യസ്ഥിമർമ്മങ്ങളിൽ പെടാത്തവിധത്തിൽ കീഴിൽനിന്നു മേലോട്ടായിട്ടു് കൊത്തണം. മുകളിൽനിന്നു കൊത്തിത്തുടങ്ങിയാൽ കീഴ ഭാഗത്തു് രക്തമൊലിച്ചു വീണിട്ടു കൊത്തേണ്ടതെവിടെ എന്നു കണ്ടുകൂടാതാവും. കൊത്തുന്നതു് അധികം ആഴത്തിലാകരുതു്. അടുത്തടുത്തും വിലങ്ങത്തിലുമാകരുതു്. കൊത്തിയ സ്ഥലത്തു വീണ്ടും കൊത്തുകയുമരുതു്.

പ്രച്ഛാനേനൈകദേശസ്ഥം ഗ്രഥിതം ജലജന്മഭിഃ
ഹരേച്ഛൃംഗാദിഭിസ്സുപ്തമസൃഗ്വ്യാപി സിരാവ്യധൈഃ 53

ഏകദേശസ്ഥം അസൃക് = ഒരു പ്രത്യേകസ്ഥലത്തു് ദുഷിച്ചിരിക്കുന്ന രക്തത്തെ
പ്രച്ഛാനേന = പ്രച്ഛാനക്രിയകൊണ്ടും
ഗ്രഥിതം ജലജന്മഭിഃ = കല്ലിച്ചുകിടക്കുന്ന രക്തത്തെ അട്ടകളെക്കൊണ്ടും
സുപ്തം = ദുഷിച്ചു സ്പർശനശക്തിയെ നശിപ്പിച്ചിരിക്കുന്ന രക്തത്തെ
ശൃംഗാദിഭിഃ = ശൃംഗാദികൾകൊണ്ടും
വ്യാപി = സർവ്വാംഗവ്യാപിയായ രക്തത്തെ
സിരാവ്യധൈഃ ഹരേൽ = സിരാവ്യധക്രിയകൾകൊണ്ടും എടുത്തുകളയണം.

പ്രച്ഛാനം പിണ്ഡിതേ വാ സ്യാദവഗാഢേ ജലൗകസഃ
ത്വക്സ്ഥേഽലാബുഘടീശൃംഗം സിരൈവ വ്യാപകേഽസൃജി. 54
വാതാദിധാമ വാ ശൃംഗജലൗകോലാബുഭിഃ ക്രമാൽ

പിണ്ഡിതേ അസൃജി = ദുഷിച്ചു പിണ്ഡീഭൂതമായിരിക്കുന്ന രക്തത്തിൽ
പ്രച്ഛാനം = പ്രച്ഛാനക്രിയയും
അവഗാഢേ ജലൗകസഃ = ആഴത്തിൽ ദുഷിച്ചിരിക്കുന്ന രക്തത്തിൽ അട്ടകളും
ത്വക്സ്ഥേ = തൊലിയെ ആശ്രയിച്ചിരിക്കുന്ന രക്തത്തിൽ

| | |
|---|---|
| അലാബുഘടീശൃംഗം | = അലാബു, ഘടിക, ശൃംഗം ഇവയും |
| വാ സ്യാൽ | = ഉപയോഗിക്കുകയും ചെയ്യാം. |
| വ്യാപകേ | = സർവ്വാംഗവ്യാപിയായ രക്തത്തിൽ |
| സിരാ ഏവ | = സിരാവ്യധംതന്നെ വേണ്ടതാകുന്നു. |
| ശൃംഗജലൗകോലാബുഭിഃ | = ശൃംഗം അട്ട, അലാബു ഇതുകൾകൊണ്ടു് |
| ക്രമാൽ | = യഥാക്രമം |
| വാതാദിധാമ വാ | = വാതസ്ഥാനത്തും പിത്തസ്ഥാനത്തും കഫസ്ഥാനത്തും പ്രയോഗിക്കയും ചെയ്യാം. |

ഏകദേശസ്ഥവും പിണ്ഡിതവുമായ രക്തത്തെ പ്രച്ഛാനക്രിയകൊണ്ടും ഗ്രഥിതവും അവഗാഢവുമായ രക്തത്തെ അട്ടയിട്ടും സുപ്തവും ത്വക്സ്ഥവുമായ രക്തത്തെ അലാബുഘടീശൃംഗങ്ങൾ പ്രയോഗിച്ചും എടുത്തുകളയാം. വാതപിത്തദൂഷിതമായ രക്തത്തെ ശൃംഗംകൊണ്ടും, കഫവാതദൂഷിതരക്തത്തെ അലാബുഘടീപ്രയോഗംകൊണ്ടും പോക്കാം. വാതസ്ഥാനത്തു ശൃംഗവും, പിത്തസ്ഥാനത്തു് അട്ടയും, കഫസ്ഥാനത്തു അലാബുവും പ്രയോഗിക്കയും ചെയ്യാം.

സ്രുതാസൃജഃ പ്രദേഹാദ്യൈശ്ശീതൈഃ സ്യാദ്വായുകോപതഃ 55
സതോദകണ്ഡൂശ്ശോഫസ്തം സർപ്പിഷോഷ്ണേന സേചയേൽ

| | |
|---|---|
| സ്രുതാസൃജഃ | = രക്തംപോക്കിയിരിക്കുന്നവന്നു് |
| ശീതൈഃ | = ശീതവീര്യങ്ങളും ശീതസ്പർശങ്ങളുമായ |
| പ്രദേഹാദ്യൈഃ | = പൂച്ചു മുതലായവ പ്രയോഗിക്കുന്നതുകൊണ്ടു് |
| വായുകോപതഃ | = വാതം കോപിക്കുകനിമിത്തം |
| സതോദകണ്ഡൂഃ | = കുത്തിനോവോടും ചൊറിച്ചിലോടുംകൂടിയ |
| ശോഫഃ സ്യാൽ | = നീരുണ്ടായി എന്നുവരാം. |
| തം ഉഷ്ണേന സർപ്പിഷാ | = അതിനെ ചൂടുള്ള നെയ്കൊണ്ടു് |
| സേചയേൽ | = ധാരചെയ്യണം. |

രക്തമെടുത്തുകളഞ്ഞതിന്നുശേഷം ശീതങ്ങളായ പൂച്ചുമുതലായവ ഉപയോഗിക്കുവാൻ വിധിച്ചുവല്ലോ. അതു വാതത്തെ കോപിപ്പിച്ചു എന്നുവരാം. അതിന്റെ ഫലമായിട്ടു് കുത്തിനോവോടും ചൊറിച്ചിലോടുംകൂടിയ ശോഫമുണ്ടായി എന്നും വരാം. അതിന്റെ നിവൃത്തിക്കായിട്ടു് ചൂടുള്ളനെയ്കൊണ്ടു ധാരചെയ്യേണ്ടതാണു്.

ഇരുപത്താറാം അദ്ധ്യായം കഴിഞ്ഞു.

## ഇരുപത്തേഴാം അദ്ധ്യായം

# സിരാവ്യധവിധി

മധുരം ലവണം കിഞ്ചിദശീതോഷ്ണമസംഹതം
പത്മേന്ദ്രഗോപഹേമാവിശശലോഹിതലോഹിതം 1
ലോഹിതം പ്രവദേച്ഛുദ്ധം തനോസ്തേനൈവ ച സ്ഥിതിഃ

| | |
|---|---|
| മധുരം കിഞ്ചിൽ ലവണം | = മധുരരസമുള്ളതും അല്പം ഉപ്പുരസമുള്ളതും |
| അശീതോഷ്ണം | = അല്പം ശീതവും അല്പം ഉഷ്ണവുമായുള്ളതും |
| അസംഹതം | = കട്ടയായിരിക്കാത്തതും |

പത്മേന്ദ്രഗോപഹേമാവിശശലോഹിതലോഹിതം = ചെന്താമരപ്പൂ, ഇന്ദ്രഗോപമെന്ന കീടം, സ്വർണ്ണം, കുറിയാടിന്റേയും മുയലിന്റേയും രക്തം ഇതുകൾ പോലെ ചുവന്നിരിക്കുന്നതുമായ
लോഹിതം ശുദ്ധം പ്രവദേൽ = രക്തത്തെ ശുദ്ധമാണെന്നു പറയണം.
തനോഃ സ്ഥിതിഃ ച = ശരീരത്തിന്റെ നിലനിൽപും
തേന ഏവ = അതുകൊണ്ടുതന്നെയാകുന്നു.

കഴിഞ്ഞ അദ്ധ്യായത്തിൽ രക്തമോക്ഷത്തിനുള്ള വിവിധോപായങ്ങളെ പറഞ്ഞകൂട്ടത്തിൽ സിരാവ്യധത്തെപ്പററിയും പ്രസ്താവിച്ചുവല്ലോ. സിര വേധിച്ച് രക്തമെടുക്കുന്നതിനെപ്പററി കുറച്ചധികം പറയാനുള്ളതുകൊണ്ട് അവിടെ പറയാതെവിട്ടിരുന്ന സിരാവ്യധവിധിയെ ഈ അദ്ധ്യായത്തിൽ വിവരിക്കുന്നു. രക്തം ദുഷിക്കുമ്പോഴാണ് രക്തമോക്ഷത്തിന്റെ ആവശ്യം നേരിടുന്നതു്. ആകയാൽ ദുഷ്ടരക്തത്തെയും ശുദ്ധരക്തത്തെയും തിരിച്ചറിയേണ്ടതാവശ്യമാകുന്നു. അതിനായി ആദ്യമേ ശുദ്ധരക്തത്തിന്റെ ലക്ഷണത്തെ ഇവിടെ പറഞ്ഞിരിക്കുന്നു.

> തൽ പിത്തശ്ലേഷ്മളൈഃ പ്രായോ ദൂഷ്യതേ കുരുതേ തതഃ 2
> വിസർപ്പവിദ്രധിപ്ലീഹഗുല്മാഗ്നിസദനജ്വരാൻ
> മുഖനേത്രശിരോരോഗമദതൃഡ്ലവണാസ്യതാഃ 3
> കുഷ്ഠവാതാസ്രപിത്താസ്രകട്വമ്ലോദ്ഗിരണഭ്രമാൻ

തൽ പ്രായഃ = അതു് (രക്തം)മിക്കവാറും
പിത്തശ്ലേഷ്മളൈഃ = പിത്തത്തെയും കഫത്തെയും വർദ്ധിപ്പിക്കുന്ന ആഹാരാദികളാൽ
ദൂഷ്യതേ = ദുഷിപ്പിക്കപ്പെടുന്നു.
തതഃ = അതിനുശേഷം (രക്തം ദുഷിച്ചുകഴിഞ്ഞാൽ)
വിസർപ്പവിദ്രധിപ്ലീഹ-ഗുല്മാഗ്നിസദനജ്വരാൻ = വിസർപ്പം, വിദ്രധി, പ്ലീഹ, ഗുല്മം, അഗ്നിമാന്ദ്യം, ജ്വരം.
മുഖനേത്രശിരോരോഗ-മദതൃഡ്ലവണാസ്യതാ = മുഖരോഗം, നേത്രരോഗം, ശിരോരോഗം, മദം, തണ്ണീർദ്ദാഹം, വായ്ക്കു് ഉപ്പുരസം
കുഷ്ഠവാതാസ്രപിത്താസ്ര-കട്വമ്ലോദ്ഗിരണഭ്രമാൻ = കുഷ്ഠം, രക്തവാതം, രക്തപിത്തം, എരിച്ചുതികട്ടൽ, പുളിച്ചുതികട്ടൽ, ഭ്രമം ഈ രോഗങ്ങളെ
കുരുതേ = ഉണ്ടാക്കുന്നു.

> ശീതോഷ്ണസ്നിഗ്ദ്ധരൂക്ഷാദ്യൈരുപക്രാന്താശ്ച യേ ഗദാഃ 4
> സമ്യക്സാദ്ധ്യാ ന സിദ്ധ്യന്തി തേ ച രക്തപ്രകോപജാഃ
> തേഷു സ്രാവയിതും രക്തമുദ്രിക്തം വ്യധയേൽ സിരാം. 5

ശീതോഷ്ണസ്നിഗ്ദ്ധരൂക്ഷാദ്യൈഃ = ശീതം, ഉഷ്ണം, സ്നിഗ്ദ്ധം, രൂക്ഷം മുതലായ വിപരീതപ്രയോഗങ്ങൾകൊണ്ടു്
സമ്യക് = ശാസ്ത്രോക്തരീത്യാ വേണ്ടവിധത്തിൽ
ഉപക്രാന്താഃ ച = ചികിത്സപ്പെട്ടിട്ടും
സാദ്ധ്യാഃ യേ ഗദാഃ = സാദ്ധ്യങ്ങളായ ഏതെല്ലാരോഗങ്ങൾ
ന സിദ്ധ്യന്തി = ശമിക്കാതെയിരിക്കുന്നുവോ
തേ ച = അത്തരം രോഗങ്ങളും
രക്തപ്രകോപജാഃ = രക്തകോപത്താൽ ഉണ്ടായവയാണെന്നറിയണം.
തേഷു = ആ രക്തകോപജങ്ങളായ രോഗങ്ങളിൽ
ഉദ്രിക്തം രക്തം = വർദ്ധിച്ചും ദുഷിച്ചുമിരിക്കുന്ന രക്തത്തെ
സ്രാവയിതും = സ്രവിപ്പിച്ചുകളയാനായി
സിരാം വ്യധയേൽ = സിര വേധിക്കേണ്ടതാണ്.

രക്തദുഷ്ടിയാലുണ്ടാകുന്ന രോഗങ്ങളെ ഒട്ടൊക്കെ മുകളിൽ വിവരിച്ചിട്ട് രക്തജരോഗങ്ങൾക്കുള്ള ഒരു പ്രത്യേകതയെ ഇവിടെ പറയുന്നു. ശീതം, ഉഷ്ണം, സ്നിഗ്ദ്ധം, രൂക്ഷം ഇങ്ങനെയുള്ള വിപരീതപ്രയോഗങ്ങൾകൊണ്ടും ഏതേതു രോഗങ്ങൾ സാദ്ധ്യങ്ങളായിരുന്നിട്ടും ശമിക്കാതിരിക്കുന്നുവോ ആ രോഗങ്ങൾ രക്തദുഷ്ടിജങ്ങളാണെന്നറിയണം. രോഗങ്ങളെല്ലാം ദോഷദുഷ്ടിയാലുണ്ടാകുന്നവയാണെന്നു മുൻപു പറഞ്ഞിട്ടുണ്ട്. ആ സ്ഥിതിക്കു ദോഷശമനങ്ങളായ ചികിത്സകൾകൊണ്ടു രോഗങ്ങൾക്കു ശമനമുണ്ടാകയുംവേണം. ശീതോഷ്ണസ്നിഗ്ദ്ധരൂക്ഷാദികൾ ദോഷശമനങ്ങളായ ചികിത്സകളാണ്. എങ്ങനെയെന്നാൽ പിത്തവികാരമാണെങ്കിൽ അതു് ശീതോപചാരംകൊണ്ടു് ശമിക്കേണ്ടതാണ്. ശമിച്ചില്ലെങ്കിൽ ഉടനേ ഉഷ്ണോപചാരംചെയ്യുക. വാതവികാരവും കഫവികാരവും അതുകൊണ്ടു ശമിക്കും. മതിയായില്ലെങ്കിൽ വാതവികാരത്തിൽ സ്നേഹനവും കഫവികാരത്തിൽ രൂക്ഷണവും പ്രയോഗിക്കുക. അതുകൊണ്ടു ശമിക്കതന്നെവേണം. ഇനി ദ്വന്ദ്വദോഷങ്ങളാണെങ്കിൽ വാതപിത്തത്തിൽ സ്നിഗ്ദ്ധശീതങ്ങളും, വാതകഫത്തിൽ സ്നിഗ്ദ്ധോഷ്ണങ്ങളും, പിത്തകഫത്തിൽ ശീതരൂക്ഷങ്ങളും ശമനങ്ങളായിരിക്കും. ഇപ്രകാരം ദോഷജങ്ങളായ രോഗങ്ങളെല്ലാം ദ്വന്ദ്വഭാവത്തിലുള്ള ശീതോഷ്ണസ്നിഗ്ദ്ധരൂക്ഷാദിപ്രയോഗങ്ങൾകൊണ്ടു ശമിക്കേണ്ടതാണ്. രക്തം അശീതോഷ്ണമാകയാലായിരിക്കണം രക്തജരോഗങ്ങൾ ആവക ചികിത്സകൾകൊണ്ടു ശമിക്കാത്തതു്. അതിനു പിന്നെ വർദ്ധിച്ചു വികാരകാരിയായിരിക്കുന്ന രക്തത്തെ സ്രവിപ്പിച്ചുകളയുകയാണ് ചികിത്സ. അതു പ്രധാനമായി സിരാവ്യധംകൊണ്ടു സാധിക്കേണ്ടതുമാണ്.

ന ത്വൂനഷോഡശാതീതസപ്തത്യബ്ദസ്രുതാസൃജാം
അസ്നിഗ്ദ്ധാസ്വേദിതാത്യർത്ഥസ്വേദിതാനിലരോഗിണാം. 6

ഗർഭിണീസൂതികാജീർണ്ണപിത്താസ്രശ്വാസകാസിനാം
അതിസാരോദരച്ഛർദ്ദിപാണ്ഡുസർവ്വാംഗശോഫിനാം. 7

സ്നേഹപീതേ പ്രയുക്തേഷു തഥാ പഞ്ചസു കർമ്മസു
നായന്ത്രിതാം സിരാം വിദ്ധ്യേന്ന തിര്യങ്നാപ്യനുത്ഥിതാം. 8

നാതിശീതോഷ്ണവാതാഭ്രേഷ്വന്യത്രാത്യയികാദ്ഗദാൽ

| | |
|---|---|
| ഊനഷോഡശാതീത-സപ്തത്യബ്ദസ്രുതാസൃജാം | = പതിനാറുവയസ്സു തികയാത്തവർ എഴുപതു വയസ്സു കടന്നവർ മററുവിധത്തിൽ രക്തം പോയിരിക്കുന്നവർ ഇവക്കും. |
| അസ്നിഗ്ദ്ധാസ്വേദിതാത്യ-ർത്ഥസ്വേദിതാനിലരോ-ഗിണാം | = സ്നേഹനം ചെയ്യാത്തവക്കും, സ്വേദിപ്പിക്കാത്തവക്കും, സ്വേദാതിയോഗം വന്നിരിക്കുന്നവക്കും, വാതരോഗികൾക്കും |
| ഗർഭിണീസൂതികാജീർണ്ണ-പിത്താസ്രശ്വാസകാസിനാം | = ഗർഭമുള്ളവൾ, പ്രസവിച്ചിരിക്കുന്നവൾ, അജീർണ്ണമുള്ളവൾ, രക്തപിത്തം, ശ്വാസം, കാസം ഈ രോഗങ്ങളുള്ളവർ ഇവക്കും. |
| അതിസാരോദരച്ഛർദ്ദിപാ-ണ്ഡുസർവ്വാംഗശോഫിനാം | = അതിസാരം, മഹോദരം, ഛർദ്ദി, പാണ്ഡുരോഗം സർവ്വാംഗശോഫം ഇവയുള്ളവക്കും. |
| സ്നേഹപീതേ | = സ്നേഹപാനം ചെയ്തിരിക്കുന്നവരിലും |
| തഥാ പഞ്ചസു കർമ്മസു | = അപ്രകാരം വമനാദിപഞ്ചകർമ്മങ്ങൾ |
| പ്രയുക്തേഷു | = പ്രയോഗിച്ചിരിക്കുന്ന അവസരത്തിലും |
| സിരാം ന വിദ്ധ്യേൽ | = സിര വേധിക്കരുതു്. |
| ന അയന്ത്രിതാം സിരാം | = കെട്ടാതെ സിര വേധിക്കരുതു്. |
| ന തിര്യക് | = കുറുകേ സിര വേധിക്കരുതു്. |
| ന അനുത്ഥിതാം അപി | = എഴുന്നുകാണാത്ത സിര വേധിക്കരുതു്. |

ന അതിശീതോഷ്ണവാതാഭ്രേഷു = അധികമായ ശീതം, അധികമായ ഉഷ്ണം, അധികമായ കാററ്, അധികമായ മേഘോദയം ഇവയുള്ളപ്പോഴും സിര വേധിക്കരുതു്.

ആത്യയികാത് ഗദാൽ അന്യത്ര } = ഇപ്പറഞ്ഞതെല്ലാം വേറെ നിവൃത്തിയില്ലാത്ത ആ പല്ലൂരങ്ങളായ രോഗങ്ങളെ ഒഴിച്ചാകുന്നു.

ഇവിടെ പറയുന്ന പഞ്ചകർമ്മങ്ങൾ ശോധനപഞ്ചകങ്ങളാണെന്നു വിചാരിച്ചുകൂടാ. വമനവിരേചനവസ്തിനസ്യങ്ങളോടു് രക്തമോക്ഷത്തെക്കൂടെച്ചേർത്തിട്ടാണല്ലോ ശോധനപഞ്ചകത്തെ ഈ ഗ്രന്ഥത്തിൽ നിർദ്ദേശിച്ചിരിക്കുന്നതു്. "ധൂമാന്തൈഃ കർമ്മഭിർവർജ്യാഃ എന്നൊരു വിധി ഈ ഗ്രന്ഥത്തിൽത്തന്നെ ഉണ്ടു്. പഞ്ചകർമ്മങ്ങളെ ഉദ്ദേശിച്ചുചെയ്ത വിധിയാണിതെങ്കിൽ വമനവിരേചനവസ്തിനസ്യധൂമങ്ങളാണു പഞ്ചകർമ്മങ്ങൾ എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എന്നാൽ ധൂമവും ഒരു കർമ്മംതന്നെ. ശോധനത്വവും അതിനുണ്ടു്. എങ്കിലും വമനാദികളോളം പ്രാധാന്യം അതിനു കല്പിച്ചിട്ടില്ല. ഗണ്ഡൂഷാദികളുടെ കൂട്ടത്തിൽ അപ്രധാനമായിട്ടേ അതിനെ ഗണിച്ചിട്ടുള്ളു. ആകയാൽ വസ്തിയെ അനുവാസനം നിരൂഹം എന്നു രണ്ടായിപ്പിരിച്ചിട്ടു് വമനം വിരേചനം അനുവാസനം നിരൂഹം നസ്യം എന്നീ അഞ്ചിനേയുമാണു് പഞ്ചകർമ്മങ്ങളായി ഗണിക്കേണ്ടതു് എന്നും ഒരു പക്ഷമുണ്ടു്. ഈ ഒടുവിൽ പറഞ്ഞതാണു് അധികം ശരിയായിട്ടുള്ളതെന്നു തോന്നുന്നു.

ശിരോനേത്രവികാരേഷു ലാലാട്യാം മോക്ഷയേൽ സിരാം. 9
അപാംഗ്യാമുപനാസ്യാം വാ കർണ്ണരോഗേഷു കർണ്ണജാം

ശിരോനേത്രവികാരേഷു = ശിരോരോഗത്തിലും നേത്രരോഗത്തിലും
ലാലാട്യാം അപാംഗ്യാം = നെററിയിലുള്ളതോ അപാംഗത്തിലുള്ളതോ
ഉപനാസ്യാം വാ = നാസികയുടെ അടുത്തുള്ളതോ ആയ
സിരാം മോക്ഷയേൽ = സിരയെ വേധിക്കണം.
കർണ്ണരോഗേഷു = കർണ്ണരോഗങ്ങളിൽ
കർണ്ണജാം = കാതിനടുത്തുള്ള സിര വേധിക്കണം.

നാസാരോഗേഷു നാസാഗ്രേ സ്ഥിതാം നാസാലലാടയോഃ. 10
പീനസേ മുഖരോഗേഷു ജിഹ്വൗഷ്ഠഹനുതാലുഗാഃ

നാസാരോഗേഷു = നാസാരോഗങ്ങളിൽ
നാസാഗ്രേ സ്ഥിതാം = നാസാഗ്രത്തിലുള്ള സിര വേധിക്കണം.
പീനസേ = പീനസരോഗത്തിൽ
നാസാലലാടയോഃ = നാസയിലുള്ളതും നെററിയിലുള്ളതുമായ സിരകൾ വേധിക്കണം.
മുഖരോഗേഷു = മുഖരോഗങ്ങളിൽ
ജിഹ്വൗഷ്ഠഹനുതാലുഗാഃ = നാക്കിലും ചുണ്ടിലും ഹനുവിലും താലുവിലുമുള്ള സിരകൾ വേധിക്കണം.

ജത്രൂർദ്ധ്വഗ്രന്ഥിഷു ഗ്രീവാകർണ്ണശംഖശിരശ്ശ്രിതാഃ. 11
ഉരോപാംഗലലാടസ്ഥാ ഉന്മാദേപസ്മൃതൗ പുനഃ
ഹനുസന്ധൗ സമസ്തേ വാ സിരാം ഭ്രൂമദ്ധ്യഗാമിനീം. 12

ജത്രൂർദ്ധ്വഗ്രന്ഥിഷു = ജത്രുവിനുമേലുണ്ടാകുന്ന ഗ്രന്ഥികളിൽ
ഗ്രീവാകർണ്ണശംഖശിരശ്ശ്രിതാഃ } = കഴുത്തിലും കാതിലും ശംഖത്തിലും ശിരസ്സിലുമുള്ള സിരകളെ വേധിക്കണം.
ഉന്മാദേ = ഉന്മാദരോഗത്തിൽ
ഉരോപാംഗലലാടസ്ഥാഃ = ഉരസ്സിലും അപാംഗത്തിലും നെററിയിലുമുള്ള സിരകൾ വേധിക്കണം.

അപസ്മൃതൗ പുനഃ = അപസ്മാരരോഗത്തിലാകട്ടെ
ഹനുസന്ധൗ = ഹനുസന്ധിയിലുള്ള സിര വേധിക്കണം.
സമസ്തേ = ഇതുവരെപ്പറഞ്ഞ രോഗങ്ങളിലെല്ലാം
ഭ്രൂമധ്യഗാമിനീം സിരാം വാ = ഭ്രൂമധ്യത്തുകൂടെപ്പോകുന്ന സിര വേധിക്കയുംചെയ്യാം.

വിദ്രധൗ പാർശ്വശൂലേ ച പാർശ്വകക്ഷാസ്തനാന്തരേ
തൃതീയകേംസയോർമധ്യേ സ്കന്ധസ്യാധശ്ചതുർത്ഥകേ 13

വിദ്രധൗ പാർശ്വശൂലേ ച = വിദ്രധിയിലും പാർശ്വഭാഗത്തുള്ള വേദനയിലും
പാർശ്വകക്ഷാസ്തനാന്തരേ = പാർശ്വങ്ങളിലും കക്ഷങ്ങളിലും സ്തനങ്ങളുടെ ഇടയ്ക്കുമുള്ള സിര വേധിക്കണം.
തൃതീയകേ = തൃതീയകജ്വരത്തിൽ
അംസയോഃ മധ്യേ = അംസങ്ങളുടെ മധ്യഭാഗത്തുള്ള സിര വേധിക്കണം.
ചതുർത്ഥകേ = ചതുർത്ഥകജ്വരത്തിൽ
സ്കന്ധസ്യ അധഃ = സ്കന്ധത്തിന്റെ അധോഭാഗത്തുള്ള സിര വേധിക്കണം.

പ്രവാഹികായാം ശൂലിന്യാം ശ്രോണിതോ ദ്വ്യംഗുലേ സ്ഥിതാം
ശുക്രമേഢ്റാമയേ മേഢ്റേ ഊരുഗാം ഗളഗണ്ഡയോഃ 14

ശൂലിന്യാം പ്രവാഹികായാം = വേദനയോടുകൂടിയ പ്രവാഹികാരോഗത്തിൽ
ശ്രോണിതഃ = അരക്കെട്ടിൽനിന്ന്
ദ്വ്യംഗുലേ സ്ഥിതാം = രണ്ടംഗുലം അകലത്തിലുള്ള സിര വേധിക്കണം.
ശുക്രമേഢ്റാമയോഃ = ശുക്ലരോഗത്തിലും ലിംഗരോഗത്തിലും
മേഢ്റേ = ലിംഗത്തിന്മേലുള്ള സിര വേധിക്കണം
ഗളഗണ്ഡയോഃ = ഗളഗണ്ഡം, ഗളവിദ്രധി ഈ രണ്ടു രോഗങ്ങളിലും
ഊരുഗാം = ഊരുവിലുള്ള സിര വേധിക്കണം.

ഗൃധ്രസ്യാം ജാനുനോധസ്താദൂർദ്ധ്വം വാ ചതുരംഗുലേ
ഇന്ദ്രവസ്തേരധോപച്യാം ദ്വ്യംഗുലേ ചതുരംഗുലേ. 15
ഊർദ്ധ്വം ഗുല്ഫസ്യ സക്ഥ്യർത്തൗ തഥാ ക്രോഷ്ടുകശീർഷകേ

ഗൃധ്രസ്യാം = ഗൃധ്രസി എന്ന രോഗത്തിൽ
ജാനുനഃ = ജാനുവിൽനിന്ന്
അധസ്താൽ ഊർദ്ധ്വം വാ ചതുരംഗുലേ = നാലംഗുലം കീഴോ മേലോ ഉള്ള സിര വേധിക്കണം.
അപച്യാം = അപചി എന്ന രോഗത്തിൽ
ഇന്ദ്രവസ്തേഃ = ഇന്ദ്രവസ്തിമർമ്മത്തിൽനിന്നു
ദ്വ്യംഗുലേ അധഃ = രണ്ടംഗുലം താഴെയുള്ള സിര വേധിക്കണം.
സക്ഥ്യർത്തൗ = സക്ഥിപീഡയിൽ
ഗുല്ഫസ്യ ഊർദ്ധ്വം = ഗുല്ഫത്തിന്റെ മേൽ
ചതുരംഗുലേ = നാലംഗുലം ചെല്ലുന്നിടത്തുള്ള സിര വേധിക്കണം.
ക്രോഷ്ടുകശീർഷകേ = ക്രോഷ്ടുകശീർഷരോഗത്തിലും
തഥാ = അപ്രകാരംതന്നെയാണ് (ഗുല്ഫത്തിന്റെ നാലംഗുലം മുകളിലുള്ള സിര വേധിക്കണം.)

പാദദാഹേ ഖുഡേ ഹർഷേ വിപാദ്യാം വാതകണ്ടകേ. 16
ചിപ്പേ ദ്വ്യംഗുലേ വിധ്യേദൂർദ്ധ്വപരി ക്ഷിപ്രമർമ്മണഃ

പാദദാഹേ ഖുഡേ = പാദദാഹത്തിലും വാതശോണിതത്തിലും
ഹർഷേ വിപാദ്യാം = പാദഹർഷത്തിലും വിപാദികാരോഗത്തിലും

വാതകണ്ടകേ ചിപ്പേ ച = വാതകണ്ടകത്തിലും ചിപ്പമെന്ന രോഗത്തിലും
ക്ഷിപ്രമർമ്മണഃ = ക്ഷിപ്രമർമ്മത്തിന്റെ
ദ്വ്യംഗുലേ ഉപരി വിധ്യേൽ = രണ്ടംഗുലം മുകളിലുള്ള സിരയെ വേധിക്കണം.

ഗൃധ്രസ്യാമിവ വിശ്വാച്യാം യഥോക്താനാമദർശനേ. 17
മർമ്മഹീനേ യഥാസന്നേ ദേശേഽന്യാം വ്യധയേൽ സിരാം

വിശ്വാച്യാം = വിശ്വാചിഎന്നരോഗത്തിൽ (വിശ്വഭിഎന്നുംപറയും)
ഗൃധ്രസ്യാം ഇവ = ഗൃധ്രസീരോഗത്തിലെപ്പോലെയാകുന്നു. (ഗൃധ്രസിയെപ്പോലെ വിശ്വാചി കൈയിലുള്ള രോഗമാകയാൽ കൂർപ്പരത്തിന്റെ നാലംഗുലം മേലോ കീഴോ ഉള്ള സിര വേധിക്കണം.)
യഥോക്താനാം അദർശനേ = ഓരോ രോഗങ്ങളിലും വേധിക്കാൻ വിധിച്ചിട്ടുള്ള സിരകൾ കാണാതെ യിരുന്നാൽ
മർമ്മഹീനേ = മർമ്മമൊഴിച്ചുള്ളതും
യഥാസന്നേ = അതിനോടേററവും അടുത്തുള്ളതുമായ
ദേശേ = ദേഹദേശത്തിലുള്ള
അന്യാം സിരാം വ്യധയേൽ = മററൊരു സിരയെ (മററു രോഗത്തിൽ വിധിച്ചിട്ടുള്ളതായാലും ശരി) വേധിക്കണം.

ഓരോ രോഗങ്ങളിലും വേധിക്കേണ്ട സിരകളെ പ്രത്യേകം വിവരിച്ചുകഴിഞ്ഞു. യഥോക്തസിരകൾ തെളിഞ്ഞുകണ്ടില്ലെങ്കിൽ അടുത്തുള്ള വേറേ സിര വേധിച്ചുകൊള്ളാം.

അഥ സ്നിഗ്ദ്ധതനുസ്സജ്ജസർവ്വോപകരണോ ബലീ. 18
കൃതസ്വസ്ത്യയനഃ സ്നിഗ്ദ്ധരസാന്നപ്രതിഭോജിതഃ
അഗ്നിതാപാതപസ്വിന്നോ ജാനൂച്ചാസനസംസ്ഥിതഃ 19
മൃദുപട്ടാത്തകേശാന്തോ ജാനുസ്ഥാപിതകൂർപ്പരഃ
മുഷ്ടിഭ്യാം വസ്ത്രഗർഭാഭ്യാം മന്യേ ഗാഢം നിപീഡയേൽ. 20
ദന്തപ്രപീഡനോൽക്കാസഗണ്ഡാദ്ധ്മാനാനി ചാചരേൽ

അഥ സ്നിഗ്ദ്ധതനുഃ = അനന്തരം ശരീരം സ്നിഗ്ദ്ധമാക്കി
ബലീ = ആവശ്യമുള്ള ദേഹബലം സമ്പാദിച്ചുകൊണ്ടു്
സജ്ജസർവ്വോപകരണഃ കൃതസ്വസ്ത്യയനഃ = സിരാവ്യധത്തിനു് വേണ്ടതായഉപകരണങ്ങളെല്ലാം തയാറാക്കിവച്ചു് ബലിമംഗലകർമ്മങ്ങൾ ചെയ്തുകൊണ്ടു്
സ്നിഗ്ദ്ധരസാന്നപ്രതിഭോജിതഃ = സ്നിഗ്ദ്ധമായ മാംസരസംകൂട്ടി മിതമായിട്ടുണ്ണുകഴിച്ചു്
അഗ്നിതാപാതപസ്വിന്നഃ = തീയുടെ ചൂട്ടും വെയിലും തട്ടിച്ചു് വിയർപ്പിച്ചു്
ജാനൂച്ചാസനസംസ്ഥിതഃ = മുട്ടോളം പൊക്കമുള്ള ഒരു പീഠത്തിലിരുന്നു
മൃദുപട്ടാത്തകേശാന്തഃ = നേർത്ത കച്ചമുണ്ടുകൊണ്ടു തലമുടി കൂട്ടിപ്പിടിച്ചുകെട്ടി
ജാനുസ്ഥാപിതകൂർപ്പരഃ = കാലിന്റെ മുട്ടിന്മേൽ കൈമുട്ടു ചേർത്തുവച്ചു
വസ്ത്രഗർഭാഭ്യാം മുഷ്ടിഭ്യാം = രണ്ടു കൈയുടേയും ഉള്ളംകൈയിൽ തുണി കൂട്ടിവച്ചു മുറുക്കിപ്പിടിച്ചു് ആ മുഷ്ടികൾകൊണ്ടു്
മന്യേ = മന്യ എന്നുപേരുള്ള പിൻകഴുത്തിലെ ഞരമ്പുകളെ
ഗാഢം നിപീഡയേൽ = അമർത്തിത്തിരുമ്മണം.
ദന്തപ്രപീഡനോൽക്കാസഗണ്ഡാദ്ധ്മാനാനി ച = പല്ലുകൾ കൂട്ടിക്കടിക്കുക, ചുമയ്ക്കുന്നമാതിരി ശ്വാസം പിടിച്ചുകൊണ്ടു മുക്കുക, കവിൾ വീർപ്പിക്കുക ഇവയും
ആചരേൽ = ചെയ്തുകൊള്ളണം.

മന്യകളെ തിരുമ്മണമെന്നും ദന്തപ്രപീഡനാദികൾ ചെയ്യണമെന്നും പറഞ്ഞിരിക്കുന്നതു് സിരകൾ എഴുന്നുവരാൻവേണ്ടിയാണ്. പൂർവ്വകാലത്തു് സ്ത്രീകളെപ്പോലെ പുരുഷന്മാരും തലമുടി വളർത്തിയിരുന്നതുകൊണ്ടാണ് മുട്ടപട്ടാത്തകേശാന്തനാകണമെന്നു പറഞ്ഞതും. അധികംപേരും ക്രാപ്പുകാരായിരിക്കുന്ന ഇക്കാലത്തു് അതു വേണമെന്നില്ല.

പൃഷ്ഠതോ യന്ത്രയേച്ചൈനം വസ്ത്രമാവേഷ്ടയൻ നരഃ. 21
കന്ധരായാം പരിക്ഷിപ്യ ന്യസ്യാന്തർവാമതർജ്ജനീം
ഏഷോന്തർമുഖവർജ്ജാനാം സിരാണാം യന്ത്രണേ വിധിഃ 22

ഏനം നരഃ = മേൽപ്രകാരമിരിക്കുന്ന ഇവനെ വേറൊരു പുരുഷൻ
പൃഷ്ഠതഃ കന്ധരായാം = പിൻഭാഗത്തുനിന്നുകൊണ്ടു കഴുത്തിൽ
വസ്ത്രം പരിക്ഷിപ്യ = മുണ്ടു ചുറ്റിയിട്ടു്
അന്തഃ വാമതർജ്ജനീം ന്യസ്യ = അകത്തായിട്ടു് (പിൻകഴുത്തിന്റേയും വസ്ത്രത്തിന്റേയും ഇടയ്ക്കായിട്ടു്) ഇടത്തേ ചൂണ്ടുവിരൽവച്ചു
ആവേഷ്ടയൻ യന്ത്രയേൽ ച = മുറുക്കിപ്പിടിച്ചു കെട്ടുകയും വേണം.
ഏഷഃ അന്തർമുഖവർജ്ജാനാം = ഇപ്പറഞ്ഞതു വായ്ക്കകത്തൊഴിച്ചുള്ള
സിരാണാം = ശിരസ്സിലെ സിരകളുടെ
യന്ത്രണേ വിധിഃ = ബന്ധനത്തിലേക്കുള്ള വിധിയാകുന്നു.

സിരാവേധത്തിനർഹനായവൻ മുൻപറഞ്ഞവിധം പീഠത്തിലിരിക്കുമ്പോൾ വേറൊരാൾ അയാളുടെ പിൻഭാഗത്തു നിന്നുകൊണ്ടു കഴുത്തിനുചുറ്റും ഒരു മുണ്ടിട്ടു മുണ്ടിന്റേയും കഴുത്തിന്റേയും ഇടയ്ക്കായിട്ടു് ഇടത്തേ ചൂണ്ടുവിരൽ കടത്തിവച്ചിട്ടു മുറുക്കി കെട്ടണം. കഴുത്തിലെ തൊലിക്കുറി കെട്ടിൽ പെട്ടുപോകാതിരിക്കാനാണു് ഇടയ്ക്കു വിരൽ വച്ചുകൊള്ളണമെന്നു പറഞ്ഞതു്. വായ്ക്കകത്തൊഴിച്ചു ശിരസ്സിലുള്ള ഏതു സിരകൾ വേധിക്കുന്നതിനും ബന്ധനവിധി ഇതുതന്നെയാകുന്നു.

തതോ മധ്യമയാംഗുല്യാ വൈദ്യോംഗുഷ്ഠവിമുക്തയാ
താഡയേദുത്ഥിതാം ജ്ഞാത്വാ സ്പർശാംഗുഷ്ഠപ്രപീഡനൈഃ 23
കുഠാര്യാ ലക്ഷയന്മധ്യേ വാമഹസ്തഗൃഹീതയാ
ഫലോദ്ദേശേ സുനിഷ്കമ്പം സിരാം തദ്വച്ച മോക്ഷയേൽ 24
താഡയൻ പീഡയൻ വൈനാം വിധ്യേദ്വ്രീഹിമുഖേന തു
അംഗുഷ്ഠേനോന്നമയ്യാഗ്രേ നാസികാമുപനാസികാം. 25

തതഃ = അനന്തരം (ബന്ധനം ചെയ്തതിനുശേഷം)
വൈദ്യഃ = സിര വേധിക്കാൻ തയാറായ വൈദ്യൻ
അംഗുഷ്ഠവിമുക്തയാ = പെരുവിരലിൽനിന്നു വിട്ടു്
മധ്യമയാ അംഗുല്യാ = നടുവിരലുകൊണ്ടു്
താഡയേൽ = സിരാസ്ഥാനത്തു താഡനംചെയ്യണം.
ഉത്ഥിതാം = സിര എഴുന്നുവന്നു എന്നു (കാണത്തക്കവണ്ണം എഴുന്നിട്ടില്ലെങ്കിൽ)
സ്പർശാംഗുഷ്ഠപ്രപീഡനൈഃ = സ്പർശിച്ചോ പെരുവിരൽകൊണ്ടമർത്തിയോ
ജ്ഞാത്വാ = അറിഞ്ഞിട്ടു്
വാമഹസ്തഗൃഹീതയാ = ഇടത്തേ കൈകൊണ്ടു പിടിച്ചിരിക്കുന്ന
കുഠാര്യാ = കുഠാരി എന്ന ശസ്ത്രംകൊണ്ടു്
ഫലോദ്ദേശേ സുനിഷ്കമ്പം = വായ്ത്തലയ്ക്കൽ അല്പവും ചലനമുണ്ടാകാത്തവിധത്തിൽ
മധ്യേ = സിരാമധ്യത്തു
ലക്ഷയൻ = അടയാളംവീഴുമാറു ചേർത്തുപിടിച്ചുകൊണ്ടു്

തദ്വൽ = അതുപോലെ (സിരോത്ഥാപനത്തിനു പറഞ്ഞതുപോലെ)
താഡയേൽ = മദ്ധ്യമാംഗുലികൊണ്ടു പീഡനംചെയ്തിട്ടോ
പീഡയേൽ വാ = അംഗുഷ്ഠംകൊണ്ടു പീഡനംചെയ്തിട്ടോ
സിരാം മോക്ഷയേൽ ച = സിരയെ വേധിക്കയുംവേണം.
ഉപനാസികാം ഏനാം തു = നാസികയുടെ അടുത്തുള്ള സിരയെയാകട്ടെ
നാസികാം = നാസികയെ
അഗ്രേ = അതിൻെറ അഗ്രഭാഗത്തു്
അംഗുഷ്ഠേന ഉന്നമയ്യ = പെരുവിരൽകൊണ്ടു് ഉയർത്തിപ്പിടിച്ചിട്ടു്
വ്രീഹിമുഖേന = വ്രീഹിമുഖം എന്ന ശസ്ത്രംകൊണ്ടു്
വിധ്യേൽ = വേധിച്ചുകൊള്ളണം.

മുകളിൽ പറഞ്ഞവിധം ബന്ധനം ചെയ്തതിനുശേഷം വൈദ്യൻ വേധിക്കുവാനുള്ള സിരയുടെമേൽ താഡനംചെയ്യണം. നടുവിരലിൻെറ അഗ്രം പെരുവിരലിൽ ഘടിപ്പിച്ചുവച്ചുകൊണ്ടു് ഊക്കിനു വിട്ടുകൊടുക്കണം. ഇതാണു് താഡനക്രിയ. ഇങ്ങനെ ചെയ്യുന്നതു സിര എഴുന്നുവരാൻവേണ്ടിയാണു്. ബന്ധനംകൊണ്ടുതന്നെ സിര എഴുന്നുകണ്ടാൽ പിന്നെ ഇതു ചെയ്യണമെന്നില്ല. മേൽപ്രകാരം താഡനംചെയ്തിട്ടും സിര എഴുന്നുകാണുന്നില്ലെങ്കിൽ സ്പർശിച്ചുനോക്കണം. സ്പർശനത്തിലും കിട്ടുന്നില്ലെങ്കിൽ അംഗുഷ്ഠംകൊണ്ടു് അമർത്തിനോക്കണം. ഇങ്ങനെ ഏതെങ്കിലുംവിധത്തിൽ സിര എഴുന്നു എന്നു കണ്ടറിഞ്ഞിട്ടു വേധിക്കണം. അതിലേക്കു് ഇടതുകൈകൊണ്ടു കുഠാരി എടുത്തു പിടി മേലാക്കിപ്പിടിച്ചു സിരയുടെ മദ്ധ്യഭാഗത്തു വായ്ത്തല അല്പവും ആടിപ്പോകാതെ അമർത്തിവയ്ക്കുക എന്നിട്ടു് സിരോത്ഥാപനത്തിനു പറഞ്ഞമാതിരി പെരുവിരലിൽനിന്നു വിട്ടു് നടുവിരൽകൊണ്ടു് ശസ്ത്രത്തിൻെറമേൽ കൊട്ടണം. അപ്പോൾ സിര വിദ്ധമാകും. വേധനം ഹീനാതിയോഗങ്ങൾകൂടാതെ ശരിയായിരിക്കണമെങ്കിൽ താഡനംചെയ്യുന്നതു് ഒരു പ്രത്യേകമാത്രയിലായിരിക്കണം. ആവിധം താഡനംചെയ്യാൻ നിശ്ചയമില്ലെങ്കിൽ ശസ്ത്രത്തിന്മേൽ പെരുവിരൽവച്ചു് അമർത്തി വേധിക്കുകയാണു് വേണ്ടതു്. നാസാശ്രിതസിരയാണെങ്കിൽ നാസാഗ്രത്തെ പെരുവിരൽകൊണ്ടു് ഉയർത്തിപ്പിടിച്ചിട്ടു് വ്രീഹിമുഖശസ്ത്രത്താൽ വേധിച്ചുകൊള്ളണം.

അഭ്യുന്നതവിദഷ്ടാഗ്രജിഹ്വസ്യാധസ്തദാശ്രയാം

അഭ്യുന്നതവിദഷ്ടാഗ്രജിഹ്വസ്യ = നാക്കിൻെറ അഗ്രഭാഗം ഉയർത്തി താലുവിൽ ഘടിപ്പിച്ചിരിക്കുന്നവനു്
അധഃ = നാക്കിൻെറ അധോഭാഗത്തു്
തദാശ്രയാം = നാക്കിലുള്ള സിരയെ വേധിക്കണം.

വാ തുറന്നു നാക്കിൻെറ അററം ഉയർത്തി താലുവിൽ ഘടിപ്പിച്ചിട്ടു് നാക്കിൻെറ അടിത്തട്ടിൽ തെളിഞ്ഞുകാണുന്ന സിരയെ വേധിക്കണം. ഇതു നാക്കിലെ സിര വേധിക്കാനുള്ള ക്രമമാണു്. നാക്കിലല്ല വായ്ക്കകത്തു മററതെങ്കിലും ഭാഗത്തുള്ള സിരയാണു് വേധിക്കേണ്ടതെങ്കിൽ നാക്കിനെ മേൽപ്രകാരം ഉയർത്തി താലുവിൽ ഘടിപ്പിക്കേണ്ടാ. വായ് നല്ലവണ്ണം തുറന്നുവച്ചുകൊണ്ടായാൽമതി എന്നു ഇതിൽനിന്നു മനസ്സിലാക്കണം. ഇത്രമാത്രമാണു് വായ്ക്കകത്തെ സിര വേധിക്കുന്നതിലുള്ള ബന്ധനക്രമം.

യന്ത്രയേൽ സ്തനയോരൂർദ്ധ്വം ഗ്രീവാശ്രിതസിരാവ്യധേ. 26

ഗ്രീവാശ്രിതസിരാവ്യധേ = കഴുത്തിലുള്ള സിര വേധിക്കുന്നതിലേക്കു്
സ്തനയോഃ ഊർദ്ധ്വം യന്ത്രയേൽ = സ്തനങ്ങളുടെ മേൽഭാഗത്തായിട്ടു കെട്ടണം.

പാഷാണഗർഭഹസ്തസ്യ ജാനുസ്ഥേ പ്രസൃതേ ഭുജേ
കുക്ഷേരാരഭ്യ മൃദിതേ വിധ്യേൽ ബദ്ധോർദ്ധ്വപട്ടകേ. 27

| | |
|---|---|
| പാഷാണഗർഭഹസ്തസ്യ | = ഉള്ളംകയ്യിൽ കല്ലുവെച്ചുമുറുക്കിയിരിക്കുന്നവൻെറ |
| ഭുജേ ജാനുസന്ധേ | = കൈ (രണ്ടും) കാൽമുട്ടിന്മേൽവച്ചു |
| പ്രസൃതേ കുക്ഷേഃ ആരഭ്യ | = നീട്ടിപ്പിടിച്ചിരിക്കവേ വയറുമുതൽ (കഴുത്തുവരെ) |
| മൂദിതേ | = തിരുമ്മീട്ടു് |
| ബദ്ധോൽപട്ടകേ വിധ്യേൽ | = മുകളിൽ കച്ചകൊണ്ടു ബന്ധിച്ചിട്ടുള്ള അംഗത്തിലെ സിരയെ വേധിക്കണം. |

ഇതു് ഏതുഭാഗത്തെ സിര വേധിക്കുന്നതിനുള്ള ബന്ധനവിധിയാണെന്നു സ്പഷ്ടമാകുന്നില്ല. ഗ്രീവാസിര വേധിക്കുന്നതിനുള്ള ബന്ധനക്രമമാണു് മുമ്പു് പറഞ്ഞതു്. ഇനി പറയാനുള്ളതു് ഉരസ്സിലേയും ഉദരത്തിലേയും സിര വേധിക്കുന്നതിനുള്ള ബന്ധനക്രമമാണു്. അതുകൊണ്ടു് ഉദരോരസ്സുകളിലെ സിര വേധിക്കുന്നതിനുള്ള ബന്ധനവിധിയാണിതെന്നു ധരിക്കണം. 'കുക്ഷേരാരഭ്യ മൂദിതേ' എന്നു പറഞ്ഞിരിക്കുന്നതിൽ അതു സൂചിതമാകുന്നുണ്ടു്. വേധിക്കേണ്ട സ്ഥാനത്തിൻെറ മേലാണു് കെട്ടേണ്ടതെന്നു പറയുന്നു. വേധ്യസ്ഥാനം ഉദരോരസ്സുകളാണെങ്കിൽ ഉരസ്സിൻെറ മേലായിരിക്കണം കെട്ടേണ്ടതു്. എന്നുവച്ചാൽ സ്തനങ്ങളുടെമേൽ. അപ്പോൾ ഗ്രീവയിലേയും ഉദരോരസ്സുകളിലേയും സിരകൾ വേധിക്കുന്നതിനു കെട്ടേണ്ട സ്ഥാനം ഒന്നുതന്നെ. സ്തനങ്ങളുടെമേൽ. പിന്നെയുള്ള വിശേഷം കയ്യിൽ കല്ലുവെച്ചു മുറുക്കിക്കൊണ്ടു കാൽമുട്ടിൻെറ മേൽവച്ചു നീട്ടിപ്പിടിച്ചിരിക്കണമെന്നാണു്. ഈ ഇരിപ്പു് വയറും നെഞ്ചുമുന്തി തല പിൻഭാഗത്തേക്കു ചാഞ്ഞു തെളിഞ്ഞതായിരിക്കുമല്ലോ. പോരെങ്കിൽ വയറുമുതൽ മേലോട്ടു തിരുമ്മാനും പറയുന്നുണ്ടു്. എല്ലാംകൂടിച്ചേർത്തു നോക്കിയാൽ ഉദരോരസ്സുകളിലെ സിര വേധിക്കുന്നതിനുള്ള ബന്ധനവിധിയാണിതെന്നും കെട്ടേണ്ടതു പ്രത്യേകം പറഞ്ഞിട്ടില്ലായ്കയാലും കെട്ടിനുകീഴു് വേധിക്കണമെന്നു പറഞ്ഞിരിക്കയാലും സ്തനങ്ങളുടെ മേലായിരിക്കണമെന്നും സംശയംകൂടാതെ മനസ്സിലാക്കാം.

വിധ്യേദ്ധസ്തസിരാം ബാഹാവനാകുഞ്ചിതകൂർപ്പരേ
ബദ്ധ്വാ സുഖോപവിഷ്ടസ്യ മുഷ്ടിമംഗുഷ്ഠഗർഭിണീം. 28

ഊർദ്ധ്വം വേധ്യപ്രദേശാച്ച പട്ടികാം ചതുരംഗുലേ

| | |
|---|---|
| സുഖോപവിഷ്ടസ്യ | = പീഠത്തിൽ സുഖമായിരിക്കുന്നവൻെറ |
| മുഷ്ടിം അംഗുഷ്ഠഗർഭിണീം ബദ്ധ്വാ | = പെരുവിരൽ അകത്താക്കി മുഷ്ടി ചുരുട്ടിപ്പിടിച്ചുകൊണ്ടു് |
| ബാഹൌ അനാകുഞ്ചിതകൂർപ്പരേ | = കൈമുട്ടുവളയാതെ നീട്ടിപ്പിടിച്ചിരിക്കവേ |
| വേധ്യപ്രദേശാൽ | = വേധിക്കാനുള്ള സ്ഥാനത്തുനിന്നു് |
| ഊർദ്ധ്വം ചതുരംഗുലേ | = നാലംഗുലം മുകളിലായിട്ടു് |
| പട്ടികാം ബദ്ധ്വാ) ച | = കച്ചകൊണ്ടു കെട്ടുകയും ചെയ്തിട്ടു് |
| ഹസ്തസിരാം വിധ്യേൽ | = കയ്യിലെ സിര വേധിക്കണം. |

വിധ്യേദാലംബമാനസ്യ ബാഹുഭ്യാം പാർശ്വയോസ്സിരാം. 29

| | |
|---|---|
| ബാഹുഭ്യാം ആലംബമാനസ്യ | = കൈ രണ്ടും മുകളിൽ പിടിച്ചുകൊണ്ടു കാൽ താഴെ തൊടാതെ തൂങ്ങിനില്ക്കുന്നവൻെറ |
| പാർശ്വയോഃ | = പാർശ്വഭാഗങ്ങളിലുള്ള |
| സിരാം വിധ്യേൽ | = സിരയെ വേധിക്കണം. |

പാർശ്വഭാഗങ്ങളിലെ സിര വേധിക്കുന്നതിനു കൈ രണ്ടും മുകളിൽ വല്ലതിലും പിടിച്ചുകൊണ്ടു തൂങ്ങിനിന്നാൽ മതി. അതുതന്നെയാണതിനു ബന്ധനം.

പ്രഹൃഷ്ടേ മേഹനേ ജംഘാശ്രിതാം ജാനുന്യകുഞ്ചിതേ
പാദേ തു സുസ്ഥിതേധസ്താജ്ജാനുസന്ധേർനിപീഡിതേ. 30

ഗാഢം കരാഭ്യാമാഗുൽഫം ചരണേ തസ്യ ചോപരി
ദ്വിതീയേ കുഞ്ചിതേ കിഞ്ചിദാരൂഢേ ഹസ്തവത്തതഃ 31

ബദ്ധ്വാ വിധ്യേൽ സിരാമിത്ഥമനുക്തേഷ്വപി കല്പയേൽ
തേഷു തേഷു പ്രദേശേഷു തത്തദ്യന്ത്രമുപായവിൽ. 32

മേഹനേ പ്രഹൃഷ്ടേ = ലിംഗത്തെ ശക്തിപ്പെടുത്തിവെച്ചുകൊണ്ടു് അതിലുള്ള സിര വേധിക്കണം.
ജാനുനി അകുഞ്ചിതേ = കാൽമുട്ടുകൾ വളയാതെയും
പാദേ തു സുസ്ഥിതേ = പാദങ്ങൾ ശരിക്കുറപ്പിച്ചും നില്ക്കുമ്പോൾ
ജാനുസന്ധേഃ അധസ്താൽ = മുട്ടിൽനിന്നു കീഴോട്ടു്
ആഗുൽഫം = ഗുൽഫസന്ധിവരെയും
കരാഭ്യാം = രണ്ടു കൈകൾകൊണ്ടും
ഗാഢം നിപീഡിതേ = അമർത്തിത്തിരുമ്മുകയും
തസ്യ ഉപരി = വേധിക്കാതിരിക്കുന്ന കാലിൻെറ മുകളിലായിട്ടു്
ദ്വിതീയേ ചരണേ = രണ്ടാമത്തെ കാൽ
കിഞ്ചിൽ കുഞ്ചിതേ = അല്പമൊന്നു വളച്ചു്
ആരൂഢേ ച (സതി) = കയററിവയ്ക്കുകയും ചെയ്തിരിക്കവേ
തതഃ ഹസ്തവൽ ബദ്ധ്വാ = അനന്തരം കൈയ്യിലെന്നപോലെ ബന്ധിച്ചിട്ടു്
ജംഘാശ്രിതാം സിരാം = കണങ്കാലിലുള്ള സിരയെ
വിധ്യേൽ = വേധിക്കണം.
ഇത്ഥം = ഇപ്രകാരം (ഈ നിദർശനമനുസരിച്ചു്)
തേഷു തേഷു പ്രദേശേഷു = വേധിക്കാനുള്ള അതാതു പ്രദേശങ്ങളിൽ
അനുക്തേഷു അപി = ഇവിടെ പറഞ്ഞിട്ടില്ല എങ്കിലും
തത്തൽ യന്ത്രം = അതാതു സ്ഥലങ്ങൾക്കു യോജിച്ചുള്ള ബന്ധനം
ഉപായവിൽ കല്പയേൽ = ഉപായജ്ഞനായ വൈദ്യൻ കല്പിച്ചുകൊള്ളണം.

ജംഘാസിര വേധിക്കുന്നതിനു കൈയിലെന്നപോലെ കെട്ടണമെന്നു പറഞ്ഞിരിക്കുന്നതിനാൽ വേധ്യപ്രദേശത്തുനിന്നു നാലംഗുലം മേൽ കെട്ടണമെന്നു ഗ്രഹിക്കണം.

മാംസളേ നിക്ഷിപേദ്ദേശേ വ്രീഹ്യാസ്യം വ്രീഹിമാത്രകം
യവാർദ്ധമസ്ഥ്നാമുപരി സിരാം വിധ്യൽ കുഠാരികാം. 33

മാംസളേ ദേശേ = അധികം മാംസമുള്ള പ്രദേശത്തു്
വ്രീഹ്യാസ്യം = വ്രീഹിമുഖമെന്ന ശസ്ത്രത്തെ
വ്രീഹിമാത്രകം = ഒരു നെല്ലിനോളവും
അസ്ഥ്നാം ഉപരി = അസ്ഥികളുടെ മുകളിൽ
കുഠാരികാം യവാർദ്ധം = കുഠാരി എന്ന ശസ്ത്രത്തെ അർദ്ധയവത്തോളവും
സിരാം വിധ്യൽ നിക്ഷിപേൽ = സിര വിദ്ധമാകത്തക്കവിധത്തിൽ കടത്തണം.

ഇവിടെ മാംസളപ്രദേശത്തെയും അസ്ഥ്യുപരിഭാഗത്തെയും വേധനമാനങ്ങളേ പറയുന്നുള്ളൂ. മററു പ്രദേശങ്ങളിലേയ്ക്കുള്ള മാനം ഇതിൽനിന്നു ഊഹിച്ചുകൊള്ളണമെന്നായിരിക്കാം. അങ്ങനെയാണെങ്കിൽ വ്രീഹിയുടേയും യവാർദ്ധത്തിൻേറയും മദ്ധ്യമവർത്തിയായ മാനംതന്നെ അവയ്ക്കു കല്പിക്കേണ്ടതാകുന്നു. ചിലടത്തു വ്രീഹിയോളവും ചിലടത്തു യവാർദ്ധത്തോളവും എന്നും കല്പിക്കേണ്ടതായിവരാം.

സമ്യഗ്വിദ്ധാ സ്രവേദ്ധാരാം യന്ത്രേ മുക്തേ തു ന സ്രവേൽ
അല്പകാലം വഹത്യല്പം ദുർവിദ്ധാ തൈലചൂർണ്ണനൈഃ 34
സശബ്ദമതിവിദ്ധാ തു സ്രവേദ് ദുഃഖേന ധാര്യതേ

സമ്യഗ്വിദ്ധാ = സിര വേണ്ടവിധത്തിൽ ശരിയായിട്ടു വേധിക്കപ്പെട്ടു എങ്കിൽ
ധാരാം സ്രുത്വാ = രക്തം ധാരയായിട്ടു സ്രവിക്കും.
യന്ത്രേ മുക്തേ തു ന സ്രവേൽ = കെട്ടഴിച്ചുകളഞ്ഞാലാവട്ടെ രക്തം സ്രവിക്കയില്ല.
ദുർവിദ്ധാ = സിര വേണ്ടിടത്തോളം വിദ്ധമായില്ലെങ്കിൽ
അല്പം അല്പകാലം = അല്പം രക്തം അല്പനേരത്തേയ്ക്കുമാത്രം
തൈലചൂർണ്ണനൈഃ = (പുതുക്കലത്തിൽ) എണ്ണയുളിക്കുന്ന മാതിരിയിൽ
വഹത്യ = ഒലിച്ചുകൊണ്ടിരിക്കും.
അതിവിദ്ധാ തു = സിര അധികമായി മുറിഞ്ഞുപോയാലാകട്ടെ
സശബ്ദം സ്രവേൽ = ശബ്ദത്തോടുകൂടി സ്രവിക്കും
ദുഃഖേന ധാര്യതേ = വളരെ പ്രയാസപ്പെട്ടാലേ നിറുത്താൻ സാധിക്കുകയുള്ളൂ.

ഭീമൂർച്ഛായന്ത്രശൈഥില്യകുണ്ഠശസ്ത്രാതിതൃപ്തയഃ 35

ക്ഷാമതാവേഗിതാസ്വേദാ രക്തസ്യാസ്രുതിഹേതവഃ

ഭീമൂർച്ഛായന്ത്രശൈഥില്യാ കുണ്ഠശസ്ത്രാതിതൃപ്തയഃ = ഭയം ബോധക്ഷയം, കെട്ടിന്റെ അയവ്, ശസ്ത്രത്തിന്റെ മൂർച്ചയില്ലാതിരിക്കുക, അധികം വയറു നിറയെ ഉണ്ണുക.
ക്ഷാമതാവേഗിതാസ്വേദാഃ = ഉണ്ണാഞ്ഞിട്ടു ക്ഷീണിച്ചിരിക്കുക, മലമൂത്രാദിവേഗങ്ങൾ മുട്ടിയിരിക്കുക, വിയർപ്പില്ലായ്ക ഇതെല്ലാം
രക്തസ്യ അസ്രുതിഹേതവഃ = സിര ശരിക്കു വേധിച്ചാലും രക്തം സ്രവിക്കാതിരിക്കുന്നതിനുള്ള കാരണങ്ങളാകുന്നു.

അസമ്യഗസ്രേ സ്രവതി വേല്ലവ്യോഷനിശാനതൈഃ 36

സാഗാരധൂമലവണതൈലൈർദിഹ്യാൽ സിരാമുഖം

സമ്യക്പ്രവൃത്തേ കോഷ്ണേന തൈലേന ലവണേന ച. 37

അസ്രേ = രക്തം
അസമ്യക് സ്രവത (സതി) = വേണ്ടിടത്തോളം സ്രവിക്കാതിരിക്കുമ്പോൾ
സാഗാരധൂമലവണതൈലൈഃ = പുകയറയും ഇന്തുപ്പും എള്ളെണ്ണയും കൂട്ടിക്കുഴച്ചിട്ടുള്ള
വേല്ലവ്യോഷനിശാനതൈഃ = വിഴാലരിപ്പരിപ്പ്, ത്രികടു, മഞ്ഞൾ, തകരം ഇവയുടെ പൊടികൊണ്ട്
സിരാമുഖം ദിഹ്യാൽ = സിര വേധിച്ച സ്ഥാനത്തു പൂശണം.
സമ്യക പ്രവൃത്തേ = രക്തം ശരിക്കുതന്നെ സ്രവിച്ചുപോയി എങ്കിൽ
കോഷ്ണേന = ചെറുചൂടുള്ള
തൈലേന ലവണേന ച = എണ്ണയും ഇന്തുപ്പും കൂട്ടി പൂശണം. (ഇതു ധാരയായിട്ടുപയോഗിക്കുന്നതും കൊള്ളാം.)

അഗ്രേ സ്രവതി ദുഷ്ടാസ്രം കുസുംഭാദിവ പീതികാ

കുസുംഭാൽ പീതികാ ഇവ = കുസുംഭകുസുമത്തിൽനിന്നു മഞ്ഞനിറമെന്നപോലെ
ദുഷ്ടാസ്രം അഗ്രേ സ്രവതി = ദുഷിച്ച രക്തം മുമ്പേ സ്രവിച്ചുപോകുന്നു.

കുസുംഭകുസുമം ചായത്തിനുപയോഗിക്കുമായിരുന്നു. അതിന്റെ ചായം വെള്ളത്തിൽ കലത്തീട്ട് അതിൽ തുണി മുക്കിയെടുത്താൽ മതി, തുണിക്കു നിറം കിട്ടും. ചുവന്ന ചായത്തിനാണിതെടുക്കുന്നത്. എന്നാൽ അതിനൊരു വിശേഷമുണ്ട്. അതിൽ ആദ്യം മുക്കിയെടുക്കുന്ന തുണി മഞ്ഞനിറത്തിലായിരിക്കും. പിന്നത്തേതിലേ ചുവപ്പുനിറം കിട്ടൂ. ഇതിനു കാരണം മഞ്ഞ, ചുവപ്പ് ഈ രണ്ടു നിറവും കുസുംഭകുസുമത്തിൽ അടങ്ങിയിരിക്കുന്നതുകൊണ്ടായിരി

ക്കണം എന്നതിൽ സംശയിപ്പാനില്ല. അങ്ങനെ ഈ രണ്ടു നിറങ്ങളും കുസുംഭകുസുമത്തിലും പിന്നീടു് ജലത്തിലുംകലൻ് ഒന്നുചേന്നിരുന്നിട്ടും തുണിയിലേക്കു് ആദ്യം പകരുന്നതു് മഞ്ഞനിറംമാത്രമാണു്. അതുപോലെ ശുദ്ധാശുദ്ധരക്തങ്ങൾ സിരകളിൽ കലൻ് ഒന്നുചേന്നിരിക്കയാണെങ്കിലും സിരവേധിച്ചാൽ മുൻപ്പേ സ്രവിച്ചുപോകുന്നതു അശുദ്ധരക്തമായിരിക്കും. കാൎയ്യം ഇതു് യഥാൎത്ഥമാണെന്നു ഉപമാനബലത്താൽ നമുക്കു് വിശ്വസിക്കാമെങ്കിലും എന്തുകൊണ്ടാണിങ്ങനെ സംഭവിക്കുന്നതെന്നു ശരിക്കറിഞ്ഞെങ്കിൽമാത്രമേ നമ്മുടെ ശാസ്ത്രീയബോധത്തെപ്പററി നമുക്കു അഭിമാനിക്കാൻ നിവൃത്തിയുള്ളു. ശാസ്ത്രജ്ഞന്മാർ ശാസ്ത്രീയമായിത്തന്നെ അതിനെ നിരീക്ഷിച്ചു കണ്ടറിയേണ്ടതുമാണു്. ഒരു സംഗതി ഇവിടെ ആലോചനാവിഷയമായിട്ടുണ്ടു്. ശരീരത്തിനു് അഹിതമായ എന്തെങ്കിലും ശരീരത്തിൽ പെട്ടുപോയാൽ അതിനെ കഴിയുന്നവേഗത്തിൽ ബഹിഷ്കരിക്കുവാൻ ശരീരത്തിനു തന്നെ സ്വതസ്സിദ്ധമായ ഒരു ശക്തിയുണ്ടെന്നുള്ളതു ശരീരശാസ്ത്രജ്ഞന്മാർ സമ്മതിക്കുന്ന സംഗതിയാണു്. അതനുസരിച്ചു് ശരീരാംശങ്ങൾതന്നെ വല്ലതും ദുഷിച്ചു് ഉപദ്രവകാരികളായി നിന്നാൽ അവയേയും ബഹിഷ്കരിക്കാതിരിക്കാൻ ശരീരത്തിനു് കഴികയില്ല. ഇവിടെ രക്തത്തിന്റെ ചില അംശങ്ങൾ ദുഷിച്ചു് വികാരകാരികളായിരിക്കുന്നു അതിനെ ബഹിഷ്കരിക്കുവാൻ ശരീരം പഴുതുനോക്കിയിരിക്കയുമാണു്. രക്തമോ? അതിലെ ശുദ്ധഭാഗം ധാതുപോഷണത്തിലേയ്ക്കു പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നു. അശുദ്ധഭാഗം ശരീരശക്തിയുടെ തള്ളലേററു് വെളിക്കുചാടാൻ ബദ്ധപ്പെട്ടുകൊണ്ടുമിരിക്കുന്നു. ഈ അവസരത്തിൽ സിരവേധിച്ചാൽ അശുദ്ധരക്തംതന്നെ മുൻപേ സ്രവിച്ചുപോകുമെന്നു കാണാം. അങ്ങനെ അശുദ്ധരക്തം മുഴുവൻ സ്രവിച്ചുപോയാലോ പിന്നത്തെ സ്ഥിതി എന്തായിരിക്കും. അതിനെ ഉടൻതന്നെ പറയുന്നു

സമ്യക്സ്രുത്യ സ്വയം തിഷ്ഠേച്ഛുദ്ധം തദിതി നാഹരേൽ. 38

| | | |
|---|---|---|
| സമ്യക് | = | സമ്യക്യോഗലക്ഷണമനുസരിച്ചു് |
| സ്രുത്യ | = | സ്രവിച്ചുപോയിട്ടു് (രക്തം) |
| സ്വയം തിഷ്ഠേൽ | = | താനേ നില്ക്കുമെങ്കിൽ |
| തൽ | = | അതിനെ (അങ്ങിനെ സ്രവിക്കാതെ നിൽക്കുന്ന രക്തത്തെ) |
| ശുദ്ധം ഇതി ന ആഹരേൽ | = | ശുദ്ധരക്തമാണെന്നറിഞ്ഞു് വീണ്ടും സ്രവിപ്പിക്കരുതു്. |

സിരാവ്യധം ശരിയായവിധത്തിലായിരുന്നാൽ അശുദ്ധരക്തം മുഴുവൻ സ്രവിച്ചുപോയിക്കഴിയുമ്പോൾ രക്തസ്രുതി നില്ക്കും. രക്തം സ്വഭാവേനതന്നെ ധാതുപോഷണോദ്യുക്തമാണല്ലോ. അതുതന്നെയാണു് രക്തസ്രുതി നില്പാനുള്ള കാരണവും. ആകയാൽ അതു് ശുദ്ധരക്തത്തിന്റെ ഒരു ലക്ഷണമാണെന്നറിയണം. അതിനെപ്പിന്നെ സ്രവിപ്പിച്ചു പോകയുമരുതു്.

യന്ത്രം വിമുച്യ മൂർച്ഛായാം വീജേത വ്യജനൈഃ പുനഃ
സ്രാവയേന്മൂർച്ഛതി പുനസ്ത്വപരേദ്യുസ്ത്ര്യഹേപി വാ. 39

| | | |
|---|---|---|
| മൂർച്ഛായാം (സത്യാം) | = | രക്തമോക്ഷം ചെയ്യുന്നതിനിടയ്ക്കു ബോധക്ഷയമുണ്ടായാൽ |
| യന്ത്രം വിമുച്യ | = | കെട്ടഴിച്ചുകളഞ്ഞിട്ടു് |
| വ്യജനൈഃ | = | വിശറി, ആലവട്ടം, താമരയില മുതലായവകൊണ്ടു് |
| വീജേത | = | വീശി ആശ്വസിപ്പിക്കണം. |
| പുനഃ സ്രാവയേൽ | = | അങ്ങനെ ആശ്വാസമുണ്ടായതിനുശേഷം വീണ്ടും രക്തം സ്രവിപ്പിക്കണം. |
| പുനഃ മൂർച്ഛതി തു | = | പിന്നെയും ബോധക്ഷയമുണ്ടായി എങ്കിൽ |
| അപരേദ്യുഃ | = | അടുത്തദിവസമോ |
| ത്ര്യഹേ അപി വാ | = | മൂന്നാംദിവസമോ രക്തം സ്രവിപ്പിച്ചുകൊള്ളണം. |

വാതാച്ഛ്യാവാരുണം രൂക്ഷം വേഗസ്രാവ്യച്ഛഫേനിലം
പിത്താൽ പീതാസിതം വിസ്രമസ്കന്ദൗഷ്ണ്യാൽ സചന്ദ്രകം. 40

കഫാൽ സ്നിഗ്ദ്ധമസൃക്പാണ്ഡു തന്തുമൽ പിച്ഛിലം ഘനം
സംസൃഷ്ടലിംഗം സംസർഗ്ഗാൽ ത്രിദോഷം മലിനാവിലം. 41

വാതാൽ (ദുഷ്ടം) അസൃക് = വാതത്താൽ ദുഷ്ടമായ രക്തം
ശ്യാവാരുണം രൂക്ഷം = ശ്യാവാരുണവർണ്ണങ്ങളോടുകൂടിയും രൂക്ഷമായുമിരി-[ക്കും.
വേഗസ്രാവി അച്ഛഫേനിലം = ഉഗ്രക്കോടുകൂടി സ്രവിക്കുന്നതും തെളിഞ്ഞ നുരയുള്ളതുമാകുന്നു.
പിത്താൽ = പിത്തദുഷ്ടമായ രക്തം
പീതാസിതം വിസ്രം = മഞ്ഞളിച്ചും കറുത്തും ദുർഗ്ഗന്ധത്തോടുകൂടിയും
ഔഷ്ണ്യാൽ അസ്കന്ദി = ചൂടുള്ളതുകൊണ്ട് ഉറഞ്ഞു കട്ടയാകാതെയും
സചന്ദ്രകം = മയിൽപീലി പിരിച്ചിട്ടമാതിരി നാനാവർണ്ണമായുമിരിക്കും.
കഫാൽ = കഫദൂഷിതമായ രക്തം
സ്നിഗ്ദ്ധം പാണ്ഡു = സ്നിഗ്ദ്ധമായും പാണ്ഡുവർണ്ണമായും
തന്തുമൽ = നൂലുകളിട്ടമാതിരി രേഖകളോടുകൂടിയും
പിച്ഛിലം ഘനം = വഴുവഴുത്തും കൊഴുത്തുമിരിക്കും
സംസർഗ്ഗാൽ = രണ്ടുദോഷങ്ങളാൽ ദൂഷിതമായ രക്ത
സംസൃഷ്ടലിംഗം = ആ രണ്ടുദോഷങ്ങളുടെ ലക്ഷണങ്ങളുള്ളതായിരി-[ക്കും
ത്രിദോഷം മലിനാവിലം = ത്രിദോഷദൂഷിതരക്തം അഴുക്കുപിടിച്ചമാതിരി കറുത്തും കലക്കലോടുകൂടിയുമിരിക്കും.

അശുദ്ധൗ ബലിനോപ്യസ്രം ന പ്രസ്ഥാൽ സ്രാവയേൽ പരം

അശുദ്ധൗ = രക്തത്തിന് എത്രതന്നെ അശുദ്ധിയുണ്ടായിരുന്നാ-[ലും
ബലിനഃ അപി = രോഗി ബലവാൻതന്നെ ആയിരുന്നാലും
പ്രസ്ഥാൽ പരം = പ്രസ്ഥത്തിലധികമായി
അസ്രം ന സ്രാവയേൽ = രക്തത്തെ സ്രവിപ്പിച്ചുകളയരുത്.

"ശാണം പാണിതലം മുഷ്ടിം കുഡുബം പ്രസ്ഥമാഢകം
ദ്രോണം വഹം ച ക്രമശോ വിജാനീയാച്ചതുർഗ്ഗുണം"

എന്ന സാമാന്യനിർദ്ദേശമനുസരിച്ച് പ്രസ്ഥം എന്നാൽ പതിനാറുപലമെന്നും "ദ്വിഗുണം യോജയേദാർദ്രം കുഡുബാദി തഥാ ദ്രവം" എന്ന ദ്വിഗുണമാനപ്രകാരം മുപ്പത്തിരണ്ടു പലമെന്നും അർത്ഥം ഗ്രഹിക്കാം. ഇവിടെ രക്തം ഒരു ദ്രവസാധനമാണെങ്കിലും രക്തമോക്ഷം ചെയ്യുന്ന അവസരത്തിൽ സ്രവിച്ചുപോകേണ്ട രക്തത്തിന്റെ മാനത്തെ നിർദ്ദേശിക്കുമ്പോൾ പ്രസ്ഥശബ്ദത്തിനു പതിമൂന്നരപ്പലം എന്ന് അർത്ഥം ഗ്രഹിക്കേണ്ടിയിരിക്കുന്നു. അതിലേയ്ക്ക് ഒരു പ്രമാണശ്ലോകമുള്ളതുകൂടി ഇവിടെ ഉദ്ധരിക്കാം.

"വമനേ ച വിരേകേ ച തഥാ ശോണിതമോക്ഷണേ
സാർദ്ധത്രയോദശപലം പ്രസ്ഥമാഹുർമനീഷിണഃ"

എത്ര അധികം രക്തം ദുഷിച്ചിരുന്നാലും നല്ല ബലവാന്മാർക്കായാലും ഒരു പ്രാവശ്യം പതിമൂന്നരപ്പലത്തിലധികം രക്തം സ്രവിച്ചുകളഞ്ഞുകൂടാ.

അതിസ്രുതൗ ഹി മൃത്യുസ്സ്യാദ്ദാരുണാ വാനിലാമയാഃ. 42
തത്രാഭ്യംഗരസക്ഷീരരക്തപാനാനി ഭേഷജം

ഹി അതിസ്രുതെ = എന്തെന്നാൽ രക്തത്തിന്ന് അതിസ്രവണമുണ്ടായാൽ
മൃത്യുഃ സ്യാൽ = മരണമുണ്ടാകും.
ദാരുണാഃ അനിലാമയാഃ വാ = അതിഘോരങ്ങളായ വാതവികാരങ്ങളുണ്ടാകാം.
തത്ര = രക്താതിസ്രുതിയിൽ
അഭ്യംഗരസക്ഷീര-രക്തപാനാനി = ദേഹത്തു മെഴുക്കിടുക മാംസരസവും പാലും ഉപയോഗിക്കുക, സദ്യസ്കമായ രക്തം കുടിക്കുക ഇതെല്ലാം
ഭേഷജം = ചികിത്സയായി പ്രയോഗിക്കേണ്ടതാകുന്നു.

രക്തം ക്രമത്തിലധികം സ്രവിച്ചുപോയാൽ അതിന്റെ ഫലം മരണമാകുന്നു. ഇല്ലെങ്കിലും അതികഠിനങ്ങളായ അപതന്ത്രകാദി വാതവ്യാധികളുണ്ടാകുമെന്നതിന്നു സംശയമില്ല. അങ്ങനെ ഏതെങ്കിലുംവിധത്തിൽ രക്തമധികം പൊയ്പ്പോയിട്ടുണ്ടാകുന്ന വികാരങ്ങളിൽ അഭ്യംഗാദികൾ പ്രയോഗിക്കേണ്ടതാണ്. ആട്ടിനെയോ മുയലിനെയോ അപ്പോഴം കൊന്നെടുത്ത് അതിന്റെ രക്തം കുടിക്കുന്നതും കൊള്ളാം.

സ്രുതേ രക്തേ ശനൈര്യന്ത്രമപനീയ ഹിമാംബുനാ
പ്രക്ഷാള്യ തൈലപ്ലോതാക്തം ബന്ധനീയം സിരാമുഖം. 43

രക്തേ സ്രുതേ = രക്തം വേണ്ടകണക്കിന്നു സ്രവിച്ചുപോയാൽ
യന്ത്രം ശനൈഃ അപനീയ = ബന്ധനത്തെ പയ്യെ അഴിച്ചുകളഞ്ഞിട്ട്
ഹിമാംബുനാ പ്രക്ഷാള്യ = തണുത്തവെള്ളംകൊണ്ടു കഴുകിത്തുടച്ചുവൃത്തിയാക്കി
സിരാമുഖം = സിരവേധിച്ചസ്ഥാനം
തൈലപ്ലോതാക്തം = എണ്ണയിൽ മുക്കിയ തുണിക്കഷണംവച്ചു
ബന്ധനീയം = ചുററിക്കെട്ടിക്കൊള്ളേണ്ടതാണ്.

അശുദ്ധൗ സ്രാവയേൽ ഭൂയസ്സായമഹ്ന്യപരേപി വാ
സ്നേഹോപസ്കൃതദേഹസ്യ പക്ഷാദ്വാ ഭൃശദൂഷിതം. 44

അശുദ്ധൗ = അശുദ്ധരക്തം ഇനിയും പോകേണ്ടതായിട്ടുണ്ടെന്നു കണ്ടാൽ
സായം = അന്നുതന്നെ വൈകുന്നേരത്തോ
അപരേ അപി അഹ്നി വാ = അതിന്നടുത്തദിവസമോ
ഭൂയഃ സ്രാവയേൽ = പിന്നെ സ്രവിപ്പിക്കണം.
ഭൃശദൂഷിതം = വളരെ അധികം ദുഷിച്ചിരിക്കുന്ന രക്തമെങ്കിൽ
സ്നേഹോപസ്കൃതദേഹസ്യ = അകത്തും പുറത്തും സ്നേഹപ്രയോഗവും മററും കൊണ്ട് ശരീരത്തെ സംസ്കരിച്ചതിന്നുശേഷം
പക്ഷാൽ വാ = പതിനഞ്ചുദിവസത്തിന്നുമേൽ രക്തമോക്ഷം ചെയ്കയാണു വേണ്ടതു്.

കിഞ്ചിദ്ധി ശേഷേ ദുഷ്ടേസ്രേ നൈവ രോഗോതിവർത്തതേ
സശേഷമപ്യതോ ധാര്യം ന ചാതിസ്രുതിമാചരേൽ. 45
ഹരേച്ഛൃംഗാദിഭിശ്ശേഷം പ്രസാദമഥവാ നയേൽ. 46
ശീതോപചാരപിത്താസ്രക്രിയാശുദ്ധിവിശോഷണൈഃ
ദുഷ്ടം രക്തമനുദ്രിക്തമേവമേവ പ്രസാദയേൽ. 47

ഹി ദുഷ്ടേ അസ്രേ = യാതൊന്നുഹേതുവായിട്ട് ദുഷിച്ചിരിക്കുന്ന രക്തം
കിഞ്ചിൽ ശേഷേ = കുറച്ചുമാത്രം ശേഷിച്ചിരിക്കവേ
രോഗഃ = അതുനിമിത്തമുണ്ടായ രോഗം
ന അതിവർത്തതേ ഏവ = അതിക്രമിച്ചുപോകയില്ലതന്നെ.

അതഃ അപി = ഈ കാരണത്താൽ ദുഷിച്ചരക്തമാണെങ്കിലും
സശേഷം = കുറച്ചു ശേഷിപ്പിച്ചുവച്ചിട്ടുതന്നെ
സ്രാവ്യം = രക്തസ്രുതി നിറുത്തേണ്ടതാണു്.
അതിസ്രുതിം ച = ദുഷ്ടരക്തത്തിന്റെതന്നെയും അതിപ്രവണത്തെ
ന ആചരേൽ = ചെയ്തുപോകരുതു്
ശേഷം = സ്രുതശേഷമായ ദുഷ്ടരക്തത്തെ
ശൃംഗാദിഭിഃ ഹരേൽ = കൊമ്പു മുതലായവകൊണ്ടു എടുത്തുകളയണം.
അഥവാ = അല്ലെങ്കിൽ
ശീതോപചാരപിത്താസ്രക്രിയാശുദ്ധിവിശോഷണൈഃ = പലവിധത്തിലുള്ള ശീതോപചാരങ്ങൾ, രക്തപിത്തചികിത്സ, ശോധനം, ഉപവാസം ഈവക പ്രയോഗങ്ങൾകൊണ്ടു
പ്രസാദം നയേൽ = പ്രസാദിപ്പിച്ചുകൊള്ളണം.
അനിർഹൃതം ദുഷ്ടം രക്തം = അധികം ഒഴിച്ചിട്ടില്ലാത്ത ദുഷിച്ച രക്തത്തെ
ഏവം = ഇപ്പറഞ്ഞവിധത്തിൽ
പ്രസാദയേൽ ഏവ = പ്രസാദിപ്പിക്കതന്നെ വേണ്ടതാകുന്നു.

രക്തേ ത്വതിഷ്ഠതി ക്ഷിപ്രം സ്തംഭനീമാചരേൽ ക്രിയാം
ലോധ്രപ്രിയംഗുപത്തംഗമാഷയഷ്ട്യാഹ്വഗൈരികൈഃ 48

മൃൽകപാലാഞ്ജനക്ഷൌമമഷീക്ഷീരിത്വഗംകുരൈഃ
വിചൂർണ്ണയേദ്വ്രണമുഖം പത്മകാദി ഹിമം പിബേൽ. 49

രക്തേ അതിഷ്ഠതി തു = രക്തം നില്ക്കാതെ പൊയ്ക്കൊണ്ടിരിക്കയാണെങ്കിൽ
ക്ഷിപ്രം = ഏത്രയും വേഗത്തിൽ
സ്തംഭനീം ക്രിയാം = രക്തം നിറുത്തുന്നതിനുള്ള സ്തംഭനക്രിയകൾ
ആചരേൽ = ചെയ്യണം
ലോധ്രപ്രിയംഗുപത്തംഗമാഷയഷ്ട്യാഹ്വഗൈരികൈഃ = പാച്ചോറ്റിത്തൊലി, ഞാഴൽപ്പൂവു്, പത്തംഗം, ഉഴുന്നു്, ഇരട്ടിമധുരം, കാവിമണ്ണു്,
മൃൽകപാലാഞ്ജനക്ഷൌമമഷീക്ഷീരിത്വഗംകുരൈഃ = കുരമണ്ണു്, മാടോടു്, അഞ്ജനക്കല്ലു്, പട്ടിന്റെകരി നാല്പാമരപ്പട്ട, നാല്പാമരമൊട്ടു് ഇവ പൊടിച്ചു് അതുകൊണ്ടു്
വ്രണമുഖം വിചൂർണ്ണയേൽ = സിരാവേധിച്ചസ്ഥാനത്തു വിചൂർണ്ണനംചെയ്യണം(വിതറണം)
പത്മകാദി = പത്മകാദിഗണത്തെ
ഹിമം പിബേൽ = ശീതകഷായമാക്കിവച്ചു കുടിക്കണം.

താമേവ വാ സിരാം വിധ്യേദ്വ്യധാത്തസ്മാദനന്തരം
സിരാമുഖം വാ ത്വരിതം ദഹേത്തപ്തശലാകയാ. 50

താം സിരാം ഏവ = ആ വേധിച്ചസിരയെത്തന്നെ
തസ്മാൽ വ്യധാൽ അനന്തരം = ആ വേധസ്ഥാനത്തിന്റെ അപ്പുറത്തായിട്ടു
വിധ്യേൽ വാ = വേധിക്കയോ ചെയ്യണം.
സിരാമുഖം = വേധിച്ചസിരയുടെ മുഖദ്വാരത്തെ
തപ്തശലാകയാ = ചുട്ടുപഴുപ്പിച്ച ശലാകകൊണ്ടു
ത്വരിതം ദഹേൽ വാ = ഉടനെ ചുടുകയോ വേണ്ടതാണു്.

സിരാവ്യധത്തിൽ രക്തസ്രുതി തനിയെ നിൽക്കുന്നതിന്റെ കാരണങ്ങളിലൊന്നു സിരയ്ക്കുണ്ടായ ക്ഷതത്തിന്റെ സ്വയംശമനശക്തിയാകുന്നു. അതുകൊണ്ടു ക്ഷതം തനിയെ സങ്കോചിച്ചു ചുരുങ്ങുകയും അങ്ങനെ രക്തം നില്ക്കുകയും ചെയ്യും. ഏറെക്കാലംകൂടിയ രക്താതിസ്രുതിയിൽ സിരയുടെ ആ സങ്കോചശക്തി ക്ഷീണിക്കുന്നതിനാൽ ക്ഷതം ചുരുങ്ങാതിരിക്കയും രക്തസ്രുതിക്കു അതു സഹായമായി

വരികയും ചെയ്യുന്നു. അങ്ങനെയുള്ള പതനത്തിലാണ് ആ സിരയിൽത്തന്നെ അതിനു മേലായിട്ട് ഒരു ക്ഷതമുണ്ടാക്കേൻ വിധിക്കുന്നതു്. അതു വേണ്ടത്ര പരിമിതമായിരിക്കുമെന്നും അപ്പോൾ അതുവഴിയായും രക്തം സ്രവിക്കാൻ തുടങ്ങുമെന്നും പറയേണ്ടതില്ലല്ലോ. അങ്ങനെയായാൽ ആദ്യത്തെ മുറിവിനു രക്തത്തിന്റെ തള്ളലില്ലാതെയാകുന്നതിനാൽ സങ്കോചിക്കാൻ സാധിക്കുന്നു. രണ്ടാമത്തെ മുറിവു പരിമിതവും അഭിനവവുമാകയാൽ സ്വതേ സങ്കോചശക്തിയോടുകൂടിത്തന്നെ ഇരിക്കുന്നു. ആ വിധത്തിൽ രണ്ടു മുറിവുകളും ഏകകാലത്തുതന്നെ സങ്കോചിച്ചുതുടങ്ങുകയും അതിന്റെ ഫലമായിട്ടു ക്രമേണ രക്തം നില്ക്കുകയും ചെയ്യും.

ഉന്മാർഗ്ഗഗാ യന്ത്രനിപീഡനേന
സ്വസ്ഥാനമായാന്തി പുനർന്ന യാവൽ
ദോഷാഃ പ്രദുഷ്ടാ രുധിരം പ്രപന്നാ-
സ്താവദ്ധിതാഹാരവിഹാരഭാക് സ്യാൽ. 51

യന്ത്രനിപീഡനേന = കെട്ടിയതുകൊണ്ടുണ്ടായ പീഡനംനിമിത്തം (ദുഷ്ടാഗതികളായിട്ട്)
ദോഷാഃ ഉന്മാർഗ്ഗഗാ. = വാതപിത്തകഫങ്ങൾ സ്ഥാനാന്തരങ്ങളിലെത്തി
പ്രദുഷ്ടാഃ = അധികമായി ദുഷിച്ച്
രുധിരം പ്രപന്നാഃ = രക്തത്തെ ആശ്രയിച്ചുകൊണ്ടു
പുനഃ യാവൽ = പിന്നെ എത്രനാൾവരെ
സ്വസ്ഥാനം ന ആയാന്തി = സ്വസ്ഥാനത്തു തിരിയെവരാതെ നില്ക്കുന്നുവോ
താവൽ = അതുവരെയും
ഹിതാഹാരവിഹാരഭാക് സ്യാൽ = സിരാവ്യധംചെയ്യിരിക്കുന്നവൻ പഥ്യങ്ങളായ ആഹാരവിഹാരങ്ങളെ സേവിച്ചുകൊണ്ടിരിക്കേണ്ടതാണ്.

സിരാവ്യധത്തിനായി ബന്ധനംചെയ്യുമ്പോൾ രക്തപ്രവഹണത്തിൽ പ്രവൃത്തങ്ങളായ ദോഷങ്ങൾ വികടഗാമികളായിത്തീരാതെ തരമില്ല. അവ അങ്ങനെ ഇരിക്കുന്നേടത്തോളം രക്തസഞ്ചരണം ശരിയാകാതിരിക്കുകയും അതു വീണ്ടും രക്തത്തിനു ദൂഷണത്തെ ഉണ്ടാക്കുകയും ചെയ്യാൻ സംഗതിയുണ്ട്. അതിനാൽ ദോഷങ്ങൾ സുസ്ഥിതിയെ പ്രാപിച്ചു രക്തസംവഹനത്തിൽ വേണ്ടവണ്ണം പ്രവർത്തിച്ചുതുടങ്ങുന്നതുവരെയും പഥ്യമായിരിക്കേണ്ടതാവശ്യമാകുന്നു.

നാത്യുഷ്ണശീതം ലഘു ദീപനീയം
രക്തേപനീതേ ഹിതമന്നപാനം
തദാ ശരീരം ഹ്യനവസ്ഥിതാസ്രു-
മഗ്നിർവ്വിശേഷാദിതി രക്ഷണീയഃ. 52

രക്തേ അപനീതേ = രക്തം സ്രവിപ്പിച്ചുകളഞ്ഞിരിക്കുമ്പോൾ
നാത്യുഷ്ണശീതം = അത്യുഷ്ണവും അതിശീതവുമല്ലാത്തതും
ലഘു ദീപനീയം = ലഘുവായിട്ടുള്ളതും അഗ്നിദീപ്തിയെയുണ്ടാക്കുന്നതുമാ-
അന്നപാനം ഹിതം = അന്നവും പാനവും ഉപയോഗിക്കേണ്ടതാണ്. (യ
ഹി തദാ ശരീരം = എന്തെന്നാൽ അപ്പോൾ ശരീരം
അനവസ്ഥിതാസ്രം = സുസ്ഥിതിയില്ലാത്ത രക്തത്തോടുകൂടിയിരിക്കയാ-
ഇതി അഗ്നിഃ = ഇപ്രകാരമാകയാൽ ജഠരാഗ്നി (കുന്നു.
വിശേഷാൽ രക്ഷണീയഃ = വിശേഷിച്ചും രക്ഷിക്കപ്പെടേണ്ടതാകുന്നു.

ആഹാരപചനത്തിൽ രക്തപ്രവർത്തനം സഹായമായിരിക്കുന്നു എന്നു ഇതിൽനിന്നു വിശേഷാൽ മനസ്സിലാക്കേണ്ടതാണ്. ക്ഷീണധാതുക്കളെ പോഷിപ്പിക്കുകയായിരിക്കുമല്ലോ അന്നരസരൂപമായ രക്തത്തിന്റെ പ്രധാനകർമ്മം. ശരീരവ്യാപാരം ധാതുക്കളെ ക്ഷയിപ്പിക്കയും ചെയ്യും. ആകയാൽ ഏതേതവയവങ്ങൾ എത്രത്തോളം

പ്രവൎത്തിക്കുകയോ പ്രവൃത്തിഫലമായിട്ടു് ക്ഷീണിക്കുകയോ ചെയ്യുന്നുവോ ആ അവയവങ്ങളിൽ അത്രത്തോളം രക്തം അവയെ പ്രീണിപ്പിക്കാനും പോഷിപ്പിക്കാനും ചെന്നെത്തേണ്ടതാകുന്നു. ചിന്തകന്മാൎക്കു് ശിരസ്സിലും കൈകാലുകൾകൊണ്ടു പ്രവൎത്തിക്കുന്നവൎക്കു് ആ അംഗങ്ങളിലും രക്തം അധികമായി സഞ്ചരിക്കയും ആ അംഗങ്ങളെ പുഷ്ടങ്ങളും ബലിഷ്ഠങ്ങളുമാക്കിത്തീൎക്കയും ചെയ്യുന്നതു് അതുകൊണ്ടാകുന്നു. ആഹാരം കഴിച്ചാൽ അതിനെ ശരിക്കു പചിപ്പിക്കാൻ പചനാവയവങ്ങളെ പ്രവൎത്തിപ്പിക്കുന്നതിനു് വേണ്ടത്ര രക്തം അവിടെ എത്തണം. രക്തത്തിനു സുസ്ഥിതിയില്ലാതിരിക്കുമ്പോൾ അതു സാധിക്കുന്നതല്ല. അതുകൊണ്ടാണ് രക്തമോക്ഷം ചെയ്തിരിക്കുമ്പോൾ മേല്പറഞ്ഞവിധത്തിലുള്ള അന്നപാനോപയോഗത്താൽ അഗ്നിയെ സൂക്ഷിച്ചു രക്ഷിച്ചുകൊള്ളണമെന്നു വിധിച്ചതു്.

പ്രസന്നവൎണ്ണേന്ദ്രിയമിന്ദ്രിയാൎത്ഥാ-
നിച്ഛന്തമവ്യാഹതപക്തൃവേഗം
സുഖാന്വിതം പുഷ്ടിബലോപപന്നം
വിശുദ്ധരക്തം പുരുഷം വദന്തി. 53

| | |
|---|---|
| പ്രസന്നവൎണ്ണേന്ദ്രിയം | = തെളിവുള്ള നിറത്തോടും കൎമ്മദക്ഷങ്ങളായ ഇന്ദ്രിയങ്ങളോടും കൂടിയവനും |
| ഇന്ദ്രിയാൎത്ഥാൻ | = കാണുക, കേൾക്കുക മുതലായ ഇന്ദ്രിയാൎത്ഥങ്ങളെ |
| ഇച്ഛന്തം | = ഇച്ഛിക്കുന്നവനും |
| അവ്യാഹതപക്തൃവേഗം | = തടവില്ലാത്ത പചനവേഗത്തോടുകൂടിയ ജഠരാഗ്നിയുള്ളവനും |
| സുഖാന്വിതം | = ശാരീരമായും മാനസികമായും സുഖമുള്ളവനും |
| പുഷ്ടിബലോപപന്നം | = വേണ്ടത്ര പുഷ്ടിയും ബലവുമുള്ളവനുമായ |
| പുരുഷം | = പുരുഷനെ |
| വിശുദ്ധരക്തം വദന്തി | = വിശുദ്ധരക്തമുള്ളവനാണെന്നു പറയുന്നു. |

ഇതു സ്വസ്ഥന്റെ ഒരു ലക്ഷണമാണെന്നുകൂടി അറിയണം.

ഇരുപത്തേഴാം അദ്ധ്യായം കഴിഞ്ഞു.

---

## ഇരുപത്തെട്ടാം അദ്ധ്യായം.

# ശല്യാഹരണവിധി.

വക്രർജ്ജുതിൎയ്യഗൂൎദ്ധ്വാധശ്ശല്യാനാം പഞ്ചധാ ഗതിഃ

| | |
|---|---|
| ശല്യാനാം ഗതിഃ | = ശല്യങ്ങളുടെ ഗമനം (ശല്യങ്ങൾ ശരീരത്തിൽ കൊണ്ടുകേറിയിരിക്കുന്നതു്) |
| വക്രർജ്ജുതിൎയ്യഗൂൎദ്ധ്വാധഃ പഞ്ചധാ | = വളഞ്ഞും, നേരെയും, വിലങ്ങത്തിലും, മേലോട്ടും, കീഴോട്ടുമായിട്ടു് അഞ്ചുവിധത്തിലാകുന്നു. |

ഇനി യന്ത്രങ്ങളുടെ ഉപയോഗത്തെ നിൎദ്ദേശിക്കുന്നതിനായി ശല്യാഹരണവിധി ആരംഭിക്കുന്നു. ദേഹത്തിന്റെ പലഭാഗങ്ങളും കൊണ്ടുകേറി ഉപദ്രവകാരികളായിരിക്കുന്ന അമ്പു്, മുള്ളു് മുതലായവയാകുന്നു ശല്യങ്ങൾ. ഇവയെ എടുക്കുന്നതിനു യന്ത്രങ്ങളുടെ സഹായം പലപ്പോഴും ആവശ്യമുണ്ടു്. ആദ്യമായി ശല്യങ്ങളുടെ ഗതിഭേദത്തെ നിൎദ്ദേശിക്കുന്നു.

ശല്യങ്ങൾ ശരീരത്തിൽ തറച്ചിരിക്കുന്നതു് വളഞ്ഞോ നേരെയോ വിലങ്ങത്തിലോ മേലോട്ടോ കീഴോട്ടോ ആകയാൽ അഞ്ചുവിധത്തിലാണവയുടെ ഗതി. മറ്റൊരുവിധത്തിൽ നോക്കിയാൽ ആറുവിധത്തിലായിരിക്കും ശല്യഗതി എന്നു പറയാം. ശരീരത്തിൽ വിലങ്ങത്തിലോ മേലോട്ടോ കീഴോട്ടോ ആയിരിക്കുമല്ലോ ശല്യങ്ങളുടെ ഗതി. ഇവ ഓരോന്നുംതന്നെ വക്രമായും ഋജുവായും വരാവുന്നതിനാലാണു് ശല്യഗതി ആറുവിധത്തിലായിട്ടു കാണാവുന്നതു്.

ധ്യാമം ശോഫരുജാവന്തം സ്രവന്തം ശോണിതം മുഹുഃ. 1

അഭ്യുദ്ഗതം ബുദ്ബുദവൽ പിടകോപചിതം വ്രണം

മൃദുമാംസം ച ജാനീയാദന്തശ്ശല്യം സമാസതഃ. 2

ധ്യാമം = കരുവാളിച്ച നിറത്തോടുകൂടിയതും
ശോഫരുജാവന്തം = നീരും വേദനയുമുള്ളതും
മുഹുഃ ശോണിതം സ്രവന്തം = കൂടെക്കൂടെ രക്തം സ്രവിച്ചുകൊണ്ടിരിക്കുന്നതും
ബുദ്ബുദവൽ അഭ്യുദ്ഗതം = കുമിളപോലെ പൊന്തിയിരിക്കുന്നതും
പിടകോപചിതം = ചെറിയ കുരുക്കളാൽ വ്യാപ്തമായിരിക്കുന്നതും
മൃദുമാംസം ച = മൃദുവായ മാംസത്തോടുകൂടിയതുമായ
വ്രണം = വ്രണത്തെ (മുറിവിനെ)
സമാസതഃ = ചുരുക്കത്തിൽ
അന്തഃശല്യം ജാനീയാൽ = ഉള്ളിൽ ശല്യത്തോടുകൂടിയതാണെന്നു് അറിയണം.

വ്രണം മാത്രമേ കാണ്മാനുള്ളു. ശല്യം തീരെ കാണ്മാനില്ല. എന്നാൽ അകത്തു ശല്യമുണ്ടുതാനും. അങ്ങനെ പുറത്തു കാണ്മാനില്ലാത്തവിധത്തിൽ ഉള്ളിൽ ശല്യത്തോടുകൂടിയ വ്രണത്തെ തിരിച്ചറിയുന്നതിനുള്ള ലക്ഷണമാണിപ്പറഞ്ഞിരിക്കുന്നതു്.

വിശേഷാത്തപഗ്ഗതേ ശല്യേ വിവണ്ണഃ കഠിനായതഃ

ശോഫോ ഭവതി മാംസസ്ഥേ സോഷഃ ശോഫോ വിവദ്ധതേ 3

പീഡനാക്ഷമതാ പാകശ്ശല്യമാഗ്ഗോ ന രോഹതി

പേശ്യന്തരഗതേ മാംസപ്രാപ്തവച്ഛ്വയഥും വിനാ. 4

വിശേഷാൽ = വിശേഷിച്ചു്
ശല്യേ ത-ഗ്ഗതേ = ശല്യം ത്വക്കിനെ മാത്രം ആശ്രയിച്ചിരിക്കുമ്പോൾ
വിവണ്ണഃ = നിറഭേദത്തോടുകൂടിയതും
കഠിനായതഃ ശോഫഃ ഭവതി = കല്ലിച്ചു നീണ്ടിരിക്കുന്നതുമായ നീരുണ്ടാകുന്നു.
മാംസസ്ഥേ = ശല്യം മാംസത്തിൽ തറച്ചിരിക്കുമ്പോൾ
ശോഫഃ സോഷഃ = ശോഫം ചുടിച്ചിലോടുകൂടിയതായിട്ടു്
വിവദ്ധതേ = വലുതായിത്തീരുന്നു.
പീഡനാക്ഷമതാ പാകഃ = അമർത്തിയാൽ സഹിക്കായ്കയും പഴുപ്പുമുണ്ടാകും
ശല്യമാഗ്ഗഃ = ശല്യം കൊണ്ടുകേറിയ മുറിവു്
ന രോഹതി = ഉണങ്ങുകയില്ല.
പേശ്യന്തരഗതേ = ശല്യം മാംസപേശികളുടെ ഇടയ്ക്കു കേറിയിരിക്കയാണെങ്കിൽ
ശ്വയഥും വിനാ മാംസപ്രാപ്തവൽ = ശോഫമൊഴികെ മാംസത്തിൽ തറച്ചിരുന്നാലുള്ള ലക്ഷണങ്ങളോടുകൂടിയിരിക്കും.

ആക്ഷേപഃ സ്നായുജാലസ്യ സംരംഭസ്തംഭവേദനാഃ

സ്നായുഗേ ദുർഹരം ചൈതൽ സിരാധ്മാനം സിരാശ്രിതേ. 5

സ്നായുഗേ = ശല്യം സ്നായുഗതമായിരിക്കയാണെങ്കിൽ
സ്നായുജാലസ്യ ആക്ഷേപഃ = സ്നായുക്കൾക്കൊക്കെ വെട്ടലും

സംരംഭസ്തംഭവേദനാഃ = സംരംഭം, സ്തംഭനം മുതലായ പലമാതിരി വേദനകളുമുണ്ടാകും.
ഏതൽ ദുർഹരം ച = ഇതു് എടുക്കാൻ പ്രയാസമുള്ളതുമാകുന്നു.
സിരാശ്രിതേ = ശല്യം സിരകളെ ആശ്രയിച്ചിരിക്കുമ്പോൾ
സിരാധ്മാനം = സിരകൾക്ക വീപ്പുണ്ടാകും.

സ്വകർമ്മഗുണഹാനിഃ സ്യാൽ സ്രോതസാം സ്രോതസി സ്ഥിതേ
ധമനീസ്ഥേനിലോ രക്തം ഫേനയുക്തമുദീരയൻ. 6
നിര്യാതി ശബ്ദവാൻ സ്യാച്ച ഹൃല്ലാസസ്സാംഗവേദനഃ

സ്രോതസി സ്ഥിതേ = ശല്യം സ്രോതസ്സിൽ തറച്ചിരിക്കയാണെങ്കിൽ
സ്രോതസാം = സ്രോതസ്സുകൾക്കു്
സ്വകർമ്മഗുണഹാനിഃ സ്യാൽ = അതാതിന്നുള്ള കർമ്മങ്ങൾക്കും ഗുണങ്ങൾക്കും ഹാനിയുണ്ടാകും.
ധമനീസ്ഥേ = ധമനികളിലാണ ശല്യമിരിക്കുന്നതെങ്കിൽ
അനിലഃ രക്തം ഫേനയുക്തം = വായു രക്തത്തെ നുരയോടുകൂടി
ഉദീരയൻ ശബ്ദവാൻ = സ്രവിപ്പിച്ചുകൊണ്ടും ശബ്ദത്തോടുകൂടിയും
നിര്യാതി = പുറത്തേക്കു് പുറപ്പെടുന്നു
സാംഗവേദനഃ = അംഗവേദനകളോടുകൂടിയ
ഹൃല്ലാസഃ ച സ്യാൽ = നെഞ്ചുരുക്കവുമുണ്ടാകും.

അന്നവാഹിസ്രോതസ്സു്, മലവാഹിസ്രോതസ്സു്, മൂത്രവാഹിസ്രോതസ്സു് മുതലായവയാണ സ്രോതസ്സുകൾ. അന്നത്തേയും മലമൂത്രങ്ങളേയുമൊക്കെ കടത്തിവിടുകയാണു് അവയുടെ കർമ്മങ്ങൾ. അതിന്നായി സങ്കോചിക്കാനും വികസിക്കാനും കഴിയുന്നതും മററും അവയുടെ ഗുണങ്ങളുമാകുന്നു. ശല്യസ്ഥിതിനിമിത്തം ഈ കർമ്മഗുണങ്ങൾക്കാണ ഹാനിയുണ്ടാകുന്നതു്.

സംഘർഷോ ബലവാനസ്ഥിസന്ധിപ്രാപ്തേസ്ഥിപൂർണ്ണതാ. 7
നൈകരൂപാ രുജോസ്ഥിസ്ഥേ ശോഫസ്തദ്വച്ച സന്ധിഗേ
ചേഷ്ടാനിവൃത്തിശ്ച ഭവേദാടോപഃ കോഷ്ഠസംശ്രിതേ. 8
ആനാഹോന്നശകൃന്മൂത്രദർശനം ച വ്രണാനനേ

അസ്ഥിസന്ധിപ്രാപ്തേ = ശല്യം അസ്ഥിസന്ധിയിലെത്തിച്ചിരിക്കയാണെങ്കിൽ
ബലവാൻ സംഘർഷഃ = അതികഠിനമായ സംഘർഷവും (കരുകരുപ്പു്)
അസ്ഥിപൂർണ്ണതാ = അസ്ഥിക്കു് എന്തോ കേറിനിറഞ്ഞതുപോലെ വീപ്പുമുണ്ടാകും.
അസ്ഥിസ്ഥേ = അസ്ഥിയിലാണു് ശല്യം തറച്ചിരിക്കുന്നതെങ്കിൽ
നൈകരൂപാഃ രുജഃ = അനേകവിധത്തിലുള്ള വേദനകളും
ശോഫഃ = ശോഫവുമുണ്ടാകും.
സന്ധിഗേ = സന്ധിയിൽ ശല്യമിരിക്കയാണെങ്കിൽ
തദ്വൽ ച = അതുപോലെ അസ്ഥിഗതശല്യത്തിൻെറ ലക്ഷണങ്ങളുണ്ടായിരിക്കും.
ചേഷ്ടാനിവൃത്തിഃ ച ഭവേൽ = ചേഷ്ടിക്കാനരുതായ്കയും സംഭവിക്കും.
കോഷ്ഠസംശ്രിതേ = ശല്യം കോഷ്ഠത്തിൽ കടന്നിരിക്കയാണെങ്കിൽ
ആടോപഃ ആനാഹഃ = വയററിൽ പൊട്ടപൊട്ടപ്പും വയറുവീപ്പും
വ്രണാനനേ = വ്രണമുഖത്തുകൂടെ
അന്നശകൃന്മൂത്രദർശനം ച = അന്നം, മലം, മൂത്രം ഇവ പുറപ്പെട്ടുകാണുകയും ചെയ്യും.

ഇവിടെ അസ്ഥിസന്ധികളേയും സന്ധികളേയും പ്രത്യേകം പറയുന്നു. അസ്ഥിസന്ധികൾ എന്നതു് രണ്ടസ്ഥികളുടെ ഇടയാണെന്നും, കേവലസന്ധികൾ അസ്ഥിപ്രാന്തങ്ങളുടെ സംഗമസ്ഥാനമായ ജാനുകൂർപ്പരാദികളാണെന്നും ഓരോന്നിലും ശല്യം തറച്ചാലുണ്ടാകുന്നതായിപ്പറയുന്ന ലക്ഷണങ്ങളെക്കൊണ്ടു നിശ്ചയിക്കാം. അസ്ഥിപ്രാന്തങ്ങളുടെ മാത്രമല്ല പേശീസിരാസ്നായുധമനീപ്രാന്തങ്ങളുടെ സംഗമസ്ഥാനങ്ങളേയും സന്ധിപദംകൊണ്ടു ഗ്രഹിക്കുന്നതിൽ വിരോധമുണ്ടാകയില്ലെന്നു തോന്നുന്നു. കോഷ്ഠഗതശല്യത്തിൻ വ്രണമുഖത്തു് അന്നശകൃന്മൂത്രദർശനമുണ്ടാകുമെന്നു പറഞ്ഞിരിക്കുന്നതു വിഭജിച്ചു കാണേണ്ടതാണു്. കോഷ്ഠമെന്നതു് ആമപക്വാശയാശ്രയമായ മഹാസ്രോതസ്സാണല്ലോ. അങ്ങനെയുള്ള കോഷ്ഠത്തിൽ ആമാശയസ്ഥാനത്താണ മുറിവെങ്കിൽ അന്നദർശനവും, പക്വാശയസ്ഥാനത്തായാൽ ശകൃദ്ദർശനവും, മൂത്രാശയസ്ഥാനത്തായാൽ മൂത്രദർശനവും വ്രണമുഖത്തുണ്ടാകുമെന്നറിയണം.

വിദ്യാന്മർമ്മഗതം ശല്യം മർമ്മവിദ്ധോപലക്ഷണൈഃ 9

യഥാസ്വം ച പരിസ്രാവൈഃ പൃഥഗ്രൂപൈസ്ത്വഗാദിഷു

മർമ്മഗതം ശല്യം = മർമ്മസ്ഥാനത്തു കൊണ്ടിരിക്കുന്ന ശല്യത്തെ
മർമ്മവിദ്ധോപലക്ഷണൈഃ = മർമ്മവിദ്ധത്തിൽ കാണുന്ന ലക്ഷണങ്ങളെക്കൊണ്ടു പൊതുവായിട്ടും
ത്വഗാദിഷു = ത്വക്കു്, മാംസം മുതലായതിൽ പെട്ടതിനെ
യഥാസ്വം പരിസ്രാവൈഃ = അതാതിൽ പറഞ്ഞിട്ടുള്ള പരിസ്രാവങ്ങൾകൊണ്ടും
രൂപൈഃ ച = ലക്ഷണങ്ങൾകൊണ്ടും
പൃഥക് വിദ്യാൽ = പ്രത്യേകമായിട്ടും അറിഞ്ഞുകൊള്ളണം.

"ദേഹപ്രസുപ്തിർഗ്ഗുരുതാ സമ്മോഹഃ ശീതകാമതാ
സ്വേദോ മൂർച്ഛാ വമിശ്ശ്വാസോ മർമ്മവിദ്ധസ്യ ലക്ഷണം"

ദേഹത്തിനു തരിപ്പു്, ഗൗരവം, മയക്കം, തണുപ്പിൽ ഇച്ഛ, വിയർപ്പു്, ബോധക്ഷയം, ഛർദ്ദി, ശ്വാസം ഇതൊക്കെയാണു് മർമ്മവിദ്ധലക്ഷണം. മർമ്മങ്ങളിൽ ശല്യംകൊണ്ടിരുന്നാൽ ഇപ്പറഞ്ഞ ലക്ഷണങ്ങളുണ്ടാകും. ഇതിനുപുറമേ മർമ്മങ്ങളിൽ മുകളിൽപറഞ്ഞ ത്വക്കു്, മാംസം, പേശി മുതലായവയുണ്ടല്ലോ. മർമ്മങ്ങളിൽ തന്നെ ത്വഗാദികളിലിരിക്കുന്ന ശല്യത്തെ അതാതിൽ പറഞ്ഞിട്ടുള്ള 'രക്തം ഫേനയുക്തമുദീരയൻ' ഇത്യാദി പരിസ്രാവങ്ങൾകൊണ്ടും ശോഫരുജാദിലക്ഷണങ്ങൾകൊണ്ടും അറിയേണ്ടതാണു്.

രുഹ്യതേ ശുദ്ധദേഹാനാമനുലോമസ്ഥിതം തു തൽ. 10

ദോഷകോപാഭിഘാതാദിക്ഷോഭാദ്ഭൂയോഽപി ബാധതേ

ശുദ്ധദേഹാനാം തൽ = ശരീരശുദ്ധിയുള്ളവർക്കു് അതു് (ശല്യം)
അനുലോമസ്ഥിതം തു = വികടമായിട്ടല്ലാതെ നേരെകൊണ്ടിരിക്കയാണെങ്കിൽ
രുഹ്യതേ = ഉണങ്ങിപ്പോകുന്നു.
ദോഷകോപാഭിഘാതാദിക്ഷോഭാൽ = ദോഷകോപത്താലും അഭിഘാതാദികളാലും ക്ഷോഭിക്കാനിടയായാൽ
ഭൂയഃ അപി ബാധതേ = വീണ്ടും ബാധിക്കുന്നു. (പഴുത്തുപൊട്ടി) വ്രണമായിത്തീരുന്നു.)

ത്വങ്നഷ്ടേ തത്ര യത്ര സ്യുരഭ്യംഗസ്വേദമർദ്ദനൈഃ 11

രാഗരുഗ്ദാഹസംരംഭാ യത്ര വാജ്യം വിലീയതേ

ആശു ശുഷ്യതി ലേപോ വാ തൽസ്ഥാനം ശല്യവദ്വദേൽ 12

തത്ര = അവകളിൽവച്ചു്
ത്വങ്നഷ്ടേ = ശല്യം ത്വക്കിനു കൊണ്ടു മറഞ്ഞിരിക്കുന്നതിൽ

അഭ്യംഗസ്വേദമർദ്ദനൈഃ = മെഴുക്കിട്ടുതേയ്ക്കുക, വിയർപ്പിക്കുക, തിരുമ്മുക ഈ ക്രിയകൾകൊണ്ട്

യത്ര = ഏതൊരു ശരീരദേശത്തു

രാഗരുഗ്ദാഹസംരംഭാഃ = ചുവപ്പും, വേദനയും, ചൂടും, കരുകരുപ്പും

സ്യുഃ = ഉണ്ടാകുന്നുവോ

യത്ര = ഏതൊരു ശരീരദേശത്തു

ആജ്യം വിലീയതേ വാ = ഉറഞ്ഞ നെയ്യു വച്ചാൽ ഉരുകിപ്പോകുന്നുവോ

ലേപഃ ആശു ശുഷ്യതി വാ = പൂച്ചുതേച്ചാൽ ഉടനേ ഉണങ്ങിപ്പോകുന്നുവോ

തൽസ്ഥാനം = ആ ശരീരദേശം

ശല്യവൽ വദേൽ = ഉള്ളിൽ ശല്യമുള്ളതാണെന്നു പറയണം.

ശുദ്ധദേഹന്മാർക്ക് ശല്യം ഉള്ളിലിരിക്കവെ അതോടുകൂടി വ്രണമുണങ്ങിപ്പോകുമെന്നും, തക്ക ഹേതുക്കളുണ്ടാകുമ്പോൾ വീണ്ടും വികാരകാരിയാകുമെന്നും പറഞ്ഞുവല്ലോ. അങ്ങനെ രൂഢവ്രണമായ ശല്യത്തെയുംവച്ചുകൊണ്ടിരിക്കാതെ എടുത്തുകളയണമെന്നാണ് അതിൽനിന്നു ഗ്രഹിക്കേണ്ടതു്. പക്ഷെ അങ്ങനെ എടുക്കുന്നതിന് വ്രണമുണങ്ങിപ്പോയതുകൊണ്ട് ശല്യമെവിടെയാണിരിക്കുന്നതെന്നറിയാൻ നിവ്വാഹമില്ലാതിരിക്കും. ആവിധം രൂഢവ്രണമായ ശല്യത്തെ കണ്ടറിയുന്നതിനുള്ള ഉപായങ്ങളാണിവിടെ പറയുന്നതു്. 'നഷ്ട'ശബ്ദംകൊണ്ടു നിർദ്ദേശിക്കുന്നതു് ആ രൂഢവ്രണശല്യത്തെയാകുന്നു.

മാംസപ്രനഷ്ടം സംശുദ്ധ്യാ കാർശ്യാച്ഛ്ലഥതാം ഗതം
ക്ഷോഭാദ്രാഗാദിഭിശ്ശല്യം ലക്ഷയേത്തദപദേവ ച. 13
പേശ്യസ്ഥിസന്ധികോഷ്ഠേഷു നഷ്ടമസ്ഥിഷു ലക്ഷയേൽ
അസ്ഥ്നാമഭ്യഞ്ജനസ്വേദബന്ധപീഡനമർദ്ദനൈഃ 14
പ്രസാരണാകുഞ്ചനതസ്സന്ധിനഷ്ടം തഥാസ്ഥിവൽ

മാംസപ്രനഷ്ടം ശല്യം = മാംസത്തിൽത്തറച്ച് ഉണങ്ങിപ്പോയിരിക്കുന്ന ശല്യത്തെ

സംശുദ്ധ്യാ = വമനവിരേചനാദി ശോധനക്രിയകൾകൊണ്ടുണ്ടാകുന്ന

കാർശ്യാൽ ശ്ലഥതാം ഗതം = അംഗകാർശ്യംനിമിത്തം അയവോടുകൂടിയതായിട്ട്

ക്ഷോഭാൽ = ഉലയുന്നതുകൊണ്ടുള്ള

രാഗാദിഭിഃ = രാഗരുഗ്ദാഹസംരംഭങ്ങളാൽ

ലക്ഷയേൽ = കണ്ടറിയണം.

തദ്വൽ ഏവ = അപ്രകാരംതന്നെ

പേശ്യസ്ഥിസന്ധികോഷ്ഠേഷു = പേശികളിലും, അസ്ഥികളിലും, സന്ധികളിലും, കോഷ്ഠത്തിലും

നഷ്ടം ച = ഏറ്റ ഉണങ്ങിപ്പോയ ശല്യത്തെയും അറിഞ്ഞുകൊള്ളണം.

അസ്ഥിഷു = വിശേഷിച്ച് അസ്ഥികളിലുണ്ടുണങ്ങിയിരിക്കുന്ന ശല്യത്തെ

അസ്ഥ്നാം = അസ്ഥികൾക്കു

അഭ്യഞ്ജനസ്വേദബന്ധപീഡനമർദ്ദനൈഃ = മെഴുക്കിടുക, വിയർപ്പിക്കുക, കെട്ടുക, ഞെക്കുക, തിരുമ്മുക ഇവ ചെയ്യുന്നതുകൊണ്ടു,

സന്ധിനഷ്ടം = സന്ധിയിൽക്കൊണ്ടുണങ്ങിയ ശല്യത്തെ

പ്രസാരണാകുഞ്ചനതഃ = സന്ധികൾ നിവർക്കുകയും മടക്കുകയും ചെയ്യുന്നതുകൊണ്ടും

തഥാ അസ്ഥിവൽ = അപ്രകാരം അസ്ഥിയിൽപ്പറഞ്ഞ അഭ്യഞ്ജനാദിപ്രയോഗങ്ങൾകൊണ്ടുമുണ്ടാകുന്ന വേദനാദികളാൽ

ലക്ഷയേൽ = കണ്ടറിയണം.

നഷ്ടേ സ്നായുസിരാസ്രോതോധമനീഷ്വസമേ പഥി. 15

അശ്വയുക്തം രഥം ഖണ്ഡചക്രമാരോപ്യ രോഗിണം
ശീഘ്രം നയേത്തതസ്തസ്യ സംരംഭാച്ഛല്യമാദിശേൽ. 16

സ്നായുസിരാസ്രോതോ-ധമനീഷു = സ്നായുക്കളിലും, സിരകളിലും, സ്രോതസ്സുകളിലും, ധമനികളിലും
നഷ്ടേ = ശല്യം കാണപ്പെടാതായിരിക്കയാണെങ്കിൽ
അസമേ പഥി = ഉയൎച്ചതാഴ്ചകളോടുകൂടിയ നിരപ്പില്ലാത്ത വഴിയിൽ
അശ്വയുക്തം = കുതിരയെ കെട്ടിയതും
ഖണ്ഡചക്രം രഥം = ഒടിഞ്ഞ ചക്രങ്ങളുള്ളതുമായ രഥത്തിൽ
രോഗിണം ആരോപ്യ = രോഗിയെ കയററീട്ട്
ശീഘ്രം നയേൽ = അതിവേഗത്തിൽ ഓടിക്കണം.
തതഃ തസ്യ = അപ്പോഴത്തെ ആ രോഗിയുടെ
സംരംഭാൽ = ക്ഷോഭണം നിമിത്തമുണ്ടാകുന്ന തോദശൂലാദികളാൽ
ശല്യം ആദിശേൽ = ശല്യസ്ഥാനത്തെ ആലോചിച്ചുകണ്ടറിയണം.

മൎമ്മനഷ്ടം പൃഥങ്ന്നോക്തം തേഷാം മാംസാദിസംശ്രയാൽ
സാമാന്യേന സശല്യം തു ക്ഷോഭിണ്യാ ക്രിയയാ സരുക് 17

മൎമ്മനഷ്ടം = മൎമ്മനഷ്ടമായ ശല്യം
തേഷാം = അവയുടെ (മൎമ്മങ്ങളുടെ)
മാംസാദിസംശ്രയാൽ = മാംസാസ്ഥ്യാദികളിലുള്ള ആശ്രയം നിമിത്തം
പൃഥക് ന ഉക്തം = പ്രത്യേകം തിരിച്ചു പറയപ്പെട്ടില്ല.
സാമാന്യേന = ചുരുക്കിപ്പറഞ്ഞാൽ
സശല്യം തു = ഉള്ളിൽ ശല്യമിരിക്കുന്ന സ്ഥാനം
ക്ഷോഭിണ്യാ ക്രിയയാ = ശരീരത്തിനാകെ ഇളക്കമുണ്ടാകുന്ന കൎമ്മങ്ങളാൽ
സരുക് = വേദനപ്പെടുന്നതായിരിക്കും.

മൎമ്മനഷ്ടമായ ശല്യത്തെപ്പററി പ്രത്യേകമിവിടെപ്പറയുന്നില്ല. മൎമ്മങ്ങൾ മാംസാദികളെ ആശ്രയിച്ചിരിക്കകൊണ്ടും, മാംസാദിനഷ്ടശല്യത്തെ വിവരിച്ചുപറഞ്ഞതുകൊണ്ടും മൎമ്മനഷ്ടശല്യവിവരണം അതിലന്തൎഭവിച്ചുപോയിരിക്കുന്നു. ചുരുക്കത്തിൽ ശരീരക്ഷോഭമുണ്ടാകുന്ന പ്രവൃത്തികളാൽ ശരീരത്തിന്റെ ഏതുഭാഗം വേദനപ്പെടുന്നുവോ ആ ഭാഗം ഉള്ളിൽ ശല്യമുള്ളതാണെന്നു ഗ്രഹിക്കണം.

വൃത്തം പൃഥു ചതുരശ്രം ത്രിപുടം ച സമാസതഃ
അദൃശ്യശല്യസംസ്ഥാനം വ്രണാകൃത്യാ വിഭാവയേൽ. 18

സമാസതഃ = ചുരുക്കത്തിൽ
വൃത്തം പൃഥു ചതുരശ്രം = വട്ടത്തിലും പരന്നും ചതുരമായും
ത്രിപുടം ച = മുക്കോണായുമിരിക്കുന്ന
അദൃശ്യശല്യസംസ്ഥാനം = കാണാൻ പാടില്ലാതെ ഉള്ളിലിരിക്കുന്ന ശല്യത്തിന്റെ ആകൃതിയെ
വ്രണാകൃത്യാ = അപ്രകാരമുള്ള വ്രണത്തിന്റെ ആകൃതികൊണ്ടു
വിഭാവയേൽ = ഊഹിച്ചറിഞ്ഞുകൊള്ളണം.

ശല്യസ്ഥാനത്തെ കണ്ടറിയാനുള്ള വിധങ്ങളെ നിൎദ്ദേശിച്ചിട്ട് ഇനി അതിനെ എടുക്കാനുള്ള ഉപായങ്ങളെ പറയുന്നു. ശല്യം എടുക്കാൻ കഴിയണമെങ്കിൽ മുൻപേ അതിന്റെ ആകൃതി എങ്ങനെയുള്ളതാണെന്നറിയണം. ശല്യങ്ങൾ വിവിധാകൃതികളായിരിക്കാമെങ്കിലും ചുരുക്കത്തിൽ അവ വൃത്തം, പൃഥു, ചതുരശ്രം, ത്രികോണം ഇങ്ങനെ നാലുവിധത്തിലായിരിക്കും. ഇതിൽ ഏതാകൃതിയിലുള്ള

ശല്യമാണോ അകത്തുപെട്ടിരിക്കുന്നതു് അതുകൊണ്ടുണ്ടായ മുറിവിനും ആ ആകൃതി തന്നെ ആയിരിക്കും. ആകയാൽ മുറിവിന്റെ ആകൃതികൊണ്ടു ശല്യാകൃതിയെ ഗ്രഹിച്ചിട്ട് വിഹിതമായ യന്ത്രംകൊണ്ടു അതിനെ എടുത്തുകൊള്ളാവുന്നതാണു്.

തേഷാമാഹരണോപായൌ പ്രതിലോമാനുലോമകൌ
അവാചീനപരാചീനേ തൽപശ്ചായാദ്വിനിർഹരേൽ. 19

തേഷാം = അതുകളുടെ (ശല്യങ്ങളുടെ)
ആഹരണോപായൌ = എടുക്കുന്നതിലേയ്ക്കുള്ള രണ്ടുപായങ്ങളാം
പ്രതിലോമാനുലോമകൌ = പ്രതിലോമവും അനുലോമവുമാകുന്ന
അവാചീനപരാചീനേ = അവാചീനവും പരാചീനവുമായിരിക്കുന്നശല്യങ്ങ- (ളെ
തൽപശ്ചായാൽ = ആ പ്രതിലോമാനുലോമക്രമത്തിൽ
വിനിർഹരേൽ = എടുത്തുകൊള്ളണം.

ശല്യങ്ങളെ എടുക്കുന്നതിനു രണ്ടുപായങ്ങളുണ്ടു്. ഒന്നു് പ്രതിലോമവും മററതു് അനുലോമവുമത്രേ. ശല്യത്തെ തിരിച്ചെടുക്കുന്നതു് പ്രതിലോമം. ശല്യം കൊണ്ടുകേറിയവഴിക്കുതന്നെ മറുവശം പൊളിച്ചെടുക്കുന്നതു അനുലോമം. ശല്യം അധികം ഉള്ളിലേക്കു് കടക്കാതിരിക്കുന്നതു അവാചീനം. മറുവശം പൊക്കാറായിരിക്കുന്നതു പരാചീനം. ആകയാൽ അവാചീനശല്യത്തെ പ്രതിലോമമായിട്ടും പരാചീനശല്യത്തെ അനുലോമമായിട്ടും എടുക്കുകയാണെളുപ്പം.

സുഖാഹാര്യം യതശ്ഛിത്വാ തതസ്തിര്യഗ്ഗതം ഹരേൽ
ശല്യം ന നിർഘാത്യമുരഃകക്ഷാവംക്ഷണപാർശ്വഗം. 20

പ്രതിലോമമനുത്തുണ്ഡം ഛേദ്യം പൃഥുമുഖം ച യൽ
നൈവാഹരേദ്വിശല്യഘ്നം നഷ്ടം വാ നിരുപദ്രവം. 21

തിര്യഗ്ഗതം ശല്യം = വിലങ്ങത്തിലിരിക്കുന്ന ശല്യത്തെ
യതഃ = ഏതൊരു ശരീരദേശത്തിൽനിന്നു
ഛിത്വാ സുഖാഹാര്യം = ഛേദിച്ചിട്ട് സുഖമായി എടുക്കാവുന്നതായി കാണപ്പെടുന്നുവോ
തതഃ = അവിടം ഛേദിച്ചിട്ട് ആ ഛിന്നദേശത്തിൽനിന്നും
ഹരേൽ = എടുത്തുകൊള്ളണം.
ഉരഃകക്ഷാവംക്ഷണ- പാർശ്വഗം = ഉരസ്സ്, കക്ഷം, കവ്വ, പാർശ്വഭാഗം ഈ പ്രദേശങ്ങളിൽ താച്ചിരിക്കുന്ന ശല്യവും
പ്രതിലോമം = തിരിച്ചെടുക്കാവുന്നതും
അനുത്തുണ്ഡം = മറുവശത്തു ഉന്തിനില്ക്കാത്തതും
ഛേദ്യം = ഛേദിച്ചിട്ട് എടുക്കാവുന്നതും
പൃഥുമുഖം = പരന്ന മുഖത്തോടുകൂടിയതുമായ ശല്യം
യൽ (തൽ) ച = യാതൊന്നോ അതും
ന നിർഘാത്യം = അടിച്ചു മറുവശം പൊളിച്ചെടുക്കാവുന്നതല്ല.
വിശല്യഘ്നം = എടുത്തുപോയാൽ മരണമുണ്ടാകുന്ന ശല്യവും
നഷ്ടം നിരുപദ്രവം വാ ന ആഹരേൽ ഏവ = ഉള്ളിലിരിക്കെ മുറിവുണങ്ങീട്ടു ഉപദ്രവമുണ്ടാക്കാതിരിക്കുന്ന ശല്യവും എടുക്കുകതന്നെ അരുതു്.

മർമ്മവിഭാഗത്തിൽ വിശല്യഘ്നം എന്ന പേരിൽ മൂന്നു മർമ്മങ്ങളെപ്പററി പറയുന്നുണ്ടു്. ആ മർമ്മങ്ങളിൽ ശല്യം ഏററുപോയാൽ അതവിടയിരുന്നു പഴുത്തിട്ട് തനിയെ വീണുപോകയല്ലാതെ എടുക്കാൻപാടില്ല. എടുത്തുപോയാൽ അതുനിമിത്തം മരണമുണ്ടാകും. ആ കാരണത്താൽ ആ മൂന്നു മർമ്മങ്ങളെ വിശല്യഘ്നങ്ങളാം എന്നു പറഞ്ഞിരിക്കുന്നു. വിശല്യഘ്നമർമ്മങ്ങളിൽ കൊണ്ടിരിക്കുന്ന ശല്യത്തെയാണു് ഇവിടെ വിശല്യഘ്നം എന്നു പറഞ്ഞിരിക്കുന്നതു്.

അഥാഹരേൽ കരപ്രാപ്യം കരേണൈവേതരൽ പുനഃ
ദൃശ്യം സിംഹാഹിമകരവൎമ്മികക്കടകാനനൈഃ. 22

അദൃശ്യം വ്രണസംസ്ഥാനാൽ ഗ്രഹീതും ശക്യതേ യതഃ
കംകഭൃംഗാഹ്വകുരരശരാരീവായസാനനൈഃ. 23

അഥ കരപ്രാപ്യം = ഇനി കൈകൊണ്ടു പിടിച്ചെടുക്കാവുന്ന ശല്യത്തെ
കരേണ ഏവ ആഹരേൽ = കൈകൊണ്ടുതന്നെ വലിച്ചെടുക്കണം.
ഇതരൽ പുനഃ = കൈകൊണ്ടെടുക്കാൻ കഴിയാതിരിക്കുന്നതിൽ
ദൃശ്യം = കാണത്തക്കവണ്ണമിരിക്കുന്നതിനെ
സിംഹാഹിമകരവൎമ്മി-കക്കടകാനനൈഃ = സിംഹമുഖം, സർപ്പമുഖം, മകരമുഖം, വൎമ്മിമുഖം കക്കടകമുഖം ഈ യന്ത്രങ്ങൾകൊണ്ടും
അദൃശ്യം = കാണ്മാൻകഴിയാത്തവിധത്തിൽ ഉള്ളിലിരിക്കുന്നതിനെ
വ്രണസംസ്ഥാനാൽ = വ്രണത്തിന്റെ ആകൃതിയിൽനിന്നു് ഊഹിച്ചറിഞ്ഞിട്ടു
യതഃ ഗ്രഹീതും = ഏതു യന്ത്രംകൊണ്ടു പിടിച്ചെടുക്കാൻ
ശക്യതേ = സാധിക്കുമെന്നു കാണുന്നുവോ
(തതഃ) = ആ തരത്തിൽപെട്ട
കംകഭൃംഗാഹ്വകുരരശ-രാരീവായസാനനൈഃ = കംകമുഖം, ഭൃംഗമുഖം, കുരരമുഖം, ശരാരീമുഖം, വായസമുഖം ഈ യന്ത്രങ്ങൾകൊണ്ടും.
ആഹരേൽ = എടുത്തുകൊള്ളണം.

എടുക്കേണ്ട ശല്യങ്ങൾ ദൃശ്യം, അദൃശ്യം എന്നു രണ്ടുതരത്തിലുണ്ടു്. അതിൽ ദൃശ്യം, കരപ്രാപ്യം കരാപ്രാപ്യം എന്നു രണ്ടുവിധത്തിലായിട്ടു കാണാം. ഇതിൽ കരപ്രാപ്യമായ ശല്യത്തെ കൈകൊണ്ടുതന്നെ എടുക്കാൻ ശ്രമിക്കണം. കരാപ്രാപ്യമായതിനെ സിംഹമുഖാദിയന്ത്രങ്ങൾകൊണ്ടും, അദൃശ്യശല്യത്തെ കംകമുഖാദികളിൽ വിഹിതമായ യന്ത്രംകൊണ്ടും എടുക്കേണ്ടതാണു്.

സന്ദംശാഭ്യാം ത്വഗാദിസ്ഥം താലാഭ്യാം സുഷിരം ഹരേൽ
സുഷിരസ്ഥം തു നളകൈശ്ശേഷം ശേഷൈൎയഥായഥം. 24

ത്വഗാദിസ്ഥം ശല്യം = ത്വക്കു്, സിര, സ്നായു, മാംസം ഇവകളിലിരിക്കുന്ന ശല്യത്തെ
സന്ദംശാഭ്യാം = കീലബദ്ധാഗ്രമായും കീലവിമുക്താഗ്രമായുമുള്ള രണ്ടു സന്ദംശങ്ങൾകൊണ്ടും
സുഷിരം = ഉള്ളു പൊള്ളയായ ശല്യത്തെ
താലാഭ്യാം = ഏകതാലകവും ദ്വിതാലകവുമായ രണ്ടു താലയന്ത്രങ്ങൾകൊണ്ടും
സുഷിരസ്ഥം തു = ദ്വാരങ്ങളിൽപ്പെട്ടിരിക്കുന്ന ശല്യത്തെ
നളകൈഃ = നാളീയന്ത്രങ്ങൾകൊണ്ടും
ശേഷം യഥായഥം = മറ്റുവിധത്തിലുള്ളതും മറ്റു സ്ഥാനങ്ങളിലിരിക്കുന്നതുമായ ശല്യത്തെ അതാതിനു യോജിച്ചതായ
ശേഷൈഃ ഹരേൽ = ഇതരയന്ത്രങ്ങൾകൊണ്ടും എടുക്കേണ്ടതാണു്.

ശസ്ത്രേണ വാ വിശസ്യാദൌ തതോ നിൎല്ലോഹിതം വ്രണം
കൃത്വാ ഘൃതേന സംസ്വേദ്യ ബദ്ധ്വാചാരികമാദിശേൽ. 25

ആദൌ = ശല്യമെടുക്കാൻ തുടങ്ങുന്നതിനുമുമ്പിൽ
ശസ്ത്രേണ വിശസ്യ വാ (ഹരേൽ) = വേണ്ടിവന്നാൽ ശസ്ത്രംകൊണ്ടു കീറീട്ടു ശല്യമെടുക്കുകയും ചെയ്യാം.
തതഃ = ശല്യമെടുത്തതിനുശേഷം
വ്രണം നിർല്ലോഹിതം കൃത്വാ = മുറിവിലെ രക്തസ്രാവണം നിറുത്തിക്കൊണ്ടു

ഘൃതേന സംസ്വേദ്യ = ചൂടുള്ള നെയ്യ്കൊണ്ടു വിയർപ്പിച്ചിട്ട്
ബദ്ധ്വാ = വിധിപ്രകാരം കെട്ടി
ആചാരികം ആദിശേൽ = പഥ്യാചരണത്തിലിരുത്തണം.

യന്ത്രംകൊണ്ടു ശസ്ത്രമെടുക്കുന്നതിന്നു ശല്യസ്ഥാനം കുറച്ചു കീറിയാലേ നിവൃത്തിയുള്ളു എന്നു കണ്ടാൽ അങ്ങനെ കീറീട്ടും ശല്യമെടുത്തുകൊള്ളാം. ഏതുവിധത്തിലായാലും ശല്യമെടുത്തുകഴിഞ്ഞാൽ പിന്നെ മുറിവിലെ രക്തസ്രുതി നില്ക്കുന്നതുവരെ ഒന്നും ചെയ്യേണ്ടതില്ല. രക്തം നിന്നുകഴിഞ്ഞാൽ ചെറുചൂടുള്ള നെയ്യ്കൊണ്ടു ധാരചെയ്തു വിയർപ്പിക്കണം. പിന്നെ വിധിപ്രകാരം കെട്ടി പഥ്യത്തിലിരുത്തിക്കൊള്ളണം.

സിരാസ്നായുവിലഗ്നം തു ചാലയിത്വാ ശലാകയാ
ഹൃദയേ സംസ്ഥിതം ശല്യം ത്രാസിതസ്യ ഹിമാംബുനാ. 26

തതഃ സ്ഥാനാന്തരം പ്രാപ്തമാഹരേത യഥായഥം
യഥാമാർഗ്ഗം ദുരാകർഷമന്യതോപ്യേവമാഹരേൽ. 27

സിരാസ്നായുവിലഗ്നം തു ശലാകയാ = സിരകളിലും സ്നായുക്കളിലും ഉറച്ചിരിക്കുന്ന ശല്യത്തെയാകട്ടെ ശരപുംഖമുഖം എന്ന ശലാകകൊണ്ടു
ചാലയിത്വാ = ഉലച്ചിട്ട് എടുക്കണം.
ഹൃദയേ സംസ്ഥിതം ശല്യം = ഹൃദയസ്ഥാനത്തിരിക്കുന്ന ശല്യത്തെ
ഹിമാംബുനാ ത്രാസിതസ്യ = തണുത്ത വെള്ളംകൊണ്ടു ഞെട്ടിച്ചിട്ട്
തതഃ സ്ഥാനാന്തരം പ്രാപ്തം = അവിടെനിന്നു മറ്റൊരു സ്ഥാനത്താക്കി
യഥായഥം ആഹരേത = ആ സ്ഥാനത്തിന്നു യോജിച്ച ഉപായങ്ങൾകൊണ്ട് എടുക്കണം.
അന്യതഃ അപി = ഹൃദയമൊഴിച്ചുള്ള മറ്റു സ്ഥാനങ്ങളിൽനിന്നും
യഥാമാർഗ്ഗം ദുരാകർഷം = ശല്യമിരിക്കുന്ന വഴിക്കു എടുക്കാൻ കഴിയാതിരിക്കുന്ന ശല്യത്തെയും
ഏവം ആഹരേൽ = ഇപ്രകാരം അന്യസ്ഥാനത്താക്കി എടുക്കേണ്ടതാണ്

ത്വക്ക്സിരാസ്നായുമാംസങ്ങളിലിരിക്കുന്ന ശല്യത്തെ സന്ദംശയന്ത്രങ്ങൾകൊണ്ടെടുക്കാൻ പറഞ്ഞുവല്ലോ. എന്നാൽ സിരാസ്നായുക്കളിൽ ഉറച്ചിരിക്കുന്ന ശല്യത്തെ ശലാകകൊണ്ടു ഉലച്ചിട്ടുവേണം എടുക്കാൻ. അല്ലാഞ്ഞാൽ സിരാസ്നായുക്കൾക്കു കൂടുതൽ കേടുപറ്റാനിടയുണ്ട്. ഹൃദയസ്ഥാനത്തിരിക്കുന്ന ശല്യത്തെ അവിടെനിന്നു മറ്റൊരിടത്താക്കി എടുക്കേണ്ടതാണ്. അതിലേക്കു തണുത്തവെള്ളം പെട്ടെന്നു കോരിയെറിഞ്ഞു ഞെട്ടിപ്പിച്ചാൽ മതി. ഇതുപോലെ മറ്റു സ്ഥാനങ്ങളിലും ആ സ്ഥാനത്തുകൂടെ എടുക്കാൻ കഴിയാതിരിക്കുന്ന ശല്യത്തെ വിഹിതോപായങ്ങളാൽ അന്യസ്ഥാനത്താക്കി എടുത്തുകൊള്ളണം.

അസ്ഥിദഷ്ടേ നരം പദ്ഭ്യാം പീഡയിത്വാ വിനിർഹരേൽ
ശല്യേ തഥാപ്യശക്യേത സുഗൃഹീതസ്യ കിംകരൈഃ 28

ബലിഭിശ്ശല്യവാരംഗം വക്രീകൃത്യ ധനുർജ്ജ്യയാ
സുബദ്ധം വക്ത്രകടകേ ബധ്നീയാൽ സുസമാഹിതഃ. 29

സുസംയതസ്യ പഞ്ചാംഗ്യാ വാജിനഃ കശയാഥ തം
താഡയേദിതി മൂർദ്ധാനം വേഗേനോന്നമയൻ യഥാ. 30

ഉദ്ധരേച്ഛല്യമേവം വാ ശാഖായാം കല്പയേത്തരോഃ

ശല്യേ അസ്ഥിദഷ്ടേ നരം = ശല്യം അസ്ഥികളുടെ ഇടയ്ക്കുകേറി ബലമായിപ്പിടിച്ചിരിക്കയാണെങ്കിൽ ആ പുരുഷനെ

| | | |
|---|---|---|
| പത്ഭ്യാം പീഡയിത്വാ വിനിർഹരേൽ | = | വൈദ്യൻ തൻെറ രണ്ടു കാലുകൾകൊണ്ടും ചവുട്ടിപ്പിടിച്ചിട്ടു ശല്യത്തെ വലിച്ചെടുക്കണം. |
| തഥാ അപി അശക്യേ | = | അങ്ങിനെ ചെയ്തിട്ടും എടുക്കാൻ സാധിക്കുന്നില്ലെങ്കിൽ |
| അഥ ബലിഭിഃ കിംകരൈഃ | = | അതിനുശേഷം ബലവാന്മാരായ കിങ്കരന്മാരെക്കൊണ്ടു |
| സുഗൃഹീതസ്യ | = | ബലമായിപ്പിടിപ്പിച്ചിട്ട് |
| ശല്യവാരംഗം | = | ശല്യത്തിൻെറ മൂലഭാഗത്തെ |
| വക്രീകൃത്യ | = | യന്ത്രസഹായത്താൽ പിടിച്ചുവളച്ചു |
| ധനുർജ്യയാ | = | വില്ലിൻെറ ഞാണുകൊണ്ടു (അതിൻെറ ഒരററം- |
| സുബദ്ധം | = | നല്ലവണ്ണം അഴിഞ്ഞുപോകാതെ കെട്ടി [കൊണ്ട്) |
| സുസമാഹിതഃ | = | നല്ല കരുതലോടുകൂടി |
| പഞ്ചാംഗ്യാ | = | പഞ്ചാംഗി എന്ന പേരുള്ള കെട്ടുകൊണ്ടു (നാലു കാലും വാലും കൂട്ടിച്ചുത്തുള്ള കെട്ട്) |
| സുസംയതസ്യ | = | നല്ലവണ്ണം കെട്ടിനിറുത്തിയ |
| വാജിനഃ വക്ത്രകടകേ | = | കുതിരയുടെ കടിഞ്ഞാണിൽ |
| ബധ്നീയാൽ | = | ഞാണിൻെറ മററ അററം കെട്ടണം. |
| അഥ തം യഥാ | = | അതിനുശേഷം ആ കുതിരയെ എങ്ങനെയായാൽ |
| മൂർദ്ധാനം വേഗേന | = | ശിരസ്സിനെ ഊക്കോടുകൂടി |
| ഉന്നമയൻ ശല്യം ഉദ്ധരേൽ | = | ഉയർത്തീട്ടു (ആവിധത്തിൽ) ശല്യത്തെ ഊരിക്കളയുമോ |
| ഇതി കശയാ താഡയേൽ | = | ഈ വിധത്തിൽ ചമ്മട്ടികൊണ്ട് അടിക്കണം. |
| ഏവം തരോഃ ശാഖായാം | = | ഇപ്പറഞ്ഞവിധത്തിൽ വൃക്ഷത്തിൻെറ കൊമ്പിൽ |
| കല്പയേൽ വാ | = | കല്പിക്കയും ചെയ്യാം. |

വൃക്ഷശാഖയിൽ കല്പിക്കേണ്ടതെങ്ങിനെ എന്നു പറയാം. രോഗിയെ വൃക്ഷമൂലത്തിൽകിടത്തി ബലമുള്ള കുററികൾ അടിച്ചുതാഴ്ത്തി അതിൽ ചേർത്തുകെട്ടിക്കൊണ്ട് ആ വൃക്ഷത്തിൻെറ ഉയർന്നശാഖയെ അനേകംപേർകൂടി പിടിച്ചുതാഴ്ത്തി അതിൻെറ തലയ്ക്കൽ ശല്യവാരംഗത്തിൽ കെട്ടീട്ടുള്ള ഞാണിനെ കെട്ടണം. എന്നിട്ട് പെട്ടെന്നു വിട്ടേയ്ക്കുക. അതോടുകൂടി ശല്യം ഊരിപ്പോകും.

ബദ്ധ്വാ ദുർബലവാരംഗം കുശാഭിശ്ശല്യമാഹരേൽ. 31
ശ്വയഥുഗ്രസ്തവാരംഗം ശോഫമുൽപീഡ്യ യുക്തിതഃ

| | | |
|---|---|---|
| ദുർബ്ബലവാരംഗം | = | ശല്യമൂലം ബലമില്ലാത്തതാണെങ്കിൽ |
| കുശാഭിഃ ബദ്ധ്വാ | = | ദർഭങ്ങൾ ചേർത്തുവച്ചു കെട്ടീട്ട് |
| ശല്യം ആഹരേൽ | = | ശല്യത്തെ പിടിച്ചെടുക്കണം. |
| ശ്വയഥുഗ്രസ്തവാരംഗം | = | നീരുകൊണ്ടു ശല്യമൂലം മൂടിപ്പോയിരിക്കുന്നു എങ്കിൽ |
| യുക്തിതഃ | = | സന്ദർഭോചിതമായ യുക്തി ഉപയോഗിച്ചു |
| ശോഫം ഉൽപീഡ്യ | = | നീരിനെ ഞെക്കിക്കളഞ്ഞിട്ടു ശല്യത്തെ എടുത്തുകൊള്ളണം. |

മുദ്ഗരാഹതയാ നാള്യാ നിർഘാത്യോത്തുണ്ഡിതം ഹരേൽ. 32
തയൈവ ചാനയേന്മാർഗ്ഗമമാർഗ്ഗോത്തുണ്ഡിതം തു യൽ

| | | |
|---|---|---|
| ഉത്തുണ്ഡിതം | = | മറുവശത്തുന്തിയിരിക്കുന്ന ശല്യത്തെ |
| മുദ്ഗരാഹതയാ | = | കൊട്ടുവടികൊണ്ടടിക്കുന്ന |
| നാള്യാ | = | ശല്യനിർഘാതിനി എന്ന നാളീയന്ത്രംകൊണ്ടു |
| നിർഘാത്യ ഹരേൽ | = | മറുവശം പൊട്ടിച്ചെടുക്കണം. |
| തയാ ഏവ | = | ആ നാളീയന്ത്രംകൊണ്ടുതന്നെ |
| അമാർഗ്ഗോത്തുണ്ഡിതം തു യൽ (യൽ) | = | ദുരാകർഷകമായ മാർഗ്ഗത്തിലേയ്ക്ക് ഉന്തിയതായിട്ട് ഏതൊരു ശല്യമിരിക്കുന്നുവോ അതിനെ |
| മാർഗ്ഗം ആനയേൽ ച | = | ആഹാര്യമായ മാർഗ്ഗത്തിലേയ്ക്കു വരുത്തുകയുംവേണം. |

മൃദിതപാ കണ്ണിനാം കണ്ണം നാള്യ്യാസ്യേന നിഗൃഹ്യ വാ. 33

അയസ്കാന്തേന നിഷ്കണ്ണം വിവൃതാസ്യമൃജ്ജുസ്ഥിതം

കണ്ണിനാം കണ്ണം = ഇടയ്ക്കുള്ള ശല്യങ്ങളുടെ ഉടക്കിനെ
മൃദിത്വാ = ഉടച്ചെടുത്തുകളഞ്ഞിട്ടോ
നാള്യാസ്യേന = നാളീമുഖയന്ത്രംകൊണ്ട്
നിഗൃഹ്യ വാ = അതിന്റെ ഉള്ളിലാക്കിപ്പിടിച്ചിട്ടോ ആ തരം ശല്യത്തെ എടുക്കണം.
നിഷ്കണ്ണം = ഉടക്കുകളൊന്നുമില്ലാത്തതും
വിവൃതാസ്യം = തുറന്ന മുഖത്തോടുകൂടിയിരിക്കുന്നതും
ഋജുസ്ഥിതം = നേരേ ഇരിക്കുന്നതുമായ ശല്യത്തെ
അയസ്കാന്തേന = അയസ്കാന്തംകൊണ്ടെടുക്കണം.

പക്വാശയഗതം ശല്യം വിരേകേണ വിനിർഹരേൽ. 34

ദുഷ്ടവാതവിഷസ്തന്യരക്തതോയാദി ചൂഷണൈഃ

പക്വാശയഗതം ശല്യം = പക്വാശയത്തിലിരിക്കുന്ന ശല്യത്തെ
വിരേകേണ വിനിർഹരേൽ = വിരേചനക്രിയകൊണ്ടു വെളിക്കുപോക്കണം.
ദുഷ്ടവാതവിഷസ്തന്യരക്തതോയാദി = വായുവോ, വിഷമോ, മുലപ്പാലോ, രക്തമോ, വെള്ളമോ ഇതുപോലെയുള്ള മററു സാധനങ്ങളോ ദുഷിച്ചു ശരീരത്തിനുള്ളിൽ നില്ക്കുയാണെങ്കിൽ അതുകളെ
ചൂഷണൈഃ = ചൂഷണക്രിയകൊണ്ടു (ഊററിയെടുക്കുക) എടുത്തുകളയണം.

കണ്ഠസ്രോതോഗതേ ശല്യേ സൂത്രം കണ്ഠേ പ്രവേശയേൽ. 35

വിസേനാക്തേ തതശ്ശല്യേ വിസം സൂത്രം സമം ഹരേൽ

ശല്യ കണ്ഠസ്രോതോഗതേ = ശല്യം കണ്ഠമാർഗ്ഗത്തിൽ കടന്നിരിക്കയാണെങ്കിൽ
സൂത്രം = ചരടിനെ
വിസേന = താമരവളയംവഴിക്ക് (താമരവളയത്തിനുള്ളിലാക്കിവച്ചു)
കണ്ഠേ പ്രവേശയേൽ = കണ്ഠത്തിനുള്ളിൽ കടത്തണം.
തതഃ = അനന്തരം (ആ നിലയിൽ വിസത്തെ കാക്കിക്കൊണ്ടിരിക്കവേ)
ശല്യേ ആക്തേ = ശല്യം ചരടിൽ കുരുങ്ങി എന്നു കണ്ടാൽ
വിസം സൂത്രം സമം ഹരേൽ = താമരവളയവും ചരടും ഒന്നായിട്ടു പിടിച്ചെടുക്കണം.

നാള്യാഗ്നിതാപിതാം ക്ഷിപ്ത്വാ ശലാകാമപ്സ്ഥിരീകൃതാം. 36

ആനയേജ്ജാതുഷം കണ്ഠാജ്ജതുദിഗ്ദ്ധാമജാതുഷം

കണ്ഠാൽ = കണ്ഠസ്രോതസ്സിൽനിന്നു
ജാതുഷം = അരക്കുകൊണ്ടുള്ള ശല്യത്തെയാണ് എടുക്കേണ്ടതെങ്കിൽ
അഗ്നിതാപിതാം ശലാകാം = തീയിൽവച്ചു ചുട്ടുപഴുപ്പിച്ച ശലാകയെ
നാള്യാ ക്ഷിപ്ത്വാ അപ്സ്ഥിരീകൃതാം = കുഴൽവഴിക്കു കണ്ഠത്തിലിറക്കി ശല്യത്തിൽ താഴ്ത്തിവച്ചുകൊണ്ടു കുഴലിൽക്കൂടെ വെള്ളമൊഴിച്ചു ഉറപ്പിച്ചിട്ട്
ആനയേൽ = എടുത്തുകൊള്ളണം.
അജാതുഷം = അരക്കുകൊണ്ടുള്ളതല്ലാത്ത ശല്യത്തെ

ജതുദിഗ്ദ്ധാം = അററത്ത് അരക്കു പൊതിഞ്ഞിട്ടുള്ള ശലാകയെ മേൽപ്രകാരം തീയിൽവച്ചുരുക്കി കുഴൽവഴിക്കു കടത്തി ശല്യത്തിലിറക്കിവച്ചുകൊണ്ട് വെള്ളമൊഴിച്ചുറപ്പിച്ചിട്ട് എടുത്തുകൊള്ളാം.

കേശോണ്ഡുകേന പീതേന ദ്രവൈഃ കണ്ടകമാക്ഷിപേൽ 37
സഹസാ സൂത്രബദ്ധേന വമനസ്തേന ചേതരൽ

സൂത്രബദ്ധേന = ചരടിൻെറ ഒരററംകൊണ്ടു കെട്ടീട്ട്
ദ്രവൈഃ പീതേന = ദ്രവസാധനങ്ങളിലിട്ടു കുടിച്ചിറക്കിയ
കേശോണ്ഡുകേന = തലമുടിക്കൂട്ടംകൊണ്ട്
വമതഃ = തൽക്ഷണം ഛർദ്ദിക്കുന്നവൻെറ
കണ്ടകം = കണ്ഠത്തിൽ തറച്ചിരിക്കുന്ന മുള്ളിനെ
സഹസാ ആക്ഷിപേൽ = പെട്ടെന്നു വലിച്ചെടുക്കണം.
തേന = അതുകൊണ്ട് (കണ്ടകംകൊണ്ട്)
ഇതരൽ ച = മററതിനെയും (മുടിക്കൂട്ടത്തെ) എടുത്തുകൊള്ളാം.

മത്സ്യഭോജികൾക്കു പലപ്പോഴും മീനിൻെറ മുള്ളു തൊണ്ടയിൽ കൊണ്ടിരിക്കാനിടയുണ്ട്. അങ്ങനെ സംഭവിച്ചാൽ കുറേ തലമുടി എടുത്തു കൂട്ടിക്കെട്ടി ഒരു ചരടിൻെറ അററത്തു കെട്ടീട്ട് അതിനെ കുടിക്കാനുള്ള ദ്രവസാധനങ്ങളിലിട്ട് അയാളെക്കൊണ്ട് കുടിപ്പിക്കണം. തലമുടി അങ്ങോട്ടിറങ്ങിയ ഉടനേ അയാൾ ഛർദ്ദിക്കും. ആ അവസരത്തിൽ പുറത്തേയ്ക്കു വരുന്ന കേശോണ്ഡുകം തൊണ്ടയിൽ തറച്ചിരിക്കുന്ന മുള്ളിൽ കുരുങ്ങിത്തടഞ്ഞുപോകാനിടയുണ്ട്. അപ്പോൾ ചരടിൽ പിടിച്ചു മുടിക്കൂട്ടത്തെ പെട്ടെന്നു വലിച്ചാൽ അതോടുകൂടി മുള്ളും പോരും. മറിച്ച് മുടിക്കൂട്ടമാണു കണ്ഠത്തിൽ പററിയിരിക്കുന്നതെങ്കിൽ കണ്ടകത്തെ മേൽപ്രകാരം ചരടിൽകെട്ടി ദ്രവദ്രവ്യത്തിലിട്ടു കുടിച്ചിറക്കിയാൽ അതു തൊണ്ടയിലിരിക്കുന്ന മുടിക്കൂട്ടത്തിൽ കുരുങ്ങിപ്പോകും. ആ സന്ദർഭത്തിൽ പിടിച്ചുവലിച്ചാൽ മുള്ളിൽ കുരുങ്ങി മുടിയുമിങ്ങുപോരും.

ഇതുനിമിത്തമുണ്ടാകുന്ന കണ്ഠത്തിലെ മുറിവിനു ത്രിഫല പൊടിച്ചു തേനും നെയ്യും പഞ്ചസാരയും കൂട്ടിക്കുഴച്ച് ലേഹനം ചെയ്യിക്കണമെന്നു സംഗ്രഹത്തിൽ വിധിച്ചിരിക്കുന്നു.

അശക്യം മുഖനാസാഭ്യാമാഹർത്തും പരതോ നുദേൽ. 38
അപ്പാനസ്കന്ധഘാതാഭ്യാം ഗ്രാസശല്യം പ്രവേശയേൽ
സൂക്ഷ്മാക്ഷിവ്രണശല്യാനി ക്ഷൗമവാലജലൈർഹരേൽ. 39

മുഖനാസാഭ്യാം = വായിൽക്കൂടെയും മൂക്കിൽക്കൂടെയും
ആഹർത്തും അശക്യം = എടുക്കാൻ കഴിയാതിരിക്കുന്ന ശല്യത്തെ
പരതഃ നുദേൽ = അന്യസ്ഥാനത്താക്കിക്കളയണം.
ഗ്രാസശല്യം = ശല്യമായിട്ട് തൊണ്ടയിൽ തടഞ്ഞിരിക്കുന്ന ചോറു-[രുളയെ
അപ്പാനസ്കന്ധഘാതാഭ്യാം = വെള്ളംകുടിച്ചും ചുമലിലടിച്ചും
പ്രവേശയേൽ = കോഷ്ഠത്തിലേക്കു കടത്തിവിടണം.
സൂക്ഷ്മാക്ഷിവ്രണശല്യാനി = വളരെ ചെറുതായിട്ടു കണ്ണിലുണ്ടായ മുറിവിലിരിക്കുന്ന ശല്യങ്ങളെ
ക്ഷൗമവാലജലൈഃ = പട്ടുനൂലോ രോമമോ ജലധാരയോകൊണ്ട്.
ഹരേൽ = എടുത്തുകളയണം

തൊണ്ടയിൽ തറച്ചിരിക്കുന്ന ശല്യം വായിൽക്കൂടെ എടുക്കാൻ സാധിച്ചില്ലെങ്കിൽ മൂക്കിൽക്കൂടെ എടുക്കാൻ നോക്കണം. മൂക്കിൽക്കൂടെ എടുക്കാൻ കഴിയാത്തതു വായിൽക്കൂടെ എടുത്തുനോക്കണം. ഈ രണ്ടുവഴിക്കും എടുക്കാൻ സാധിക്കാതെ വന്നാൽ അതിനെ അവിടെനിന്ന് അന്യസ്ഥാനത്താക്കിയേക്കണം. എന്നുവച്ചാൽ

കോഷ്ഠത്തിലാക്കണമെന്നർത്ഥം. ചിലപ്പോൾ ചോറുരുള തൊണ്ടയിൽ തടഞ്ഞിട്ട് അങ്ങോട്ടുമിങ്ങോട്ടും പോകാതെ ശല്യമായിട്ടിരിക്കാം. അതിന്ന വെള്ളം കുടിക്കുകയും ചുമലിലടിക്കുകയും ചെയ്താൽ മതി. അതു് ഇറങ്ങിക്കൊള്ളും. വെള്ളം കുടിക്കുന്നതിനാൽ ഉരുള ശിഥിലമാകും. ചുമലിലടിക്കുന്നതിനാൽ അന്നനാളി സങ്കോചവികാസരൂപത്തിൽ പ്രവർത്തിച്ചുതുടങ്ങും. വളരെ ചെറിയ ശല്യങ്ങൾ കണ്ണിൽ കൊണ്ടു മുറിഞ്ഞിട്ട് ആ മുറിവിലിരിക്കുന്നേക്കും. അതിസൂക്ഷ്മമാകയാൽ ഇതിനെ എടുക്കാൻ പ്രയാസമുണ്ടു്. അതിലേക്കു് ബലമുള്ള പട്ടുനാരോ രോമമോ നീളത്തിലെടുത്തു് രണ്ടറ്റവും രണ്ടുകൈയുടേയും വിരലുകളിൽ ചുററിക്കൊണ്ടു കണ്ണിൽ മുറിവുള്ളിടത്തു ചേർത്തുവച്ചു് അങ്ങോട്ടുമിങ്ങോട്ടും തെററിച്ചാൽമതി ശല്യമിളകിപ്പോകും. വെള്ളംകൊണ്ടു ധാരചെയ്താലും ഈ ഫലമുണ്ടാകും.

അപാം പൂർണ്ണം വിധുനയാദവാക്ശിരസമായതം
വാമയേദ്വാമുഖം ഭസ്മരാശൗ വാ നിഖനേന്നരം. 40

| | |
|---|---|
| അപാം പൂർണ്ണം നരം അവാക്ശിരസം | = വെള്ളത്തിൽവീണ വെള്ളംകുടിച്ചു വയറുവീർത്തു പോയ മനുഷ്യനെ തലകീഴാക്കി |
| ആയതം വിധുനയാൽ | = നീട്ടിപ്പിടിച്ചുകൊണ്ടു കുലുക്കണം. |
| വാമയേൽ വാ | = അല്ലെങ്കിൽ ഛർദ്ദിപ്പിക്കണം. |
| ആമുഖം ഭസ്മരാശൗ | = മുഖംവരെ (കഴുത്തളവു്) ചാമ്പൽക്കൂട്ടത്തിൽ |
| നിഖനേൽ വാ | = കുഴിച്ചിടുകയോ ചെയ്യാം. |

ശരീരത്തിന്റെ ഉള്ളിലുള്ള വെള്ളത്തെ പുറത്തേക്കു് വലിച്ചെടുക്കാൻ ചാമ്പലിന്ന ശക്തിയുണ്ടു്. ഭസ്മരാശിയിൽ കുഴിച്ചിടാൻ പറഞ്ഞതു് അതിനാലാകുന്നു

കർണ്ണേംബുപൂർണ്ണേ ഹസ്തേന മഥിത്വാ തൈലവാരിണീ
ക്ഷിപേദധോമുഖം കർണ്ണം ഹന്യാദ്വാ ചൂഷയേത വാ. 41

| | |
|---|---|
| കർണ്ണേ അംബുപൂർണ്ണേ | = കാതിന്നുള്ളിൽ വെള്ളം കേറിപ്പോയാൽ |
| തൈലവാരിണീ | = നല്ലെണ്ണയും വെള്ളവുംകൂടി |
| ഹസ്തേന മഥിത്വാ | = കൈത്തലംകൊണ്ടു് കലക്കിച്ചേർത്തു് |
| ക്ഷിപേൽ | = കാതിലൊഴിക്കണം. |
| കർണ്ണം അധോമുഖം | = മുഖം ചരിച്ചു വെള്ളം കേറിയ കാതു കീഴാക്കിനിന്നു- |
| ഹന്യാൽ വാ | = രണ്ടുകൈയും ചേർത്തടിക്കുകയും ചെയ്യാം. [കൊണ്ടു് |
| ചൂഷയേത വാ | = പീച്ചാംകുഴലോ മറേറാ കൊണ്ടു വെള്ളം ഊററിവലിച്ചെടുക്കുകയും ചെയ്യാം. |

കാതിൽ വെള്ളംകേറിയാൽ പലപ്പോഴും അടപ്പിട്ടടച്ചമാതിരി അവിടെ നിന്നുകളയും. അതിനെയാണു് അംബുപൂർണ്ണമെന്നിവിടെ പറഞ്ഞതു്. കാതു കീഴാക്കിനിന്നു കാതിനോടു സമീപിച്ചു് രണ്ടുകൈയുംകൂട്ടി അടിച്ചാൽ അപ്പോഴുണ്ടാകുന്ന കാററു് ഊക്കോടുകൂടി കാതിന്നുള്ളിൽ കടന്നു് അടപ്പു തുറക്കുകയും വെള്ളമിങ്ങു പോരികയും ചെയ്യും.

കീടേ സ്രോതോഗതേ കർണ്ണം പൂരയേല്ലവണാംബുനാ
ശുക്തേന വാ സുഖോഷ്ണേന മൃതേ ക്ലേദഹരോ വിധിഃ 42

| | |
|---|---|
| കീടേ സ്രോതോഗതേ | = വല്ല ചെറുജന്തുവും കാതിന്നുള്ളിൽ കടന്നുപോയാൽ |
| ലവണാംബുനാ | = ഉപ്പുകലക്കിയ വെള്ളംകൊണ്ടോ |
| സുഖോഷ്ണേന ശുക്തേന വാ | = ചെറുചൂടുള്ള ശുക്തംകൊണ്ടോ |
| കർണ്ണം പൂരയേൽ | = കാതു നിറയ്ക്കണം. |
| മൃതേ (സതി) | = കീടം കാതിലിരുന്നുതന്നെ മരിച്ചുപോയാൽ |
| ക്ലേദഹരഃ വിധിഃ | = കർണ്ണസ്രാവത്തിലും മററും വിധിക്കുന്ന ക്ലേദശമനമായ ചികിത്സ ചെയ്തുകൊള്ളണം. |

ജാതുഷം ഹേമരൂപ്യാദിധാതുജം ച ചിരസ്ഥിതം
ഊഷ്മണാ പ്രായശശ്ശല്യം ദേഹജേന വിലീയതേ. 43

ജാതുഷം = അരക്കുകൊണ്ടുള്ളതും
ഹേമരൂപ്യാദിധാതുജം ച = സ്വർണ്ണം വെള്ളി മുതലായ ധാതുക്കൾകൊണ്ടുള്ളതു- [മായ
ശല്യം ചിരസ്ഥിതം = ശല്യം ഏറെനാൾ ദേഹത്തിരുന്നാൽ
ദേഹജേന ഊഷ്മണാ = ശരീരത്തിലുള്ള ചൂടുകൊണ്ട്
പ്രായശഃ വിലീയതേ = മിക്കവാറും ഉരുകി ദ്രവിച്ചുപോകുന്നു.

വേണുദാരുവിഷാണാസ്ഥിദന്തവാലോപലാനി ച
ശല്യാനി ന വിശീര്യന്തേ ശരീരേ മൃന്മയാനി ച. 44

വിഷാണവേണ്വയസ്താലദാരുശല്യം ചിരാദപി
പ്രായോ നിർഭുജ്യതേ തദ്ധി പചത്യാശു പലാസൃജീ. 45

വേണുദാരുവിഷാണാസ്ഥി-ദന്തവാലോപലാനി = മുള, മരം, കൊമ്പ്, അസ്ഥി, പല്ല്, രോമം, കല്ല് ഇവയും
ശല്യാനി ച മൃന്മയാനി ച = ശല്യങ്ങളും മണ്ണുകൊണ്ടുള്ള ശല്യങ്ങളും
ശരീരേ = ശരീരത്തിലിരുന്ന്
ന വിശീര്യന്തേ = ദ്രവിച്ചോ മറ്റുവിധത്തിലോ നശിച്ചുപോകുന്നില്ല
വിഷാണവേണ്വയസ്താല-ദാരുശല്യ ചിരാൽ അപി = കൊമ്പ്, മുള, ഇരുമ്പ് പനമരം ഇവവക ശല്യം ഏറെക്കാലമിരുന്നാലും നശിച്ചുപോകുന്നില്ല.
ഹി = യാതൊന്നുഹേതുവായിട്ട്
തൽ പ്രായഃ = ആ വിഷാണാദിശല്യം മിക്കവാറും
നിർഭുജ്യതേ = ശരീരത്തിലെ ചൂടുകൊണ്ട് വളഞ്ഞുപോകുന്നു; ആകയാൽ
പലാസൃജീ = മാംസത്തെയും രക്തത്തെയും അത്
ആശു പചതി = ശീഘ്രം പഴുപ്പിക്കുന്നു.

ശല്യേ മാംസാവഗാഢേ ചേൽ സ ദേശോ ന വിദഹ്യതേ
തതസ്തം മർദ്ദനസ്വേദശുദ്ധികർശനബൃംഹണൈഃ 46

തീക്ഷ്ണോപനാഹപാനാന്നഘനശസ്ത്രപദാങ്കനൈഃ
പാചയിത്വാ ഹരേച്ഛല്യം പാടനൈഷണഭേദനൈഃ 47

ശല്യേ മാംസാവഗാഢേ ചേൽ = ശല്യം മാംസത്തിൽ അധികം ഉള്ളിലേക്കു കടന്നിരിക്കയാണെങ്കിൽ
സ ദേശഃ ന വിദഹ്യതേ = ആ സ്ഥാനം പാകമാകയില്ല.
തതഃ തം = അതുകൊണ്ട് ആ സ്ഥാനത്തെ
മർദ്ദനസ്വേദശുദ്ധി-കർശനബൃംഹണൈഃ = തിരുമ്മുക, വിയർപ്പിക്കുക, ശോധനം ചെയ്ക, കർശനബൃംഹണപ്രയോഗങ്ങൾ ചെയ്ക ഇതുകൾകൊണ്ടും
തീക്ഷ്ണോപനാഹപാനാ-ന്നഘനശസ്ത്രപദാങ്കനൈഃ = തീക്ഷ്ണൗഷധങ്ങൾകൊണ്ടുള്ള ഉപനാഹം, അല്പകാലമുള്ള അന്നപാനങ്ങൾ, അടുത്തടുത്തു ശസ്ത്രംകൊണ്ടുകൊത്തിമുറിപ്പെടുത്തുക ഇപ്രയോഗങ്ങൾ- (കൊണ്ടും
പാചയിത്വാ = പഴുപ്പിച്ചിട്ട്
പാടനൈഷണഭേദനൈഃ = കീറുകയോ എഷണം ചെയ്കയോ പിളക്കുകയോ- (ചെയ്ത്
ശല്യം ഹരേൽ = ശല്യത്തെ എടുത്തുകൊള്ളണം.

ശല്യപ്രദേശയന്ത്രാണാമവേക്ഷ്യ ബഹുരൂപതാം
തൈസ്തൈരുപായൈർമതിമാൻ ശല്യം വിദ്യാത്തഥാ ഹരേൽ. 48

ശല്യപ്രദേശയന്ത്രാണാം = ശല്യങ്ങളുടേയും, ശല്യംകൊണ്ടിരിക്കുന്ന അംഗങ്ങളുടേയും ശല്യമെടുക്കാനുള്ള യന്ത്രങ്ങളുടേയും
ബഹുരൂപതാം = ബഹുരൂപതയെ (അവ ഓരോന്നും അനേകാകൃതികളോടുകൂടിയവയാണെന്നുള്ള വസ്തുതയെ)
അവേക്ഷ്യ = നോക്കിഅറിഞ്ഞിട്ട്
തൈഃ തൈഃ ഉപായൈഃ = അതതു ഉപായങ്ങൾകൊണ്ടു
മതിമാൻ = ബുദ്ധിമാനായ വൈദ്യൻ
ശല്യം വിദ്യാൽ = ശല്യത്തെ അതിൻെറ ശരിയായ ആകൃതിയോടുകൂടി അറിയണം.
തഥാ = അപ്രകാരം (അതിനുയോജിച്ച യന്ത്രംകൊണ്ടു)
ഹരേൽ = എടുത്തുകൊൾകയും വേണം.

ശല്യാഹരണവിധി ഇതോടുകൂടി കഴിയുന്നു. ഇത്രയുംകൊണ്ടു എല്ലാ ശല്യങ്ങളേയും അവ എടുക്കാനുള്ള ഉപായങ്ങളേയും നിർദ്ദേശിച്ചു എന്നു വിചാരിക്കരുത്. ദിങ്മാത്രമായിട്ടു ഏതാനുമൊക്കെ ഇവിടെ പറഞ്ഞു എന്നേയുള്ളു. ശല്യങ്ങൾ അനവധിയുണ്ടു്. അനേകാകൃതികളോടുകൂടിയവയുമാണ്. അതുപോലെ അനേകാകൃതികളോടുകൂടി യന്ത്രങ്ങളും അനവധിയായിട്ടുണ്ട്. അതുകൊണ്ടു ഏതു ശല്യമായാലും അതിനു യോജിക്കുന്ന യന്ത്രം കൊണ്ടു അതിനെ എടുത്തുകൊള്ളാം. പിന്നെ ശല്യംകൊണ്ടിരിക്കുന്ന സ്ഥാനങ്ങൾക്കു ചില വിശേഷങ്ങളുണ്ട്. ചിലടത്തിരിക്കുന്ന ശല്യം അവിടെക്കൂടെ എടുത്തുകൂടാ. അതിനെ മറ്റൊരിടത്താക്കി എടുക്കണം. ചില മുറിവിൽക്കൂടി ശല്യം കടന്നുവരികയില്ല അവിടം ശസ്ത്രംകൊണ്ടു കീറി മുറിവു വലുതാക്കീട്ടെടുക്കണം. ചിലടത്തെ ശല്യം എടുക്കാനേ പാടില്ല. അവിടം പഴുത്തിട്ടു തനിയേ ശല്യം വീണുപോകാൻ വിടേണ്ടതാണ്. ഈ രീതിക്കു ഏതു ശല്യമായാലും എവിടെ കൊണ്ടിരുന്നാലും ബുദ്ധിമാനായ വൈദ്യനു യുക്തിപൂർവം ആലോചിച്ചുനോക്കിയാൽ വിഹിതങ്ങളായ യന്ത്രങ്ങൾകൊണ്ടും മറ്റുപായങ്ങൾകൊണ്ടും എടുക്കാൻ സാധിക്കുന്നതാകുന്നു.

ഇരുപത്തെട്ടാമദ്ധ്യായം കഴിഞ്ഞു.

---

# ഇരുപത്തൊൻപതാം അദ്ധ്യായം.

## ശസ്ത്രകർമ്മവിധി.

വ്രണസ്സംജായതേ പ്രായഃ പാകാച്ഛ്വയഥുപൂർവകാൽ
തമേവോപചരേത്തസ്മാദ്രക്ഷൻ പാകാൽ പ്രയത്നതഃ

സുശീതലേപസേകാസ്രമോക്ഷസംശോധനാദിഭിഃ

വ്രണഃ പ്രായഃ = വ്രണം മിക്കവാറും
ശ്വയഥുപൂർവകാൽ പാകാൽ = മുൻപേ നീരുണ്ടായിട്ടു പഴുക്കുന്നതിനാൽ
സംജായതേ = സംഭവിക്കുന്നതാണ്.
തസ്മാൽ തം ഏവ = അതുകൊണ്ടു ആ ശ്വയഥുവിനെത്തന്നെ
പാകാൽ = പാകത്തിൽനിന്നു (പഴുക്കാതിരിക്കുമാറ്)
പ്രയത്നതഃ രക്ഷൻ = വളരെ സൂക്ഷിച്ചു രക്ഷിച്ചുകൊണ്ടു്
സുശീതലേപസേകാസ്ര-മോക്ഷസംശോധനാദിഭിഃ = ശീതവീര്യങ്ങളും ശീതസ്പർശങ്ങളുമായ ഔഷധങ്ങൾകൊണ്ടുള്ള പൂച്ച്, ധാര, രക്തമോക്ഷം, വമനവിരേചനാദിശോധനങ്ങൾ ഇത്യാദികൊണ്ടു
ഉപചരേൽ = ഉപക്രമിക്കണം.

ഇനി ശസ്ത്രക്രിയാവിധി ആരംഭിക്കുന്നു. ശസ്ത്രം പ്രയോഗിക്കുന്നതു സാധാരണമായി ശരീരത്തിലുണ്ടാകുന്ന കുരുക്കളും മറ്റും കീറുന്നതിനാണ്. അപ്പോഴും അതു വ്രണമായിത്തീരുന്നു. ആകയാൽ വ്രണമുണ്ടാകുന്നതു മിക്കവാറും കുരുവായിട്ടോ മറ്റോ ആദ്യം ശോഫമുണ്ടായിട്ട് പിന്നെ അതു പഴുത്തുപൊട്ടുകയോ കീറുകയോ ചെയ്തിട്ടാകുന്നു. ആയുധാദികൾകൊണ്ടും മറ്റും മുറിഞ്ഞിട്ട് ശോഫം കൂടാതെയും വ്രണമുണ്ടാകുമെന്നുള്ളതുകൊണ്ടാണ് മിക്കവാറും എന്നു പറഞ്ഞതു്. ഇങ്ങനെയിരിക്കയാൽ വ്രണചികിത്സയിൽ ആദ്യമായും കാര്യമായുമുള്ളത് ശോഫചികിത്സയാകുന്നു. ശോഫത്തെ ആ അവസ്ഥയിൽത്തന്നെ ചികിത്സിച്ചു ശമിപ്പിച്ചുകളഞ്ഞാൽ പിന്നെ അതു പഴുക്കാനും പൊട്ടി വ്രണമായിത്തീരാനും സംഗതിയില്ല. പഴുക്കാതെ വററിച്ചു കളക എന്നതാണ് ശോഫചികിത്സ. അതിലേയ്ക്കു സ്വീകാര്യങ്ങളായ ലേപസേകങ്ങളും രക്തമോക്ഷവും ശോധനകർമ്മവും ചെയ്യേണ്ടതാകുന്നു.

ശോഫോല്പോല്പോഷ്ണരുക് ചാമസ്സവർണ്ണഃ കഠിനഃ സ്ഥിരഃ 2

ആമഃ ശോഫഃ അല്പഃ = ആമാവസ്ഥയിലിരിക്കുന്ന ശോഫം ചെറുതായും
അല്പോഷ്ണരുക് = അല്പ മാത്രം ചൂടും വേദനയുമുള്ളതായും
സവർണ്ണഃ = ശരീരത്തിന്റെതന്നെ നിറത്തിൽ
കഠിനഃ സ്ഥിരഃ ച = കല്ലിച്ചും ഉറച്ചുമിരിക്കും

പച്യമാനോ വിവർണ്ണസ്തു രാഗീ വസ്തിരിവാതതഃ
സ്ഫുടതീവ സനിസ്തോദസ്സാംഗമർദ്ദവിജൃംഭികഃ 3

സംരംഭാരുചിദാഹോഷാതൃൺജ്വരാനിദ്രതാന്വിതഃ
സ്ത്യാനം വിഷ്യന്ദയത്യാജ്യം വ്രണവൽ സ്പർശന സഹഃ 4

പച്യമാനഃ തു വിവർണ്ണഃ = പച്യമാനമായ ശോഫമാകട്ടെ (പഴുത്തുകൊണ്ടിരിക്കുന്നതു പച്യമാനം) നിറം മാറിക്കാണും.
രാഗീ = ചുവപ്പുനിറത്തിൽ
വസ്തിഃ ഇവ ആതതഃ = വസ്തിപോലെ പരന്നു മെഴുത്തിരിക്കും.
സ്ഫുടതി ഇവ = സ്ഫുടനം ചെയ്യുന്നതുപോലെ തോന്നും.
സനിസ്തോദഃ = കുത്തിനോവുണ്ടായിരിക്കും.
സാംഗമർദ്ദവിജൃംഭികഃ = ദേഹംകഴപ്പും മൂരിയുമുണ്ടാകും.
സംരംഭാരുചിദാഹോഷാതൃൺജ്വരാനിദ്രതാന്വിതഃ = കുരുകുരുക്കുന്നമാതിരി വേദന, അരുചി, ചുടിച്ചിൽ നീറൽ, തണ്ണീർദാഹം, ജ്വരം, ഉറക്കമില്ലായ്ക ഇതുകളോടുകൂടിയിരിക്കും.
സ്ത്യാനം ആജ്യം = ഉറഞ്ഞു കട്ടയായിരിക്കുന്ന നെയ് വച്ചാൽ അതിനെ
വിഷ്യന്ദയതി = ഉരുക്കിക്കളയും.
വ്രണവൽ = പുണ്ണിലെന്നപോലെ
സ്പർശനാസഹഃ = തൊട്ടാൽ അസഹ്യവേദനയോടുകൂടിയിരിക്കും.

പക്വേല്പവേഗതാ മ്ലാനിഃ പാണ്ഡുതാ വലിസംഭവഃ
നാമോന്നതേഷ്വുന്നതിർമദ്ധ്യേ കണ്ഡൂശോഫാദിമാർദ്ദവം. 5

സ്പൃഷ്ടേ പൂയസ്യ സഞ്ചാരോ ഭവേദ്വസ്താവിവാംഭസഃ

പക്വേ = പക്വമായ ശോഫത്തിൽ
അല്പവേഗതാ = വേദനാദികളോടുകൂടിയുള്ള വേഗത്തിനു കുറവുണ്ടാകും
മ്ലാനിഃ പാണ്ഡുതാ = വാട്ടവും വിളർച്ചയുമുണ്ടായിരിക്കും.
വലിസംഭവഃ = തൊലി ചുളുങ്ങിക്കാണും,
അവനതേഷു നാമഃ = ചുറ്റുപാടും താണു്
മദ്ധ്യേ ഉന്നതിഃ = മദ്ധ്യഭാഗം ഉന്തിവരും.

കണ്ഡൂശോഫാദിമാർദ്ദവം = ചൊറിച്ചിൽ നീരു മുതലായ ഉപദ്രവങ്ങൾ കുറവുണ്ടാകും.
സ്പൃഷ്ടേ = ശോഫത്തിൽ തൊട്ട് അമർത്തിയാൽ
വസ്തൗ അംഭസഃ ഇവ = വെള്ളം നിറച്ച തുരുത്തിയിൽ വെള്ളത്തിന്റെ എന്നപോലെ
പൂയസ്യ സഞ്ചാരഃ ഭവേൽ = ചലത്തിന്റെ സഞ്ചാരമുണ്ടാകുന്നതായി കാണാം.

വെള്ളം നിറച്ചിരിക്കുന്ന തോൽതുരുത്തിയിൽ വിരൽകൊണ്ടമർത്തിയാൽ വെള്ളം നാലുപുറത്തേയ്ക്കും ഒഴിടത്തുമാറുന്നതുപോലെ ശോഫത്തിൽ വിരൽകൊണ്ടമർത്തിയാൽ ചലം നാലുപുറത്തേയ്ക്കും മാറുന്നതു കാണാം.

ശൂലം നർത്തേനിലാദ്ദാഹഃ പിത്താച്ഛോഫഃ കഫോദയാൽ. 6
രാഗോ രക്താച്ച പാകസ്സ്യാദതോ ദോഷൈസ്സശോണിതൈഃ

അനിലാൽ ഋതേ ന ശൂലം = വാതത്തോടുകൂടാതെ വേദന ഉണ്ടാകയില്ല.
പിത്താൽ (ഋതേ) ന ദാഹഃ = പിത്തത്തോടുകൂടാതെ ചുട്ടുണ്ടാകയില്ല.
കഫോദയാൽ (ഋതേ) = കഫത്തിന്റെ ആവിർഭാവമില്ലാതെ
ന ശോഫഃ = വീക്കമുണ്ടാകയില്ല.
രക്താൽ (ഋതേ) ന രാഗഃ ച = രക്തത്തോടുകൂടാതെ ചുവപ്പുനിറവും ഉണ്ടാകയില്ല.
അതഃ പാകഃ = ഈ കാരണത്താൽ പഴുപ്പുണ്ടാകുന്നതു്
സശോണിതൈഃ ദോഷൈഃ സ്യാൽ = രക്തത്തോടുകൂടിയ വാതപിത്തകഫങ്ങളാലാകുന്നു

എവിടെയെങ്കിലും ഒരു പഴുപ്പുണ്ടാകണമെങ്കിൽ അതിനുമുമ്പേ അവിടെ ഒരു വീക്കമുണ്ടാകാതെ തരമില്ല. വീക്കമുണ്ടായാൽ ക്രമേണ അതിൽ വേദനയും ചുട്ടും ചുവപ്പുമുണ്ടാകുന്നു. ഇതോടുകൂടിയാണതു് പഴുക്കുന്നതു്. ഈ വേദനയും ചുട്ടും വീക്കവും ചുവപ്പും വാതപിത്തകഫങ്ങളുടേയും രക്തത്തിന്റേയും ധർമ്മമാകയാൽ പാകങ്ങളെല്ലാം സരക്തസന്നിപാതജങ്ങളാകുന്നു. ഇവിടെ രക്തത്തിനുകൂടി ദോഷത്വം കല്പിക്കുന്നതു് ആചാര്യനു് സമ്മതമാണെന്നൊന്നു പറയാം. എന്നാൽ 'ദോഷൈസ്സശോണിതൈഃ' എന്ന പ്രയോഗത്തിൽ രക്തത്തെ ദോഷമാണെന്നു കണ്ഠതഃ പറയുന്നില്ലെന്നും, മറിച്ചു ദോഷത്തിനുമാണു് രക്തമെന്നു സൂചിപ്പിക്കുന്നുണ്ടെന്നും ഗ്രഹിക്കേണ്ടിയിരിക്കുന്നു. ഉക്തശോഫപാകത്തിൽ ദോഷങ്ങൾക്കെന്നപോലെ രക്തത്തിനും കർത്തൃത്വമുണ്ടെന്നു സമ്മതിക്കുന്നു. ഈ കർത്തൃത്വസമത്വത്തോടുകൂടി കർത്തൃത്വസിദ്ധമായ ദോഷത്വവും രക്തത്തിനുണ്ടെന്നു സമ്മതിക്കപ്പെട്ടിരിക്കുന്നു എന്നു വാദിക്കയാണെങ്കിൽ 'ന ഹി ദോഷശ്ചതുർത്ഥോസ്തി' വാതം, പിത്തം, കഫം എന്നു മൂന്നല്ലാതെ നാലാമതായി ഒരു ദോഷമില്ല എന്നുള്ള തന്റെ സിദ്ധാന്തം സ്ഥലാന്തരത്തിൽ സ്ഥാപിക്കപ്പെട്ടുപോയിരിക്കുന്നതിനാൽ ആ വാദം വെറും വാദമായിത്തീരുകയേ ഉള്ളൂ. ഇങ്ങനെയിരിക്കെ പാകത്തിന്റെ സംപ്രാപ്തിയിൽ രക്തത്തിനുകൂടി കർത്തൃത്വം കല്പിച്ചിരിക്കുന്നതിനെന്താണു സമാധാനം? ശസ്ത്രകർമ്മങ്ങളും വ്രണോപക്രമങ്ങളുമൊക്കെ ശല്യചികിത്സയിൽപ്പെട്ട വിഷയങ്ങളാണു്. രക്തത്തെക്കൂടി ദോഷമാണെന്നു പറയണം എന്നു സിദ്ധാന്തിക്കുന്നവർ ശല്യതാന്ത്രികന്മാരും ശാലാക്യതാന്ത്രികന്മാരും മാത്രമാകുന്നു. വൈദ്യശാസ്ത്രപരങ്ങളും സർവ്വസമ്മതങ്ങളുമായ പൊതുതത്വങ്ങളെ അവതരിപ്പിച്ചു് ആയുർവേദാചാര്യന്മാരെന്നു വിഖ്യാതന്മാരായ കായചികിത്സാവിചക്ഷണന്മാർ അതു സമ്മതിക്കുന്നില്ല. ഈ ഗ്രന്ഥകാരൻ സൂക്ഷിച്ചു നോക്കിയാൽ ആത്രേയപക്ഷപാതിയായി കാണപ്പെട്ടെങ്കിലും സർവ്വതന്ത്രങ്ങളിൽനിന്നുമുള്ള സാരസംഗ്രഹമാണു് തന്റെ ഗ്രന്ഥമെന്നു ഗ്രന്ഥാദിയിൽ പറഞ്ഞിട്ടുള്ളതിനെ വിസ്മരിച്ചുകൂടാ. ആ നിശ്ചയപ്രകാരം ശല്യചികിത്സാഭാഗം ശല്യതന്ത്രങ്ങളിൽനിന്നു് സമുദ്ധരിച്ചപ്പോൾ ആ വിഷയത്തിൽ ശല്യതാന്ത്രികന്മാർക്കുള്ള സിദ്ധാന്തത്തെക്കൂടി പകർത്തേണ്ടിവന്നു; അത്രതന്നെ. തനിക്കു് ഇഷ്ടമല്ലെങ്കിലും മറ്റൊരാളിന്റെ സിദ്ധാന്തത്തെ അംഗീകരിക്കേണ്ടിവരുമ്പോൾ അതിനെ തന്റെ അഭിപ്രായങ്ങൾക്കു് ഇടയ്ക്കു

തിരുകിക്കേറി വികടമാക്കാതെ അതേരൂപത്തിൽ പകുത്തുന്നതു് അനുകരണീയമായ ഒരു മര്യാദയാണെന്നു് ഇതിനാൽ ആചാര്യൻ മൃദുമധുരമായ വിധത്തിൽ നമ്മെ ഉപദേശിക്കയും ചെയ്യുന്നു.

പാകേതിവൃത്തേ സുഷിരസ്തനുത്വഗ്ദോഷഭക്ഷിതഃ. 7

വലീഭിരാചിതശ്ശ്യാവശ്ശീര്യമാണതനൂരുഹഃ

പാകേ അതിവൃത്തേ = അതിപാകം വന്നുകഴിഞ്ഞാൽ

ദോഷഭക്ഷിതഃ സുഷിരഃ = ശോഫത്തിന്റെ അന്തർഭാഗം ദോഷത്താൽ ഭക്ഷിക്കപ്പെട്ടിട്ട് ശോഫത്തിൽ ദ്വാരങ്ങളുണ്ടാകും.

തനുത്വക് = തൊലി നേർത്തുപോകും.

വലീഭിഃ ആചിതഃ = അധികമായി തൊലി ചുളുങ്ങിക്കാണും

ശ്യാവഃ = കരുവാളിച്ച നിറവുമുണ്ടാകും.

ശീര്യമാണതനൂരുഹഃ = ശോഫത്തിന്മേലുള്ള രോമങ്ങളും കൊഴിഞ്ഞുപോകും.

ഇവിടെ ദോഷം എന്നു പറഞ്ഞിരിക്കുന്നതു ശോഫാന്തർഗതമായ ചലത്തെയാകുന്നു. മലത്തെയും ദോഷശബ്ദംകൊണ്ടു പറയും എന്നു മുൻപു പറഞ്ഞിട്ടുള്ളതിനെ ഓർമ്മിക്കുക. ദോഷം ഭക്ഷിക്കുന്നു എന്നതിനു ചലം അതിനു ചുറ്റുമുള്ള മാംസാദികളെക്കൂടി ചലമാക്കുന്നു എന്നർത്ഥം. അതുകൊണ്ടാണു് ദ്വാരവീഴുന്നതും തൊലി നേർക്കുന്നതും. ഇതിനാൽ ആമം, പച്യമാനം, പക്വം, അതിപക്വം എന്നു നാലവസ്ഥ ശോഫത്തിനുണ്ടെന്നു ഗ്രഹിക്കണം.

കഫജേഷു തു ശോഫേഷു ഗംഭീരം പാകമേത്യസൃക്. 8

പക്വലിംഗം തതോസ്പഷ്ടം യത്ര സ്യാച്ഛീതശോഫതാ

ത്വക്സാവർണ്ണ്യം രുജോല്പത്വം ഘനസ്പർശത്വമശ്മവൽ 9

രക്തപാകമിതി ബ്രൂയാത്തം പ്രാജ്ഞോ മുക്തസംശയഃ

കഫജേഷു ശോഫേഷു തു = കഫവൃദ്ധിനിമിത്തമുണ്ടായ ശോഫങ്ങളിലാകട്ടെ

അസൃക് ഗംഭീരം = രക്തം ആഴത്തിൽനിന്നു

പാകം ഏതി = പാകത്തെ പ്രാപിക്കുന്നു (പഴുക്കുന്നു)

തതഃ = അതുനിമിത്തം

പക്വലിംഗം അസ്പഷ്ടം = പക്വലക്ഷണം തെളിഞ്ഞുകാണാതിരിക്കും.

ശീതശോഫതാ = ശോഫത്തിന്മേൽ തണുപ്പു്

ത്വക്സാവർണ്യം = നിറഭേദമില്ലാതിരിക്കുക

രുജഃ അല്പത്വം = വേദന കുറവായിരിക്കുക

അശ്മവത് ഘനസ്പർശത്വം = തൊട്ടാൽ കല്ലുപോലെ കട്ടപ്പുമുള്ളതായിരിക്കുകയും ഇത്രയും

യത്ര സ്യാൽ തം = ഏതു ശോഫത്തിലുണ്ടായിരിക്കുമോ ആ ശോഫത്തെ

രക്തപാകം ഇതി പ്രാജ്ഞഃ = രക്തപാകമാണെന്നു അറിവുള്ളവനായ വൈദ്യൻ

മുക്തസംശയഃ ബ്രൂയാൽ = സംശയംകൂടാതെ പറയണം.

അല്പസത്വേഽബലേ ബാലേ പാകേ ചാത്യർത്ഥമുദ്ധതേ. 10

ദാരണം മർമ്മസന്ധ്യാദിസ്ഥിതേ ചാന്യത്ര പാടനം

അല്പസത്വേ = മനക്കരുത്തു കുറഞ്ഞിരിക്കുന്നവനിലും

അബലേ ബാലേ = ബലഹീനനിലും ബാലനിലും

അത്യർത്ഥം ഉദ്ധതേ പാകേ ച = ഏററവും വർദ്ധിച്ചിരിക്കുന്ന പാകത്തിലും (പാകാതിവൃദ്ധിയിലും)

മർമ്മസന്ധ്യാദിസ്ഥിതേ ച = മർമ്മം സന്ധിമുതലായ സ്ഥാനങ്ങളിലുള്ള പാകത്തിലും

ദാരണം = ദാരണക്രിയയും

അന്യത്ര = മററുള്ളതിൽ

പാടനം ച = പാടനക്രിയയും (കീറുക) ചെയ്യേണ്ടതാണു്.

ക്ഷാരപ്രധാനങ്ങളായ ഔഷധങ്ങളിട്ടു പൊട്ടിക്കുന്നതു ദാരണവും, ശസ്ത്രം കൊണ്ടു കീറിപ്പൊട്ടിക്കുന്നതു പാടനവുമാകുന്നു.

ആമച്ഛേദേ സിരാസ്നായുവ്യാപദോസൃഗതിസ്രുതിഃ. 11
രുജോതിവൃദ്ധിർദ്ദരണം വിസർപ്പോ വാ ക്ഷതോത്ഭവഃ
തിഷ്ഠന്നന്തഃ പുനഃ പൂയസ്സിരാസ്നായ്വസൃഗാമിഷം. 12
വിവൃദ്ധോ ദഹതി ക്ഷിപ്രം തൃണോലപമിവാനലഃ

ആമച്ഛേദേ = ആമാവസ്ഥയിൽ ശോഫം കീറുകയാണെങ്കിൽ
സിരാസ്നായുവ്യാപദഃ = സിരാസ്നായുക്കൾക്കു കേടുപാടുകളും
അസൃഗതിസ്രുതിഃ = രക്തം അധികമായി സ്രവിച്ചുപോകലും
രുജഃ അതിവൃദ്ധിഃ = വേദന അതിമാത്രമായി വർദ്ധിക്കുകയും ചെയ്യും.
ദരണം = വ്രണത്തിൽ വിള്ളലുണ്ടാകയോ
ക്ഷതോത്ഭവഃ വിസർപ്പഃ വാ = ക്ഷതവിസർപ്പമുണ്ടാകയോ ചെയ്യുന്നും വരാം.
പുനഃ = പക്വമായിട്ടു കീറാതിരുന്നാലാകട്ടെ
പൂയഃ അന്തഃ തിഷ്ഠൻ = ചലം ഉള്ളിൽ തങ്ങിനിന്നു
വിവൃദ്ധഃ = ഏറ്റവും വർദ്ധിച്ചിട്ടു
സിരാസ്നായ്വസൃഗാമിഷം = സിരകളം, സ്നായുക്കളം, രക്തം, മാംസം ഇവകളെ
തൃണോലപം അനലഃ ഇവ = ഉണങ്ങിയ പുൽക്കൂട്ടത്തെ അഗ്നി എന്നപോലെ
ക്ഷിപ്രം ദഹതി = എളുപ്പം നശിപ്പിച്ചുകളയുന്നു.

യഃ ഛിനത്ത്യാമമജ്ഞാനാദ്യശ്ച പക്വമുപേക്ഷതേ. 13
ശ്വപചാവിവ വിജ്ഞേയൗ താവനിശ്ചിതകാരിണൗ

അജ്ഞാനാത് യഃ = അറിഞ്ഞുകൂടായ്കകൊണ്ടു ഏതൊരു വൈദ്യൻ
ആമം ഛിനത്തി = പക്വമാകാത്ത ശോഫത്തെ ഛേദിക്കുന്നു (കീറുന്നു)
യഃ = ഏതൊരു വൈദ്യൻ
പക്വം = പഴുത്തിരിക്കുന്ന ശോഫത്തെ
ഉപേക്ഷതേ ച = കീറാതിരിക്കയും ചെയ്യുന്നു
അനിശ്ചിതകാരിണൗ = നിശ്ചയമില്ലാതെ പ്രവർത്തിക്കുന്നവരായ
തൗ = അവർ രണ്ടുപേരും
ശ്വപചൗ ഇവ വിജ്ഞേയൗ = മാംസോപജീവികളായ ചണ്ഡാലന്മാരെപ്പോലെ ഉള്ളവരാണെന്നു ഗണിക്കപ്പെടേണ്ടവരാണ്.

ശ്വപചന്മാർ എന്നതിന്ന് തിന്നുന്നതിനായി ജന്തുക്കളെയോ അവയുടെ മാംസത്തെയോ അറുത്തുകണ്ടിക്കുന്നവർ എന്നേ വിവക്ഷയുള്ളൂ. എങ്ങിനെയെങ്കിലും മാംസം കഷണമാക്കണമെന്നല്ലാതെ അതു് ഇന്നയിന്നവിധത്തിൽ വേണമെന്നൊന്നും വ്യവസ്ഥയില്ല. വൈദ്യൻ ചെയ്യേണ്ടതായ ശസ്ത്രക്രിയ വളരെ വ്യവസ്ഥകളുള്ളതാണ്. അതിനെ അനാദരിച്ചുലുണ്ടാകുന്ന വ്യാപത്തുകൾ പലപ്പോഴും ഭയാനകങ്ങളായിരിക്കയും ചെയ്യും. അതുകൊണ്ടാണ് അങ്ങിനെയുള്ളവരെ ശ്വപചതുല്യന്മാരായിട്ടു കാണണമെന്നു പറഞ്ഞതു്. ഇതിൽനിന്നു ശസ്ത്രക്രിയ ഏത്ര കരുതലോടുകൂടിയും ബുദ്ധിപൂർവ്വമായുമാണു ചെയ്യേണ്ടതെന്ന് ആചാര്യന്മാർ സിദ്ധാന്തിക്കുന്നതിനെ അതേ ഗൗരവത്തിൽത്തന്നെ മനസ്സിലാക്കേണ്ടതാകുന്നു.

പ്രാക്ശസ്ത്രകർമ്മണശ്ചേഷ്ടം ഭോജയേദന്നമാതുരം. 14
മദ്യപം പായയേന്മദ്യം തീക്ഷ്ണം യോ വേദനാസഹഃ
ന മൂർച്ഛത്യന്നസംയോഗാന്മത്തശ്ശസ്ത്രം ന ബുദ്ധ്യതേ. 15
അന്യത്ര മൂഢഗർഭാശ്മമുഖരോഗോദരാതുരാൽ

ശസ്ത്രകൎമ്മണഃ പ്രാക് = ശസ്ത്രക്രിയ ചെയ്യാൻ തുടങ്ങുന്നതിനു മുമ്പിൽ
ആതുരം = രോഗിയെ
ഇഷ്ടം അന്നം ഭോജയേൽ = വിഹിതമായ അന്നത്തെ ഭുജിപ്പിക്കയും
മദ്യപം = പതിവായി മദ്യം കുടിക്കുന്നവനേയും
യഃ വേദനാസഹഃ = ഏതൊരാൾ വേദന സഹിക്കാൻ കഴിയാത്തവനാകുന്നുവോ അവനെയും
തീക്ഷ്ണം മദ്യം = വീൎയ്യമേറിയ മദ്യത്തെ
പായയേൽ ച = കുടിപ്പിക്കയും ചെയ്യണം.
അന്നസംയോഗാൽ = ആഹാരം കഴിച്ചിരിക്കകൊണ്ട്
ന മൂർച്ഛതി = മൂർച്ഛിക്കയില്ല
മത്തഃ = മദ്യംകൊണ്ടു മദിച്ചിരിക്കുന്നവൻ
ശസ്ത്രം ന ബുദ്ധ്യതേ = ശസ്ത്രപ്രയോഗംകൊണ്ടുണ്ടാകുന്ന വേദനയെ അറികയില്ല.
മൂഢഗൎഭാശ്മമുഖരോഗോദരേഭ്യഃ അന്യത്ര } = മൂഢഗൎഭം, അശ്മരി, മുഖരോഗം, മഹോദരം ഇവയെ ഒഴിച്ചുള്ള മററു രോഗങ്ങളിൽ ശസ്ത്രക്രിയ ചെയ്യുമ്പോഴാണ് ഈ വിധി. ഈ രോഗങ്ങളിൽ അന്നം ഭുജിപ്പിക്കയോ മദ്യം കുടിപ്പിക്കയോ ചെയ്യരുതാ.

അഥാഹൃതോപകരണം വൈദ്യഃ പ്രാങ്മുഖമാതുരം. 16

സമ്മുഖോ യന്ത്രയിത്വാശു ന്യസേന്മർമ്മാദി വൎജ്ജയൻ
അനുലോമം സുനിശിതം ശസ്ത്രമാപൂയദൎശനാൽ. 17

സകൃദേവാഹരേത്തച്ച പാകേ തു സുമഹത്യപി
പാടയേദ്ദ്വ്യംഗുലം സമ്യഗ്ദ്വ്യംഗുലത്ര്യംഗുലാന്തരം. 18

ഏഷിത്വാ സമ്യഗേഷിണ്യാ പരിതസ്സുനിരൂപിതം
അംഗുലീനാളവാലൈൎവ്വാ യഥാദേശം യഥാശയം. 19

അഥ = അനന്തരം
ആഹൃതോപകരണം ആതുരം } = ശസ്ത്രക്രിയയ്ക്കു വേണ്ട ഉപകരണങ്ങളെയെല്ലാം തയ്യാറാക്കിയിരിക്കുന്ന രോഗിയെ
പ്രാങ്മുഖം = കിഴക്കോട്ടുനോക്കിയിരുത്തി
വൈദ്യഃ സമ്മുഖഃ = വൈദ്യൻ അയാൾക്ക് അഭിമുഖനായിരുന്ന്
യന്ത്രയിത്വാ = ബന്ധനംചെയ്തിട്ട്
സുനിശിതം ശസ്ത്രം = തേച്ചു നല്ല മൂച്ചവരുത്തിയിരിക്കുന്ന ശസ്ത്രത്തെ
അനുലോമം = ചലം നില്ക്കുന്ന സ്ഥലത്തിനുനേരേ
ആപൂയദൎശനാൽ = ചലം കാണുവോളം താഴ്ത്തി
മൎമ്മാദി വൎജ്ജയൻ ആശു ന്യസേൽ } = മൎമ്മം സന്ധി മുതലായ സ്ഥാനങ്ങളിൽപ്പെടാത്ത വിധത്തിൽ ശീഘ്രത്തിൽ കടത്തണം.
സകൃൽ ഏവ = അതേസമയത്തുതന്നെ
തൽ ആഹരേൽ ച = അതിനെ തിരിച്ചെടുക്കയും വേണം.
പാകേ തു സുമഹതി അപി = ശോഫപാകം ഏത്രതന്നെ വലുതായിരുന്നാലും
ദ്വ്യംഗുലം സമ്യക് പാടയേൽ = രണ്ടംഗുലം നീളത്തിൽ ശരിയായിട്ടു കീറണം.
പരിതഃ സുനിരൂപിതം = പിന്നെ ചുററുപാടും സൂക്ഷിച്ചുനോക്കിക്കണ്ടിട്ട്
ഏഷിണ്യാ = ഏഷിണീശസ്ത്രംകൊണ്ടോ
അംഗുലീനാളവാലൈഃ വാ = വിരലോ വല്ലതിന്റേയും തണ്ടോ, പന്നിവാൽപോലുള്ള രോമങ്ങളോകൊണ്ടോ
യഥാദേശം = ശോഫസ്ഥാനത്തിനനുസരിച്ചും
യഥാശയം = കീറിയ മുറിവിനനുസരിച്ചും

സമ്യക് ഏഷിത്വാ = ശരിയായിട്ടന്വേഷിച്ചറിഞ്ഞു്
ദ്വ്യംഗുലത്ര്യംഗുലാന്തരം = രണ്ടംഗുലമോ, മൂന്നംഗുലമോ ഇടവിട്ടു് വേണ്ടിവന്നാൽ കീറിക്കൊള്ളാം.

ശസ്ത്രം അകത്തേയ്ക്കു കടത്തുന്നതും പുറത്തേയ്ക്കു് എടുക്കുന്നതും ഒന്നായിട്ടുകഴിയണം. അത്രവേഗത്തിൽ ശസ്ത്രക്രിയ നിർവ്വഹിക്കണമെന്ന താല്പര്യം. പൂയാശയം എത്ര വലുതായിരുന്നാലും രണ്ടംഗുലം നീളത്തിലേ കീറാവൂ. അതുകൊണ്ടു് ചലം മുഴുവൻ പോരുന്നില്ലെന്നു കണ്ടാൽ എവിടെയൊക്കെയാണു ചലം തങ്ങിനില്ക്കുന്നതെന്നു് ഏഷിണിയോ അംഗുലീനാളവാലങ്ങളോ കൊണ്ടു് അന്വേഷിച്ചറിഞ്ഞു് അവിടെയൊക്കെ രണ്ടോ മൂന്നോ അംഗുലം ഇടവിട്ടു കീറിക്കൊള്ളണം. കീറിയ മുറിവു വിസ്തൃതവും പൂയാശയം വലുതുമാണെങ്കിൽ വിരലിട്ടുനോക്കി അറിയാം. അല്ലെങ്കിൽ ഏഷിണീനാളവാലങ്ങളിൽ വിഹിതമായതുകൊണ്ടു് ഏഷിക്കണം. മുറിവു വലുതായിപ്പോയാൽ ശുദ്ധമാക്കാനും ഉണക്കാനും പ്രയാസമായിവരുന്നതാകാം. അതുകൊണ്ടായിരിക്കണം രണ്ടംഗുലം നീളത്തിൽമാത്രം കീറിയാൽ മതി എന്നു വിധിച്ചതു്.

യതോ ഗതാം ഗതിം വിദ്യാദുത്സംഗോ യത്ര യത്ര ച
തത്ര തത്ര വ്രണം കുര്യാൽ സുവിഭക്തം നിരാശയം. 20
ആയതം ച വിശാലം ച യഥാ ദോഷോ ന തിഷ്ഠതി

യതഃ = എത്ര ദൂരംവരെ
ഗതിം ഗതാം വിദ്യാൽ = നാഡീവ്രണം നീണ്ടുപോയിട്ടുണ്ടെന്നു കണ്ടറിയുന്നുവോ
തതഃ = അത്രദൂരംവരെയും
യത്ര യത്ര ഉത്സംഗഃ = ഏതേതു ഭാഗത്തു ഉന്തലുള്ളതായിട്ടു കാണപ്പെടുന്നുവോ
തത്ര തത്ര ച = അതാതുഭാഗങ്ങളിലും
സുവിഭക്തം = മുറിവു നല്ലവണ്ണം വേർപെട്ടുവരത്തക്കവണ്ണം
നിരാശയം = ഉള്ളിൽ അറകളില്ലാത്തവിധത്തിലും
ആയതം വിശാലം ച = നീളത്തിലും വിസ്താരത്തിലും എന്നുവേണ്ട
യഥാ ദോഷഃ = എങ്ങനെയായാൽ പൂയരൂപമായ ദോഷം
ന തിഷ്ഠതി = ഉള്ളിൽ നില്ക്കാതിരിക്കുമോ
(തഥാ) വ്രണം കുര്യാൽ = അപ്രകാരം കീറി വ്രണമാക്കണം.

ശൗര്യമാശുക്രിയാ തീക്ഷ്ണം ശസ്ത്രമസ്വേദവേപഥൂ. 21
അസംമോഹശ്ച വൈദ്യസ്യ ശസ്ത്രകർമ്മണി ശസ്യതേ

ശൗര്യം = ശൂരത
ആശുക്രിയാ = എളുപ്പം ക്രിയചെയ്യാൻ സാധിക്കുക (കൈക്കുറുക്കം)
തീക്ഷ്ണം ശസ്ത്രം = നല്ല മൂർച്ചയുള്ള ശസ്ത്രം
അസ്വേദവേപഥൂ = വിയർക്കായ്ക, വിറയ്ക്കായ്ക
അസംമോഹഃ ച = വേണ്ടതെപ്പോഴം വേണ്ടതു വേണ്ടവിധത്തിൽ തോന്നുക ഇതെല്ലാവും
വൈദ്യസ്യ = ശസ്ത്രപ്രയോഗം ചെയ്യുന്ന വൈദ്യന്
ശസ്ത്രകർമ്മണി ശസ്യതേ = ശസ്ത്രക്രിയയിൽ അവശ്യം വേണ്ടതാകുന്നു.

തിര്യൿ ഛിന്ദ്യാല്ലലാടഭ്രൂദന്തവേഷ്ടകജത്രുണി. 22
കുക്ഷികക്ഷാക്ഷികൂടൗഷ്ഠകപോലഗളവംക്ഷണേ
അന്യത്ര ഛേദനാത്തിര്യൿ സിരാസ്നായുവിപാടനം. 23

ലലാടഭ്രൂദന്തവേഷ്ടകജത്രുണി = നെററി, പുരികം, പല്ലിന്റെ ഊനു്, ജത്രുസ്ഥാനം,
കുക്ഷികക്ഷാക്ഷികൂടൗഷ്ഠകപോലഗളവംക്ഷണേ } = വയറു്, കക്ഷം, നേത്രഗോളം, ചുണ്ടു്, കവിൾത്തടം, കഴുത്തു്, കവ ഈ പ്രദേശങ്ങളിൽ

തിര്യക് ഛിന്ദ്യാൽ = കുറുകെ കീറേണ്ടതാണ്.
അന്യത്ര തിര്യക്ഛേദനാൽ = മററുള്ളേടത്ത് കുറുകെ ഛേദിക്കുന്നതായാൽ
സിരാഃസ്നായുവിപാടനം = സിരകളും സ്നായുക്കളും മറ്റും അററുപോകാനിട യുണ്ട്.

ശസ്ത്രേവചാരിതേ വാഗ്ഭിശ്ശീതാംഭോഭിശ്ച രോഗിണം
ആശ്വാസ്യ പരിതോംഗുല്യാ പ്രതിപീഡ്യ വ്രണം തതഃ. 24
ക്ഷാളയിത്വാ കഷായേണ പ്ലോതേനാംഭോപനീയ ച
ഗുൽഗ്ഗുല്വഗരുസിദ്ധാർത്ഥഹിംഗുസർജ്ജരസാന്വിതൈഃ. 25
ധൂപയേൽ പട്വഷഡ്ഗ്രന്ഥാനിംബപത്രൈർഘൃതപ്ലുതൈഃ

ശസ്ത്രേ അവചാരിതേ = ക്രിയകഴിഞ്ഞു ശസ്ത്രം താഴത്തുവച്ചാൽ
വാഗ്ഭിഃ = രസകരങ്ങളായ വാക്കുകൾ പറഞ്ഞും
ശീതാംഭോഭിഃ ച = തണുത്ത വെള്ളം കുടഞ്ഞും
രോഗിണം ആശ്വാസ്യ = രോഗിയെ ആശ്വസിപ്പിച്ചിട്ട്
വ്രണം പരിതഃ = വ്രണത്തെ എല്ലാഭാഗത്തുനിന്നും
അംഗുല്യാ പ്രതിപീഡ്യ = വിരലുകൊണ്ട സാവധാനത്തിൽ ഞെക്കി ചലം കള-[ഞ്ഞിട്ട്
തതഃ = അനന്തരം
കഷായേണ = വിഹിതമായ മരുന്നിട്ടുവച്ച കഷായംകൊണ്ട്
ക്ഷാളയിത്വാ പ്ലോതേന = കഴുകി വൃത്തിയാക്കുകയും തുണിക്കഷണംകൊണ്ട്
അംഭഃ അപനീയ ച = വെള്ളം ഒപ്പിയെടുത്തുകളയുകയും ചെയ്തിട്ട്.
ഘൃതപ്ലുതൈഃ = നെയ്യ് ക്രുട്ടിക്കുഴച്ച
ഗുൽഗ്ഗുല്വഗരുസിദ്ധാർത്ഥ ഹിംഗുസർജ്ജരസാന്വിതൈഃ = ഗുൽഗ്ഗുലു, അകിൽ, കടുക്, കായം, ചെഞ്ചല്യം ഇതുകൾ ക്രുടിച്ചേർന്നുള്ള
പട്വഷഡ്ഗ്രന്ഥാനിംബപത്രൈഃ = ഇന്തുപ്പ്, വയമ്പ്, വേപ്പില ഇവകൊണ്ട
ധൂപയേൽ = വ്രണത്തിൽ പുകകൊള്ളിക്കണം.

ഇവിടെ വ്രണത്തിൽ പുകകൊള്ളിക്കണമെന്നു പറഞ്ഞിരിക്കുന്നതു് അത്ഥവത്തായ ഒരു കാര്യമാണെന്നു് പ്രത്യേകം ധരിക്കേണ്ടതാണ്. വ്രണത്തിൽ അതിസൂക്ഷ്മങ്ങളായ ഒരുവക കൃമികൾ കടന്നുകൂടുമെന്നും അതിനാലാണ് വ്രണത്തിൽ പഴുപ്പുണ്ടാകുന്നതെന്നും യാതൊരുവിധത്തിലും അണുകൃമിസ്സർശമുണ്ടാകാത്തമാതിരി വ്രണത്തെ ഉപചരിച്ചാൽ ഔഷധസഹായംക്രുടാതെതന്നെ വ്രണം ഉണങ്ങിക്കൊള്ളുമെന്നും നവീനശാസ്ത്രജ്ഞന്മാർ കണ്ടറിഞ്ഞിരിക്കുന്നു. അതനുസരിച്ചു ശസ്ത്രക്രിയയ്ക്കുപയോഗിക്കുന്ന എല്ലാ ഉപകരണങ്ങളും അണുകൃമിസ്സർശമില്ലാത്തവണ്ണം സംസ്കരിച്ചാണ് അവർ ശസ്ത്രക്രിയ ചെയ്യുന്നതു്. ഈ രഹസ്യം പൂർവാചാര്യന്മാരും അറിഞ്ഞിരുന്നുവെന്നു് അവരുടെ ഈ ധൂമവിധിയിൽനിന്നു മനസ്സിലാക്കാം. ധൂപംതന്നെ കൃമിനാശനമാണ്. പോരെങ്കിൽ അതിന്നുപയോഗിക്കാൻ പറഞ്ഞിരിക്കുന്ന മരുന്നുകളുമെല്ലാം കൃമിനാശനങ്ങളാകുന്നു.

തിലകല്കാജ്യമധുഭിർയഥാസ്വം ഭേഷജേന ച. 26
ദിശ്ധാം വർത്തിം തതോ ദദ്യാത്തൈരേവാച്ഛാദയേച്ച താം
ഘൃതാക്തൈസ്സക്തുഭിശ്ചോർദ്ധ്വം ഘനാം കബളികാം തതഃ 27
നിധായ യുക്ത്യാ ബധ്നീയാൽ പട്ടേന സുസമാഹിതഃ
പാർശ്വേ സവ്യേപസവ്യേ വാ നാധസ്താന്നൈവ ചോപരി. 28

തതഃ = അനന്തരം
തിലകല്കാജ്യമധുഭിഃ = എള്ളരച്ച കുഴമ്പാക്കിയതു്, നെയ്യ്, തേൻ ഇവ കൊണ്ടും

യഥാസ്വം = വ്രണത്തിലെ ദോഷസ്ഥിതിക്കും മററും യോജിച്ച
ഭേഷജേന ച = വിഹിതമായ മരുന്നുകൊണ്ടും
ദിഗ്ദ്ധാം വർത്തിം = പുറമേ പൂശിയിട്ടുള്ള വർത്തിയെ
ദദ്യാൽ = വ്രണത്തിൽ കടത്തിവയ്ക്കണം.
തൈഃ ഏവ = ആ മരുന്നുകൊണ്ടുതന്നെ
താം ആച്ഛാദയേൽ ച = വർത്തി മൂടത്തക്കവണ്ണം അതിന്റെമേൽ പൂശുകയും വേണം.
ഊർദ്ധ്വം = അതിന്മേൽ
ഘൃതാക്തൈഃ സക്തുഭിഃ ച = നെയ്യ് കൂട്ടിക്കുഴച്ച മലർപ്പൊടികൊണ്ടും പൂശണം (യവസക്തുവാണധികം നല്ലത്)
തതഃ = അതിനുശേഷം
ഘനാം കബലികാം നിധായ = കട്ടിയുള്ള പുറന്തഴി വെച്ചിട്ട്
സുസമാഹിതഃ = നല്ല മനസ്സമാധാനത്തോടുകൂടിയിരുന്ന്
സവ്യേ അപസവ്യേ വാ പാർശ്വേ = ഇടത്തേ പാർശ്വത്തിലോ വലത്തേ പാർശ്വത്തിലോ
പട്ടേന = കച്ചമുണ്ടുകൊണ്ട്
യുക്ത്യാ ബധ്നീയാൽ = യുക്തി ഉപയോഗിച്ച് കെട്ടിക്കൊള്ളണം.
ന അധസ്താൽ = കീഴ്ഭാഗത്തു കെട്ടരുത്;
ന ഉപരി ച ഏവ = മേൽഭാഗത്തും കെട്ടരുത്.

വ്രണം മുഴുവൻ മൂടത്തക്കവണ്ണം തുണിയോ മറ്റോ വട്ടത്തിൽ വെട്ടിവയ്ക്കുന്നതാണ് പുറന്തഴി. അതുതന്നെയാണ് കബലിക. വാതകഫോത്ഥമായ വ്രണമാണെങ്കിൽ രണ്ടുമൂന്നു ചുററിട്ടു കെട്ടണം. പിത്തരക്തോത്ഥമോ അഭിഘാതജമോ ആയ വ്രണം ഒരു ചുററിട്ടു കെട്ടിയാൽ മതി. ഇതൊക്കെയാണ് കെട്ടുന്നതിൽ ഉപയോഗിക്കുവാനുള്ള യുക്തി.

ശുചിസൂക്ഷ്മദൃഢാഃ പട്ടാഃ കബല്യസ്സവികേശികാഃ
ധൂപിതാ മൃദവഃ ശ്ലക്ഷ്ണാ നിർവ്വലീകാ വ്രണേ ഹിതാഃ 29

ശുചിസൂക്ഷ്മദൃഢാഃ = ശുദ്ധിയുള്ളവയും, നേർത്ത ഇഴയും ഉറപ്പുമുള്ളവയും
ധൂപിതാഃ മൃദവഃ = പുക ഏല്പിച്ചിട്ടുള്ളവയും മാർദ്ദവമുള്ളവയും
ശ്ലക്ഷ്ണാഃ നിർവ്വലീകാഃ = മിനുസമുള്ളവയും ചുളിച്ചിലില്ലാത്തവയുമായ
പട്ടാഃ = ചുററിക്കെട്ടാനുള്ള കച്ചമുണ്ടുകളും
സവികേശികാഃ കബല്യഃ = തിരികളും പുറന്തഴികളുമാകുന്നു
വ്രണേ ഹിതാഃ = വ്രണത്തിൽ ഹിതങ്ങളായിട്ടുള്ളവ.

കുർവ്വീതാനന്തരം തസ്യ രക്ഷാം രക്ഷോനിഷിദ്ധയേ
ബലിം ചോപഹരേത്തേഭ്യസ്സദാ മൂർദ്ധ്നാവധാരയേൽ. 30

ലക്ഷ്മീം ഗുഹാമതിഗുഹാം ജടിലാം ബ്രഹ്മചാരിണീം
വാചാം ഛത്രാമതിച്ഛത്രാം ദൂർവ്വാം സിദ്ധാർത്ഥകാനപി. 31

അനന്തരം = ഇതൊക്കെച്ചെയ്തതിനുശേഷം
രക്ഷോനിഷിദ്ധയേ = രക്ഷസ്സുകൾ ബാധിക്കാതിരിക്കാനായി
തസ്യ രക്ഷാം കുർവ്വീത = അവന്നു വേണ്ട രക്ഷ ചെയ്യണം.
തേഭ്യഃ = ആ രക്ഷസ്സുകളെ ഉദ്ദേശിച്ച്
ബലിം ഉപഹരേൽ ച = ബലികൊടുക്കുകയും വേണം,
ലക്ഷ്മീം ഗുഹാം അതിഗുഹാം = ഓരിലത്താമരയേയും ഓരില, മൂവില ഇവകളെയും
ജടിലാം ബ്രഹ്മചാരിണീം = ജടാമാഞ്ചിയേയും ബ്രഹ്മദണ്ഡികയേയും
വചാം ഛത്രാം അതിഛത്രാം = വയമ്പിനേയും ഛത്രാതിഛത്രകളേയും

| | |
|---|---|
| ദ്രവ്യാം സിദ്ധാർത്ഥകാൻ അപി | = കടുകയേയും പലതരം കട്ടകങ്ങളേയും |
| സദാ മൂർദ്ധ്നാ അവരാധയേൽ | = എല്ലായ്പ്പോഴും ശിരസ്സുകൊണ്ടു ധരിക്കണം. |

ബലി എന്നു കേൾക്കുമ്പോൾ നവീനവിജ്ഞാനികൾക്കു ചിരിവരാതിരിക്കയില്ല. അവർക്കു ലഭിച്ചിട്ടുള്ള വിജ്ഞാനങ്ങളിൽ ബലിഹോമാദികളില്ലെന്നുള്ളതുമാത്രമായിരിക്കും അവരുടെ ചിരിക്കുള്ള ഹേതു. ഏതു സംഗതിയെക്കുറിച്ചും അവഗാഢമായി ചിന്തിച്ചു ശീലിച്ചിട്ടുള്ളവർക്കു ചിരിപ്പിക്കുന്നതായ കാര്യം ദുർല്ലഭമായിരിക്കും എന്നതു് ഒരു പരമാർത്ഥമാണു്. തൽക്കാലം രക്ഷസ്സുകൾക്കുവേണ്ടിച്ചെയ്യുന്ന ബലികർമ്മത്തെ അവരൊന്നു സൂക്ഷിച്ചുനോക്കട്ടെ. അതിലേയ്ക്കുപയോഗിക്കുന്ന സാധനങ്ങളും ആ കർമ്മനിർവ്വഹണവും അണുകൃമിനാശകങ്ങളായിരിക്കും. നമുക്കിവിടെ അതു് മതിയാകുമല്ലോ. രക്ഷസ്സുകൾ അരൂപികൾ അല്ലെങ്കിൽ അദൃശ്യരൂപികളാണു്. നമ്മുടെ അണുകൃമികളും അദൃശ്യരൂപികളാണു്. രക്ഷസ്സുകളെപ്പോലെ രക്തപായികളും മാംസഭോജികളുംതന്നെയാണു് ഈ അണുകൃമികളും. രക്ഷോനിബർഹണത്തിനായി ഇവിടെ വിധിക്കുന്ന ബലികർമ്മാദികൾകൊണ്ടു് അണുകൃമികൾ നശിച്ചുപോകുന്നുമുണ്ടു്.

തതഃ സ്നേഹാദിനേഹോക്തം തസ്യാചാരം സമാദിശേൽ
ദിവാസ്വപ്നോ വ്രണേ കണ്ഡൂരാഗരുക്ശോഫപൂയകൃൽ. 32

| | |
|---|---|
| തതഃ | = അനന്തരം |
| സ്നേഹാദിനാ ഇഹ ഉക്തം ആചാരം | = സ്നേഹവിധിയിലും ദിനചര്യയിലും പറഞ്ഞിട്ടുള്ള പഥ്യക്രമത്തേയും സദാചാരത്തേയും അനുഷ്ഠിക്കുവാനായി |
| തസ്യ സമാദിശേൽ | = അവനു വ്യക്തമായിട്ടുപദേശിച്ചുകൊടുക്കണം. |
| ദിവാസ്വപ്നഃ | = പകലുറക്കം |
| വ്രണേ കണ്ഡൂരാഗരുക്-ശോഫപൂയകൃൽ | = വ്രണത്തിൽ ചൊറിച്ചിൽ, ചുവപ്പു്, വേദന, നീരു്, പഴുപ്പു് ഇവയെ ഉണ്ടാക്കുന്നതാണു്. |

സ്ത്രീണാം തു സ്മൃതിസംസ്പർശദർശനൈശ്ചലിതേ സ്രുതേ
ശുക്ലേ വ്യവായജാൻ ദോഷാനസംസർഗ്ഗേപ്യവാപ്നുയാൽ. 33

| | |
|---|---|
| സ്ത്രീണാം | = സ്ത്രീകളുടെ |
| സ്മൃതിസംസ്പർശദർശനൈഃ തു | = വിചാരം, സ്പർശനം, ദർശനം ഇതുകൾകൊണ്ടുതന്നെ |
| ശുക്ലേ ചലിതേ | = ശുക്ലം സ്ഥാനത്തുനിന്നു ചലിക്കയും |
| സ്രുതേ | = പുറത്തേക്കു സ്രവിക്കയും ചെയ്താൽ |
| അസംസർഗ്ഗേ അപി | = സംഭോഗമുണ്ടായില്ലെങ്കിലും |
| വ്യവായജാൻ ദോഷാൻ | = സംഭോഗം ചെയ്താലുണ്ടാകുന്ന ദോഷങ്ങളെ |
| അവാപ്നുയാൽ | = അനുഭവിക്കാനിടയാകും. |

പകലുറക്കവും സ്ത്രീസേവയും തീരെ വർജ്ജിച്ചിരിക്കണമെന്നാണു് ഇതിൽനിന്നും ഗ്രഹിക്കേണ്ടതു്.

ഭോജനം തു യഥാസാത്മ്യം യവഗോധൂമഷഷ്ടികാഃ
മസൂരതുവരീമുദ്ഗാജീവന്തീസുധിഷണ്ഡകാഃ. 34

ബാലമൂലകവാർത്താകതണ്ഡുലീയകവാസ്തുകം
കാരവേല്ലകകർക്കോടപടോലകടുകാഫലം. 35

സൈന്ധവം ഡാഡിമം ധാത്രീ ഘൃതം തപ്തഹിമം ജലം

| | |
|---|---|
| ഭോജനം തു | = ആഹാരമാകട്ടേ |
| യഥാസാത്മ്യം | = സാത്മ്യത്തിന്നനുസരിച്ചു് |
| യവഗോധൂമഷഷ്ടികാഃ | = യവം, കോതമ്പു്, ഞവരയരി ഈ അന്നങ്ങളും |

മസൂരതുവരീമുദ്ഗാഃ = ചണമ്പയറ്, തുവരപ്പയറ്, ചെറുപയറ് ഇവ യൂഷ-
ജീവന്തീസുനിഷണ്ണകാഃ = അടപതിയൻ, നീരാരൽ (ങ്ങളും
ബാലമൂലകവാർത്താക-
തണ്ഡുലീയകവാസ്തുകം } = ഇളയ മുള്ളങ്കി, കത്തിരിക്കാ, ചെറുചീര, കുപ്പച്ചീര
കാരവെല്ലകകർക്കോട-
പടോലകട്ടകാഫലം } = പാവയ്ക്കാ, കരട്ടുപാവയ്ക്കാ, പടവലങ്ങാ, ചുരയ്ക്കാ ഇവ ശാകങ്ങൾ കൊണ്ടുള്ള കറികളും
സൈന്ധവം ദാഡിമം = ഇന്തുപ്പ്, മാതളക്കാ,
ധാത്രീഘൃതം = നെല്ലിക്കാ ഇവ വ്യഞ്ജനങ്ങളും, നെയ്യും
തപ്തഹിമം ജലം = കാച്ചിത്തണുപ്പിച്ച വെള്ളവും കുടിക്കണം.

ചോറും കറികളുള്ള സാധനങ്ങളുമെല്ലാം ഇവിടെ പറഞ്ഞുകഴിഞ്ഞു ഇതിൽ അവരവർക്കിണങ്ങിയതിനെ തിരഞ്ഞെടുത്തുപയോഗിച്ചുകൊൾകയേവേണ്ടു.

ജീർണ്ണശാല്യോദനം സ്നിഗ്ദ്ധമല്പമുഷ്ണോദകോത്തരം. 36

ഭുഞ്ജാനോ ജാംഗലൈർമാംസൈശ്ശീഘ്രം വ്രണമപോഹതി

സ്നിഗ്ദ്ധം = നെയ്ചേർത്തു സ്നിഗ്ദ്ധമാക്കിയ
ജീർണ്ണശാല്യോദനം = പഴക്കംചെന്ന ചെന്നെല്ലിന്റെ അരികൊണ്ടുവച്ച-
ജാംഗലൈഃ മാംസൈഃ = ജാംഗലമാംസംകൂട്ടി (ചോറ്
അല്പം = അല്പമാത്രമായും
ഉഷ്ണോദകോത്തരം = ഒടുവിൽ ചൂടുവെള്ളം കുടിച്ചുകൊണ്ടും
ഭുഞ്ജാനഃ = ഭുജിച്ചുകൊണ്ടിരിക്കുന്നവൻ
ശീഘ്രം = വളരെവേഗത്തിൽ
വ്രണം അപോഹതി = വ്രണത്തെ ശമിപ്പിക്കുന്നു. (വ്രണം ശമിക്കുമെന്നർത്ഥം.)

വ്രണരോഗികളെ വെള്ളം തൈരുകൊണ്ടുതൊടാൻപോലും സമ്മതിക്കാതെയും ചോറുതന്നെ വറുത്തു യാതൊരു കൂട്ടുമില്ലാതെ തീറ്റിച്ചും കഠിനപഥ്യംപിടിപ്പിച്ചും കഷ്ടപ്പെടുത്തിവരുന്ന വൈദ്യന്മാർ ഈ ഒരു ശ്ലോകമെങ്കിലും അതിന്റെ സംഗ്രഹണത്തോടുകൂടി പഠിച്ചുവച്ചുകൊള്ളുന്നതു രോഗികൾക്കു വലിയൊരു അനുഗ്രഹമായിരിക്കും.

അശിതം മാത്രയാ കാലേ പഥ്യം യാതി ജരാം സുഖം. 37

അജീർണ്ണേ തു അനിലാദീനാം വിഭ്രമോ ബലവാൻ ഭവേൽ

തതഃ ശോഫരുജാപാകദാഹാനാഹാനവാപ്നുയാൽ. 38

കാലേ = വിധിച്ചിട്ടുള്ള ഭോജനകാലത്തു
മാത്രയാ = വിഹിതമായ മാത്രയിൽ
അശിതം പഥ്യം = ഭക്ഷിക്കപ്പെടുന്ന പഥ്യാന്നം
സുഖം ജരാം യാതി = സുഖമായിട്ടു ദഹിക്കുന്നു.
അജീർണ്ണേ തു = ഭുക്തം ദഹിക്കാതെകിടന്നുപോയാൽ
അനിലാദീനാം = വാതാദിദോഷങ്ങൾക്കു
ബലവാൻ വിഭ്രമഃ ഭവേൽ = വലുതായ ക്ഷോഭം ഉണ്ടാകും.
തതഃ ശോഫരുജാപാക-
ദാഹാനാഹാൻ } = അതുനിമിത്തം നീരു്, വേദന, പഴുപ്പ്, സർവ്വാംഗസന്താപം, വയറുപെരുക്കം ഇവക ഉപദ്രവങ്ങളെ
അവാപ്നുയാൽ = അനുഭവിക്കാനിടയാകും.

നവധാന്യം തിലാൻ മാഷാൻ മദ്യം മാംസം ത്വജാംഗലം

ക്ഷീരേക്ഷുവികൃതീരമ്ലം ലവണം കടുകം ത്യജേൽ. 39

യച്ചാന്യദപി വിഷ്ടംഭി വിദാഹി ഗുരു ശീതളം

വർഗ്ഗോയം നവധാന്യാദിർവ്രണിനസ്സർവ്വദോഷകൃൽ. 40

നവധാന്യം തിലാൻ മാഷാൻ = നവധാന്യത്തെയും എള്ള്, ഉഴുന്ന് ഇവയേയും
മദ്യം മാംസം തു അജാംഗലം = മദ്യത്തെയും ജാംഗലമല്ലാത്ത മാംസത്തെയും
ക്ഷീരേക്ഷുവികൃതീഃ = പാലോ കരിമ്പിൻനീരോ കൊണ്ടുണ്ടാക്കിയ പലതരം ഭക്ഷ്യങ്ങളെയും
അമ്ലം ലവണം കടുകം = പുളി, ഉപ്പ്, എരിവ് ഇവ രസങ്ങൾ മുഖ്യമായിട്ടുള്ള ദ്രവ്യങ്ങളെയും
യൽ വിഷ്ടംഭി = ഏതേതാഹാരസാധനം വിഷ്ടംഭത്തെ ഉണ്ടാക്കുന്നതും
വിദാഹി ഗുരു = വിദാഹത്തെ ഉണ്ടാക്കുന്നതും ഗുരുത്വമുള്ളതും
ശീതളം ച = തണുപ്പേറിയതുമായിട്ടുണ്ടോ
തൽ അന്യൽ അപി ത്യജേൽ = അങ്ങനെയുള്ള മററുവകയേയും വർജ്ജിച്ചിരിക്കണം.
അയം നവധാന്യാദിവർഗ്ഗഃ = ഇപ്പറഞ്ഞ നവധാന്യാദിവർഗ്ഗം
വ്രണിനഃ = വ്രണരോഗികൾക്ക്
സർവദോഷകൃൽ = സർവദോഷങ്ങളേയും ഉണ്ടാക്കുന്നതായിരിക്കും.

മദ്യം തീക്ഷ്ണോഷ്ണരൂക്ഷാമ്ലമാശു വ്യാപാദയേദ്വ്രണം

മദ്യം തീക്ഷ്ണോഷ്ണരൂക്ഷാമ്ലം = മദ്യം തീക്ഷ്ണവും ഉഷ്ണവും രൂക്ഷവും അമ്ലവുമായിട്ടുള്ളതാണ്.
ആശു വ്രണം വ്യാപാദയേൽ = അതുപയോഗിച്ചാലുടനേ വ്രണത്തെ തകരാറാക്കും.

അത്രയേറെ തീക്ഷ്ണോഷ്ണരൂക്ഷാമ്ലമല്ലാത്ത മദ്യം മദ്യശീലികൾ മിതമായിട്ട് ഉപയോഗിക്കുന്നതിന് വിരോധമില്ല എന്നു ഇതിൽനിന്നു ഗ്രഹിക്കാം.

വാലോശീരൈശ്ച വീജേത ന ചൈനം പരിഘട്ടയേൽ. 41

ന തുദേന്ന ച കണ്ഡൂയേച്ചേഷ്ടമാനശ്ച പാലയേൽ

വാലോശീരൈഃ ച = വെഞ്ചാമരംകൊണ്ടും രാമച്ചവിശറികൊണ്ടും
ഏനം വീജേത = വ്രണസ്ഥാനത്തു വീശണം.
ന ച പരിഘട്ടയേൽ = വീശുമ്പോഴും അല്ലാതെയും വ്രണത്തിൽ ഘട്ടനമരുത്.
ന തുദേൽ ന കണ്ഡൂയേൽ ച = മാന്തുകൊണ്ടു വ്രണത്തിൽ കുത്തരുത് ചൊറികയുമരുത്
ചേഷ്ടമാനഃ ച = വ്രണമുള്ള അംഗം വെറുതെ വച്ചുകൊണ്ടിരിക്കാതെ വേണ്ടുംവണ്ണം വ്യാപരിപ്പിച്ചുകൊണ്ട്
പാലയേൽ = വ്രണത്തെ സൂക്ഷിച്ചു രക്ഷിക്കണം.

സ്നിഗ്ദ്ധവൃദ്ധദ്വിജാതീനാം കഥാശ്ശൃണ്വൻ മനഃപ്രിയാഃ 42

ആശാവാൻ വ്യാധിമോക്ഷായ ക്ഷിപ്രം വ്രണമപോഹതി

സ്നിഗ്ദ്ധവൃദ്ധദ്വിജാതീനാം = സ്നേഹമുള്ള ആളുകളുടേയും, ആരാധ്യന്മാരായ വൃദ്ധന്മാരുടേയും ബ്രഹ്മവിത്തുക്കളായ ബ്രാഹ്മണരുടേയും
മനഃപ്രിയാഃ = മനസ്സിനെ പ്രീണിപ്പിക്കുന്നതായ
കഥാഃ ശൃണ്വൻ = കഥകളെ കേട്ടുകൊണ്ട്
വ്യാധിമോക്ഷായ ആശാവാൻ = രോഗം ശമിക്കണമെന്നു ആഗ്രഹിച്ചിരിക്കുന്നവൻ
ക്ഷിപ്രം വ്രണം അപോഹതി = വേഗത്തിൽ വ്രണത്തെ ശമിപ്പിക്കുന്നു.

ഇതു് ഒരു മാനസികചികിത്സയാണ്. രോഗംവല്ലതും ബാധിച്ചുകഴിഞ്ഞാൽ പലതരത്തിലുള്ള സങ്കടങ്ങൾ അവൻ അനുഭവിക്കേണ്ടിവരും. അതിനുപുറമേ മരണത്തെപ്പററി ഒരു വിചാരവും ചിലപ്പോഴൊക്കെ അവനുണ്ടായി എന്നു വരാം. ഇതൊക്കെ മനസ്സിനെ ദുർബ്ബലപ്പെടുത്തുന്നവയാണ്. പലപ്പോഴും പല രോഗങ്ങളേയും അസാദ്ധ്യങ്ങളോ അതിദീർഘങ്ങളോ ആക്കിത്തീർക്കുന്നതു് മനസ്സിൻെറ ഈ ദുർബ്ബലതയാകുന്നു. മനസ്സിനെ ബലിഷ്ഠവും സന്തുഷ്ടവുമാക്കി വച്ചുകൊള്ളാമെങ്കിൽ

അതുകൊണ്ടുതന്നെ മിക്കവാറുമുള്ള രോഗങ്ങളൊക്കെ ശമിച്ചുപോകും. ഈ രഹസ്യത്തേയും അൽഭുതകരമായ അതിന്റെ ഫലത്തേയും ഉള്ളവണ്ണം അറിയായ്ക കൊണ്ടാണ് നല്ല വൈദ്യന്മാരെന്നു അറിയപ്പെട്ടിരിക്കുന്നവർക്കും ചിലപ്പോഴൊക്കെ ചികിത്സയിൽ പരാജയപ്പെടേണ്ടിവരുന്നതു്. ആയുർവ്വേദഗ്രന്ഥങ്ങളിൽ അങ്ങിങ്ങായിട്ടു് "വിപ്രകീർണ്ണ"ങ്ങളും അവിസ്പഷ്ടാർത്ഥങ്ങളുമായിക്കിടക്കുന്ന ഇത്തരം ചികിത്സാവിധികളേയും രോഗഹേതുക്കളേയുമൊക്കെ സമുച്ചയിച്ചു് മാനസികചികിത്സ എന്നൊരു നവീനപദ്ധതി തുറക്കുന്നതു് ആയുർവ്വേദത്തിനു അഭിവൃദ്ധികരവും ആതുരലോകത്തിനു ആശ്വാസപ്രദവുമായിരിക്കും.

തൃതീയേഹ്നി പുനഃ കുര്യാദ്വ്രണകർമ്മ ച പൂർവ്വവൽ. 43

പ്രക്ഷാളനാദി ദിവസേ ദ്വിതീയേ നാചരേത്തഥാ
തീവ്രവ്യഥോ വിഗ്രഥിതശ്ചിരാൽ സംരോഹതി വ്രണഃ 44

പുനഃ തൃതീയേ അഹനി = ശസ്ത്രക്രിയ കഴിഞ്ഞു രോഗിയെ പഥ്യാചരണത്തിലിരുത്തിയതിന്റെ പിന്നെ മൂന്നാം ദിവസം
പൂർവ്വവൽ = മുൻപിലത്തെപ്പോലെ (കെട്ടഴിച്ചിട്ടു്)
പ്രക്ഷാളനാദി വ്രണകർമ്മ = കഴുകുക, പുകയ്ക്കുക മുതലായ വ്രണോപചാരങ്ങൾ
കുര്യാൽ ച = ആവർത്തിച്ചുചെയ്യണം.
ദ്വിതീയേ ദിവസേ ന ആചരേൽ = രണ്ടാം ദിവസം അതൊന്നും ചെയ്യരുതു്.
തഥാ വ്രണഃ = അങ്ങനെ ചെയ്യുന്നതായാൽ വ്രണം
തീവ്രവ്യഥഃ വിഗ്രഥിതഃ = ഉഗ്രമായ വേദനയുള്ളതായി കല്ലിച്ചുംപോയിട്ടു്
ചിരാൽ സംരോഹതി = ഏറെനാൾകൊണ്ടുമാത്രം ഉണങ്ങുന്നു.

സ്നിഗ്ദ്ധാം രൂക്ഷാം ശ്ലഥാം ഗാഢാം ദുർന്ന്യസ്താം ച വികേശികാം
വ്രണേ ന ദദ്യാൽ കല്കം ച സ്നേഹാൽ ക്ലേദോ വിവർദ്ധതേ. 45

മാംസച്ഛേദോതിരുഗ്രൗക്ഷ്യാദ്ദരണം ശോണിതാഗമഃ
ശ്ലഥാതിഗാഢദുർന്ന്യാസൈർവ്രണവർത്മാവഘർഷണം. 46

സ്നിഗ്ദ്ധാം = അധികം സ്നിഗ്ദ്ധമായിരിക്കുക
രൂക്ഷാം = വളരെ രൂക്ഷമായിരിക്കുക
ശ്ലഥാം ഗാഢാം = തീരെ അയഞ്ഞുപോവുക ഏറെ മുറുകിപ്പോവുക
ദുർന്ന്യസ്താം ച = വേണ്ടവണ്ണമല്ലാതെവയ്ക്കുക
വികേശികാം = (ഈവിധത്തിലായിട്ടു) തിരി
വ്രണേ ന ദദ്യാൽ = വ്രണത്തിൽ വയ്ക്കരുതു്.
കല്കം ച = അപ്രകാരമുള്ള കല്കൗഷധത്തേയും വയ്ക്കരുതു്.
സ്നേഹാൽ = സ്നേഹാധിക്യംനിമിത്തം
ക്ലേദഃ വിവർദ്ധതേ = നനവു് അധികമായിത്തീരും.
രൗക്ഷ്യാൽ മാംസച്ഛേദഃ = രൗക്ഷ്യം അധികമായാൽ മാംസം മുറിഞ്ഞുപോക
അതിരുക് ദരണം = വേദനയധികമാവുക, വ്രണത്തിൽ വിള്ളലുണ്ടാവുക
ശോണിതാഗമഃ = രക്തംവരിക ഇതെല്ലാമുണ്ടാകും.
ശ്ലഥാതിഗാഢദുർന്ന്യാസൈഃ = അയഞ്ഞോ മുറുകിയോ ഇരിക്കുകകൊണ്ടും വേണ്ടവിധത്തിലല്ലാതെ വയ്ക്കുകകൊണ്ടും
വ്രണവർത്മാവഘർഷണം = വ്രണമാർഗ്ഗത്തിനു ഉരസ്സലും ക്ഷതവുമുണ്ടാകും.

സപൂതിമാംസം സോത്സംഗം സഗതിം പൂയഗർഭിണം
വ്രണം വിശോധയേച്ഛീഘ്രം സ്ഥിതാ ഹ്യന്തർവികേശികാ. 47

ഹി = യാതൊന്നുഹേതുവായിട്ടു്
സപൂതിമാംസം = മാംസം അളിഞ്ഞുനാറിയിരിക്കുന്നതും

| | |
|---|---|
| സോത്സാംഗം സഗതീം | = ഉന്തലോടുകൂടിയതും നാളീവ്രണത്തോടുകൂടിയതും |
| പൂയഗർഭിന്നം വ്രണം | = ഉള്ളിൽ ചലം തങ്ങിനില്ക്കുന്നതുമായ വ്രണത്തെ |
| അന്തഃസ്ഥിതാ വികേശികാ | = ഉള്ളിൽ കടത്തിവച്ചിരിക്കുന്ന തിരി |
| ശീഘ്രം വിശോധയേൽ | = വളരെ വേഗത്തിൽ ശുദ്ധമാക്കും. |
| (തസ്മാൽ) | = അതുകൊണ്ടു വ്രണത്തിൽ തിരിവയ്ക്കേണ്ടതു് ആവശ്യമാകുന്നു. |

വ്യമ്ലം തു പാടിതം ശോഫം പാചനൈസ്സമുപാചരേൽ
ഭോജനൈരുപനാഹൈശ്ച നാതിവ്രണവിരോധിഭിഃ 48

| | |
|---|---|
| വ്യമ്ലം തു ശോഫം | = ശരിക്കു പാകമാകാത്തതായ ശോഫം |
| പാടിതം | = കീറിപ്പോയാൽ |
| പാചനൈഃ | = പഴുപ്പിക്കുന്നവയും |
| നാതിവ്രണവിരോധിഭിഃ | = വ്രണത്തിൽ അധികം വിരോധമില്ലാത്തവയുമായ |
| ഭോജനൈഃ | = ആഹാരങ്ങൾകൊണ്ടും |
| ഉപനാഹൈഃ ച | = ഉപനാഹപ്രയോഗങ്ങൾകൊണ്ടും |
| സമുപാചരേൽ | = വേണ്ടവണ്ണം ഉപചരിക്കണം. |

സദ്യസ്സദ്യോവ്രണാൻ സീവേദ്വിവൃതാനഭിഘാതജാൻ
മേദോജാൻ ലിഖിതാൻ ഗ്രന്ഥീൻ ഹ്രസ്വാഃ പാളീശ്ച കർണ്ണയോഃ

ശിരോക്ഷികൂടനാസൗഷ്ഠഗണ്ഡകർണ്ണോരുബാഹുഷു
ഗ്രീവാലലാടമുഷ്കസ്ഫിങ്മേഢ്രപായൂദരാദിഷു. 50

ഗംഭീരേഷു പ്രദേശേഷു മാംസളേഷ്വചലേഷു ച

| | |
|---|---|
| അഭിഘാതജാൻ | = അടി, വെട്ടു മുതലായതുകൊണ്ടുണ്ടായവയും |
| വിവൃതാൻ | = മുഖം തുറന്നു മലർന്നിരിക്കുന്നവയുമായ |
| സദ്യോവ്രണാൻ ലിഖിതാൻ | = സദ്യോവ്രണങ്ങളേയും കീറി ഉരച്ചുകളഞ്ഞിട്ടു് |
| മേദോജാൻ ഗ്രന്ഥീൻ | = മേദോവൃദ്ധികൊണ്ടുണ്ടായ ഗ്രന്ഥികളേയും |
| ഹ്രസ്വാഃ | = നേർത്തു ചെറുതായിപ്പോയ |
| കർണ്ണയോഃ പാളീഃ ച | = കാതുവള്ളികളേയും |
| സദ്യഃ സീവ്യേൽ | = ഉടനെ തുന്നിത്തയ്ക്കണം. |
| ശിരോക്ഷികൂടനാസൗഷ്ഠ-ഗണ്ഡകർണ്ണോരുബാഹുഷു | = ശിരസ്സു്, അക്ഷികൂടം, മൂക്കു്, ചുണ്ടു്, കവിൾത്തടം, കാതു്, തുട, കൈയു് |
| ഗ്രീവാലലാടമുഷ്കസ്ഫി-ങ്മേഢ്രപായൂദരാദിഷു | = കഴുത്തു്, നെററി, വൃഷണം, ആസനം, ലിംഗം, ഗുദം, വയറു് മുതലായ സ്ഥലങ്ങളിലേയും |
| ഗംഭീരേഷു മാംസളേഷു | = ആഴമുള്ളവയും അധികം മാംസമുള്ളവയും |
| അചലേഷു ച പ്രദേശേഷു | = ചലിക്കാതിരിക്കുന്നവയുമായ പ്രദേശങ്ങളിലേയും വ്രണങ്ങളെയാണു് തുന്നിത്തയ്ക്കേണ്ടതു്. |

ന തു വംക്ഷണകക്ഷാദാവല്പമാംസേ ചലേ വ്രണാൻ. 51

വായുനിർവാമിണശ്ശല്യഗർഭാൻ ക്ഷാരവിഷാഗ്നിജാൻ

| | |
|---|---|
| വംക്ഷണകക്ഷാദൗ | = കഴല, കക്ഷം മുതലായി |
| അല്പമാംസേ | = മാംസം കുറവുള്ള സ്ഥലത്തേയും |
| ചലേ വ്രണാൻ | = ചലിച്ചുകൊണ്ടിരിക്കുന്നസ്ഥലത്തേയും വ്രണങ്ങളേ- |
| വായുനിർവാമിണഃ | = വായു പുറത്തേക്കുവന്നുകൊണ്ടിരിക്കുന്നവയും [യും |
| ശല്യഗർഭാൻ | = ഉള്ളിൽ ശല്യത്തോടുകൂടിയവയും |
| ക്ഷാരവിഷാഗ്നിജാൻ ന തു | = ക്ഷാരംകൊണ്ടും വിഷംകൊണ്ടും അഗ്നികൊണ്ടുമുണ്ടായിട്ടുള്ള വ്രണങ്ങളെയും തുന്നിത്തച്ചുകൂടാ. |

സീവനം ചെയ്യേണ്ട വ്രണങ്ങളെയും സീവനം ചെയ്തുകൂടാത്ത വ്രണങ്ങളെയും വ്രണസ്ഥാനങ്ങളോടുകൂടി വിവരിച്ചിട്ട് ഇനി സീവനക്രമത്തെ വിശദീകരിക്കുന്നു.

സീവ്യേച്ചലാസ്ഥിശുഷ്കാസ്രതൃണരോമാപനീയ ച. 52
പ്രലംബി മാംസം വിച്ഛിന്നം നിവേശ്യ സ്വനിവേശനേ
സന്ധ്യസ്ഥി ച സ്ഥിതേ രക്തേ സ്നായ്വാസൂത്രേണ വല്കലൈഃ 53
സീവ്യേന്ന ദൂരേ നാസന്നേ ഗൃഹ്ണൻ നാല്പം ന വാ ബഹു

ചലാസ്ഥിശുഷ്കാസ്രതൃണരോമ = ഒടിഞ്ഞിളകിയ അസ്ഥി, ഉണങ്ങി കട്ടപിടിച്ച രക്തം, പുല്ല്, രോമം ഈ വകയെ
അപനീയ = വ്രണത്തിൽനിന്ന് എടുത്തുകളഞ്ഞിട്ടും
വിച്ഛിന്നം പ്രലംബി മാംസം = അറ്റു തൂങ്ങിക്കിടക്കുന്ന മാംസത്തേയും
സന്ധി അസ്ഥി ച = സ്ഥാനഭ്രംശം വന്നുപോയ സന്ധി അസ്ഥി ഇവയേയും
സ്വനിവേശനേ = അതാതിന്റെ സ്ഥാനത്ത്
നിവേശ്യ ച = ശരിക്കു ചേർത്തുവച്ചിട്ടും
രക്തേ സ്ഥിതേ = രക്തം പോക്കു നിന്നുകഴിഞ്ഞാൽ
സ്നായ്വാ സൂത്രേണ = സ്നായുകൊണ്ടോ ചരടുകൊണ്ടോ
വല്കലൈഃ സീവ്യേൽ = നാരുകൾകൊണ്ടോ തുന്നണം
ന ദൂരേ സീവ്യേൽ = അധികം ദൂരെദൂരെയായിട്ട് തുന്നരുത്.
ന ആസന്നേ = വളരെ അടുത്തടുത്തു തുന്നരുത്.
ന അല്പ ഗൃഹ്ണൻ = തീരെ അല്പംസ്ഥലത്തെ അകപ്പെടുത്തി തുന്നരുത്.
ന ബഹു വാ = വളരെ അധികംസ്ഥലത്തെ ഉൾപ്പെടുത്തിയോ തുന്നരുത്.

സാന്ത്വയിത്വാ തതശ്ചാർത്തം വ്രണേ മധ്വാജ്യദഗ്ദ്ധൈഃ 54
അഞ്ജനക്ഷൗമജമഷീഫലിനീശല്ലകീഫലൈഃ
സലോധ്രമധുകൈർദ്ദിഗ്ധേ യുഞ്ജ്യാൽ ബന്ധാദി പൂർവ്വവൽ. 55

തതഃ = തുന്നിത്തയ്ച്ചതിന്നുശേഷം
ആർത്തം സാന്ത്വയിത്വാ = രോഗിയെ ആശ്വസിപ്പിച്ചിട്ട്
മധ്വാജ്യദഗ്ദ്ധൈഃ = തേനും നെയ്യും ചേർത്തരച്ചുകുഴച്ച
സലോധ്രമധുകൈഃ = പാച്ചോറ്റിത്തൊലി, അതിമധുരം ഇവയോടുകൂടിയ
അഞ്ജനക്ഷൗമജമഷീഫലിനീശല്ലകീഫലൈഃ = അഞ്ജനക്കല്ല്, പട്ടിന്റെ കരി, ഞാഴൽക്കാ, ഇലന്തൽക്കാ ഇതുകൾകൊണ്ട്
വ്രണേ ദിഗ്ധേ = വ്രണം പൂശിക്കഴിഞ്ഞാൽ
പൂർവ്വവൽ = മുൻപിലത്തെപ്പോലെ
ബന്ധാദി യുഞ്ജ്യാൽ = കെട്ടുകമുതലായ വ്രണകർമ്മം പ്രയോഗിക്കണം.

വ്രണോ നിശ്ശോണിതൗഷ്ഠോ യഃ കിഞ്ചിദേവാവലിഖ്യ തം
സഞ്ജാതരുധിരം സീവ്യേൽ സന്ധാനം ഹ്യസ്യ ശോണിതം. 56

യഃ വ്രണഃ = ഏതൊരു വ്രണം
നിശ്ശോണിതൗഷ്ഠഃ തം = രക്തം തീരെയില്ലാതെ ഉണങ്ങിയ വക്കോടുകൂടിയിരിക്കുന്നുവോ അതിനെ
കിഞ്ചിൽ അവലിഖ്യ = കുറച്ചൊന്ന് ഉരച്ച്
സഞ്ജാതരുധിരം ഏവ = രക്തം വരുത്തീട്ടുതന്നെ
സീവ്യേൽ = തുന്നണം.
ഹി ശോണിതം = എന്തെന്നാൽ രക്തം
അസ്യ സന്ധാനം = വക്കുകൾ തമ്മിൽ കൂട്ടിച്ചേർത്തു വ്രണത്തെ യോജിപ്പിക്കുന്നതാകുന്നു.

ബന്ധനാനി തു ദേശാദീൻ വിക്ഷ്യ യുഞ്ജീത തേഷു ച
ആവികാജിനകൗശേയമുഷ്ണം ക്ഷൗമം തു ശീതളം. 57
ശീതോഷ്ണം തൂലസന്താനകാർപ്പാസസ്നായുവല്ക്കജം

തേഷു = അതുകളിൽ (വ്രണങ്ങളിൽ)
ബന്ധനാനി തു = കെട്ടുന്നതിനുള്ള പട്ടുകളാകട്ടെ
ദേശാദീൻ വിക്ഷ്യ = ദേശകാലാദികളെ നോക്കീട്ടു
യുഞ്ജീത = ഉപയോഗപ്പെടുത്തിക്കൊള്ളണം.
ആവികാജിനകൗശേയം ഉഷ്ണം } = ആട്ടിൻതോൽ, ആട്ടുരോമം, പട്ടുപ്പുഴനൂൽ ഇവ കൊണ്ടുണ്ടാക്കുന്നതു ഉഷ്ണവീര്യമാകുന്നു.
ക്ഷൗമം തു = നാരുപട്ടാകട്ടെ
ശീതളം = ശീതവീര്യമാണ്.
തൂലസന്താനകാർപ്പാസ-സ്നായുവല്ക്കജം ശീതോഷ്ണം } = പലതരത്തിലുള്ള പഞ്ഞികൾ, സ്നായുക്കൾ, മരവിധി ഇവകൊണ്ടുണ്ടാക്കുന്നതു് ശീതോഷ്ണമാകുന്നു.

ശീതദേശത്തും ശീതകാലത്തും ഉഷ്ണവീര്യമുള്ളവയും, ഉഷ്ണദേശത്തും, ഉഷ്ണകാലത്തും ശീതവീര്യമുള്ളവയുമാണ് ബന്ധനത്തിനുപയോഗിക്കേണ്ടതു്. രണ്ടിന്റേയും ആധിക്യമില്ലാത്ത ദേശകാലങ്ങളിൽ സമശീതോഷ്ണമായവയെ ഉപയോഗിച്ചുകൊള്ളണം.

താമ്രായസ്ത്രപുസീസാനി വ്രണേ മേദഃകഫാധികേ. 58
ഭംഗേ ച യുഞ്ജ്യാൽ ഫലകം ചർമ്മവല്ക്കകുശാദി ച

മേദഃകഫാധികേ വ്രണേ = മേദസ്സോ കഫമോ അധികമായിട്ടുള്ള വ്രണത്തിൽ
താമ്രായസ്ത്രപുസീസാനി = ചെമ്പ്, ഇരുമ്പ്, കറുത്തീയം, വെളുത്തീയം ഇവയേയും
ഭംഗേ ഫലകം = ഒടിഞ്ഞുപോയ അംഗത്തിൽ പലകയേയും
ചർമ്മവല്ക്കകുശാദി ച = തോല്, മരപ്പട്ട, ദർഭത്തണ്ട് മുതലായവയേയും
യുഞ്ജ്യാൽ = ഉപയോഗിക്കണം.

മേദഃകഫാധികമായ വ്രണത്തിൽ മേദസ്സും കഫവും ഉരഞ്ഞു തേഞ്ഞുപോകുന്നതിനാണ് താമ്രായസ്ത്രപുസീസങ്ങൾ വച്ചുകെട്ടണമെന്നു പറഞ്ഞതു്. ഭംഗത്തിൽ ഫലകാദി വച്ചുകെട്ടുവാൻ വിധിച്ചതു് ഒടിഞ്ഞ അംഗം വളഞ്ഞുപോകാതെ നേരെ ഇരുന്നു ഉറച്ചുപിടിക്കുവാൻവേണ്ടിയാകുന്നു.

സ്വനാമാനുഗതാകാരാ ബന്ധാസ്തു ദശപഞ്ച ച. 59
കോശസ്വസ്തികമുത്തോലീചീനദാമാനുവേല്ലിതം
ഖട്വാവിബന്ധസ്ഥഗികാ വിതാനോത്സംഗഗോഷ്ഫണാഃ 60
യമകം മണ്ഡലാഖ്യം ച പഞ്ചാംഗീ ചേതി യോജയേൽ
യോ യത്ര സുനിവിഷ്ടഃ സ്യാത്തം തേഷാം തത്ര ബുദ്ധിമാൻ. 61

കോശസ്വസ്തികമുത്തോലീ-ചീനദാമാനുവേല്ലിതം } = കോശം, സ്വസ്തികം, മുത്തോലി, ചീനം, ദാമം, അനുവേല്ലിതം
ഖട്വാവിബന്ധസ്ഥഗികാഃ = ഖട്വാ, വിബന്ധം, സ്ഥഗിക
വിതാനോത്സംഗഗോഷ്ഫണാഃ = വിതാനം, ഉത്സംഗം, ഗോഷ്ഫണം
യമകം മണ്ഡലാഖ്യം ച = യമകം മണ്ഡലം
പഞ്ചാംഗീ ച ഇതി = പഞ്ചാംഗി എന്നിങ്ങനെ
സ്വനാമാനുഗതാകാരാഃ = അതാതിന്റെ പേരിനനുസരിച്ച ആകൃതികളോടു-
ബന്ധാഃ തു = കൂടിയ വ്രണത്തിന്റെ ബന്ധനഭേദങ്ങൾ [കൂടിയ

| | |
|---|---|
| ദശപഞ്ച ച | = പതിനഞ്ചുവിധത്തിലുണ്ടു്. |
| തേഷാം യഃ | = അതുകളിൽവച്ചു് ഏതൊരു ബന്ധം |
| യത്ര സുനിവിഷ്ടഃ സ്യാൽ | = എവിടെ നല്ലവണ്ണം ചേർന്നിരിക്കുമാ |
| ത്തത്ര തം | = അവിടെ ആ ബന്ധത്തെ |
| ബുദ്ധിമാൻ യോജയേൽ | = ബുദ്ധിമാനായ വൈദ്യൻ ഉപയോഗിക്കണം. |

ഈ ബന്ധനവിശേഷങ്ങളെപ്പററിയുള്ള വിവരണം വ്യാഖ്യാനങ്ങളിലെങ്ങും കാണുന്നില്ല. എന്നാൽ ഓരോന്നും ഏതേതു അംഗങ്ങളിൽ ഉപയോഗിക്കണമെന്നു സംഗ്രഹത്തിൽ കാണുന്നു. അതിനെ ആ ഭാഷയിൽത്തന്നെ ഇവിടെ പകർത്തിപ്പാർത്തേക്കാം.

"കോശമംഗുഷ്ഠപർവസു വിദധ്യാൽ സ്വസ്തികം സന്ധികൂർച്ചഭ്രൂസ്തനാന്തരകക്ഷ്യക്ഷികപോലകർണ്ണേഷു മുത്തോലീം ഗ്രീവാമേഢ്രയോഃ ചീനമപാംഗയോഃ ദാമ സംബാധേംഗേ അനുവേല്ലിതം ശാഖാസു ഖട്വാം ഹനുശംഖഗണ്ഡേഷു വിബന്ധമുദരോരുവൃക്ഷേഷു സ്ഥഗികാമംഗുഷ്ഠാംഗുലിമേഢ്രാഗ്രമൂത്രവൃദ്ധിഷു വിതാനം മൂർദ്ധ്നി പൃഥുലേംഗേ ഉത്സംഗ വിലംബിനി ഗോഷ്ഫണം നാസൗഷ്ഠചിബുകസന്ധിഷു യമകം യമളവ്രണയോഃ മണ്ഡലം വൃത്തേംഗേ പഞ്ചാംഗീ ജത്രൂർദ്ധ്വമിതി."

ബധ്നീയാൽ ഗാഢമൂരുസ്ഫിക്കക്ഷാവംക്ഷണമൂർദ്ധ്സു
ശാഖാവദനകർണ്ണോരഃപൃഷ്ഠപാർശ്വഗളോദരേ. 62
സമം മേഹനമുഷ്കേ ച നേത്രേ സന്ധിഷു ച ശ്ലഥം

| | |
|---|---|
| ഊരുസ്ഫിക്കക്ഷാവംക്ഷണമൂർദ്ധ്സു | = തുട, ആസനം, കക്ഷം, കഴല, ശിരസ്സ് ഈ പ്രദേശങ്ങളിൽ |
| ഗാഢം ബധ്നീയാൽ | = മുറുക്കികെട്ടണം |
| ശാഖാവദനകർണ്ണോരഃ-പൃഷ്ഠപാർശ്വഗളോദരേ | = ശാഖകൾ, മുഖം, കാതു്, ഉരസ്സ്, മുതകു്, പാർശ്വങ്ങൾ, കഴുത്തു്, വയറു് ഇവിടങ്ങളിലും |
| മേഹനമുഷ്കേ ച | = ലിംഗത്തിലും വൃഷണങ്ങളിലും |
| സമം | = മുറുക്കിയും അയച്ചുമല്ലാതെ സമമായിട്ടു കെട്ടണം. |
| നേത്രേ സന്ധിഷു ച ശ്ലഥം | = കണ്ണിലും സന്ധികളിലും അയച്ചുകെട്ടണം. |

ബധ്നീയാച്ഛിഥിലസ്ഥാനേ വാതശ്ലേഷ്മോത്ഭവേ സമം. 63
ഗാഢമേവ സമസ്ഥാനേ ഭൃശം ഗാഢം തദാശ്രയേ
ശീതേ വസന്തേ ച തഥാ മോക്ഷണീയസ്ത്ര്യഹാത് ത്ര്യഹാൽ.

| | |
|---|---|
| ശിഥിലസ്ഥാനേ | = ശിഥിലമായിട്ടു (അയച്ചു) കെട്ടാൻ പറഞ്ഞ കണ്ണിലും സന്ധികളിലും |
| വാതശ്ലേഷ്മോത്ഭവേ | = വാതകഫോത്ഥമായ വ്രണമാണെങ്കിൽ |
| സമം ബധ്നീയാൽ | = സമമായിട്ടു ബന്ധിക്കണം. |
| സമസ്ഥാനേ | = സമമായിട്ടു കെട്ടാൻ പറഞ്ഞ ശാഖാവദനകർണ്ണാദികളിൽ |
| ഗാഢം ഏവ | = മുറുക്കിത്തന്നെ കെട്ടണം. |
| തദാശ്രയേ | = മുറുക്കിക്കെട്ടേണ്ടതായ ഊരുസ്ഫിഗാദികളിൽ |
| ഭൃശം ഗാഢം | = ഏററവും മുറുക്കിക്കെട്ടണം. |
| തഥാ ശീതേ വസന്തേ ച | = അപ്രകാരം ശീതകാലങ്ങളായ ഹേമന്തശിശിരങ്ങളിലും വസന്തത്തിലും |
| ത്ര്യഹാൽ ത്ര്യഹാൽ | = മുമ്മൂന്നു ദിവസത്തിലൊരിക്കൽവീതം |
| മോക്ഷണീയഃ | = അഴിച്ചുകെട്ടുകയും വേണം. |

പിത്തരക്തോത്ഥയോർബന്ധോ ഗാഢസ്ഥാനേ സമോ മതഃ
സമസ്ഥാനേ ശ്ലഥോ നൈവ ശിഥിലസ്യാശയേ തഥാ. 65

സായംപ്രാതസ്തയോർമ്മോക്ഷോ ഗ്രീഷ്മേ ശരദി ചേഷ്യതേ

പിത്തരക്തോത്ഥയോഃ = പിത്തരക്തജവ്രണങ്ങളിൽ
ഗാഢസ്ഥാനേ = മുറുക്കിക്കെട്ടാൻപറഞ്ഞ ഉരസ്സ്ഫിഗാദികളിൽ
സമഃ ബന്ധഃ മതഃ = സമമായി കെട്ടുന്നതു സമ്മതമാകുന്നു.
സമസ്ഥാനേ = സമമായി കെട്ടാൻപറഞ്ഞ ശംഖാവദനാദികളിൽ
ശ്ലഥഃ = അയഞ്ഞ കെട്ടാണ് വേണ്ടതു്.
തഥാ = അപ്രകാരം
ശിഥിലസ്യ ആശയേ = അയച്ചുകെട്ടേണ്ടസ്ഥാനങ്ങളായനേത്രസന്ധികളിൽ
ന ഏവ = കെട്ടുകതന്നെ വേണ്ടാ.
തയോഃ = പിത്തരക്തജവ്രണങ്ങളിൽ
ഗ്രീഷ്മേ ശരദി ച സായംപ്രാതഃ= ഗ്രീഷ്മത്തിലും ശരത്തിലും വൈകുന്നേരത്തും കാല-
മോക്ഷഃ ഇഷ്യതേ = അഴിച്ചുകെട്ടേണ്ടതു് ആവശ്യമാകുന്നു. (ത്തും

അബദ്ധോ ദംശമശകശീതവാതാദിപീഡിതഃ. 66

ദുഷ്ടീഭവേച്ചിരം ചാത്ര ന തിഷ്ഠേൽ സ്നേഹഭേഷജം
കൃച്ഛ്റേണ ശുദ്ധിം രൂഢിം വാ യാതി രൂഢോ വിവർണ്ണതാം. 57

അബദ്ധഃ = കെട്ടാതെയിരുന്നാൽ വ്രണം
ദംശമശകശീതവാതാദി- പീഡിതഃ ദുഷ്ടീഭവേൽ = കൊതുക്, ഈച്ച, തണുപ്പ്, കാററ് മുതലായവയാൽ പീഡിതമായിട്ട് ദുഷ്ടമായിത്തീരും.
അത്ര = കെട്ടാതിരിക്കുന്ന ഈ വ്രണത്തിൽ
സ്നേഹഭേഷജം = സ്നേഹരൂപത്തിലുള്ള ഔഷധം
ചിരം ന തിഷ്ഠേൽ ച = ഏറെനേരം ഇരിക്കയുമില്ല,
ശുദ്ധിം രൂഢിം വാ = ശുദ്ധിയോ രോപണമോ
കൃച്ഛ്റേണ = പ്രയാസപ്പെട്ടിട്ടേ ഉണ്ടാകയുള്ളു,
രൂഢഃ = ഉണങ്ങിക്കഴിഞ്ഞാൽ
വിവർണ്ണതാം യാതി = വ്രണസ്ഥാനത്തു നിറഭേദമുണ്ടായിരിക്കയുംചെയ്യും.

ബദ്ധസ്തു ചൂർണ്ണിതോ ഭഗ്നോ വിശ്ലിഷ്ടഃ പാടിതോപി വാ
ഛിന്നസ്നായുസിരോപ്യാശു സുഖം സംരോഹതി വ്രണഃ. 68

ഉത്ഥാനശയനാദ്യാസു സർവ്വേഹാസു ന പീഡ്യതേ
ഉദ്വൃത്തോത്സഷ്ണസമുത്സന്നോ വിഷമഃ കഠിനോതിരുക്. 69

സമോ മൃദുരരുക്ശീഘ്രം വ്രണശ്ശുദ്ധ്യതി രോഹതി

ബദ്ധഃ തു = കെട്ടിവച്ചിരുന്നാലാകട്ടെ
ചൂർണ്ണിതഃ ഭഗ്നഃ വിശ്ലിഷ്ടഃ = നുറുങ്ങിപ്പോയതും ഒടിഞ്ഞതും വേർവിട്ടിരിക്കുന്നതും
പാടിതഃ അപി വാ വ്രണഃ = പിളർന്നുപോയിരിക്കുന്നതുമായ വ്രണം
ഛിന്നസ്നായുസിരഃ അപി = സ്നായുക്കളുംസിരകളുമൊക്കെ അററുപോയതായിരു-
ആശു സുഖം സംരോഹതി = ഏത്രയുംവേഗത്തിൽ സുഖമായിട്ടുണങ്ങുന്നു. (ന്നാലും
ഉത്ഥാനശയനാദ്യാസു = എഴുന്നേൽക്കുക കിടക്കുക മുതലായ
സർവ്വേഹാസു = എല്ലാ പ്രവൃത്തികളിലും
ന പീഡ്യതേ = വ്രണത്തിനു പീഡനമേൽക്കയുമില്ല.
ഉദ്വൃത്തോത്സഷ്ണഃ സമുത്സന്നഃ = വക്ക തടിച്ചുമലന്ന് ആകപ്പാടെ ഉന്തി
വിഷമഃ കഠിനഃ = നിരപ്പില്ലാതെയും കല്ലിച്ചും
അതിരുക് വ്രണഃ = അതിവേദനയോടുകൂടിയുമിരിക്കുന്ന വ്രണം
സമഃ മൃദുഃ = സമമായും (നിരപ്പുള്ളതു്) മാർദ്ദവമുള്ളതായും
അരുക് = വേദനയില്ലാത്തതായും തീർന്ന്
ശീഘ്രം ശുദ്ധ്യതി രോഹതി = വേഗത്തിൽ ശുദ്ധമാകുന്നു, ഉണങ്ങുകയുംചെയ്യുന്നു.

സ്ഥിരാണാമല്പമാംസാനാം രൂക്ഷ്യാദനുപരോഹതാം. 70
പ്രച്ഛാദ്യമൌഷധം പത്രൈർയഥാദോഷം യഥർത്തു ച
അജീർണ്ണാതരുണാച്ഛിദ്രൈസ്സമന്താൽ സുനിവേശിതൈഃ 71
ധൗതൈരകർക്കശൈഃ ക്ഷീരിഭൂർജ്ജാർജ്ജുനകദംബജൈഃ

സ്ഥിരാണാം അല്പമാംസാനാം = ഉറപ്പുള്ളവയും മാംസം കുറഞ്ഞിരിക്കുന്നവയും
രൂക്ഷ്യാൽ = രൂക്ഷതയുള്ളതുകൊണ്ട്
അനുപരോഹതാം = ഉണങ്ങാതിരിക്കുന്നവയുമായ വ്രണങ്ങളുടെ
ഔഷധം = മുകളിൽ പൂശുന്ന മരുന്ന്
അജീർണ്ണാതരുണാച്ഛിദ്രൈഃ = ജീർണ്ണിച്ചുപോകാത്തതും, ഇളയതല്ലാത്തതും തുളയില്ലാത്തതും
അകർക്കശൈഃ ധൗതൈഃ = പരുപരുപ്പില്ലാത്തതും കഴുകി തുടച്ചെടുത്തതും
സമന്താൽ സുനിവേശിതൈഃ = ചുറ്റുപാടും നല്ലവണ്ണം ചേർത്തു വയ്ക്കത്തക്കവണ്ണം ഏട്ടത്തതും
യഥാദോഷം യഥർത്തു ച = ദോഷത്തിനനുസരിച്ചും ഋതുവിനനുസരിച്ചും തിരഞ്ഞെടുക്കപ്പെട്ടതുമായ
ക്ഷീരിഭൂർജ്ജാർജ്ജുനകദംബജൈഃ പത്രൈഃ = നാല്പാമരങ്ങൾ, ഭൂർജ്ജമരം, നീർമരുത്, കടമ്പ് ഇതുകളിൽനിന്നുള്ള ഇലകൾകൊണ്ട്
പ്രച്ഛാദ്യം = മൂടിവച്ചുകൊള്ളേണ്ടതാണ്.

വ്രണത്തിൽ മരുന്നുപൂശീട്ട് മേല്പറഞ്ഞ ഇലകളിൽ വിഹിതമായതു തിരഞ്ഞെടുത്ത് കഴുകിത്തുടച്ചു വൃത്തിയാക്കി വട്ടത്തിൽ വെട്ടിയെടുത്തു പൂശിയ മരുന്നിന്റെമേൽ അതു മുഴുവൻ മൂടത്തക്കവണ്ണം ചേർത്തുവയ്ക്കണമെന്നു താല്പര്യം.

കുഷ്ഠിനാമഗ്നിദഗ്ദ്ധാനാം പിടകാമധുമേഹിനാം. 72
കർണ്ണികാശ്ചോന്ദുരുവിഷേ ക്ഷാരദഗ്ദ്ധാ വിഷാന്വിതാഃ
മാംസപാകേ ന ബദ്ധവ്യാ ഗുദപാകേ ച ദാരുണേ. 73
ശീർണ്ണമാംസാസ്സരുഗ്ദാഹാശ്ശോഫാവസ്ഥാ വിസർപ്പിണഃ

കുഷ്ഠിനാം = കുഷ്ഠരോഗികളുടേയും
അഗ്നിദഗ്ദ്ധാനാം = തീകൊണ്ടു വെന്തുപോയവരുടേയും വ്രണങ്ങളും
മധുമേഹിനാം പിടകാഃ = മധുമേഹരോഗികളുടെ പിടകാവ്രണങ്ങളും
ഉന്ദുരുവിഷേ കർണ്ണികാഃ ച = എലിവിഷത്തിലുള്ള കർണ്ണികാവ്രണങ്ങളും
ക്ഷാരദഗ്ദ്ധാഃ = ക്ഷാരംകൊണ്ടു വെന്തതും
വിഷാന്വിതാഃ = വിഷസംബന്ധമുള്ളതുമായ വ്രണങ്ങളും
മാംസപാകേ = മാംസപാകത്തിലും
ദാരുണേ ഗുദപാകേ ച = ഘോരമായ ഗുദപാകത്തിലുമുള്ള വ്രണങ്ങളും
ശീർണ്ണമാംസാഃ = മാംസം നുറുങ്ങിക്കൊണ്ടിരിക്കുന്നവയും
സരുഗ്ദാഹാഃ = വേദനയും ചുട്ടുനീറലുമുള്ളവയും
ശോഫാവസ്ഥാഃ = ശോഫാവസ്ഥയിലിരിക്കുന്നവയും
വിസർപ്പിണഃ = വിസർപ്പമുള്ളവയുമായ വ്രണങ്ങളും
ന ബദ്ധവ്യാഃ = കെട്ടിവയ്ക്കത്തക്കവയല്ല.

അരക്ഷയാ വ്രണേ യസ്മിൻ മക്ഷികാ നിക്ഷിപേൽ ക്രിമീൻ. 74
തേ ഭക്ഷയന്തഃ കുർവ്വന്തി രുജാശോഫാസ്രസംസ്രവാൻ

അരക്ഷയാ = വേണ്ടവണ്ണം സൂക്ഷിച്ചു രക്ഷിക്കായ്കകൊണ്ടു
യസ്മിൻ വ്രണേ = യാതൊരു വ്രണത്തിൽ
മക്ഷികാക്രിമീൻനിക്ഷിപേൽ = ഈച്ച ക്രിമികളെ നിക്ഷേപിക്കും.
തേ = ആ ക്രിമികൾ

ഭക്ഷയന്തഃ = വ്രണത്തിലെ മാംസാദികളെ ഭക്ഷിച്ചുകൊണ്ടു്
രുജാശോഫാസ്രസംസ്രവാൻ = വേദന, നീരു്, രക്തസ്രുതി ഇവ ഉപദ്രവങ്ങളെ
കുവ്വന്തി = ഉണ്ടാക്കുന്നു.

ഇവിടെ കൃമികൾ എന്നു പറഞ്ഞിരിക്കുന്നതു് ഈച്ചകളുടെ മുട്ടകളാകുന്നു. മുട്ടകളാണെങ്കിലും ഇവ ചെറുപുഴുക്കളെപ്പോലെ സഞ്ചരിക്കയും ഭക്ഷിക്കയും ചെയ്യുന്നുണ്ടു്. അങ്ങനെ വളച്ചയെത്തിയ ആ പുഴുക്കൾ പൊട്ടീട്ടു് അതിൽനിന്നാണു ഈച്ചകളുണ്ടാകുന്നതു്. കൃമിരൂപത്തിലുള്ള ആ മുട്ടകൾക്കു ആഹാരംകഴിച്ചു ജീവിക്കുവാൻ സൗകര്യമുള്ള സ്ഥലങ്ങളിലാണു് ഈച്ചകൾ മുട്ടയിടുക പതിവു്. പഴുത്തു ചീഞ്ഞ വ്രണം പുഴുക്കൾക്കു ജീവിക്കുവാൻ വളരെ സൗകര്യമുള്ളതാകയാൽ അവിടെ ഈച്ചകൾ മുട്ടയിടുന്നു. അല്ലെങ്കിൽ കൃമികളെ വിസജ്ജിക്കുന്നു:

സുരസാദിം പ്രയുഞ്ജീത തത്ര ധാവനപൂരണേ 75
സപ്തപണ്ണകരഞ്ജാക്കനിംബരാജാദനത്വചഃ
ഗോമൂത്രകല്ക്കിതോ ലേപസ്സേകഃ ക്ഷാരാംബുനാ ഹിതഃ 76
പ്രച്ഛാദ്യ മാംസപേശ്യാ വാ വ്രണം താനാശു നിഹ്ഹരേൽ

തത്ര = ആ പുഴുക്കളുള്ള വ്രണത്തിൽ
സുരസാദിം = സുരസാദിഗണത്തെ കഷായമാക്കി
ധാവനപൂരണേ = കഴുകുന്നതിനും ഉള്ളിൽ നിറുത്തുന്നതിനും
പ്രയുഞ്ജീത = പ്രയോഗിക്കണം.
സപ്തപണ്ണകരഞ്ജാക്ക- നിംബരാജാദനത്വചഃ = ഏഴിലംപാല പുങ്കു് എരുക്കു് വേപ്പു്, രാജാദനം ഇവയുടെ പട്ടകൾകൊണ്ടു്
ഗോമൂത്രകല്ക്കിതലേപഃ = ഗോമൂത്രം ചേത്തരച്ചുണ്ടാക്കിയ പൂച്ചം
ക്ഷാരാംബുനാ സേകഃ ഹിതഃ = ക്ഷാരജലംകൊണ്ടു ധാരയും ഹിതമാകുന്നു.
മാംസപേശ്യാ = മാംസപേശികൊണ്ടു്
വ്രണം പ്രച്ഛാദ്യ = വ്രണത്തെ പൊതിഞ്ഞുവെച്ചിട്ടു്
ആശു = ഏറ്റവും വേഗത്തിൽ
താൻ നിഹ്ഹരേൽ വാ = അവകളെ പുറത്തുചാടിക്കുകയോ ചെയ്യണം.

പുഴുക്കൾ വ്രണത്തിലെ മാംസാദികളെ ഭക്ഷിക്കുമ്പോൾ അവയുടെ മലവും ഈളയുമൊക്കെച്ചേൻ ആ ഭാഗം ദുഷിക്കും. അപ്പോൾ പുതിയ മാംസം അന്വേഷിച്ചു് അവ ഉള്ളിലേയ്ക്കു കടക്കുകയായിരിക്കും. ആ അവസരത്തിൽ മാംസപേശി വ്രണത്തിലേയ്ക്കു വച്ചുകൊടുത്താൽ അതിനോടുകൂടി കൃമികളെല്ലാം ഇതിൽ വന്നു പററും. അപ്പോൾ അതിനെ ഇങ്ങെടുത്തിട്ടു് വേറെ പുതിയ മാംസം വയ്ക്കുന്നം. ഇങ്ങനെ മുഴുവൻ കൃമികളെയും മാംസപേശിവച്ചു് എടുത്തുകളയാം.

ന ചൈനം ത്വരമാണോന്തസ്സദോഷമുപരോഹയേൽ. 77
സോല്പേനാപ്യപചാരേണ ഭൂയോ വികുരുതേ യതഃ

ഏനം ച = ഈ വ്രണത്തേയും (ഏതു വ്രണത്തേയും)
അന്തഃ സദോഷം = ഉള്ളിൽ ദോഷത്തോടുകൂടിയിരിക്കവേ
ത്വരമാണഃ = തിടുക്കപ്പെട്ടു്
ന ഉപരോഹയേൽ = ഉണക്കരുതു്.
യതഃ സഃ = എന്തെന്നാൽ ആ വിധത്തിൽ ഉണങ്ങിയ വ്രണം
അല്പേന അപചാരേണ അപി = ചെറുതായ വല്ല അപഥ്യാചരണംകൊണ്ടുപോലും
ഭൂയഃ വികുരുതേ = വീണ്ടും വികാരത്തെ പ്രാപിക്കുന്നു. വ്രണമായിത്തീരുന്നു.)

രൂഢേപ്യജീണ്ണവ്യായാമവ്യവായാദീൻ വിവജ്ജയേൽ. 78
ഹഷം ക്രോധം ഭയാ വാപി യാവദാ സ്ഥൈയ്യസംഭവാൽ
ആദരേണാനുവത്ത്യോയം മാസാൻ ഷൾ സപ്ത വാ വിധിഃ. 79

രൂഢേ അപി = വ്രണം ഉണങ്ങിക്കഴിഞ്ഞാലും
യാവൽ ആ ദൈസ്ഥൈര്യ-സംഭവാൽ = അംഗത്തിനു പൂർവ്വസ്ഥിതിയിൽ സ്ഥൈര്യമുണ്ടാകുന്നതുവരെയും
അജീർണ്ണവ്യായാമ-വ്യവായാദീൻ = അജീർണ്ണം, വ്യായാമം മൈഥുനം മുതലായവയേയും
ഹർഷക്രോധം ഭയം വാ അപി വിവർജ്ജയേൽ = സന്തോഷം, കോപം, ഭയം ഇവയേയും തീരെ വർജ്ജിച്ചിരിക്കണം.
അയം വിധിഃ = ഈ വിധി (പത്ഥ്യനിഷ്ഠ)
ഷൾ സപ്ത വാ മാസാൻ = ആറോ, ഏഴോ മാസക്കാലം മുഴുവൻ
ആദരേണ അനുവർത്ത്യഃ = വളരെ ശ്രദ്ധയോടുകൂടി അനുസരിച്ചിരിക്കേണ്ടതാണു്.

ഉല്പദ്യമാനാസു ച താസു താസു
വാസ്ഥാസു ദോഷാദിബലാനുസാരീ
തൈസ്തൈരുപായൈഃ പ്രയതശ്ചികിത്സേ-
ദാലോചയൻ വിസ്തരമുത്തരോക്തം. 80

താസു താസു വസ്ഥാസു = അതാതു് അവസ്ഥാവിശേഷങ്ങൾ
ഉല്പദ്യമാനാസു ച = ഉണ്ടായിക്കൊണ്ടിരിക്കുമ്പോഴൊക്കെയും
ദോഷാദിബലാനുസാരീ = ദോഷദൂഷ്യങ്ങൾ, ദേശകാലങ്ങൾ മുതലായവയുടെ ബലത്തിനനുസരിച്ചു്
തൈഃ തൈഃ ഉപായൈഃ = അതാതു് ഉപായങ്ങളാൽ
വിസ്തരം ഉത്തരോക്തം ആലോചയൻ = വിസ്തരിച്ചു് ഉത്തരസ്ഥാനത്തിൽ പറഞ്ഞിട്ടുള്ള വ്രണചികിത്സയെ ആലോചിച്ചുകൊണ്ടു്
പ്രയതഃ ചികിത്സേൽ = ശ്രദ്ധാപരനായിട്ടു ചികിത്സിച്ചുകൊള്ളണം.

ഇരുപത്തൊൻപതാം അദ്ധ്യായം കഴിഞ്ഞു.

---

## മുപ്പതാം അദ്ധ്യായം.

# ക്ഷാരാഗ്നി കർമ്മവിധി.

സർവ്വശസ്ത്രാനുശസ്ത്രാണാം ക്ഷാരശ്ശ്രേഷ്ഠോ ബഹൂനി യൽ
ഛേദ്യഭേദ്യാദികർമ്മാണി കുരുതേ വിഷമേഷ്വപി. 1
ദുഃഖാവചാര്യശസ്ത്രേഷു തേന സിദ്ധിമയാൽസു ച
അതികൃച്ഛ്രേഷു രോഗേഷു യച്ച പാനേപി യുജ്യതേ. 2

സർവ്വശസ്ത്രാനുശസ്ത്രാണാം ക്ഷാരഃ ശ്രേഷ്ഠഃ = എല്ലാ ശസ്ത്രങ്ങളിൽവച്ചും എല്ലാ അനുശസ്ത്രങ്ങളിൽവച്ചും ക്ഷാരം ശ്രേഷ്ഠമാകുന്നു.
യൽ = യാതൊന്നുഹേതുവായിട്ടു്
ബഹൂനി ഛേദ്യഭേദ്യാദി കർമ്മാണി കുരുതേ = ഛേദിക്കുക, ഭേദിക്കുക മുതലായ വളരെ കർമ്മങ്ങളെ അതു ചെയ്യുന്നു.
യൽ = യാതൊന്നുഹേതുവായിട്ടു്
ദുഃഖാവചാര്യശസ്ത്രേഷു = ശസ്ത്രം പ്രയോഗിക്കാൻ നിവൃത്തിയില്ലാത്ത
വിഷമേഷു അപി = വിഷമസ്ഥാനങ്ങളിലും
തേന സിദ്ധിം അയാൽസു ച = ശസ്ത്രങ്ങൾകൊണ്ടു് സാധിക്കാത്ത ദുഷ്ടവ്രണം നാസാർശസ്സ് മുതലായവയിലും

അപി ച = തന്നെയുമല്ല
അതികൃച്ഛ്രേഷു രോഗേഷു = അധികം കൃച്ഛ്രങ്ങളായ ഗുല്മോദരാദിരോഗങ്ങളി-
പാനേ ച യുജ്യതേ = പാനംചെയ്യുന്നതിലും ഉപയോഗിക്കപ്പെടുന്നു. [ൽ

ശസ്ത്രപ്രയോഗവിധി കഴിഞ്ഞിട്ട് ശസ്ത്രകാര്യംകൂടി നിർവ്വഹിക്കാവുന്ന ക്ഷാരാഗ്നിപ്രയോഗവിധി ആരംഭിക്കുന്നു. ക്ഷാരം സർവ്വശസ്ത്രാനുശസ്ത്രങ്ങളെക്കാൾ ശ്രേഷ്ഠമാകുന്നു. അതിനുള്ള കാരണം ഛേദിക്കുക ഭേദിക്കുക മുതലായ ഒട്ടുവളരെ ശസ്ത്രകാര്യങ്ങൾ ക്ഷാരംകൊണ്ട് നിർവ്വഹിക്കാം. ശസ്ത്രം പ്രയോഗിക്കാൻ നിവൃത്തിയില്ലാത്ത വിഷമസ്ഥാനങ്ങളിലും ശസ്ത്രപ്രയോഗംകൊണ്ട് ശമിപ്പിക്കാൻ സാധിക്കാത്ത ദുഷ്ടവ്രണാദികളിലുംകൂടി ക്ഷാരം പ്രയോഗിക്കാം. അതിനുപുറമെ സാധാരണൗഷധംകൊണ്ടു ശമിപ്പിക്കാൻ പ്രയാസമുള്ള കൃച്ഛ്രങ്ങളായ ഗുല്മോദരാദിരോഗങ്ങളിൽ ക്ഷാരം മററൗഷധങ്ങളെപ്പോലെ അകത്തേയ്ക്കു സേവിപ്പിക്കുകയും ചെയ്യാം. ഇക്കാരണങ്ങളാലാണ് ക്ഷാരം സർവ്വശസ്ത്രാനുശസ്ത്രങ്ങളെക്കാൾ ശ്രേഷ്ഠമാണെന്നു പറഞ്ഞതു്.

സ പേയോർശോഗ്നിസാദാശ്മഗുല്മോദരഗരാദിഷു
യോജ്യസ്സാക്ഷാന്മശശ്വിത്രബാഹ്യാർശഃകുഷ്ഠസുപ്തിഷു 3
ഭഗന്ദരാർബുദഗ്രന്ഥിദുഷ്ടനാളീവ്രണാദിഷു

സഃ = അതു് (ക്ഷാരം)
അർശോഗ്നിസാദാശ്മ-ഗുല്മോദരഗരാദിഷു = അർശസ്സ്, അഗ്നിമാന്ദ്യം, അശ്മരി, ഗുല്മം, മഹോദരം, കൂട്ടുവിഷം മുതലായവയിൽ
പേയഃ = അകത്തേക്കു സേവിക്കാവുന്നതാണ്.
മശശ്വിത്രബാഹ്യാർശഃ-കുഷ്ഠസുപ്തിഷു = മശം, ശ്വിത്രം, ബാഹ്യാർശസ്സ്, കുഷ്ഠം, തരിപ്പ്,
ഭഗന്ദരാർബ്ബുദഗ്രന്ഥി-ദുഷ്ടനാളീവ്രണാദിഷു = ഭഗന്ദരം, അർബ്ബുദം, ഗ്രന്ഥി, ദുഷ്ടവ്രണം, നാളീവ്രണം മുതലായവയിൽ
സാക്ഷാൽ = കാണത്തക്കവണ്ണം (പുറത്തു് എന്നർത്ഥം)
യോജ്യഃ = പ്രയോഗിക്കേണ്ടതാകുന്നു.

ന തുഭയോപി യോക്തവ്യഃ പിത്തേ രക്തേ ചലേബലേ. 4
ജ്വരേതിസാരേ ഹൃൻമൂർദ്ധരോഗേ പാണ്ഡ്വാമയേ രുചൗ
തിമിരേ കൃതസംശുദ്ധൗ ശ്വയഥൗ സർവ്വഗാത്രഗേ. 5
ഭീരുഗർഭിണ്യൃതുമതീപ്രോദ്വൃത്തഫലയോനിഷു
അജീർണ്ണേന്നേ ശിശൗ വൃദ്ധേ ധമനീസന്ധിമർമ്മസു. 6
തരുണാസ്ഥിസിരാസ്നായുസീവനീഗളനാഭിഷു
ദേശേല്പമാംസേ വൃഷണമേഢ്രസ്രോതോനഖാന്തരേ. 7
വർത്മരോഗാദൃതേക്ഷ്ണോശ്ച ശീതവർഷോഷ്ണദുർദ്ദിനേ

പിത്തേ രക്തേ = പിത്തവികാരത്തിലും രക്തവികാരത്തിലും
ചലേ അബലേ = വാതവികാരത്തിലും ബലഹീനനിലും
ജ്വരേ അതിസാരേ = ജ്വരത്തിലും അതിസാരത്തിലും
ഹൃൻമൂർദ്ധരോഗേ = ഹൃദ്രോഗത്തിലും ശിരോരോഗത്തിലും
പാണ്ഡ്വാമയേ അരുചൗ = പാണ്ഡുരോഗത്തിലും അരോചകത്തിലും
തിമിരേ കൃതസംശുദ്ധൗ = തിമിരരോഗത്തിലും വമനവിരേചനാദിശോധനകർമ്മം ചെയ്തിരിക്കുന്നവനിലും
സർവ്വഗാത്രഗേ ശ്വയഥൗ = സർവ്വാംഗശോഫത്തിലും
ഭീരുഗർഭിണ്യൃതുമതീ-പ്രോദ്വൃത്തഫലയോനിഷു = ഭീരു, ഗർഭിണി, ഋതുവായിരിക്കുന്നവൾ, യോനിഭ്രംശം വന്നിരിക്കുന്നവൾ ഇവരിലും

അശനേ അജീർണ്ണേ = ഭക്ഷിച്ച അന്നം ദഹിക്കാതെയിരിക്കുമ്പോഴും
ശിശൌ വൃദ്ധേ = ശിശുവിലും വൃദ്ധനിലും
ധമനീസന്ധിമർമ്മസു = ധമനികളിലും, സന്ധികളിലും, മർമ്മങ്ങളിലും
തരുണാസ്ഥിസിരാസ്നായു- സീവനീഗളനാഭിഷു = തരുണാസ്ഥികളും, സിരകളും, സ്നായുക്കളും, സീവനി, ഗളം, നാഭി ഇവ സ്ഥലങ്ങളിലും
അല്പമാംസേ ദേശേ = മാംസം കുറവുള്ള സ്ഥലത്തും
വൃഷണമേഢ്രസ്രോതോ നഖാന്തരേ = വൃഷണങ്ങളിലും, മേഢ്രസ്രോതസ്സിലും, നഖങ്ങളുടെ ഇടയ്ക്കും
വർത്മരോഗാൽ ഋതേ അക്ഷ്ണോഃ ച = വർത്മരോഗങ്ങളിലല്ലാതെ നേത്രങ്ങളിലും
ശീതവർഷോഷ്ണദുർദ്ദിനേ = ശീതകാലത്തും, വർഷകാലത്തും, ഉഷ്ണകാലത്തും മുഴുവൻ മഴക്കാറും മഴയുമായിട്ടുള്ള ദിവസവും
ഉഭയഃ അപി = രണ്ടുവിധത്തിലായിട്ടും (അകത്തും പുറത്തും)
ന യോക്തവ്യഃ = ക്ഷാരം ഉപയോഗിക്കാവുന്നതല്ല.

കാളമുഷ്കകശമ്യാകകദളീപാരിഭദ്രകാൻ. 8
അശ്വകർണ്ണമഹാവൃക്ഷപലാശാസ്ഫോതവൃക്ഷകാൻ
ഇന്ദ്രവൃക്ഷാർക്കപൂതീകനക്തമാലാശ്വമാരകാൻ. 9
കാകജംഘാമപാമാർഗ്ഗമഗ്നിമന്ഥാഗ്നിതിലകാൻ
സാർദ്രാൻ സമൂലശാഖാദീൻ ഖണ്ഡശഃ പരികല്പിതാൻ. 10
കോശാതകീശ്ചതസ്രശ്ച ശൂകം നാളം യവസ്യ ച
നിവാതേ നിചയീകൃത്യ പൃഥക്താനി ശിലാതലേ. 11
പ്രക്ഷിപ്യ മുഷ്കകചയേ സുധാശ്മാനി ച ദീപയേൽ
തതസ്തിലാനാം കുതളൈർദഗ്ദ്ധ്വാഗ്നൗ വിഗതേ പൃഥക്. 12
കൃത്വാ സുധാശ്മനാം ഭസ്മ ദ്രോണന്ത്വിതരഭസ്മനഃ
മുഷ്കകോത്തരമാദായ പ്രത്യേകം ജലമൂത്രയോഃ. 13
ഗാളയേദർദ്ധാരേണ മഹതാ വാസസാ ച തൽ
യാവൽപിച്ഛിലരക്താച്ഛസ്തീക്ഷ്ണോ ജാതസ്തദാ ച തം. 14
ഗൃഹീത്വാ ക്ഷാരനിഷ്യന്ദം പചേല്ലൗഹ്യാം വിഘട്ടയൻ
പച്യമാനേ തതസ്തസ്മിംസ്താസ്സുധാഭസ്മശർക്കരാഃ. 15
ശുക്തിം ക്ഷാരപകം ശംഖനാഭീം ചായസഭാജനേ
കൃത്വാഗ്നിവർണ്ണാൻ ബഹുശഃ ക്ഷാരോത്ഥേ കുഡുബോന്മിതേ. 16
നിർവ്വാപ്യ പിഷ്ട്വാ തേനൈവ പ്രതീവാപം വിനിക്ഷിപേൽ
ശ്ലക്ഷ്ണം ശകൃദ്ദക്ഷശിഖിഗൃദ്ധ്രകങ്കകപോതജം. 17
ചതുഷ്പാൽപക്ഷിപിത്താലമനോഹ്വാലവണാനി ച
പരിതസ്സുതരാം ചാതോ ദർവ്യാ തമവഘട്ടയേൽ. 18
സബാഷ്പൈശ്ച യദോത്തിഷ്ഠേദ്ബുദ്ബുദൈർലേഹവദ്ഘനഃ
അവതാര്യ ഹിമഃ സ്ഥാപ്യോ യവരാശാവയോമയേ. 19

കാളമുഷ്കകശമ്യാക- കദളീപാരിഭദ്രകാൻ = കറുത്ത മുളംപ്ലാശ്ശ്, വൻകൊന്ന, വാഴ, വേപ്പ്,

അശ്വകർണ്ണമഹാവൃക്ഷപലാ- } = മരുത്, കള്ളി, പ്ലാശ്, വെളുത്ത ശംഖുപുഷ്പം
ശാസ്ഫോതവൃക്ഷകാൻ } കുടകപ്പാല
ഇന്ദ്രവൃക്ഷാർക്കപൂതീക- } = ഇകണ, എരുക്ക്, ആവി, ഉങ്ങ്, അരളി
നക്തമാലാശ്വമാരകാൻ } ഇവയേയും
കാകജംഘാം അപാമാർഗ്ഗം = കാക്കത്തൊണ്ടിയേയും കടലാടിയേയും
അഗ്നിമന്ഥാഗ്നിതിലകാൻ = മുഞ്ഞ, കൊടുവേലി, കമ്പട്ടി ഇവയേയും
ചതസ്രഃ കോശാതകീഃ ച = നാലിനം പീരങ്ങളേയും (പുട്ടൽപീരം, പെരുംപീരം, മുക്കാപ്പീരം, തുളയ്ക്കാപ്പീരം)
സമൂലശാഖാദീൻ } = മൂലംമുതൽ ശാഖവരെ (ഫലപുഷ്പപത്രങ്ങളോടു
യവസ്യ ശൂകം നാളം ച } കൂടി) എടുത്തു യവത്തിന്റെ കതിരും തണ്ടുംകൂടി
സാർദ്രാൻ = ഉണങ്ങിപ്പോകാതെ തണലത്തിട്ടുവാട്ടി
ഖണ്ഡശഃ പരികല്പിതാൻ = കഷണമാക്കി നുറുക്കീട്ട്
നിവാതേ ശിലാതലേ = കാററില്ലാത്തസ്ഥലത്തും സമയത്തും പാറപ്പുറത്തു
താനി പൃഥക് നിചയീകൃത്യ = അവകളെ പ്രത്യേകം ഒന്നോടൊന്നു തൊടാതെ കൂട്ടി
മുഷ്കകചയേ = മുഷ്കകം കൂട്ടീട്ടുള്ളതിന്റെ ഉള്ളിൽ
സുധാശ്മാനി ച പ്രക്ഷിപ്യ = ചുണ്ണാമ്പുകല്ലുകളെക്കൂടി വച്ചിട്ട്
തതഃ = അനന്തരം
തിലാനാം കതളൈഃ = എള്ളിന്റെ കച്ചിൽ വേണ്ടത്ര മുകളിൽനിരത്തി
ദീപയേൽ = തീ കത്തിക്കണം.
ദഗ്ദ്ധ്വാ അഗ്നൗ വിഗതേ = എല്ലാവും വെന്ത് തീ ആറിക്കഴിഞ്ഞാൽ
സുധാശ്മനാം ഭസ്മ = ചുണ്ണാമ്പുകല്ലു നീറിയിരിക്കുന്നതിനെ
പൃഥക് കൃത്വാ = പ്രത്യേകമെടുത്തുവച്ചിട്ട്
ഇതരഭസ്മനഃ തു ദ്രോണം = മററുള്ള ഭസ്മങ്ങളെല്ലാംകൂടി ഇരുന്നൂററിഅൻപത്താറു പലം
മുഷ്കകോത്തരം ആദായ = മുഷ്കകഭസ്മത്തിന്റെ അംശം കൂടുതലായി വരത്തക്ക കണക്കിനെടുത്ത്
ജലമൂത്രയോഃ പ്രത്യേകം } = വെള്ളവും ഗോമൂത്രവും പ്രത്യേകം ആയിരം പലം
അർദ്ധഭാരേണ } വീതമെടുത്തുകൂട്ടി അതിൽ കലക്കി
മഹതാം വാസസാ = വലുതായ ഒരു വസ്ത്രത്തിൽക്കൂടെ
തൽ ഗാളയേൽ = ആ ക്ഷാരം കലക്കിയ വെള്ളത്തെ വാത്തുകൊണ്ടിരിക്കണം
യാവൽ = എപ്പോൾ ആ ക്ഷാരസ്രുതി
പിച്ഛിലരക്താച്ഛഃ = വഴുവഴുപ്പോടും രക്തവർണ്ണത്തോടുംകൂടി നല്ല തെളിവുള്ളതായിട്ട്
തീക്ഷ്ണഃ ജാതഃ തദാ = തീക്ഷ്ണമായിത്തീരുന്നുവോ അപ്പോൾ
തം ക്ഷാരനിഷ്യന്ദം ഗൃഹീത്വാ = ആ വാർന്നുവന്ന ക്ഷാരജലത്തെ എടുത്തു
ലൗഹ്യാം = ഇരുമ്പുപാത്രത്തിലൊഴിച്ചു
വിഘട്ടയൻ പചേൽ = ഇളക്കിക്കൊണ്ടു പചിക്കണം.
തതഃ തസ്മിൻ പച്യമാനേ = അനന്തരം അതു പാകംവന്നുകൊണ്ടിരിക്കുമ്പോൾ
താഃ സുധാഭസ്മശർക്കരാഃ = മുൻപേ എടുത്തുവച്ചിട്ടുള്ള നീറിയ ചുണ്ണാമ്പുകല്ലു- [കളും
ശുക്തിം ക്ഷീരപാകം = മുത്തുച്ചിപ്പിയും എഴുത്തുകല്ലും
ശംഖനാഭിം ച ബഹുശഃ = ശംഖനാഭിയുംകൂടെ പലപ്രാവശ്യം
ആയസഭാജനേ = ഇരുമ്പുപാത്രത്തിലിട്ടു കത്തിച്ച്
അഗ്നിവർണ്ണാൻ കൃത്വാ = തീയുടെ നിറം വരുത്തിപ്പഴുപ്പിച്ച്
കഡുംബാന്മിതേക്ഷാരോദകേ = മുൻകൂട്ടി എടുത്തുവച്ചിട്ടുള്ള എട്ടുപലം ക്ഷാരജല- [ത്തിൽ
നിർവ്വാപ്യ = മുക്കിയെടുത്തു
തേന ഏവ = ശേഷിപ്പുള്ള ക്ഷാരജലംകൊണ്ടുതന്നെ അത്
കുക്കുടശിഖിഗൃദ്ധ്രകങ്ക- } = കോഴി, മയിൽ, കഴുകൻ, കങ്കപക്ഷി, പ്രാവ്
കപോതജം } ഇവയുടെ

ശ്ലക്ഷ്ണം ശകൃൽ = മിനുസമായ മലവും (വെളുത്തഭാഗം)
ചതുഷ്പാൽപക്ഷിപിത്താല-
മനോഹ്വാലവണാനി ച } = നാൽക്കാലികളുടേയും പക്ഷികളുടേയും പിത്തം, അരിതാരം, മനയോല, ഉപ്പുകൾ ഇവയുംകൂടി
പിഷ്ട്വാ = അരച്ച്
പ്രതീവാപം വിനിക്ഷിപേൽ = പാകപ്പെടുത്തിക്കൊണ്ടിരിക്കുന്ന ക്ഷാരജലത്തിൽ കല്ക്കമായിട്ടുചേർക്കണം.
അതഃ തം ഇതിനുശേഷം അതിനെ
ദർവ്യാ പരിതഃ = ചട്ടുകംകൊണ്ട് എല്ലാഭാഗവും
സുതരാം അവഘട്ടയേൽ ച = നല്ലവണ്ണം ഇളക്കിക്കൊണ്ടിരിക്കയുംവേണം.
യദാ ലേഹവൽ ഘനഃ = എപ്പോൾ ലേഹ്യംപോലെ കൊഴുത്തിട്ട്
സബാഷ്പൈഃ ബുദ്ബുദൈഃ = പൊട്ടി ആവിപുറപ്പെടുവിക്കുന്ന കുമിളകളോടു- [കൂടി
ഉത്തിഷ്ഠേൽ = പൊങ്ങിവരുമോ,
തദാ അവതാര്യ = അപ്പോൾ അടുപ്പിൽനിന്നു വാങ്ങി
ഹിമഃ അയോമയേ = തണുത്തതിനുശേഷം ഇരുമ്പുപാത്രത്തിലാക്കി
യവരാശൌ = യവധാന്യം കൂട്ടിയതിന്റെ ഉള്ളിൽ
സ്ഥാപ്യഃ = കുഴിച്ചുവയ്ക്കേണ്ടതാണ്.

ക്ഷാരത്തിന്റെ നിർമ്മാണക്രമമാണിവിടെ പറയുന്നതു്. കാളമുഷ്കകം മുതലായ മരുന്നുകളെ വിധിച്ചിരിക്കുന്നപ്രകാരം ഭസ്മമാക്കിയെടുക്കണം. കോശാതകികളെ നാലായിട്ടും യവത്തിന്റെ ശൂകനാളങ്ങളെ രണ്ടായിട്ടും കൂട്ടിയാൽ ആകെ ഇരുപത്തഞ്ചുകൂട്ടം മരുന്നുകളുണ്ടു്. ആകെക്കൂടി ഭസ്മം ദ്രോണം അല്ലെങ്കിൽ ഇരുനൂററിഅൻപത്താറു പലമാണല്ലോ വേണ്ടതു്. മുഷ്കകഭസ്മത്തെ ഒഴിച്ചുള്ള ഇരുപത്തിനാലിന്റെയും ഭസ്മം പത്തുപലംവീതവും മുഷ്കകഭസ്മം പതിനാറു പലവും എടുത്താൽ എല്ലാംകൂടി മുഷ്കകോത്തരമായിട്ടു ദ്രോണമിതമായിത്തീരും. അതിനെ പിന്നെ മൂത്രവും ജലവുംകൂടി രണ്ടായിരംപലം ഒന്നിച്ചുകൂട്ടി അതിൽ കലക്കി അരിക്കണം. അരിക്കുന്നതു് ഒരു പ്രത്യേകവിധത്തിലായിരിക്കണം. "മഹതാ വാസസാ" എന്നു പറഞ്ഞിരിക്കുന്നതു് അർത്ഥവത്തായ കാര്യമാണു്. രണ്ടായിരം പലം ദ്രവം കൊള്ളത്തക്ക വലിപ്പംതന്നെ വസ്ത്രത്തിനുണ്ടായിരിക്കേണ്ടതാണു്. വസ്ത്രത്തെ നിവത്തു് നാലു മൂലയും നാലു കോണിലായി വലിച്ചുകെട്ടിക്കൊണ്ടു കീഴിൽ പാത്രംവച്ചു ക്ഷാരജലം വസ്ത്രത്തിലൊഴിക്കണം. വാൻവീഴുന്നക്ഷാരജലത്തെ പിന്നെയും വാൻ വരാനായി വസ്ത്രത്തിലൊഴിച്ചുകൊണ്ടേഇരിക്കണം ഇങ്ങനെ ആവർത്തിച്ചുകൊണ്ടിരുന്നാൽ വാൻവരുന്ന ക്ഷാരജലം പിച്ഛിലരക്താച്ഛമായിത്തീരുന്നതു് കാണാം. അപ്പോൾ അതു് ശുദ്ധവും തീക്ഷ്ണവുമായി എന്നറിഞ്ഞിട്ടു വീണ്ടും അതിനെ ആവർത്തിക്കാതെ ആ നിലയിൽ മുഴുവൻ വാരിയെടുത്തുകൊള്ളണം. അതിൽനിന്നു എട്ടു പലം ക്ഷാരജലം വേറെ എടുത്തുവച്ചുകൊണ്ടു ശേഷം ഇരുമ്പുപാത്രത്തിലൊഴിച്ചിളക്കിക്കൊണ്ടു പചിക്കണം. അതേസമയത്തുതന്നെ മുമ്പെ എടുത്തുവച്ചിട്ടുള്ള സുധാശ്മഭസ്മവും ശുക്തിക്ഷാരബാകശംഖനാഭികളുംകൂടി ഇരുമ്പുപാത്രത്തിലിട്ടു പഴുപ്പിച്ചു അഗ്നിവർണ്ണമാകുമ്പോൾ പ്രത്യേകം വച്ചിട്ടുള്ള എട്ടുപലം ക്ഷാരജലത്തിൽ ഇടണം. വീണ്ടുമെടുത്തു മുമ്പിലത്തെപ്പോലെ പഴുപ്പിച്ചു് അതിലിടണം. ക്ഷാരജലം അല്പമാത്രം ശേഷിക്കുന്നതുവരെ ഇങ്ങനെ ചെയ്തിട്ടു് ആ സുധാശ്മാദികളും ദക്ഷമയൂരാദികളുടെ മലം മുതലായവയുംകൂടി ശേഷിച്ച ക്ഷാരജലത്തിലരച്ചെടുത്തു പചിച്ചുകൊണ്ടിരിക്കുന്ന ക്ഷാരത്തിൽ കലക്കിച്ചേർക്കണം. അവിടംമുതൽ എല്ലാഭാഗവും നല്ലവണ്ണം ഇളക്കിക്കൊണ്ടു പചിക്കണം. പറഞ്ഞിട്ടുള്ള പാകലക്ഷണം കാണുമ്പോൾ വാങ്ങിവച്ചു് തണുത്തതിനുശേഷം ഇരുമ്പുപാത്രത്തിലാക്കി അടച്ചുകെട്ടി യവമദ്ധ്യത്തിൽ കുഴിച്ചുവച്ചുകൊള്ളുകയുംവേണം.

ക്ഷാരോയം മദ്ധ്യമഃ പിഷ്ട്വാ ന സുധാദി ക്ഷിപേന്മൃദൗ
നിർവ്വാപ്യാപനയേത്തീക്ഷ്ണേ പൂർവ്വവൽ പ്രതിവാപനം. 20

തഥാ ലാംഗലികാദന്തീചിത്രകാതിവിഷാവചാഃ

സ്വർജ്ജികാകനകക്ഷീരീഹിംഗുപൂതികപല്ലവാഃ 21
താലപത്രീ വിഡം ചേതി യോജ്യസ്സപ്തദിനാൽ പരം.

അയം മധ്യമഃ ക്ഷാരഃ = ഇപ്പറഞ്ഞതു് മധ്യമമായ ക്ഷാരമാകുന്നു.
മൃദൌ = മൃദുക്ഷാരത്തിൽ
സുധാദീ പിഷ്ട്വാ ന ക്ഷിപേൽ = സുധാശംഖം മുതലായി അരച്ചു കല്ക്കമായിച്ചേർക്കാൻ പറഞ്ഞിട്ടുള്ളവയെ അരച്ചുചേർക്കേണ്ട.
നിർവാപ്യ അപനയേൽ = പഴുപ്പിച്ചുക്ഷാരജലത്തിൽ മുക്കിട്ട കളഞ്ഞേക്കണം.
തീക്ഷ്ണേ = തീക്ഷ്ണക്ഷാരത്തിലാണെങ്കിൽ
പൂർവവൽ = മുൻപിലത്തെപ്പോലെ (മധ്യക്ഷാരത്തിനു പറഞ്ഞമാതിരി)
പ്രതിവാപനം = കല്ക്കം ചേർക്കണം.
തഥാ ലാംഗലികാദന്തീചിത്രകാതിവിഷാവചാഃ = അപ്രകാരം മേത്തോന്നി, നാഗദന്തി, കൊടുവേലി, അതിവിടയം, വയമ്പു്,
സ്വർജ്ജികാകനകക്ഷീരീഹിംഗുപൂതീകപല്ലവാഃ = തുവർച്ചിലക്കാരം സ്വർണ്ണക്ഷീരി, കായം, ആവിൽത്തളിരു്,
താലപത്രീ വിഡം ച ഇതി = നിലംപന, വിളയുപ്പു് എന്ന ഇതുകളേയുംകൂടി കല്ക്കമായിട്ടരച്ചുചേർക്കണം.
സപ്തദിനാൽ പരം = ഏഴുദിവസം കഴിഞ്ഞതിനുമേൽ
യോജ്യഃ = യവത്തിൽ കുഴിച്ചുവച്ചിരുന്ന ക്ഷാരം എടുത്തുപയോഗിച്ചുകൊള്ളാം.

ക്ഷാരം മൃദു, മധ്യം, തീക്ഷ്ണം എന്നു മൂന്നുതരത്തിലുണ്ടു്. അതിൽ മദ്ധ്യക്ഷാരത്തെപ്പററിയാണു് മുമ്പു പറഞ്ഞതു്. അതിൽത്തന്നെ സുധാശംഖാദികളെ ക്ഷാരജലത്തിൽ കാച്ചി മുക്കീട്ടു് ഒടുവിൽ അരച്ചു കല്ക്കം ചേർക്കാതെ കളഞ്ഞുകൊണ്ടു ശേഷിപ്പുള്ള ക്ഷാരജലത്തെക്കൂടെ ചേർത്തു സംസ്കരിച്ചെടുത്താൽ മൃദുക്ഷാരമായി. തീക്ഷ്ണക്ഷാരത്തിനാണെങ്കിൽ മധ്യമക്ഷാരത്തിനു പറഞ്ഞിട്ടുള്ള സുധാശംഖാദികളോടുകൂടെ ലാംഗലികാദികളെയുംകൂടി അരച്ചു കല്ക്കം ചേർത്തുകൊണ്ടാൽ മതി. എല്ലാ ക്ഷാരവും ഏഴുദിവസംവരെ യവത്തിൽ കുഴിച്ചുവച്ചിരിക്കേണ്ടതാണു്. അതുകഴിഞ്ഞാൽ പിന്നെ എടുത്തുപയോഗിച്ചുകൊള്ളാം.

ക്ഷാരസ്തീക്ഷ്ണോനിലശ്ലേഷ്മമേദോജേഷ്വർബ്ബുദാദിഷു. 22
മധ്യേഷ്വേഷ്വേവ മധ്യോന്യഃ പിത്താസ്രഗുദജന്മസു
ബലാത്ഥം ക്ഷീണപാനീയേ ക്ഷാരാംബു പുനരാവപേൽ. 23

തീക്ഷ്ണഃ ക്ഷാരഃ = തീക്ഷ്ണമായ ക്ഷാരം
അനിലശ്ലേഷ്മമേദോജേഷു = വാതവും കഫവും മേദസ്സും കോപിച്ചുണ്ടാകുന്ന
അർബ്ബുദാദിഷു = അർബ്ബുദം, അർശ്ശസ്സ് മുതലായ രോഗങ്ങളിൽ പ്രയോഗിക്കേണ്ടതാണു്.
മധ്യേഷു ഏഷു ഏവ മധ്യഃ = മധ്യബലങ്ങളായ ഇപ്പറഞ്ഞ അർബ്ബുദാദി രോഗങ്ങളിൽത്തന്നെ മധ്യമക്ഷാരം പ്രയോഗിക്കണം.
അന്യഃ = രണ്ടുമല്ലാത്ത മൃദുക്ഷാരം
പിത്താസ്രഗുദജന്മസു = പിത്തരക്തകോപത്താലുണ്ടാകുന്ന അർശസ്സിലാണു് പ്രയോഗിക്കേണ്ടതു്.
ക്ഷീണപാനീയേ = ക്ഷാരം ജലാംശംവററി കട്ടിയായിപ്പോയാൽ
ബലാത്ഥം = ബലമുണ്ടാകുന്നതിനുവേണ്ടി
പുനഃ ക്ഷാരാംബു ആവപേൽ = പിന്നെയും ക്ഷാരജലം വേണ്ടത്ര ചേർത്തു യോജിപ്പിച്ചുകൊള്ളണം.

നാതിതീക്ഷ്ണമൃദുഃ ശ്ലക്ഷ്ണഃ പിച്ഛിലഃ ശീഘ്രഗസ്സിതഃ
ശിഖരീ സുഖനിർവാപ്യോ ന വിഷ്യന്ദീ ന ചാതിരുൿ. 24

ക്ഷാരോ ദശഗുണശ്ശസ്ത്രതേജസോരപി കമ്മകൃൽ

നാതിതീക്ഷ്ണമൃദുഃ = അധികം തീക്ഷ്ണമല്ലാതിരിക്കുക, അധികം മൃദുവല്ലാതിരിക്കുക,

ശ്ലക്ഷ്ണഃ പിച്ഛിലഃ = മിനുസമായിരിക്കുക, വഴുവഴുപ്പോടുകൂടിയിരിക്കുക,

ശീഘ്രഗഃ = എളുപ്പം വ്യാപിക്കുന്നതായിരിക്കുക

സിതഃ = വെള്ളനിറമുള്ളതായിരിക്കുക

ശിഖരീ = വച്ചിരുന്നാൽ ശിഖരങ്ങളായിട്ട് അവിടവിടെ ഉന്തിവരുന്നതായിരിക്കുക,

സുഖനിർവാപ്യ = വീണ്ടും ദുസ്സഹമാകുമ്പോൾ പ്രതിക്രിയകൊണ്ട് എളുപ്പം ശാന്തമാക്കാവുന്നതായിരിക്കുക,

ന വിഷ്യന്ദീ = ഒലിക്കാത്തതായിരിക്കുക,

ന ച അതിരുക് = അതിവേദനയുണ്ടാകാത്തതായുമിരിക്കുക

ദശഗുണഃ ക്ഷാരഃ = ഇങ്ങനെയുള്ള പത്തുഗുണങ്ങളോടുകൂടിയ ക്ഷാരം

ശസ്ത്രതേജസോഃ അപി = ശസ്ത്രത്തേക്കാളും അഗ്നിയേക്കാളും

കമ്മകൃൽ = കർമ്മകരണശക്തിയുള്ളതാകുന്നു.

ക്ഷാരം എന്നും ഈ പത്തുഗുണങ്ങളോടുകൂടിയിരിക്കണം. എന്നാൽ അതു കർമ്മശക്തിയുള്ളതായിരിക്കും. പറയത്തക്ക വ്യാപത്തൊന്നുമുണ്ടാകുകയുമില്ല ക്ഷാരം ശരീരത്തിലെവിടെയെങ്കിലുംവച്ചാൽ അതു ഒലിച്ചുപോകാതെ വച്ചസ്ഥലത്തുതന്നെ ഇരിക്കണം. അതിന്ന് ആവശ്യമുള്ളത്രമാത്രം ദ്രവത അതിന്നുണ്ടായിരിക്കണം. കുറേ കൂടി കട്ടയാകുമ്പോഴാണ് വീണ്ടും ക്ഷാരജലം ചേർത്തുകൊള്ളണമെന്നു പറഞ്ഞതു്.

ആചൂഷന്നിവ സംരംഭാദ്ഗാത്രമാപീഡയന്നിവ. 25
സർവ്വതോനുസരൻ ദോഷാനുന്മൂലയതി മൂലതഃ
കമ്മ കൃത്വാ ഗതരുജസ്സ്വയമേവോപശാമ്യതി. 26

സംരംഭാൽ = ക്ഷാരംവച്ചാൽ ഉണ്ടാകുന്ന ക്ഷോഭംനിമിത്തം

ഗാത്രം ആചൂഷൻ ഇവ- ആപീഡയൻ ഇവ = ആ ശരീരഭാഗത്തെ ആകപ്പാടെ ഊറിവലിക്കുന്നപോലെയും എല്ലാംകൂടെ ഉള്ളിലേയ്ക്കു് അമർത്തുന്നപോലെയും

സർവ്വതഃ അനുസരൻ = എല്ലായിടത്തും വ്യാപിച്ചിട്ടു്-

ദോഷാൻ = രോഗഹേതുവായിരിക്കുന്ന ദോഷങ്ങളെ

മൂലതഃ = അതിന്റെ മൂലത്തോടുകൂടെ

ഉന്മൂലയതി = പുറത്തുപോക്കി നശിപ്പിച്ചുകളയുന്നു.

കമ്മ കൃത്വാ = ചെയ്യേണ്ട പ്രവൃത്തിചെയ്തുകൊണ്ടു

ഗതരുജഃ = വേദനയില്ലാതായിട്ടു്

സ്വയം ഏവ = പ്രതിക്രിയകൂടാതെ തനിയേതന്നെ

ഉപശാമ്യതി = അടങ്ങിക്കൊള്ളുകയും ചെയ്യുന്നു.

ക്ഷാരസാദ്ധ്യേ ഗദേ ഛിന്നേ ലിഖിതേ സ്രാവിതേഥവാ
ക്ഷാരം ശലാകയാ ദത്വാ പ്ലോതപ്രാവൃതദേഹയാ 27
മാത്രാശതമുപേക്ഷേത തത്രാശ്സ്വാവൃതാനനം
ഹസ്തേന യന്ത്രം കുർവ്വീത വർത്മരോഗേഷു വർത്മനീ. 28
നിർഭുജ്യ പിചുനാച്ഛാദ്യ കൃഷ്ണഭാഗം വിനിക്ഷിപേൽ
പത്മപത്രതനുഃക്ഷാരലേപോ ഘ്രാണാർബുദേഷു തു 29
പ്രത്യാദിത്യം നിഷണ്ണസ്യ സമുന്നമ്യാഗ്രനാസികാം
മാത്രാ വിധാർത്തഃ പഞ്ചാശത്തദ്വദർശസി കണ്ണജേ. 30

ക്ഷാരസാദ്ധ്യേ ഗദേ = ക്ഷാരപ്രയോഗത്താൽ ചികിത്സിച്ചു ശമിപ്പിക്കേണ്ടതായ രോഗം

ഛിന്നേ ലിഖിതേ = മുറിക്കുകയോ ഉരയ്ക്കുകയോ

അഥവാ സ്രാവിതേ = അല്ലെങ്കിൽ കൊത്തി രക്തം കളയുകയോ ചെയ്തിട്ട്

പ്ലോതപ്രാവൃതദേഹയാ = പുറമേ പഞ്ഞി പൊതിഞ്ഞിട്ടുള്ള

ശലാകയാ ക്ഷാരം ദത്വാ = ശലാകകൊണ്ടു ക്ഷാരം തൊട്ടുവച്ചിട്ട്

മാത്രാശതം ഉപേക്ഷേത = നൂറുമാത്രവരെ വച്ചിരിക്കണം.

തത്ര അർശസു = അതുകളിൽവച്ചു അർശസ്സിലാണു ക്ഷാരംവച്ചതെ-[ങ്കിൽ

ഹസ്തേന = കൈകൊണ്ട്

യന്ത്രം ആവൃതാനനം കുർവീത = യന്ത്രത്തിന്റെ മുഖം അടച്ചുപിടിച്ചുകൊണ്ടിരിക്കണം

വർത്മരോഗേഷു = വർത്മരോഗങ്ങളിൽ

വർത്മനീ നിർഭുജ്യ = പോളരണ്ടും പിടിച്ചു മലർത്തിവച്ചുകൊണ്ട്

കൃഷ്ണഭാഗം പിചുനാ ആച്ഛാദ്യ = കൃഷ്ണമണിയെ തുണിവച്ചു മറച്ചിട്ട്

വിനിക്ഷിപേൽ = ക്ഷാരം വയ്ക്കണം.

ക്ഷാരലേപഃ പത്മപത്രതനുഃ = ക്ഷാരം പൂശുന്നത് താമരയിലയോളം മാത്രം കനത്തിലായിരിക്കണം.

ഘ്രാണാർബുദേഷു തു = ഘ്രാണാർബുദത്തിലാണെങ്കിൽ

പ്രത്യാദിത്യം നിഷണ്ണസ്യ = രോഗിയെ ആദിത്യന്നഭിമുഖനാക്കിയിരുത്തീട്ട് അയാളുടെ

അഗ്രനാസികാം സമുന്നമ്യ = മൂക്കിന്റെ അറ്റം പിടിച്ചുയർത്തീട്ടു ക്ഷാരം വയ്ക്കേണ്ടതാണ്.

പഞ്ചാശൽ മാത്രാഃ = അൻപതുമാത്ര തികയുവോളം

വിധാര്യാഃ = ധരിച്ചുകൊണ്ടിരിക്കയും വേണം

കർണ്ണജേ അർശസി = കർണ്ണാർശസ്സിലും

തദ്വൽ = നാസാർബുദത്തിലെപ്പോലെയാണു ക്ഷാരം വയ്ക്കേണ്ടതു്.

ക്ഷാരം പ്രമാർജ്ജനേനാനു പരിമൃജ്യാവഗമ്യ ച
സുദഗ്ധം ഘൃതമധ്വാക്തം തൽ പയോമസ്തുകാഞ്ജികൈഃ 31
നിർവാപയേത്തതസ്സാജ്യൈസ്സ്വാദുശീതൈഃ പ്രദേഹയേൽ
അഭിഷ്യന്ദീനി ഭോജ്യാനി ഭോജ്യാനി ക്ലേദനായ ച. 32

അനു = നിർദ്ദിഷ്ടസമയം കഴിഞ്ഞതിൽപിന്നെ

പ്രമാർജ്ജനേന = പ്രമാർജ്ജനത്തിനുള്ള ശലാകകൊണ്ട്

ക്ഷാരം പരിമൃജ്യ = ക്ഷാരത്തെ നല്ലവണ്ണം തുടച്ചുകളയുകയും

സുദഗ്ധം, അവഗമ്യ ച = വേണ്ടകണക്കിൽ ദഗ്ദ്ധമായി എന്നു അറിയുകയും ചെയ്തിട്ട്

തൽ = ക്ഷാരംകൊണ്ടു വെന്ത ആ സ്ഥാനത്തെ

ഘൃതമധ്വാക്തം = നെയ്യും തേനും കൂട്ടിച്ചേർത്തു പുരട്ടി

പയോമസ്തുകാഞ്ജികൈഃ = പാല്, തൈർവെള്ളം, കാടി ഇവകൊണ്ടു ധാരചെയ്തിട്ടു

നിർവാപയേൽ = തണുപ്പിച്ചു സുഖപ്പെടുത്തണം.

തതഃ സാജ്യൈഃ = അതിന്നുശേഷം നെയ്ക്കൂട്ടിക്കുഴച്ച

സ്വാദുശീതൈഃ പ്രദേഹയേൽ = മധുരരസമുള്ള ശീതൗഷധങ്ങൾകൊണ്ടു പൂച്ചിടണം.

അഭിഷ്യന്ദീനി ഭോജ്യാനി = കഫത്തെ അലിയിക്കുന്നവയായ ആഹാരദ്രവ്യങ്ങൾ

ക്ലേദനായ ഭോജ്യാനി ച = ക്ഷാരദഗ്ദ്ധമായ സ്ഥലം നനഞ്ഞു പഴുത്തുപോകുന്നതിനായി ഭക്ഷിച്ചിരിക്കുകയും വേണം.

യദി ച സ്ഥിരമൂലത്വാൽ ക്ഷാരദഗ്ദ്ധം ന ശീര്യതേ
ധാന്യാമ്ലബീജയഷ്ട്യാഹ്വതിലൈരാലേപയേത്തതഃ 33
തിലകല്ക്കസ്സമധുകോ ഘൃതാക്തോ വ്രണരോപണഃ

സ്ഥിരമൂലത്വാൽ = ദോഷത്തിന്റെ മൂലസ്ഥാനം ഉറച്ചിരിക്കകൊണ്ട്

ക്ഷാരദഗ്ദ്ധം = ക്ഷാരംകൊണ്ടു വെന്തഭാഗം
ന ശീര്യതേ യദി = നല്ലതു പോലെ ഇളകി അടർന്നു പോകുന്നില്ല എങ്കിൽ
തതഃ = അതിന്റെ സമയം കഴിഞ്ഞിട്ടു്
ധാന്യാമ്ലബീജയഷ്ട്യാഹ്വ-തിലൈഃ ആലേപയേൽ = വയ്‌പുകാടിപ്പാത്രത്തിന്റെ അടിയിൽക്കിടക്കുന്ന അരികളും അതിമധുരവും എള്ളും കൂടി അരച്ചുപൂശണം.
സമധുകഃ തിലകല്കഃ = അതിമധുരവും എള്ളുംകൂടി അരച്ചെടുത്തു
ഘൃതാക്തഃ = നെയ്യിൽ കുഴച്ചു പൂശുന്നതു്
വ്രണരോപണഃ = വ്രണത്തെ ഉണക്കുന്നതാകുന്നു.

ക്ഷാരദഗ്ദ്ധമായ സ്ഥലം പഴുക്കുന്നുണ്ടെങ്കിൽ ധാന്യാമ്ലബീജാദികൾ അരച്ചു പൂശണം. പഴുത്തു ദോഷമെല്ലാം പോയിരിക്കുന്നു ഉണങ്ങണമെങ്കിൽ മധുകതിലകല്കം നെയ്യുംചേർത്തു പൂശിയാൽ മതി.

പക്വജംബ്വാസിതം സന്നം സമ്യഗ്ദഗ്ദ്ധം വിപര്യയേ. 34
താമ്രതാതോദകണ്ഡ്വാദ്യൈർദ്ദുർദ്ദഗ്ദ്ധം തം പുനർദ്ദഹേൽ
അതിദഗ്ദ്ധേ സ്രവേദ്രക്തം മൂർച്ഛാദാഹജ്വരാദയഃ 35

പക്വജംബ്വാസിതം = പഴുത്ത ഞാവൽക്കാപോലെ കറുത്തു
സന്നം സമ്യഗ്ദഗ്ദ്ധം = വെന്തുതാണിരിക്കുന്നതു സമ്യഗ്ദഗ്ദ്ധമാകുന്നു
വിപര്യയേ = മേൽപറഞ്ഞതിന്റെ വിപരീതത്തിൽ (കറുത്തും താഴാതെയുമിരിക്കുന്നതിൽ)
താമ്രതാതോദകണ്ഡ്വാദ്യൈഃ = ചുവപ്പ്, കുത്തിനോവ്, ചൊറിച്ചിൽ മുതലായ ഉപദ്രവങ്ങളോടുകൂടിയിരുന്നാൽ
ദുർദ്ദഗ്ദ്ധം = അതു ദുർദ്ദഗ്ദ്ധമാണെന്നറിയണം.
തം പുനഃ ദഹേൽ = അതിനെ പിന്നെയും ക്ഷാരംവച്ചു ചുടണം.
അതിദഗ്ദ്ധേ രക്തം സ്രവേൽ = അതിദഗ്ദ്ധമായതിൽ രക്തം സ്രവിക്കും.
മൂർച്ഛാദാഹജ്വരാദയഃ = മൂർച്ഛ, ചുട്ടുനീറൽ, ജ്വരം മുതലായ ഉപദ്രവങ്ങളുണ്ടാകയുംചെയ്യാം.

ക്ഷാരദാഹത്തിന്റെ സമ്യഗ്യോഗവും ഹീനയോഗവും അതിയോഗവുമാണിതുകൊണ്ടു വിവരിക്കുന്നതു്.

ഗുദേ വിശേഷാദ്വിണ്മൂത്രരോധോ വാതിപ്രവർത്തനം
പുംസ്ത്വോപഘാതോ മൃത്യുർവാ ഗുദസ്യ ശതനാദ്ധ്രുവം. 36
നാസായാം നാസികാവംശദരണാകുഞ്ചനോത്ഭവഃ
ഭവേച്ച വിഷയാജ്ഞാനം തദ്വച്ഛ്രോത്രാദികേഷ്വപി

ഗുദേ വിശേഷാൽ വിണ്മൂത്രരോധഃ = (ക്ഷാരദാഹത്തിനു അതിയോഗമുണ്ടായാൽ) ഗുദത്തിലാണെങ്കിൽ മുൻപറഞ്ഞ വികാരങ്ങൾക്കു പുറമേ കൂടുതലായിട്ടു മലമൂത്രങ്ങൾക്കു തടവോ
അതിപ്രവർത്തനം വാ = അധികമായ പോക്കോ ഉണ്ടാകും.
പുംസ്ത്വോപഘാതഃ = സ്ത്രീഗമനശക്തി ശമിക്കും.
ഗുദസ്യ ശതനാൽ = ഗുദാവയവങ്ങൾ നുറുങ്ങിപ്പോകുന്നതായാൽ
ധ്രുവം മൃത്യുഃ വാ = നിശ്ചയമായിട്ടും മരണമോ ഉണ്ടാകും
നാസായാം = മൂക്കിൽ അതിയോഗമുണ്ടായാൽ
നാസികാവംശദരണാ-കുഞ്ചനോത്ഭവഃ = മൂക്കിന്റെ പാലം നുറുങ്ങിപ്പോകയോ വളഞ്ഞു പോകയോ ചെയ്യും.
വിഷയാജ്ഞാനം ഭവേൽ ച = ഗന്ധജ്ഞാനം ഇല്ലാതായി എന്നുവരാം.
ശ്രോത്രാദികേഷു അപി = ശ്രോത്രംനേത്രംമുതലായ മററ് ഇന്ദ്രിയദ്വാരങ്ങളിലും
തദ്വൽ = നാസികയിലെന്നപോലെ അതാതിന്റെ അവയവങ്ങൾക്കു കേടുവരികയോ അതാതിന്റെ വിഷയജ്ഞാനം നശിക്കയോ ചെയ്യും.

വിശേഷാദത്ര സേകോമ്ലൈർലേപോ മധുഘൃതം തിലാഃ
വാതപിത്തഹരാ ചേഷ്ടാ സർവൈവ ശിശിരാ ക്രിയാ. 38

അത്ര വിശേഷാൽ = ഈ ക്ഷാരാതിയോഗത്തിൽ വിശേഷിച്ചും
അമ്ലൈഃ സേകഃ = അമ്ലദ്രവങ്ങൾകൊണ്ടുള്ള ധാര ഹിതമാകുന്നു.
മധുഘൃതം തിലാഃ = തേനും നെയ്യും എള്ളുംകൂടി അരച്ച്
ലേപഃ = പുരട്ടുന്നതും നല്ലതാകുന്നു.
വാതപിത്തഹരാ = വാതപിത്തശമനമായ
സർവാ ഏവ ശിശിരാ ക്രിയാ = ശീതപ്രയോഗങ്ങളെല്ലാംതന്നെ
ഇഷ്ടാ ച = ഹിതമായിരിക്കയും ചെയ്യും.

അമ്ലോ ഹി ശീതഃ സ്പർശേന ക്ഷാരസ്തേനോപസംഹിതഃ
യാത്യാശു സ്വാദുതാം തസ്മാദമ്ലൈർനിർവാപയേത്തരാം. 39

ഹി = യാതൊന്നു ഹേതുവായിട്ട്
അമ്ലഃ സ്പർശേന ശീതഃ = അമ്ലദ്രവ്യം ശീതസ്പർശമായിട്ടുള്ളതാണ്
ക്ഷാരഃ തേന ഉപസംഹിതഃ = ക്ഷാരം അതിനോടു കൂടിച്ചേർന്നിട്ടു
ആശു സ്വാദുതാം യാതി = ഉടനെ മധുരമായിത്തീരുന്നു.
തസ്മാൽ = അതു ഹേതുവായിട്ട് ക്ഷാരാതിയോഗവികാരത്തെ
അമ്ലൈഃ = അമ്ലദ്രവ്യങ്ങളെക്കൊണ്ട്
നിർവാപയേത്തരാം = പ്രധാനമായി നിർവാപണം ചെയ്യേണ്ടതാകുന്നു.

ക്ഷാരാതിയോഗജമായ വികാരത്തിൽ അമ്ലദ്രവ്യം ഒരു പ്രധാനൌഷധമാണെന്നുള്ളതിനു ന്യായം പറയുന്നു. ക്ഷാരം വികാരകാരിയാകുന്നതു പ്രായേണ അതിന്റെ ലവണോഷണരസഭൂയിഷ്ഠതകൊണ്ടാകുന്നു. എന്നാൽ അമ്ലത്തോടുകൂടിയുള്ള യോഗത്തിൽ ക്ഷാരം പെട്ടെന്നു മധുരമായിത്തീർന്നുപോകുന്നു. അതോടുകൂടി അതിന്റെ ലവണോഷണപ്രായതയും അതുകൊണ്ടുണ്ടായ വികാരങ്ങളും തനിയെ ശമിച്ചുപോകുന്നതാണിടയുള്ളത്. അമ്ലം ഉഷ്ണമല്ലയോ എന്നു ചോദിച്ചാൽ, തന്നെ; എങ്കിലും ശീതസ്പർശമാകുന്നു എന്നാണതിന്റെ സമാധാനം. ഇതിൽനിന്ന് അമ്ലദ്രവ്യം ക്ഷാരാതിയോഗത്തിൽ പ്രയോഗിക്കേണ്ടതു സേകലേപരൂപത്തിലായിരിക്കണമെന്നു തെളിയുന്നു. അതുകൊണ്ട് അകത്തേയ്ക്കു പ്രയോഗിച്ചുകൂടാ എന്നു വരുന്നില്ല. ആഭ്യന്തരമായ ക്ഷാരപ്രയോഗത്തിലാണ് അതിയോഗം വന്നതെങ്കിൽ അമ്ലദ്രവ്യം അകത്തുതന്നെ പ്രയോഗിക്കേണ്ടതാണ്. ക്ഷാരപ്രയോഗം ആഭ്യന്തരമായാലും ബാഹ്യമായാലും അതുകൊണ്ടുണ്ടായിട്ടുള്ള വികാരങ്ങളുടെ സ്വഭാവമനുസരിച്ചു ചികിത്സ ബാഹ്യമായിട്ടോ ആന്തരമായിട്ടോ ബാഹ്യാഭ്യന്തരമായിട്ടോ ആലോചിച്ചു ചെയ്യുന്നതാണുത്തമം. ഈ ന്യായപ്രകാരം സംഗ്രഹത്തിൽ വിധിച്ചിട്ടുള്ള ചില രോഗങ്ങളെ മാതൃകയ്ക്കായിട്ടിവിടെ ഉദ്ധരിക്കാം:—

"പ്രായോയതാതിയോഗേതസ്മിം ശീഘ്രം സാജ്യം ദധി. സഗുഡം വാ ദധി സരം തൈലം വാ സസിതോപലം, ധാത്രീഫലകപിത്ഥാമ്രഡാഡിമസാരസോല്യതം, ദധിഗുണേ, സാധിതം പാനസേകൈഃ ക്ഷാരാതിയുക്ച്ഛരം, ഡാഡിമാമലക മ്രിതക പിത്ഥ കരമർദ്ദകാൽ ആമ്രാതാമ്രാതുളുംഗാച്ച രസം മൃദഗ്നിനാ പചേൽ, തതോതിവൃത്തക്ഷാരായ ദദ്യാന്മാത്രാം യഥാബലം, ക്ഷാരോ നിവർത്തതേ തേന പ്രസാദം ത്വക് ച ഗച്ഛതി"

അഗ്നിഃ ക്ഷാരാദപി ശ്രേഷ്ഠസ്തദ്ദഗ്ദ്ധാനാമസംഭവാൽ
ഭേഷജക്ഷാരശസ്ത്രൈശ്ച ന സിദ്ധാനാം പ്രസാധനാൽ. 40
ത്വചി മാംസേ സിരാസ്നായുസന്ധ്യസ്ഥിഷു സ യുജ്യതേ

അഗ്നിഃ = അഗ്നികർമ്മം (തീകൊണ്ടു ചുടുന്നതു്)
തദ്ദഗ്ദ്ധാനാം അസംഭവാൽ = അതുകൊണ്ടു വെന്തുപോയ രോഗങ്ങൾ വീണ്ടുമുണ്ടാകാത്തതുകൊണ്ടും
ഭേഷജക്ഷാരശസ്ത്രൈഃ = ഔഷധപ്രയോഗംകൊണ്ടും, ക്ഷാരപ്രയോഗംകൊണ്ടും ശസ്ത്രപ്രയോഗംകൊണ്ടും

ന സിദ്ധ്യന്തി = ശമിക്കാതിരിക്കുന്ന രോഗങ്ങൾ
പ്രസാധനാൽ ച = ശമനമായിരിക്കുകകൊണ്ടും
ക്ഷാരാൽ അപി ശ്രേഷ്ഠഃ = ക്ഷാരത്തേക്കാളും ശ്രേഷ്ഠമായിട്ടുള്ളതാകുന്നു.
ത്വചി മാംസേ = തൊലിയിലും മാംസത്തിലും
സിരാസ്നായുസന്ധ്യസ്ഥിഷു സഃ യുജ്യതേ = സിരകൾ, സ്നായുക്കൾ, സന്ധികൾ, അസ്ഥികൾ ഇതുകളിലും അതു പ്രയോഗിക്കപ്പെടുന്നു.

ഇനി അഗ്നികർമ്മത്തെ വിവരിക്കുന്നു. അഗ്നികൊണ്ടു് ചുട്ടുകളഞ്ഞാൽ ആ ദോഷം പിന്നെ ഉണ്ടാകുന്നില്ല. ശസ്ത്രക്ഷാരൗഷധപ്രയോഗങ്ങളാൽ ശമിക്കാത്ത രോഗങ്ങൾ അഗ്നികർമ്മത്താൽ ശമിക്കയും ചെയ്യുന്നു. ഈ കാരണങ്ങളാൽ അഗ്നി ക്ഷാരത്തേക്കാൾ ശ്രേഷ്ഠമാകുന്നു.

മശാംഗഗ്ലാനിമൂർദ്ധാർത്തിമന്ഥകീലതിലാദിഷു 41
ത്വഗ്ദാഹോ വർത്തിഗോദന്തസൂര്യകാന്തശരാദിഭിഃ
അർശോഭഗന്ദരഗ്രന്ഥിദുഷ്ടനാഡീവ്രണാദിഷു. 42
മാംസദാഹോ മധുസ്നേഹജാംബവോഷ്ഠഗുഡാദിഭിഃ
ശ്ലിഷ്ടവർത്മന്യസൃക്സ്രാവനീല്യസമ്യഗ്വ്യധാദിഷു. 43
സിരാദിദാഹസ്തൈരേവ ന ദഹേൽ ക്ഷാരവാരിതാൻ
അന്തശ്ശല്യാസൃജോ ഭിന്നകോഷ്ഠാൻ ഭൂരിവ്രണാതുരാൻ. 44

ത്വഗ്ദാഹഃ = തൊലി ചുടുന്നതു്
മശാംഗഗ്ലാനിമൂർദ്ധാർത്തി-മന്ഥകീലതിലാദിഷു = മശം, ദേഹംതളർച്ച, തലവേദന, അധിമന്ഥം, ചർമ്മകീലം, തിലകാളകം മുതലായ രോഗങ്ങളിൽ
വർത്തിഗോദന്തസൂര്യ-കാന്തശരാദിഭിഃ = വർത്തി, (മാത്ര എന്നു പറയും) ഗോദന്തം, സൂര്യകാന്തം, ശരം മുതലായവകൊണ്ടു നിർവ്വഹിക്കണം.
അർശോഭഗന്ദരഗ്രന്ഥി-ദുഷ്ടനാഡീവ്രണാദിഷു = അർശസ്സ്, ഭഗന്ദരം ഗ്രന്ഥി, ദുഷ്ടവ്രണം, നാഡീവ്രണം മുതലായവയിൽ
മധുസ്നേഹജാംബവോഷ്ഠ-ഗുഡാദിഭിഃ മാംസദാഹഃ = തേൻ, നെയ്യ്, ജാംബവോഷ്ഠം, ഗുഡം മുതലായവകൊണ്ടു മാംസം ചുടേണ്ടതാകുന്നു.
ശ്ലിഷ്ടവർത്മനി = ശ്ലിഷ്ടവർത്മം എന്ന നേത്രരോഗത്തിലും
അസൃക്സ്രാവനീല്യസമ്യ-ഗ്വ്യധാദിഷു തൈഃ ഏവ = രക്താതിസ്രുതി, നീലിക, അസമ്യഗ്വ്യധം മുതലായവയിലും മുൻപറഞ്ഞ മധുസ്നേഹാദികൾകൊണ്ടുതന്നെ
സിരാദിദാഹഃ = സിരാസ്നായുസന്ധ്യസ്ഥികൾ ചുടേണ്ടതാണു്.
ക്ഷാരവാരിതാൻ = ക്ഷാരം നിഷേധിച്ചിട്ടുള്ളവരേയും
അന്തശ്ശല്യാസൃജഃ = ശല്യമോ രക്തമോ അകത്തുപെട്ടിരിക്കുന്നവരേയും
ഭിന്നകോഷ്ഠാൻ = വയറു പിളർന്നിരിക്കുന്നവരേയും
ഭൂരിവ്രണാതുരാൻ = വളരെയധികം വ്രണമുള്ളവരേയും
ന ദഹേൽ = അഗ്നികൊണ്ടു ചുടരുതു്.

സുദഗ്ദ്ധം ഘൃതമദ്ധ്വക്തം സ്നിഗ്ദ്ധശീതൈഃ പ്രദേഹയേൽ
തസ്യ ലിംഗം സ്ഥിതേ രക്തേ ശബ്ദവല്ലസികാന്വിതം. 45
പക്വതാലകപോതാഭം സുരോഹം നാതിവേദനം
പ്രമാദദഗ്ദ്ധവൽ സർവ്വം ദുർദഗ്ദ്ധാത്യർത്ഥദഗ്ദ്ധയോഃ. 46

സുദഗ്ദ്ധം = സമ്യഗ്യോഗപ്രകാരം ദഗ്ദ്ധമായതു്
ഘൃതമദ്ധ്വക്തം = നെയ്യും തേനും കൂട്ടിക്കുഴച്ചു പുരട്ടി
സ്നിഗ്ദ്ധശീതൈഃ = സ്നിഗ്ദ്ധശീതങ്ങളായ ഔഷധങ്ങൾകൊണ്ടു
പ്രദേഹയേൽ = പൂച്ചുണ്ടാക്കിയിടണം.
ശബ്ദവൽ = ചുടുമ്പോൾ ഒരു ശബ്ദം പുറപ്പെടുക

രക്തേ സ്ഥിതേ = രക്തംപോകാതിരുന്നിട്ട്
ലസികാനചിതം = പല്ലതിരം വന്നുകാൺക
പക്വതാലകപോതാഭം = പഴം പഴം, മാടപ്രാവിന്റെ കഴുത്ത് ഇവയുടെ നിറത്തോടുകൂടിയിരിക്കുക
സുഖരോഹം = എളുപ്പം ഉണങ്ങിക്കൊള്ളുക
നാതിവേദനം = അധികം വേദനയുണ്ടാകാതിരിക്കുക ഇതെല്ലാം
തസ്യ ലിംഗം = സുദഗ്ദ്ധത്തിന്റെ ലക്ഷണമാകുന്നു.
ദുർദഗ്ദ്ധാത്യർത്ഥദഗ്ദ്ധയോഃ = ദുർദഗ്ദ്ധത്തിന്റേയും അതിദഗ്ദ്ധത്തിന്റേയും
സർവ്വം = എല്ലാ ലക്ഷണങ്ങളും
പ്രമാദദഗ്ദ്ധവൽ = പ്രമാദദഗ്ദ്ധത്തിലേപ്പോലെയായിരിക്കും.

സുദഗ്ദ്ധത്തിന്റെ ലക്ഷണം പറഞ്ഞിരിക്കുന്നതു ത്വങ്മാംസാദികളിലേയ്ക്കു പ്രത്യേകം വിഭജിച്ചുകണ്ടുകൊള്ളേണ്ടതാണ്. 'സ്ഥിതേ രക്തേ' എന്നു പറഞ്ഞിരിക്കുന്നതു സിരാദാഹത്തെ ഉദ്ദേശിച്ചായിരിക്കണം. ത്വങ്മാംസാദികളിലെ ദാഹത്തിൽ രക്തം പുറപ്പെടാനിടയില്ലല്ലോ.

ചതുർത്ഥാ തത്തു തുത്ഥേന സഹ തുത്ഥസ്യ ലക്ഷണം
ത്വഗ്വിവർണ്ണോഷ്യതേത്യർത്ഥം ന ച സ്ഫോടസമുത്ഭവഃ 47
സസ്ഫോടദാഹതീവ്രോഷം ദുർദഗ്ദ്ധമതിദാഹതഃ
മാംസലംബനസംകോചദാഹധൂപനവേദനാഃ. 48
സിരാദിനാശസ്തൃൺമൂർച്ഛാവ്രണഗാംഭീര്യമൃത്യവഃ

തൽ തു = ആ പ്രമാദദഗ്ദ്ധമാകട്ടേ
തുത്ഥേന സഹ = തുത്ഥത്തോടുകൂടി
ചതുർത്ഥാ = നാലുവിധത്തിലുണ്ട്. (തുത്ഥം, സുദഗ്ദ്ധം, ദുർദഗ്ദ്ധം അതിദഗ്ദ്ധം ഇതാണ് ആ നാലു്)
ത്വക് വിവർണ്ണാ = തൊലിനിറം മാറിക്കാണും
അത്യർത്ഥം ഉഷ്യതേ = അധികമായ നീററലുണ്ടാകും.
ന സ്ഫോടസമുത്ഭവഃ ച = പൊള്ളലുണ്ടാകയുമില്ല ഇതെല്ലാം
തുത്ഥസ്യ ലക്ഷണം = തുത്ഥത്തിന്റെ ലക്ഷണമാകുന്നു.
സസ്ഫോടദാഹതീവ്രോഷം = പൊള്ളലുണ്ടായിട്ടു സർവ്വാംഗസന്താപത്തോടും കലശലായ നീററലോടുംകൂടിയിരിക്കുന്നതു
ദുർദഗ്ദ്ധം = ദുർദഗ്ദ്ധമാകുന്നു.
അതിദാഹതഃ = അതിദാഹമുണ്ടായാൽ
മാംസലംബനസങ്കോചദാഹധൂപനവേദനാഃ = മാംസം അററുതൂങ്ങുക, കോച്ചൽ, ചുടിച്ചിൽ, പുകച്ചിൽ, വേദനകൾ
സിരാദിനാശഃ = സിരകൾ, സ്നായുക്കൾ മുതലായവയ്ക്കു നാശം
തൃൺമൂർച്ഛാവ്രണഗാംഭീര്യമൃത്യവഃ = തൃഷ്ണ, മൂർച്ഛ, വ്രണത്തിനുകുഴി, മരണം ഇതെല്ലാം ഉണ്ടാകും.

തുത്ഥസ്യാഗ്നിപ്രതപനം കാര്യമുഷ്ണം ച ഭേഷജം. 49
സ്ത്യാനേസ്രേ വേദനാത്യർത്ഥം വിലീനേ മന്ദതാ രുജഃ
ദുർദഗ്ദ്ധേ ശീതമുഷ്ണം ച യുഞ്ജ്യാദാദൗ തതോ ഹിമം. 50

തുത്ഥസ്യ = തുത്ഥദഗ്ദ്ധത്തിന്
അഗ്നിപ്രതപനം = തീതട്ടിച്ചു ചൂടുപിടിപ്പിക്കുകയും
ഉഷ്ണം ഭേഷജം ച = ഉഷ്ണൗഷധങ്ങൾ പ്രയോഗിക്കുകയും
കാര്യം = ചെയ്യേണ്ടതാകുന്നു.
അസ്രേ സ്ത്യാനേ = രക്തം സഞ്ചരിക്കാതെ ഒരിടത്തു ഉറഞ്ഞുനില്ക്കുമ്പോൾ
അത്യർത്ഥം വേദനാ = അത്യധികമായ വേദനയുണ്ടാകും.

വിലീനേ = രക്തം ദ്രുതമായിട്ടു സഞ്ചരിച്ചുതുടങ്ങിയാൽ
രുജഃ മന്ദതാ = വേദനയ്ക്കുകുറവുണ്ടാകും. (ഇതിന്റെ അഗ്നി പ്രതപനവും മററും ചികിത്സയായി വിധിച്ചതു് അതി (നാലാകുന്നു.
ദുർദ്ദഗ്ദ്ധേ = ദുർദ്ദഗ്ദ്ധത്തിൽ
ആദൗ ശീതം ഉഷ്ണം = ആദ്യം മാറിമാറി ശീതവും ഉഷ്ണവും
തതഃ ഹിമം ച = അതിന്റെശേഷം ശീതവും
യുഞ്ജ്യാൽ = പ്രയോഗിക്കണം.

സമ്യദ്ദഗ്ദ്ധേ തുകാക്ഷീരീപ്ലക്ഷചന്ദനഗൈരികൈഃ
ലിമ്പേൽ സാജ്യാമൃതൈരൂർദ്ധ്വം പിത്തവിദ്രധിവൽ ക്രിയാ 51

സമ്യഗ്ദഗ്ദ്ധേ = സുദഗ്ദ്ധത്തിൽ
സാജ്യാമൃതൈഃ = നെയ്യും അമൃതും കൂട്ടിച്ചേർത്തരച്ച
തുകാക്ഷീരീപ്ലക്ഷചന്ദനഗൈരികൈഃ ലിമ്പേൽ = വംശരോചന, അത്തി, ചന്ദനം, കാവിമണ്ണു് ഇവ കൊണ്ടു പൂശണം.
ഊർദ്ധ്വം പിത്തവിദ്രധിവൽക്രിയാ = അതിനുമേൽ പിത്തവിദ്രധിയിൽ വിധിച്ചതുപോലുള്ള ക്രിയാക്രമങ്ങളും ഹിതമാകുന്നു.

അതിദഗ്ദ്ധേ ദ്രുതം കുര്യാൽ സർവ്വം പിത്തവിസർപ്പവൽ
സ്നേഹദഗ്ദ്ധേ ഭൃശതരം രൂക്ഷം തത്ര പ്രയോജയേൽ. 52

അതിദഗ്ദ്ധേ = അതിദഗ്ദ്ധത്തിൽ
പിത്തവിസർപ്പവൽ = പിത്തവിസർപ്പത്തിലെപ്പോലെ
സർവ്വം ദ്രുതം കുര്യാൽ = എല്ലാം വേഗത്തിൽ ചെയ്തുകൊള്ളണം.
സ്നേഹദഗ്ദ്ധേ തത്ര = ചൂടുള്ള സ്നേഹം വീണു വെന്തിട്ടുണ്ടായ അതിദഗ്ദ്ധത്തിൽ
ഭൃശതരം = ഏററവും വേഗത്തിൽ
രൂക്ഷം പ്രയോജയേൽ = രൂക്ഷമായിട്ടുള്ളതു പ്രയോഗിക്കണം.

സമാപ്യതേ സ്ഥാനമിദം ഹൃദയസ്യ രഹസ്യവൽ
അത്രാർത്ഥാസ്സൂത്രിതാസ്സൂക്ഷ്മാഃ പ്രതന്യന്തേ ഹി സർവ്വതഃ 53

ഹൃദയസ്യ = അഷ്ടാംഗഹൃദയത്തിന്റെ
രഹസ്യവൽ ഇദം സ്ഥാനം = രഹസ്യങ്ങളടങ്ങിയിട്ടുള്ള ഈ സൂത്രസ്ഥാനം
സമാപ്യതേ = സമാപിക്കപ്പെടുന്നു (പറഞ്ഞുനിറുത്തുന്നു.)
ഹി അത്ര = എന്തെന്നാൽ ഈ സൂത്രസ്ഥാനത്തിൽ
സൂക്ഷ്മാഃ = സൂക്ഷ്മങ്ങളായിട്ടു്
സൂത്രിതാഃ = സൂത്രരൂപത്തിൽ ഗ്രഥിതങ്ങളായിരിക്കുന്ന
അർത്ഥാഃ = വൈദ്യശാസ്ത്രകാര്യങ്ങളും
സർവ്വതഃ = മററുള്ള എല്ലാ സ്ഥാനങ്ങളിലുമായിട്ടു
പ്രതന്യന്തേ = വിസ്തരിക്കാനൊരുങ്ങുന്നുണ്ടു്.

ഇനിയുള്ള അഞ്ചു സ്ഥാനങ്ങളിലും വിസ്തരിച്ചു പറയാൻപോകുന്ന വൈദ്യകാര്യങ്ങളെല്ലാം സൂത്രരൂപത്തിൽ സൂക്ഷ്മമായിട്ടു ഇവിടെ പറഞ്ഞിട്ടുള്ളവതന്നെ. അതുകൊണ്ടാണു് അഷ്ടാംഗഹൃദയത്തിന്റെ രഹസ്യങ്ങളടങ്ങീട്ടുള്ള ഈ സ്ഥാനം സൂത്രസ്ഥാനമായിരിക്കുന്നതു്. അങ്ങനെയുള്ള സൂത്രസ്ഥാനം അതിന്റെതന്നെ വിവൃതരൂപമായ ഇതരസ്ഥാനങ്ങളെ വിവരിക്കുന്നതിനായിട്ടു് ഇവിടെ നിറുത്തുന്നു.

30-ാം അദ്ധ്യായം കഴിഞ്ഞു.

അഷ്ടാംഗഹൃദയം സൂത്രസ്ഥാനം സമാപ്തം.

# വൈദ്യഗ്രന്ഥങ്ങൾ

അഷ്ടാംഗഹൃദയം – അരുണോദയം വ്യാഖ്യാനം

വ്യാഖ്യാതാ: പി. എം. ഗോവിന്ദൻവൈദ്യൻ

| | | | |
|---|---|---|---|
| ,, | സൂത്രസ്ഥാനം 2 ഭാഗം | 6 | 50 |
| ,, | ശാരീരസ്ഥാനം | 1 | 50 |
| ,, | നിദാനസ്ഥാനം | 2 | 25 |
| ,, | ചികിത്സിതസ്ഥാനം 2 ഭാഗം | 6 | 50 |
| ,, | കല്പസ്ഥാനം – വ്യാ: കെ. അച്യുതവാര്യർ | 1 | 00 |
| ,, | ഉത്തരസ്ഥാനം 2 ഭാഗം ,, | 4 | 50 |
| ആയുർവേദസുധാകരം — കാവുങ്ങൽ നീലകണ്ഠപ്പിള്ള | | 3 | 00 |
| ആരോഗ്യരക്ഷാകല്പദ്രുമം ബാലരോഗചികിത്സ — ആനേക്കളീലിൽ എസ്. ഗോപാലപിള്ള | | 5 | 25 |
| ആരോഗ്യരക്ഷാവിധികൾ 3 ഭാഗം — എൽ. എ. രവിവർമ്മ | | 2 | 62 |
| കുഷ്ഠരോഗചികിത്സാദർപ്പണം — കെ. വി. കൃഷ്ണൻവൈദ്യൻ | | 0 | 75 |
| ചക്രദത്തം — വ്യാഖ്യാതാ: എസ്. ഗോപാലപിള്ള | | 5 | 00 |
| ചികിത്സകചിന്താമണി — പി. നാരായണപിള്ളആശാൻ | | 1 | 50 |
| മസൂരിസിദ്ധചികിത്സ — ഡാക്ടർ പി. എസ്. നായർ | | 0 | 75 |
| മാധവനിദാനം — എസ്. ജനാർദ്ദനൻപിള്ളവൈദ്യൻ | | 4 | 50 |
| രസരാജതരംഗിണി 1–ാംഭാഗം — എം.കെ. ഗോവിന്ദപ്പിള്ള | | 1 | 50 |
| രസരാജതരംഗിണി 2–ാംഭാഗം ,, | | 2 | 25 |
| രസവൈദ്യഗ്രന്ഥമാല 3 ഭാഗം ,, | | 1 | 50 |
| വിഷവൈദ്യതരംഗിണി — എം. കുഞ്ഞുരാമപ്പണിക്കർ | | 0 | 75 |
| ശാർങ്ഗധരസംഹിത — എസ്. ഗോപാലപിള്ള | | 3 | 00 |
| സഹസ്രയോഗം (വൈദ്യപ്രിയ) — കെ. വേലായുധക്കുറുപ്പ് | | 4 | 50 |
| സഹസ്രയോഗം ചെറുത് — എസ്. ആർ. വി. | | 1 | 00 |
| സർവ്വരോഗചികിത്സാരത്നം — എസ്. ഗോപാലപിള്ള | | 4 | 00 |

മാനേജർ,

ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം.

ബ്രാഞ്ചുകൾ:- തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.